# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

2016 ജൂലൈ 18, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 162 - നമ്പർ 14

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

2016 ജൂലൈ 18, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ.വി.ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

979/2017

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01
2. അടിയന്തിര ചോദ്യത്തിന്റെ ഉത്തരം ....28
3. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...31
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...79

**II അടിയന്തരപ്രമേയം**

നസീറുദ്ദീന്റെ കൊലപാതകം —

(അവതാരണാനുമതി നിഷേധിച്ചു) ...332

**III ശ്രദ്ധ ക്ഷണിക്കൽ**

1. ശുചീകരണത്തൊഴിലാളികളുടെ വേതന പരിഷ്കരണം —

ശ്രീ. ഇ. കെ. വിജയൻ ...344

2. ഇതര സംസ്ഥാനത്തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വ്യാപകമാകുന്നതുമൂലമൂലമുള്ള പ്രശ്നങ്ങൾ—

ശ്രീ. വി. പി. സജീന്ദ്രൻ ....346

**IV സബ്മിഷൻ**

1. കായംകുളം താപവൈദ്യുത നിലയം —

ശ്രീ. രമേശ് ചെന്നിത്തല ...350

2. നസീറിന്റെ മരണം —

ശ്രീ. ബി. സത്യൻ ...355

3. സർക്കാർ പ്രസ്സ് ആരംഭിക്കൽ —

ശ്രീ. എ. പി. അനിൽ കുമാർ ...357

4. മൾട്ടി സ്പോർട്സ് കോംപ്ലക്സ് —

ശ്രീ. മുല്ലക്കര രത്നാകരൻ ...358

5. ടൈൽ ഫാക്ടറിയുടെ പ്രവർത്തനം — പേജ്

ശ്രീ. വി. കെ. സി. മമ്മത് കോയ ...359

6. ധനസഹായം —

ശ്രീ. എം. എം. മണി ...361

7. ഭവനനിർമ്മാണാനുമതി —

ശ്രീ. എ. എം. ആരിഫ് ...362

8. ശുദ്ധജല വിതരണ പദ്ധതി —

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ ...364

9. തസ്തിക സൃഷ്ടിക്കൽ —

ശ്രീ. സി. മമ്മൂട്ടി ...366

10. എം. സി.റോഡിന്റെ ശോചനീയാവസ്ഥ —

ശ്രീ. കെ. സുരേഷ് കുറുപ്പ് ...368

11. ബസ് സ്റ്റാന്റിന്റെ ശോചനീയാവസ്ഥ —

ശ്രീമതി വീണാ ജോർജ്ജ് ...369

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ** ...370

**VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി-

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) ...376

**VII വ്യക്തിപരമായ വിശദീകരണം**

ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിലെ പരാമർശം ...379

(ശ്രീ. വി. ടി. ബൽറാം)

**VIII ക്രമപ്രശ്നം** പേജ്

1. ചട്ടങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച് —

ശ്രീ. എം. ഉമ്മർ ...380

2. മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ സംബന്ധിച്ച് —

ശ്രീ. പി. സി. ജോർജ് ...381

**IX റൂളിംഗ്** ...387

**X സ്ററാറ്റ്യൂട്ടറി പ്രമേയം** ...390

**XI ചട്ടം 130 അനുസരിച്ചുള്ള ചർച്ച**

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കം - മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...374

**XII ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം —**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...433

**XIII നിയമനിർമ്മാണകാര്യം**

(1) 2016 -ലെ കേരള ധനകാര്യ ബിൽ ...433

(2) 2016 -ലെ കേരള ധനവിനിയോഗ വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ...434

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂലൈ 18, തിങ്കൾ*


| വാല്യം 162] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 14 |
|---|---|---|


നിയമസഭ 2016 ജൂലൈ മാസം 18-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## (1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *241

### ദേശീയപാത വികസനത്തിനുള്ള മാർഗ്ഗ രേഖകൾ

1(*241) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ദേശീയപാതകളാണ് വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) എത്ര മീറ്റർ വീതിയിൽ ഈ പാതകൾ വികസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിനായി എന്തെങ്കിലും മാർഗ്ഗ രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഭൂമി നഷ്ടപ്പെടുന്നവർക്കായി പുതിയ പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ദേശീയപാതകളുടെ വികസനത്തിനായി പ്രതീക്ഷിക്കുന്ന ചെലവും ഇതിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന സഹായവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച്. 17-ഉം എൻ.എച്ച്. 47-ഉം മറ്റ് ദേശീയ പാതകളായ എൻ.എച്ച്. 49 (ബോഡിമെട്ട - കുണ്ടന്നൂർ), എൻ.എച്ച്. 208 (കൊല്ലം - കഴുതുരുട്ടി), എൻ.എച്ച്. 212 (കോഴിക്കോട് - മുത്തങ്ങ), എൻ.എച്ച്. 213 (കോഴിക്കോട് - പാലക്കാട്), എൻ.എച്ച്. 220 (കൊല്ലം - കുമിളി), എൻ.എച്ച്. 183 എ (ഭരണിക്കാവ് - പത്തനംതിട്ട - വണ്ടിപ്പെരിയാർ), എൻ.എച്ച്. - 185 (അടിമാലി - പൈനാവ് - കുമിളി ) എന്നിവയാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) എൻ. എച്ച്. 17, എൻ.എച്ച്. 47 എന്നിവ 45 മീറ്റർ വീതിയിലും മറ്റ് ദേശീയപാതകൾ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതകളായി 18 മീറ്റർ വീതിയിലുമാണ് വികസിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ എൻ.എച്ച്. 47-ന്റെ വാളയാർ മുതൽ വടക്കുംചേരി വരെയും തൃശ്ശൂർ മുതൽ അങ്കമാലി വരെയുമുള്ള ഭാഗങ്ങൾ നാലുവരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. വടക്കുംചേരി മുതൽ തൃശ്ശൂർ വരെയും കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെയുമുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പ് നടത്തുമ്പോൾ അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അലൈൻമെന്റിലുള്ള പരാതികൾ പരിശോധിച്ച് പുതിയ ഡി.പി.ആർ. കൺസൾട്ടന്റിനുവേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ നടപടി എടുത്തിട്ടുണ്ട്. ദേശീയപാതാ വികസനത്തിന് കർണ്ണാടക അതിർത്തി മുതൽ വെങ്ങളം വരെയുള്ള ഭാഗത്തെ ഡി.പി.ആർ. പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വെങ്ങളം മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തിന്റെ ഡി.പി.ആർ. കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് ദേശീയപാതകൾ (എൻ.എച്ച്. 49, എൻ.എച്ച്. 208, എൻ.എച്ച്. 212, എൻ.എച്ച്. 213, എൻ.എച്ച്. 220, എൻ.എച്ച്. 183 എ, എൻ.എച്ച്. 185 എന്നിവ) പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുവാനുള്ള ഡി.പി.ആർ. ഘട്ടംഘട്ടമായി കേന്ദ്രമന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കിവരുന്നു. ദേശീയപാതകൾ വികസിപ്പിക്കുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ്.

(സി) ദേശീയപാതാ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കേന്ദ്രത്തിൽ നിലവിൽ വന്ന പുതിയ ലാന്റ് അക്വിസിഷൻ ആക്ട് (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരമായിരിക്കും സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതും മറ്റ് നഷ്ടപരിഹാരം കണക്കാക്കുന്നതും. വ്യവസ്ഥകൾ പ്രസ്തുത ആക്ടിന്റെ സെക്ഷൻ 26-32, 38, 105-ലും അനുബന്ധ ഷെഡ്യൂളുകളായ ഷെഡ്യൂൾ - 1, ഷെഡ്യൂൾ-2, ഷെഡ്യൂൾ-3-ലും ഉൾപ്പെടുത്തിയിരിക്കുന്നു. സ്ഥലവില നിശ്ചയിക്കുമ്പോൾ അടുത്ത പ്രദേശത്ത് രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും കൂടിയ വിലയുടെ രണ്ട് മടങ്ങ് മുതൽ നാല് മടങ്ങുവരെ (സൊലേഷ്യം ഉൾപ്പെടെ) ലഭിക്കുമെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്.

(ഡി) ദേശീയപാതാ വികസനത്തിന്റെ പൂർണ്ണമായ ചെലവ് വഹിക്കുന്നത് കേന്ദ്രസർക്കാരാണ്. ഇതിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചാൽ മാത്രമേ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന തുക അറിയാൻ കഴിയൂ.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിൽ ഗതാഗതവുമായി ബന്ധപ്പെട്ട അതീവ ഗുരുതരമായ ഒരു വിഷയമാണ് ദേശീയപാതയുടെ പ്രശ്നം. ആദ്യമായി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. കാരണം കഴിഞ്ഞ ദിവസങ്ങളിൽ അദ്ദേഹം ദേശീയപാതയിലൂടെ സഞ്ചരിച്ചപ്പോൾ അദ്ദേഹം വണ്ടി നിർത്തി റോഡിലെ കുഴിയിൽ ഇറങ്ങിയെന്നാണ് ഒരു പത്രം എഴുതിയിരിക്കുന്നത്. ഞാനും അതുവഴി പോയിരുന്നു. കായംകുളം മുതൽ ചേർത്തല വരെ റോഡിൽക്കൂടി സഞ്ചരിക്കുന്നത് മനുഷ്യസാധ്യമായ ഒരുകാര്യമല്ല. ഇന്നലെ ഞാൻ അതുവഴി തിരിച്ചുവന്നപ്പോൾ അന്ന് അങ്ങ് കുഴിയിൽ ഇറങ്ങി പരിശോധിച്ചതിന്റെ ഗുണങ്ങൾ കണ്ടു. ദേശീയപാതയുടെ ഗതി ഇതാണെങ്കിൽ മറ്റ് റോഡുകളുടെ സ്ഥിതി എന്തായിരിക്കും. ഇന്ത്യയിലെ ദേശീയപാതകളുടെ പുരോഗതിയുടെ ശരാശരി എടുത്താൽ കേരളത്തിന് അർഹമായ വികസനം നടന്നിട്ടുണ്ടോ? അതോടൊപ്പം ദേശീയപാതാ വികസനത്തിന്റെ പൂർണ്ണമായ ചെലവ് വഹിക്കുന്നത് കേന്ദ്ര സർക്കാരാണെന്നാണ് അങ്ങയുടെ മറുപടിയിൽ പറഞ്ഞിരിക്കുന്നത്. ഇതിന്റെ ഡി.പി.ആർ. മാത്രമാണ് സംസ്ഥാന സർക്കാരിന്റെ ചുമതല. ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ. കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും അങ്ങയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. മൂന്ന് പതിറ്റാണ്ടായിട്ട് ഇതിനുള്ള നടപടികൾ നടക്കുകയാണ്. ദേശീയപാതകളുടെ വർക്ക് സമയബന്ധിതമായി തീർക്കാനുള്ള എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുണ്ടോ; അതിനെ കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ദേശീയപാതയ്ക്ക് ദേശീയ നിലവാരമില്ലെന്ന് മാത്രമല്ല പലയിടത്തും പ്രാദേശിക റോഡുകളുടെ നിലവാരംപോലുമില്ലാതെയാണ് നിർമ്മിച്ചുവരുന്നത്. അതിന്റെ ഫലമായിട്ടാണ് കോൺട്രാക്ട് പിരീഡ് കഴിയാൻ ഒന്നര വർഷമുണ്ടായിട്ടും ആ നിർമ്മാണത്തിലെ തകരാറും അഴിമതിയും കാരണമാണ് ഓച്ചിറ മുതൽ ചേർത്തല വരെയുള്ള ഭാഗത്ത് ഇങ്ങനെയുള്ള സംഭവമുണ്ടായിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ദേശീയപാത നിർമ്മിക്കുമ്പോൾ ഇവിടത്തെ കാലാവസ്ഥ കണക്കിലെടുക്കേണ്ടതുണ്ടെന്നും ഇത് വളരെ നല്ല രീതിയിൽ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചാൽ അവർ അത് അംഗീകരിക്കാറില്ല. ഉപരിതലം പൂശുന്ന ഒരു പ്രോജക്ട് മാത്രമാണ് അവർ തരുന്നത്. അതുതന്നെ വേണ്ടത്ര ഭംഗിയായി ചെയ്യുകയുമില്ല. ഇത്തരം കാര്യങ്ങളെക്കുറിച്ചൊക്കെ ചർച്ച നടത്തി ഇതിനൊരു പരിഹാരം കാണേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യത്തെ ആഴ്ചയിൽതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉത്തരവാദപ്പെട്ട ആളുകളെയും ഇവിടുത്തെ എൻ.എച്ച്. അധികാരികളെയും വിളിച്ച് ചർച്ച നടത്തുകയുണ്ടായി. ഞാനും ആ ചർച്ചയിൽ പങ്കെടുത്തിരുന്നു. കാസർഗോഡ് മുതൽ തമിഴ്നാട് അതിർത്തിവരെയുള്ള നാഷണൽ ഹൈവേ രണ്ട് വർഷത്തിനുള്ളിൽ ഗതാഗതയോഗ്യമാക്കുമെന്നാണ് ആ ചർച്ചയിൽ എൻ.എച്ച്.എ.ഐ.യിലെ ഉദ്യോഗസ്ഥർ പറഞ്ഞിരിക്കുന്നത്. അതിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങളും സംസ്ഥാന ഗവൺമെന്റ് ചെയ്തുവരികയാണ്. വകുപ്പ് മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിൽ പ്രത്യേക താല്പര്യമെടുത്തിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ ദേശീയപാത ഗതാഗതയോഗ്യമാക്കാനുള്ള ശക്തമായ നീക്കമുണ്ടാകണം. ഭൂമി എടുക്കുന്നതിന് കുറച്ച് തർക്കങ്ങളുള്ളതുകൊണ്ടാണ് ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാൻ കഴിയാത്തത്. ഓച്ചിറ, ചേർത്തല ഭാഗത്തൊക്കെ തർക്കങ്ങളുണ്ട്. ആ തർക്കങ്ങൾ പരിഹരിക്കാൻ ഡിസ്ട്രിക്ട് കളക്ടർമാർ സാമർത്ഥ്യപൂർവ്വം ഇടപെടേണ്ടതായിട്ടുണ്ട്. ആ കാര്യങ്ങളൊക്കെ ചർച്ച ചെയ്തിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ നാഷണൽ ഹൈവേ പൂർത്തീകരിക്കുന്നതിനുവേണ്ടി നല്ല പരിശ്രമവും കൂട്ടായ്മയും നടത്തേണ്ടതുണ്ട്. അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ നിലപാടുകളുണ്ടാകുമെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, രണ്ട് വർഷത്തിനകം കേരളത്തിലെ ദേശീയപാതകളെല്ലാം സഞ്ചാരയോഗ്യമാകുമെന്ന മന്ത്രിയുടെ ഉറപ്പ് പാലിക്കപ്പെടുന്നതിനായി നമുക്ക് കാത്തിരിക്കാം. ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂ ഉടമസ്ഥർക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ കാലതാമസം വന്ന് കോടതി കയറിയാലും ലഭിക്കുന്നില്ല. അതുകൊണ്ടാണ് ഭൂമി സറണ്ടർ ചെയ്യാൻ ആളുകൾ വിസമ്മതിക്കുന്നത്. അതിന് സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും നടപടി സ്വീകരിക്കും. ഭൂമി ഏറ്റെടുക്കുന്ന പ്രദേശത്തുള്ള ഭൂമിയുടെ വില നോക്കി രണ്ട് മടങ്ങുമുതൽ നാല് മടങ്ങുവരെ വില നൽകുമെന്നാണ് കേന്ദ്ര ദേശീയപാതാ അതോറിറ്റി തന്നെ പറഞ്ഞിരിക്കുന്നത്. വിലയെ സംബന്ധിച്ച് തൃപ്തികരമായ നിലപാട് വന്നിട്ടുണ്ട്. മാനുഷിക പരിഗണന നൽകിക്കൊണ്ടുതന്നെ ദേശീയപാത വികസനം നടപ്പാക്കുക എന്നുള്ള ഉറച്ച നിലപാടാണ് സ്വീകരിക്കുന്നത്. ഭൂമിക്ക് ന്യായവില വച്ചിട്ടുണ്ട്. എന്തെങ്കിലും പ്രശ്നമുള്ളയിടത്ത് നെഗോഷ്യേറ്റ് ചെയ്ത് വില തീരുമാനിക്കാം. ഡിലേ ഒഴിവാക്കാനുള്ള നടപടിയെടുക്കാൻ ഡിസ്ട്രിക്ട് കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് ശക്തമായി ഗവൺമെന്റ് നിരീക്ഷിച്ചുവരികയാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, മൺസൂൺ ആരംഭിക്കുന്നതിനു മുമ്പുതന്നെ മന്ത്രിയെന്ന നിലയിൽ അങ്ങ് നടത്തിയ തയ്യാറെടുപ്പുകളെ പ്രത്യേകം പ്രശംസിക്കുകയാണ്. മഴവെള്ളം റോഡിലൂടെ ഒഴുകിയാണ് റോഡുകൾ പ്രധാനമായും തകരുന്നത്. അങ്ങയുടെ നേതൃത്വത്തിൽ നടത്തിയ ഇടപെടൽ മാതൃകാപരംതന്നെയാണ്.എല്ലാസ്ഥലങ്ങളിലുമെത്താൻ കഴിഞ്ഞില്ലെങ്കിൽപ്പോലും അങ്ങ് നടത്തിയ ഇടപെടൽ മാതൃകാപരമായി തന്നെയാണ് കാണുന്നത്. നാഷണൽ ഹൈവേ അതോറിറ്റി രൂപകല്പന ചെയ്തിട്ടുള്ള Wayside Amenities Centre കേരളത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടി ഉദ്ദേശിക്കുന്നുണ്ടോ; അതുമായി ബന്ധപ്പെട്ട എന്തെങ്കിലും നിർദ്ദേശം അങ്ങയുടെ ഭാഗത്തുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, നിർദ്ദേശങ്ങൾ നേരത്തെതന്നെയുണ്ട്. കഴിഞ്ഞ ഗവൺമെന്റ് അതിന് ചില കാര്യങ്ങൾ ചെയ്തിരുന്നു. അത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ശക്തമായ നിലപാടുകൾ ഇനിയും ആവശ്യമാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, ദേശീയ പാതയിൽ മാഹി പാലം അടച്ചതിനാൽ എന്റെ മണ്ഡലത്തിലെ റോഡുകളിൽക്കൂടി ധാരാളം വലിയ വാഹനങ്ങൾ ഓടിയതിനെത്തുടർന്ന്, അവിടത്തെ മൂന്ന് റോഡുകൾ പാടെ

തകർന്നിരിക്കുകയാണ്. ദേശീയപാതയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ വടകര മേഖലയിൽ ഭൂമി അളക്കാൻ ചെന്നപ്പോൾ അവിടെ വലിയ എതിർപ്പുകളുണ്ടായിട്ടുണ്ട്. അതുകൊണ്ട് അവരുമായി ഒരു സൗഹൃദ ചർച്ച നടത്തി പ്രശ്നപരിഹാരത്തിനുള്ള ശ്രമം നടത്തുമോ?

ശ്രീ. ജി. സുധാകരൻ: സർ, അതാത് ജില്ലാ കളക്ടർമാർക്കാണ് ജില്ലകളുടെ ചുമതലയുള്ളത്. കളക്ടർമാർ അവരെ വിളിച്ചുകൂട്ടി പ്രശ്നം ചർച്ച ചെയ്ത് പരിഹാരം കാണണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ മാഹി പാലവുമായി ബന്ധപ്പെട്ട പ്രശ്നവും അവിടത്തെ കളക്ടറോടും ബന്ധപ്പെട്ടവരോടും ചർച്ച ചെയ്ത് പരിഹാരം കാണാവുന്നതാണ്.

ശ്രീ. കെ. രാജൻ: സർ, തൃശ്ശൂർ ജില്ലയിൽ പാലിയേക്കരയിൽ ടോൾ പിരിവിന്റെ പേരിൽ ഇപ്പോൾ ഒരു പകൽക്കൊള്ളയാണ് നടന്നുകൊണ്ടിരിക്കുന്നത് മണ്ണുത്തി മുതൽ അങ്കമാലി വരെയുള്ള സ്ഥലത്താണ് കരാർ കമ്പനി ടോൾ പിരിക്കേണ്ടത്. പക്ഷേ അവർ മണ്ണുത്തി മുതൽ ഇടപ്പള്ളി വരെയുള്ള റോഡിന്റെ പേരിലാണ് പണം പിരിക്കുന്നത്. ഈ ഭീകരമായ പകൽക്കൊള്ളയ്ക്കെതിരെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ മുഖ്യമന്ത്രി ജനങ്ങൾക്ക് കൊടുത്ത ഒരു ഉറപ്പും പാലിക്കപ്പെട്ടിട്ടില്ല. അത്രയും ദൂരം ടോൾ പിരിക്കാൻ ഈ കമ്പനിക്ക് അവകാശമില്ല. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പണപ്പിരിവ് നിയന്ത്രിക്കാൻ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്താൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇത് ശ്രദ്ധയിൽപ്പെടുക മാത്രമല്ല ഇതിനെപ്പറ്റി ഒരു ചർച്ചയും നടക്കുകയുണ്ടായിട്ടുണ്ട്. ടോളിന്റെ നിബന്ധനകളും കാര്യങ്ങളുമൊക്കെ കോൺട്രാക്ടർമാർ ഒപ്പുവച്ചിട്ടുള്ളതാണ്. അതിന്റെ പരിധിവിട്ടാണ് പ്രവർത്തിക്കുന്നതെങ്കിൽ ഗവൺമെന്റിന് തടയാവുന്നതാണ്. ഒപ്പുവച്ച കോൺട്രാക്ട് റദ്ദ് ചെയ്യണമെന്നുള്ള കാര്യം നയപരമായതുകൊണ്ട് ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. പൊതുവെ ടോളുകൾ ധാരാളം സ്ഥാപിക്കുക എന്ന നിലപാടിനോട് ഈ ഗവൺമെന്റ് നയപരമായി യോജിക്കുന്നില്ല. നിലവിലുള്ളത് എന്ത് ചെയ്യണമെന്നുള്ളതു മാത്രമെ ആലോചിക്കുന്നുള്ളൂ.

ശ്രീ. കെ. മുരളീധരൻ : സർ, കഴക്കൂട്ടം - കേശവദാസപുരം റോഡ് നാലുവരിപ്പാതയാക്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ മുന്നിലുണ്ടായിരുന്നു. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണ്? അത് എത്രനാളുകൊണ്ട് പൂർത്തിയാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ജി. സുധാകരൻ : സർ, കഴക്കൂട്ടം-കേശവദാസപുരം റോഡ് നാലുവരിപ്പാതയാക്കുന്നതിനെപ്പറ്റിയുള്ള ചർച്ച ഇപ്പോൾ നടന്നിട്ടില്ല. അക്കാര്യം പരിശോധിച്ച് വേണ്ട തീരുമാനമെടുക്കും.

ശ്രീ. വി. ജോയി: സർ, ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്ന കടമ്പാട്ടുകോണം മുതൽ നാവായിക്കുളം വരെ വരുന്ന ഭാഗത്ത് ഒരു സൈഡിൽ നിന്ന് മാത്രമാണ് ഭൂമി എറ്റെടുക്കുന്നതിനായിട്ടാണ് ഇപ്പോൾ കല്ലിട്ടിട്ടുള്ളത്. അവിടെ ഒരു പ്രധാനപ്പെട്ട ബാർ ഉണ്ട്. ആ ബാറിനെ സംരക്ഷിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നതെന്ന ഒരാക്ഷേപം ഉയർന്നുവന്നിരിക്കുകയാണ്. കല്ലിടുന്നതിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥൻ താമസിക്കുന്നത് കഴക്കൂട്ടത്താണ്. അദ്ദേഹത്തിന്റെ വീട് ഒഴിവാക്കുന്നതിനുവേണ്ടിയിട്ടും അവിടെ വലിയ ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് അങ്ങ് പരിശോധിക്കുമോ?

ശ്രീ. ജി. സുധാകരൻ : സർ, തീർച്ചയായും. ഏതെങ്കിലും തരത്തിൽ നീതി നിഷേധിച്ചുകൊണ്ടുള്ള സ്ഥലമേറ്റെടുപ്പോ മാനദണ്ഡത്തിനു വിപരീതമായിട്ടുള്ള നിലപാടുകളോ, ഏതെങ്കിലും അധികാരികളുടെ ഭാഗത്തുനിന്നുണ്ടായാൽ അതുസംബന്ധിച്ച് പരാതി സമർപ്പിക്കാം. പരാതി ഗൗരവമായി പരിഗണിക്കും. നാഷണൽ ഹൈവേ വീതി കൂട്ടുമ്പോൾ ഏറ്റെടുക്കേണ്ട സ്ഥലം ഏതാണോ ആ സ്ഥലം മാത്രമേ എടുക്കാൻ പാടുള്ളൂ. കഴിയുന്നതും രണ്ട് ഭാഗത്തുനിന്നും തുല്യമായി തന്നെ സ്ഥലമേറ്റെടുക്കണം. ചില വലിയ വളവുകളും തിരുവുകളുമൊക്കെ നേരെയാക്കുമ്പോൾ ചിലപ്പോൾ ചെറിയ വ്യത്യാസം വരും. അത് വളരെ ലാഭകരമായി നടത്തുന്നതിനുവേണ്ടിയാണ്. 100 ശതമാനം നീതിപൂർവ്വമായി സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്. ശ്രീ. സി. ദിവാകരന്റെ ചോദ്യത്തിന് നൽകിയ ഉത്തരം ഞാൻ വീണ്ടും പറയുകയാണ്. സ്ഥലമുടമകൾക്കുള്ള കോമ്പൻസേഷൻ കൃത്യസമയത്ത് കൊടുക്കാനും എല്ലാ പരാതികളും കളക്ടറുടെ നേതൃത്വത്തിൽ ജില്ലാടിസ്ഥാനത്തിൽ തീരുമാനിക്കാനും ജില്ലാടിസ്ഥാനത്തിൽ നടക്കുന്നില്ലെങ്കിൽ ചീഫ് സെക്രട്ടറി ചെയർമാനായ കമ്മിറ്റിക്ക് പരാതി പരിഹരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അക്കാര്യം പൂർണ്ണമായും ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നാണ് ഗവൺമെന്റിന്റെ നിർദ്ദേശം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തൃശ്ശൂർ മുതൽ കോഴിക്കോട് വരെയുള്ള ദേശീയപാത വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ഈ സർക്കാർ വന്നതിനുശേഷം സ്വീകരിച്ചിട്ടുണ്ടോ; സ്ഥലം വിട്ടുകൊടുക്കുന്ന ആളുകൾക്ക് മാർക്കറ്റ് വില നൽകി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും. അതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. നേരത്തെ പറഞ്ഞതുപോലെ സ്ഥലത്തിന്റെ വില കൃത്യമായി കൊടുക്കും. എല്ലാ പരാതികളും പരിഹരിക്കും.

ശ്രീ. റ്റി. വി. രാജേഷ് : സർ, നാഷണൽ ഹൈവേയുടെ ഇരുഭാഗങ്ങളിലുമാണ് മിക്കവാറും എല്ലാ ചെറുതും വലുതുമായ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നത്. അപ്പോൾ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ഫ്ലൈ ഓവർ നിർമ്മിച്ചാൽ കടകൾ പൊളിക്കുന്നത് ഒഴിവാക്കാൻ കഴിയും. ഗവൺമെന്റ് അത്തരത്തിലൊരു നിലപാട് സ്വീകരിക്കുമോ; അതോടൊപ്പം ജീവിതോപാധികൾ നഷ്ടപ്പെടുന്നവർക്കുള്ള പാക്കേജുകൂടി ഇതിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ജി. സുധാകരൻ : സർ, എല്ലാ സ്ഥലങ്ങളിലും ഫ്ലൈ ഓവർ എന്നുള്ളത് എനിക്ക് പരിശോധിക്കാതെ പറയാൻ കഴിയില്ല. ഇപ്പോൾ ഫ്ലൈ ഓവറുകൾ തീരുമാനിച്ചിട്ടുണ്ട്.അതിൽ ചിലത് പൂർത്തീകരണ ഘട്ടത്തിലേയ്ക്ക്എത്തിക്കഴിഞ്ഞു. ഇനിയും പുതിയ ഫ്ലൈ ഓവറുകൾ എവിടെ വേണമെന്നുള്ളതിനെ സംബന്ധിച്ച് ബന്ധപ്പെട്ട സാങ്കേതിക അധികാരികളുമായി ചർച്ച ചെയ്യാം. ജനപ്രതിനിധികളുടെ അഭിപ്രായം സ്വീകരിക്കാം. എല്ലാ സ്ഥലത്തും ഫ്ലൈ ഓവർ എന്നുപറയുന്നത് ഉറപ്പ് പറയാൻ കഴിയില്ല, എന്നാലും അത് പരിശോധിക്കാവുന്നതാണ്. സ്ഥലമേറ്റെടുക്കലിന് പാക്കേജ് തീരുമാനിച്ചിട്ടുണ്ട്. ഒന്നും ആരോടും പറയാതെ ഇഷ്ടാനുസരണം സ്ഥലം എടുക്കുക, ആളുകൾ പരിഭ്രമിച്ചു നിൽക്കുക എന്നുള്ള പ്രശ്നം ഉണ്ടാകില്ല.സ്ഥലം എടുക്കുന്നപാത ഏകദേശമൊക്കെ തിട്ടപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. ചേർത്തല മുതൽ കഴക്കൂട്ടം വരെയാണ് തർക്കമുള്ളത്. ആദ്യം റോഡിന്റെ വീതി 30 മീറ്റർ ആയി തീരുമാനിച്ചത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്താണ്. അത് അവർ അനുവദിച്ചില്ല. പിന്നെ 60 മീറ്റർ ആവശ്യപ്പെട്ടു. ഒടുവിൽ അത് 45 മീറ്റർ ആയി നിജപ്പെടുത്തികൊണ്ടുള്ള തീരുമാനമായി. അതു സംബന്ധിച്ച ഹിസ്റ്ററിയിലേയ്ക്കൊന്നും സമയക്കുറവുമൂലം ഞാൻ കടക്കുന്നില്ല.

ഇപ്പോൾ 45 മീറ്റർ ആണ് റോഡിന്റെ വീതിയായി നിജപ്പെടുത്തിയിരിക്കുന്നത്. ആ 45 മീറ്റർ എടുക്കുമ്പോൾ ഭൂമി, കടകൾ, സ്ഥാപനങ്ങൾ, ദേവാലയങ്ങൾ എന്നിവ നഷ്ടപ്പെടുന്നവർക്ക് അർഹമായ കോമ്പൻസേഷൻ കൊടുത്തുക്കൊണ്ടുള്ള പാക്കേജ് തന്നെയാണ് നിലവിലുള്ളത്. അതിന്റെ നെഗോഷ്യേഷനാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ആലപ്പുഴ പോലുള്ള ജില്ലകളിൽ ഡിസ്ട്രിക്ട് കളക്ടർ വേണ്ടത്ര ഉത്സാഹപൂർവ്വം ഇത് നടത്തുന്നില്ലെന്നൊരു പരാതിയൊഴിച്ചാൽ മറ്റെല്ലാ ജില്ലകളിലും ശക്തമായ നിലപാടുകൾ സ്വീകരിച്ചുവരുന്നുണ്ട്. തിരുവനന്തപുരത്തൊക്കെ കളക്ടർ ഇക്കാര്യത്തിൽ നല്ല നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. അനിൽ അക്കര</u> : സർ, പാലിയേക്കര ടോളുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ഉയർന്നുവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 10 കിലോമീറ്റർ ചുറ്റളവിനകത്തുള്ള ആളുകൾക്കൊക്കെ സൗജന്യമായി അവിടെ പാസ്സ് കൊടുത്തിട്ടുണ്ട്. പക്ഷേ, പാലിയേക്കരയിൽനിന്നും ആമ്പല്ലൂരിലേക്കും അതുപോലെ പുതുക്കാടിലേക്കും ആകെ 5 കിലോമീറ്ററിൽ താഴെ മാത്രമാണ് ദൂരമുള്ളത്. അപ്പോൾ ഈ സൗജന്യത്തിൽ ഉൾപ്പെടാത്ത ആളുകൾക്ക് 5 കിലോമീറ്റർ ദൂരത്തേയ്ക്ക് കടക്കണമെങ്കിൽ 100 രൂപയുടെ ടോൾ കൊടുക്കേണ്ടതായി വരുന്നുണ്ട്. ഒരു വണ്ടി വാടകയ്ക്ക് വിളിച്ചാൽപോലും 100 രൂപ കൊടുക്കേണ്ട സാഹചര്യമില്ല. അതുകൊണ്ട് 10 കിലോമീറ്ററിനകത്ത് ഏറ്റവും അടുത്ത ജംഗ്ഷനുകളായ ആമ്പല്ലൂർ, പുതുക്കാട് എന്നിവിടങ്ങളിലേക്ക് പോകാൻ വേണ്ടി പ്രത്യേകമായി സബ് വേയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട കരാറിൽ എന്തെങ്കിലും ഭേദഗതി വരുത്താൻ സർക്കാർ തയ്യാറാണോ?

<u>ശ്രീ. ജി. സുധാകരൻ</u> : സർ, ഈ പ്രശ്നം അവരെ വിളിച്ച് ചർച്ച ചെയ്തിരുന്നു. നിലവിലുള്ള കരാർ പാലിക്കണമെന്ന് അവരോട് പറഞ്ഞിട്ടുണ്ട്. നിലവിലുള്ള കരാർ പൂർണ്ണമായും പാലിക്കുന്നതിന് അവർ ബാധ്യസ്ഥരാണ്.

<u>ശ്രീ. സി. കെ. നാണു</u> : സർ, വളരെ വർഷങ്ങളായി വടകര നിയോജകമണ്ഡലത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഭൂമി അക്വയർ ചെയ്തത് സർക്കാരിന്റെ കയ്യിലാണ്. പക്ഷേ, പണം കൊടുത്തിട്ടില്ല. റോഡിന്റെ വീതി 45 മീറ്ററായി നിജപ്പെടുത്തുന്നത് സംബന്ധിച്ച് പല പ്രാവശ്യം ചർച്ച നടത്തിയിരുന്നു. ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി നഷ്ടപരിഹാരത്തുക നൽകാൻ അടിയന്തര നടപടി സ്വീകരിക്കണം. അവിടെ മൂരാട് പാലം ബഡ്ജറ്റിൽ

പ്രഖ്യാപിച്ചിരിക്കുകയാണ്. അവിടെ രണ്ട് പാലങ്ങളുണ്ട്. വർഷങ്ങൾക്ക് മുമ്പ് ചെറിയ പാലത്തിന്റെ സോയിൽ ടെസ്റ്റ് നടത്തിയതാണ്. പെട്ടെന്ന് നടക്കാൻ പോകുന്നുവെന്ന് പറഞ്ഞിരുന്നുവെങ്കിലും യാഥാർത്ഥ്യമായില്ല. ഫ്ലൈ ഓവറിന്റെ കാര്യത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വടകര മുനിസിപ്പാലിറ്റിയിൽ ഫ്ലൈഓവർ ഉണ്ടാക്കാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് പരിശോധിച്ചു. ഫ്ലൈഓവർ ഉണ്ടെങ്കിൽ ഉണ്ട് ഇല്ലെങ്കിൽ ഇല്ല എന്നു പറയണമായിരുന്നു. 45 മീറ്റർ സ്ഥലം എടുക്കുന്നുണ്ടെങ്കിൽ അത് പറയണം. എന്തൊക്കെയാണ് നൽകാൻ പോകുന്നത് എന്നുള്ളത് വ്യക്തമാക്കണം. ഇത് ബോധ്യപ്പെടുത്താത്തതുകൊണ്ടാണ് പ്രക്ഷോഭങ്ങളിലേയ്ക്ക് എത്തിച്ചേരുന്നത്. ഫ്ലൈഓവർ ആണെങ്കിൽ ഫ്ലൈഓവർ എന്നുപറയണം. വടകരയുടെ പല ഭാഗത്തും അനേകം കടകളുണ്ട്. ഏറ്റെടുക്കുന്ന കടകൾക്ക് നഷ്ടപരിഹാരം നൽകുന്നതാണോ ലാഭം അതോ ഫ്ലൈഓവർ വരുന്നതാണോ ലാഭം എന്നീ കാര്യങ്ങൾ പരിശോധിച്ച് അടിയന്തരമായി തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധനാകണം.

ശ്രീ. ജി. സുധാകരൻ: സർ, കോഴിക്കോട് ഭാഗത്തൊക്കെ ഡിസ്ട്രിക്ട് കളക്ടർ വളരെ ശക്തമായ നിലപാടെടുത്തിരിക്കുകയാണ്. അഡീഷണൽ ചീഫ് സെക്രട്ടറി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഈ സ്ഥലത്തിന് വിലകൊടുത്ത് ഭൂമിയുടെ ബൗണ്ടറി തിരിച്ചിട്ടിട്ടില്ലേന്നേയുള്ളൂ, വില കൊടുത്തിട്ടുണ്ടാവില്ല. ഇനിയാണ് അതിന്റെ വില കൊടുക്കാൻ പോകുന്നത് . അത് നിർമ്മാണത്തിലേക്ക് കടക്കുന്ന സമയത്ത് പരാതിയുണ്ടെങ്കിൽ ഡിസ്ട്രിക്ട് കളക്ടർക്ക് കൊടുക്കാം. അവിടെ പരിഹരിക്കുന്നില്ലെങ്കിൽ ഇവിടെ കൊടുക്കാം. എല്ലാ പരാതികളും സത്വരമായി പരിഹരിക്കും. സ്ഥലമേറ്റെടുത്തിട്ടുണ്ടെങ്കിലും പൈസ കൊടുത്ത് തുടങ്ങിയിട്ടില്ല. സ്ഥലം എടുത്തിട്ടിരിക്കുകയാണ്. നാഷണൽ ഹൈവേയിൽ വന്ന പ്രശ്നം അതാണ്. 50 വർഷക്കാലം മുൻപ് തന്നെ 30 മീറ്റർ ഭൂമി എടുത്തിട്ടിരിക്കുകയാണ്. അത് അന്ന് നിർമ്മിച്ചിരുന്നെങ്കിൽ ഈ പ്രശ്നമില്ലായിരുന്നു. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഏറ്റെടുത്ത സ്ഥലത്തിന് വില കൊടുക്കാറായിട്ടില്ല. മുൻപ് പറഞ്ഞ മറുപടി തന്നെ ഞാൻ പറയുകയാണ്, ആ സ്ഥലത്തിന് എന്താണോ വില അതിന്റെ രണ്ട് മടങ്ങ് മുതൽ നാല് മടങ്ങ് വരെ വില കൊടുക്കാൻ 'നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ' തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വില സെറ്റിൽ ചെയ്യാവുന്നതാണ്. അക്കാര്യത്തിൽ ഗവൺമെന്റ് വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. 'നാഷണൽ ഹൈവേ അതോറിറ്റി' ഇപ്പോൾ അതിന് അനുകൂലമായ നിലപാട് എടുത്തിരിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, ഇവിടെ സൂചിപ്പിച്ചതുപോലെ സ്ഥലമെടുപ്പിന് എല്ലാ ജില്ലകളിലും ഒരു പൊതുമാനദണ്ഡം സ്വീകരിക്കാൻ കഴിയില്ല. 35 വർഷം മുൻപാണ് ഇടപ്പള്ളി മുതൽ മൂത്തകുന്നം വരെയുള്ള സ്ഥലം ഫ്രീസ് ചെയ്തിരുന്നത്. അവർക്കാർക്കും ഭൂമി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. 2005-ൽ അവർക്ക് ഒരു സെന്റിന് ഏറ്റവും കൂടുതൽ കിട്ടിയ തുക 23,000 രൂപ ആണ്. 10 സെന്റ് സ്ഥലം എടുത്താൽ പോലും അതുകൊണ്ട് ഒരു സെന്റ് ഭൂമി പോലും വാങ്ങിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. അങ്ങനെ ഒരുപാട് ആളുകൾ ചേരിയിലേക്ക് വലിച്ചെറിയപ്പെടുകയുണ്ടായി. അവർ വീണ്ടും കടം വാങ്ങി ബാക്കിയുണ്ടായിരുന്ന സ്ഥലത്ത് വീടുകൾ വച്ചപ്പോൾ വീണ്ടും അത് എടുക്കാൻ പോകുകയാണ്. ഇതിനെല്ലാം ഒരു പ്രത്യേക സമീപനം വേണം. എല്ലാ സ്ഥലങ്ങളിലും ജില്ലാ കളക്ടർമാരെ ഏൽപ്പിച്ച് യാന്ത്രികമായ ഒരു ടെക്സ്റ്റ് ബുക്ക് രീതിയിൽ ഇത് അക്വയർ ചെയ്യാൻ പോയാൽ അത് പ്രതിഷേധത്തിനിടയുണ്ടാകും. ഇതൊക്കെ പ്രത്യേകമായി കൈകാര്യം ചെയ്യേണ്ട കേസുകളാണ്. ഗവൺമെന്റ് നേരിട്ട് തന്നെ ഇക്കാര്യത്തിൽ ഇടപെടാൻ തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. ജി. സുധാകരൻ: സർ, കളക്ടർമാരെ ഒഴിവാക്കി നിർത്തിക്കൊണ്ട് ഇത് ചെയ്യാൻ പറ്റില്ല. അവരുവഴി മാത്രമേ ഇത് ചെയ്യാൻ കഴിയുകയുള്ളൂ. ജില്ലയിലെ റവന്യൂവിന്റെ ഹയസ്റ്റ് അതോറിറ്റി കളക്ടർമാരാണ്. മന്ത്രിമാർക്കൊന്നും നെഗോഷിയേറ്റ് ചെയ്യാൻ പറ്റില്ല. നിങ്ങൾ ഉദ്ദേശിച്ച കാര്യം കൃത്യമായി ചെയ്യാനുള്ള നിലപാടെടുത്തുവരികയാണ്. മിക്ക കളക്ടർമാരും സജീവമായി രംഗത്ത് വന്നിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ ഭൂമിയുടെ തുല്യ വിലയല്ല കിട്ടുന്നത്. ഭൂമിക്ക് അവിടത്തെ മാർക്കറ്റ് വിലയുടെ രണ്ട് മടങ്ങോ നാല് മടങ്ങോ വിലയാണ് കിട്ടുന്നത്. ഇക്കാര്യത്തിൽ ഒരു തീരുമാനം സർവ്വകക്ഷിയോഗം എടുത്താൽ അതിൽ നിന്ന് നമുക്ക് പിറകോട്ടുപോകാൻ കഴിയില്ല. അതു സംബന്ധിച്ച് എതിർപ്പുണ്ടെങ്കിലും വിലയുടെ കാര്യം പരിഹരിക്കാവുന്നതേയുള്ളൂ. അതുപോലെ ദേവാലയങ്ങൾ മാറ്റുന്ന പ്രശ്നം വരുന്നുണ്ട്. അവരുമായി സംസാരിച്ച് ദേവാലയങ്ങൾ അവർ പറയുന്ന സ്ഥലത്ത് അതുപോലെ വച്ചുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ പൂർണ്ണമായ ചെലവ് ഈ അതോറിറ്റി വഹിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. എല്ലാ കാര്യങ്ങളിലും തീരുമാനമെടുത്തിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനുവേണ്ടി എല്ലാവരുടെയും സഹായ സഹകരണങ്ങളാണ് ആവശ്യമായിട്ടുള്ളത്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കരുനാഗപ്പള്ളി മണ്ഡലത്തിലെ ഓച്ചിറ മുതൽ കരുനാഗപ്പള്ളി വരെയുള്ള നാഷണൽ ഹൈവേയുടെ അശാസ്ത്രീയമായ

നിർമ്മാണംമൂലം അവിടെ സ്ഥിരമായി അപകടങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ 4 ടാങ്കർ ലോറികൾ അവിടെ മറിയുകയും ഭീതിജനകമായ ഒരന്തരീക്ഷം ഉണ്ടായത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി സുധാകരൻ: സർ, അപകടം എന്റെ ശ്രദ്ധയിൽപ്പെട്ടു. നാഷണൽ ഹൈവേയുടെ നിർമ്മാണം കൊണ്ടാണെന്നുള്ളത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആ സംഭവം നടക്കുമ്പോൾ നമ്മളെല്ലാവരും അവിടെയുണ്ടായിരുന്നു. കേരളത്തിൽ നാഷണൽ ഹൈവേ നിർമ്മിച്ചിരിക്കുന്നത് ശാസ്ത്രീയമായിട്ടല്ല. മൊത്തത്തിൽ പറയുകയാണ്, അത് എത്രമാത്രം ശാസ്ത്രീയമാക്കാമെന്നുള്ളത് പുതിയ നിർമ്മാണവുമായി ബന്ധപ്പെട്ട് കുറച്ചുകൂടി ക്രമീകരിക്കപ്പെടും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എൻ.എച്ച്. 66-ൽ കോഴിക്കോട് - പാലക്കാട് പാതയിൽ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന പട്ടണമാണ് മണ്ണാർക്കാട്. അവിടെ നാഷണൽ ഹൈവേയുടെ മുമ്പാകെയുള്ള രണ്ടു പ്രൊപ്പോസലുകൾ ഇഴഞ്ഞുനീങ്ങുകയാണ്. ഒന്ന്, മണ്ണാർക്കാട് ബൈപ്പാസ് നിർമ്മാണം - 160 കോടി രൂപ ചെലവിലുള്ള ഈ പ്രൊപ്പോസലിന്റെ അലൈൻമെന്റ് തയ്യാറാക്കി അനുമതിക്കുവേണ്ടി അയച്ചിട്ടുണ്ട് എന്നാണ് അധികൃതർ പറയുന്നത്. ആ അലൈൻമെന്റിന് അംഗീകാരം കിട്ടി പ്രവർത്തി പെട്ടെന്ന് തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ; അതോടൊപ്പംതന്നെ മണ്ണാർക്കാട് പട്ടണത്തിൽ ഓപ്പറേഷൻ അനന്തയിലൂടെ കയ്യേറ്റങ്ങളൊക്കെ ഒഴിപ്പിച്ച് ഇപ്പോൾ ഒരുപാട് സ്ഥലം കണ്ടുകിട്ടിയിട്ടുണ്ട്. അവിടെ റോഡ് വീതികൂട്ടുന്നതിനുള്ള 7 കോടി രൂപയുടെ പ്രൊപ്പോസലും ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പറയുന്നു. ഇത് രണ്ടും പെട്ടെന്ന് പ്രാവർത്തികമാക്കാൻ അങ്ങയുടെ ഭാഗത്തുനിന്ന് ഒരു ഇടപെടൽ ഉണ്ടാകുമോ?

ശ്രീ. ജി സുധാകരൻ: സർ, തീർച്ചയായും അതിന്റെ ഫയലുകൾ വരുത്തി എം.എൽ.എ.-യെയും വിളിച്ച് ചർച്ച ചെയ്ത് എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെ മുന്നോട്ടുപോകും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപൊലെ ദേശീയപാതയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ആളുകൾക്കുള്ള ആശങ്ക പരിഹരിക്കാൻ ഗവൺമെന്റ് തയ്യാറാകുമെന്ന് പറയുകയുണ്ടായി. ഒരു പ്രശ്നം ഇവിടെ ചൂണ്ടിക്കാണിച്ചത് പ്രസക്തമാണ്. ഇന്ന് സ്ഥലമെടുക്കുന്നത് 1922-ലെ ലാൻഡ് അക്വിസിഷൻ ആക്ട് അനുസരിച്ചാണ്. പലയിടത്തും ന്യായമായ വില കിട്ടുന്നില്ലെന്നുള്ള പ്രശ്നമുണ്ട്. കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ റീഹാബിലിറ്റേഷൻ പ്രോജക്ട് പ്രഖ്യാപിക്കുമെന്ന് പറഞ്ഞിരുന്നു. പക്ഷെ, അത് പ്രഖ്യാപിക്കുകയുണ്ടായില്ല. ഈ ഗവൺമെന്റ് ഈ നടപടികളിലേക്ക് കടക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ ഒരു പുനരധിവാസ പദ്ധതി മുൻകൂറായി പ്രഖ്യാപിച്ച് സ്ഥലമേറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി സുധാകരൻ: സർ, ഭൂമിയുടെ വിലയെ സംബന്ധിച്ചുള്ള കാര്യം പറഞ്ഞുകഴിഞ്ഞു. കടകൾ, വീടുകൾ ഇവയൊക്കെ നഷ്ടപ്പെടുന്നവർക്ക് പണം വേണ്ട, അവർക്ക് അതുപോലെയുള്ള സ്ഥലം വാങ്ങി വീടുവച്ചാൽ മതി എന്നുപറയുന്നവരുണ്ട്. ഇക്കാര്യങ്ങളൊക്കെ ആ സമയത്ത് അവർ ഉന്നയിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്താണ് പരിഹരിക്കുന്നത്. വിലയുടെ കാര്യം നാഷണൽ ഹൈവേ അതോറിറ്റി അതാത് പ്രദേശത്തെ ഭൂമിവിലയുടെ ഏതാണ്ട് രണ്ടുമടങ്ങുമുതൽ നാലു മടങ്ങുവരെ നൽകുമെന്ന് പറഞ്ഞു. അതിനെയൊന്നും ആരും ചോദ്യം ചെയ്തിട്ടില്ല. റോഡിന്റെ രണ്ടുഭാഗത്തുനിന്നും ഒരുപോലെ സ്ഥലം എടുക്കണമെന്നുള്ളതാണ് പ്രധാനമായിട്ടുള്ള ആവശ്യം. വലിയ ഡീവിയേഷൻ ഇല്ലാത്ത സ്ഥലത്തെല്ലാം അങ്ങനെതന്നെയാണ് ചെയ്യുന്നത്. ശാസ്ത്രീയമായ രൂപകല്പനയിൽ ഒരു ഡീവിയേഷനുള്ളയിടത്ത് വളരെ വിദൂരമായി വളഞ്ഞുവരണമെന്നുള്ളത് എന്തായാലും കഴിയില്ല. എന്തായാലും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്.

## പ്ലാസ്റ്റിക് മിശ്രണംചെയ്ത ബിറ്റുമിൻ റോഡു നിർമ്മാണത്തിന് ഉപയോഗിക്കാൻ നടപടി

2 *(242) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണം നടത്താൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇപ്രകാരം റോഡ് നിർമ്മിക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ചുകൊണ്ടുള്ള റോഡുകൾ പരീക്ഷണാടിസ്ഥാനത്തിൽ എവിടെയെല്ലാമാണ് നിർമ്മിച്ചത്; ആയത് വിജയകരമായിരുന്നോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് പ്ലാസ്റ്റിക്ക് മിശ്രണം ചെയ്ത ബിറ്റുമിൻ റോഡു നിർമ്മാണത്തിന് ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മീ. ശുദ്ധീകരിച്ച പ്ലാസ്റ്റിക് മിശ്രണം ചെയ്തുകൊണ്ട് റോഡുകളുടെ ഉപരിതലം നിർമ്മിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ 100 കി.മീ. റോഡുകൾ ഇത്തരത്തിൽ നിർമ്മിക്കാനായി ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ ശുദ്ധീകരിച്ച പ്ലാസ്റ്റിക് നൽകുന്നതിനായി ക്ലീൻ കേരള എന്ന സ്ഥാപനം തയ്യാറായിട്ടുണ്ട്. ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇന്ത്യൻ റോഡ് കോൺഗ്രസ് 8 P 98-2013 പ്രകാരം പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സുരക്ഷിതമായ നിർമ്മാർജ്ജനം ഒരു പരിസ്ഥിതി പ്രശ്നമായ സാഹചര്യത്തിൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം No.RW/NH-33044/24/2015-S&R(R) തീയതി 9-11-2015 പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരപരിധിയുടെ 50 കി.മീ. ചുറ്റളവിനകത്തുവരുന്ന റോഡുകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട്മിക്സിൽ ചേർക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി & ഡി) ശുദ്ധീകരിച്ച പ്ലാസ്റ്റിക് വേസ്റ്റ് ഉപയോഗിച്ച് സംസ്ഥാനത്ത് എട്ട് ജില്ലകളിലായി 18 റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ലിസ്റ്റ്

അനുബന്ധമായി ചേർത്തിട്ടുണ്ട്. * ശുദ്ധീകരിച്ച പ്ലാസ്റ്റിക് വേസ്റ്റ് ഉപയോഗിച്ച് ഉപരിതലം നിർമ്മിച്ചിട്ടുള്ള റോഡുകൾ വിജയകരമായിട്ടുണ്ട്. ഇത്തരത്തിൽ റിസർഫസിംഗ് ചെയ്ത ഭാഗങ്ങളിൽ ഉപരിതലത്തിന്റെ നിലവാരം കൂടുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ വർഷം 100 കി.മീ. ദൈർഘ്യം വരുന്ന റോഡുകളുടെ ഉപരിതലം ശുദ്ധീകരിച്ച പ്ലാസ്റ്റിക് വേസ്റ്റ് ഉപയോഗിച്ച് പുതുക്കുവാൻ ഉദ്ദേശിക്കുന്നു. സാമ്പത്തിക സ്ഥിതി ശരിയായി വരികയാണെങ്കിൽ അതിൽ കൂടുതൽ ദൂരവും പരിഗണിക്കാവുന്നതാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, മാലിന്യപ്രശ്നം ഇപ്പോൾ എല്ലാവരും ഗൗരവത്തോടെ ചിന്തിക്കുന്ന ഒരു വിഷയമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമായെടുത്ത് ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക്ക് വേസ്റ്റ് ചേർത്തുള്ള മിശ്രണമുപയോഗിച്ച് റോഡിന്റെ സർഫസ് ടാറിംഗ് നടത്തുന്നതുകൊണ്ട് മെച്ചപ്പെട്ട നിലവാരമുണ്ടെന്നും റോഡ് കുറച്ചുകാലംകൂടി നീണ്ടുനില്ക്കുമെന്ന് തെളിയിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതുപോലെ പരിസ്ഥിതി, ആരോഗ്യ മേഖലകളിലൊക്കെ ഭീഷണിയായി വന്നിരിക്കുന്ന പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം ചെയ്യാൻ ഏറ്റവും ഉചിതമായ ഒരു പദ്ധതിയെന്നുള്ള നിലയിൽ അങ്ങ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ചുചേർത്ത് മാലിന്യ നിർമ്മാർജ്ജനത്തിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ ന്യായമായ ഒരു തീരുമാനമെടുക്കുന്നതാണ്. ഈ വർഷം 100 കി.മീറ്ററെങ്കിലും റോഡ് മിനിമം നിർമ്മിക്കുന്നതാണ്. പ്ലാസ്റ്റിക്, കയർ, ജിയോടെക്സ്റ്റൈയിൽ, റബ്ബർ ഇതെല്ലാമുപയോഗിച്ച് വൈവിധ്യമാർന്ന നിർമ്മാണരീതികൾ ഗവൺമെന്റ് നടപ്പിലാക്കാനാണ് ആഗ്രഹിക്കുന്നത്. ഇതിന്റെ സാങ്കേതികമായ ഒരു വർക്ക്ഷോപ്പ് ഈ മാസം 28-ാം തീയതി വിദഗ്ദ്ധന്മാരെ വിളിച്ചുകൂട്ടി സംഘടിപ്പിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തന്നെ സവിശേഷമായ താല്പര്യം ഇക്കാര്യത്തിൽ ആദ്യംമുതൽ എടുക്കുന്നുണ്ട്. യോഗം കൂടുന്ന കാര്യം അദ്ദേഹവുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ്: സർ, ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നല്ല സഹകരണം വേണ്ടി വരും. അജൈവ മാലിന്യങ്ങൾ, ജൈവ മാലിന്യങ്ങൾ എന്നിങ്ങനെ വേർതിരിക്കുന്ന കാര്യം കഴിഞ്ഞ ദിവസം ചർച്ച ചെയ്തതാണ്. മുനിസിപ്പാലിറ്റികൾ ഈ വിഷയത്തിൽ പ്രത്യേക താല്പര്യമെടുത്താൽ മാത്രമേ ഇത് കളക്ട് ചെയ്ത് ക്ലീൻ കേരള മിഷനുമായി സഹകരിച്ച് പ്ലാസ്റ്റിക് വേസ്റ്റ് പൊതുമരാമത്ത് വകുപ്പിനെ ഏല്പിക്കാൻ സാധിക്കുകയുള്ളൂ. പക്ഷേ ശരിയായ രീതിയിലല്ല കാര്യങ്ങൾ പോകുന്നത്. ക്ലീൻ കേരള മിഷന്റെ പ്രവർത്തനം മെച്ചപ്പെട്ടതാക്കാനും മാലിന്യരംഗത്തെ പ്രശ്നം പരിഹരിക്കാനും പൊതുമരാമത്തു വകുപ്പുകൂടി ലോക്കൽ അഡ്മിനിസ്ട്രേഷനുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ലോക്കൽ അഡ്മിനിസ്ട്രേഷന്റെ കീഴിലാണ് കേരളത്തിലെ റോഡുകളുടെ 85%-വും വരുന്നത്. പി.ഡബ്ല്യൂ.ഡി. യും നാഷണൽ ഹൈവേയും കൂടി ചേർന്നാൽ 15% മാത്രമേ വരുന്നുള്ളൂ. ലോക്കൽ ബോഡീസിന്റെ കീഴിലുള്ള റോഡുകൾ തകർന്നുകിടക്കുന്നതുകൊണ്ടാണ് നാട്ടിലെ ഗതാഗതം, കുടിവെള്ളം ഇതൊക്കെ മുടങ്ങുന്നത്. തീർച്ചയായും എല്ലാവിധ സഹായവും ചെയ്യുമെന്ന് മാത്രമല്ല, അതൊരു തീരുമാനമായി എടുക്കാൻ കഴിയുമെങ്കിൽ ഏറ്റവും നല്ല കാര്യമായിരിക്കും.

ശ്രീ. റോഷി അഗസ്റ്റിനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, മാലിന്യ സംസ്കരണത്തിന് ഏറ്റവും വില്ലനായി നില്ക്കുന്നത് പ്രാദേശിക അടിസ്ഥാനത്തിൽ സംസ്കരിക്കാൻ കഴിയാത്ത പ്ലാസ്റ്റിക്കാണ്. പ്ലാസ്റ്റിക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്തി 18 റോഡുകൾ വിജയകരമായി പൂർത്തീകരിച്ചുവെന്നുള്ളത് വളരെ നല്ല കാര്യമാണ്. മറ്റു ബിറ്റുമിൻ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ചെലവും പ്ലാസ്റ്റിക്ക് മിശ്രിതം കൂടി ചേരുമ്പോൾ ഉണ്ടാകുന്ന ചെലവും തമ്മിൽ താരതമ്യപ്പെടുത്തിയിട്ടുണ്ടോ; ചെലവ് കൂടുകയാണോ കുറയുകയാണോ; ഇതുസംബന്ധിച്ച് സാമ്പത്തികമായി ബെനിഫിറ്റാണോയെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. ജി. സുധാകരൻ: സർ, അഡീഷണലായിട്ടുള്ള ഒരു സംരംഭമായതിനാൽ അതിന്റെ ചെലവ് കൂടുതലാണ്. അതൊരു പ്രധാനപ്പെട്ട പ്രശ്നമാണെന്ന് തോന്നുന്നില്ല. സാധാരണ ചേർക്കുന്ന ബിറ്റുമിൻ മിശ്രിതത്തിന്റെ കൂടെ 6 ശതമാനം മുതൽ 8 ശതമാനം വരെ പ്ലാസ്റ്റിക്കിന്റെ കട്ട് ചെയ്ത വേസ്റ്റ് നിർമ്മാണ സ്ഥലത്തുവച്ചുതന്നെയാണ് ഹോട്ട് മിക്സ് ചെയ്ത് എടുക്കുന്നത്. അല്പം ചെലവ് വന്നാലും, വളരെയധികം ചെലവ് വരുമെന്ന് കരുതുന്നില്ല. അത് നല്ല കാര്യമാണ്. എല്ലാവരും സമ്മതിക്കുന്നുണ്ട്. ചെലവ് ഒരു പ്രശ്നമായി കണക്കാക്കുന്നില്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നത് വിജയകരമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇതിനുവേണ്ടി ക്ലീൻ കേരള എന്ന സ്ഥാപനവും സജ്ജമായിരിക്കുന്നതിനെ സംബന്ധിച്ചും മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. ഇത്രയും വിജയകരമായൊരു പദ്ധതി വ്യാപകമായി നടപ്പാക്കാൻ കഴിയാതെ പോകുന്ന സാഹചര്യത്തിന് മാറ്റം വരുത്തണം. അങ്ങയുടെ മറുപടിയിൽ അനുബന്ധമായി തന്നിട്ടുള്ളതിൽനിന്നും വ്യക്തമാകുന്നത് 2006 മുതൽ 2014 വരെ വളരെ ചുരുക്കം റോഡുകൾ മാത്രമാണ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ എന്നാണ്. ഇപ്പോൾ കൂടുതൽ റോഡുകൾ ചെയ്യാൻ ഉദ്ദേശിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് റബ്ബറൈസ്ഡ് റോഡുകൾ ഗുണനിലവാരമുള്ളതും ദീർഘകാലം നിലനിൽക്കുന്നതുമായ റോഡുകളാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. നിർഭാഗ്യവശാൽ അതുപോലുള്ള അധികം റോഡുകൾ ചെയ്യാൻ സാധിക്കുന്നില്ല. ഇതും അതുപോലെയായി പോകരുത്. ബഹുമാനപ്പെട്ട സി.എഫ്. തോമസ് സൂചിപ്പിച്ചതുപോലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതും റോഡിന്റെ നിലവാരം ഉയർത്തുന്നതുമുൾപ്പെടെ ഗുണകരമാകുന്ന ഈ പദ്ധതി പൊതുമരാമത്തു വകുപ്പിൽ വ്യാപകമാക്കുന്നതോടൊപ്പം തദ്ദേശ സ്വയംഭരണവകുപ്പിലെ ഗ്രാമീണ റോഡുകളിൽ കൂടി ഇത് നടപ്പിലാക്കുന്നതിനു വേണ്ട സംയുക്ത നടപടികളിലേയ്ക്ക് പോകാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, തീർച്ചയായും. ഇതുസംബന്ധിച്ച് നേരത്തെ ചോദ്യം വന്നിരുന്നു. ലോക്കൽ ബോഡീസിന് ഗവൺമെന്റ് തീരുമാനിക്കുന്ന സാങ്കേതിക സഹായങ്ങൾ കൊടുക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്. അത് കൊടുക്കുമെന്ന് വീണ്ടും പറയുകയാണ്. 2006-ലാണ് റോഡുകളിൽ പ്ലാസ്റ്റിക് ആദ്യമായി പരീക്ഷിച്ചത്. 2013-14-ൽ അതുകുറച്ചുകൂടി മുന്നോട്ടുവന്നെങ്കിലും സാർവ്വത്രികമാക്കാൻ കഴിഞ്ഞില്ല. അതിന് പല കാരണങ്ങളുണ്ട്. നിർമ്മാണ വ്യവസ്ഥ വളരെ യാഥാസ്ഥിതികമാണ്. അതൊക്കെ മാറ്റേണ്ട സമയം കഴിഞ്ഞു. കെട്ടിട നിർമ്മാണം, ഡിസൈനിംഗ്, മെറ്റീരിയൽസ് തുടങ്ങിയവയുടെ കാര്യത്തിലെല്ലാം പഴയ രീതി ആവർത്തിക്കുകയാണ്. എഞ്ചിനീയർമാർക്ക് വലിയ കഴിവുകളാണുള്ളത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു ഓഡിറ്റോറിയം നിർമ്മിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അനുവാദത്തോടു കൂടി ഞാൻ അതിന്റെ ഉദ്ഘാടന യോഗത്തിൽ പങ്കെടുത്തിരുന്നു. ആ യോഗത്തിൽ ഞാൻ അദ്ധ്യക്ഷനും ചീഫ് ജസ്റ്റിസ് ഉദ്ഘാടകനുമായിരുന്നു. കെട്ടിടത്തിന് ഇന്റർനാഷണൽ ക്വാളിറ്റിയാണെന്ന് ചീഫ് ജസ്റ്റിസ് പ്രസംഗിച്ചത് ശരിയാണെന്ന്

കണ്ടാലറിയാം. നമ്മുടെ എഞ്ചിനീയർമാർക്ക് നിർമ്മിക്കാനറിയാം. അവർക്ക് അവസരം കൊടുക്കണം. അവരുടെ ബുദ്ധി ഉപയോഗിക്കാൻ കഴിയണം. അവരെ അഴിമതിയിൽ കുടുക്കിയിടരുത്. ആവശ്യമായ പണം കൊടുക്കണം. പണം കണ്ടെത്തുന്ന കാര്യം ധനകാര്യ വകുപ്പും ഗവൺമെന്റും കൂട്ടായി ആലോചിക്കണം. എഞ്ചിനീയർമാർ പഠിച്ചതും പ്രായോഗികമായി മനസ്സിലാക്കിയതുമായ കാര്യങ്ങളുമുപയോഗിച്ച് നവീനതലത്തിൽ എല്ലാവിധ നിർമ്മാണങ്ങളും നടത്താൻ സർക്കാർ സ്വാതന്ത്ര്യം കൊടുക്കുകയാണ് ചെയ്യുന്നത്.

ഡോ. എൻ. ജയരാജ്: സർ, ഡിസൈൻ, റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ വിംഗുകൾ ഇപ്പോൾ പി. ഡബ്ല്യൂ. ഡി. വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. യഥാർത്ഥത്തിൽ അവിടെ ഡിസൈൻ വർക്ക് ഒഴിച്ച് ബാക്കിയൊന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ബിറ്റുമിന്റെ കാര്യത്തിലുള്ള പ്രധാനപ്പെട്ട പ്രശ്നം, ഇപ്പോൾ സൈറ്റിനകത്ത് വച്ചുതന്നെയാണ് പ്ളാസ്റ്റിക് മിക്സ് ചെയ്യുന്നത്. അത് വലിയ പാരിസ്ഥിതിക പ്രശ്നങ്ങളും തൊഴിലാളികൾക്ക് ബുദ്ധിമുട്ടുമുണ്ടാക്കും. റബ്ബറൈസ്ഡ് റോഡുകൾക്കാണെങ്കിൽ റിഫൈനറിയിൽ വച്ചുതന്നെയാണ് ലാറ്റക്സ് മിക്സ് ചെയ്യുന്നത്. കഴക്കൂട്ടത്ത് പി.ഡബ്ല്യൂ.ഡി.- യുടെ കീഴിൽ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം വ്യാപകമാക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ ഈ റിസർച്ച് വിംഗിനെ കൊണ്ട് ഇക്കാര്യത്തിൽ ഗൗരവമായ പഠനം നടത്തി റിഫൈനറിയിൽ വച്ചുതന്നെ പ്ളാസ്റ്റിക് മിക്സ് ചെയ്യാൻവേണ്ട സംവിധാനത്തെ കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, 2006 മുതൽ 2014 വരെ 18 റോഡുകൾ നിർമ്മിച്ച കാര്യം ഇവിടെ സൂചിപ്പിച്ചു. വലിയ പ്രശ്നങ്ങൾ അന്ന് ഉണ്ടായതായി കാണുന്നില്ല. ലാർജ് സ്കെയിലാകുമ്പോൾ ചില പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാം. അതെല്ലാം സാങ്കേതികമായി പരിഹരിക്കാനുള്ള ഏർപ്പാട് ചെയ്യാം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, റോഡിന്റെ ഉപരിതലം സ്ട്രെങ്ത്തൻ ചെയ്യുന്നതിനായി ബിറ്റുമിൻ മെക്കാർഡം ആന്റ് ബിറ്റുമിൻ കോൺക്രീറ്റ് (ബി.എം.&ബി.സി.) ടെക്നോളജി ഇപ്പോൾ ഉപയോഗിച്ചുവരുന്നു. പ്ലാസ്റ്റിക് മിശ്രണത്തെക്കുറിച്ച് ചർച്ച ചെയ്തു കഴിഞ്ഞു. റോഡ് എന്നുപറഞ്ഞാൽ ഇതുമാത്രമല്ലല്ലോ? വളരെ സൗകര്യപ്രദവും സൗന്ദര്യവുമുള്ള റോഡ് ജനങ്ങളുടെ അവകാശമാണ്. കാൽനട യാത്രക്കാർ ഉൾപ്പെടെയുള്ളവരുടെ താൽപ്പര്യം

സംരക്ഷിക്കണം. പി.ഡബ്ല്യൂ.ഡി.-യിൽ ഇപ്പോൾ ഡിസൈൻ മാത്രം ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞതിനോട് യോജിപ്പില്ല. ഡിസൈനിംഗ് മാത്രമാണ് നടക്കാത്തത്. പി.ഡബ്ല്യൂ.ഡി.-ക്കുള്ള ആർക്കിടെക്ച്ചറൽ ഡിപ്പാർട്ടുമെന്റ് വളരെ ദുർബ്ബലമാണ്. വിദേശത്തൊക്കെ കാണുന്നതുപോലെയുള്ള വളരെ ഭംഗിയുള്ള റോഡുകൾ ഡിസൈൻ ചെയ്യണമെങ്കിൽ ഒന്നുകിൽ നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ ആർക്കിടെക്ട് വിംഗിനെ സ്ട്രെങ്ത്തൻ ചെയ്യണം അല്ലെങ്കിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് ചെയ്യുന്നതുപോലെ ഔട്ട് സോഴ്സ് ചെയ്യണം, എം-പാനൽ ചെയ്യണം. ഈ നിലയിൽ ക്വാളിറ്റിയുള്ള ഭംഗിയുള്ള റോഡുകൾ ഉറപ്പാക്കുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായിട്ടും. Engineering aesthetics-ന്റെ അഭാവമാണ് ദീർഘകാലമായി കേരളത്തിലെ നിർമ്മാണ വ്യവസ്ഥയിലുള്ളത്. ആശുപത്രികളും രജിസ്ട്രാർ ഓഫീസുകളും കളക്ടറേറ്റും കോളേജുകളുമെല്ലാം പണിയുന്നത് ഒരേ തരത്തിലാണ്. Engineering aesthetics വ്യത്യസ്തമാണ്. അത് ഉപയോഗിക്കുന്നില്ല. ആശുപത്രി പണിയുമ്പോൾ 10, 15 വയർ ട്യൂബുകൾ ഭിത്തിയിൽ വച്ചിരിക്കുന്നത് നോക്കിയാണ് രോഗി കിടക്കുന്നത്. ഇതുകണ്ടാൽ ഇന്ന് മരിക്കാൻ കിടക്കുന്ന രോഗിയാണെങ്കിൽ നാലുദിവസം മുൻപ് മരിക്കും. ഇതൊക്കെ എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്നതിനെക്കുറിച്ച് നമുക്ക് വേറെ ചർച്ച ചെയ്യാം. ഇതിനൊക്കെ മാറ്റം വരുത്തുന്നതിനുവേണ്ടി ഡിസൈനിംഗ് വിംഗും ആർക്കിടെക്ച്ചറൽ വിംഗും ശക്തിപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഇതെല്ലാം എഞ്ചിനീയറിംഗിന്റെ അടിസ്ഥാനമാണ്. എല്ലാ കാര്യത്തിലും നല്ല നിലവാരമുണ്ട്. 1200 ഓളം വരുന്ന മുഴുവൻ എഞ്ചിനീയർമാരെയും സെനറ്റ് ഹാളിൽ വിളിച്ചിരുന്നു. അഞ്ചുപേർ ഒഴിച്ച് ബാക്കി മുഴുവൻ ആളുകളും വന്നു, അത്ഭുതകരമാണ്. പത്തു മണിക്ക് വരാൻ പറഞ്ഞെങ്കിലും എല്ലാപേരും ഒൻപതു മണിക്കേ വന്നിരിക്കുകയാണ്. ശ്രീ. ഇ. ശ്രീധരൻ ഏകദേശം ഒന്നരമണിക്കൂറോളം അവരോട് സംസാരിച്ചു. അദ്ദേഹം സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സൗന്ദര്യാത്മകമായും ഗുണപരമായും നിർമ്മിക്കണമെന്നേ പറഞ്ഞുള്ളൂ. ഗവൺമെന്റ് അതിനോട് യോജിക്കുകയാണ്. ഒരു മാറ്റം തീർച്ചയായിട്ടും വരണം. നല്ല കാര്യങ്ങൾ നടന്നിട്ടുണ്ട്. എല്ലാം മോശമാണെന്ന് പറയുന്നില്ല. അതുപോലെ ഔട്ട്സോഴ്സിനെ സംബന്ധിച്ച് ആലോചിക്കാം. 1100 ഓളം എഞ്ചിനീയർമാരുണ്ട്. ഞാൻ ഓഡിറ്റോറിയത്തിന്റെ കാര്യം പറഞ്ഞല്ലോ. ഒരു ഔട്ട്സോഴ്സിംഗിന്റെയും ആവശ്യമില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പോയി

നോക്കുകയാണെങ്കിൽ മനസ്സിലാകും. നമ്മുടെ ഡിപ്പാർട്ടുമെന്റിൽ കഴിവുറ്റ ആൾക്കാരുണ്ട്. അത് തികയാതെ വരികയാണെങ്കിൽ അങ്ങ് പറയുന്നത് തീർച്ചയായിട്ടും സ്വീകരിക്കാം. ഇപ്പോൾ തന്നെ റോഡ് ഫണ്ട് ബോർഡ് ഔട്ട് സോഴ്സ് ചെയ്യുന്നുണ്ട്. സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ട് തിരുവനന്തപുരത്ത് തന്നെ രണ്ടുമാസത്തിനുള്ളിൽ ഓപ്പൺ ചെയ്യാൻ പോകുകയാണ്. എത്ര മനോഹരമായ റോഡാണ്. ഇവിടെ ഇതെല്ലാം നടക്കുന്നുണ്ട്. പക്ഷേ പണം കൊടുക്കണം. പണം പ്രധാനപ്പെട്ട കാര്യമാണ്. അവരുടെ കഴിവുകൾ വിനിയോഗിക്കണം. ഡിപ്പാർട്ടുമെന്റിൽ ആളില്ലെങ്കിൽ ഔട്ട്സോഴ്സ് ചെയ്യാം. ഇതെല്ലാം അംഗീകരിക്കുന്നു. ഡിപ്പാർട്ടുമെന്റിൽ കഴിവുള്ള എഞ്ചിനീയർമാരെ കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നതിന് മുൻഗണന കൊടുക്കുകയും തികയാതെ വരുന്നത് ഔട്ട്സോഴ്സ് ചെയ്യാം. ഡിസൈൻ ചെയ്യാൻ ആളില്ലാത്തതുകൊണ്ട് ഒരു പ്രശ്നമുണ്ടാകാൻ അനുവദിക്കുകയില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ക്ലീൻ കേരള കമ്പനി നൽകിയ ഷ്രഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ചുകൊണ്ട് കഴിഞ്ഞ കുറച്ച് വർഷങ്ങൾക്കുമുൻപ് കൊച്ചിൻ കോർപ്പറേഷന്റെയും പി.ഡബ്ല്യൂ.ഡി.-യുടെയും സഹായത്തോടുകൂടി കുറച്ച് റോഡുകൾ നിർമ്മിച്ചു. ആ റോഡുകളൊക്കെ വളരെ നല്ല നിലയിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പക്ഷേ പ്ലാസ്റ്റിക് എത്ര വേണമെങ്കിലും നൽകാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അവർ ഫെയ്സ് ചെയ്യുന്ന ഏറ്റവും വലിയ പ്രശ്നം സാമ്പത്തികമാണ്. കാരണം വേസ്റ്റിൽ നിന്നും പ്ലാസ്റ്റിക് എടുത്ത് ക്ലീൻ ചെയ്ത് ഷ്രഡ് ചെയ്യുന്നതിന് കുറച്ച് പണമാവശ്യമായി വരുന്നുണ്ട്. അത് നൽകാൻ പി.ഡബ്ല്യൂ.ഡി. തയ്യാറാകാത്തതാണ് കഴിഞ്ഞ പ്രാവശ്യം ഉണ്ടായ പ്രശ്നം. ആ കോസ്റ്റ് എങ്കിലും നൽകാൻ പി.ഡബ്ല്യൂ.ഡി. തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: നഗരസഭകളിലെ റോഡുകൾക്ക് നമുക്ക് എങ്ങനെ പൈസ നൽകാൻ സാധിക്കും. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്കല്ലാതെ ലോക്കൽ ബോഡീസിന് റോഡുകൾ നിർമ്മിക്കാൻ നമ്മുടെ ഫണ്ടിൽ നിന്നും കൊടുക്കാൻ സാധിക്കുകയില്ല. ഇതുസംബന്ധിച്ച് ഗവൺമെന്റിന് മൊത്തത്തിൽ താൽപ്പര്യമുണ്ടെങ്കിൽ ഗവൺമെന്റിന്റെ ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ബി.എം &ബി.സി. ടാറിംഗുമായി ബന്ധപ്പെട്ട് വലിയ അഴിമതി നമ്മുടെ സംസ്ഥാനത്ത് നടക്കുന്നതായാണ് കാണുന്നത്. ഉദാഹരണത്തിന് ആറന്മുള നിയോജക മണ്ഡലത്തിലെ ഏറ്റവും

പ്രധാനപ്പെട്ട റോഡായ തിരുവല്ല-കുമ്പഴ റോഡിൽ ഇപ്പോഴും ബി.എം &ബി.സി. ടാറിംഗ് പൂർത്തിയായിട്ടില്ല. റോഡ് പൊട്ടിപൊളിഞ്ഞ് കഴിഞ്ഞു. ഒരു കിലോമീറ്ററിന് ഒരു കോടി രൂപയ്ക്കടുത്ത് ചെലവിട്ട് നടത്തുന്ന ടാറിംഗിന് ഈ രീതിയിൽ കേടുപാടുകൾ നിർമ്മാണം നടക്കുമ്പോൾ തന്നെ ഉണ്ടാകുന്നുവെന്നുള്ളത് വളരെ ഗുരുതരമായ അവസ്ഥയാണ്. ബിറ്റുമിൻ മിശ്രിതം 125 ഡിഗ്രി സെൽഷ്യസിൽ കൊണ്ടുചെന്ന് അവിടെ ഇടണമെന്നുള്ളതാണ്. ഇത് ചെക്ക് ചെയ്യുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ പറയുന്നു, പക്ഷെ ചെയ്യുന്നില്ല. ഇതിനുള്ള ഗ്യാരണ്ടി മൂന്ന് വർഷമാണ്. സാധാരണ ടാറിംഗാണ് ഇതിനുമുകളിൽ നടക്കുന്നത്. ഈ രീതി മാറി കുറച്ചുകൂടി റെസ്പോൺസിബിളായിട്ടുള്ള, ഇതൊക്കെ ചെക്ക് ചെയ്യുന്നതുൾപ്പെടെയുള്ള സമീപനമുണ്ടാകണം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഇതെല്ലാം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഗവൺമെന്റ് ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു വരികയാണ്. ചില പാളിച്ചകൾ സംബന്ധിച്ച് ഗവൺമെന്റ് പരസ്യമായി പറയുന്നുമുണ്ട്. ഇവിടെ പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ്. സൂപ്പർവിഷൻ എന്നുപറയുന്ന കാര്യമേ നടക്കുന്നില്ല. ഞാൻ തന്നെ ഒരു എഞ്ചിനീയറുടെമേൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു സ്ഥലത്ത് അര മണിക്കൂർ ഞാൻ നിന്നിട്ടും സൂപ്പർവിഷന് അവിടെ ആരും വന്നില്ല. കൂലിക്കാർ മാത്രം നിന്ന് ജോലി ചെയ്യുകയാണ്. ഇതൊക്കെ പത്തൻപത് വർഷമായി നടന്നുവരുന്ന കാര്യങ്ങളാണ്. ഇതിനൊക്കെ മാറ്റം വരുത്താൻ ഗവൺമെന്റ് തീരുമാനിക്കുകയും അതിനുവേണ്ട നടപടികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതൊക്കെ ഫലവത്താകാൻ കുറച്ച് സമയമെടുക്കുമെന്നേയുള്ളൂ.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പ്ലാസ്റ്റിക് മാലിന്യം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷനുകളിൽ പ്ലാസ്റ്റിക് മാലിന്യം പൊടിക്കുന്നതിനുള്ള ഷ്രഡിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പല കോർപ്പറേഷനുകളിലും ഇത് വേണ്ട രീതിയിൽ ഉപയോഗിക്കപ്പെടുന്നില്ല. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സംവിധാനം മാലിന്യസംസ്കരണത്തിനും റോഡ് നിർമ്മാണത്തിനുംവേണ്ടി ഫലപ്രദമായി വിനിയോഗിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടിയുണ്ടാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, പ്ലാസ്റ്റിക് മാലിന്യത്തെക്കുറിച്ചാണ് നമ്മൾ ഇവിടെ

സംസാരിച്ചുകൊണ്ടിരിക്കുന്നത്. റോഡ് നിർമ്മാണം തുടങ്ങുമ്പോൾ ഇവിടെ പ്ലാസ്റ്റിക്കില്ലാത്ത ഒരവസ്ഥ വരും. കയർ ഫാക്ടറികൾ പുതിയതായി തുടങ്ങേണ്ടിവരും.

ശ്രീ. പി. ഉബൈദുള്ള: കോർപ്പറേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ഷ്രഡിംഗ് മെഷീനുകൾ വേണ്ട രീതിയിൽ ഉപയോഗിക്കപ്പെടുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, പ്രസ്തുത ചോദ്യം സബ്മിഷനായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് ചോദിച്ചാൽ അദ്ദേഹം മറുപടി തരും. അതിനുള്ള മറുപടി ഇപ്പോൾ പറയാൻ കഴിയാത്തതുകൊണ്ട് പറയുന്നില്ല. എല്ലാം ശരിയാകുമ്പോൾ ഇതും ശരിയാകും.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പി.ഡബ്ല്യു.ഡി. വകുപ്പ് നമ്മുടെ നാട്ടിലെ പ്രഗത്ഭരായ ആർക്കിടെക്റ്റ്സിന്റെ ഒരു പാനലുണ്ടാക്കുകയും ആ പാനലുമായി ഒരു കൺസൾട്ടേഷൻ പ്രോസസ് തുടങ്ങുകയും ചെയ്യുമോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും, അത് ഗവൺമെന്റിന്റെ മനസ്സിലുള്ള ഒരു കാര്യമാണ്, അത് ആലോചിക്കുന്നതാണ്. അതുമാത്രമല്ല ഗവർണർ പ്രഖ്യാപിച്ചിരിക്കുന്ന സോഷ്യൽ ഓഡിറ്റ് വരുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഇത്തരം കാര്യങ്ങൾ ഇതിനകത്തുവരും. അതിന്റെ ഡീറ്റെയിൽസ് വകുപ്പ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

## പ്രകൃതി ദുരന്തം നേരിടാനുള്ള മുൻകരുതലുകൾ

3 (*243) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി ദുരന്ത സാദ്ധ്യതയുള്ള മേഖലകൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രകൃതി ദുരന്തം നേരിടാനും ദുരന്തബാധിതരെ സഹായിക്കാനും എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രകൃതി ദുരന്തങ്ങളിൽ വീട് നഷ്ടപ്പെടുന്നവർക്കും ദുരന്തബാധിതർക്കും വേണ്ടി, ദുരന്ത സാദ്ധ്യതാ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങളുള്ള ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) ഉണ്ട്. ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, വരൾച്ച, തീരശോഷണം, ഇടിമിന്നൽ എന്നിവയുടെ ദുരന്തസാദ്ധ്യതകൾ കേന്ദ്ര ഭൗമശാസ്ത്ര പഠനകേന്ദ്രത്തിന്റെ സഹായത്തോടുകൂടി വിലയിരുത്തി ഓരോ വില്ലേജിലെയും പ്രസ്തുത പ്രദേശങ്ങളെ പ്രതിപാദിച്ചുകൊണ്ട് ജില്ലാതലത്തിൽ പട്ടിക തയ്യാറാക്കി ജില്ലാ ഭരണകൂടങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ അപകടങ്ങൾ നേരിടുന്നതിന് സജ്ജമായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA-State Disaster Management Authority)യുടെ കീഴിൽ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (SEOC-State Emergency Operations Centre) തിരുവനന്തപുരത്തും ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ (DEOC-District Emergency Operations Centre) 14 ജില്ലാ കളക്ടറേറ്റുകളിലും കളക്ടർമാരുടെ നേരിട്ടുള്ള നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിൽ റവന്യൂ, പോലീസ്, ഫയർ ആന്റ് റസ്ക്യൂ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ 24 മണിക്കൂറും സേവന സന്നദ്ധരാണ്. സാദ്ധ്യതയുള്ള അപകടങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് ഇടിമിന്നൽ, തീരശോഷണം, ശക്തമായ കാറ്റ് തുടങ്ങിയവയെ ദുരന്തങ്ങളുടെ പട്ടികയിൽപ്പെടുത്തി, ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി (NCRMP- National Cyclone Risk Mitigation Project) നടപ്പാക്കി വരുന്നു. വരൾച്ചാ പ്രതിരോധ പ്രവൃത്തിയായി 'മഴപ്പൊലിമ' പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ സേന (SDRF-State Disaster Response Force) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന്റെ നവീകരണത്തിനായി സാമ്പത്തിക സഹായം അനുവദിച്ചു. കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ (NDRF-National Disaster Response Force) പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതിന് എറണാകുളം ജില്ലയിൽ സ്ഥലം അനുവദിക്കുകയുണ്ടായി. മനുഷ്യജന്യ ദുരന്തങ്ങളുടെ നോഡൽ വകുപ്പായി ആഭ്യന്തര വകുപ്പിനെ നിർണ്ണയിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ സംബന്ധമായ വിഷയങ്ങൾ റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലയായി

നിർണ്ണയിച്ചിട്ടുണ്ട്. റെയിൽവേയുടെ അടിയന്തരഘട്ട രൂപരേഖ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ സഹകരണത്തോടുകൂടി ദേശീയ ദുരന്ത നിവാരണ അതോറിറ്റി ബോട്ട് സുരക്ഷാ സംബന്ധമായ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു. ആരോഗ്യ വകുപ്പിന് വ്യക്തമായ പകർച്ചവ്യാധി പ്രതിരോധ രൂപരേഖയുണ്ട്. കൂടാതെ കൃഷി, ആരോഗ്യം, ജലസേചനം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുടെ സേവനം അടിയന്തരഘട്ടത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും തൽഫലമായുണ്ടാകുന്ന ദുരന്തങ്ങളും നേരിടുന്നതിന് ഐക്യരാഷ്ട്ര വികസന പദ്ധതി (UNDP- United Nations Development Programme) നടപ്പാക്കി വരുന്നു. ഇപ്രകാരം റവന്യൂ, ആരോഗ്യം, പോലീസ്, കൃഷി, ജലസേചനം, വൈദ്യുതി, ഗതാഗതം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചും ശക്തിപ്പെടുത്തിയും ദുരന്ത നിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദുരന്ത ബാധിതർക്ക് മിനിമം റിലീഫ് കോഡ് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) വെള്ളപ്പൊക്കം, കടൽക്ഷോഭം തുടങ്ങിയവ മൂലം ദുരിതമനുഭവിക്കുന്നവരെ താല്ക്കാലികമായി പുനരധിവസിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ പ്രസ്തുത ക്യാമ്പുകളിൽ അടിസ്ഥാനസൗകര്യം ലഭ്യമാകാത്ത സാഹചര്യങ്ങളിൽ ആയവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കടൽക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവരെ താല്ക്കാലികമായി മാറ്റിപാർപ്പിക്കുന്നതിന് ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി (NCRMP-National Cyclone Risk Mitigation Project) പ്രകാരം 27 സ്ഥിരം ക്യാമ്പ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, പ്രകൃതി ദുരന്തം നേരിടാനും ദുരന്തബാധിതരെ സഹായിക്കുവാനും ഏർപ്പെടുത്തിയ നടപടികളെക്കുറിച്ച് മന്ത്രിയുടെ വിശദീകരണത്തിൽ നിന്നും മനസ്സിലാകുന്നു. ഏത് ദുരന്തമേഖലയിലും ആദ്യം ഓടിയെത്തുന്നത് സമീപവാസികളാണ്, പിന്നീടാണ് അധികൃതർ അറിയുന്നതും ഇടപെടുന്നതും. ഒരു ദുരന്തത്തെ നേരിടേണ്ടതെങ്ങനെയാണെന്നോ രക്ഷാപ്രവർത്തനം നടത്തുന്നത് എങ്ങനെയാണെന്നോ ഉള്ള അറിവും പരിശീലനവും ലഭിക്കാത്തവരാണ് സാധാരണ ജനങ്ങൾ. അതുകൊണ്ട് ദുരന്തനിവാരണത്തെ കുറിച്ചുള്ള അറിവും പരിശീലനവും താഴെത്തട്ടിൽ ലഭിക്കുന്നതിനും അടിന്തര സാഹചര്യത്തിൽ തദ്ദേശീയമായി രക്ഷാപ്രവർത്തനം ലഭ്യമാക്കുന്നതിനുമായി പ്രാദേശിക തലങ്ങളിൽ സന്നദ്ധസംഘടനകൾക്ക് രൂപം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരളത്തെ സംബന്ധിച്ച ഒരു പ്രത്യേകതയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. ഏതൊരു ദുരന്ത മുണ്ടാകുമ്പോഴും സ്വാഭാവികമായും ആദ്യം ഓടിയെത്തുക സമീപവാസികളായ ജനങ്ങളാണ്. നേരിട്ട് അവർ അതിൽ ഇടപെടുകയും എല്ലാവിധത്തിലുള്ള രക്ഷാപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുവെന്ന പ്രത്യേകത നമ്മുടെ സംസ്ഥാനത്തുണ്ട്. സംസ്ഥാന ദുരന്തപ്രതികരണസേന സംസ്ഥാനത്തും ജില്ലാതലങ്ങളിലും രൂപീകരിക്കുന്നതിനുള്ള സംവിധാനങ്ങൾ നടന്നുവരുന്നു. തീർച്ചയായും പ്രാദേശികമായി നടത്താവുന്ന ഇത്തരം സംവിധാനങ്ങളെക്കുറിച്ചുകൂടി ആലോചിക്കാവുന്നതാണ്.

ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, ടാങ്കർ ലോറി അപകടങ്ങൾ കേരളത്തിൽ ഇടയ്ക്കിടെ സംഭവിക്കുന്നുണ്ട്. താനൂരിൽ അടുത്തിടെയുണ്ടായ ടാങ്കർ ലോറി അപകടം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് കരുതുന്നു. ഇത്തരത്തിൽ അപകടങ്ങളിൽപ്പെടുന്ന ടാങ്കർ ലോറികളിൽ നിന്നും പുറത്തുവരുന്ന വിഷവാതകം മൂലമുണ്ടാകുന്ന അപകടങ്ങൾ നേരിടാനും നിയന്ത്രിക്കാനും ആവശ്യമായ സാങ്കേതിക സംവിധാനം സർക്കാർ തലത്തിൽ ഇല്ലെന്നാണ് ഞാൻ മനസിലാക്കുന്നത്, ഉണ്ടെങ്കിൽ തന്നെ അത് അപര്യാപ്തവുമാണ്. കളക്ടറേറ്റുകൾ കേന്ദ്രീകരിച്ച് ജില്ലാതലങ്ങളിൽ ഇത്തരം സാഹചര്യങ്ങൾ നേരിടാനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമുള്ള ദുരന്ത പ്രതികരണ സേനാവിഭാഗത്തിൻകീഴിൽ ഇത്തരം ആധുനികമായ സംവിധാനങ്ങൾകൂടി ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകാനാണ് സർക്കാർ ആലോചിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാനും ബഹുമാനപ്പെട്ട മന്ത്രിയും ഞങ്ങളുടെ ജില്ലയിലെ എല്ലാ ദുഃഖങ്ങളും പങ്കുവയ്ക്കുന്ന ആളുകളാണ്. ഞങ്ങളുടെ ജില്ലയിൽ മാത്രമല്ല തീരദേശമുള്ള എല്ലാ ജില്ലകളിലുമുള്ള ദുഃഖകരമായ ഒരവസ്ഥ കടൽ കരയെ വിഴുങ്ങിക്കൊണ്ടിരിക്കുന്നുയെന്നുള്ളതാണ്. ഞാൻ കടൽത്തീരത്ത് താമസിക്കുന്ന ഒരാളാണ്. അവിടെ ഇപ്പോൾ കടലാക്രമണം രൂക്ഷമായിട്ടും ഞാൻ ആ ഭാഗത്തേക്ക് പോയിട്ടില്ല. പോകാത്തതിന് കാരണം ആളുകളുടെ തല്ല് പേടിച്ചുതന്നെയാണ്. കഴിഞ്ഞ അഞ്ചുവർഷവും കടലാക്രമണസമയത്ത് ആ പ്രദേശത്ത് ഞാൻ പോയിരുന്നു, എല്ലാവർഷവും ബഹുമാനപ്പെട്ട സ്പീക്കറുൾപ്പെടെയുള്ള ആളുകൾ അവിടെ പോയി അടുത്തവർഷമാകുമ്പോൾ ഇത്

ശരിയാകുമെന്ന് പറയുകയും ഓരോവർഷവും രണ്ടാഴ്ചത്തെ സൗജന്യറേഷൻ നൽകുകയും ആളുകളെ ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിപ്പിക്കുകയും ചെയ്യും. ഇതല്ലാതെ മറ്റൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത് ഇതിന് ശാശ്വതമായ സംവിധാനമുണ്ടാക്കിക്കൂടെ; കാസർഗോഡ് നെല്ലിക്കുന്ന് കടൽത്തീരത്തുനിന്നും മാറി കുറെ റവന്യൂ ഭൂമിയുണ്ട്. ഒരു വർഷം മുമ്പ് കാസർഗോഡ് കളക്ടറേറ്റിൽ തഹസിൽദാരെയുമൊക്കെ വിളിച്ചുചേർത്ത്, ആ റവന്യൂ ഭൂമിയിൽ ഒരു ഫ്ലാറ്റ് സമുച്ചയം പണിത് കടൽത്തീരത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പാർപ്പിക്കുന്ന സംവിധാനത്തെക്കുറിച്ച് ആലോചിച്ചിരുന്നു. ഇതിന് സർക്കാരിന്റെ ഭാഗത്തുനിന്നും എന്ത് സഹായം ലഭ്യമാക്കാനാണുദ്ദേശിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്നാണ് അപേക്ഷിക്കാനുള്ളത്. അതുപോലെ കേന്ദ്രഗവൺമെന്റ് ഇടിമിന്നലിനെ ദുരന്ത നിവാരണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്നുകൂടി വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ എൻ. എ. നെല്ലിക്കുന്ന് ഇവിടെ പറഞ്ഞ കാര്യം - കടലാക്രമണ ഭീഷണി പൊതുവെ തീരദേശ ജില്ലകളെല്ലാം നേരിടുകയാണ്. തീരദേശത്തുനിന്ന് അവരെ മാറ്റിപ്പാർപ്പിക്കുക എന്നുപറയുമ്പോൾ സാധാരണഗതിയിൽ അവിടെയുള്ള ആളുകൾ ഇഷ്ടപ്പെടുന്ന കാര്യല്ല. വളരെ അകലേക്ക് മാറാൻ അവർ ഒരിക്കലും തയ്യാറാകുകയില്ല. കാരണം അവരുടെ ഉപജീവനം തന്നെ മത്സ്യബന്ധനമാണ്. സ്വാഭാവികമായും എല്ലാ പ്രദേശത്തും ഇതുപോലെ ഭൂമി ലഭ്യമാകുമെന്ന് പറയാനും കഴിയില്ല. തീർച്ചയായും ഫിഷറീസ് വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളുമായി ചർച്ച നടത്തി ഫ്ലാറ്റ് നിർമ്മിക്കാൻ സൗകര്യമുള്ളിടത്ത് ഫ്ലാറ്റ് നിർമ്മിച്ച് അവരെ മാറ്റിപ്പാർപ്പിക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നതാണ്. ഭൂമിയില്ലാത്ത ചില പ്രദേശങ്ങളിൽ ഭൂമി കണ്ടെത്തി അവർക്ക് വീടുവച്ച് കൊടുക്കുന്നതിനുള്ള സംവിധാനം കൂടി നടത്തേണ്ടി വരും. കടലാക്രമണത്തെ ശക്തമായി നേരിടാൻ ഒരുപാട് കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കല്ലിടുന്നതുകൊണ്ട് മാത്രം പ്രശ്നത്തിന് ശാശ്വത പരിഹാരമാകുന്നില്ല. കാറ്റാടി വച്ചുപിടിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ വലിയൊരളവിൽ ഇതിനെ പ്രതിരോധിക്കാൻ സാദ്ധ്യമാകുമെന്ന അഭിപ്രായമുണ്ട്. കേന്ദ്രഗവൺമെന്റ് ഇടിമിന്നൽ ഉൾപ്പെടെയുള്ളവ ദുരന്തനിവാരണ പ്രതികരണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും കേരള ഗവൺമെന്റ് ഇടിമിന്നൽ ദുരന്തനിവാരണ പ്രതികരണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം കൂടി അറിയിക്കുകയാണ്.

<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u>: സർ, കടലാക്രമണംമൂലം ദുരന്തമനുഭവിക്കുന്നവർ ക്യാമ്പിൽ താമസിക്കാറുണ്ടെന്ന് അങ്ങ് സൂചിപ്പിച്ചു. എല്ലാവർഷവും ക്യാമ്പിനായി സ്കൂളുകളെയാണ് ആശ്രയിക്കുന്നത്. ഇങ്ങനെ സ്കൂളുകളിൽ താമസിക്കുന്നവർക്ക് ഭക്ഷണം എത്തിക്കാൻ കഴിയാത്ത സാഹചര്യവും കുട്ടികളുടെ പഠനത്തിന് ബുദ്ധിമുട്ടാകുന്ന ഒരു സാഹചര്യവുമാണുള്ളത്. ഇതിനൊരു മാറ്റമുണ്ടാക്കാൻ ആധുനിക രീതിയിലുള്ള ക്യാമ്പ് നിർമ്മിക്കേണ്ടതുണ്ട്. എല്ലാ വർഷവും ഉണ്ടാകുന്ന വിഷയമായതിനാൽ ഒരു ഘട്ടത്തിൽ മാത്രമായി നിർത്തലാക്കാൻ പറ്റുന്ന കാര്യവുമല്ല. ആയതിനാൽ ആധുനിക രീതിയിലുള്ള ക്യാമ്പ് എത്രയും പെട്ടെന്ന് ഉണ്ടാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഞാൻ ഈ ചോദ്യത്തിനുള്ള മറുപടി പറഞ്ഞപ്പോൾ ഇക്കാര്യം വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. തീരദേശത്ത് കടൽക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവരെ താൽക്കാലികമായി മാറ്റിപ്പാർപ്പിക്കുന്നതിന് ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി പ്രകാരം 27 സ്ഥിരം ക്യാമ്പ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അത് നടപ്പിലാകുമ്പോൾ അവിടെ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്താൻ കഴിയും.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഡിസാസ്റ്റർ മാനേജ്മെന്റിനെ സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡുവർ (SOP) അനുസരിച്ചുള്ള നിലവാരത്തിലേക്ക് ഉയർത്തേണ്ടത് അനിവാര്യമാണ്. ദുരന്തങ്ങളൊക്കെ വ്യത്യസ്തമായ രീതിയിലുള്ളതാണ്. നാച്ചുറൽ കലാമിറ്റീസ് ഒന്നാണെങ്കിൽ മനുഷ്യരുണ്ടാക്കുന്ന ദുരന്തങ്ങൾ വേറെയുമാണ്. അതുകൊണ്ട് വ്യത്യസ്ത രീതിയിലുള്ള പ്രശ്നങ്ങൾ നേരിടാൻ കഴിയുന്ന തരത്തിൽ, സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡുവർ (SOP) അനുസരിച്ചുള്ള നിലവാരത്തിലേക്ക് ഡിസാസ്റ്റർ മാനേജ്മെന്റിനെ ഉയർത്തുന്നതിന് എന്തെല്ലാം ഒരുക്കങ്ങളാണ് നടത്തിയിട്ടുള്ളത്. സ്വാഭാവികമായും ദുരന്തത്തെ നേരിടുന്നതിന് ഇന്റർനാഷണൽ പ്രൊസീഡുവറുണ്ട്. ആ അർത്ഥത്തിൽ എന്ത് ഒരുക്കമാണ് നടത്തിയിട്ടുള്ളത്?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അക്കാര്യം ഞാൻ മറുപടിയിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ദുരന്തലഘൂകരണവും കാലാവസ്ഥാ വ്യതിയാനവുമാണ് UNDP-യുടെ കീഴിൽ പരിശോധിക്കുന്നത്. ഇക്കാര്യം നേരിടുന്നതിനുവേണ്ടി ആധുനികമായ സംവിധാനങ്ങളോടുകൂടി അത് നടപ്പാക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ഉണ്ടാകുന്നതുകൊണ്ട് പ്രകൃതി ദുരന്തങ്ങളും വർദ്ധിക്കുകയാണ്. ദുരന്തംമൂലം കഷ്ടതയനുഭവിക്കുന്ന ആളുകൾക്കുള്ള നഷ്ടപരിഹാരം നൽകുന്നതിന് പഴയകാല മാമൂലുകളാണ് ഇപ്പോഴും പിൻതുടരുന്നത്. ഒരു പ്രകൃതി ദുരന്തമുണ്ടായി വീട് നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം കണ്ടെത്തുന്നത് വില്ലേജ് ഓഫീസർമാരാണ്. പ്രകൃതിക്ഷോഭ ദുരന്തമുണ്ടാകുമ്പോൾ 48 മണിക്കൂറിനകം അത് റിപ്പോർട്ട് ചെയ്യണമെന്നും ഏഴ് ദിവസത്തിനകം നഷ്ടപരിഹാരം നൽകണമെന്നും തീരുമാനമെടുത്ത ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ നഷ്ടപരിഹാരം കണക്കാക്കുമ്പോൾ ഭാഗികമായി വീട് തകർന്നവർക്ക് ഇത്ര രൂപ, പൂർണ്ണമായി വീട് തകർന്നവർക്ക് ഇത്ര രൂപ എന്നുപറയുന്ന പഴയകാല സമീപനമാണ് ഇപ്പോഴും സ്വീകരിച്ചുവരുന്നത്. അത് നാമമാത്രമാണ്. അക്കാര്യം പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധിപ്പിച്ച് കൃത്യമായ നഷ്ടപരിഹാരം യഥാസമയം കൊടുക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇപ്പോൾ തുടർന്നുവരുന്ന രീതിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. ഇപ്പോൾ തുടർന്നുവരുന്ന രീതിയനുസരിച്ച് ഭാഗികമായി തകർന്ന വീടിന് അതിനുള്ള നഷ്ടപരിഹാരവും പൂർണ്ണമായും തകർന്ന വീടുകൾക്ക് പൂർണ്ണമായ നഷ്ടപരിഹാരവുമാണ് കണക്കാക്കുന്നത്. പഴയ രീതിയിൽ നിന്നും മാറി ഇതിനെ പുതിയ രീതിയിൽ എങ്ങനെ മാറ്റി എടുക്കാമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം. കൃഷിനാശം സംഭവിച്ചാലും കെട്ടിടങ്ങൾക്ക് നാശം സംഭവിച്ചാലും വീടുകൾക്ക് നാശം സംഭവിച്ചാലും അതിനൊക്കെ നഷ്ടപരിഹാരം തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പരിപാലിച്ചുപോരുന്ന നോംസിന്റെ അടിസ്ഥാനത്തിലാണ്.

## II അടിയന്തര ചോദ്യം

### കെ.എസ്.ആർ.ടി.സി.-യിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം

ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ വിവിധ തസ്തികകളിലേക്കുള്ള പി.എസ്.സി. നിയമന ലിസ്റ്റുകളുടെ കാലാവധി നീട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ പി.എസ്.സി. വഴി

നിയമനം നേടുന്നതിനുള്ള പ്രായപരിധി കഴിയാറായതുമായ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമാകുന്ന തരത്തിൽ നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) : സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 22-8-2015-ൽ കാലാവധി അവസാനിപ്പിക്കുകയും തുടർന്ന് 30-6-2016 വരെ കാലാവധി ദീർഘിപ്പിക്കുകയും ചെയ്ത കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ നിയമനത്തിനുള്ള റാങ്ക് പട്ടികയുടെയും 30-6-2016-ന് കാലാവധി അവസാനിച്ച കണ്ടക്ടർമാരുടെ നിയമനത്തിനുള്ള റാങ്ക് പട്ടികയുടേയും കാലാവധി 31-12-2016 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനോപദേശം നൽകിയ 255 ഡ്രൈവർ ഉദ്യോഗാർത്ഥികളുണ്ട്. അത്തരം ഉദ്യോഗാർത്ഥികൾക്ക് ഈ മാസം അവസാനത്തോടുകൂടി നിയമനം നൽകാൻ കഴിയും. തുടർന്നുണ്ടാകുന്ന എൻ.ജെ.ഡി. ഒഴിവുകളിലേക്കും നിയമനം നൽകുവാൻ കഴിയും. നിലവിലുള്ള 823 കണ്ടക്ടർ ഒഴിവുകളിലേക്ക് നിയമനോപദേശം കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടുകൊണ്ട് 28-6-2016-ൽ കത്ത് നൽകിയിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമനോപദേശം ലഭിച്ചാലുടൻ ഇവർക്ക് നിയമനം നൽകാൻ കഴിയുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, കെ.എസ്.ആർ.ടി.സി.-യിലെ വിവിധ തസ്തികകളിലായി ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾ പി.എസ്.സി. റാങ്ക് ലിസ്റ്റിനകത്തുണ്ട്. അതിൽ ഏതാണ്ട് ഭൂരിഭാഗമാൾക്കാരും പ്രായപരിധി കഴിഞ്ഞു നിൽക്കുന്നവരാണ്. അതുകൊണ്ട് ഒരു സമയപരിധി നിശ്ചയിച്ചുകൊണ്ട് നിയമനം നടത്താൻ സർക്കാരിന് കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇപ്പോൾ പി.എസ്.സി. നിയമനോപദേശം നൽകിയവരുടെയും പി.എസ്.സി.-യോട് നിയമനോപദേശം നൽകണമെന്ന് ആവശ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ലഭിക്കുന്ന ഒഴിവുകളിലേക്ക് രണ്ടു മാസത്തിനകം 1078 പേർക്ക് നിയമനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇത് ഏതെല്ലാം തസ്തികകളിലാണെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഡ്രൈവർ തസ്തികയിലേക്ക് 255 പേർക്കും കണ്ടക്ടർ തസ്തികയിലേക്ക് 823 പേർക്കുമാണ് ഇപ്പോൾ നിയമനം നൽകാൻ കഴിയുക. ഇതിനുപുറമേ എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിനനുസരിച്ച് 388 ജൂനിയർ അസിസ്റ്റന്റുമാരേയും 10 അസിസ്റ്റന്റ് സ്റ്റോർ കീപ്പർമാരെയും റാങ്ക് ലിസ്റ്റ് വരുന്നപക്ഷം 86 മെക്കാനിക്കുകളെയും ഉൾപ്പെടെ 1562 പേർക്ക് 31-12-2016-നകം ജോലി നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക്ലിസ്റ്റുണ്ടാക്കുന്നതിൽ അപാകതയുണ്ടെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടേണ്ടതാണ്. 1000 ഒഴിവുകളുണ്ടെങ്കിൽ 6000 പേരുടെ ലിസ്റ്റ് ഉണ്ടാക്കും. എത്ര കാലം ശ്രമിച്ചാലും 6000 പേർക്ക് നിയമനം കൊടുക്കാൻ കഴിയില്ല. അവസാനം റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ എന്നുപറയുന്ന സംഘടനയുണ്ടാക്കി ബഹളമുണ്ടാക്കിനടക്കുന്ന ഒരു സ്ഥിതിവിശേഷമാണ് കണ്ടുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് പി.എസ്.സി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലെ അപാകത പി.എസ്.സി.-യുമായി ടേക്ക് അപ് ചെയ്യുമോ; കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പുതുതായി എത്ര കണ്ടക്ടർമാരെയും എത്ര ഡ്രൈവർമാരെയും നിയമിച്ചിട്ടുണ്ടെന്നുള്ള കാര്യം കൂടി അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട മുൻ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയാണ് ഈ ചോദ്യം ചോദിക്കുന്നതെന്ന് എല്ലാവർക്കും അറിവുള്ള കാര്യമാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്ന കാര്യത്തിലെ അപാകത സംബന്ധിച്ചാണ് ഒന്നാമതായി അങ്ങ് പറഞ്ഞത്. ഇത് താങ്കൾ നിർദ്ദേശിച്ചതുപോലെ പി.എസ്.സി.-യുമായി ചർച്ച ചെയ്ത് പരിഹരിക്കേണ്ട പ്രശ്നമാണെന്ന് സഭയിലെ എല്ലാവർക്കുമറിയാം. അത് അങ്ങനെ ചെയ്യുന്നതുമാണ്. കഴിഞ്ഞ സർക്കാരിന്റെ അഞ്ചുവർഷക്കാലം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നുള്ളതിന് പ്രത്യേകമായ ചോദ്യം ചോദിച്ചാൽ കൃത്യമായ മറുപടി നൽകാം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം

4(*244) ശ്രീ. ആർ. രാജേഷ് :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. ആന്റണി ജോൺ :

ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് ഹൈക്കോടതി മുമ്പ് നടത്തിയ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ആയത് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അദ്ധ്യയന നിലവാരവും ലബോറട്ടികൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും അപര്യാപ്തമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രവേശന പരീക്ഷ ഒഴിവാക്കണമെന്നും യോഗ്യതാ പരീക്ഷയിൽ മാർക്ക് ഇളവ് അനുവദിക്കണമെന്നും സ്വകാര്യ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ ആവശ്യപ്പെട്ടിരുന്നോ; ആയതിൻ മേലുള്ള നിലപാട് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ച ഏത് വിധത്തിൽ പരിഹരിക്കാനാണുദ്ദേശിക്കുന്നതെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ മേൽ എന്തെങ്കിലും തരത്തിലുള്ള സാമൂഹ്യ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോയെന്നും വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ 3-12-2011 -ലെ സ.ഉ.(സാധാ) 1968/11/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനും ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറി കൺവീനറുമായിട്ടുള്ള 11 അംഗ സമിതി, ഹൈക്കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരത്തെക്കുറിച്ച് വിശദ പരിശോധന നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 31-1-2012 -ലെ സ.ഉ.(സാധാ) 217/12/ഉ.വ.വി. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് അംഗീകാരം തുടർന്ന് ലഭിക്കുന്നതിന് 3 നിബന്ധനകൾ നിഷ്കർഷിച്ചു.

നിബന്ധനകൾ :

(1) വിജയശതമാനം

2013-14-ൽ IV,VI.VIII സെമസ്റ്ററുകളിൽ യഥാക്രമം 25%, 30%, 35% വിജയം ഉണ്ടായിരിക്കണം.

2014-15-ൽ IV, VI. VIII സെമസ്റ്ററുകളിൽ യഥാക്രമം 30%, 35%, 40%,വിജയം ഉണ്ടായിരിക്കണം. ആദ്യ അവസരത്തിൽതന്നെ എല്ലാ വിഷയങ്ങൾക്കും ശരാശരി വിജയശതമാനം കൈവരിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങൾക്ക് തുടർ അനുമതി നൽകാവുന്നതാണ്.

(2) (i) പുതുതായി ബി.ടെക് കോഴ്സ് ആരംഭിച്ചിട്ടുള്ള ഇത്തരം സ്ഥാപനങ്ങളിൽ ആദ്യ ബാച്ചിലെ വിദ്യാർത്ഥികൾ V-ാം സെമസ്റ്ററിൽ എത്തുകയും അവരുടെ IV-ാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങൾക്ക് മാത്രമേ നിലവിലെ കോഴ്സുകളിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് അപേക്ഷ നൽകുന്നതിനുള്ള അർഹത ഉണ്ടായിരിക്കുകയുള്ളൂ

(ii) മേൽപ്പടി സ്ഥാപനങ്ങളിലെ IV, VI, VIII സെമസ്റ്ററുകളിൽ ആദ്യ അവസരത്തിൽ തന്നെ എല്ലാ വിഷയങ്ങളിലും കുറഞ്ഞത് യഥാക്രമം 35%, 40%, 45% വിജയം കൈവരിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമേ അനുമതിയ്ക്ക് അർഹതയുള്ളൂ.

(3) പ്രസ്തുത സ്ഥാപനങ്ങളിലെ ആദ്യ ബാച്ച് വിദ്യാർത്ഥികൾ VII-ാം സെമസ്റ്ററിൽ എത്തുകയും VI-ാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ സ്ഥാപനങ്ങൾക്ക് മാത്രമേ പുതുതായി എം.ടെക് കോഴ്സ് തുടങ്ങുന്നതിന് അർഹത ലഭിക്കുകയുള്ളൂ. 2012-13 വർഷം മുതൽ പുതുതായി എം.ടെക് കോഴ്സ് തുടങ്ങുന്നതിന് ബന്ധപ്പെട്ട എഞ്ചിനീയറിംഗ് ശാഖയിൽ എം.ടെക് ബിരുദ യോഗ്യത നേടിയിട്ടുള്ള 7 അധ്യാപകർ എങ്കിലും ഉണ്ടായിരിക്കണം. ബി.ടെക് കോഴ്സിൽ VI, VIII സെമസ്റ്ററുകളിൽ യഥാക്രമം 40%, 45% വിജയം എല്ലാ വിഷയങ്ങളിലും ആദ്യ അവസരത്തിൽതന്നെ കൈവരിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ പുതിയതായി എം.ടെക് കോഴ്സ് ആരംഭിക്കുന്നതിനുള്ള അർഹത ഉണ്ടായിരിക്കുകയുള്ളൂ.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 18-1-2011, 28-6-2012 എന്നീ തീയതികളിലെ ഉത്തരവിന്റെ വെളിച്ചത്തിൽ ഗുണനിലവാരം ഉയർത്തുന്നതിനു

വേണ്ടി 12 വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് 11-1-2013-ലെ സ.ഉ. (സാ.ധാ) നമ്പർ 44/13/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവുകൾക്ക് പുറമേ 31-1-2013-ലെ സ.ഉ. (സാ.ധാ) നമ്പർ 140/13/ഉ.വി.വ., 15-3-2013-ലെ സ.ഉ. (കൈ) നമ്പർ 71/13/ഉ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം ഇത്തരം സ്ഥാപനങ്ങളുടെ അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് ഭേദഗതി ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. പുതുതായി രൂപീകരിച്ച എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല 2015-16 അദ്ധ്യയന വർഷം മുതൽ അഫിലിയേറ്റഡ് കോളേജുകളുടെ നിലവാരത്തെക്കുറിച്ച് വിലയിരുത്തുന്നതിനായി അക്കാദമിക് ഓഡിറ്റിംഗ് നടത്തി വരുന്നുണ്ട്.

(ബി) അദ്ധ്യയന നിലവാരം സംബന്ധിച്ച് ആവശ്യമായ വ്യവസ്ഥകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച വ്യവസ്ഥകളിൽ ലബോറട്ടറി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവും ലഭ്യമാണോയെന്ന് പരിശോധിക്കുന്നുണ്ട്. ഇതു കൂടാതെ, എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല 2015-2016 അദ്ധ്യയന വർഷത്തിൽ അഫിലിയേറ്റഡ് കോളേജുകളുടെ നിലവാരവും സൗകര്യവും വിലയിരുത്തുന്നതിനായി എല്ലാ കോളേജുകളും എക്സ്പേർട്ട് വിസിറ്റിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കി. തുടർ വിലയിരുത്തലിൽ അടിസ്ഥാന സൗകര്യങ്ങളും, അദ്ധ്യാപകരും അപര്യാപ്തമായി കണ്ട ചുവടെ ചേർക്കുന്ന 5 എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ വർഷം (2016-17) വിദ്യാർത്ഥികളെ പ്രവേശിപ്പിക്കരുതെന്ന് ഉത്തരവ് നൽകി.

(1) ശ്രീ എറണാകുളത്തപ്പൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, തൃശ്ശൂർ.

(2) സെന്റ് ഗ്രിഗോറിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ്.

(3) സദ്ഗുരു സ്വാമി നിത്യാനന്ദ സ്കൂൾ ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട്.

(4) പിനാക്കിൾ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, കൊല്ലം.

(5) അർച്ചന കോളേജ് ഓഫ് എഞ്ചിനീയറിംഗ്, നൂറനാട്.

ഇവയിൽ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീഎറണാകുളത്തപ്പൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിന് വിദ്യാർത്ഥി പ്രവേശനത്തിന് ഈ വർഷം താൽക്കാലിക അനുമതി നൽകിയിട്ടുണ്ട്. അക്കാദമിക് നിലവാരം പരിശോധിക്കുവാൻ അക്കാദമിക് ഓഡിറ്റിംഗ് ഏർപ്പെടുത്തിയിട്ടുമുണ്ട്.

(സി) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് പ്രതിനിധികളുമായി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, പ്രീ-നോർമലൈസേഷൻ ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തുവാൻ അനുവാദം നൽകണമെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം ഗവൺമെന്റ് നിരാകരിക്കുകയും KEAM-16 പ്രോസ്പക്ടസിലെ വ്യവസ്ഥകൾക്ക് അനുസൃതമായി മാത്രമേ പ്രവേശനം നടത്തുവാൻ കഴിയുകയുള്ളുവെന്ന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റുകളുമായി അഡ്മിഷനും ഫീസ് ഘടനയും സംബന്ധിച്ച കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല പ്രവർത്തനം ആരംഭിച്ച 2015-16 അദ്ധ്യയന വർഷം മുതൽ അഫിലിയേറ്റഡ് കോളേജുകളുടെ നിലവാരം വിലയിരുത്തുന്നതിനായി അക്കാദമിക് ഓഡിറ്റിംഗ് നടപ്പിൽ വരുത്തിയിട്ടുണ്ട്. മാത്രമവുമല്ല എക്സ്പേർട്ട് വിസിറ്റിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായാണ് കോളേജുകൾക്ക് അഫിലിയേഷൻ നൽകിവരുന്നത്. സർവ്വകലാശാല നടത്തുന്ന പരീക്ഷകളിൽ വിജയിക്കുന്നതിനുള്ള മിനിമം മാർക്ക് 45 ശതമാനം ആയി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൂന്നാം സെമസ്റ്ററിലേയ്ക്കുള്ള ക്ലാസ് കയറ്റത്തിന് ആകെയുള്ള 47 ക്രെഡിറ്റുകളിൽ 35 ക്രെഡിറ്റെങ്കിലും ഉണ്ടാവണമെന്ന നിബന്ധനയുമുണ്ട്.

**സാമൂഹ്യനിയന്ത്രണത്തോടെ കരിങ്കൽ ഖനന പദ്ധതി**

5 (*245) ശ്രീ. ജോർജ് എം. തോമസ് :

ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. എം. എം. മണി :

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതികമായി ദുർബലമായ മേഖലകളിൽ ഉൾപ്പെടെ സ്വകാര്യ ഭൂമിയിലും റവന്യൂ ഭൂമിയിലും ലാഭേച്ഛയോടെ മാത്രം നടത്തുന്ന കരിങ്കൽ ഖനനം പരിസ്ഥിതിക്ക് വിനാശകരമായ തോതിൽ വ്യാപകമായിരിക്കുന്നത് പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നിയന്ത്രണത്തോടെ നടത്താൻ എന്തു പദ്ധതിയാണുള്ളത്;

(ബി) ഈ രംഗത്തുള്ള കൊള്ളലാഭവും വ്യാപകമായ നികുതി വെട്ടിപ്പും തടയാനും പരിസ്ഥിതിക്ക് വിനാശകരമാകാതെ നിർമ്മാണ മേഖലയ്ക്ക് പാറ ലഭ്യമാക്കുന്നതിനും കരിങ്കൽ ഖനനം പൊതുമേഖലയിലാക്കുന്നതിനെ കുറിച്ച് നിലപാട് വ്യക്തമാക്കാമോ;

(സി) മറ്റേതെങ്കിലും തരത്തിൽ സാമൂഹ്യ നിയന്ത്രണം സാധ്യമാകുമോ; എങ്കിൽ വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) സ്വകാര്യ ഭൂമിയിലും റവന്യൂ ഭൂമിയിലും കരിങ്കൽ ഖനനം നടത്തുന്നതിന് പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിയിട്ടുള്ളതും കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015 പ്രകാരം പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുള്ള ക്വാറികൾക്ക് മാത്രമാണ് പുതുതായി പെർമിറ്റ്/ലീസ് നൽകി വരുന്നത്.

ശാസ്ത്രീയമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമേ പരിസ്ഥിതി വകുപ്പ് പാരിസ്ഥിതിക അനുമതി നൽകാറുള്ളൂ. ചെറുകിട ധാതുഖനനത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാന തലത്തിൽ SEIAA (State Environment Impact Assessment Authority) യും ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി DEIAA (District Level Environment Impact Assessment Authority) എന്ന കമ്മിറ്റിയും, ജലസേചന വകുപ്പിലെ സീനിയർ എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെയർമാനായി DEAC (District Expert Appraisal Committee) എന്ന കമ്മിറ്റിയും രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി &സി) വ്യാപകമായ നികുതി വെട്ടിപ്പും കരിങ്കൽ ഉൽപന്നങ്ങൾക്ക് ഭീമമായി വില വർദ്ധിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കരിങ്കൽ ഖനനം പൊതുമേഖലയിലാക്കുന്നതിനെക്കുറിച്ച് സമഗ്രവും വിശദവുമായ പഠനം ആവശ്യമാണ്. നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**മാനേജ്മെന്റുകൾ വാങ്ങുന്ന തലവരിപ്പണം**

6 (*246) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ കോളേജുകളിലും സ്കൂളുകളിലും താഴെത്തട്ടു മുതലുള്ള ക്ലാസുകളിലെ പഠന പ്രവേശനത്തിനായി മാനേജുമെന്റുകൾ, പാവപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും രസീതു നൽകാതെ വൻതുക തലവരിപ്പണമായി വാങ്ങുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതിന്മേൽ ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉള്ളടക്കം വിശദമാക്കാമോ; പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ഡി) മാനേജ്മെന്റുകൾ തലവരിപ്പണം വാങ്ങുന്നതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനെതിരെ കർശന നടപടി സ്വീകരിച്ച് സർക്കാർ തലത്തിൽ പുതിയ ഉത്തരവ് ഇറക്കി മാനേജ്മെന്റുകളെ നിയന്ത്രിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) കേരളത്തിലെ കോളേജുകളിലും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, സ്കൂളുകളിലും പഠന പ്രവേശനത്തിനായി തലവരിപ്പണം വാങ്ങുന്നുയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് ചില മാനേജ്മെന്റുകൾ രസീത് നൽകാതെ തലവരിപ്പണം വാങ്ങുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ അവകാശ നിയമം സെക്ഷൻ 13 പ്രകാരം സ്കൂൾ പ്രവേശനത്തിന് യാതൊരു വിധത്തിലുമുള്ള തലവരിപ്പണം ഈടാക്കരുതെന്ന് വ്യവസ്ഥയുണ്ട്. തലവരിപ്പണം സ്വീകരിച്ചാൽ തലവരിപ്പണത്തിന്റെ പത്തിരട്ടിയോള മാകാവുന്ന തുക പിഴ നൽകി ശിക്ഷിക്കാൻ നിയമമുണ്ട്.

സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ്/പി.ടി.എ. ഫണ്ട് എന്നിവ കൂടാതെ ഉയർന്ന നിരക്കിൽ പി.ടി.എ. ഫണ്ട് കെട്ടിട ഫണ്ട്, സ്കൂൾ വികസന ഫണ്ട് എന്നിങ്ങനെ അനധികൃതമായി തുക കുട്ടികളിൽ/രക്ഷകർത്താക്കളിൽ നിന്ന് ചില സ്കൂൾ അധികാരികൾ ഈടാക്കുന്നതായും മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിന് കോഴ വാങ്ങുന്നതായും പരാതി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന/ ജില്ലാ തലത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. അനധികൃത പിരിവ് ശ്രദ്ധയിൽപ്പെട്ടാൽ റിപ്പോർട്ട് ചെയ്യുന്നതിനായി പ്രത്യേക ഫോൺ നമ്പരും, മെയിൽ ഐഡിയും മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് വൺ പ്രവേശന സമയത്ത് ഉയർന്ന നിരക്കിൽ പി.ടി.എ. ഫണ്ട്, കെട്ടിട ഫണ്ട്, സ്കൂൾ വികസന ഫണ്ട് എന്നിങ്ങനെ അനധികൃതമായി തുക കുട്ടികളിൽ /രക്ഷകർത്താക്കളിൽ നിന്ന് ചില സ്കൂൾ അധികാരികൾ ഈടാക്കുന്നതായും മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിന് കോഴ വാങ്ങുന്നതായും രേഖാമൂലവും ടെലിഫോണിലൂടെയും ഇ-മെയിലായും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി ഡയറക്ടർ നേരിട്ടും, ഹയർ സെക്കണ്ടറി ഡയറക്ടറുടെ മേൽനോട്ടത്തിലും സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തുകയുണ്ടായി. മിന്നൽ പരിശോധനയിൽ ചില സ്കൂൾ അധികാരികൾ അനധികൃതമായി തുക ഈടാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടു. ഈ തുക രക്ഷകർത്താക്കൾക്ക് തിരികെ നൽകാൻ പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകുകയും തുക തിരികെ നൽകിയില്ലെന്ന പരാതി ഏതെങ്കിലും പ്രിൻസിപ്പൽ മാർക്കെതിരെ ഉണ്ടാകുന്ന പക്ഷം അത്തരം പ്രിൻസിപ്പാളിനെതിരെ കർശന നടപടിയുണ്ടാകുന്നതാണെന്ന മുന്നറിയിപ്പും നൽകുകയുണ്ടായി.

(ഡി) ഹയർസെക്കന്ററി സ്കൂൾ തലത്തിൽ ചില മാനേജ്മെന്റുകൾ തലവരിപണം വാങ്ങി മാനേജ്മെന്റ് ക്വാട്ട പ്രവേശനം നടത്തുന്നതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നിഷേധിക്കപ്പെടുന്ന സാഹചര്യം നിലവിലുണ്ടെങ്കിലും മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനം ലഭിക്കാത്ത സാഹചര്യം നിലവിലില്ല.

(ഇ) ഇക്കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥകൾ പര്യാപ്തമാണ്. പരാതികൾ ലഭിക്കുന്ന പക്ഷം അത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**റീ-സർവ്വേ ജോലികളുടെ പൂർത്തീകരണം**

7 (*247) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ ജോലികൾപൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് റീ-സർവ്വേ ജോലികൾ പൂർത്തീകരിക്കാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി കേരളം പദ്ധതി മുഖേന റീ-സർവ്വേ ജോലികൾ എത്രത്തോളം പൂർത്തീകരിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) റീസർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് പ്രയോജനപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ഇ) റീസർവ്വേ ജോലികൾ കുറ്റമറ്റ രീതിയിൽ നിർവ്വഹിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഇല്ല. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 881 വില്ലേജുകളിലെ റീ-സർവ്വേ റിക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളിലെ റീസർവ്വേ ജോലികൾ വിവിധ ഘട്ടത്തിലുമാണ്. ഇതിൽ 50 വില്ലേജുകളിൽ സെക്ഷൻ 9(2)-ഉം, 11 വില്ലേജുകളിൽ സെക്ഷൻ 13-ഉം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ ഇത്തരവ് (സാധാ) നമ്പർ 409/2012/റവന്യൂ തീയതി 31-10-2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റീ-സർവ്വേ ജോലികൾ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നുണ്ട്.

(സി) ഭൂമികേരളം പദ്ധതി മുഖേന 7 വില്ലേജിന്റെ റീസർവ്വേ ജോലികൾ പൂർത്തീകരിച്ച് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

(ഡി) റീ-സർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിന് ഇലക്ട്രോണിക്സ് ടോട്ടൽ സ്റ്റേഷൻ, ജി.പി.എസ്., കമ്പ്യൂട്ടർ മുതലായ ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ഇ) റീ-സർവ്വെ ജോലികളുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ ഭൂവുടമകൾക്ക് ഭൂമി സംബന്ധമായ പരാതികൾ നൽകാൻ അവസരമുണ്ട്. റീ-സർവ്വെ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനു മുമ്പായി സെക്ഷൻ 9(2) പ്രസിദ്ധീകരിക്കുകയും അതുവഴി പൊതുജനങ്ങൾക്ക് സർവ്വെ റിക്കോർഡുകൾ നേരിട്ടുകണ്ട് ആക്ഷേപമുണ്ടെങ്കിൽ അപേക്ഷ നൽകി പരിഹാരം കാണാവുന്നതുമാണ്. റീസർവ്വെ ജോലികൾ കൃത്യതയോടെയും വേഗത്തിലും നിർവ്വഹിക്കുന്നതിനായി ETS, GPS, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നു. ആധുനിക സർവ്വേ ഉപകരണങ്ങളും, കമ്പ്യൂട്ടറും ഉപയോഗിച്ച് സർവ്വേ നടത്തുന്ന വില്ലേജുകളിൽ റിക്കാർഡ് പ്രദർശനത്തിന് നൽകുന്ന അവസരത്തിൽ കൈവശക്കാരന് സൗജന്യമായി സ്ഥലത്തിന്റെ പ്ലാനിന്റെ പകർപ്പ് നൽകി വരുന്നുണ്ട്. ഇത്തരത്തിൽ ഭൂവുടമകൾക്ക് സർവ്വേ റിക്കോർഡുകൾ നേരിൽ കണ്ട്, ആക്ഷേപമുണ്ടെങ്കിൽ ആയത് ഉന്നയിക്കാൻ അവസരം നൽകി ആക്ഷേപം തീർപ്പാക്കുന്നു. സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രസിദ്ധീകരിച്ച് റിക്കോർഡുകൾ ഫൈനൽ ആക്കുന്നതുവഴി റീ-സർവ്വേ പരാതിരഹിതമാക്കാൻ കഴിയുന്നതാണ്.

## പത്താം ക്ലാസ്സ് കഴിഞ്ഞ് ഉപരിപഠനത്തിനുള്ള സൗകര്യങ്ങൾ

8(*248) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വിദ്യാഭ്യാസ വർഷത്തിൽ പത്താം ക്ലാസ്സ് കഴിഞ്ഞ് ഉപരിപഠനം തേടുന്ന വിദ്യാർത്ഥികളുടെ തുടർ പഠനത്തിന് ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങളുടെ വിശദാംശം നൽകാമോ;

(ബി) പ്ലസ്‌വൺ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകാനാവുംവിധം സൗകര്യങ്ങൾ ലഭ്യമാണോ; വിശദവിവരം ലഭ്യമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) നടപ്പു വിദ്യാഭ്യാസ വർഷത്തിൽ പത്താം ക്ലാസ് കഴിഞ്ഞ് ഉപരിപഠനം തേടുന്ന വിദ്യാർത്ഥികളുടെ തുടർ പഠനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പു ലഭ്യമാക്കിയ സൗകര്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(a) സംസ്ഥാനത്ത് 2016-17 അദ്ധ്യയന വർഷം ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനത്തിന് ആകെ 417890 സീറ്റുകൾ ലഭ്യമാണ്. വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(b) വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന് 389 സ്കൂളുകളിലായി ആകെ 30552 സീറ്റുകൾ ലഭ്യമാണ്.

(c) ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിലായി ഏകദേശം 11260 സീറ്റുകളും സ്വാശ്രയ പോളിടെക്നിക്കുകളിൽ ഏകദേശം 2331 സീറ്റുകളും ലഭ്യമാണ്.

(ബി) പ്ലസ് വൺ പ്രവേശനത്തിന് ആകെ 523849 വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 12-7-2016 തീയതി വരെ അനുബന്ധം-2-ൽ പ്രതിപാദിച്ചിട്ടുള്ള വിധത്തിൽ അഡ്മിഷൻ നടന്നു കഴിഞ്ഞു. സപ്ലിമെന്ററി അലോട്ടുമെന്റുകൾക്കായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത അലോട്ട്മെന്റ് നടപടികൾ പൂർത്തിയായാൽ മാത്രമേ പ്ലസ് വൺ പ്രവേശനം സംബന്ധിച്ച വ്യക്തമായ ഒരു ചിത്രം ലഭിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

9 (*249) ശ്രീ. കെ. ബാബു :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. എം. സ്വരാജ് :

ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ (ആർ. എം.എസ്.എ) ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംസ്ഥാനത്ത് നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അതിനായി ലഭിച്ച തുക എത്രയെന്നും അറിയിക്കാമോ;

(സി) ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം, സെക്കണ്ടറി തലത്തിലെ സ്കൂളുകളുടെ പശ്ചാത്തല സൗകര്യവും അക്കാദമിക നിലവാരവും വർദ്ധിപ്പിച്ച് പൊതു വിദ്യാഭ്യാസ രംഗത്തെ പരിപോഷിപ്പിക്കുന്നതിന് എത്ര മാത്രം വിജയിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ഈ രംഗത്ത് ഏതുതരത്തിലുള്ള ഗുണപരമായ മാറ്റം കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ (ആർ.എം.എസ്.എ.) ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണ നിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം എല്ലാവരിലും എത്തിയ്ക്കുക.
2. സെക്കന്ററിതലത്തിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സംവിധാനങ്ങൾ വിദ്യാലയത്തിലൊരുക്കുക.
3. ലിംഗപരവും സാമൂഹ്യവും സാമ്പത്തികപരവുമായ എല്ലാവിധതടസ്സങ്ങളും നീക്കി എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക.
4. ശാരീരിക മാനസിക വൈകല്യമുള്ളവർക്കും വിദ്യാലയത്തിൽ തടസ്സ രഹിത അന്തരീക്ഷം ഒരുക്കുക.

(ബി) 2009-10 വർഷം മുതലാണ് ആർ.എം.എസ്.എ. പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിൻ കീഴിൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെടുന്ന സ്കൂളുകളിൽ കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന

സൗകര്യങ്ങൾ ഒരുക്കുന്നതിന് നോൺ റെക്കറിംഗ് ഇനത്തിലും അദ്ധ്യാപകരുടെ ശമ്പളം, അദ്ധ്യാപകപരിശീലനം, സ്കൂൾ ഗ്രാന്റ്, സ്വയം പ്രതിരോധ പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി റെക്കറിംഗ് ഇനത്തിലും ഫണ്ട് ചെലവാക്കുന്നുണ്ട്.

2009-10 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് നടത്തി വന്ന വിവിധ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുകയുടെയും 2016-17 സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതികളുടെയും വിശദവിരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) 56 സ്കൂളുകളുടെ കെട്ടിട നിർമ്മാണം ആരംഭിച്ചതിൽ, 28 എണ്ണം പൂർത്തീകരിക്കുകയും 28 എണ്ണം പണി പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. കൂടാതെ 946 സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഈ വർഷം തന്നെ പണി ആരംഭിക്കുന്നതാണ്. കൂടാതെ വർഷംതോറും 50,000 രൂപ സ്കൂൾ ഗ്രാന്റായി എല്ലാ സർക്കാർ സ്കൂളുകൾക്കും നൽകി വരുന്നു. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് വർഷംതോറും എല്ലാ അദ്ധ്യാപകർക്കും 10 ദിവസത്തെ ഇൻസർവീസ് ട്രെയിനിംഗ് നൽകുന്നു. സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്ക് 16 ദിവസത്തെ ലീഡർഷിപ്പ് ട്രെയിനിംഗ് നൽകുന്നു. ആർ.എം.എസ്.എ. പ്രകാരം അപ്ഗ്രേഡ് ചെയ്ത 111 സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകി വരുന്നു. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിന് പരിഹാര ബോധനം ആർ.എം.എസ്.എ. മുഖേന ഈ വർഷം നൽകുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ സ്കൂളുകളുടെ പശ്ചാത്തലസൗകര്യവും അക്കാദമിക നിലവാരവും ഉയർത്താൻ സാധിച്ചിട്ടുണ്ട്. പെൺകുട്ടികളുടെ ശാരീരികക്ഷമത ഉറപ്പുവരുത്തുന്നതിന് എല്ലാ സർക്കാർ സ്കൂളുകളിലും 3 മാസത്തെ സ്വയം പ്രതിരോധ പരിശീലനം നൽകിവരുന്നു. സർക്കാർ വിദ്യാലയങ്ങളിലെ ഹൈസ്കൂൾ കുട്ടികൾക്ക് സംസ്ഥാനത്തിനുള്ളിലും പുറത്തും പഠന യാത്രകൾ ആർ.എം.എസ്.എ.യുടെ നേതൃത്വത്തിൽ ഈ വർഷം സംഘടിപ്പിക്കുന്നു. എല്ലാ സർക്കാർ ഹൈസ്കൂളുകൾക്കും മാത്സ് കിറ്റ്, സ്പോർട്സ് കിറ്റ് എന്നിവയ്ക്കുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ആർ.എം.എസ്.എ. പദ്ധതിയിലൂടെ പ്രഥമാദ്ധ്യാപകർക്കും അദ്ധ്യാപകർക്കും വിദഗ്ദ്ധ പരിശീലനം നല്കുകയും സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിലൂടെ കുട്ടികളിൽ സമഗ്രമായ വികസനം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാക്ഷരതാ വിദ്യാകേന്ദ്രങ്ങളിൽ പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി

10 (*250) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരതാ വിദ്യാകേന്ദ്രങ്ങളിൽ പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കാമോ;

(ഡി) പദ്ധതിയിൻ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) നടപ്പാക്കിയിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി സംസ്ഥാനത്ത് പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി ഗ്രാമ/ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ പ്രവർത്തിക്കുന്ന വികസന-തുടർ വിദ്യാ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. 2015-16 സാമ്പത്തിക വർഷം മുതൽ സാക്ഷരതാ/തുല്യതാ പഠിതാക്കൾക്ക് വേണ്ടി പ്രത്യേക തൊഴിൽ നൈപുണ്യ പദ്ധതിയായി സംസ്ഥാനത്തൊട്ടാകെ ആകെ 69 കേന്ദ്രങ്ങളിലായി ആരംഭിച്ച് നടപ്പാക്കിവരുന്നു.

(ബി) സാക്ഷരതാ മിഷൻ തുടർവിദ്യാകേന്ദ്രങ്ങളെ മികച്ച തൊഴിൽ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുക, അനൗപചാരിക വിദ്യാഭ്യാസത്തിൽ ഏർപ്പെടുന്നവർക്കും തൊഴിൽ പരിശീലനം ഉറപ്പുവരുത്തുക, സാക്ഷരതാ തുല്യതാ പഠിതാക്കൾക്ക് തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുക, തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഗുണഭോക്താക്കൾക്കായി പ്രത്യേക തൊഴിൽ പരിശീലന പരിപാടികൾ ആരംഭിച്ച് പഠിതാക്കൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്താനും ജീവനോപാധി കണ്ടെത്താനും സഹായിക്കുക, ഇതിനായി ആദ്യഘട്ടത്തിൽ 69 സ്ഥിരം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ ഇതിനായി 125 ലക്ഷം രൂപ നീക്കി വെയ്ക്കുകയും പദ്ധതി പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ ആകെ 69 തുടർ വിദ്യാകേന്ദ്രങ്ങളെ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റുവാനായി ഒരു ജില്ലയിൽ നിന്നും അഞ്ചുവീതം വിദ്യാകേന്ദ്രങ്ങളെ തെരഞ്ഞെടുക്കുകയും പ്രസ്തുത കേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് സംസ്ഥാന തലത്തിൽ ഒരു ഏകദിന പരിശീലനം നല്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി ഓരോ പരിശീലന കേന്ദ്രത്തിനുമായി ബഡ്ജറ്റ് തുകയിൽ നിന്നും 50,000 രൂപ നീക്കിവെച്ചു. ഓരോ കോഴ്സിലേക്കുമുള്ള പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി പരിശീലനം നടക്കുന്ന ഓരോ കേന്ദ്രങ്ങൾക്കും 32,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി കേരളത്തിലെ എല്ലാ തുടർ/വികസന വിദ്യാകേന്ദ്രങ്ങളെയും തൊഴിൽ പരിശീലനകേന്ദ്രങ്ങളാക്കി ഇതിന്റെ ഗുണഭോക്താക്കൾക്ക് സ്ഥിരം വരുമാനം ഉറപ്പുവരുത്തുവാനും ഉദ്ദേശിക്കുന്നു.

(ഡി) പ്രാദേശികതലത്തിൽ ജില്ലാ സാക്ഷരതാമിഷനുകളുടെ സഹായത്തോടെ വികസന-തുടർ വിദ്യാകേന്ദ്രങ്ങളിൽ നിന്നും പരിശീലന കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെടേണ്ട കേന്ദ്രങ്ങളുടെ വിശദവിവരങ്ങൾ ജില്ലാതലത്തിൽ തയ്യാറാക്കി. ജില്ലകളിലുള്ള വികസന-തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാരുടെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിശീലന പരിപാടിയുടെ റിപ്പോർട്ട് തയ്യാറാക്കി. ജില്ലകളിലെ തുടർ-വികസനവിദ്യാകേന്ദ്രങ്ങൾ വഴി നടത്തുവാനുദ്ദേശിക്കുന്ന പരിപാടികളുടെ ജില്ലാതല റിപ്പോർട്ട് സംസ്ഥാനതലത്തിൽ പരിശോധിച്ചു. ഈ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനതലത്തിൽ ഒരു കോർ കമ്മിറ്റി രൂപീകരിച്ച് ജില്ലാ സാക്ഷരതാ മിഷനുകളിൽ നിന്നും നിർദ്ദേശിക്കപ്പെട്ട വികസന തുടർ വിദ്യാകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി. തൊഴിൽപരിശീലനത്തിന്റെ നടത്തിപ്പിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് സംസ്ഥാനതലത്തിൽ ഏകദിന പരിശീലനം നല്കി. തൊഴിൽ നൈപുണ്യ വികസന പദ്ധതിയുടെ നടത്തിപ്പിനായി 125 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജില്ലാ സാക്ഷരതാ മിഷനുകളുടെയും സഹായത്തോടെ 14 ജില്ലകളിലുമായി ആകെ 69 തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പരിശീലന കേന്ദ്രങ്ങൾ വഴി നടത്താനുദ്ദേശിച്ചിട്ടുള്ള കോഴ്സുകളുടെ പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ചെലവിലേക്കായി 25,000 രൂപയും ആദ്യമാസത്തെ

പ്രവർത്തന ചെലവുകൾക്കായി 7000 രൂപയും ചേർത്ത് ഓരോ തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്കും 32,000 രൂപ വീതം ജില്ലാ കോ-ഓർഡിനേറ്റർ (എഫ്&എ) വഴി അനുവദിച്ചു നല്കിയിട്ടുണ്ട്. അപ്രകാരം ഈ ഇനത്തിൽ ആകെ 69 സെന്ററുകൾക്കായി ആകെ 22,08,000 രൂപ അനുവദിച്ചിട്ടുണ്ട്. മൂന്ന് മാസത്തെ പരിശീലനമാണ് ഈ കോഴ്സുകളുടെ കാലാവധി.

**മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

11 (*251) ശ്രീമതി സി. കെ. ആശ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതികൾ നടപ്പാക്കിയതിനുശേഷമുള്ള പുരോഗതി വിലയിരുത്തുമോ;

(ബി) മത്സ്യ വിത്ത് ഉല്പാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തത നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വയം പര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ.മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യസമൃദ്ധി II പദ്ധതി മുഖേനയും മത്സ്യകർഷക വികസന ഏജൻസി (എഫ്.എഫ്.ഡി.എ.) മുഖേനയും വകുപ്പിന്റെ അനുബന്ധ ഏജൻസികളായ അഡാക്ക്, ഫിർമ, മത്സ്യഫെഡ് മുഖേനയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2015-16 മുതൽ 2017-18 വരെയുള്ള 3 വർഷകാലയളവിനുള്ളിൽ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോത്പാദനം 1.5 ലക്ഷം ടൺ അധികമായി ഉയർത്തുന്നതിന് ലക്ഷ്യമിട്ട് മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II. കേരളത്തിലെ 14 ജില്ലകളിലായി അനുയോജ്യമായ ശുദ്ധജല,

ഓരുജല പ്രദേശങ്ങൾ ഉപയുക്തമാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 317.46 കോടി രൂപ മൊത്ത അടങ്കലും, 110.73 കോടി രൂപ ധനസഹായവും 16000 ഹെക്ടർ കൃഷി വ്യാപനവും, ഉല്പാദന വർദ്ധനവും, കൃഷി രീതിയിലെയും മത്സ്യ ഇനങ്ങളിലേയും വൈവിദ്ധ്യവൽക്കരണവും, 35 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതിയിൽ ഊന്നൽ നൽകുന്നു.

മത്സ്യകൃഷി വികസനത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ മത്സ്യകർഷക വികസന ഏജൻസി (എഫ്.എഫ്.ഡി.എ. മുഖേന) പുതിയ കുളങ്ങളുടെ നിർമ്മാണത്തിന് ധനസഹായം, കുളങ്ങളുടെ നവീകരണം, ഇൻപുട്ട് സബ്സിഡി, റിസർവ്വോയർ ഫിഷറീസ്, നൂതന മത്സ്യകൃഷി രീതികൾക്കുള്ള ധനസഹായം മത്സ്യകർഷകർക്കുള്ള പരിശീലനം എന്നിവ നടപ്പിലാക്കിവരുന്നു.

പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും അതുവഴി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഒരു പരിധിവരെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതി (ഓപ്പൺ വാട്ടർ റാഞ്ചിംഗ്) സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അഡാക്ക് മുഖേന പൊക്കാളി നിലങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, കുട്ടനാട്-കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി, പെൻ മത്സ്യകൃഷി, കൂടുകളിലെ മത്സ്യകൃഷി, പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, വെള്ളായണി കായലിലും പാതിരാമണലിലും മത്സ്യസങ്കേതം സ്ഥാപിക്കൽ, പൊതുജലാശയങ്ങളിലും ജലസംഭരണികളിലും മത്സ്യവിത്ത് നിക്ഷേപിക്കൽ, ഓരുജല മത്സ്യകൃഷി തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നൂതന ജലകൃഷി പദ്ധതിയിലുൾപ്പെടുത്തി അഡാക്ക് ഫാമുകളിൽ ഓരുജല സമ്മിശ്ര മത്സ്യകൃഷി, സമുദ്രമത്സ്യങ്ങളുടെ കൂട് കൃഷി, വനാമി കൃഷി എന്നിവ നടപ്പിലാക്കി. പൊതുജലാശയങ്ങളിലേക്ക് വ്യാപിച്ച് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാവാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ച് ക്യാറ്റ്ഫിഷ്, ഗിഫ്റ്റ് തിലാപ്പിയ കൃഷിയും അഡാക്ക് മുഖേന നടപ്പിലാക്കി. പൊയ്യ ഫിഷ്ഫാമിൽ കരിമീൻ, പൂമീൻ, തിരുത സമ്മിശ്ര മത്സ്യകൃഷി, നവീന മത്സ്യകൃഷി രീതികളായ കാളാഞ്ചികൃഷി, പൊംപാനോ (അമേരിക്കൻ ആവോലി) വനാമി ചെമ്മീൻ എന്നിവയുടെ കൃഷി നടപ്പിലാക്കിവരുന്നു. കർഷകർക്ക് ഗുണനിലവാരമുള്ള പൂമീൻവിത്തുകൾ വിതരണം ചെയ്തുവരുന്നു. സർക്കാരിന്റെ വിവിധ പദ്ധതികളിൽ

ഉൾപ്പെടുത്തി പൂമീൻ കുഞ്ഞുങ്ങളുടെ റാഞ്ചിംഗ് പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ അഡാക്ക് മുഖേന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനുകീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി എന്ന പദ്ധതി (2015-2019) ആലപ്പുഴ, എറണാകുളം, തൃശ്ശൂർ (300 ഹെക്ടർ), കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് (300 ഹെക്ടർ) എന്നീ ജില്ലകളിലായി നടപ്പിലാക്കി വരുന്നു. എരഞ്ഞോളി ഫിഷ്ഫാം മുഖേന 2014-15 വർഷം വരെ കൈപ്പാട് പുനരുദ്ധാരണ പദ്ധതി കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കോൾനിലങ്ങളിൽ സംയോജിത ആറ്റുകൊഞ്ചുകൃഷി പദ്ധതിയും നടപ്പാക്കി വരുന്നു.

സംസ്ഥാനാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി പൊക്കാളി നിലങ്ങളിൽ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി ഒരു നെല്ലും ഒരു മീനും - കുട്ടനാട് - കോൾ നിലങ്ങളിൽ, കൈപ്പാട് നിലങ്ങളിലെ ചെമ്മീൻ കൃഷി എന്നിവയും 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി ഒരു നെല്ലും ഒരു മീനും പദ്ധതി, പെൻ മത്സ്യകൃഷി പരമ്പരാഗത മത്സ്യസമ്പത്ത് സംരക്ഷണം, കൂടുകളിലെ കൃഷി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

വെള്ളായണി കായലിൽ സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി 12.75 ലക്ഷം രൂപ ചെലവഴിച്ച് 5 ഹെക്ടർ സ്ഥലത്ത് മത്സ്യസമ്പത്തും ജൈവ വൈവിധ്യവും സംരക്ഷിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് ഒരു മത്സ്യ സങ്കേതം സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിലെ പാതിരാമണലിൽ 10 ഹെക്ടർ സ്ഥലത്തും ഒരു മത്സ്യസങ്കേതം സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അണക്കെട്ടുകളിലും മറ്റ് പൊതുജലാശയങ്ങളിലും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എൻ.എഫ്.ഡി.ബി.-യുടെ ധനസഹായത്തോടുകൂടി കേരളത്തിലെ18 ജലസംഭരണികളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്നതിനുള്ള ബൃഹദ് പദ്ധതി നടപ്പിലാക്കി. നിറവ് പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലും വടക്കൻ പറവൂരിലും ഓരുജല മത്സ്യകൃഷി നടപ്പിലാക്കി.

മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഫിർമ മുഖേന പാലക്കാട് ജില്ലയിലെ മലമ്പുഴ, കണ്ണൂർ ജില്ലയിലെ പഴശ്ശി റിസർവോയർ, പരപ്പനങ്ങാടി കൽപ്പുഴ തടാകം എന്നിവിടങ്ങളിൽ കൂടുകളിൽ മത്സ്യകൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നു. കൂടുകളിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അധികമായി പ്രതിവർഷം 129600 കിലോഗ്രാം മത്സ്യം ഉത്പാദിപ്പിക്കുന്നതിനും പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കുന്നതുമൂലമുള്ള പുരോഗതിയും വിലയിരുത്താറുണ്ട്. മത്സ്യസമൃദ്ധി II പദ്ധതിയുടെ ഒന്നാം വർഷത്തിൽ (2015-16) 951 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ഏകദേശം 77471 കർഷകർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം വർഷത്തിൽ 45102 ടൺ മത്സ്യം ഉല്പാദിപ്പിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. പൊക്കാളി/കൈപ്പാട് നിലങ്ങളിലെ സംയോജിത കൃഷിക്കായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി ഉൾനാടൻ മത്സ്യോല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുന്നതിനും, നെൽകൃഷി ലാഭകരമാക്കി നടത്തുന്നതിനും, പരിതസ്ഥിതി ലോല നീർത്തട പ്രദേശങ്ങളായ പൊക്കാളി പാടങ്ങൾ, കോൾ നിലങ്ങൾ എന്നിവയെ ഒരു പരിധി വരെ സംരക്ഷിക്കുന്നതിനും സാധിക്കും. കൈപ്പാട് പുനരുദ്ധാരണ പദ്ധതികൾ തുടങ്ങിയ ശേഷം കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ മത്സ്യോല്പാദനവും കൽപ്പാട് നെല്ലുൽപ്പാദനവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. മാത്രവുമല്ല അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഉൾനാടൻ മത്സ്യ ഉല്പാദനം പ്രതിവർഷം 3 ലക്ഷം ടൺ എന്ന തോതിലേക്ക് വർദ്ധിപ്പിക്കാനാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) മത്സ്യവിത്ത് ഉല്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത നേടിയിട്ടില്ല. സംസ്ഥാനത്ത് ഒരു വർഷം മത്സ്യകൃഷി ചെയ്യുന്നതിന് ഏകദേശം 10.4 കോടി കാർപ്പ് മത്സ്യവിത്ത് വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്. എന്നാൽ 3.62 കോടി കാർപ്പ് മത്സ്യവിത്ത് മാത്രമേ നിലവിലെ സാഹചര്യത്തിൽ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ചെമ്മീൻ വിത്ത് ഉല്പാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത നേടിയിട്ടുണ്ട്. സംസ്ഥാനത്ത് ആവശ്യമായ 12 കോടി ചെമ്മീൻ വിത്തും ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, അഡാക്ക് എന്നിവർ നേരിട്ട് നടത്തുന്ന ഹാച്ചറികളിൽ നിന്നും വിതരണം ചെയ്തുവരുന്നുണ്ട്.

മത്സ്യ വിത്തുൽപ്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള ഹാച്ചറികളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും പുതിയ മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ഇതിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യവിത്തുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ വെസ്റ്റ് കല്ലട (കൊല്ലം ജില്ല), തദ്ദേശീയ മത്സ്യങ്ങളുടെ ഹാച്ചറികൾ - കുളത്തൂപ്പുഴ (കൊല്ലം ജില്ല), ഐരാറ്റ് (പത്തനംതിട്ട ജില്ല), പീച്ചി (തൃശ്ശൂർ ജില്ല), കല്ലനോട് (കോഴിക്കോട് ജില്ല),ഭൂതത്താൻകെട്ട്(എറണാകുളം ജില്ല) എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിൽ പീച്ചി, ഭൂതത്താൻകെട്ട് എന്നിവിടങ്ങളിൽ മത്സ്യവിത്തുൽപ്പാദനം ഈ വർഷം ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിലവിലെ ഹാച്ചറികളായ നെയ്യാർ, പോളച്ചിറ, പള്ളം, പരപ്പനങ്ങാടി, ആയിരംതെങ്ങ് എന്നിവിടങ്ങളിൽ നിലവിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു.

2016-2017 വർഷത്തിൽ ചുള്ളിയാർ, മീങ്കര, വയനാട് എന്നിവിടങ്ങളിൽ മത്സ്യവിത്തുല്പാദനം ആരംഭിക്കുന്നതിനായുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാകുമ്പോൾ ഏകദേശം 5 കോടി മത്സ്യവിത്ത് കൂടി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്.

സംസ്ഥാന മത്സ്യമായി വിശേഷിപ്പിക്കപ്പെടുന്ന കരിമീനിന്റെ സംരക്ഷണവും വംശവർദ്ധനവും ലക്ഷ്യമിട്ടുകൊണ്ട് മത്സ്യസമൃദ്ധി II പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഘടകമാണ് കരിമീൻ മിനി ഹാച്ചറി. പ്രസ്തുത ഘടക പദ്ധതിയുടെ 10 യൂണിറ്റ് (ഒരു യൂണിറ്റിന് 30,000 രൂപ വീതം) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പിലാക്കിവരുന്നു. മത്സ്യവിത്ത് ഉല്പാദിപ്പിക്കുന്നതിനായി അഡാക്ക് മുഖേന എരഞ്ഞോളി ഫിഷ്ഫാമിലും ആയിരംതെങ്ങ് ഫിഷ്ഫാമിലും കരിമീൻ വിത്തുല്പാദന യൂണിറ്റും പ്രവർത്തിച്ചുവരുന്നു. മത്സ്യവിത്തുല്പാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനം ഘട്ടംഘട്ടമായി സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്.

**തോട്ടണ്ടി ഇടപാടിലെ ക്രമക്കേടുകൾ**

12 (T*252) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ തോട്ടണ്ടി ഇടപാടിൽ അഴിമതി നടന്നിട്ടുള്ളതായി പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ അഴിമതിയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തോട്ടണ്ടി ഇറക്കുമതി ചെയ്ത ഏജൻസി ഏതാണെന്നും, കശുവണ്ടിയുടെ ഗുണനിലവാരം പരിശോധിച്ച ലബോറട്ടറി ഏതാണെന്നും പ്രസ്തുത ക്രമക്കേടിൽ ഇവരുടെ പങ്കെന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈ അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് അന്വേഷിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ഉള്ളടക്കം എന്താണെന്ന് വെളിപ്പെടുത്താമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കാഷ്യൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട ഒരു കേസിൽ ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം അന്വേഷണം സി.ബി.ഐ.-യ്ക്ക് വിട്ടിട്ടുണ്ട്. കൂടാതെ തോട്ടണ്ടി ഇടപാട് സംബന്ധിച്ച മറ്റൊരു കേസിൽ വിജിലൻസ് ത്വരിതാന്വേഷണം നടത്തി പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(ബി) കോട്ടയം ജില്ലയിലെ M/s J.M.J. Traders എന്ന കമ്പനിയാണ് തോട്ടണ്ടി ഇറക്കുമതി ചെയ്തത്. കശുവണ്ടിയുടെ ഗുണനിലവാരം പരിശോധിച്ചത് M/s ജിയോ. ചെം ലബോറട്ടറി പ്രൈവറ്റ് ലിമിറ്റഡ്, കടപ്പാക്കട, കൊല്ലം എന്ന സ്ഥാപനമാണ്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കശുവണ്ടി വികസന കോർപ്പറേഷന്റെ മുൻ ചെയർമാനും മാനേജിംഗ് ഡയറക്ടറും ജെ.എം.ജെ. ട്രേഡേഴ്സ് ഉടമയുമായി ഗൂഢാലോചന നടത്തി അധിക വിലയ്ക്ക് ഗുണനിലവാരമില്ലാത്ത തോട്ടണ്ടി വാങ്ങുകയും ശരിയായ രീതിയിൽ കട്ടിംഗ്ടെസ്റ്റ് നടത്താതെയും തോട്ടണ്ടിയുടെ ഗുണനിലവാരം പരിശോധിക്കാതെയും ജിയോ. ചെം ലബോറട്ടറി ഉടമ "സർട്ടിഫിക്കറ്റ് ഓഫ് വെയിറ്റ് ആന്റ് ക്വാളിറ്റി" നൽകുകയും ചെയ്തു എന്നതാണ് ഒരു കേസിൽ ഇവരെ സംബന്ധിച്ചുള്ള ആക്ഷേപം.

(സി) അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് ഒരു ത്വരിത പരിശോധന നടത്തുകയും പ്രസ്തുത അന്വേഷണത്തിൽ ഇടപാടിൽ അപാകതയും, അഴിമതിയും നടന്നതായും അതിലൂടെ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായതായും പ്രഥമദൃഷ്ട്യാ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്.

**മരാമത്ത് പണികളുടെ 'ക്വാളിറ്റി ഓഡിറ്റിംഗ് '**

13 (*253) <u>ശ്രീ. എം. മുകേഷ്</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പണികളുടെ 'ക്വാളിറ്റി ഓഡിറ്റിംഗ്' നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പൊതുമരാമത്തിനായുള്ള പുതിയ ക്വാളിറ്റി മാന്വലിലെയും ലബോറട്ടറി മാന്വലിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്ന എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടെയും രൂപകൽപനയിൽ ഗ്രീൻ ബിൽഡിംഗ് കൺസെപ്റ്റ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പൊതുമരാമത്ത് പ്രവൃത്തികളിൽ 'സോഷ്യൽ ഓഡിറ്റിംഗ്' നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) മരാമത്ത് പണികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സി. എഞ്ചിനീയറുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. അതിന് ആവശ്യമായ വ്യവസ്ഥകൾ പുതുക്കിയ പൊതുമരാമത്ത് മാന്വലിലും, ക്വാളിറ്റി മാന്വലിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനി മുതൽ സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ഗുണനിലവാര ഓഡിറ്റിംഗ് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് മാനുവൽ ചട്ടം 2406 പ്രകാരം 5 കോടി രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന പണികൾക്ക് വകുപ്പിന് പുറമേയുള്ള ഏജൻസിയോ, വിദഗ്ദ്ധനെയോ ഉപയോഗിച്ച് പണി പൂർത്തിയാകുന്ന ഉടനെതന്നെ ടെക്നിക്കൽ ആഡിറ്റിംഗ് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) പുതിയ ക്വാളിറ്റി മാന്വലിലെയും ലബോറട്ടറി മാന്വലിലെയും വ്യവസ്ഥകൾ പാലിക്കുന്നതിന് 14 ജില്ലാ ആസ്ഥാനങ്ങളിലും ലാബുകൾ 2013 മുതൽ പ്രവർത്തനം തുടങ്ങി. വകുപ്പിലെ എല്ലാ എഞ്ചിനീയർമാർക്കും ഓവർസിയർമാർക്കും ആവശ്യമായ നിർദ്ദേശങ്ങളും ക്ലാസുകളും നൽകിവരുന്നു. കൂടാതെ കരാറുകാർക്കും അവരുടെ എഞ്ചിനീയർമാർക്കും ഇതിനാവശ്യമായ പരിശീലനവും നൽകിവരുന്നു. പൊതുമരാമത്ത് വകുപ്പിലെ കരാർ വ്യവസ്ഥകളിലും ഇതിനാവശ്യമായ ഭേദഗതികളും മറ്റ് വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ ഡിസൈന്റെ കീഴിൽ ഡയറക്ടർ (I&QC) ആണ് മൊത്തത്തിൽ ഈ ക്രമീകരണങ്ങളുടെ ചുമതല വഹിക്കുന്നത്. പൊതുമരാമത്ത് റോഡ്, പാലങ്ങൾ, കെട്ടിടവിഭാഗങ്ങൾ എന്നിവയുടെ കരാർ പ്രവൃത്തിയുടെ വിവരങ്ങൾ ശേഖരിച്ച് തെരഞ്ഞെടുക്കപ്പെട്ട പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ട്. ഈ രണ്ടാംതല ഗുണനിലവാര പരിശോധന റിപ്പോർട്ട് തൃപ്തികരമല്ലെങ്കിൽ ആയവ സംബന്ധിച്ച് റിപ്പോർട്ട് വകുപ്പിന്റെ വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് തുടർ നടപടികൾക്കായി അയയ്ക്കുകയും ചെയ്യുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം പരിസ്ഥിതി സൗഹൃദരീതിയിൽ ഗ്രീൻ ബിൽഡിംഗ് സങ്കൽപത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, കാര്യക്ഷമമായ

മാലിന്യ നിർമ്മാർജ്ജനം, അന്തരീക്ഷ ജലമലിനീകരണം കുറയ്ക്കുക എന്നിവ വഴി ആവാസ വ്യവസ്ഥയെയും ജൈവ വൈവിധ്യത്തെയും സംരക്ഷിച്ച് പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം പരമാവധി കുറയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൊതുമരാമത്ത് വകുപ്പിലെ വാസ്തുശിൽപവിഭാഗം 2014 മാർച്ച് മുതൽ തയ്യാറാക്കുന്ന എല്ലാ രൂപകൽപനകളും ഹരിത നിർമ്മാണതത്വങ്ങൾക്ക് അനുസരിച്ചാണ് ചെയ്തുവരുന്നത്. പുതിയ കെട്ടിടങ്ങളും ഇതേ രീതിയിലാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇത് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ട്.

**മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്**

14 (*254) ശ്രീ. കെ.ജെ. മാക്സി :
ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്ക് ഹാനികരമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം നവീകരിച്ചും ആഴക്കടൽ മത്സ്യബന്ധനത്തിനായി പ്രത്യേക സംവിധാനമുള്ളയാനങ്ങൾ നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ശാക്തീകരിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇന്ത്യൻ തീരം വിദേശ ട്രോളറുകൾക്ക് തുറന്ന് കൊടുക്കാനുള്ള ശിപാർശ തള്ളുന്നതിനായി കേന്ദ്ര സർക്കാരിൽ ഏതു തരത്തിലുള്ള സമ്മർദ്ദം ചെലുത്തുമെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി(ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. 200 മുതൽ 500 മീറ്റർ വരെയുള്ള പ്രദേശം ഒരു ബഫർ സോണായി നിലനിർത്തണമെന്ന ശിപാർശ, വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധനത്തിന് അനുമതി നൽകാനുള്ള ശിപാർശ, ഇന്ത്യയ്ക്ക് ആവശ്യമായ expertise-ഉം സാങ്കേതികജ്ഞാനവും ഇല്ല എന്ന കാരണം പറഞ്ഞ് വിദേശ കപ്പലുകൾക്കും വിദേശ തൊഴിലാളികൾക്കും ഇപ്പോഴുള്ള എമിഗ്രേഷൻ ക്ലിയറൻസ് ഉദാരമാക്കി അവരെ ഉപയോഗപ്പെടുത്തി മത്സ്യബന്ധനം നടത്തണമെന്ന ശിപാർശ എന്നിവ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നതാണ്. നിലവിലുള്ള മത്സ്യബന്ധനയാനങ്ങൾക്ക് പുറമെ 240 tuna long liner ഉം 15 purse seiners ഉം 15 squid jigger ഉം ഉൾപ്പെടെ 270 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾക്കുകൂടി EEZ-ൽ മത്സ്യബന്ധനത്തിന് അനുവാദം നൽകുന്നതിനുള്ള ശിപാർശയും മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളികളെയും ബോട്ടുടമകളേയും ദോഷകരമായി ബാധിക്കുന്നതാണ്.

(ബി) മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ പല ശിപാർശകളും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കും എന്നുള്ളതിനാൽ പ്രസ്തുത ശിപാർശകൾ തള്ളിക്കളയുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേന്ദ്രകൃഷി മന്ത്രിക്ക് മെമ്മോറാണ്ടം സമർപ്പിക്കുകയും കേന്ദ്ര കൃഷിമന്ത്രാലയത്തിന് കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) പരമ്പരാഗത മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രോൽസാഹിപ്പിക്കുന്നതിനായി High Quality Japanese Diving Boards, Artficial Fishing Baits/Lure, Deep Sea Fishing Smith's Jig എന്നിവ നൽകുന്നതിനുള്ള Sophisticated Fishing Gear Materials for Deep Sea Fishing എന്ന പ്രോജക്ടിന് 2015-16 സാമ്പത്തികവർഷം ഭരണാനുമതി നൽകി നടപടികൾ സ്വീകരിച്ചുവരികയാണ്. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ആഴക്കടൽ മത്സ്യബന്ധനം പ്രോൽസാഹിപ്പിക്കുന്നതിനായി പരമ്പരാഗത മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി ആവശ്യമായ പരിശീലനം നൽകുന്നതിനും ഇതിന് അനുയോജ്യമായ രീതിയിലുള്ള മത്സ്യബന്ധനയാനങ്ങൾ നൽകുന്നതിനുമുള്ള ഒരു പദ്ധതി നടപ്പിലാക്കാനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 7-7-2016-ൽ ഫിഷറീസ് മേഖലയിലെ Central Institute-കളിലെ ഉദ്യോഗസ്ഥരുടെ

യോഗത്തിൽ ഫിഷറീസ് വകുപ്പിന് വിവിധ മേഖലകളിൽ ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനോടനുബന്ധിച്ച് ആഴക്കടൽ മത്സ്യ ബന്ധനത്തിന് അനുയോജ്യമായ യാനങ്ങൾ വാങ്ങുന്നതിനും, മത്സ്യ ത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് പരിശീലനം നൽകുന്നതിനുമുള്ള സാങ്കേതിക സഹായം CIFT/CIFNET എന്നീ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിദേശ ട്രോളറുകൾക്ക് അനുകൂലമായ ശിപാർശകൾ ഉൾക്കൊള്ളുന്ന മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള എം.പി.-മാരോടും ഈ വിഷയത്തിൽ ഇടപെടുന്നതിനും റിപ്പോർട്ട് നടപ്പാക്കാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അതിനായി സമ്മർദ്ദം ചെലുത്തുന്നതിനും അഭ്യർത്ഥിച്ചിട്ടുണ്ട്.

**സ്മാർട്ട് വില്ലേജ് പദ്ധതി**

15 (*255) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കി നടപ്പാക്കിയതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദീകരിക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ&ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും

(Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 'സ്മാർട്ട് 'റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെവച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഒന്നാംഘട്ടത്തിൽ 1.60 കോടി രൂപ ചെലവിൽ 14 ജില്ലകളിലെ ഓരോ വില്ലേജാഫീസുകളും രണ്ടാം ഘട്ടത്തിൽ 3.29 കോടി രൂപ ചെലവിൽ 8 ജില്ലകളിലായി 11 വില്ലേജാഫീസുകളും മൂന്നാം ഘട്ടത്തിൽ 3.91 കോടി രൂപ ചെലവിൽ 5 ജില്ലകളിലായി 9 വില്ലേജാഫീസുകളും സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് നടപടിയെടുത്തു. ഓരോ ഘട്ടത്തിലുമുള്ള വില്ലേജാഫീസുകളും അവയുടെ നിർമ്മാണ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സംസ്ഥാനത്തിന്റെ കടലോര മേഖലകളിൽ തീരശോഷണം വ്യാപകമാകുന്നതിന്റെ കാരണങ്ങൾ

16 (*256) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടലോര മേഖലകളിൽ തീരശോഷണം വ്യാപകമാകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) മറ്റു ജില്ലകളെ അപേക്ഷിച്ച് എറണാകുളം, കൊല്ലം ജില്ലകളിൽ ഈ പ്രതിഭാസം രൂക്ഷമാവാതിരിക്കുന്നതിനുള്ള അനുകൂലഘടകങ്ങൾ എന്തൊക്കെയാണെന്നതു സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) തീരശോഷണം പ്രതിരോധിക്കുന്ന കാര്യത്തിൽ കണ്ടൽ വ്യാപിപ്പിച്ചുള്ള ജൈവവേലിയുടെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതയും തീരദേശങ്ങളിലെ അനധികൃത കയ്യേറ്റങ്ങളും കടലാക്രമണങ്ങളും അശാസ്ത്രീയമായ കടൽഭിത്തി നിർമ്മാണവും തീരശോഷണത്തിന് കാരണമായിത്തീരുന്നുണ്ട്.

(ബി) എറണാകുളം, കൊല്ലം ജില്ലകളിൽ തീരശോഷണം താരതമ്യേന കുറവാണ് എന്ന് കണ്ടെത്തിയിട്ടില്ല.

(സി) ഉണ്ട്. ജൈവവേലികളുടെ സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. തീരശോഷണം നല്ലൊരുപരിധിവരെ തടയുന്നതിന് ജൈവ വേലികൾക്കാകും എന്ന് പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ കടലാക്രമണം തടയുന്നതിനും സുനാമി പ്രതിരോധിക്കുന്നതിനുമുള്ള അനുയോജ്യമായ രീതിയായി ജൈവവേലിയെ കാണാൻ കഴിയില്ല. കടൽക്ഷോഭം മൂലമുള്ള തീരശോഷണം പ്രതിരോധിക്കുന്നതിന് കണ്ടൽക്കാടുകൾ വ്യാപകമായി വച്ചുപിടിപ്പിച്ചുകൊണ്ടുള്ള ജൈവവേലി വളരെയധികം ഫലപ്രദമാണ്. പ്രാദേശിക ഭൂമിശാസ്ത്രം, സ്ഥലചിത്രീകരണം (topography),കടൽശോഷണം എന്നിവയുടെ അടിസ്ഥാനത്തിൽ കടൽക്ഷോഭത്തിന്റെ തീവ്രത കുറയ്ക്കുന്നതിന് കേരളത്തിന്റെ കടൽത്തീരത്ത് ജൈവവേലി വ്യാപിപ്പിക്കുന്നതിന്റെ ഗുണഫലങ്ങൾ ജലസേചന വകുപ്പിന്റെയും തുറമുഖ വകുപ്പിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രസ്തുത വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെ പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിന് ശിപാർശ ലഭ്യമായിട്ടുണ്ട്.

**ഉൾനാടൻ മത്സ്യസമ്പത്ത്**

17 (*257) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദീകരിക്കുമോ;

(സി) എങ്കിൽ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. 2015-18 കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി 16000 ഹെക്ടർ ഏര്യയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും മൂന്ന് വർഷംകൊണ്ട് ഉൾനാടൻ മത്സ്യോത്പാദനം അധികമായി 1.5 ലക്ഷം ടൺ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്ന മത്സ്യ സമൃദ്ധി II പദ്ധതിയാണിതിൽ പ്രധാനം. കുളങ്ങളിലെയും ഇതര ജലസംഭരണികളിലെയും ശുദ്ധജല മത്സ്യകൃഷി, പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലെയും മത്സ്യ/ആറ്റുകൊഞ്ചു കൃഷി/സംയോജിത മത്സ്യകൃഷി, പൊക്കാളി/കൈപ്പാടു നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലെയും ചെമ്മീൻ കൃഷി, കരിമീൻ മിനി ഹാച്ചറികൾ, കുളങ്ങളിലെ കരിമീൻ കൃഷി, അടുക്കളക്കുളങ്ങൾ, കാട്ടുകളിലൂടെ കരിമീൻ കൃഷി, ഞണ്ടു പരിപോഷണം/ഞണ്ടു കൃഷി, കല്ലുമ്മേക്കായ കൃഷി, മാതൃകാ കൂട് കൃഷി യൂണിറ്റുകൾ, മാതൃക മത്സ്യഫാമുകൾ, പടുതാക്കുളങ്ങളിലെ മത്സ്യകൃഷി, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യ കൃഷി പരിശീലന/ബോധവൽക്കരണ പരിപാടികൾ, മത്സ്യകർഷക ക്ലബ്ബുകളുടെ അടിസ്ഥാനന സൗകര്യ വികസനം, പി.സി.ആർ ടെസ്റ്റുൾപ്പെടെയുള്ള വിവിധ വിത്ത് പരിശോധന രീതികൾ, ടെസ്റ്റിംഗ് കിറ്റുകൾ സൗജന്യ വിള ഇൻഷ്വറൻസ്, മികച്ച കർഷകർക്ക് അവാർഡ് വിതരണം മത്സ്യത്തീറ്റ സബ്സിഡി വിതരണം എന്നിവയാണിതിലെ വിവിധ ഘടകങ്ങൾ. പൊതു ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി (സോഷ്യൽ ഫിഷറീസ്) ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം മൂന്നുവർഷം കാലയളവിലേക്ക് 210 ലക്ഷം രൂപയാണ് പദ്ധയിൽ വകയിരുത്തിയിരിക്കുന്നത്.

കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2015-2016 വർഷം 6 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, ജില്ലകൾക്ക് അനുവദിച്ചുനൽകിയിരുന്നു. ടി തുക വിനിയോഗിച്ച് 729000 പൂമീൻ കുഞ്ഞുങ്ങളെ മേൽപ്പറഞ്ഞ ജില്ലകളിലെ പൊതുജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. 2016-2017 വർഷത്തിൽ പൊതു ജലാശയത്തിൽ മത്സ്യ/കൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 5 ലക്ഷം രൂപ വീതം 9 ജില്ലകൾക്ക് മൊത്തം 45 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

മത്സ്യക്കൃഷി വികസനത്തിനായി 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ എഫ്.എഫ്.ഡി.എ. മുഖേന പുതിയ കുളങ്ങളുടെ നിർമ്മാണത്തിന് ധനസഹായം, കുളങ്ങളുടെ നവീകരണം, ഇൻപുട്ട് സബ്സിഡി, റിസർവ്വോയർ ഫിഷറീസ്, നൂതന മത്സ്യകൃഷി രീതികൾക്കുള്ള ധനസഹായം, മത്സ്യകർഷകർക്കുള്ള പരിശീലനം എന്നിവ നടപ്പിലാക്കിവരുന്നു.

നാഷണൽ ഫിഷ് സീഡ് ഫാം മലമ്പുഴ, ഫിഷ് സീഡ് ഫാം മീങ്കര, നാഷണൽ ഫിഷ് സീഡ് ഫാം പോളച്ചിറ, ഫിഷറീസ് കോംപ്ലക്സ് പന്നിവേലിച്ചിറ, നാഷണൽ ഫിഷ് സീഡ് ഫാം നെയ്യാർ എന്നീ സർക്കാർ ഹാച്ചറികളിൽ മത്സ്യവിത്തുല്പാദനം നടത്തിവരുന്നു. മത്സ്യവിത്തുൽപ്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള ഹാച്ചറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും പുതിയ മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ ഫിഷറീസ് വകുപ്പിന്റെ അനുബന്ധ ഏജൻസികളായ ഫിർമ, അഡാക്ക്, മത്സ്യഫെഡ് എന്നിവ മുഖേനയും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. പദ്ധതികളുടെ വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതി വ്യാപകമാക്കിയതിലൂടെ ഉൾനാടൻ മത്സ്യസമ്പത്തും പരമ്പരാഗത അനുബന്ധ മത്സ്യത്തൊഴിലാളികളുടെ തൊഴിലും വരുമാന മാർഗ്ഗവും വർദ്ധിപ്പിക്കുന്നതിന് സാധ്യമാകുന്നു. കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള മത്സ്യസമൃദ്ധി II പദ്ധതിയിലൂടെ മൂന്ന് വർഷംകൊണ്ട് 1.5 ടൺ അധിക ഉൾനാടൻ മത്സ്യോത്പ്പാദനം ലക്ഷ്യമിടുന്നു. ഒരു ലക്ഷത്തിലധികം മത്സ്യകർഷകർക്ക് ഗുണഭോക്താക്കളാകാൻ അവസരമൊരുക്കിക്കൊണ്ട് ഉൾനാടൻ മത്സ്യക്കൃഷിമേഖലയിൽ 10 ശതമാനം ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും 35 ലക്ഷത്തിൽപ്പരം തൊഴിൽ ദിനങ്ങൾ മത്സ്യ കർഷകർക്കായി സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു. മത്സ്യകൃഷിരീതിയിലെയും ഇനങ്ങളിലെയും വൈവിധ്യവൽക്കരണം, 8,500 ഹെക്ടറിൽ കുളങ്ങളിലെയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലസംഭരണികളിലെയും ശുദ്ധജല മത്സ്യക്കൃഷി, 4,500 ഹെക്ടറിൽ പാടശേഖരങ്ങളിലേയും കോൾപാടങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ച് കൃഷി, 3,000 ഹെക്ടറിൽ പൊക്കാളി/കൈപ്പാട് നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലെയും ചെമ്മീൻകൃഷി, 150 ഹെക്ടർ കുളങ്ങളിലെ കരിമീൻ കൃഷി, 30 യൂണിറ്റ് കരിമീൻ മിനി ഹാച്ചറികൾ, 6,000 യൂണിറ്റ് അടുക്കളക്കുളങ്ങൾ, 600 യൂണിറ്റ് കൂടുകളിലെ കരിമീൻ കൃഷി, 300 യൂണിറ്റ് ഞണ്ട് കൃഷി, 7500 യൂണിറ്റ് കല്ലുമ്മേക്കായ കൃഷി, 15 യൂണിറ്റ് മാതൃകാ കൂടുകൃഷി യൂണിറ്റുകൾ, 50 ഹെക്ടർ മാതൃകാ മത്സ്യഫാമുകൾ, 150 ഹെക്ടർ സംയോജിത മത്സ്യകൃഷി, 300 എണ്ണം പടുതാകുളങ്ങളിലെ മത്സ്യകൃഷി, പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യകൃഷി പരിശീലന/ബോധവൽക്കരണ പരിപാടികൾ, മത്സ്യ കർഷക ക്ലബ്ബുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം, ശാക്തീകരണം, ഒറ്റത്തവണ പ്രവർത്തന മൂലധനം പി.സി ആർ ടെസ്റ്റ് ഉൾപ്പെടയുള്ള വിവിധ വിത്ത് പരിശോധനാ രീതികൾ, ടെസ്റ്റിംഗ്കിറ്റുകൾ, സൗജന്യ വിള ഇൻഷ്വറൻസ്, മികച്ച കർഷകർക്ക് അവാർഡുകൾ സംസ്ഥാന/ജില്ലാതല എക്സ്റ്റെൻഷൻ പ്രവർത്തനങ്ങൾ, മത്സ്യകൃഷി അടിസ്ഥാന സൗകര്യവികസനങ്ങൾ കർഷകർക്കാവശ്യമായ കൈപുസ്തകങ്ങൾ/ലഘുലേഖകൾ ബ്രോഷറുകൾ തയ്യാറാക്കൽ എന്നിവയും മത്സ്യ സമൃദ്ധി II പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

കൈപ്പാട്-പൊക്കാളി പദ്ധതിയുടെ പ്രധാനമായ ഉദ്ദേശം പൊക്കാളി-കൈപ്പാട് നിലങ്ങളുടെ പുറം ചിറകൾ സമുദ്ര നിരപ്പ് ഉയരുന്നതിനെ ചെറുക്കുന്ന വിധം ഉയരവും ബലവുമുള്ളതാക്കുകയും കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കത്തെ അതിജീവിക്കുവാൻ ഉതകുന്നവിധം ആക്കുകയുമാണ് കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് അനുയോജ്യമായ നെൽകൃഷിയും മത്സ്യ-ചെമ്മീൻ കൃഷിയും ഇവിടങ്ങളിൽ നടപ്പിലാക്കുക വഴി ഈ നീർത്തടങ്ങളിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, നെൽകൃഷി നിലനിർത്തുകയും ഉല്പാദന ചെലവ് കുറയ്ക്കുകയും ചെയ്യുക, കർഷകർക്കും കർഷകത്ഴിലാളികൾക്കും തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുക, ചെമ്മീൻ കയറ്റുമതിയിലൂടെ വിദേശനാണ്യം നേടുക, ഉൾനാടൻ മത്സ്യഉല്പാദനം വർദ്ധിപ്പിക്കുകയും കാലാവസ്ഥ വ്യതിയാനത്തിന്റെ കാരണമായ മാറ്റങ്ങളുടെ തീക്ഷണത കുറയ്ക്കുന്നതിനും സംയോജിത കൃഷി രീതിയുടെ ഗുണഫലങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.

(സി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2016-17 ബഡ്ജറ്റിൽ 40.49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ 15.99 കോടി രൂപ ഫാമുകളും ഹാച്ചറികളും പുനരുദ്ധരിച്ച് മത്സ്യ വിത്തുല്പാദനത്തിനും 4 കോടി രൂപ പതിനാല് ജില്ലകളിലുള്ള മത്സ്യകൃഷി വികസന ഏജൻസികളിലൂടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും 19 കോടി രൂപ മത്സ്യസമൃദ്ധി പദ്ധതിക്കും 1.50 കോടി രൂപ ഉൾനാടൻ ജലസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം സർക്കാർ തലത്തിലും വകുപ്പ് തലത്തിലും തുടർച്ചയായി നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ കേന്ദ്ര സർക്കാർസ്ഥാപനങ്ങൾ കണ്ടെത്തുന്ന നൂതന ജലകൃഷി രീതികൾ, പരിശീലനം എന്നിവ കർഷകർക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. 14-6-2016-ന് ബഹുമാനപ്പെട്ട കേന്ദ്ര കൃഷി/മൃഗസംരക്ഷണം/ഡയറി/ഫിഷറീസ് വകുപ്പ് മന്ത്രിയെ നേരിൽ സന്ദർശിച്ച് ഉൾനാടൻ മത്സ്യകൃഷി വ്യാപനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സബ്സിഡി തുക യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനമായി ഉയർത്തണമെന്ന് ആവശ്യപ്പെടുകയും ബഹുമാനപ്പെട്ട മന്ത്രി അത് പരിഗണിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 7-7-2016-ന് കൊച്ചിയിൽ ചേർന്ന ഫിഷറീസ് വകുപ്പ് സംഘടിപ്പിച്ച കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളുടെ കൺസൾട്ടേഷൻ യോഗത്തിൽ ആധുനിക കൃഷി രീതികളും സാങ്കേതിക പരിജ്ഞാനവും മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനായി അവർക്ക് മികച്ച പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

**റോഡുകൾക്ക് മിനിമം ഗ്യാരന്റി**

18 (*258) ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾക്ക് മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇതിനായി ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്തെ റോഡുകളുടെ മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള നിബന്ധന പൊതുമരാമത്ത് മാന്വൽ പ്രകാരം നിലവിലുണ്ട്. റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയശേഷം നിശ്ചിത കാലാവധിക്ക് ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുപ്രകാരം പണി ഏറ്റെടുക്കുന്ന കരാറുകാർ തന്നെ പ്രവൃത്തിയുടെ ഗ്യാരന്റി പീരീഡിൽ ഉണ്ടാകുന്ന കേടുപാടുകൾ അവരവരുടെ ചെലവിൽ തന്നെ ചെയ്യേണ്ടതാണ്. ഇതുകൂടാതെ 5 വർഷം മെയിന്റനൻസ് ഗ്യാരന്റിയോടുകൂടി ഉപരിതലം പുതുക്കുന്നതിന് ഹെവി മെയിന്റനൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ദേശീയപാതകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും മോർത്ത് സ്പെസിഫിക്കേഷനും ഐ.ആർ.സി. ഗൈഡ്‌ലൈൻസും പാലിക്കുന്നുണ്ട്. അതനുസരിച്ചുള്ള ഡിസൈനും നിർമ്മാണരീതിയുമാണ് നിലവിലുള്ളത്. നിർമ്മാണപ്രവർത്തനങ്ങളെല്ലാം പേവർ ഫിനിഷർ, ബിറ്റുമിനസ് സ്പ്രേയർ, വൈബ്രേറ്ററി റോളർ തുടങ്ങിയ ആധുനിക യന്ത്ര സംവിധാനങ്ങൾ ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. കൂടാതെ,നിർമ്മാണഘട്ടത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സംവിധാനങ്ങളോടും കൂടിയ ഗുണനിലവാര പരിശോധന ലബോറട്ടറി സംവിധാനങ്ങൾ, കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിച്ച് ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിംഗിന്റെ മേൽനോട്ടത്തിൽ ടെസ്റ്റുകൾ നടത്തി നിർമ്മാണ നിലവാരം ഉറപ്പുവരുത്തുന്നു.

(ബി) റോഡിന്റെ ഉപരിതലത്തിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന കേടുപാടുകൾ നീക്കി സുഖകരമായ യാത്ര ലഭ്യമാക്കുവാൻ റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്തുകയാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. നിർമ്മാണ പൂർത്തീകരണത്തിനു ശേഷം റോഡുകളുടെ പെട്ടെന്നുള്ള തകർച്ച ഒഴിവാക്കുന്നതിനും റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികളുടെ ആവർത്തന ചെലവ് കുറയ്ക്കുന്നതിനും ഇതുമൂലം സാധിക്കുന്നു.

(സി) ഡിഫക്റ്റ് ലയബിലിറ്റി കാലാവധി നിശ്ചയിച്ചുകൊണ്ട് 31-8-2013-ൽ ജി.ഒ. (എം.എസ്) നമ്പർ 73/2013/പൊ.മ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കരാറുകാർ പണികൾ ഏറ്റെടുക്കുമ്പോൾ തന്നെ ടി പണികൾക്കായുള്ള കരാറിൽ ഗ്യാരന്റി പിരീഡ് നിശ്ചയിച്ചു നൽകുന്നതുകൊണ്ട് പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കും. ഇതുമൂലം പ്രസ്തുത കാലയളവിൽ ടി പണികളുടെ അറ്റകുറ്റപ്പണികൾ വേണ്ടി വന്നാൽ കരാർകാർ തന്നെ ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ കരിമ്പട്ടികയിൽപ്പെടുത്തുക, ലൈസൻസ് റദ്ദുചെയ്യുക തുടങ്ങിയ വ്യവസ്ഥകളും കരാറിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**തീരദേശ പാക്കേജ്**

19 (*259) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'തീരദേശപാക്കേജ്' നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാക്കേജിനായി എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാർ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതായി ആക്ഷേപമുള്ള 'മാതൃകാ മത്സ്യ ഗ്രാമം പദ്ധതി', ന്യൂനതകൾ പരിഹരിച്ച് പുനരാവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. സി.ആർ.ഇസഡ് പരിധിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാകളെ സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി താമസിപ്പിക്കുന്നതിന് സമഗ്ര തീരദേശ പാക്കേജ് നടപ്പിലാക്കുന്നതാണ്. യൂണിറ്റൊന്നിന് ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പുതിയ ഒരു പദ്ധതി 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ

വാസയോഗ്യമായ ഭവനമില്ലാത്ത എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഭവന നിർമ്മാണത്തിനും സ്വന്തമായി വസ്തുവില്ലാത്തവർക്ക് ഭൂമി വാങ്ങിവീട് വയ്ക്കുന്നതിനും എല്ലാ ഭവനങ്ങളിലും ഉപയോഗയോഗ്യമായ ശൗചാലയങ്ങൾ ഉറപ്പ് വരുത്തുന്നതിനും ഉദ്ദേശിക്കുന്നു. തീരദേശത്തെ മാലിന്യ സംസ്കരണം ലക്ഷ്യമിട്ട് 'ശുചിത്വതീരം'പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കാനും ഉദ്ദേശിക്കുന്നു. വിശദപഠനങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിനും അനുയോജ്യമായ തീരസംരക്ഷണ സംവിധാനങ്ങൾ സൃഷ്ടിച്ച് തീരദേശ ജനതയെ കടൽക്ഷോഭ ദുരിതങ്ങളിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്തരമൊരു പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ആദ്യപടിയായി ഇതിന്റെ സാദ്ധ്യതാ പഠനം നടത്തുന്നതിന് നടപ്പു വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 50 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) വിവിധങ്ങളായ ഘടകങ്ങളെ സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതിക്ക് വിവിധ ശീർഷകങ്ങളിലായി 198 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര തീരദേശ വികസന പാക്കേജ് നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി 25 കോടി രൂപ 2016 ജൂലൈ 8-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) മത്സ്യഗ്രാമങ്ങളിലെ അടിസ്ഥാന പ്രശ്നങ്ങൾ മുഴുവൻ മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് സംസ്ഥാനത്തൊന്നാകെ പരിഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിൽ 222 കടലോര മത്സ്യഗ്രാമങ്ങളും 113 ഉൾനാടൻ മത്സ്യഗ്രാമങ്ങളും നിലവിലുണ്ട്. അവയുടെ സമഗ്രപുരോഗതിയാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്.

**വിദ്യാഭ്യാസ നയം**

20 (*260) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിദ്യാഭ്യാസനയത്തിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതു വിധത്തിലുള്ള മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) അതുപ്രകാരം, കുട്ടികളിൽ പൗരബോധം വളർത്തിയെടുക്കാൻ നിലവിലുള്ളതിൽ കൂടുതലായി എന്തൊക്കെ പരിഷ്കാരങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ-സി) ഉണ്ട്. പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കുക എന്നുള്ളതാണ് സർക്കാരിന്റെ വിദ്യാഭ്യാസ നയം. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും പാഠ്യപദ്ധതികൾ പരിഷ്കരിച്ചും അക്കാഡമിക നിലവാരം ഉയർത്തിയും പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ് പ്രധാനലക്ഷ്യം. വിവിധ വിഭവ സ്രോതസ്സുകളെ ഉദ്ഗ്രഥിച്ചുകൊണ്ടാണ് മേൽപ്പറഞ്ഞ പ്രക്രിയയ്ക്ക് ആവശ്യമായ വിഭവം കണ്ടെത്തുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പൂർണ്ണമായ അക്കാഡമിക് സ്വയംഭരണം നൽകിക്കൊണ്ടും ലൈബ്രറി, ലബോറട്ടറി എന്നിവ ആധുനികവത്കരിച്ചുകൊണ്ടുമാണ് മികവിന്റെ കേന്ദ്രങ്ങളാക്കുക. നിലവിലുള്ള അദ്ധ്യാപക കേന്ദ്രീകൃത വിദ്യാഭ്യാസ രീതിക്കുപകരം വിദ്യാർത്ഥി കേന്ദ്രീകൃത രീതി അവലംബിക്കുന്നതിലൂടെ ഓരോ കുട്ടിയുടെയും സർഗ്ഗപരമായ കഴിവുകളെ സമഗ്രമായി വികസിപ്പിച്ചെടുത്ത് സാമൂഹിക പ്രതിബന്ധതയുള്ളവരാക്കി മാറ്റിക്കൊണ്ടാണ് പൗരബോധം വളർത്തുവാൻ ഉദ്ദേശിക്കുന്നത്.

**വിദ്യാലയങ്ങളെ മാതൃകാസ്ഥാപനങ്ങളാക്കുന്ന പദ്ധതി**

21 (*261) പ്രൊഫ.കെ.യു. അരുണൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എം. സ്വരാജ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സഹായമില്ലാതെ സംസ്ഥാന സർക്കാർ പാഠ്യപദ്ധതിയനുസരിച്ചും മറ്റ് പാഠ്യപദ്ധതിപ്രകാരവും അധ്യയനം നടത്തുന്ന വിദ്യാലയങ്ങൾ വർഷംതോറും വർദ്ധിച്ച് വരുന്ന പ്രവണത പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നത്തിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരേ പാഠ്യപദ്ധതിയനുസരിച്ചുള്ള വിദ്യാലയങ്ങളിൽത്തന്നെ അമിത ഫീസ് ഈടാക്കുന്ന വിദ്യാലയങ്ങളിൽ തങ്ങളുടെ കുട്ടികളെ അയയ്ക്കുവാൻ രക്ഷിതാക്കൾ തയ്യാറാകുന്നത് ആസൂത്രിത പ്രചാരണത്തിന്റെ ഭാഗമായി മാത്രമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഈ പ്രവണത മാറ്റുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ; സ്കൂളുകളുടെ നിലവാരത്തിലുള്ള അന്തരം കൊണ്ടാണെങ്കിൽ അതു നികത്തുവാനായി എന്തു നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(സി) പൊതു വിദ്യാലയങ്ങളും വിദ്യാഭ്യാസ സമ്പ്രദായവും സാമൂഹിക ഐക്യത്തിന് അനിവാര്യമാണെന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വിദ്യാലയങ്ങളെ മാതൃകാ സ്ഥാപനങ്ങളാക്കുന്നതിനുള്ള പദ്ധതിയെന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ & ബി) എസ്.എസ്.എ മുഖാന്തിരം വിശകലനം നടത്തിയിട്ടുണ്ട്. ആസൂത്രിത പ്രചാരണത്തിന്റെ ഭാഗമാണെന്ന് കരുതുന്നില്ല. എന്നിരുന്നാലും കേന്ദ്ര സിലബസ്സുകളോടും ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തോടും രക്ഷിതാക്കൾക്കുള്ള അമിതമായ താത്പര്യവും മികച്ച പശ്ചാത്തല സൗകര്യങ്ങൾ ഈ സ്കൂളുകളിൽ ലഭ്യമാകുന്നതും കാരണമാകുന്നുണ്ട്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനായി പൊതുവിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിച്ചും സിലബസ് പരിഷ്കരണം നടത്തിയും സംസ്ഥാന സിലബസ് കൂടുതൽ നിലവാരത്തിലുയർത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 100 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 'പ്രിസം' പദ്ധതി സർക്കാരിന്റെ നയരൂപീകരണത്തിന്റെ ഭാഗമായി പരിഗണനയിലുണ്ട്. സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിന് LAC-ADS വിനിയോഗത്തിൽ സ്കൂളുകളെ ഉൾപ്പെടുത്തിയതും ഈയൊരു ഉദ്ദേശ്യത്തിലാണ്. കൂടാതെ ഉച്ചഭക്ഷണം, പാഠപുസ്തകങ്ങൾ, യൂണിഫോം വസ്ത്രങ്ങൾ തുടങ്ങിയവ നൽകുന്നതിലൂടെ എല്ലാ വിദ്യാർത്ഥികൾക്കും തുല്യ അവസരങ്ങളും അവകാശവും അതുമൂലം സാമൂഹിക ഐക്യവും പ്രദാനം ചെയ്യാനും സാധിക്കുന്നു.

## പാഠപുസ്തക അച്ചടിയും വിതരണവും

22 (*262) ശ്രീ. ഡി. കെ. മുരളി :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷത്തേയ്ക്കുള്ള പാഠ പുസ്തക അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പാഠപുസ്തകങ്ങളുടെ വിതരണം വൈകാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള പാഠ പുസ്തകങ്ങളുടെ അച്ചടിയും വിതരണവും യഥാസമയം പൂർത്തിയാക്കുന്നതിന് മുൻകൂർ നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഈ അധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസുകളിലെ സിംഗിൾ, വാല്യം-I ഈ ഇനങ്ങളിലെ പാഠപുസ്തക അച്ചടിയും വിതരണവും പൂർത്തിയായിട്ടുണ്ട്. ഈ വർഷം ഓൺ ലൈൻ ആയി ഇന്റന്റ് സമർപ്പിച്ച ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് ടു പാഠപുസ്തകങ്ങളുടെ 90 ശതമാനവും പ്ലസ് വൺ പാഠപുസ്തകങ്ങളുടെ 70 ശതമാനവും വിതരണം ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷത്തെ അപാകതകൾ പരിഹരിച്ച് ഈ അധ്യയന വർഷം വിദ്യാർത്ഥികൾക്ക് കൃത്യമായി പുസ്തക വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിരുന്നു. പേപ്പർ കെ.ബി.പി.എസ്. നേരിട്ട് വാങ്ങുന്നതിന് അനുമതിയേകി ഇന്റന്റ് സമയബന്ധിതമായി നൽകി, മൊഡ്യൂളുകളും നൽകി, അച്ചടി നിരീക്ഷിച്ച് വിതരണത്തിനുള്ള സൊസൈറ്റി ലിസ്റ്റ് സമയത്തുതന്നെ നൽകി, അച്ചടിക്കുന്ന പാഠപുസ്തകങ്ങൾ കെ.ബി.പി.എസ്. നേരിട്ട് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഐ.റ്റി. @ സ്കൂൾ സൈറ്റ് വഴി മുന്നേതന്നെ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ടായിരുന്നു. അതോടൊപ്പം പൊതുവിദ്യാഭ്യാസ ഡയറക്ടറും ടെക്സ്റ്റ് ബുക്ക് ഓഫീസറും

പാഠപുസ്തക അച്ചടിയും വിതരണവും കൃത്യമായി മോണിറ്റർ ചെയ്യുന്ന സംവിധാനവും ഏർപ്പാട് ചെയ്തിരുന്നു. വളരെ മുൻകൂട്ടി പാഠപുസ്തക അച്ചടി പ്ലാൻ ചെയ്ത് നടപ്പിൽ വരുത്തിയതിന്റെ ഫലമായിട്ടാണ് ഈ വർഷം പാഠപുസ്തക വിതരണം കാര്യക്ഷമമാക്കുവാൻ കഴിഞ്ഞത്. 3-3-2016-ലെ ജി.ഒ. (ആർ. ടി.) നമ്പർ 974/2016/പൊ.വി.വ. പ്രകാരം 2016-17 അധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തക അച്ചടിക്കും വിതരണത്തിനുമായി 14-3-2016-ന് കേരള ഗവൺമെന്റ് സ്ഥാപനമായ സി-ആപ്റ്റിനെ ഹയർ സെക്കണ്ടറി ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൽ അധ്യയന വർഷാരംഭത്തിന് മുമ്പുതന്നെ സ്കൂളുകളിൽ പാഠപുസ്തക വിതരണം പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

(സി) ഇക്കാര്യത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**റോഡ് ടാറിംഗിന് ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പ്രയോജനപ്പെടുത്തൽ**

23 (*263) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഈ വർഷം സംസ്ഥാനത്തെ റോഡ് സർഫേസിംഗിനും റീസർഫേസിംഗിനും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര കിലോമീറ്റർ റോഡാണ് ഇപ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമൂലം ഉണ്ടാകുന്ന പ്രയോജനങ്ങൾ വിശദമാക്കുമോ;

(ഡി) റോഡ് റീസർഫേസ് ചെയ്യുന്നതിനായി ബി.പി.സി.എൽ. ഉല്പാദിപ്പിച്ചിട്ടുള്ള എൻ.ആർ.എം.ബി. (നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ 100 കി.മീ. റോഡാണ് ഇപ്രകാരം നിർമ്മിക്കാനുദ്ദേശിക്കുന്നത്.

(സി) റോഡ് നിർമ്മാണത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് കാരണം പ്ലാസ്റ്റിക് മാലിന്യം കൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാനും റോഡിന്റെ ഉപരിതലത്തിന്റെ ഗുണനിലവാരം ഉയർത്തുവാനും വാഹനങ്ങളുടെ തേയ്മാനം കുറയ്ക്കുവാനും സാധിക്കും. കൂടാതെ ചെറിയ തോതിൽ ചെലവ് കുറയുകയും ചെയ്യും.

(ഡി) ഉണ്ട്. 2015-16 സാമ്പത്തിക വർഷം 10852 മെട്രിക് ടൺ NRMB സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ട്. പൊതുമരാമത്ത് റോഡിന്റെ പ്രവൃത്തികളിൽ പരമാവധി NRMB ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## റവന്യൂ വകുപ്പിൽ ഇ-രേഖാ പദ്ധതി

24 (*264) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂവകുപ്പിൽ ഇ-രേഖാ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾ വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദമാക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) പുരാതന സർവ്വേ രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ എംപവേർഡ് കമ്മിറ്റിയിൽ അംഗീകാരം

ലഭ്യമാക്കി ഇ-രേഖ എന്ന പേരിൽ ഒരു റെക്കോർഡ് കൺസർവേഷൻ പദ്ധതി സർവ്വെയും ഭൂരേഖയും വകുപ്പിൽ കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ വഴി നടപ്പാക്കിവരുന്നു.

(ബി) ഇ-രേഖ എന്ന പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റിക്കോർഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ്, ടച്ച് സ്ക്രീൻ കിയോസ്ക് എന്നിവയുടെ സഹായത്താൽ "Online payment gateway" വഴി പണമടച്ച് റിക്കോർഡുകളുടെ പകർപ്പുകൾ ലഭ്യമാക്കുവാനും അതിലൂടെ സർവ്വെ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്ക്കരിച്ച് ജനകീയവും സുതാര്യവുമാക്കുന്നതിനും ടി പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു. ടി പദ്ധതിയോടനുബന്ധമായി കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ തയ്യാറാക്കിയിട്ടുള്ള 'ഇ-രേഖ' വെബ് പോർട്ടലിൽ ഇതിനോടകം 337 വില്ലേജുകളുടെ FMB മാപ്പുകൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്.

(സി) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ 9-ാം എംപവേർഡ് കമ്മിറ്റിയിൽ സർവ്വേ വകുപ്പിലെ പുരാതന റിക്കോർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും അവ ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ NLRMP-യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തു. ജില്ലകളിൽ ഒന്നു വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും 13 ജില്ലകളിൽ റീസർവ്വെ ഡാറ്റകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി പ്രസ്തുത സെന്ററുകൾ മിഷന്റെ കീഴിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയുടെ പ്രസ്തുത തീരുമാനത്തെ തുടർന്ന് ടി പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വെ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ സോഫ്റ്റ്വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ് സെർവർ വാങ്ങുകയും ആയതിന്റെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗതിയിലുമാണ്.

ജില്ലാതലങ്ങളിലെ റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേ റെക്കോർഡ് റൂമുകൾക്കുവേണ്ടിയുള്ള അനുമതി 2012-13-ലെ ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമായിട്ടുണ്ട്. മേൽ വിവരിച്ച പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ ടെക്നിക്കൽ കമ്മിറ്റികൾ കൂടുകയും പദ്ധതികൾ നടപ്പാക്കിവരികയും ചെയ്യുന്നു. ഇ-രേഖ പദ്ധതി പ്രകാരം കൺസർവേഷൻ സാദ്ധ്യമാക്കിയ പുരാതന സർവ്വെ റിക്കാർഡുകൾ സെൻട്രൽ സർവ്വെ ഓഫീസിൽ ഇതിലേക്കായി മിഷൻ സ്ഥാപിച്ചിട്ടുള്ള സെൻട്രൽ മോഡേൺ റിക്കോർഡ് റൂമിലേക്ക് മാറ്റി സൂക്ഷിക്കുന്നുമുണ്ട്.

**ഭവന രഹിതർക്കായി ഭവനനിർമ്മാണ പദ്ധതികൾ**

25 (*265) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന രഹിതർക്കായി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന വിവിധ തരത്തിലുള്ള ഭവനനിർമ്മാണ പദ്ധതികളിൽ ഓരോ പദ്ധതിയുടെയും ലക്ഷ്യം എന്തായിരുന്നുവെന്നും ആയത് യഥാസമയം നിറവേറ്റാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ഭവന രഹിതരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവർക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഭവന രഹിതർക്കായി സംസ്ഥാനത്ത് ഭവനനിർമ്മാണ ബോർഡ് മുഖേന ഭവന നിർമ്മാണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഗൃഹശ്രീ ഭവന പദ്ധതി
2. സാഫല്യം ഭവന പദ്ധതി
3. ഇന്നൊവേറ്റീവ് (അത്താണി) ഭവന പദ്ധതി

ഗൃഹശ്രീ ഭവന പദ്ധതി :

സംസ്ഥാനത്ത് ഭവന രഹിതരായ സ്വന്തമായി 2 സെന്റ്/ 3 സെന്റ് ഭൂമിയുള്ള ദുർബ്ബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/ കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ വീട് ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ 2 ലക്ഷം രൂപ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതാണ് ഗൃഹശ്രീ ഭവന പദ്ധതി.

ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും തിരിച്ചടവില്ലാത്ത പദ്ധതിയായതിനാൽ നടപടി ക്രമങ്ങൾ പരമാവധി ലഘൂകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയിൽ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് ഏകദേശം 2700 -ഓളം ഭവനരഹിതർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

സാഫല്യം ഭവനപദ്ധതി :

ദുർബ്ബലവിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡിയോടുകൂടിയും പഞ്ചായത്തുകളുടെയും സന്നദ്ധസംഘടന/ കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുക എന്നതാണ് സാഫല്യം ഭവന പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഹഡ്കോ വായ്പ സമാഹരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നത്. ഹഡ്കോ വായ്പ സമാഹരിക്കാൻ കഴിയാതെവന്ന സാഹചര്യത്തിൽ ടി തുക പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കിയ ചാത്തന്നൂർ, ചോറ്റാനിക്കര, ചേളന്നൂർ എന്നീ മൂന്ന് പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിയെങ്കിലും മറ്റ് സ്ഥലങ്ങളിൽ പഞ്ചായത്തുകളുടെ നിസ്സഹകരണംമൂലം ടി പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ഇന്നൊവേറ്റീവ് (അത്താണി) ഭവനപദ്ധതി :

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ് ഇന്നൊവേറ്റീവ് ഭവന പദ്ധതി. ടി ലക്ഷ്യം നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഭവനനിർമ്മാണ വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 4,72,000 ഭവന രഹിതരുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

എല്ലാവർക്കും വീട് പദ്ധതി :

സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22000 വീടുകളും അനുവദിക്കുന്ന "എല്ലാവർക്കും വീട്" പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി രണ്ട് സെന്റ് ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് 7000 വീടുകൾ നിർമ്മിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

## പി.ഡബ്ല്യൂ.ഡി. വകുപ്പിന്റെ ആധുനികവത്കരണം

26 (*266) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി; വിശദീകരിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പിനെ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി വിവിധ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. പൊതുമരാമത്ത് വകുപ്പ് മാന്വൽ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

2. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് National Informatic Centre (NIC) -മായി സഹകരിച്ച് Project Information and Cost Estimation (PRICE) സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.

3. ഇ-ടെണ്ടറിംഗ് സിസ്റ്റം നിലവിൽ വരുത്തി.

4. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

5. പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേക്കായി റോഡുകളും പാലങ്ങളും വിഭാഗത്തിൽ MoRTH Specification - ഉം Delhi Schedule of Rate - ഉം നടപ്പിലാക്കി.

6. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ചു.

7. ആധുനിക സാങ്കേതികവിദ്യ നടപ്പാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്രീകൃത പരിശീലനത്തിനുവേണ്ടി നേര്യമംഗലത്ത് ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണവും നടന്നുവരുന്നു.

(ബി) മേൽപ്പറഞ്ഞ പരിഷ്കാരങ്ങൾ മുഖേന പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കിയിട്ടുണ്ട്. മാന്വൽ പരിഷ്കരണം മുഖേന ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ പുനർ ക്രമീകരിച്ചതിനാൽ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനമായ Project Information and cost Estimation സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതുവഴി എസ്റ്റിമേറ്റ് തയ്യാറാക്കി അവ അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. ഇ-ടെണ്ടറിംഗ്, ഇ-പേമെന്റ് സംവിധാനം വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യമാക്കുവാനും സാധിക്കുന്നുണ്ട്. MoRTH Specification -ഉം Delhi Schedule of Rate - ഉം നടപ്പിലാക്കിയതുവഴി പ്രവൃത്തികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ കഴിയുന്നുണ്ട്. ജില്ലാതലത്തിലുള്ള ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഗൗരവപൂർവ്വം വിലയിരുത്തി നടപ്പാക്കുകയും പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

27 (*267) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി സി. കെ. ആശ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാറിംഗിനുള്ള ബിറ്റുമിൻ മിശ്രിതത്തിൽ പ്ലാസ്റ്റിക് മാലിന്യം നിശ്ചിത അളവിൽ ചേർക്കണമെന്ന് കേന്ദ്ര ഗതാഗത മന്ത്രാലയം ദേശീയ പാതാ അതോറിറ്റിക്ക് നിർദ്ദേശം നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ബിറ്റുമിൻ മിശ്രിതത്തിൽ എത്ര ശതമാനം പ്ലാസ്റ്റിക് ചേർക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് സംസ്ഥാനത്ത് വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) റോഡ് നിർമ്മാണത്തിൽ പ്ലാസ്റ്റിക് ചേർക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ദേശീയ പാതകളിൽ പ്ലാസ്റ്റിക് മാലിന്യം ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം ദേശീയപാത വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. IRC 8 P 98-2013 പ്രകാരം 6 മുതൽ 8% വരെ പ്ലാസ്റ്റിക് ബിറ്റുമിൻ മിശ്രിതത്തിൽ ചേർക്കാമെന്ന് പ്രതിപാദിക്കുന്നു.

(ബി) ഉണ്ട്.

(സി) റോഡ് നിർമ്മാണത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ചേർത്ത് ഉപയോഗിക്കുന്നതുകാരണം പ്ലാസ്റ്റിക് മാലിന്യം കൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നം നിയന്ത്രിക്കുവാനും ബിറ്റുമിന്റെ അളവ് ലാഭിക്കുവാനും, റോഡിന്റെ ഉപരിതലത്തിന്റെ ഗുണനിലവാരം ഉയർത്തുവാനും വാഹനങ്ങളുടെ തേയ്മാനം കുറയ്ക്കുവാനും സാധിക്കുന്നതാണ്. കൂടാതെ ചെറിയ രീതിയിലുള്ള സാമ്പത്തിക ലാഭവും ഉണ്ടാകുന്നതാണ്.

## കാലവർഷത്തിലും കാറ്റിലുമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം

28 (*268) ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പാറക്കൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിലും അതിനോടനുബന്ധിച്ചുണ്ടായ കാറ്റിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ നഷ്ടപരിഹാരം അനുവദിക്കുന്ന കാര്യത്തിൽ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ പൂർത്തിയാക്കി നഷ്ടപരിഹാരം എത്രയും പെട്ടെന്ന് നൽകാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) കാലവർഷത്തിലും അതിനോടനുബന്ധിച്ചുണ്ടായ കാറ്റിലും സംഭവിച്ച നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ജില്ലകളിൽ 23 കിണറുകൾക്കും 14 തൊഴുത്തുകൾക്കും നാശനഷ്ടം സംഭവിച്ചു. ടി ജില്ലകളിലെ കാലവർഷക്കെടുതിയിൽ മരണപ്പെട്ടവരുടെ എണ്ണം 12-ഉം പരിക്കേറ്റവരുടെ എണ്ണം 5-ഉം ആണ്. മേൽപ്പറഞ്ഞ ജില്ലകളിലും തൃശ്ശൂർ ജില്ലയിലുമായി പൂർണ്ണമായും നാശനഷ്ടം സംഭവിച്ച വീടുകൾ 47-ഉം ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾ 1973-ഉം ആണ്. കൊല്ലം ജില്ലയിൽ മൊത്തം 54,90,000 രൂപയുടെ നാശനഷ്ടവും കോട്ടയം ജില്ലയിൽ വീട്, കൃഷി, മൃഗസംരക്ഷണം എന്നിവയിലായി 96,15,661 രൂപയുടെ നാശനഷ്ടവും ഇടുക്കി ജില്ലയിൽ 1,61,82,080 രൂപയുടെ നാശനഷ്ടവും എറണാകുളം ജില്ലയിൽ 65,67,651 രൂപയുടെ നാശനഷ്ടവും പാലക്കാട് ജില്ലയിൽ 4,96,000 രൂപയുടെ നാശനഷ്ടവും കണക്കാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നാശനഷ്ടത്തിന്റെ ഭാഗികമായ കണക്ക് മാത്രമേ ലഭ്യമായിട്ടുള്ളൂ. എന്നാൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ,

മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ കാലവർഷത്തോടനുബന്ധിച്ചുള്ള നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 11-7-2016 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ 35,99,38,240 രൂപയുടെ കൃഷിനാശം കണക്കാക്കിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. കാലവർഷക്കെടുതിയിൽ നാശനഷ്ടങ്ങൾ സംഭവിക്കുന്നവർക്ക് ദേശീയ ദുരന്ത പ്രതികരണ നിധി/ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ 20-5-2015-ലെ സ.ഉ. (കൈ) നമ്പർ 194/2015/ഡി.എം.ഡി., 23-7-2015-ലെ സ. ഉ. (കൈ) നമ്പർ 343/2015/ഡി.എം.ഡി. എന്നീ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള ആശ്വാസ ധനസഹായമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നിലവിൽ അനുവദിക്കുന്നത്. കൃഷിനാശത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾക്ക് ഉപരിയായിട്ടുള്ള തുക കൃഷി വകുപ്പിന്റെ 29-9-2015-ലെ സ.ഉ.(കൈ) നമ്പർ 182/2015/എ.ഡി. ഉത്തരവിൻ പ്രകാരം അനുവദിക്കുന്നുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് നിയമനിർമ്മാണം**

29(*269) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി.അബ്ദുൾ ഖാദർ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന സാമഗ്രികളുടെ ഉടമസ്ഥതയുള്ള മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും കടലിലേക്കുള്ള പ്രവേശനത്തിനും സമുദ്ര വിഭവങ്ങളുടെ ഉപയോഗത്തിനുമായി സമഗ്രമായ ഒരു അക്വേറിയൻ റീഫോംസ് ആക്ട് പ്രാബല്യത്തിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) സമുദ്ര മത്സ്യ വിഭവ സംരക്ഷണത്തിൽ നിലവിലുള്ള വെല്ലുവിളികളെ നേരിടുന്നതിനും മത്സ്യ സമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുന്നതിനുമായി 1980-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ കാലോചിതമായ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ സംരക്ഷണത്തിനായി സംയോജിത പദ്ധതികൾ നടപ്പിലാക്കുമോ; വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി

(ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) ഉണ്ട്. 13-4-2007-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം. 245/07/മതുവ പ്രകാരം ഫിഷറീസ് മേഖലയിൽ അക്വേറിയൻ റിഫോംസ് ആക്ട് നടപ്പിൽ വരുത്തുന്നതിനായി ഒരു എക്സ്പോർട്ട് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഫിഷറീസ് മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കളുമായും മത്സ്യത്തൊഴിലാളികളുമായും കമ്മിറ്റി സിറ്റിംഗ് നടത്തുകയും മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥാവകാശവും മത്സ്യത്തിന്റെ ആദ്യ വിൽപ്പനയുള്ള അവകാശവും മത്സ്യത്തൊഴിലാളികൾക്കു മാത്രം ഉറപ്പുവരുത്തുന്നതിനും കൂടാതെ ടെറിറ്റോറിയൽ സമുദ്ര മേഖലയിലെ മത്സ്യസമ്പത്തിന്റെ പൂർണ്ണ അവകാശം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുമായി കമ്മിറ്റി ശിപാർശ ചെയ്യുകയും അതുപ്രകാരം അക്വേറിയൻ ബില്ലിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനം ഉറപ്പു വരുത്തുന്നതിനു വേണ്ടി ടെറിറ്റോറിയൽ സമുദ്ര മേഖലയിലെ മത്സ്യബന്ധനത്തിന്റെ ആദ്യവിൽപ്പന ക്രമപ്പെടുത്തുകയും ചെയ്യുന്നതിനായുള്ള അക്വേറിയൻ റിഫോംസിന്റെ കരട് ബില്ല് സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്. കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ കാലോചിതമായ ഭേദഗതി വരുത്തുന്നതിലേയ്ക്കായി ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനായും സെന്റർ ഫോർ മറൈൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) & സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പിലെ ഉയർന്ന സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്. നിർദ്ദിഷ്ട സമിതി തയ്യാറാക്കുന്ന ശിപാർശകൾ സർക്കാർ പരിശോധിച്ച് നിയമഭേദഗതി നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(സി) ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. മുൻകാലങ്ങളിൽ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ മത്സ്യങ്ങളുടെ വംശനാശം തടയുന്നതും ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികൾ പ്രകാരം കോട്ടയം ജില്ലയിലെ കുമരകം, ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, കൊല്ലം ജില്ലയിലെ ചേലൂർ കായൽ, പത്തനംതിട്ട ജില്ലയിലെ പമ്പാനദി, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കൊളച്ചേരി എന്നിവിടങ്ങളിലായി 7 മത്സ്യ സങ്കേതങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി

30 (*270) ശ്രീ. ഒ. ആർ. കേളു :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആവശ്യത്തിന് ഫണ്ട് അനുവദിക്കാതെയും അനുവദിക്കുന്ന ഫണ്ട് യഥാസമയം ലഭ്യമാക്കാതെയും സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി പ്രതിസന്ധിയിലായിരുന്നുവെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ;

(ബി) പ്രധാനാദ്ധ്യാപകരെ കടക്കെണിയിലാഴ്ത്താതെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയിൽ കൃത്യത വരുത്തുന്നതിനും പോഷക ഗുണമുള്ള ആഹാരം നൽകാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) സർക്കാരിന്റെ ഉത്തരവാദിത്വം നിലനിർത്തിക്കൊണ്ടുതന്നെ അദ്ധ്യാപക രക്ഷാകർതൃ സമിതികളെ കൂടി പങ്കാളികളാക്കി, പദ്ധതി കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും പച്ചക്കറി, പലവ്യഞ്ജനം, പയർവർഗ്ഗങ്ങൾ, എണ്ണ, വിറക് എന്നിവയുടെ ക്രമാതീതമായ വില വർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് കണ്ടിജന്റ് ഇനത്തിൽ നൽകി വരുന്ന തുക കാലോചിതമായി പരിഷ്കരിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 150-ൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളിൽ കണ്ടിജന്റ് ചാർജ്ജ് കുട്ടിയൊന്നിന് 8 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 150 കുട്ടികളിൽ കുറവുള്ള സ്കൂളുകളിലെ കുട്ടികൾക്കുകൂടി കണ്ടിജന്റ് ചാർജ്ജ് 5 രൂപയിൽനിന്നും ഉയർത്തി എല്ലാ കുട്ടികൾക്കും 8 രൂപ നിരക്കിൽ കണ്ടിജന്റ് ചാർജ്ജ് നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.

(ബി) പ്രഥമാദ്ധ്യാപകർക്ക് നിലവിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ തുക മുൻകൂറായാണ് (4 മാസത്തേക്ക്) നൽകി

വരുന്നത്. കുട്ടികൾക്ക് ശാരീരിക-മാനസിക വളർച്ചയ്ക്കും വികാസത്തിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ശാരീരിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജ്ജം പ്രദാനം ചെയ്യുന്നതിനും ഉതകുന്ന തരത്തിൽ എല്ലാ പോഷക ഘടകങ്ങളും ആവശ്യമായ അളവിലും അനുപാതത്തിലും കിട്ടത്തക്കവിധത്തിൽ പ്രാദേശിക സാഹചര്യവും കൂടി കണക്കിലെടുത്ത് വൈവിധ്യമായ പ്രതിദിനമെനു നിശ്ചയിക്കുവാൻ അതാത് സ്കൂൾ നൂൺ ഫീഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ മേൽനോട്ടത്തിലാണ് സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടന്നുവരുന്നത്. ഇതിനായി അദ്ധ്യാപക രക്ഷാകർതൃ സമിതി പ്രസിഡന്റ് ചെയർമാനായി സ്കൂളുകളിൽ നൂൺ ഫീഡിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ഒരു മദർ പി.ടി.എ. അംഗം, എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട രക്ഷകർത്താക്കളുടെ രണ്ട് പ്രതിനിധികൾ എന്നിവർകൂടി ഉൾപ്പെടുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആർ.ഐ.ഡി.എഫ്. പദ്ധതി

1 (2031) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഒന്നുംതന്നെ ഇല്ല.

### ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ

2 (2032) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡത്തിലെ നിലവിലുള്ള പി.ഡബ്ല്യു.ഡി. റോഡുകൾ ഏതൊക്കെ പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസുകളുടെ പരിധിയിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾ തിരുവനന്തപുരം പി.ഡബ്ല്യു.ഡി. ഡിവിഷൻ ഉൾപ്പെടെയുള്ള വിവിധ ഓഫീസുകളുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റോഡുകൾ ചാത്തന്നൂർ സെക്ഷന്റെ പരിധിയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിലവിലുള്ള പി.ഡബ്ല്യു.ഡി. റോഡുകൾ കൊല്ലം ജില്ലയിലെ ചാത്തന്നൂർ, എഴുകോൺ, തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ, വർക്കല എന്നീ റോഡ്സ് സെക്ഷൻ ഓഫീസുകളുടെ അധികാര പരിധിയിലാണ്.

(ബി) ഇല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക്കിലെ കെട്ടിട നിർമ്മാണം

3 (2033) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ പ്രവർത്തിക്കുന്ന ഇ.കെ.നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക്കിന്റെ മുടങ്ങിക്കിടക്കുന്ന കെട്ടിടം പണികൾക്ക് പുതുക്കിയ എ.എസ്. ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ പ്രവർത്തിക്കുന്ന ഇ.കെ.നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക്കിന്റെ മുടങ്ങിക്കിടക്കുന്ന കെട്ടിടം പ്രവൃത്തിക്ക് 6-12-2014-ൽ 723 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും, 23-4-2016-ൽ സാങ്കേതികാനുമതിയും നൽകി. എന്നാൽ തുടർ പരിശോധനയിൽ എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം കണ്ടതിനെത്തുടർന്ന് ആയത് പരിഹരിച്ച് 13-7-2016 -ന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## ബി.എം. ആന്റ് ബി.സി. ടാറിംഗ്

4 (2034) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. എം. & ബി. സി ടാറിംഗ് നടത്തുന്ന റോഡുകളിൽ, പ്രസ്തുത മിശ്രിതത്തിന്റെ താപനില കൃത്യമാണെന്നും ടാറിംഗ് ശരിയായ രീതിയിൽ നടത്തുന്നുണ്ടെന്നും ഉറപ്പുവരുത്തുമോ;

(ബി) മിശ്രിതം റോഡിലിടേണ്ട കൃത്യം താപനില എത്രയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ബി.എം. & ബി. സി. ടാറിംഗ് നടത്തുന്ന റോഡുകളിൽ, പ്രസ്തുത മിശ്രിതത്തിന്റെ താപനില കൃത്യമാണെന്നും ടാറിംഗ് ശരിയായ രീതിയിൽ നടത്തുന്നുണ്ടെന്നും ഉറപ്പുവരുത്താറുണ്ട്.

(ബി) ബി എം & ബി സി. പ്രകാരമുള്ള ടാറിംഗ് നടത്തുമ്പോൾ ബിറ്റുമിന്റെ വിവിധ ഗ്രേഡ് അനുസരിച്ച് 115 മുതൽ 130 ഡിഗ്രി സെൽഷ്യസ് വരെയുള്ള താപനിലയിലാണ് മിശ്രിതം റോഡിലിടുന്നത്.

## യു.എൽ.സി.സി. സൊസൈറ്റിയുടെ വർക്കുകൾ

5 (2035) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എൽ.സി.സി. സൊസൈറ്റി -യ്ക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-2016) എത്രകോടി രൂപയുടെ വർക്ക് നൽകിയിട്ടുണ്ട്; ഇത് ഏതൊക്കെ ജോലിയെന്നും ഇതിന്റെ കരാർ തുക എത്രയെന്നും, ഏതൊക്കെ ജില്ലയിലാണ് ജോലിയെന്നും ഓരോ വർക്കിനും എഗ്രിമെന്റ് തുകയെക്കാൾ കൂടുതൽ കൊടുത്ത തുക എത്രയെന്നും പ്രത്യേകം പ്രത്യേകം വിശദമായി വിവരിയ്ക്കുമോ;

(ബി) ടി കാലത്ത് ടെണ്ടർ ഇല്ലാതെ യു.എൽ.സി.സി സൊസൈറ്റിക്ക് കൊടുത്ത ജോലികൾ ജില്ലതിരിച്ച് ജോലി ഏതെന്നും തുക എത്ര കോടി വീതമെന്നും വിശദമാക്കുമോ;

(സി) ഈ സൊസൈറ്റിക്ക് കൊടുത്ത ഏതെങ്കിലും ജോലികൾക്ക് ഏതെങ്കിലും ഏജൻസികളുടെ അന്വേഷണം നേരിടുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) യു.എൽ.സി.സി. സൊസൈറ്റി-ക്ക് വേണ്ടി കരാറുകളിൽ ഒപ്പിടുന്നത് ആരാണ്?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-2016) യു.എൽ.സി.സി. സൊസൈറ്റി-യ്ക്ക് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിന്ന് 851.93 കോടി രൂപയുടെയും, കെട്ടിട വിഭാഗത്തിൽ നിന്ന് 71.253 കോടി രൂപയുടെയും, ദേശീയപാത വിഭാഗത്തിൽ നിന്ന് 326.76 കോടി രൂപയുടെയും, ആർ ബി.ഡി.സി കെ-യിൽ നിന്നും 17.91 കോടി രൂപയുടെയും വർക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ളതും, അധിക തുക അനുവദിച്ചതുമായ വിവരങ്ങൾ അനുബന്ധം 1 *ആയി ചേർത്തിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ നാദാപുരം കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി 4,7034,368 രൂപ കെട്ടിടം വിഭാഗത്തിന്റെ കീഴിൽ ടെണ്ടർ ഇല്ലാതെ നൽകിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും, ദേശീയപാത വിഭാഗങ്ങളുടെ കീഴിൽ ടെണ്ടർ ഇല്ലാതെ നൽകിയിട്ടുള്ള വിവരം അനുബന്ധം 11 ആയി ചെർത്തിട്ടുണ്ട്* .

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) യു.എൽ.സി.സി. സൊസൈറ്റി-ക്ക് വേണ്ടി കരാറുകളിൽ ഒപ്പിടുന്നത് ടി സൊസൈറ്റിയുടെ പ്രസിഡന്റാണ്.

**പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്കരണം**

6 (2036) ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി മാന്വൽ പരിഷ്കരിക്കുന്നതിനായി എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതിക്കുണ്ടായിരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി; വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) 1-2-2012-ലെ സ.ഉ.(പി) നം. 13/2012/ പൊ.മ.വ. പ്രകാരം പി.ഡബ്ല്യു.ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണനിലവാരം, ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കാര്യക്ഷമത എന്നിവയിൽ പ്രകടമായ മാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) 1-2-2012-ലെ സ.ഉ.(പി) നമ്പർ 13/2012/പൊ.വ.മ. പ്രകാരം പി.ഡബ്ല്യു.ഡി മാന്വൽ കാലോചിതമായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. 21-3-2012-ലെ സ.ഉ. (പി) നമ്പർ 32/2012/പൊ.മ.വ പ്രകാരം പരിഷ്കരിച്ച മാന്വൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കുന്നതിനും ആയത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഭേദഗതി ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. എന്നാൽ ഏതാനും ചില വിഷയങ്ങളിൽകൂടി ഭേദഗതി ആവശ്യമാണ്. ആയത് പരിശോധിച്ചുവരുന്നു.

## പി.ഡബ്ല്യു.ഡി. ക്വാർട്ടേഴ്സുകൾ

7 (2037) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർ, സ്പീക്കർ തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫിൽ അംഗമായിട്ടുള്ളവർക്ക് താമസ സൗകര്യം ഒരുക്കുന്നതിന് തിരുവനന്തപുരത്ത് പി.ഡബ്ല്യു.ഡി. എത്ര ക്വാർട്ടേഴ്സുകൾ നീക്കിവെച്ചിട്ടുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ ഏതെല്ലാമാണെന്നും അതിൽ ആരെല്ലാമാണ് ഇപ്പോൾ താമസിക്കുന്നതെന്നും അറിയിക്കുമോ;

(സി) പേഴ്സണൽ സ്റ്റാഫിന്റെ ക്വോട്ടയിൽ ലഭിച്ച ക്വാർട്ടേഴ്സുകൾ ആരെങ്കിലും മറ്റ് ജീവനക്കാരുടെ പേരിൽ മാറ്റി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പേഴ്സണൽ സ്റ്റാഫിന് അനുവദനീയമായ ക്വാർട്ടേഴ്സുകൾ തിരിച്ചു പിടിക്കുന്നതിനും അനർഹമായി കൈവശം വെച്ച് താമസിക്കുന്നവരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അലോട്ട്മെന്റ് ആന്റ് ഒക്യുപേഷൻ ഓഫ് ഗവൺമെന്റ് സെർവന്റ്സ് ക്വാർട്ടേഴ്സ്, 2006 എന്ന ചട്ടത്തിലെ റൂൾ 10 പ്രകാരം മന്ത്രിമാർ, സ്പീക്കർ തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫിന് 75 ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേകമായി ക്വാർട്ടേസുകൾ നീക്കിവച്ചിട്ടില്ല. ഒഴിവുള്ള ക്വാർട്ടേഴ്സുകളിൽ നിന്നാണ് ഇവ അനുവദിച്ചു വരുന്നത്.

(ബി) സർക്കാർ ക്വാർട്ടേഴ്സുകളിൽ ഇപ്പോൾ താമസിക്കുന്ന പേഴ്സണൽ സ്റ്റാഫുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി&ഡി) പേഴ്സണൽ സ്റ്റാഫിന്റെ ക്വാട്ടയിൽ ലഭിച്ച ക്വാർട്ടേഴ്സുകൾ ആരെങ്കിലും മറ്റ് ജീവനക്കാരുടെ പേരിൽ മാറ്റി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ ക്വാർട്ടേഴ്സുകൾ അനർഹമായി കൈവശം വെച്ച് താമസിക്കുന്നവരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി സ്വീകരിച്ചുവരുന്നു.

**നൂതന റോഡ് നിർമ്മാണ സാങ്കേതികവിദ്യകൾ**

8 (2038) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യമായതും താരതമ്യേന ചെലവുകുറഞ്ഞതുമായ നൂതന ടാറിംഗ്/റോഡുനിർമ്മാണ സാങ്കേതികവിദ്യകൾ എന്തൊക്കെയാണെന്നും ഇവ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതും താരതമ്യേന ചെലവ് കുറഞ്ഞതുമായ ചില നൂതന റോഡുനിർമ്മാണ സാങ്കേതിക വിദ്യകൾ ചുവടെ ചേർക്കുന്നു.

1 Warm mix technology (IRC SP 101 2014)

2 Cold mix technology using bitumen emulsion(IRC SP 100 2014)

3 Construction of roads using stone matrix asphalt (IRC SP 792008)

4 Recycled Asphalt pavements (Clause 519 of MORTH Specification

5 Ultra thin white topping (IRC 58 2002)

6 Ready made bituminous pothole patching mix using cut back bitumen (IRC 116-2014)

7 Use of Plastic in hot bituminous mixes (IRC SP 98 2013)

ദേശീയപാതാ വിഭാഗത്തിൽ റോഡുകളുടെ നിർമ്മാണവും, ഉപരിതലം മെച്ചപ്പെടുത്തുന്ന പ്രവൃത്തികളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചാണ് ചെയ്യുന്നത്. ഇത് പ്രകാരം വെറ്റ്മിക്സ് മെക്കാഡം ഫൗണ്ടേഷൻ ലെയറായും, ബിറ്റുമിനസ് മെക്കാഡം(ബിഎം), റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (എൻ.ആർ.എം.ബി.) ഉപയോഗിച്ചുള്ള ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ സർഫസ് ലെയറായും ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ KHRI-യുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം plastic ഉപയോഗിച്ച് നിലവിൽ 27.45 കി.മി. റോഡുകളും ഉപരിതലം നിർമ്മിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ റോഡുകൾ Plastic waste ഉപയോഗിച്ച് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് സാങ്കേതികവിദ്യകൾ പരിശോധിച്ച് കേരളത്തിന്റെ കാലാവസ്ഥയ്ക്കും ചെലവ് കുറഞ്ഞതുമാണെന്ന് Research വിഭാഗത്തിൽനിന്നും റിപ്പോർട്ട് ലഭിച്ചാൽ, ആ രീതിയിൽ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണം നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## പാലം നിർമ്മാണ പ്രവർത്തന പുരോഗതി

9 (2039) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്പക്കുളം പാലം പണി പൂർത്തീകരിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി റീടെണ്ടർ ചെയ്തതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വൈശ്യം ഭാഗം (കഞ്ഞിപാടം) പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭ്യമായ മുട്ടേൽ പാലം നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ചമ്പക്കുളം പാലത്തിന്റെ ശേഷിച്ച പ്രവൃത്തിയ്ക്കായി ടെൻഡർ ക്ഷണിച്ചപ്പോൾ, പ്രതികരണം ലഭിക്കാത്തിനാൽ ക്വട്ടേഷനുകൾ ക്ഷണിക്കുകയും തുടർന്ന് ശ്രീ. പി.സി. ചെറിയാൻ എന്ന കരാറുകാരന് പ്രസ്തുത പ്രവൃത്തി ഓർഡർ നൽകി പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വൈശ്യംഭാഗം പാലം പൂർത്തീകരിക്കുന്നതിനായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പ്രവൃത്തി സ്ഥലം സന്ദർശന ശേഷം നൽകിയ നിരീക്ഷണങ്ങൾ അടിസ്ഥാനമാക്കി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) മുട്ടേൽ പാലം. 11-02-2014-ലെ സ.ഉ. (സാ.ധാ) നമ്പർ 209/14/പൊ.മ.വ. പ്രകാരം 2.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തുക അപര്യാപ്തമായതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നതായി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ സർക്കാർ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നടപടി

10 (2040) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള എത്ര കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ സർക്കാർ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ അധീനതയിൽ ഇപ്പോൾ നിർമ്മാണം പൂർത്തിയാക്കിയ താഴെപ്പറയുന്ന കെട്ടിടങ്ങൾ ഒഴിഞ്ഞുകിടപ്പുണ്ട്. എറണാകുളം ജില്ലയിൽ മിനി സിവിൽ സ്റ്റേഷൻ മഞ്ഞപ്ര, കാലടി, ആലുവ അനക്സ് കെട്ടിടം എന്നിവ ഒഴിഞ്ഞു കിടപ്പുണ്ട്. കൊല്ലം ജില്ലയിൽ കൊട്ടാരക്കര സബ് ഡിവിഷന്റെ കീഴിൽ കടക്കൽ സിവിൽസ്റ്റേഷൻ രണ്ടാം നില ഒഴിഞ്ഞു കിടക്കുന്നു. കോട്ടയം ജില്ലയിലെ വാകത്താനം മിനി സിവിൽ സ്റ്റേഷൻ ഫസ്റ്റ് ഫ്ലോർ ഒഴിഞ്ഞു കിടപ്പുണ്ട്. ഇവകൾ ഇപ്പോൾ പണി പൂർത്തിയാക്കി റവന്യൂ വകുപ്പിന് കൈമാറിയതേയുള്ളൂ.

(ബി) സംസ്ഥാനത്ത് 1511 സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | -142 |
| കൊല്ലം | - 136 |
| പത്തനംതിട്ട | - 111 |
| ആലപ്പുഴ | - 148 |
| കൊട്ടയം | - 116 |
| ഇടുക്കി | - 91 |
| എറണാകുളം | - 113 |
| തൃശ്ശൂർ | - 49 |
| പാലക്കാട് | - 86 |
| മലപ്പുറം | - 108 |
| കോഴിക്കോട് | - 144 |

| | |
|---|---|
| കണ്ണൂർ | - 79 |
| വയനാട് | - 101 |
| കാസറഗോഡ് | - 87 |

(സി) നടപടി സ്വീകരിക്കുന്നതാണ്.

**റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി**

11 (2041) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനിയുടെ പ്രവർത്തനത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതിക്കുണ്ടായിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേകളിലും മേജർ ജില്ലാ റോഡുകളിലുംപെട്ട 5000-ത്തോളം കി.മീ. റോഡുകളിൽ പഠനം നടത്തി തെരഞ്ഞെടുക്കപ്പെട്ട 1100 കി.മീ. റോഡുകൾ സമഗ്രമായി വികസിപ്പിച്ച് ഒരു റോഡ് ശൃംഖല രൂപപ്പെടുത്താൻ വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് -SRIP). ഈ പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച സ്ഥാപനമാണ് (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്. 6-12-2012-ലെ സ.ഉ. (എ.എസ്) നം. 91/2012/പൊ.മ.വ. പ്രകാരം റോഡ് വികസന പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ, എന്നീ രണ്ടു പാക്കേജുകളിലായിട്ടാണ് റോഡുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരു വശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 469 കി.മി. റോഡുകൾ ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന റീഹാബിലിറ്റേഷൻ പാക്കേജിലും, വീതി കൂട്ടുന്നതിനും, വളവുകൾ നിവർത്തുന്നതിനും ജംഗ്ഷൻ ഇംപ്രൂവ്മെന്റിനായി അത്യാവശ്യം ഭൂമി ഏറ്റെടുക്കൽ വേണ്ടിവരുന്ന 621 കി.മി. റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അനുയോജ്യമായ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ റോഡുകൾ നവീകരിക്കുന്നതിനാണ് അപ്ഗ്രഡേഷൻ പാക്കേജിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) ഇതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽപ്പെട്ട 106.2 കി.മി. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ വികസിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ റോഡുകൾ രണ്ടു പാക്കേജുകളായി (പാക്കേജ്-എ, പാക്കേജ്-ബി) പി.പി.പി./ ആന്വുറ്റി രീതിയിൽ 13 വർഷത്തെ തുടർ പരിപാലന വ്യവസ്ഥയോടെ പ്രവൃത്തി ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയുണ്ടായി. പിന്നീട് ഇതിൽ വരുന്ന 23 കി.മി. നീളം വരുന്ന ചൊവ്വ-മട്ടന്നൂർ റോഡ് നാഷണൽ ഹൈവേ ഏറ്റെടുക്കാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള 83 കി.മി. റോഡുകൾ പാക്കേജ്-എ (മോഡിഫൈഡ്), പാക്കേജ്-ബി എന്നീ രണ്ടു പാക്കേജുകളായി കൺസെഷൻ എഗ്രിമെന്റ് വയ്ക്കുകയുണ്ടായി. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ആഗസ്റ്റ് അവസാനത്തോടെ പ്രവൃത്തി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

**ഐറിഷ് ഡ്രെയിൻ പദ്ധതി നിറുത്തിവെച്ചത്**

12 (2042) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ ടൗണിൽ ഐറിഷ് ഡ്രെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുമ്പ് ഉണ്ടായിരുന്ന ഡ്രെയിനേജ് മണ്ണിട്ട് മൂടുകയും, ഐറിഷ് മോഡൽ പണി നടന്നിരുന്നത് ഇപ്പോൾ നിറുത്തിവച്ചിരിക്കുന്നതുമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം കോട്ടക്കൽ ടൗണിൽ യാത്രക്കാർക്കും വാഹനങ്ങൾക്കും അനുഭവപ്പെടുന്ന ബുദ്ധിമുട്ട് അടിയന്തരമായി പരിഹരിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യാത്രക്കാർക്കും വാഹനങ്ങൾക്കും അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ**

13 (2043) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 2011-2016 കാലയളവിൽ ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയവ ഏതെല്ലാം; പാതിവഴിയിൽ ഉപേക്ഷിച്ചവ ഏതെല്ലാം; വിശദമാക്കുമോ;

(സി) കെ.എസ്.സി.സി. ഏറ്റെടുത്ത പ്രവൃത്തികളിൽ നിന്നും അവരെ ടെർമിനേറ്റ് ചെയ്ത സാഹചര്യം നിലവിലുണ്ടോയെന്നും ഏതെല്ലാം പ്രവൃത്തികളിൽ നിന്നുമാണ് അപ്രകാരം ചെയ്തതെന്നും ആയതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വിശദീകരിക്കുമോ;

(ഡി) 2011-2016 കാലഘട്ടത്തിൽ ഏറ്റെടുത്ത പ്രവൃത്തികളിൽ കെ.എസ്.സി.സി. നേരിട്ട് നടപ്പിലാക്കിയതും സബ് കോൺട്രാക്ട് വഴി നടപ്പിലാക്കിയതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) 2011-2016 കാലയളവിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദവിവരം 'അനുബന്ധം -എ'* ആയി ചേർത്തിരിക്കുന്നു. പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയവയുടെ വിശദവിവരം 'അനുബന്ധം-ബി' ആയി ചേർത്തിരിക്കുന്നു*. പാതിവഴിയിൽ പ്രവൃത്തികൾ ഉപേക്ഷിച്ചിട്ടില്ല.

(സി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത പ്രവൃത്തികളിൽ ടെർമിനേറ്റ് ചെയ്ത പ്രവൃത്തികളുടെ വിശദ വിവരം 'അനുബന്ധം-സി* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2011-2016 കാലയളവിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും മറ്റു വകുപ്പുകളിൽനിന്നും ഓപ്പൺ ടെണ്ടറിൽ പങ്കെടുത്ത് ലഭിച്ച പ്രവൃത്തികൾ എം പാനൽഡ് ലിസ്റ്റിൽപ്പെട്ട കരാറുകാർക്ക് സബ് കോൺട്രാക്ട് നൽകിയാണ് നടപ്പിലാക്കുന്നത്. വിശദവിവരം 'അനുബന്ധം-ഡി'* ആയി ചേർത്തിരിക്കുന്നു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ നേരിട്ട് ഏൽപ്പിക്കുന്ന പ്രവൃത്തികൾ ഓപ്പൺ ടെണ്ടർ വഴിയാണ് നടപ്പിലാക്കുന്നത്. വിശദവിവരം 'അനുബന്ധം-ഇ' ആയി ചേർത്തിരിക്കുന്നു*. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെപ്പറ്റി ഒരു അന്വേഷണമോ, പഠനമോ നടത്താൻ ആഗ്രഹിക്കുന്നു.

**കുന്നം ഗവ. ഹയർസെക്കണ്ടറി സ്കൂളിന്റെ ശോച്യാവസ്ഥ**

14 (2044) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ കുന്നം ഗവ. ഹയർസെക്കണ്ടറി സ്കൂളിന്റെ കെട്ടിടങ്ങൾ തകർന്ന സ്ഥിതിയിൽ ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

മാവേലിക്കര മണ്ഡലത്തിലെ കുന്നം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന്റെ കെട്ടിടങ്ങളുടെ തകർന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആ കെട്ടിടം പൊതുമരാമത്ത് കെട്ടിട വിഭാഗം പണി കഴിപ്പിച്ചിട്ടുള്ളതല്ല. സ്കൂൾ കെട്ടിടങ്ങളുടെ പരിപാലന ചുമതല ത്രിതല പഞ്ചായത്തുകൾക്കാണ്.

**ശബരിമല റോഡു നവീകരണം**

15 (2045) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല തീർത്ഥാടനകാലത്തോടനുബന്ധിച്ചുള്ള റോഡു നവീകരണം യഥാസമയം പൂർത്തിയാകാത്തതുപരിഗണിച്ച് തീർത്ഥാടനകാലത്തിനു മുൻപു തന്നെ അനുബന്ധ റോഡുകളുടെ നവീകരണം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

2016-ലെ മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല റോഡുകളുടെ പുനഃരുദ്ധാരണം നടത്തുന്നതുസംബന്ധിച്ച് ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2016-ന് ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തീർത്ഥാടന കാലം ആരംഭിക്കുന്നതിനു മുൻപ് തന്നെ ശബരിമലയിലേക്കുള്ള പ്രധാന റോഡുകളുടെയും അനുബന്ധ റോഡുകളുടെയും അറ്റകുറ്റപ്പണി പൂർത്തിയാക്കി തീർത്ഥാടകർക്ക് സുരക്ഷിതമായ യാത്രാസൗകര്യമൊരുക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

**തീരദേശ ഹൈവേയുടെ വികസനം**

16 (2046) ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. എം. നൗഷാദ് :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ഹൈവേയുടെ വികസനത്തെക്കുറിച്ചും നിലവിൽ നടന്ന നിർമ്മാണ പ്രവൃത്തിയിലെ അപാകതകൾ സംബന്ധിച്ചും പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) നിർമ്മാണം നടന്ന പല സ്ഥലങ്ങളിലും അലൈൻമെന്റിൽ നിന്നും വ്യതിചലിച്ചതായും അനുവദനീയമായ വീതിയിൽ കുറവാണെന്നുമുള്ള പരാതി പരിശോധിക്കാമോ;

(സി) തീരദേശത്തിന്റെ വികസനവും തീരദേശ ജനതയുടെ പുരോഗതിയും മാത്രമല്ല സമാന്തര റോഡുകളിലെ തിരക്ക് കുറയ്ക്കാനും, തീരദേശ ഹൈവേ പ്രയോജനപ്രദമാകും എന്നത് കണക്കിലെടുത്ത് ഈ പാതയുടെ നിർമ്മാണം വേഗം പൂർത്തീകരിക്കാൻ നടപടിയെടുക്കാമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന്റെ കീഴിലുള്ള ആലപ്പുഴ റോഡ്സ് ഡിവിഷനു കീഴിൽ വരുന്ന തീരദേശ ഹൈവേയുടെ ഭാഗമായി വരുന്ന തൃക്കുന്നപ്പുഴ വലിയഴിക്കൽ റോഡിൽ 40 എം.എം.ബി.എം. വർക്ക് ചെയ്ത ഭാഗത്ത് കടൽ ഭിത്തിയുടെ അഭാവം മൂലം കടൽ കയറിയത് കൊണ്ട് ആറാട്ടുപുഴ ബസ് സ്റ്റാൻഡിന് സമീപം (ചെയിനേജ് 5/630 മുതൽ 6/230 വരെ) റോഡിന് കേടുപാടുകൾ സംഭവിച്ചത് പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരാതികൾ വരുന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അമ്പലപ്പുഴ-ആലപ്പുഴ-ചേർത്തല-അരൂർ മണ്ഡലങ്ങളിലെ ആലപ്പുഴ-അർത്തുങ്കൽ - ചെല്ലാനം തീരദേശ ഹൈവേയ്ക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുവാൻ കഴിയും.

**ശബരിമല തീർത്ഥാടന കാലത്തെ സുരക്ഷിത യാത്ര**

17 (2047) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എം. എം. മണി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനകാലത്തുണ്ടാകുന്ന വാഹന ബാഹുല്യം കണക്കിലെടുത്തു പമ്പയിലേക്കുള്ള പ്രധാന റോഡുകളും അനുബന്ധ റോഡുകളും നവീകരിക്കാനും വീതി വർദ്ധിപ്പിക്കാനും പദ്ധതിയുണ്ടോ;

(ബി) മുൻ വർഷങ്ങളിൽ തീർത്ഥാടന കാലത്ത് അറ്റകുറ്റപ്പണികൾ നടത്തുകയും എന്നാൽ തീർത്ഥാടന കാലയളവ് തീരുന്നതിനുമുമ്പുതന്നെ ഇവ പഴയ സ്ഥിതിയിൽ ആയിത്തീരുകയും ചെയ്തിരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ രീതിക്കുപകരം തീർത്ഥാടന കാലം ആരംഭിക്കുന്നതിന് മുമ്പു തന്നെ ഈടുറ്റ രീതിയിൽ പ്രധാന റോഡുകളുടെയും അനുബന്ധ റോഡുകളുടെയും അറ്റകുറ്റപ്പണി പൂർത്തിയാക്കി തീർത്ഥാടകർക്ക് സുരക്ഷിതമായ യാത്രാ സൗകര്യമൊരുക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അറ്റകുറ്റപ്പണികൾ അനിവാര്യമായിട്ടുള്ള പമ്പയിലേക്കുള്ള പ്രധാന റോഡുകളും, അനുബന്ധ റോഡുകളും നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അത്തരം പരിശോധന നടന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

(സി) 2016-ലെ മണ്ഡല-മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല റോഡുകളുടെ പുനഃരുദ്ധാരണം നടത്തുന്നതു സംബന്ധിച്ച് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2016-ന് ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തീർത്ഥാടന കാലം ആരംഭിക്കുന്നതിനു മുൻപ് തന്നെ ശബരിമലയിലേയ്ക്കുള്ള പ്രധാന റോഡുകളുടെയും അനുബന്ധ റോഡുകളുടെയും അറ്റകുറ്റപ്പണി പൂർത്തിയാക്കി തീർത്ഥാടകർക്ക് സുരക്ഷിതമായ യാത്രാ സൗകര്യമൊരുക്കാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

**ഇരിണാവ് പാലം നിർമ്മാണം**

18 (2048) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

4-3-2016-ന് 1645 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മിക്കുന്നതിന് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; ഇതിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

4-3-2016-ലെ ജി.ഒ. (ആർ.റ്റി) 580/16/പൊ.മ.വ. പ്രകാരം കല്യാശ്ശേരി മണ്ഡലത്തിലെ ഇരിണാവ് പാലം നിർമ്മിക്കുന്നതിന് 1645 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന് ആവശ്യമായ മുഴുവൻ സ്ഥലവും ലഭിക്കാത്തതിനാൽ സാങ്കേതികാനുമതി ഇതുവരെ നൽകിയിട്ടില്ല. എന്നാൽ സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ട ഭൂമിയ്ക്കുള്ള നഷ്ടപരിഹാര തുകയായ 4238517 രൂപയ്ക്കുള്ള ചെക്ക് തലശ്ശേരി സ്ഥലമെടുപ്പു തഹസീൽദാർക്ക് 29-1-2016-ന് കൈമാറിയിട്ടുണ്ട്. കൂടാതെ നിർമ്മാണവുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിന്റെ

പുറമ്പോക്ക് ഭൂമി കൂടി ആവശ്യമാണ്. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രത്യേക അനുമതിയും സാങ്കേതികാനുമതിയും നൽകി പണി തുടങ്ങുവാനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

**റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് നടപടി**

19 (2049) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം ടൗണിൽ എം.സി. റോഡിന്റെ വശങ്ങളിൽ ലഭ്യമായ സ്ഥലത്ത് ഒരു റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ചടയമംഗലം ടൗണിൽ എം.സി. റോഡിന്റെ വശങ്ങളിൽ റസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിനുള്ള സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽപരിശോധിക്കുന്നതാണ്.

**കാലാവധി കഴിഞ്ഞ പാലങ്ങൾ**

20 (2050) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ, കൊച്ചി താലൂക്കിൽ ഇടക്കൊച്ചി മുതൽ തോപ്പുംപടിവരെയുള്ള എൻ.എച്ച് 47-ന്റെ ഭാഗമായ ഇടുങ്ങിയ റോഡ് വികസിപ്പിക്കുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിലെ കാലാവധി കഴിഞ്ഞ അരൂർ- ഇടക്കൊച്ചി പാലത്തിനും പഷ്ണിത്തോട്ടു പാലത്തിനും പകരം, പുതിയ പാലങ്ങൾ പണിയുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടോ ?

ഉത്തരം

(എ) എടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് സ്ഥലം ഏറ്റെടുക്കൽ പുരോഗതിയിലാണ്.

(ബി) നിലവിൽ പ്രൊപ്പോസലുകൾ ഒന്നും തന്നെയില്ല.

**കൊച്ചി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള റോഡുകൾ**

21 (2051) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ റോഡുകളിൽ പുനരുദ്ധാരണത്തിനായി ഭരണാനുമതി ലഭിച്ചിട്ടുള്ളവയിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ നിലവിലുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊച്ചി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഒരു പ്രവൃത്തി നിലവിലുണ്ട്. 280 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള മൗലാന ആസാദ് റോഡിന്റെ 0/000 കി.മീ. മുതൽ 3/600 കി.മീ. വരെയുള്ള ബി.എം. & ബി.സി. പുനഃരുദ്ധാരണ പ്രവൃത്തിയുടെ ടെണ്ടർ ചെയ്ത് കരാർ ഉടമ്പടി ഒപ്പുവച്ച് കോൺട്രാക്ടർക്ക് സൈറ്റ് കൈമാറിയിട്ടുണ്ട്.

**നിയമസഭാ മണ്ഡലത്തിന് ഒരു പൊതുമരാമത്ത് സെക്ഷൻ ഓഫീസ്**

22 (2052) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയമസഭാ മണ്ഡലത്തിന് ഒരു പൊതു മരാമത്ത് സെക്ഷൻ ഓഫീസ് എന്ന മാനദണ്ഡം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത് നടപ്പാക്കുന്നതിന് മുന്നോടിയായി നിയമസഭാ സാമാജികർക്ക് വർക് ഷോപ്പ് സംഘടിപ്പിച്ചിരുന്നുവോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഒരു നിയമസഭാ മണ്ഡലത്തിന് ഒരു സെക്ഷൻ ഓഫീസ് എങ്കിലും വേണം എന്ന മാനദണ്ഡം നടപ്പിലാക്കുവാൻ ഗവൺമെന്റ്, ജി.ഒ.(എം. എസ്.) നമ്പർ 65/2013/പൊ.മ.വ തീയതി 3-8-2013 പ്രകാരം ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്.

(ബി) 26-6-2012-ൽ നിയമസഭാ സാമാജികർക്കായി ഒരു സെമിനാർ നടത്തിയിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ആലപ്പുഴ, മൂവാറ്റുപുഴ, വയനാട്, കാസർഗോഡ് എന്നീ ഡിവിഷനുകളിലെ സെക്ഷൻ ഓഫീസുകൾ ഇല്ലാതാക്കി പട്ടാമ്പി, തവനൂർ, വേങ്ങര, വള്ളിക്കുന്ന്, താനൂർ, ഏറനാട്, ധർമ്മടം, കളമശ്ശേരി എന്നീ നിയമസഭാ മണ്ഡലങ്ങളിൽ സെക്ഷൻ ഓഫീസുകൾ തുടങ്ങുവാനാണ് ഉത്തരവായത്. എന്നാൽ സെക്ഷൻ ഓഫീസുകൾ ഇല്ലാതാകുന്ന നിയമസഭാ മണ്ഡലങ്ങളിലെ സാമാജികരുടെയും പൊതുജനങ്ങളുടെയും ശക്തമായ പ്രതിഷേധം മൂലമാണ് പുതിയ സെക്ഷൻ ഓഫീസുകൾ നടപ്പിലാക്കുവാൻ കഴിയാതിരുന്നത്. ഇതിൽ കളമശ്ശേരിയിൽ പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുകയുണ്ടായി.

## ഏനംമാവ് ക്രിസ്റ്റ്യൻ പള്ളിയുടെ സമീപത്തുള്ള റോഡിന് വീതികൂട്ടാൻ നടപടി

23 (2053) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചാവക്കാട് ഏനംമാവ് റോഡിൽ ഏനംമാവ് ക്രിസ്റ്റ്യൻ പള്ളിയുടെ മുമ്പിലെ റോഡ് വളരെ വീതി കുറഞ്ഞതാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലമുണ്ടാകുന്ന ഗതാഗത തടസ്സം ഇല്ലാതാക്കുന്നതിനായി ആവശ്യമായ ഭൂമി ഏറ്റെടുത്ത് റോഡിന് വീതി കൂട്ടാനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ ഏനമാവ് പള്ളിക്ക് സമീപത്ത് കൂടിയുള്ള തൃപ്പയാർ കാഞ്ഞാണി ചാവക്കാട് റോഡ് വികസനത്തിനും, പുനരുദ്ധാരണത്തിനുമായി 23-2-2015-ലെ സ.ഉ.(സാ.ധാ)നമ്പർ 278/2015/ പൊ.മ.വ പ്രകാരം 130 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി 19-11-2015-ലെ സ.ഉ.(സാധാ)നമ്പർ 1693/2015/പൊ.മ.വ പ്രകാരം 52,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതു പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡയറക്ട് പർച്ചേസ് മുഖേന സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ വികസനം

24 (2054) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ വികസനം കെ.എസ്.റ്റി.പി ഏറ്റെടുത്തത് എന്നാണെന്നും പ്രസ്തുത റോഡ് ഇപ്പോൾ എവിടെ വരെ വികസിപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത റോഡിന്റെ നിർമാണപ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നുണ്ടോ; എങ്കിൽ ഏത് ഭാഗത്തെന്നും എത്ര കിലോ മീറ്റർ റോഡെന്നും വെളിപ്പെടുത്താമോ;

(ബി) ഇതിനായി എന്തു തുകയാണ് ചെലവഴിക്കുന്നതെന്നും ഇതിനുള്ള തുക എവിടെ നിന്നാണ് ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പൊൻകുന്നം മുതൽ പുനലൂർ വരെയുള്ള ഭാഗം വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളിൽ നിന്നും എത്ര ഭൂമിയാണ് ഇനിയും ഏറ്റെടുക്കാനുള്ളതെന്നും 20 വർഷമായിട്ടും ഈ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കാൻ വൈകിയതിന്റെ കാരണവും വ്യക്തമാക്കാമോ; ഭൂമി ഏറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തിയാക്കാൻ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഭാഗത്തെ റോഡ് നിർമ്മാണം നടത്തുന്നതിന് എന്തൊക്കെ നടപടികൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ സർക്കാർ ഈ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗം പി.പി.പി. സ്കീമിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അത് റദ്ദാക്കി മറ്റേതെങ്കിലും ഏജൻസി മുഖേന നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയുടെ തൊടുപുഴ മുതൽ മൂവാറ്റുപുഴ വരെയുള്ള ഭാഗം കെ.എസ്.ടി.പി.-ഒന്ന് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം 2002-ൽ തുടങ്ങുകയും 2007-ൽ പൂർത്തീകരിക്കുകയും ചെയ്തു. ഈ റോഡിന്റെ അടുത്ത റീച്ചായ 50.22 കി.മീ ദൈർഘ്യമുള്ള പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള റോഡ് 28-5-2014-ൽ കെ.എസ്.ടി.പി. ഏറ്റെടുക്കുകയും ഇപ്പോൾ ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി-രണ്ട് പദ്ധതിയിൽ പെടുത്തി റോഡ് നിർമ്മാണം വിവിധ

ഘട്ടങ്ങളിലായി പുരോഗമിച്ചും വരുന്നു. 90% ഇതുവരെ പൂർത്തിയായിട്ടുണ്ട്. അടുത്ത റീച്ചായ 82 കി.മീ. ദൈർഘ്യമുള്ള പുനലൂർ-പൊൻകുന്നം റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (PPP Hybrid Annuity) നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലോകബാങ്ക് ധനസഹായത്തോടെ ഇപ്പോൾ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 50.22 കി.മീ. ദൈർഘ്യമുള്ള പൊൻകുന്നം-തൊടുപുഴ റോഡിന്റെ നിർമ്മാണ പ്രവൃത്തി 227.13 കോടി രൂപയ്ക്കാണ് നിർമ്മാണ കരാർ നൽകിയിരിക്കുന്നത്. ഈ പദ്ധതിയ്ക്ക് ലോക ബാങ്കും സംസ്ഥാന സർക്കാരുമാണ് തുക ലഭ്യമാക്കുന്നത്.

(സി) മൊത്തം ഏറ്റെടുക്കേണ്ടതായ 26.6518 ഹെക്ടർ ഭൂമിയിൽ 26.6300 ഹെക്ടർ സ്ഥലവും ഇതിനകം ഏറ്റെടുത്തിട്ടുണ്ട്. ബാക്കിയുള്ള ഭൂമി സമയ ബന്ധിതമായി ഏറ്റെടുക്കാൻ നടപടി സ്വീകരിച്ച് വരുന്നു.

(ഡി) ലോക ബാങ്കുമായുള്ള കരാർ നിബന്ധന അനുസരിച്ച് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന പുനലൂർ-പൊൻകുന്നം റോഡിന്റെ Request for Qualification (RFQ) ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ നാല് കമ്പനികൾ പ്രൊപ്പോസൽ നൽകുകയുണ്ടായി. എന്നാൽ ഇതിൽ ഒരു കമ്പനിയ്ക്ക് മാത്രമേ ക്വാളിഫിക്കേഷൻ ഉണ്ടായിരുന്നുള്ളൂ. ഈ വിവരം ലോക ബാങ്കിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കമ്പനികളുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ വീണ്ടും RFQ ക്ഷണിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. പുനലൂർ-പൊൻകുന്നം റോഡ് പി.പി.പി. മാതൃകയിൽ നിർമ്മിക്കാൻ ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു.

## അരയടത്ത് പാലം - കോഴിക്കോട് മെഡിക്കൽ കോളേജ് റോഡ് വീതി കൂട്ടൽ

25 (2055) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അരയടത്ത് പാലം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള റോഡിൽ പല സ്ഥലങ്ങളിലും വീതി കുറവായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊണ്ടയാട് ജംഗ്ഷനിൽ നഗരം വഴി അത്യാസന്ന രോഗികളുമായി വരുന്ന ആംബുലൻസുകൾ പോലും ഗതാഗത കുരുക്ക് കാരണം ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അരയടത്ത് പാലം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള റോഡ് വീതി കൂട്ടുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ വീതി കൂട്ടുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി & ഡി) നിലവിലുള്ള നാലുവരിപ്പാത ആറുവരിപ്പാതയായി വീതി കൂട്ടുന്നതിന് സർവ്വേയ്ക്ക് ആവശ്യമായ എസ്റ്റിമേറ്റ് കോഴിക്കോട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു.

**റോഡുകൾ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി**

26 (2056) ശ്രീ. കെ. മുരളീധരൻ
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്?

ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകൾ ദേശീയ നിലവാരത്തിൽ ഉയർത്തുവാൻ വേണ്ടി MORTH Specification പ്രകാരം റോഡുകൾ ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നീ നിലവാരത്തിൽ നിർമ്മിച്ച് ഉപയോഗിച്ചുവരുന്നു.

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ ദേശീയ നിലവാരത്തിൽ ഉയർത്തുവാൻ ഉദ്ദേശിച്ചുള്ള കർമ്മപദ്ധതികളിൽപെട്ട ഒന്നാണ് സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി (SRIP). റോഡുകൾ ഏറ്റെടുത്ത് പി.പി.പി./ആന്യുറ്റി

രീതിയിൽ 13 വർഷ പരിപാലന വ്യവസ്ഥയോടെ കരാർ നൽകി വികസിപ്പിക്കുവാനാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനുള്ള ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കൺസെഷനെയർ കമ്പനികളുമായി എഗ്രിമെന്റ് ഒപ്പുവച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരു വശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് SRIP പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 469 കി.മീ. റോഡുകൾ ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന റീഹാബിലിറ്റേഷൻ പാക്കേജിലും, വീതി കൂട്ടുന്നതിനും, വളവുകൾ നിവർത്തുന്നതിനും, ജംഗ്ഷൻ ഇംപ്രൂവ്മെന്റിനായി അത്യാവശ്യം ഭൂമി ഏറ്റെടുക്കൽ വേണ്ടി വരുന്ന 621 കി.മീ. റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ റോഡുകൾ നവീകരിക്കുന്നതിനാണ് അപ്ഗ്രഡേഷൻ പാക്കേജിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) സ്റ്റേറ്റ് ഹൈവേകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന് വേണ്ടി സ്ഥല ലഭ്യത, വാഹനങ്ങളുടെ എണ്ണം മുതലായവ കണക്കിലെടുത്ത് റോഡിന്റെ വീതി കൂട്ടി വികസിപ്പിക്കുകയും, നടപ്പാത, ബസ്ബേ, വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ റോഡുകളും ബി.എം, ബി.സി ചെയ്ത് ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വകരിച്ചുവരുന്നു.

**ദേശീയ പാത വികസനം**

27 (T2057) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട നടപടികൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ മാഹി-വെങ്ങളം മേഖലയിൽ എൻ.എ.എൻ.എച്ച്. തലത്തിൽ ഈ കാര്യത്തിൽ മുന്നോട്ട് നീക്കിയ നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച് 17-ഉം എൻ.എച്ച്. 47-ഉം 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലമേറ്റെടുത്ത് സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന വികസിപ്പിക്കുവാനും മറ്റ് ദേശീയപാതകളായ എൻ.എച്ച് 49 (ബോഡിമെട്ടു-കുണ്ടന്നൂർ), എൻ.എച്ച്. 208 (കൊല്ലം-കഴുതുരുട്ടി), എൻ.എച്ച്. 212 (കോഴിക്കോട്-മുത്തങ്ങ),എൻ.എച്ച്.213(കോഴിക്കോട്-പാലക്കാട്), എൻ. എച്ച്. 220 (കൊല്ലം - കുമിളി), എൻ.എച്ച്. 183 എ (ഭരണിക്കാവ്-പത്തനംതിട്ട വണ്ടിപെരിയാർ), എൻ.എച്ച്. 185 (അടിമാലി-പൈനാവ്-കുമിളി) എന്നിവ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി വികസിപ്പിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ എൻ. എച്ച്. 47-ന്റെ വാളയാർ മുതൽ വടക്കുംചേരിവരെയും തൃശ്ശൂർ മുതൽ അങ്കമാലി വരെയുള്ള ഭാഗങ്ങൾ 4 വരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. വടക്കുംചേരി മുതൽ തൃശ്ശൂർ വരെയും കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെയുമുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ മാഹി - വെങ്ങളം മേഖലയിൽ സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയും ജില്ലാ ഭരണകൂടവുമാണ് നടപ്പിലാക്കുന്നത്. സർവ്വേ നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കോഴിക്കോട് ജില്ലയിൽ ഏറ്റെടുക്കേണ്ട 129 ഹെക്ടറിൽ 67 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 3 ഡി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ 2 മാസത്തിനകം പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കിയുള്ള 62 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 3 എ നോട്ടിഫിക്കേഷൻ ഉടനെ പ്രസിദ്ധീകരിക്കുമെന്നാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ

അറിയിച്ചിട്ടുള്ളത്. അഴിയൂർ വില്ലേജിലെ കെട്ടിടങ്ങളുടെ വില നിശ്ചയിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ നടന്നു വരുന്നു. ബഹു. മുഖ്യമന്ത്രിയുടെയും വകുപ്പു മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരുമായി ഇതിന്റെ പുരോഗതി സംബന്ധിച്ച് ചർച്ച നടന്നു. മുഖ്യമന്ത്രി ഡൽഹിയിൽ കേന്ദ്രമന്ത്രിയുമായി നടത്തിയ ചർച്ചയിൽ 60% ഭൂമി ഏറ്റെടുത്തു നൽകിയാൽ പ്രവൃത്തി തുടങ്ങുമെന്ന് അറിയിച്ചിട്ടുണ്ട്.

**അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സുസ്ഥിരവും ആസൂത്രിതവുമായ ഉദ്യമം**

28 (2058 ) ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. കെ. ഡി. പ്രസേനൻ :

ശ്രീ. വി. ജോയി :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സുസ്ഥിരവും ആസൂത്രിതവുമായ ഉദ്യമം (സ്പീഡ് ) എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ഉദ്യമത്തിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിയെന്നും അതിനായി എത്ര തുക വീതം ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായി പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ ചുമത്തിയ അധിക വില്പന നികുതി ഇനത്തിൽ എത്ര രൂപ ഇതുവരെ ലഭിച്ചുവെന്നും അതിൽ എത്ര തുക ഈ പദ്ധതിക്കായി വിനിയോഗിച്ചുവെന്നും പരിശോധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം നൽകുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക എന്നതാണ് സ്പീഡ് കേരള പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) 14-6-2013-ലെ ജി.ഒ.(എം.എസ്)നമ്പർ 51/2013/പൊ.മ.വ. പ്രകാരം 23 പദ്ധതികളാണ് സ്പീഡ് കേരള എന്ന പരിപാടിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയത്. ഇവയിൽ 141.02 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിരുന്ന കോഴിക്കോട് ദേശീയപാത ബൈപ്പാസ് നിർമ്മാണം പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്നുകൊടുത്തു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന രാമപുരം-നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ യഥാക്രമം ഏകദേശം 95%, 98% പൂർത്തിയായി. കോർപ്പറേഷന്റെ ഉപകരാറുകാർ വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇവയുടെ അടങ്കൽ തുക യഥാക്രമം 50.75 കോടി രൂപയും, 45.35 കോടി രൂപയുമാണ്.

ആർ.ബി.ഡി.സി.കെ. യുടെ ആഭിമുഖ്യത്തിൽ 41.28 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള പാലാരിവട്ടം ഫ്ലൈ ഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചു.

(സി) പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വിൽപന നികുതി ചുമത്തിയിട്ടുണ്ട്. 1-4-2015 മുതലാണ് അധിക വിൽപന നികുതി ഈടാക്കിവരുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ അധിക വിൽപന നികുതിയായി 408.33 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ ജൂൺ 30 വരെ 120.93 കോടി രൂപയും ലഭിച്ചിട്ടുണ്ട്. സ്പീഡ് കേരള പദ്ധതിക്കായി ഇതിൽനിന്നും തുക ചെലവഴിച്ചിട്ടില്ല.

**വൈദ്യുതി പോസ്റ്റ്മാറ്റി സ്ഥാപിക്കാൻ നടപടി**

29 (2059) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര മൂടാൽ ബൈപ്പാസ് റോഡിന്റെ പണി മുന്നോട്ട് പോകണമെങ്കിൽ പ്രസ്തുത സ്ഥലത്തെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കണമെന്നത് സംബന്ധിച്ച പ്രൊപ്പോസൽ വകുപ്പിൽ ഉണ്ടോ;

(ബി) എങ്കിൽ ആയതിന് ആവശ്യമായ ഉത്തരവ് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അടിയന്തര നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകി പ്രശ്നപരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

**എറണാകുളം ജില്ലയിലെ മലയോര ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾ**

30 (2060) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ ഭാഗമായ എറണാകുളം ജില്ലയിലെ ആറാം മൈൽ മുതൽ മാമലക്കണ്ടം വഴി എളമ്പ്ലാശ്ശേരി വരെയുള്ള റോഡിന്റെ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിർദ്ദിഷ്ട റോഡ് പണി തടസ്സപ്പെടുവാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) മുടങ്ങിക്കിടക്കുന്ന പ്രസ്തുത റോഡിൻെറ പ്രവർത്തനം പുനഃരാരംഭിക്കുന്നതിനു വേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) വനം വകുപ്പ് നിർദ്ദിഷ്ട പ്രവൃത്തി തടഞ്ഞതിനാലാണ് പണി തടസ്സപ്പെട്ടത്.

(സി) പ്രസ്തുത പാതയുടെ മൂന്നാർ ഡിവിഷന്റെ പരിധിയിൽ വരുന്ന ഭാഗം കസ്തൂരി രംഗൻ റിപ്പോർട്ടിലെ പരിസ്ഥിതി ലോല മേഖലകളിൽ കൂടിയാണ് കടന്നു പോകുന്നത്. മാത്രമല്ല, നേര്യമംഗലം റെയിഞ്ചിന്റെ പരിധിയിൽ വരുന്ന തലക്കോട്- നേര്യമംഗലം- ആറാംമൈൽ- ഇളംബ്ലാശ്ശേരി- ആവറുകുടിഭാഗവും അടിമാലി റെയിഞ്ചിന് കീഴിൽ വരുന്ന ആവറുകുടി-കുറത്തിക്കുടി- പെരുമ്പൻകുത്ത് ഭാഗവും 1980-ലെ വന സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ആയതിനാൽ, കസ്തൂരിരംഗൻ റിപ്പോർട്ടിൽ ഉൾപ്പെടുന്ന പരിസ്ഥിതി ലോല മേഖലകളും, 1980-ലെ വന്ന സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ആയതിനാൽ, കസ്തൂരിരംഗൻ റിപ്പോർട്ടിൽ ഉൾപ്പെടുന്ന പരിസ്ഥിതി ലോല മേഖലകളും, 1980-ലെ വനസംരക്ഷണ നിയമത്തിന്റെ കീഴിൽ വരുന്ന മേഖലകളും ഒഴിവാക്കി, പരിസ്ഥിതി നിയമങ്ങൾ പാലിച്ച് മാത്രമേ മലയോര ഹൈവേയുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ തുടരാൻ സാധിക്കുകയുള്ളു.

**കായംകുളം റെയിൽവേ സ്റ്റേഷൻ റോഡ് പുനരുദ്ധാരണം**

31 (T 2061) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കെ. പി. റോഡിനെയും കായംകുളം റെയിൽവേ സ്റ്റേഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് കാലങ്ങളായി തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റോഡ് ബി.എം.&ബി.സി. മാതൃകയിൽ പുനഃരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം കെ.പി. റോഡിനെയും കായംകുളം റെയിൽവേസ്റ്റേഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡിന്റെ നിലവിൽ തകർന്നു കിടക്കുന്ന ഭാഗം റെയിൽവേയുടെ അധീനതയിലാണ്. നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള മേജർ ഡിസ്ട്രിക്ട് റോഡുകളണ് ബി.എം.&ബി.സി. നിലവാരത്തിൽ പുനഃരുദ്ധരിച്ച് കൊണ്ടിരിക്കുന്നത്. റെയിൽവേയുടെ അധീനതയിലുള്ള ഈ ഭാഗം പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടുകയാണെങ്കിൽ ബി.എം.&ബി.സി. മാതൃകിൽ പുനഃരുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

**അങ്കമാലി നായത്തോട്-എയർപോർട്ട് റോഡിന്റെ പുനരുദ്ധാരണം**

32 (2062) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ നായത്തോട്-എയർപോർട്ട് റോഡിൽ കവരപ്പറമ്പ് മുതൽ എയർപോർട്ട് വരെയുള്ള ഭാഗത്തെ റോഡ് പണി പാതി വഴിയിൽ ഉപേക്ഷിക്കുവാനുണ്ടായ കാരണം വിശദമാക്കാമോ;

(ബി) ടി റോഡിൽ കവരപ്പറമ്പ് യാക്കോബായ പള്ളിവരെ വീതി കൂട്ടുകയും ബാക്കി ഭാഗം പുനഃരുദ്ധരിക്കാതെയും കാന നിർമ്മിക്കാതെയും കിടക്കുന്നതിനാൽ പ്രദേശവാസികൾ അനുഭവിക്കുന്ന ദുരിതം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇതിനുള്ള പരിഹാരമാർഗ്ഗം വ്യക്തമാക്കാമോ;

(സി) ഈ ഭാഗത്തെ പുനരുദ്ധാരണപ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി) ചെത്തിക്കോട് ഭാഗത്തുനിന്നും എയർപോർട്ട് വരെ പോകുന്ന റോഡിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഓട നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വേങ്ങൂർ നായത്തോട് റോഡിന്റെ രണ്ടാംഘട്ട പുനഃരുദ്ധാരണത്തിന്റെ ഭാഗമായി കവരപ്പറമ്പ് മുതൽ എയർപോർട്ട് വരെയുള്ള ഭാഗത്ത് വീതി കൂട്ടുന്നതിനും തുടർന്ന് പുനഃരുദ്ധാരണം നടത്തുന്നതിനുമായിട്ടുള്ള അലൈൻമെന്റ് അംഗീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കവരപ്പറമ്പ് യാക്കോബായ പള്ളി വരെയുള്ള ഭാഗം ഒന്നാംഘട്ട പുനരുദ്ധാരണത്തിന്റെ ഭാഗമായി വീതി കൂട്ടിയതാണ്. ബാക്കി ഭാഗത്ത് അലൈൻമെന്റ് അംഗീകരിച്ച് സ്ഥലം ഏറ്റെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കാവുന്നതാണ്.

(ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കായംകുളം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ഓവർസിയർമാരുടെ ഒഴിവുകൾ

33 (2063) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ഓവർസിയർമാരുടെ നിലവിലുള്ള ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ എല്ലാം തന്നെ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെയും താവം റെയിൽവേ മേൽപ്പാലത്തിന്റെയും പണി

34 (2064) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെയും പാപ്പിനിശ്ശേരി, താവം റെയിൽവേ മേൽപ്പാലങ്ങളുടെയും നിർമ്മാണ പുരോഗതി അറിയിക്കുമോ; ഇവയുടെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയും; വിശദാംശം നൽകുമോ?

ഉത്തരം

ലോകബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പാപ്പിനിശ്ശേരി, താവം എന്നീ റെയിൽവേ മേൽപ്പാലങ്ങളും രാമപുരം പാലം ഉൾപ്പെടെ 20.9 കി.മീറ്റർ ദൈർഘ്യമുള്ള പിലാത്തറ - പാപ്പിനിശ്ശേരി റോഡിന്റെയും നിർമ്മാണ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഈ പ്രവൃത്തിയുടെ 50% മാത്രമാണ് ഇപ്പോൾ പൂർത്തീകരിച്ചിരിക്കുന്നത്. ഇതുവരെയുള്ള നിർമ്മാണ പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

1. 19+758 കി.മീറ്ററിലുള്ള പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലം :

എല്ലാ പൈലുകളും, പൈൽ ക്യാപ്പുകളും പൂർത്തീകരിച്ചു. ആകെയുള്ള 22 സപ്പോർട്ടുകളിൽ 21 എണ്ണം പൂർത്തീകരിച്ചു. ഗാർഡറും സ്ലാബും 22 എണ്ണത്തിൽ 15 എണ്ണവും പൂർത്തീകരിച്ചു. റെയിൽവേയുടെ സ്റ്റീൽ ഗ്രാഡർ നിർമ്മാണം പുരോഗമിച്ചു വരുന്നു.

2. 7+420 കി.മീറ്ററിലുള്ള താവം റെയിൽവേ മേൽപ്പാലം :

ഡിസൈൻ അനുസരിച്ച് റെയിൽവേ സ്പാൻ ഉൾപ്പെടെ 5 സ്പാനുകളാണ് ഈ മേൽപ്പാലത്തിന് ഉള്ളത്. ഇതിൽ അബട്ട്മെന്റ്/പിയർ ഇവയുടെ നിർമ്മാണം പൂർത്തിയാക്കി. പുതിയതായി വിഭാവനം ചെയ്ത 6 സ്പാനുകളുടെ പൈലിംഗ് പണികൾ പുരോഗമിച്ചുവരുന്നു.

3. 4+220 കി.മീറ്ററിലുള്ള രാമപുരം പാലം :

ഈ പാലത്തിന്റെ പൈലിങ്ങും പൈൽ ക്യാപ്പും പൂർത്തീകരിച്ചു. അബട്ട്മെന്റ് ക്യാപ്പ് നിർമ്മാണം നടന്നുവരുന്നു.

4. റോഡ് നിർമ്മാണം :

20.9 കി.മീ. ദൈർഘ്യമുള്ള ഈ റോഡിന്റെ 13.07 കി.മീ. നീളത്തിൽ GSB-യും 12.485 നീളത്തിൽ WMM-ഉം 12.04 കി.മീ. നീളത്തിൽ DBM ഉം 9.15 കി.മീ നീളത്തിൽ BC- യും പൂർത്തിയാക്കിയിട്ടുണ്ട്.

പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലം ഡിസംബർ 2016-നും താവം റെയിൽവേ മേൽപ്പാലം ഫെബ്രുവരി 2017-ലുമാണ് നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്. മേൽപ്പാലങ്ങൾ ഉൾപ്പെടെ ഈ റോഡിന്റെ നിർമ്മാണം 2017 മാർച്ച് 31-ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**നബാർഡ്, സെൻട്രൽ റോഡ് ഫണ്ട് എന്നിവയുടെ വിഹിതങ്ങൾ ഉപയോഗിച്ച് പൊതുമരാമത്ത് പ്രവൃത്തികൾ**

35 (2065) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.ഏഫ് സർക്കാരിന്റെ ഭരണകാലയളവിൽ നബാർഡ്, സെൻട്രൽ റോഡ് ഫണ്ട് എന്നീ വിഹിതങ്ങൾ ഉപയോഗിച്ച് എത്ര തുകയുടെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ ഭരണാനുമതി ലഭിച്ചതിൽ കൊല്ലം ജില്ലയിൽപ്പെടുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലുള്ള സ്ഥിതിയും വെളിപ്പെടുത്താമോ?

ഉത്തരം

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലയളവിൽ നബാർഡ് വിഹിതം ഉപയോഗിച്ച് 1118.88 കോടി രൂപയുടേയും സെൻട്രൽ റോഡ് ഫണ്ട് വിഹിതം ഉപയോഗിച്ച് 434.246 കോടി രൂപയുടേയും പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ചാലക്കുടി-ആനമല റോഡ് നവീകരണം**

36(2066) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്തർ സംസ്ഥാന ടൂറിസം പാതയായ ചാലക്കുടി - ആനമല റോഡിൻെറ അവസാന പത്ത് കിലോമീറ്റർ ദൂരം ബി.എം. ആൻറ് ബി.സി. ടാറിംഗ് നടത്തി നവീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

അന്തർ സംസ്ഥാന ടൂറിസം പാതയായ ചാലക്കുടി-ആനമല റോഡിന്റെ അവസാന പത്ത് കിലോമീറ്റർ ദൂരം ബി.എം. & ബി.സി. ടാറിംഗ് ചെയ്ത് നവീകരിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ 2015-16 സാമ്പത്തിക വർഷത്തിൽ പരിഗണിക്കുവാൻ സാധിക്കാത്തതിനാൽ 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് പ്രസ്തുത പ്രൊപ്പോസൽ വീണ്ടും സമർപ്പിക്കുന്നതിന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പേരാമ്പ്ര - ചെമ്പ്ര-കൂരാച്ചുണ്ട് റോഡ് നവീകരിക്കുന്നതിന് നടപടി**

37 (2067) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് റോഡ് നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) നവീകരണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. പേരാമ്പ്ര-ചെമ്പ്ര- കൂരാചുണ്ട് റോഡ് നവീകരണ പ്രവൃത്തിക്കുള്ള വിശദമായ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും.

**റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് പദ്ധതി**

38 (2068) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് മാത്രമായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല. സാധാരണഗതിയിൽ അഞ്ച് വർഷത്തിലൊരിക്കൽ പൊതുമരാമത്ത് വകുപ്പിൽ റോഡുകളുടെ ഉപരിതലം പുതുക്കി പണിയുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്.

(ബി) റോഡുകളുടെ ഉപരിതലം പുതുക്കുന്നതുവഴി യാത്രയ്ക്ക് സുഖപ്രദമാവുകയും, വാഹനങ്ങളുടെ ഇന്ധനക്ഷമത കൂട്ടുകയും, യാത്രാസമയം കുറയ്ക്കുകയും, അപകടങ്ങൾ കുറയ്ക്കുകയുമാണ് ഉദ്ദേശിക്കുന്നത്.

(സി) ഇതിനായി ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ആവശ്യമായ തുക ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയും, ബഡ്ജറ്റിൽ തുക നൽകുന്നതിനനുസരിച്ച് ഘട്ടം ഘട്ടമായി റോഡുകളുടെ ഉപരിതലം പുതുക്കി വരുന്നു.

**റോഡുകളുടെ ഗുണനിലവാര പരിശോധന**

39 (2069) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നടക്കുന്ന റോഡുകളുടെ നിർമ്മാണം, മെയിന്റനൻസ് എന്നിവയുടെ ഗുണനിലവാരം പരിശോധിക്കാൻ പല ഏജൻസികളും നിലവിലുള്ളപ്പോൾത്തന്നെ ഇക്കാര്യത്തിൽ ഗുരുതരമായ പോരായ്മകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തരണം ചെയ്യാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചുവർഷം ഗുണനിലവാര പരിശോധനയിൽ വീഴ്ച കണ്ടെത്തിയതിനെത്തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ഇതിന്റെ പേരിൽ ലഭിച്ച ശിക്ഷാനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ദേശീയപാത വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളുടെ നിർമ്മാണം, മെയിന്റനൻസ് എന്നിവ ദേശീയപാത ഗുണനിലവാര വിഭാഗം പരിശോധിക്കാറുണ്ട്. ഇക്കാര്യത്തിൽ പോരായ്മകൾ ഉണ്ടായിട്ടുണ്ട്. വിശദമായി പരിശോധിച്ചുവരികയാണ്. ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് NH47 പരിശോധിച്ചുവരുന്നു. നിരത്ത് വിഭാഗത്തിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണം, മെയിന്റനൻസ് എന്നിവയുടെ ഗുണനിലവാരം പരിശോധിക്കാനും പോരായ്മകൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗം രൂപീകരിക്കുകയും ഇതിന്റെ കീഴിൽ നിർമ്മാണ പ്രവർത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിലേക്കായി വിവിധ ജില്ലകളിലായി ഓഫീസുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻകീഴിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഗുണനിലവാര പരിശോധയിൽ വീഴ്ച കണ്ടെത്തി രജിസ്റ്റർ ചെയ്ത കേസുകളൊന്നും തന്നെ നിലവിലില്ല. എന്നാൽ നിരത്ത് വിഭാഗത്തിൽ ഗുണനിലവാരം പരിശോധനയിൽ വീഴ്ച കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് നടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു, എങ്കിലും കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

**പാലക്കാട് ജില്ലയിലെ കല്ലേപ്പുള്ളി, മാട്ടുമാന്ത എൻ.ജി.ഒ. ക്വാർട്ടേഴ്സുകൾ**

40 (2070) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കല്ലേപ്പുള്ളി, മാട്ടുമാന്ത എന്നിവിടങ്ങളിലായി എത്ര എൻ.ജി.ഒ. ക്വാർട്ടേഴ്സുകളാണ് നിലവിലുള്ളത് ; വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ എത്ര എണ്ണത്തിൽ താമസക്കാരുണ്ട് ; അവരുടെ പേര് വിവരങ്ങളും ഔദ്യോഗിക പദവികളും ലഭ്യമാക്കുമോ ;

(സി) ഒഴിഞ്ഞുകിടക്കുന്ന ക്വാർട്ടേഴ്സുകൾ എത്ര; ഇപ്രകാരം ഒഴിഞ്ഞു കിടക്കാൻ കാരണം എന്ത് ; വിശദമാക്കുമോ ;

(ഡി) ഏറ്റവും ഒടുവിലായി ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണികൾ നടത്തിയത് എന്നാണ്; അതിന് എത്ര തുകയാണ് ചെലവഴിച്ചിത് ; വിശദമാക്കുമോ;

(ഇ) ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നത് ആരാണെന്നും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഏറ്റവും ഒടുവിൽ ക്വാർട്ടേഴ്സ് അനുവദിച്ച തീയതി ഏതാണ് എന്നും ആർക്കാണ് അനുവദിച്ചത് എന്നും അദ്ദേഹത്തിന്റെ ഔദ്യോഗിക പദവി എന്താണ് എന്നും വ്യക്തമാക്കാമോ ;

(എഫ്) ജോലിയിൽ നിന്നും വിരമിച്ചിട്ടും ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞു കൊടുക്കാത്തവർ കല്ലേപ്പുള്ളി, മാട്ടുമാന്ത ക്വാർട്ടേഴ്സുകളിൽ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ, ഇവരെ ഒഴിപ്പിക്കാൻ എന്ത് നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ;

(ജി) ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടും താമസയോഗ്യമല്ലാത്തതിന്റെ പേരിൽ ഏറ്റെടുക്കാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ ; ക്വാർട്ടേഴ്സുകൾ ഏറ്റെടുത്തിട്ടും താമസിക്കാതെ സ്ഥിരമായി പൂട്ടിയിട്ടിരിക്കുന്ന ജീവനക്കാരുണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;ക്വാർട്ടേഴ്സിന് വേണ്ടി എത്ര അപേക്ഷകളാണ് നിലവിലുള്ളത് ; ഇവയുടെ സീനിയോറിറ്റി ഉൾപ്പെടെയുള്ള രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ ; പ്രത്യേക പരിഗണന ലിസ്റ്റിൽപ്പെട്ട എത്രപേർ ഇവിടെ താമസക്കാരായിട്ടുണ്ട് ; (എസ് സി/ എസ് ടി, ജവാൻ, വികലാംഗർ തുടങ്ങിയവർ) ഇവരുടെ പേര് വിവരവും പരിഗണനാ വിഷയവും ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കല്ലേപ്പുള്ളിയിലെ ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ എണ്ണം - 134 മാട്ടുമാന്തയിലെ ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ എണ്ണം -78

(ബി) കല്ലേപ്പുള്ളിയിലെ 101 ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ താമസക്കാരുണ്ട്. വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

മാട്ടുമാന്തയിലെ 66 ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ താമസക്കാരുണ്ട്. വിശദവിവരം അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കല്ലേപ്പുള്ളിയിൽ 33 ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞുകിടക്കുന്നു. ഇതിൽ 2 ക്വാർട്ടേഴ്സുകൾ (ഡി-47, ഡി-48) അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാത്തവിധം ശോചനീയാവസ്ഥയിലാണ്. 15 ക്വാർട്ടേഴ്സുകൾ താമസയോഗ്യമാണ്. 16 ക്വാർട്ടേഴ്സുകളിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. മാട്ടുമാന്തയിൽ 12 ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞു കിടക്കുന്നു. ഈ ക്വാർട്ടേഴ്സിലെ താമസക്കാർ ട്രാൻസ്ഫർ ആയതു കൊണ്ടും സ്വന്തമായി വീട്ട നിർമ്മിച്ചതിനാലുമാണ് ഒഴിഞ്ഞത്.

(ഡി) കല്ലേപ്പുള്ളി ക്വാർട്ടേഴ്സുകളിൽ 2016-17 സാമ്പത്തിക വർഷത്തിൽ ജൂൺ മാസത്തിൽ ഡി-6 ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾക്ക് 2,21,562 രൂപ ചെലവഴിച്ചിട്ടുണ്ട്. മാട്ടുമാന്ത ക്വാർട്ടേഴ്സുകളിൽ 2014 -15 സാമ്പത്തിക വർഷത്തിൽ 9 ലക്ഷം രൂപ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ഇ) കല്ലേപ്പുള്ളി ക്വാർട്ടേഴ്സുകളിൽ 129 എണ്ണം അനുവദിക്കുന്നതിനുള്ള അധികാരം ജില്ലാകളക്ടർക്കും 5 ക്വാർട്ടേഴ്സുകൾ (ബി-1, ഡി-10, ഇ-3, അസിസ്റ്റന്റ് എഞ്ചിനീയറുടെ 2 ക്വാർട്ടേഴ്സുകൾ) അനുവദിക്കുന്നതിനുള്ള അധികാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുമാണ്.

മാട്ടുമാന്തയിലെ ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നത് ജില്ലാ കളക്ടറാണ്. 22-3-2016-ന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സെക്ഷൻ നം.3-ലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. ബിബിൻ ജെ.എസ്. നാണ് ഏറ്റവുമൊടുവിൽ കല്ലേപ്പുള്ളിയിൽ 6-1-2016 ലെ സ.ഉ. (സാ.ധാ) നമ്പർ40/2016/പൊ.മ.വ. പ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ചത്. അപേക്ഷകരുടെ ടേൺ അനുസരിച്ച് റൂൾസ് ഫോർ അലോട്ട്മെന്റ് ആന്റ് ഒക്യുപേഷൻ ഓഫ് ഗവൺമെന്റ് സെർവന്റ്സ് ക്വാർട്ടേഴ്സ്, 2006 പ്രകാരമുള്ള സംവരണക്രമത്തിലും റൂൾ 32 പ്രകാരം പ്രത്യേക ഘട്ടങ്ങളിൽ സ്പെഷ്യൽ അലോട്ട്മെന്റ് മുഖേനയുമാണ് അനുവദിച്ചുവരുന്നത്.

(എഫ്) ജോലിയിൽ നിന്നും വിരമിച്ചിട്ടും ക്വാർട്ടേഴ്സുകൾ ഒഴിയാത്തവരായി ആരുംതന്നെ മാട്ടുമാന്ത ക്വാർട്ടേഴ്സുകളിൽ ഇല്ല. ബാക്കിയുള്ള ക്വാർട്ടേഴ്സുകളിൽ പൊതുമരാമത്ത് റവന്യൂ വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) കല്ലേപ്പുള്ളിയിൽ ഒരു ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടെങ്കിലും ഏറ്റെടുത്തിട്ടില്ല. അനുവദിച്ച ഡി-4 ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതിനാൽ താമസയോഗ്യമായ ഡി-16 ക്വാർട്ടേഴ്സ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാട്ടുമാന്തയിൽ ക്വാർട്ടേഴ്സ് അനുവദിച്ചിട്ടും ഏറ്റെടുക്കാത്തവരായി ആരും തന്നെയില്ല. പൊതുമരാമത്ത്/റവന്യൂ വകുപ്പുകൾ സംയുക്തമായി പരിശോധന നടത്തുകയും താമസിക്കാതെ സ്ഥിരമായി പൂട്ടിയിട്ടിരിക്കുന്ന ക്വാർട്ടേഴ്സുകൾ ആയത് അനുവദിച്ച

ജീവനക്കാർക്ക് നോട്ടീസ് നൽകി വിചാരണ നടത്തി അവരോട് അനുവദിച്ച ക്വാർട്ടേഴ്സുകളിൽ സ്ഥിരമായി താമസിക്കേണ്ടതാണെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനായി കളക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകൾ അപേക്ഷകന്റെ ശമ്പള സ്കെയിൽ അനുസരിച്ച് വിവിധ രജിസ്റ്ററുകളിലായി രേഖപ്പെടുത്തി വരുന്നു. 2016 ജൂൺ 30 വരെ ലഭിച്ച അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ഇ ടൈപ്പ് - 469 എണ്ണം.

ഡി ടൈപ്പ് - 863 എണ്ണം

ബി ടൈപ്പ് - 149 എണ്ണം

സി ടൈപ്പ് - 419 എണ്ണം

ജി ടൈപ്പ് - 171 എണ്ണം

അപേക്ഷകൾ ലഭിക്കുന്ന തീയതി അനുസരിച്ച് അതിനായുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും അപേക്ഷകരുടെ ടേൺ അനുസരിച്ച് റൂൾസ് ഫോർ അലോട്ട്മെന്റ് ആന്റ് ഒക്യുപേഷൻ ഓഫ് ഗവൺമെന്റ് സെർവന്റ്സ് ക്വാർട്ടേഴ്സ്, 2006 പ്രകാരമുള്ള സംവരണക്രമത്തിലാണ് അനുവദിച്ചുവരുന്നത്.അപേക്ഷകരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ പരിശോധിച്ച് നിയമാനുസൃതം മുൻഗണനാക്രമത്തിൽ സംവരണപ്രകാരമാണ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നത്. പ്രത്യേക പരിഗണന ലിസ്റ്റിൽപ്പെട്ട ജീവനക്കാരുടെ പേര് വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പ്രത്യേക പരിഗണന നൽകി ക്വാർട്ടേഴ്സ് അനുവദിച്ച് നൽകിയവരുടെ നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകുന്നവരുടെയും ലിസ്റ്റ് വകുപ്പിൽ സൂക്ഷിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

## പ്രോജക്ട് ഇൻഫർമേഷൻ ആൻഡ് കോസ്റ്റ് എസ്റ്റിമേഷൻ സോഫ്റ്റ്‌വെയർ

41 (2071) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. പി. കെ. ശശി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ഓൺലൈൻ അംഗീകാരത്തിനും, എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും വേണ്ടി 'പ്രൈസ്' സോഫ്റ്റ് വെയർ (പ്രോജക്ട് ഇൻഫർമേഷൻ ആൻഡ് കോസ്റ്റ് എസ്റ്റിമേഷൻ സോഫ്റ്റ് വെയർ) ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സോഫ്റ്റ്‌വെയറിന്റെ പ്രയോജനങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ ഉൾപ്പെടുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഓൺലൈനായി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുമായി തയ്യാറാക്കിയ "പ്രൈസ്" സോഫ്റ്റ് വെയർ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ 2014 ജനുവരി 1 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗം 15-12-2015 മുതൽ ഉപയോഗിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിലെ എൻജിനീയർമാരുടെ സഹായത്തോടുകൂടി നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ആണ് "പ്രൈസ്"സോഫ്റ്റ് വെയർ വികസിപ്പിച്ചത്.

(സി) "പ്രൈസ്" സോഫ്റ്റ് വെയറിൽ ഉൾപ്പെടുന്ന കാര്യങ്ങളും അവയുടെ പ്രയോജനങ്ങളും ചുവടെ ചേർക്കുന്നു.

1. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ കേന്ദ്രീകൃതമായി തയ്യാറാക്കിയിട്ടുള്ള സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ അനുരിച്ച് റേറ്റുകളിൽ വ്യത്യാസം ഉണ്ടാകാതെ എസ്റ്റിമേറ്റ് ഓൺലൈനായി തയ്യാറാക്കാൻ സാധിക്കുന്നു.
2. തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ ഓൺലൈനായി തന്നെ ഉയർന്ന ഉദ്യോഗസ്ഥർക്ക് സമർപ്പിക്കുന്നതിനും, വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഓൺലൈനായി തന്നെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുവാനും കഴിയുന്നു.
3. കേന്ദ്രീകൃതമായി ഭരണാനുമതി രജിസ്റ്ററും സാങ്കേതികാനുമതി രജിസ്റ്ററും സോഫ്റ്റ്‌വെയറിൽതന്നെ തയ്യാറാക്കിയിട്ടുള്ളതിനാൽ കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് സാധിക്കുന്നു.
4. ടെണ്ടർ ക്ഷണിക്കുന്നതിനാവശ്യമായ ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കി ഇ-ടെണ്ടറിംഗ് പോർട്ടലിലേക്ക് ആവശ്യമായ രീതിയിൽ മിനിട്ടുകൾക്കകം സോഫ്റ്റ് വെയർ മുഖാന്തിരം തയ്യാറാക്കാൻ സാധിക്കുന്നു.

5. ടെണ്ടറിൽ തീരുമാനമെടുക്കാൻ ആവശ്യമായ ലോക്കൽ മാർക്കറ്റ് റേറ്റ് ജസ്റ്റിഫിക്കേഷൻ അതാത് ജില്ലകളിലെ ലോക്കൽ മാർക്കറ്റ് റേറ്റിന് അനുസൃതമായി മിനിട്ടുകൾക്കകം സോഫ്റ്റ് വെയർ മുഖാന്തിരം തയ്യാറാക്കാൻ സാധിക്കുന്നതിനാൽ ടെണ്ടർ അംഗീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നു.

6. പൊതുമരാമത്ത് വകുപ്പിന്റെ എസ്റ്റിമേറ്റുകളുടെ നിലവിലത്തെ അവസ്ഥയും, പ്രസ്തുത എസ്റ്റിമേറ്റിൽ ഓരോ ഓഫീസർമാരും എടുത്ത നടപടികളും എല്ലാ ഓഫീസർമാർക്കും എപ്പോഴും നിരീക്ഷിക്കാനുള്ള സംവിധാനമുള്ളതിനാൽ ഫയൽ നീക്കത്തിൽ സുതാര്യത ഉറപ്പുവരുത്താൻ സാധിക്കുന്നു.

7. എസ്റ്റിമേറ്റിൽ ഓരോ ഓഫീസർമാരും എടുത്ത നടപടികൾ ഫയൽ ഹിസ്റ്ററിയിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ ആയത് എല്ലാ ഓഫീസർമാർക്കും പരിശോധിക്കുവാൻ സാധിക്കുന്നതാണ്.

8. ഷെഡ്യൂൾ റിവിഷന്റെ അവസരത്തിലും കോസ്റ്റ് ഇൻഡക്സ് റിവിഷന്റെ അവസരങ്ങളിലും എസ്റ്റിമേറ്റ് പുതിയ റേറ്റിലേക്ക് പുതുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സോഫ്റ്റ് വെയർ സഹായിക്കുന്നു.

9. സംസ്ഥാനത്ത് എവിടെയും തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അതിന്റെ പകർപ്പെടുത്ത് പുതിയ എസ്റ്റിമേറ്റ് ഉണ്ടാക്കുന്നതിന് സാധിക്കുന്നു.

10. നിലവിൽ സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ പൊതുമരാമത്ത് വകുപ്പ് സാധാരണ ഉപയോഗിക്കുന്നതുമായ പ്രവൃത്തികളുടെ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി സോഫ്റ്റ് വെയറിൽ സൂക്ഷിച്ചിട്ടുള്ളതിനാൽ ഇതിന്റെ ഉപയോഗത്തിൽ ഏകീകരണം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

11. 2014 ജനുവരി 1 മുതൽ ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്ത സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെയും അവർ പ്രവൃത്തി ചെയ്ത ഓഫീസുകളുടെയും വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്.

12. ഓൺലൈനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാലും ഓൺലൈനായി തന്നെ ഉയർന്ന ഓഫീസുകളിലേക്ക് സമർപ്പിച്ച് അംഗീകാരം നൽകുന്നതിനാലും പേപ്പറിന്റെ ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണത്തിനും സാധിക്കുന്നു.

**ചാലക്കുടി റെസ്റ്റ് ഹൗസിന്റെ അപ്ഗ്രഡേഷൻ**

42 (2072) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി നിർമ്മിച്ച അഡീഷണൽ ബ്ലോക്കിന്റെ ഉദ്ഘാടനത്തോടെ, കൂടുതൽ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ചാലക്കുടി പി ഡബ്ലിയു ഡി റെസ്റ്റ് ഹൗസിന്റെ ഗ്രേഡ് ഉയർത്തുന്നതിനും, കെയർ ടേക്കർ, വാച്ചർ, സ്വീപ്പർ തുടങ്ങിയ തസ്തികളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ ഗ്രേഡ് 17-3-2013-ലെ സ.ഉ. (അച്ചടി) നമ്പർ 58/2013/പൊ.മ.വ. ഉത്തരവ് പ്രകാരം ഉയർത്തിയിട്ടുണ്ട്. നിലവിലുള്ള കെയർടേക്കർ, സ്വീപ്പർ എന്നീ തസ്തികകളിൽ ജീവനക്കാരുണ്ട്. കുക്ക്-കം-വാച്ചർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് - വയനാട് തുരങ്കപാത**

43 (2073) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള വയനാട് ചുരം റോഡിന് ബദലായി കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിച്ച് വനഭൂമി നഷ്ടപ്പെടാതെയും, പരിസ്ഥിതി ആഘാതം കുറച്ചും, ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി വഴിയുള്ള തുരങ്ക പാത നിർമ്മാണത്തിന് ഏതെങ്കിലും ഏജൻസി സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാന ആവശ്യം എന്ന പരിഗണന നൽകി പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനും പ്രവൃത്തികൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി വഴിയുള്ള തുരങ്കപാത നിർമ്മാണത്തിന് പ്രാഥമിക പഠനമാണ് നടത്തിയിട്ടുള്ളത്. അംഗീകരിച്ച സൈറ്റ് പ്ലാൻ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ 18-5-2015-ലെ സിഇ/ആർ & ബി/കെ.കെ.ഡി/15105/2015 നമ്പർ കത്ത് പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ, ആർ & ബി. നോർത്ത് സർക്കിൾ, കോഴിക്കോട്-ന് കൈമാറിയിട്ടുണ്ട്.

## ഇടക്കൊച്ചി - തോപ്പുംപടി തീരദേശ റോഡ്

44 (2074) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിൽ ഇടക്കൊച്ചി മുതൽ തോപ്പുംപടി വരെ, വേമ്പനാട്ടു കായൽ തീരത്തു കൂടി തീരദേശ റോഡിനുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ബി) തീരദേശ റോഡുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) നിലവിലില്ല

(ബി) സ്വീകരിച്ചിട്ടില്ല.

## കൊണ്ടോട്ടി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ്

45 (2075) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് എയർപോർട്ടിനു സമീപം സ്ഥിതി ചെയ്യുന്ന കൊണ്ടോട്ടി പി.ഡബ്ല്യൂ.ഡി.റെസ്റ്റ് ഹൗസ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തേണ്ടതിന്റെ ആവശ്യകത പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റെസ്റ്റ് ഹൗസ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) നിലവിൽ പരിഗണനയിലില്ല

## ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

46 (2076) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികളും അവ പൂർത്തീകരിക്കാത്തതിന്റെ കാരണവും വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) ഒല്ലൂർ നിയോജക മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളും പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി തുകയും പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ലിസ്റ്റും പൂർത്തീകരിക്കാത്ത പ്രവൃത്തികളും അവ പൂർത്തീകരിക്കാത്തതിന്റെ കാരണവും സംബന്ധിച്ച നിരത്തു വിഭാഗത്തിന്റെ വിശദാംശങ്ങൾ അനുബന്ധം I*ആയും കെട്ടിട വിഭാഗത്തിന്റെ വിശദാംശങ്ങൾ അനുബന്ധം II ആയും ചേർത്തിട്ടുണ്ട്.*

(ഡി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കഴക്കൂട്ടം റെയിൽവേ സ്റ്റേഷനിൽ നിന്നും മേനംകുളം ഭാഗത്തേയ്ക്ക് റോഡ്**

47(2077) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം റെയിൽവേ സ്റ്റേഷനിൽ നിന്നും മേനംകുളം ഭാഗത്തേയ്ക്ക് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗോഡൗണിന്റെ സൈഡിൽ കൂടി റോഡ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) കഴക്കൂട്ടം റെയിൽവേ സ്റ്റേഷനിൽ നിന്നും മേനംകുളം ഭാഗത്തേക്ക് ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഗോഡൗണിന്റെ സൈഡിൽ കൂടി റോഡ് നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എം.എൽ.എ.-യുമായി ചർച്ച ചെയ്ത് തീരുമാനിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കാസർഗോഡ് നിയോജകമണ്ഡലത്തിലെ റോഡുകളുടെ ശോചനീയാവസ്ഥ**

48 (2078) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് നിയോജക മണ്ഡലത്തിലെ എ.പി. സർക്കിൾ - ഗോസാഡ റോഡ്, ചൗക്കി - ഉളിയത്തടുക്ക - എസ്‌പി നഗർ - ഹിദായത്തീനഗർ കോപ്പറോഡ്, കാസർകോട് - മധൂർറോഡ്, വിദ്യാനഗർ - ഉളിയത്തടുക്ക - സീതാം ഗോളിറോഡ്, താരമ്പാടി - പുണ്ടൂർ റോഡ് എന്നീ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾ പുനഃരുദ്ധരിക്കുന്നതിന് പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ പണം അനുവദിച്ച് പ്രവൃത്തി തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ;

(സി) റോഡിന്റെ അറ്റകുറ്റപ്പണികൾക്ക് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി ഭരണാനുമതി നൽകുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഈ സ്കീമിൽ ഉൾപ്പെടുത്തി മുകളിൽ പറഞ്ഞ റോഡുകൾ നന്നാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എ. പി. സർക്കിൾ - ഗോസാഡ റോഡിൽ കി.മി. 2/300 മുതൽ 4/400 വരെയുള്ള ഭാഗമാണ് കൂടുതൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളത്.

ചൗക്കി - ഉളിയത്തടുക്ക - എസ്‌പി നഗർ - ഹിദായത്ത്നഗർ കോപ്പ റോഡിൽ - നിലവിൽ പ്രധാന തകരാറുള്ള ഭാഗം കി.മി. 0/000 മുതൽ 1/200-നും ഇടയിലാണ്.

വിദ്യാനഗർ - ഉളിയത്തടുക്ക - സീതാം ഗോളി റോഡിന്റെ ചില ഭാഗങ്ങളിൽ pot holes രൂപപ്പെട്ടിട്ടുണ്ട്.

കാസർഗോഡ് - മധൂർ റോഡിൽ നിലവിൽ തകരാറുള്ള ഭാഗങ്ങൾ കി.മി. 3/300 മുതൽ 4/400 വരെയും 4/700 മുതൽ 6/500 വരെയുമാണ്.

നക്രംപാറ - അർളട്ടക്കം - കോടിമൂല - പുണ്ടൂർ - നാരമ്പാടി ഏത്തടുക്ക റോഡ് - നിലവിൽ കി.മി. 5/500 മുതൽ 7/000, വരെയുള്ള ഭാഗമാണ് കൂടുതൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളത്.

(ബി) ഭരണാനുമതി നൽകിയിരുന്നു. 17-6-2016 -ലെ സർക്കാർ കത്ത് PWD-PS1/63/16-PWD പ്രകാരം 1-1-2016 മുതൽ SLTF ശിപാർശ ചെയ്തിരുന്ന പ്രവൃത്തികൾ താല്ക്കാലികമായി നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

(സി) ജില്ലാതല ടാസ്ക് ഫോഴ്സ് ആവശ്യകതയിലും മുൻഗണനാക്രമത്തിലും നിർദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിഗണിക്കുന്നത്.

ഈ സ്കീമിൽ ഉൾപ്പെടുത്തി എ.പി. സർക്കിൾ - ഗോസാഡ റോഡിൽ ഉപരിതലം പുതുക്കുന്നതിന് കി.മി. 2/300 മുതൽ 3/500 വരെ 15 ലക്ഷം രൂപയ്ക്കും കി.മി. 3/500 മുതൽ 4/400 വരെ 15 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

ചൗക്കി - ഉളിയത്തടുക്ക - എസീപി നഗർ - ഹിദായത്തീനഗർ കോപ്പ റോഡിന് കി.മി. 0/000 മുതൽ 1/200 വരെ 170 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

വിദ്യാനഗർ - ഉളിയത്തടുക്ക - സീതാം ഗോളി റോഡിന്റെ പ്രവൃത്തികൾക്ക് സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സുമായി ബന്ധമില്ല. എന്നാൽ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്(SRIP)-ൽ ഉൾപ്പെടുത്തി പ്രസ്തുത റോഡ് നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് - മധൂർ റോഡിന് കി.മി. 3/300 മുതൽ 3/400 വരെ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിക്കും 3/400 മുതൽ 4/400 വരെ ബി.എം. & ബി.സി. ചെയ്യുന്ന പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

**മട്ടാഞ്ചേരി ആർ.ഡി.ഒ. ക്വാർട്ടേഴ്സ്**

49(2079) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 2014-ൽ ഭരണാനുമതി ലഭിച്ച ആർ.ഡി.ഒ. ക്വാർട്ടേഴ്സ്-മട്ടാഞ്ചേരിയുടെ പ്രവൃത്തി ഇതുവരെയും ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് സ്ഥലം കൈമാറാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) ആസ്തി വികസന പദ്ധതികളിൽ ഉൾപ്പെടുന്നവ പൂർത്തീകരിക്കാൻ സമയപരിധി നിശ്ചയിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊച്ചി ആർ.ഡി.ഒ. ക്വാർട്ടേഴ്സ് കെട്ടിടം പണിയുവാനുള്ള സ്ഥലം നാളിതുവരെ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല. സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പാണ് സ്വീകരിക്കേണ്ടത്. റവന്യൂ വകുപ്പ് സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ആസ്തി വികസന പദ്ധതികളിൽ ഉൾപ്പെടുന്ന ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് നിർദ്ദിഷ്ട സമയപരിധിയുണ്ട്.

**കൊയിലാണ്ടി പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷനിലെ പോരായ്മകൾ**

50 (2080) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷനിലെ അസിസ്റ്റന്റ് എൻജിനിയർ നിലവിൽ വടകര സെക്ഷന്റെ അധിക ചുമതല വഹിക്കുന്നതിനാൽ കൊയിലാണ്ടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഒന്നുംതന്നെ സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വടകര സെക്ഷനിൽ അസിസ്റ്റന്റ് എൻജിനിയറെ നിയമിച്ചുകൊണ്ട് ഇതിന് പരിഹാരം ഉണ്ടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സെക്ഷനിൽ മൂന്ന് ഓവർസിയർമാരുടെ കുറവു കാരണം സെക്ഷനിലെ പ്രവൃത്തികളുടെ കാര്യത്തിൽ വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ബിൽഡിംഗ് സെക്ഷനിൽ ഓവർസിയർമാരെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വടകര സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തിക നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. അസിസ്റ്റന്റ് എൻജിനീയറുടെ ദൗർലഭ്യം

വകുപ്പിന് കീഴിലെ വിവിധ ഓഫീസുകളിൽ നിലനിൽക്കുന്നുണ്ട്. ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തത് നിയമനത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ടി. തസ്തികയിലേക്ക് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം മുഖേന അസിസ്റ്റന്റ് എൻജിനീയറെ ഉടനെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊയിലാണ്ടി ബിൽഡിംഗ്സ് സെക്ഷനിലെ 3rd Grade Overseer-മാരുടെ അനുവദിക്കപ്പെട്ട 4 തസ്തികകളിൽ മൂന്ന് തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഒഴിവുകൾ എല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സെൻട്രൽ റോഡ് ഫണ്ട്**

51(2081) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യേണ്ട പ്രവൃത്തികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) അന്തർദേശീയ തീർത്ഥാടന കേന്ദ്രങ്ങളായ മലയാറ്റൂർ, കാലടി എന്നിവയുടെ ദേശീയ പ്രാധാന്യം കണക്കിലെടുത്ത് അങ്കമാലി-ചന്ദ്രപ്പുര-മഞ്ഞപ്ര-മലയാറ്റൂർ-അടിവാരം റോഡ്, സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ രേഖകളും സഹിതമുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകാമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിച്ച് 2013-14 സാമ്പത്തിക വർഷം അനുമതി ലഭിച്ച കാലടി - മലയാറ്റൂർ റോഡിന്റെ പുനഃരുദ്ധാരണ പ്രവൃത്തികൾ 1-8-2015 -ൽ പൂർത്തീകരിച്ചു.

(ബി) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യേണ്ട പ്രവൃത്തികളുടെ പട്ടിക കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലേയ്ക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കി വരുന്നു.

(സി) പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി ആലോചിക്കുന്നതാണ്.

**സംസ്ഥാനത്തെ ദേശീയ പാതകളിൽ സേഫ്റ്റി ഓഡിറ്റിംഗ്**

52 (2082) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളിൽ അപകടങ്ങൾ വർദ്ധിച്ചു വരുന്നതായുള്ള സ്ഥിതിവിവര കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥിരം അപകടമേഖലകളാകുന്ന പ്രദേശങ്ങൾ കണ്ടെത്തുന്നതിനും കാരണങ്ങൾ വിശകലനം ചെയ്യുന്നതിനും പരിഹാരങ്ങൾ കണ്ടെത്തുന്നതിനുമായി സംസ്ഥാനത്തെ ദേശീയ പാതകളിൽ സേഫ്റ്റി ഓഡിറ്റിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ പ്രധാന റോഡുകളിലും ഇത്തരം ഓഡിറ്റിംഗ് ഏർപ്പെടുത്തുന്നത് ഗുണകരമായിരിക്കുമെന്ന് കരുതുന്നുണ്ടോ; ആയതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ദേശീയ പാതകളിൽ റോഡ് സേഫ്റ്റി ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ദേശീയപാതയുടെ തെരഞ്ഞെടുത്ത റീച്ചുകളിൽ പഠനം നടത്തുവാൻ NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. പരിശോധിച്ചുവരുന്നു.

**മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ കെട്ടിടം**

53 (2083) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) പരാമർശിത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള 350 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കേരള ഫയർ & റെസ്ക്യൂ കമാൻഡന്റിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് മരാമത്ത് വകുപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ വാച്ച് സ്റ്റേഷൻ - ഏനാനല്ലൂർ റോഡിലുള്ള മടത്തുംതോട്ടുപാലത്തിന്റെ അപകടാവസ്ഥ**

54 (2084) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ വാച്ച് സ്റ്റേഷൻ - ഏനാനല്ലൂർ റോഡിലുള്ള മടത്തും തോട്ടുപാലത്തിന്റെ അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ;

(സി) പാലം നിർമ്മാണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിലേയ്ക്കായി 260 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിക്കായിട്ടുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

**സംസ്ഥാനത്തെ ദേശീയപാത ബൈപ്പാസുകളുടെ നിർമ്മാണം**

55 (2085) ശ്രീ.എ. എം. ആരിഫ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ആർ. രാജേഷ് :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത ബൈപ്പാസ്സുകളുടെ നിർമ്മാണത്തെക്കുറിച്ച് നയം വ്യക്തമാക്കാമോ;

(ബി) ആസൂത്രണം കഴിഞ്ഞിട്ട് നാലു പതിറ്റാണ്ട് പിന്നിടുന്ന ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ബൈപ്പാസ്സിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; മേൽപ്പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും സ്കെച്ച് വിശദമായി പരിശോധിച്ചിട്ടു ണ്ടോയെന്ന് വെളിപ്പെടുത്താമോ; സ്കെച്ചിന്റെ കോപ്പി ലഭ്യമാക്കാമോ;

(ഡി) ബൈപ്പാസ് റോഡിലെ അടിപ്പാത കടന്നുപോകുന്ന സ്ഥലത്തുണ്ടാകാനിടയുള്ള അപകടം മുന്നിൽക്കണ്ട് കോൺക്രീറ്റ് സൈഡ് വാളിന്റെ ഉയരവും നീളവും വർദ്ധിപ്പിക്കുന്നതിനും അപകട സിഗ്നലുകൾ സ്ഥാപിക്കുന്നതിനും നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണം കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടത്തുന്നത്. നിലവിലെ ദേശീയപാത വികസന പദ്ധതിപ്രകാരവും കോറിഡോർ അപ്രോച്ച് മുഖേനയും ദേശീയപാതകൾ വികസിപ്പിക്കുമ്പോൾ ശാസ്ത്രീയമായ രൂപരേഖകൾ തയ്യാറാക്കി നിലവിൽ യാത്രാക്ലേശം അനുഭവപ്പെടുന്ന പട്ടണപ്രദേശങ്ങളിലും സ്ഥലമെടുക്കാൻ നിർവ്വാഹമില്ലാത്ത പട്ടണപ്രദേശങ്ങളിലും ബൈപ്പാസുകൾ നിർമ്മിച്ചു വരുന്നു.

(ബി & സി) എൻ.എച്ച് 47-ൽ കൊമ്മാടി മുതൽ കളർകോട് വരെയുള്ള 6.8 കി.മീ. ബൈപ്പാസുകളുടെ നിർമ്മാണത്തിനായി പതിറ്റാണ്ടുകൾക്കു മുമ്പുതന്നെ സ്ഥലം ഏറ്റെടുത്തിരുന്നുവെങ്കിലും ഇവയുടെ നിർമ്മാണം പലവിധ കാരണങ്ങളാൽ നീണ്ടുപോവുകയായിരുന്നു. വർദ്ധിച്ചു വന്ന ഗതാഗത കുരുക്കുകൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാർ ഈ പദ്ധതി 50% സംസ്ഥാന വിഹിതത്തോടെ നടപ്പിലാക്കുവാൻ കേന്ദ്രത്തോട് നിർദ്ദേശം വയ്ക്കുകയും കേന്ദ്രം അത് അംഗീകരിക്കുകയും ഉണ്ടായി. തുടർന്ന് ഇ.പി.സി. വ്യവസ്ഥയിൽ (എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ) ആർ.ഡി.എസ്.-സി.വി.സി.സി.(ജോയിന്റ് വെഞ്ചർ) എന്ന കരാർ കമ്പനിയുമായി രണ്ട്

വരിപ്പാതയുടെ നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കരാർ പ്രകാരം പ്രവൃത്തി 14-9-2017-ൽ പൂർത്തീകരിക്കേണ്ടതാണ്. ഈ പദ്ധതിയിൽ ബീച്ച് ഭാഗത്തുവരുന്ന 3.2 കി.മീ. ദൈർഘ്യം രണ്ട് റെയിൽ മേൽപ്പാലങ്ങൾ ഉൾപ്പെട്ട എലിവേറ്റഡ് ഹൈവേയാണ്. ഇ.പി.സി. വ്യവസ്ഥയിൽ പദ്ധതിയുടെ വിശദമായ ഡിസൈൻ തയ്യാറാക്കേണ്ടത് കരാറുകാരന്റെ ചുമതലയാണ്. കരാറുകാരന്റെ ഡിസൈൻ ഡയറക്ടർ, ഡിസൈൻ തയ്യാറാക്കുന്ന മുറയ്ക്ക് പ്രൂഫ് കൺസൾട്ടന്റ് പരിശോധന നടത്തി കേന്ദ്രമന്ത്രാലയം ചുമതലപ്പെടുത്തിയിട്ടുള്ള അതോറിറ്റീസ് എഞ്ചിനീയർ തുടർ പരിശോധന നടത്തിയ ശേഷമാണ് അംഗീകാരം നൽകുന്നത്. ബന്ധപ്പെട്ട സ്കെച്ചിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* പദ്ധതിയുടെ നിർമ്മാണ പുരോഗതി ഓരോ മാസവും ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ റോഡ് ഗതാഗത മന്ത്രാലയത്തിന്റെ റീജിയണൽ ഓഫീസർ, അതോറിറ്റീസ് എഞ്ചിനീയർ, കരാറുകാർ, അതോറിറ്റിയുടെ പ്രതിനിധികളായ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അവലോകനം നടത്താറുണ്ട്.

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട സേഫ്റ്റി കൺസൾട്ടന്റ് സേഫ്റ്റി ഓഡിറ്റിംഗ് നടത്തിയശേഷം അതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ രീതിയിൽ പദ്ധതി നടപ്പിലാക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

**കൊയിലാണ്ടി മണ്ഡലത്തിലെ 'വൺ ടൈം മെയിന്റനൻസ് ' റോഡുകൾ**

56 (2086) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ വൺ ടൈം മെയിന്റനൻസിൽ ഭരണാനുമതി ലഭിച്ച ഗ്രാമീണ റോഡുകൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവത്തികളിൽ ഏതെല്ലാം ടെണ്ടർ ചെയ്തെന്നും ആയതിൽ ആരംഭിച്ചവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) ഇനിയും ടെണ്ടർ ചെയ്യാത്തതും ആരംഭിക്കാത്തതുമായ പ്രവൃത്തികളിൽ അതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ പൂക്കാട് - എടക്കടവ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ |
| 2 | ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ കാപ്പാട് - അൽഹ്ദ ജംഗ്ഷൻ ഓർഫനേജ് റോഡ് |
| 3 | മൂടാടി ഗ്രാമപഞ്ചായത്തിലെ അമ്പിച്ചിക്കളം - പുതിയകുളങ്ങര റോഡ് കി.മീ. 0/000 മുതൽ 0/500 വരെ |
| 4 | പയ്യോളി മുനിസിപ്പാലിറ്റിയിൽ മമ്പുറം - വഴങ്ങാനിലം റോഡ് കി.മീ.0/000 മുതൽ 0/500 വരെ |
| 5 | പയ്യോളി മുനിസിപ്പാലിറ്റിയിൽ കരിയാടി റെയിൽവെലൈൻ റോഡ് കി.മീ. 0/000 മുതൽ 0/500 വരെ |
| 6 | പയ്യോളി മുനിസിപ്പാലിറ്റിയിൽ കട്ടവച്ചൻകണ്ടി - പൂവണ്ടമഠം റോഡ് |
| 7 | തിക്കോടി ഗ്രാമപഞ്ചായത്തിൽ ഏഷ്യാഡ് മുക്ക് - മുക്കം കോളനി റോഡ് കി.മീ.0/000 മുതൽ 1/500 വരെ |
| 8 | മൂടാടി ഗ്രാമപഞ്ചായത്തിൽ എൻ.എച്ച്. വാഴവളപ്പിൽ റോഡ് കി.മീ. 0/000 മുതൽ 0/150 വരെ |
| 9 | മൂടാടി ഗ്രാമപഞ്ചായത്തിൽ മമ്മിളിത്താഴെ റോഡ് കി.മീ. 0/000 മുതൽ 0/500 വരെ |
| 10 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ അരയൻകാവ് റോഡ് കി.മീ. 0/000 മുതൽ 0/150 വരെ |
| 11 | ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ ആയനോളിമുക്ക് - കിഴമ്പറമ്പത്ത് താഴെ വിദ്യാതരംഗിണി റോഡ് കി.മീ. 0/000 മുതൽ 0/150 വരെ |
| 12 | ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ വെങ്ങളം പി. സത്യനാഥൻ റോഡ് കി.മീ. 0/000 മുതൽ 0/500 വരെ |
| 13 | ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ ഞാണംപൊയിൽ - വാളേരി താഴെ റോഡ് കി.മീ. 0/000 മുതൽ 0/500 വരെ |
| 14 | ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ നടുവാലിമുക്ക് - വിദ്യാതരംഗിണി റോഡ് |
| 15 | പയ്യോളി മുനിസിപ്പാലിറ്റിയിൽ അയനിക്കാട് ശ്രീകൃഷ്ണ ടെമ്പിൾ റോഡ് |

ഇതിൽ ക്രമ നം. 1 മുതൽ 11 വരെയുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി. പ്രവൃത്തികളൊന്നും ആരംഭിച്ചിട്ടില്ല.

(ബി) മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ക്രമ നം.12 മുതൽ 15 വരെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടില്ല. പ്രസ്തുത റോഡുകളുടെ അതിർത്തി നിർണ്ണയിച്ചുകിട്ടിയിട്ടില്ല.

## നെടുമങ്ങാട് മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ

57 (2087) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗ്രാമീണ റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗ്രാമീണ റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

## സബ്ഡിവിഷൻ പുനഃക്രമീകരണം

58 (2088) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സബ്ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന അസി.എഞ്ചിനീയർമാർ, ഓവർസിയർമാർ എന്നിവരുടെ പ്രവർത്തന മേഖല അതത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിന് നടപടിസ്വീകരിക്കുമോ;

(ബി) ഇങ്ങനെ പുനഃക്രമീകരിക്കുമ്പോൾ ഒരു നിയോജകമണ്ഡലത്തിലെ മുഴുവൻ പൊതുമരാമത്തു റോഡുകളും അതത് അസി. എഞ്ചിനീയർ ഓഫീസിന്റെ പരിധിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നിലവിൽ NATPAC - ന്റെ നിർദ്ദേശം അനുസരിച്ചാണ് ഓരോ സെക്ഷൻ ഓഫീസുകളുടേയും പരിധി ക്രമപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഒരു നിയമസഭാ മണ്ഡലത്തിലെ പരമാവധി റോഡുകളും ഒരു സെക്ഷൻ ഓഫീസിന്റെ കീഴിൽ ആക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

## ഗ്രാവലിന്റെ മാർക്കറ്റ് റേറ്റ്

59 (2089) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാവലിന് മാർക്കറ്റ് റേറ്റ് ലഭ്യമാകാത്തതുമൂലം കുട്ടനാട്ടിലെ പൊതുമരാമത്ത് പ്രവൃത്തികൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാവലിന് മാർക്കറ്റ് റേറ്റ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കുട്ടനാട്ടിലെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഗ്രാവലിന് മാർക്കറ്റ് റേറ്റ് നൽകാത്തതുമൂലം മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഗ്രാവലിന് മാർക്കറ്റ് റേറ്റ് അനുവദിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) കുട്ടനാട്ടിലെ താഴെ പറയുന്ന നിർമ്മാണ പ്രവൃത്തികളാണ് ഗ്രാവലിന് മാർക്കറ്റ് റേറ്റ് നൽകാത്തതുമൂലം മുടങ്ങിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

1. ചമ്പക്കുളം ഗ്രാമപഞ്ചായത്തിൽ കാരേക്കാട് ഗവ. എൽ.പി.എസ്. മുതൽ കുന്നിൽതോരിറമ്പു വരെയുള്ള റോഡിന്റെ നിർമ്മാണം.
2. ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പരിപാലനം ODR 2015-16 - പുളിങ്കുന്ന് നിരത്തുവിഭാഗത്തിനു കീഴിലുള്ള വിവിധ റോഡുകളുടെ നവീകരണം.
3. കാവാലം ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് റോഡു മുതൽ വിശ്വകർമ്മ ക്ഷേത്രം വരെ ഒന്നാം റീച്ചിന്റെ നിർമ്മാണം.

4. നീലംപേരൂർ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് റോഡിൽ ചക്കച്ചംപക്ക ജംഗ്ഷൻ മുതൽ കവലയിൽ കടവ് വരെ ഒന്നാം റീച്ചിന്റെ നിർമ്മാണം.

5. കണ്ടങ്കരി - നെട്ടുമുടി - ഉമ്പുക്കാട്ടുവരമ്പിനകം - കായൽപ്പുറം - കണ്ണാടി റോഡിന്റെ നിർമ്മാണം.

6. പൂകൈത്ത് ആറ്റുതീരത്തിലേക്കുള്ള നെട്ടുമുടി പഞ്ചായത്ത് ഓഫീസ് റോഡിന്റെ നവീകരണം.

**നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ - വിജിലൻസ് അന്വേഷണം**

60 (2090) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് നീയോജക മണ്ഡലത്തിൽ കഴിഞ്ഞകാലങ്ങളിൽ നടന്നിട്ടുള്ള വികസന പ്രവർത്തങ്ങളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്താൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കോട്ടപ്പുറം-അച്ചാംതുരുത്തി പാലം നിർമ്മാണം**

61 (2091) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കോട്ടപ്പുറം-അച്ചാംതുരുത്തി പാലം നിർമ്മാണം എന്നാണ് ആരംഭിച്ചിട്ടുള്ളത്;

(ബി) ഈ പാലം എത്ര മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഇതിന്റെ എസ്റ്റിമേറ്റ് എത്രയാണെന്നും ടെണ്ടർ എടുത്ത കരാറുകാരൻ/കമ്പനി ആരാണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ പാലം നിർമ്മാണത്തിന് കരാർ, സബ് കോൺട്രാക്ട് ആയി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാറുകാരന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ഇ) 60 മാസങ്ങൾ പിന്നിട്ടിട്ടും പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വന്നത് ആരുടെ നിരുത്തരവാദ നടപടികൾ കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ പ്രവൃത്തിയുടെ കരാറുകാരന് നീട്ടികൊണ്ടുപോയ പ്രവൃത്തിക്ക് തുക വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം; എത്ര രൂപ; ഇത്തരത്തിൽ പ്രവൃത്തി വൈകിപ്പിച്ച് ഇതുവരെയും പൂർത്തീയാക്കാത്ത കരാറുകാർക്കും ഉദ്യോഗസ്ഥർക്കും എതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ കോട്ടപ്പുറം-അച്ചാംതുരുത്തി പാലം നിർമ്മാണം 15-7-2010 നാണ് പണി ആരംഭിച്ചത്.

(ബി) 30 (മുപ്പത്) മാസത്തിനകം പണി പൂർത്തീകരിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(സി) എസ്റ്റിമേറ്റ് തുക 22.00 കോടി രൂപ. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി ആണ് പ്രവൃത്തി ഏറ്റെടുത്തത്.

(ഡി) കരാർ സബ് കോൺട്രാക്ട് നൽകിയിട്ടുണ്ട്. പി.ടി.മത്തായി കൺസ്ട്രക്ഷൻ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന കരാറുകാരനെയാണ് ആദ്യം പ്രവൃത്തി ഏൽപ്പിച്ചത്. എന്നാൽ പ്രവൃത്തി നടത്തുന്നതിൽ കാലതാമസം നേരിട്ടത് കാരണം ടിയാളെ കരാറിൽ നിന്നും ഒഴിവാക്കി ബാക്കി പ്രവൃത്തി M/s ജി.എം. എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ്, കൊച്ചിയെയാണ് ഏൽപ്പിച്ചത്.

(ഇ) KSCC സബ് കോൺട്രാക്ട് നൽകിയ ആദ്യ കരാറുകാരനെ പ്രവൃത്തിയിൽ നിന്നൊഴിവാക്കി പുതിയ കരാറുകാരനെ ഏൽപ്പിച്ചതിൽ വന്ന സാങ്കേതികമായ കാലതാമസം, ക്വാറി സമരം, പ്രതികൂല കാലാവസ്ഥയിൽ പുഴയിൽ പൈലിംഗ് ചെയ്യാനെടുത്ത അധിക സമയം, കോട്ടപ്പുറം ഭാഗത്ത് 10 പൈലുകൾ ചെയ്യാൻ ശ്രമിച്ചപ്പോൾ ആ ഭാഗത്തുണ്ടായ പഴയ ബോട്ട് ജെട്ടിയുടെ കോൺക്രീറ്റ് ഭാഗങ്ങൾ നീക്കം ചെയ്യുന്നതിലുണ്ടായ കാലതാമസം എന്നിവ പ്രസ്തുത പ്രവൃത്തി സമയത്തിൽ പൂർത്തീകരിക്കാൻ കഴിയാത്തതിനുള്ള കാരണങ്ങളായി പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്.

(എഫ്) കരാറുകാരന് തുക വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം പാളിച്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഏത് ഭാഗത്തുനിന്നുണ്ടായതെന്ന് അറിഞ്ഞാൽ മാത്രമേ ഇതുസംബന്ധിച്ച് തുടർ നടപടി സ്വീകരിക്കാൻ കഴിയൂ.

### മെറ്റേണിറ്റി വാർഡ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

62 (2092) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ നിർമ്മാണം പൂർത്തിയായി വരുന്ന മെറ്റേണിറ്റി ബ്ലോക്കിന്റെ ഇലക്ട്രിക്കൽ വർക്കിന് വേണ്ടിയുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) കാലതാമസം ഒഴിവാക്കി പണിപൂർത്തീകരിച്ച് മെറ്റേണിറ്റി വാർഡ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സിവിൽ വർക്ക് പൂർത്തീകരിച്ചതിനുശേഷം മാത്രമേ ഇലക്ട്രിക്കൽ വർക്ക് ആരംഭിക്കാൻ സാധിക്കുകയുള്ളൂ. സിവിൽ വർക്ക് 80% പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 2012 എസ്.ഒ.ആർ. പ്രകാരം പുതുക്കി ചീഫ് എഞ്ചിനീയർ സമർപ്പിച്ചത് പരിശോധിച്ചുവരുന്നു.

(ബി) സ്വീകരിക്കുന്നതാണ്.

### പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പുതിയ മാനദണ്ഡങ്ങൾ

63 (2093) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പുതിയ മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇനിയുള്ള എല്ലാ സ്ഥലംമാറ്റങ്ങൾക്കും പ്രസ്തുത മാനദണ്ഡങ്ങൾ ബാധകമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 21-6-2016 തീയതിയിലെ സർക്കാർ ഉത്തരവ് G.O(MS) 42/2016/PWD പ്രകാരം പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിന് പുതിയ മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 4-7-2016-ൽ ചേർന്ന ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുടെ യോഗതീരുമാന പ്രകാരം ചില ഭേദഗതികൾ പരിഗണനയിലുണ്ട്.

**ചെങ്ങന്നൂർ താലൂക്കിലെ പേരിശ്ശേരി സമാന്തരപാത**

64 (T2094) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ താലൂക്കിലെ പേരിശ്ശേരി സമാന്തരപാത യാഥാർത്ഥ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പേരിശ്ശേരിയിൽ റയിൽവേ ലെവൽ ക്രോസ്സ് ഉള്ളതിനാൽ ചെങ്ങന്നൂർ താലൂക്കിലെ ആല, ചെറിയനാട്, പുലിയൂർ നിവാസികൾക്ക് അടിയന്തര സന്ദർഭങ്ങളിൽ ചെങ്ങന്നൂർ ടൗണിൽ എത്തുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പേരിശ്ശേരി സമാന്തരപാത നിർമ്മാണത്തിന് സർക്കാർ ഫണ്ട് ഏതെങ്കിലും തലത്തിൽ വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പാതക്കാവശ്യമായ ഭൂമി സർക്കാർ അക്വയർ ചെയ്തിട്ടുണ്ടോ;

(ഇ) ഈ സമാന്തരപാത യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടി ഭാവിയിൽ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല

(ഡി) ഇല്ല

(ഇ) സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ കഴിയും.

**പൊതുമരാമത്ത് വകുപ്പിന്റെ വിവിധ തസ്തികകളിലുള്ള ഒഴിവുകൾ**

65 (2095) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളിലായി വ്യത്യസ്ത തസ്തികകളിൽ നിലവിലുള്ള ഒഴിവുകളെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) നിലവിലുള്ള റാങ്കുലിസ്റ്റുകളിൽ നിന്നും ഒഴിവുകൾ നികത്തുന്നതിനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(സി) പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ എഞ്ചിനീയർ തസ്തികയിൽ (Cata.054/2010)-ൽ നിന്നും എത്രപേരെ ഇതുവരെ നിയമിച്ചിട്ടുണ്ടെന്നും നിലവിലുള്ള ഒഴിവുകൾ എത്രയെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്കുലിസ്റ്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ) ഉണ്ട്.

(സി&ഡി) Category 054/2010 - പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള വിജ്ഞാപനം അല്ല. ആയത് PWD Engineering Assistant/ I[st] Grade Overseer (Electronics) തസ്തികയിലേക്കുള്ള വിജ്ഞാപനമാണ്. 2015 ൽ നിലവിൽ വന്ന പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഈ വകുപ്പിലേയ്ക്ക് 19 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിലവിൽ ഈ തസ്തികയിലേയ്ക്ക് ഒഴിവുകൾ ഒന്നും ഇല്ല.

**കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷനിലെ അറ്റകുറ്റപ്പണികൾ**

66 (2096) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷനിലെ പ്രധാന കെട്ടിടത്തിൽ ഏതെല്ലാം ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) മിനി സിവിൽ സ്റ്റേഷനും പരിസരവും വൃത്തിഹീനമായി കിടക്കുന്നതിനാലും സമയത്ത് അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും ഈ കെട്ടിടത്തിന്റെ ഭാഗങ്ങൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2015-16 സാമ്പത്തിക വർഷത്തിൽ അറ്റകുറ്റ പണികൾക്കായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും പണികൾ നടത്തിയിട്ടുണ്ടോ എന്നും വിശദമാക്കുമോ;

(സി) മിനി സിവിൽ സ്റ്റേഷന്റെ പരിസരവും മറ്റും ആകർഷകമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1. റീ-സർവ്വേ ഓഫീസ്

2. അസിസ്റ്റന്റ് രജിസ്ട്രാറുടെ (GI) കാര്യാലയം

3. സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാറുടെ (ആഡിറ്റ്) കാര്യാലയം

4. സെയിൽ ടാക്സ് ഓഫീസ്

5. ഫുഡ് & സേഫ്റ്റി ഓഫീസ്

6. വ്യവസായം

7. ഹെൽത്ത് ഇൻസ്പെക്ടറുടെ കാര്യാലയം

8. താലൂക്ക് സപ്ലൈ ഓഫീസ്

9. ഫിഷറീസ് ഡവലപ്പ്മെന്റ് ഓഫീസ്

10. അസിസ്റ്റന്റ് ലേബർ ഓഫീസ്

11. സബ് രജിസ്ട്രാർ (അഡീഷണൽ) കരുനാഗപ്പള്ളി

12. സബ് രജിസ്ട്രാർ (പ്രിൻസിപ്പൽ) കരുനാഗപ്പള്ളി

13. കൃഷി ഓഫീസ്

14. ഇറിഗേഷൻ ഓഫീസ്

15. മൈനർ ഇറിഗേഷൻ ഓഫീസ്

16. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

17. താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

18. കെ.ഐ.പി.

19. പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗം

20. എംപ്ലോയ്മെന്റ് ഓഫീസ്

21. ട്രഷറി ഓഫീസ്

22. താലൂക്ക് ഓഫീസ്

23. മുൻസിഫ് കോടതി

24. ഫസ്റ്റ് ക്ലാസ്സ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതി

25. കയർ ഇൻസ്പെക്ടറുടെ കാര്യാലയം

26. മിൽമ-ക്ഷീര വികസനം

27. പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ് വിഭാഗം

28. ഹാർബർ എഞ്ചിനീയറുടെ കാര്യാലയം

29. ലീഗൽ സർവ്വീസ് സൊസൈറ്റി

30. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

31. അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടറുടെ ഓഫീസ്

32. ബാർ അസോസിയേഷൻ

33. കരുനാഗപ്പള്ളി വില്ലേജ് ഓഫീസ് (സുനാമി വിഭാഗം)

34. എൻ.എച്ച്. ലാന്റ് അക്വിസിഷൻ ഒഴികെയുള്ള താലൂക്കിലെ എല്ലാ വിഭാഗവും

(ബി) ഉണ്ട്. കെട്ടിടത്തിന്റെ മെയിന്റനൻസിനുവേണ്ടി 32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. 2015-16 വർഷത്തിൽ പ്ലമ്പിംഗ് വർക്കിന് 10 ലക്ഷം രൂപയും ടൈൽ പാകുന്നതിന് 27.50 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പൊതുമരാമത്തു വർക്കുകൾ**

67 (2097) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2016 മാർച്ച് 31-ന് മുമ്പ് സാങ്കേതികാനുമതി ലഭിച്ച്, പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടിട്ടില്ലാത്ത പി.ഡബ്ല്യു.ഡി

വർക്കുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ; പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതും സാങ്കേതിക അനുമതി ലഭിച്ചിട്ടില്ലാത്തതുമായ പി.ഡബ്ല്യൂ.ഡി വർക്കുകളുടെ 2016 മാർച്ച് 31 വരെയുള്ള ലിസ്റ്റും വിശദാംശവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പി.ഡബ്ലിയു.ഡി-യുടെ ചുമതലയിൽ പ്രവൃത്തി പുരോഗമിക്കുന്ന കെട്ടിടങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കാമോ; പ്രവൃത്തി എന്ന് ആരംഭിച്ചുവെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 മാർച്ച് 31 ന് മുമ്പ് സാങ്കേതികാനുമതി ലഭിച്ച്, പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടിട്ടില്ലാത്ത പി.ഡബ്ല്യൂ.ഡി വർക്കുകളുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.* ഭരണാനുമതി ലഭിച്ചിട്ടുള്ളതും സാങ്കേതിക അനുമതി ലഭിച്ചിട്ടില്ലാത്തതുമായ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന്റെ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷന്റെ മുറ്റത്ത് നവീന രീതിയിൽ സിന്തറ്റിക്ക് ഇനാമൽ ഉപയോഗിച്ച് ഇന്റർലോക്കിംഗ് സംവിധാനം
2. കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ ജലവിതരണ സംവിധാനം ഏർപ്പാടാക്കൽ

നിരത്തുവിഭാഗവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(ബി) മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി.-യുടെ ചുമതലയിൽ പ്രവൃത്തി പുരോഗമിക്കുന്ന കെട്ടിടങ്ങളുടെ ലിസ്റ്റ് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

**പാലങ്ങളുടെയും റോഡുകളുടെയും ജി.ഐ.എസ്. മാപ്പിംഗ്**

68 (2098) <u>ശ്രീ. കെ. ദാസൻ :</u>
<u>ശ്രീ. ബി. ഡി. ദേവസ്സി :</u>
<u>ശ്രീ. പി. ടി. എ. റഹീം :</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും വകുപ്പ് പരിപാലിച്ചു വരുന്നതുമായ പാലങ്ങളുടെയും റോഡുകളുടെയും ജി.ഐ.എസ്. മാപ്പിംഗ് പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള റോഡുകളുടെയും പാലങ്ങളുടെയും ഡാറ്റ അപ്ഡേറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും വകുപ്പ് പരിപാലിച്ചു വരുന്നതുമായ പാലങ്ങളുടെയും നിരത്തുകളുടെയും പതിനഞ്ച് ഡിവിഷനുകളുടെ ജി.ഐ.എസ്. മാപ്പുകൾ വകുപ്പിന്റെ വെബ്സൈറ്റിൽ 2012 -ൽ പ്രസിദ്ധീകരിച്ചു.

(ബി)നിലവിലുള്ള സോഫ്റ്റ്വെയറിന്റെ അപര്യാപ്തത മൂലം പുതുതായി ലഭിക്കുന്ന വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ സാധിക്കുന്നില്ല. കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഐ.എസ്. സോഫ്റ്റ് വെയറും സിസ്റ്റങ്ങളും അപ്ഗ്രേഡ് ചെയ്ത് ഡാറ്റാ അപ്ഡേറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഹൈവേകളുടെയും റോഡുകളുടെയും സംരക്ഷണവും അറ്റകുറ്റപ്പണികളും**

69 (2099) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈവേകളുടെയും റോഡുകളുടെയും സംരക്ഷണവും അറ്റകുറ്റപ്പണികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉടമസ്ഥതയിൽ മൊബൈൽ റോഡ് റിപ്പയർ യൂണിറ്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ, നഗരങ്ങളിലെ ഗതാഗതക്കുരുക്കുകൾ പരിഹരിക്കുന്നതിന് സിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകളും ജംഗ്ഷൻ നവീകരണവും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

ഉത്തരം

(എ) ദേശീയപാതയിലെ അതിയായ ഗതാഗത സാന്ദ്രതയും വീതികുറവും അശാസ്ത്രീയമായ അലൈൻമെന്റുമാണ് കൂടെക്കൂടെയുള്ള അറ്റകുറ്റപ്പണികൾക്ക് കാരണം. ആയതിനാൽ നിലവിലെ ട്രാഫിക് സാന്ദ്രത കണക്കിലെടുത്ത് എൻ.എച്ച്. 17-ഉം എൻ.എച്ച്. 47-ഉം സർവ്വീസ് റോഡുകളോടു കൂടിയ 4 വരിപ്പാതയായും മറ്റ് ദേശീയ പാതകൾ പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായും ശാസ്ത്രീയമായി പഠനം നടത്തി രൂപരേഖയുണ്ടാക്കി വികസിപ്പിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ഈ രീതിയിൽ വികസിപ്പിക്കുമ്പോൾ അറ്റകുറ്റപ്പണികൾ കുറയുകയും സുരക്ഷിതമായ റോഡ് ഗതാഗതം ഉറപ്പാക്കാൻ കഴിയുന്നതുമാണ്. കൂടാതെ ദേശീയപാതയിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾ കേന്ദ്ര സർക്കാരിന്റെ ഓർഡിനറി റിപ്പയർ, ഫ്ലഡ് ഡാമേജ് റിപ്പയർ തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി അപ്പപ്പോൾ പരിഹരിച്ച് ഗതാഗതയോഗ്യമാക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ റോഡുകൾ 5 വർഷത്തിലൊരിക്കൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉപരിതലം പുതുക്കി ബലപ്പെടുത്തി വരുന്നു. റോഡുകളിൽ കാലാകാലങ്ങളിലുണ്ടാകുന്ന അടിയന്തിര സ്വഭാവമുള്ള അറ്റകുറ്റപ്പണികൾ 25 ലക്ഷം രൂപയിൽ താഴെ വരുന്ന പ്രവൃത്തികൾക്ക് എസ്.റ്റി.എഫ്.സി.(സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി) വഴി തുക അനുവദിച്ച് പരിഹരിച്ചുവരുന്നു. കൂടാതെ റോഡുകളുടെ സംരക്ഷണത്തിനായി കാലവർഷത്തിനു മുന്നോടിയായി പ്രീമൺസൂൺ വർക്കുകൾ ഉൾപ്പെടുത്തി പാച്ച് വർക്കുകളും, വെള്ളക്കെട്ട് ഒഴിവാക്കാൻ ഓടകളുടെ ശുചീകരണം തുടങ്ങിയ പ്രവർത്തികളും നടപ്പിലാക്കി വരുന്നു.

(ബി) പരിഗണിക്കാവുന്നതാണ്.

(സി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നഗരങ്ങളിലെ ഗതാഗതസംവിധാനം മെച്ചപ്പെടുത്തുന്നതിനായി നഗര റോഡു വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കെ.ആർ.എഫ്.ബി ഏറ്റെടുത്ത ആദ്യ പദ്ധതിയായ തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുന്ന 42.5 കി.മീ. റോഡുകളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി. രണ്ടാമതായി ഏറ്റെടുത്ത കോഴിക്കോട് നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുന്ന 22.251 കി.മീ. റോഡുകളുടെ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതു കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി ഇത്തരം പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ജംഗ്ഷൻ നവീകരണത്തിനായി സംസ്ഥാന റോഡ് വികസന പദ്ധതിയുടെ ഭാഗമായി അത്യാവശ്യ ഭൂമി ഏറ്റെടുക്കൽ വേണ്ടിവരുന്ന അപ്ഗ്രഡേഷൻ പാക്കേജിൽ 621 കി.മീ. റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കോൺക്രീറ്റിനു പകരം ഇന്റർലോക്ക്

70 (2100) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റോഡുകളിൽ ടാറിംഗിന്റെ ഇരുവശത്തും ചെയ്യുന്ന കോൺക്രീറ്റ്, പൈപ്പും കേബിളും ഇടുന്നതിന് വീണ്ടും കുഴിക്കുന്നതുമൂലം വലിയ സാമ്പത്തികനഷ്ടം ഉണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കോൺക്രീറ്റ് ചെയ്യുന്നതിനുപകരം ഇന്റർലോക്ക് ഇടാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

ഉണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡ് വികസന പദ്ധതികളിൽ ഉൾപ്പെടുന്ന റോഡുകളിൽ ഇരുവശവും കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് സൗകര്യപ്രദമായ വിധം പോളിമർ കോട്ടഡ് ഇന്റർലോക്കിംഗ് ബ്ലോക്കുകൾ (PCIB) പാകിയാണ് നടപ്പാതകൾ നിർമ്മിച്ചിട്ടുള്ളത്. കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളിൽ ഇലക്ട്രിക് ലൈനുകളും കുടിവെള്ളപൈപ്പുകളും കെ.എസ്.ടി.പി. ചെലവിൽ തന്നെ റോഡിന്റെ ഇരുവശങ്ങളിലേക്കും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ ബി.എസ്.എൻ.എൽ. പോലുള്ള കമ്പനികളുടെ കേബിളുകൾ നിർമ്മാണ പ്രവൃത്തി നടക്കുന്ന സമയത്ത് തന്നെ മാറ്റി സ്ഥാപിക്കാൻ അനുവദിക്കുന്നുണ്ട്. ആയതിനാൽ റോഡ് നിർമ്മാണം പൂർത്തിയായാൽ വീണ്ടും റോഡ് അത്യാവശ്യ സന്ദർഭത്തിൽ ഒഴികെ കുഴിക്കേണ്ടതായി വരുന്നില്ല. ആവശ്യമുള്ള സ്ഥലങ്ങളിൽ ഇന്റർലോക്ക് ടൈലുകളും ഇപ്പോൾ തന്നെ ഇടുന്നുണ്ട്. ദേശീയപാതകൾ വികസിപ്പിക്കുമ്പോൾ പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ കേബിളുകളും പൈപ്പുകളും സ്ഥാപിക്കുന്നതിന് ഇരുവശങ്ങളിലും യൂട്ടിലിറ്റി ഡക്ടുകൾ നിർമ്മിച്ചു വരുന്നുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പൈപ്പും കേബിളും ഇടുന്നതിന് റോഡിലും, റോഡിന്റെ ഇരുവശങ്ങളിലും കുഴിക്കുന്നതിനുള്ള അനുമതി നൽകുന്നത് റെസ്റ്ററേഷൻ ചാർജ്ജ് അടച്ചതിനുശേഷം മാത്രമാണ്. ആയതിനാൽ സർക്കാരിന് പ്രത്യക്ഷത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. എന്നാൽ ഫലത്തിൽ വലിയ നഷ്ടവും റോഡ് തകർച്ചയും സംഭവിക്കുന്നു. സാധാരണ പൊതുമരാമത്ത് വകുപ്പ് റോഡിന്റെ വശങ്ങളിൽ Berm Concrete ചെയ്യുന്ന പതിവില്ല. മണ്ണ് കൊണ്ടാണ് വശങ്ങൾ നിരത്തുന്നത്. പ്രധാന ജംഗ്ഷനുകളിൽ റോഡിന്റെ ഇരുവശവും കോൺക്രീറ്റ് ചെയ്യുന്നതിനു പകരം ഇന്റർലോക്ക് ചെയ്യുന്നത് പരിശോധിക്കുന്നതാണ്.

## കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ

71 (2101) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ കരാറെടുക്കുന്ന 'കൺസ്ട്രക്ഷൻ കോർപ്പറേഷൻ' വഴി സബ് കോൺട്രാക്ട് ലഭിക്കുന്ന കരാറുകാർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ കരാറെടുത്ത ശേഷം മറിച്ച് നൽകുന്ന നടപടിമൂലം പല പ്രവൃത്തികളും തടസ്സപ്പെടുന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പ്രവൃത്തി മറിച്ച് നൽകുന്നത്, പി.ഡബ്ല്യൂ.ഡി. എസ്റ്റിമേറ്റ് തുകയിൽ വ്യാപക വർദ്ധനവ് വരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടെണ്ടർ എടുത്ത തുകയേക്കൾ ഇരട്ടിയോളം റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകി സംസ്ഥാന ഖജനാവിന് നഷ്ടം വരുത്തുന്ന രീതിയിൽ പ്രവൃത്തി മറിച്ചുനൽകുന്ന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നടപടി അവസാനിപ്പിക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രവൃത്തി വൈകുന്നതിനും സാമ്പത്തിക നഷ്ടത്തിനും കാരണമാകുന്ന സർക്കാർ ഏജൻസിയെ നിയന്ത്രിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) കൺസ്ട്രക്ഷൻ കോർപ്പറേഷൻ അതാത് വർഷങ്ങളിലെ എംപാനൽഡ് ലിസ്റ്റിൽപ്പെട്ട കരാറുകാർക്കാണ് പ്രവൃത്തികൾ ഉപകരാർ നൽകുന്നത്. നിലവിലെ കരാറുകാരുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി&ഡി) ഉണ്ട്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഒരു പൊതുമേഖല സ്ഥാപനമാണ്. ആവശ്യമായ പശ്ചാത്തല സൗകര്യമോ മനുഷ്യവിഭവശേഷിയോ നിലവിലില്ലാത്തതിനാൽ ഉപകരാർ നൽകാതെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ കോർപ്പറേഷന് നിലവിൽ സാധ്യമല്ല. ഇപ്രകാരം ഉപകരാർ നൽകുന്ന ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കോർപ്പറേഷൻ ഇപ്രകാരം നിലനിർത്തണോ എന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ഇ) പരിശോധിക്കുന്നതാണ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ന്യായവില നിശ്ചയിക്കുന്നതിനു മുമ്പായി സ്ഥലം വിട്ടുകൊടുക്കേണ്ടി വന്ന ഉടമകൾ

72 (T 2102) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യങ്ങൾക്ക് സ്ഥലം അക്വയർ ചെയ്യുമ്പോൾ ഉടമകൾക്കു നല്കുന്ന നഷ്ടപരിഹാരത്തിന് ഉദാര പാക്കേജുകൾ എന്നുമുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമിക്ക് ന്യായവില നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നെന്ന് വെളിപ്പെടുത്തുമോ;

(സി) ന്യായവില നിശ്ചയിക്കുന്നതിനു മുമ്പായി സ്ഥലം വിട്ടുകൊടുക്കേണ്ടി വന്ന ഉടമകൾ നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ഡി) വസ്തുവില കുറച്ചുവച്ച് രജിസ്റ്റർ ചെയ്ത ആധാരങ്ങളിലെ വിലയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം കിട്ടിയ ആയിരക്കണക്കിന് ഉടമകൾ നീതിന്യായ കോടതികളെ സമീപിച്ച് അതിന്റെ പേരിൽ നഷ്ടം സഹിച്ചുകൊണ്ടിരിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിശോധിക്കുമോ;

(ഇ) കോടതി അനുവദിച്ചു നല്കിയ തുക പലിശ ഉൾപ്പെടെ തിരിച്ചു പിടിക്കാനുള്ള തുടർ ഉത്തരവുപ്രകാരം പണമടയ്ക്കാൻ ആവാതെ വീണ്ടും അപ്പീലുമായി നടക്കുന്ന ഉടമകളുടെ സ്ഥിതി പരിശോധിക്കുകയും, ന്യായമായ തീർപ്പുണ്ടാക്കി കോടതി വ്യവഹാരങ്ങളുടെ എണ്ണം പരിമിതപ്പെടുത്താനുമുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 15-11-2011-ലെ ജി.ഒ.(എം.എസ്) 419/2011/റവ. നമ്പർ ഉത്തരവ് പ്രകാരം ചില കേസുകളിൽ നേരത്തെ തന്നെ പൊന്നുംവില നഷ്ടപരിഹാരത്തിന് ഉദാര പാക്കേജുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ പുതിയ എൽ.എ.ആർ.ആർ. ആക്ട് 2013 നിലവിൽ വന്നതിനുശേഷം എല്ലാ പൊന്നുംവില നഷ്ടപരിഹാര കേസുകളിലും ഉദാര പാക്കേജ് ബാധകമാക്കാൻ നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്.

(ബി) ഭൂമിയുടെ ന്യായവില കേരളത്തിൽ 1-4-2010 മുതൽ നിലവിൽ വന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) പൊന്നുംവില നിയമപ്രകാരം വിലയാധാരങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന വില മാത്രമെ പൊന്നുംവില നഷ്ടപരിഹാരത്തിന് നൽകുവാൻ നിർവ്വാഹമുള്ളൂ. ഇതോടൊപ്പം നിയമത്തിൽ അനുശാസിക്കുന്ന സമാശ്വാസം, അധിക വില എന്നിവ കൂടി നൽകുന്നു. നഷ്ടപരിഹാരം കുറഞ്ഞുപോയി എന്ന് പരാതിയുള്ള കേസ്സുകൾ കോടതിയിൽ റഫർ ചെയ്തിട്ടുള്ളതിന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉയർന്ന നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഇ) ഓരോ ജില്ലയിലും സബ് കോടതികളുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസ്സുകളിൽ സർക്കാർ നേതൃത്വത്തിൽ അദാലത്തുകൾ നടത്തി വരുന്നു. ഫണ്ട് ലഭ്യമാക്കുന്ന എല്ലാ അർത്ഥനാധികാരികളെയും ഉൾപ്പെടുത്തി നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോടതി അനുവദിച്ചിട്ടുള്ള തുകയും പലിശയും കക്ഷികളിൽ നിന്നും തിരികെ പിടിക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിക്കുന്നില്ല.

**ആധാരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടി**

73 (2103) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്ന നടപടികൾ ഏതുഘട്ടം വരെയായി എന്നറിയിക്കാമോ; ഇനി എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും അവ ഏതെല്ലാമെന്നും എത്ര സമയം കൊണ്ട് അവ പൂർത്തികരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) കുടുംബ വസ്തുക്കൾ ഭാഗം ചെയ്യുന്നതിന്റെ നടപടിക്രമം എന്താണെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള പരാതികളിൽ സ്വീകരിച്ചിട്ടുള്ള തീരുമാനമെന്താണെന്നും പരാതിയുണ്ടെങ്കിൽ എത്ര ദിവസത്തിനകം ആർക്കാണ് സമർപ്പിക്കേണ്ടതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ എട്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ആധാര പകർപ്പുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കിയിട്ടുണ്ട്. 1980 മുതൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ആധാരങ്ങളുടെ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം എന്നീ നാല് ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര ധനസഹായം പ്രയോജനപ്പെടുത്തി പരീക്ഷണ അടിസ്ഥാനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. എന്നാൽ പദ്ധതിക്കായി

അനുവദിച്ച തുക നാമമാത്രമായതിനാൽ പദ്ധതി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും രജിസ്ട്രേഷൻ നടപടികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ട്. ഇടുക്കി ജില്ലയിൽ പുതുതായി ആരംഭിച്ച തോപ്രാംകുടി, പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം, പാലക്കാട് ജില്ലയിലെ ചിറ്റൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറുന്നതിനാൽ ഈ മൂന്ന് ഓഫീസുകൾ ഒഴികെ ബാക്കി 311 സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. കെട്ടിടമാറ്റം നടക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ മൂന്ന് ഓഫീസുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) കുടുംബത്തിലെ അംഗങ്ങൾക്ക് കൂട്ടവകാശപ്പെട്ട വസ്തുക്കൾ വെവ്വേറെ ഭാഗിക്കുന്നതിനോ ഭാഗിക്കുവാൻ സമ്മതിക്കുകയോ ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കുന്ന ആധാരങ്ങൾ ഭാഗപത്രമായി രജിസ്റ്റർ ചെയ്യുക എന്നതാണ് ഭാഗം ചെയ്യുന്നതിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച നടപടിക്രമം. റവന്യൂ ഉദ്യോഗസ്ഥനോ, സിവിൽ കോടതിയോ ഭാഗം ചെയ്യാൻ വിധിക്കുന്ന ഉത്തരവുപ്രകാരമുള്ള ആധാരവും ഭാഗപത്രമായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

1959-ലെ കേരള മുദ്രപത്ര നിയമം പട്ടിക 42-ലെ വിശദീകരണത്തിൽ കുടുംബം എന്നാൽ മാതാവ്, പിതാവ്, മുത്തശ്ശൻ, മുത്തശ്ശി, ഭർത്താവ്, ഭാര്യ, മകൻ, മകൾ, ചെറുമക്കൾ, സഹോദരൻ, സഹോദരി, മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ എന്നാണ് നിർവ്വചിച്ചിട്ടുള്ളത്.

ഭാഗം ചെയ്യുന്ന വസ്തുക്കൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഭാഗപത്രാധാരം വസ്തു സ്ഥിതി ചെയ്യുന്ന അധികാര പരിധിയിലെ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്ട്രേഷനായി ഹാജരാക്കേണ്ടതാണ്. 1959-ലെ കേരള മുദ്രപത്ര നിയമം പട്ടിക 42 അനുസരിച്ചുള്ള രജിസ്ട്രേഷൻ ഫീസും ഒടുക്കേണ്ടതാണ്. ഭാഗം ചെയ്യുന്നതിന് കുടുംബാംഗങ്ങൾക്കിടയിലുള്ള തർക്കങ്ങൾക്കുള്ള പരിഹാരത്തിന് കോടതിയെ സമീപിക്കാവുന്നതാണ്. ഭാഗപത്ര രജിസ്ട്രേഷൻ നടപടികൾ സംബന്ധിച്ചുള്ള പരാതികൾ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് സമർപ്പിക്കാവുന്നതാണ്. പരാതിയുടെ സ്വഭാവമനുസരിച്ച് തീരുമാനമെടുക്കുന്നതിനാൽ പരാതികളിന്മേലുള്ള തീരുമാനം എന്താണെന്ന് വ്യക്തമാക്കുന്നതിന് കഴിയുകയില്ല. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് പരാതി സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല.

**ആധാരങ്ങൾ വ്യക്തികൾക്ക് സ്വയം തയ്യാറാക്കാൻ അനുമതി**

74 (2104) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷനുള്ള ആധാരങ്ങൾ വ്യക്തികൾക്ക് സ്വയം തയ്യാറാക്കാൻ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആധാരമെഴുതുന്നവരുടെ സംഘടനാ പ്രതിനിധികളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിലാണോ ഇത്തരത്തിൽ തീരുമാനമെടുത്തതെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ആധാരമെഴുത്തുകാരുടെ തൊഴിൽ മേഖലയെ ഇത് ഏത് രീതിയിൽ ബാധിക്കുമെന്നത് വിലയിരുത്തിയ ശേഷമാണോ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവു റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) മുൻകൂട്ടി വിലയിരുത്താത്ത എന്ത് സാഹചര്യമാണ്, ഇത്തരത്തിൽ ഒരു ഉത്തരവ് റദ്ദ് ചെയ്യുന്നതിന് ഇടയാക്കിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. ചർച്ചകളിൽ തീരുമാനം എടുത്തിട്ടില്ല. മുൻ സർക്കാരിന്റെ കാലത്താണ് ഈ തീരുമാനം കൈക്കൊണ്ടത്. ഇതു സംബന്ധിച്ചുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 1-3-2016-ലെ ഐ.റ്റി.-3/30120/10 നമ്പരിലുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകിയിരുന്നുവെങ്കിലും ആയത് 31-5-2016 -ലെ 22-ാം നമ്പർ ഗസറ്റിലാണ് പ്രസിദ്ധീകരിച്ചത്.

(സി) ആധാരം തയ്യാറാക്കുന്നതിൽ നിന്നും ആധാരം എഴുത്തുകാരെ ഒഴിവാക്കിയിട്ടില്ലാത്തതിനാൽ നിലവിലുള്ള സാഹചര്യത്തിൽ ആ മേഖലയിൽ പ്രവർത്തിക്കുന്നവരെ പ്രതികൂലമായി ബാധിക്കില്ല. ഭാവിയിൽ ധാരാളം ആളുകൾ മുന്നോട്ടുവന്ന് സ്വന്തമായി ആധാരം തയ്യാറാക്കിയാൽ അത് ആധാരമെഴുത്തുകാരെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്. ഇത് സംബന്ധിച്ച പരാതികൾ പരിശോധിച്ചുവരുന്നു.

(ഡി) ഉത്തരവ് റദ്ദ് ചെയ്തിട്ടില്ല.

(ഇ) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**രജിസ്ട്രേഷൻ വകുപ്പിന്റെ സേവനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്**

75 (2105) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകളിൽ ഇൻറർനെറ്റ് കണക്ടിവിറ്റി സ്ഥിരമായി തകരാറിലാകുന്നതുമൂലം സാധാരണക്കാർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) നെറ്റ് കണക്ടിവിറ്റിയുടെ തകരാറ് ദിവസങ്ങളോളം നീളുന്ന പക്ഷം അനുയോജ്യമായ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നത് തൊട്ടടുത്ത ബ്ലോക്ക് ഓഫീസിൽ നിന്നാണ്. ബ്ലോക്ക് ഓഫീസിൽ ഉണ്ടാകുന്ന കണക്ടിവിറ്റി തകരാറുകൾ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തെയും ബാധിക്കുന്നു. ഇത് പൊതുജനങ്ങൾക്ക് ചില ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബ്ലോക്കുകളിൽ സ്ഥാപിച്ചിട്ടുള്ള യു.പി.എസുകളുടെ തകരാറുമൂലം സേവനങ്ങൾ തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിനുവേണ്ടി, കേരള സ്റ്റേറ്റ് ഐ.റ്റി. മിഷനുമായി ഇക്കാര്യത്തിൽ കൂടിയാലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്കുകളിൽ പുതിയ യു.പി.എസുകൾ സ്ഥാപിച്ചുവരുന്നു.

(സി) നെറ്റ് കണക്ടിവിറ്റിയുടെ തകരാറ് പരിഹരിക്കുവാൻ കാലതാമസം നേരിടുന്ന പക്ഷം പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മാന്വൽ ആയി ആധാരം രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**രജിസ്ട്രേഷൻ ഇനത്തിലുള്ള ഇളവുകൾ**

76 (2106) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ യു.ഡി.ഫ്. സർക്കാരിന്റെ കാലയളവിൽ രജിസ്ട്രേഷൻ ഇനത്തിൽ നൽകിയ ഇളവുകൾ പരിശോധിക്കുമോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

മുൻ യു.ഡി.എഫ് സർക്കാർ 1-1-2016 ന് ശേഷം ചുവടെ ചേർക്കുന്ന ആവശ്യങ്ങൾക്കായി മുദ്രവിലയിൽ നിന്നും രജിസ്ട്രേഷൻ ഫീസിൽ നിന്നും നൽകിയ ഇളവുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

1. കോട്ടയം ജില്ലയിലെ വിജയപുരം വില്ലേജിലെ ഗാന്ധിപുരം കോളനിയിലെ ഗുണഭോക്താക്കൾക്ക് ദാനമായി ലഭിക്കുന്ന വസ്തുവിന്റെ ആധാര രജിസ്ട്രേഷൻ.

   (മുദ്രവില - 40,500 രൂപ

   ഫീസ് - 13,455 രൂപ)

2 വയനാട് പുൽപ്പള്ളിയിലെ കൃപാലയ സ്പെഷ്യൽ സ്കൂളിന്, പുൽപ്പള്ളി ചർച്ച് ദാനമായി നൽകുന്ന വസ്തുവിന്റെയും കെട്ടിടത്തിന്റെയും ആധാര രജിസ്ട്രേഷൻ.

   (മുദ്രവില -3,19,176 രൂപ

   ഫീസ് - 1,06,392 രൂപ)

3. കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റിയും കാസർഗോട്ടെ ചില പട്ടികവർഗ്ഗ കുടുംബാംഗങ്ങളും തമ്മിൽ പരസ്പരം വസ്തു കൈമാറുന്നതിന്റെ ആധാര രജിസ്ട്രേഷൻ.

   (മുദ്രവില -14,26,560 രൂപ

   ഫീസ് - 4,75,520 രൂപ)

4. തിരുവനന്തപുരം കുറംകുളത്തുകാവ് ക്ഷേത്രം ട്രസ്റ്റ് തിരുവനന്തപുരം എൻ.എസ്.എസ്. കരയോഗ യൂണിയന് ദാനമായി നൽകുന്ന വസ്തുക്കളുടെ ആധാര രജിസ്ട്രേഷൻ.

   (മുദ്രവില -10,80,000 രൂപ

   ഫീസ്- 3,60,000 രൂപ)

5. എറണാകുളം ജില്ലയിലെ പട്ടിമറ്റം സെന്റ്പോൾ ചാരിറ്റബിൾ ട്രസ്റ്റ് ഒരു പുനരധിവാസ ലഹരി വിമോചന കേന്ദ്രം സ്ഥാപിക്കുന്നതിനായി വാങ്ങുന്ന വസ്തുവിന്റെ ആധാര രജിസ്ട്രേഷൻ.

(മുദ്രവില -16,17,750 രൂപ

ഫീസ് - 5,39,250 രൂപ)

കൂടാതെ കുടുംബാംഗങ്ങൾ തമ്മിലുള്ള വസ്തുകൈമാറ്റത്തിന് രജിസ്ട്രേഷൻ ഫീസിന് പരമാവധി പരിധിയായി 25,000 രൂപ നിശ്ചയിച്ച തീരുമാനം പുനഃപരിശോധിച്ച്, ടി പരിധി ഒഴിവാക്കാൻ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1-1-2016-ന് മുൻപ് നൽകിയ ഇളവുകൾ ആവശ്യമെങ്കിൽ സർക്കാർ പുനഃപരിശോധിക്കുന്നതാണ്.

**ആധാരമെഴുതുന്നതിന് ലൈസൻസ് ഇല്ലാത്തവർക്ക് ആധാരം എഴുതുന്നതിന് അനുവാദം**

77 (2107) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരമെഴുതുന്നതിന് ലൈസൻസ് ഇല്ലാത്തവർക്കും ആധാരം എഴുതുന്നതിന് അനുവാദം നൽകിയ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ആധാരം എഴുത്തുമായി ബന്ധപ്പെട്ട നിരവധി നിയമങ്ങളും ചട്ടങ്ങളും അറിയാതെ സാധാരണക്കാർക്ക്, ലൈസൻസ് ഇല്ലാത്തവരുടെ ആധാരം എഴുതുന്നത്, നിരവധി നിയമപ്രശ്നങ്ങൾക്ക് കാരണമാകുമെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ വിഷയം സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അവ പരിശോധിച്ചുവരുന്നു.

**പള്ളിക്കര നാഷണൽ ഹൈവേയിൽ ആർ.ഒ.ബി.**

78 (2108) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പള്ളിക്കര നാഷണൽ ഹൈവേയിൽ ആർ.ഒ.ബി. നിർമ്മിക്കുന്നതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ തയാറാക്കിയതും അധികൃതർക്ക് സമർപ്പിച്ചതും എന്നാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയെന്ന് അറിയിക്കാമോ;

(സി) പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. കാസർഗോഡ് ജില്ലയിലെ പള്ളിക്കരയിൽ, നാഷണൽ ഹൈവേയിൽ പള്ളിക്കര റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കാനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ചൈതന്യ കൺസൾട്ടൻസി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. DPR തയ്യാറാക്കി വരുന്നു.

(ബി & സി) ഡി.പി.ആർ. ലഭ്യമായാൽ മാത്രമേ തുക എത്രയാണെന്ന് അറിയുവാൻ കഴിയൂ. ആയത് കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ച് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

**ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ കൂടുതൽ സൗകര്യങ്ങൾ**

79 (2109) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദർശ് സ്റ്റേഷനായി ഉയർത്തപ്പെട്ട ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള വിവിധ അപേക്ഷകളിൽ ആവശ്യമായ മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ & ബി) വകുപ്പിൽ ഇത് ശേഖരിച്ച് സൂക്ഷിക്കുന്ന രീതി കാണുന്നില്ല. തുടർന്ന് സൂക്ഷിക്കുന്നതിന് വിവരം ശേഖരിച്ചു നൽകുന്നതാണ്.

**കൊരട്ടിയിൽ റെയിൽവേ അണ്ടർപ്പാസ്**

80 (2110) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിൽ പഴയ ദേശീയപാതയേയും പുതിയ ദേശീയ പാതയേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് റെയിൽവേ അണ്ടർപാസ് നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൊരട്ടിയിൽ പഴയ ദേശീയ പാതയേയും പുതിയ ദേശീയപാതയേയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് റെയിൽവേ അണ്ടർപാസ് നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ റെയിൽവേ അധികാരികളിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽപാത പദ്ധതി**

81 (2111) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - മംഗലാപുരം അതിവേഗ റെയിൽപാതാ പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) റെയിൽവേ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള സംയുക്ത സംരംഭ മാതൃകയിൽ സംസ്ഥാനവും റെയിൽവേയും ചേർന്ന് നടപ്പാക്കിയ നവീകരണവും പാതയിരട്ടിപ്പിക്കാൻ ബാക്കി നിൽക്കുന്ന ഭാഗത്തെ പണിയും പൂർത്തിയാക്കി റോൾ ഓൺ റോൾ ഓഫ് സംവിധാനവും ഏർപ്പെടുത്തിയാൽ അതിവേഗ റെയിൽപാതാ പദ്ധതിയുടെ അഞ്ചു ശതമാനത്തിൽ താഴെ തുക കൊണ്ട് നിലവിലെ യാത്രാ സൗകര്യവും ചരക്ക് ഗതാഗതവും പതിന്മടങ്ങ് വർദ്ധിപ്പിക്കാനും യാത്രാ സമയം ഗണ്യമായി കുറയ്ക്കാനും സാധിക്കുമെന്ന നിർദ്ദേശം പഠന വിധേയമാക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്. അതിവേഗ റെയിൽ കോറിഡോർ പദ്ധതി 2009-10 ബഡ്ജറ്റ് പ്രസംഗത്തിലാണ് അവതരിപ്പിച്ചത്. 10-2-2010-ൽ കൂടിയ മന്ത്രിസഭായോഗം ഈ പദ്ധതിക്ക് അംഗീകാരം നൽകി. ഇതിനായി കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷൻ രൂപീകരിക്കുകയും ഡി.എം.ആർ.സി.-യെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെ കരട് 8-7-2016 -ൽ കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷനിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ഹയർ സെക്കണ്ടറി ഹിസ്റ്ററി (സീനിയർ) തസ്തികയിലെ ഒഴിവുകൾ

82 (2112) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകളാണ് ഉള്ളതെന്ന് വിഷയം തിരിച്ച് വിശദമാക്കാമോ;

(ബി) ഹയർസെക്കണ്ടറി ഹിസ്റ്ററി (സീനിയർ) വിഭാഗത്തിൽ ആകെ എത്ര തസ്തികകൾ ആണ് നിലവിൽ ഉള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സ്പെഷ്യൽ റൂൾ പ്രകാരം പ്രസ്തുത തസ്തികകളിലേക്ക് പ്രൊമോഷൻ വഴിയും പി.എസ്.സി. വഴിയും എത്ര ശതമാനം വീതം നിയമനം നടത്തണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഹയർസെക്കണ്ടറി ഹിസ്റ്ററി (സീനിയർ) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ മുഴുവനും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 485 തസ്തികകളാണ് നിലവിലുള്ളത്

(സി) സ്പെഷ്യൽ റൂൾ പ്രകാരം എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിലെ ഒഴിവുകൾ യോഗ്യരായ ജൂനിയർ അദ്ധ്യാപകരിൽ നിന്നും തസ്തികമാറ്റം വഴി നികത്താനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ജൂനിയർ അദ്ധ്യാപകർ ഇല്ലാത്ത അവസരത്തിൽ മാത്രമേ ടി ഒഴിവുകൾ 75% പി.എസ്.സി. വഴി നേരിട്ടും 25% എച്ച്.എസ്.എ./യു.പി.എസ്.എ./എൽ.പി.എസ്.എ.മാരിൽ നിന്നും തസ്തികമാറ്റം വഴി നികത്താൻ വ്യവസ്ഥയുള്ളൂ.

(ഡി) 34 ഒഴിവുകളാണ് നിലവിലുള്ളത്. അതിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മോഡൽ നഴ്സറി സ്കൂളുകൾ

83 (2113) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ നേരിട്ട് നടത്തുന്ന എത്ര മോഡൽ നഴ്സറി സ്കൂളുകളുണ്ട്;

(ബി) ഇവയിൽ എത്ര സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ട്; ഈ കെട്ടിടങ്ങളിൽ പലതും ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം നഴ്സറി സ്കൂളുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെങ്കിലും സഹായം ലഭ്യമാണോ; ഇല്ലെങ്കിൽ എന്താണതിന്റെ കാരണമെന്ന് അറിയിക്കാമോ;

(ഡി) ശോച്യാവസ്ഥയിലായ ഇത്തരം നഴ്സറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ പ്രത്യേക സഹായം അനുവദിക്കുമോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ സർക്കാർ മോഡൽ നഴ്സറി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സർക്കാർ നേരിട്ട് നടത്തുന്ന 25 മോഡൽ നഴ്സറി സ്കൂളുകളുണ്ട്.

(ബി) 9 സ്കൂളുകൾ സ്വന്തം കെട്ടിടത്തിലും മറ്റുള്ളവ സർക്കാർ സ്കൂളുകളോട് ചേർന്നുമാണ് പ്രവർത്തിക്കുന്നത്. സ്കൂൾ കെട്ടിടം ശോച്യാവസ്ഥയിലാണെന്ന റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ കോഴിക്കോട് ജില്ലയിൽ സ്വന്തം കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന 2 സ്കൂളുകൾക്ക് സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പാലക്കാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ സ്കൂളുകൾ ഒഴികെ മറ്റ് ജില്ലകളിലെ സ്കൂളുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കുന്നുണ്ട്.

(ഡി) സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശകൾ പരിശോധിച്ച് സർക്കാർ ആവശ്യമായ സഹായം അനുവദിച്ചുവരുന്നുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**ഐ.ഇ.ഡി. റിസോഴ്സ് അദ്ധ്യാപകർ**

84 (2114) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് K.No.222/2015 പ്രകാരം കഴിഞ്ഞ വർഷം ഐ.ഇ.ഡി. റിസോഴ്സ് അദ്ധ്യാപകരായി നിലനിറുത്തിയവരെ ഈ അധ്യയന വർഷവും നിലനിർത്തുവാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രൈമറി വിദ്യാലയങ്ങളിലെ ഭിന്നശേഷിയുള്ള കുട്ടികളുടെ പരിശീലനത്തിന് റിസോഴ്സ് ടീച്ചർമാരുടെ അഭാവം നിലവിലുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2015-16 വർഷത്തിൽ കേരള സർക്കാർ പ്രത്യേകമായി അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ച് കരാർ അടിസ്ഥാനത്തിൽ നിയമിച്ച റിസോഴ്സ് അദ്ധ്യാപകരെ 2016-17 വർഷത്തിൽ പുനർ നിയമിക്കുന്നതിനായുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) 2015-16 വർഷത്തിൽ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പിന്തുണ നൽകുന്നതിന് 1286 റിസോഴ്സ് അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. 2016-17 വർഷത്തിൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം അംഗീകാരം നൽകിയ 795 റിസോഴ്സ് അദ്ധ്യാപകരേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ പ്രത്യേക ഫണ്ടുപയോഗിച്ച് 2015-16-ൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച 491 റിസോഴ്സ് അദ്ധ്യാപകരേയും 2016-17 വർഷത്തിൽ നിയമിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

**ജി. വി. രാജ സ്കൂളിന്റെ സമഗ്രവികസനം**

85 (2116) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന കായിക വിദ്യാലയമായ ജി.വി. രാജ സ്കൂളിനെ കായിക വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ തുടർനടപടികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ അവസാന ബഡ്ജറ്റ് പ്രസംഗത്തിൽ ജി.വി.രാജ സ്കൂളിന്റെ സമഗ്രവികസനത്തിനായി വകയിരുത്തിയിരുന്ന 17 കോടി രൂപയുടെ തുടർ നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ജി.വി.രാജ സ്പോർട്ട്സ് സ്കൂളിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്; ഇതിൽ പണി പൂർത്തിയായതും നടന്നു കൊണ്ടിരിയ്ക്കുന്നതുമായ പ്രവൃത്തികളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) തുടർനടപടി സ്വീകരിച്ചു വരുന്നു.

(ബി) ഇതുസംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(സി) 1. യോഗ, മെഡിറ്റേഷൻ ഹാൾ, സ്കൂട്ടർ പാർക്കിംഗ് ഷെഡ് 95% പൂർത്തിയായിട്ടുണ്ട്.

2. പ്രധാന കെട്ടിടത്തിന്റെ നവീകരണം 75% പൂർത്തിയായിട്ടുണ്ട്.

3. സ്പോർട്സ് ഗ്യാലറിക്ക് വേണ്ടിയുള്ള കോർട്ട് യാർഡ്, സ്റ്റാഫ് റൂമിലെ ടോയ്ലെറ്റ് എന്നിവ 85% പൂർത്തിയായിട്ടുണ്ട്.

4. സ്വീവേജ്ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം 65% പൂർത്തിയായിട്ടുണ്ട്.

5. ഗേൾസ് ഹോസ്റ്റൽ മെയിന്റനൻസ് 45% പൂർത്തിയായിട്ടുണ്ട്.

6. ബോയ്സ് ഹോസ്റ്റൽ മെയിന്റനൻസ് പണി ആരംഭിക്കാൻ പോകുന്നു.

7. പ്രധാന കെട്ടിടത്തിന്റെ മെയിന്റനൻസ് 10% പൂർത്തിയായിട്ടുണ്ട്.

8. കേന്ദ്രീകൃത പാചകപ്പുരയുടെയും മറ്റ് ബന്ധപ്പെട്ട ജോലികളുടേയും പണി ആരംഭിക്കുന്നതാണ്.

## ബി.ആർ.സി.-കളിൽ എസ്.എസ്.എ-യുടെ ഭാഗമായി നിയമിച്ചിട്ടുള്ള റിസോഴ്സ് അദ്ധ്യാപകർ

86 (2117) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.ആർ.സി.-കളിൽ എസ്.എസ്.എ.-യുടെ ഭാഗമായി നിയമിച്ചിട്ടുള്ള റിസോഴ്സ് അദ്ധ്യാപകരിൽ ഒരു വിഭാഗം ഇപ്പോൾ എസ്.എസ്.എ.-യ്ക്ക്

പുറത്തായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര റിസോഴ്സ് അദ്ധ്യാപകരാണ് ഇങ്ങനെ പുറത്തായതെന്നും എന്തു കാരണത്താലാണ് ഇത്രയും പേരെ പുറത്താക്കിയതെന്നും വിശദമാക്കുമോ;

(ബി) ഇത്തരം റിസോഴ്സ് അദ്ധ്യാപകരുടെ എണ്ണം കുറഞ്ഞതോടെ പൊതു സ്കൂളുകളിൽ പോയി പഠിക്കാൻ സാധിക്കാത്ത ഭിന്നശേഷിയുള്ള കുട്ടികൾക്ക് പല ബി.ആർ.സി.-കളിലും പഠനം നിഷേധിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ നിലനിർത്താൻ പ്രത്യേക ഫണ്ട് അനുവദിച്ച് തുടർന്നും ഈ കുട്ടികൾക്ക് ഈ സൗകര്യം നിലനിർത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 491 പേർ. 2015-16 വർഷത്തെ സർവ്വശിക്ഷാ അഭിയാന്റെ വാർഷിക പദ്ധതി അംഗീകരിച്ചപ്പോൾ ഒരു ബി.ആർ.സി.-യിൽ 5 റിസോഴ്സ് അദ്ധ്യാപകർക്ക് മാത്രമേ നിയമനം നൽകുന്നതിന് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുമതി നൽകിയിരുന്നുള്ളൂ. അതിൻപ്രകാരം സംസ്ഥാനത്തെ 159 ബി.ആർ.സി.-കളിലായി 795 പേർക്ക് മാത്രമേ 2015-16-ൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം ഫണ്ട് ഉപയോഗപ്പെടുത്തി നിയമനം നൽകിയിട്ടുള്ളൂ. കേരളസർക്കാർ പ്രത്യേകമായി അനുവദിച്ച 5 കോടി രൂപ ഉപയോഗപ്പെടുത്തി 491 പേരെ 2015 ഓഗസ്റ്റ് മാസത്തിൽ നിയമിക്കുകയുണ്ടായി. 2016 മാർച്ച് മാസത്തിൽ ഇവരുടെ കരാർ അവസാനിച്ചു. 2016-17 വർഷത്തിൽ ടി അദ്ധ്യാപകരെ പുനർ നിയമനം നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. 2015-16-ൽ സംസ്ഥാന സർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ച് നിയമനം നടത്തിയ റിസോഴ്സ് അദ്ധ്യാപകർക്ക് 2016-17-ൽ പുനർ നിയമനം നൽകുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്.

**പാഠ പുസ്തകങ്ങൾ അച്ചടിയും വിതരണവും**

87 (T2118) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം സ്കൂളുകളിലേക്ക് എത്ര പാഠ പുസ്തകങ്ങൾ അച്ചടിക്കുവാനുള്ള ഓർഡർ ആണ് നൽകിയിരുന്നതെന്ന് വെളിപ്പെടുത്താമോ;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) 2016 മെയ് 31-ന് മുമ്പ് എത്ര പാഠപുസ്തകങ്ങളാണ് കുട്ടികൾക്ക് വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂൾ തുറന്നതിന് ശേഷം നാളിതുവരെയായി വിതരണം ചെയ്ത പാഠ പുസ്തകങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 അദ്ധ്യയന വർഷത്തേക്കുള്ള 1 മുതൽ 10 വരെ ക്ലാസുകളിലെ സിംഗിൾ, ഒന്നാം വാല്യം എന്നീ ഇനങ്ങളിൽ 2,88,92,200 പാഠപുസ്തകങ്ങളുടെയും പ്ലസ് ടു-വിന്റെ 6,76,361 പാഠപുസ്തകങ്ങളുടെയും പ്ലസ് വൺ-ന്റെ 7,28,069 പാഠപുസ്തകങ്ങളുടെയും അച്ചടി ഓർഡറാണ് നൽകിയിരുന്നത്.

(ബി)1 മുതൽ 10 വരെ ക്ലാസുകളിലെ 1,92,21,029 പാഠപുസ്തകങ്ങളും പ്ലസ് ടു പാഠപുസ്തകങ്ങളുടെ 80 ശതമാനവും പ്ലസ് വൺ പാഠപുസ്തകങ്ങളുടെ 60 ശതമാനവും വിതരണം ചെയ്തിട്ടുണ്ട്.

(സി)1 മുതൽ 10 വരെ ക്ലാസുകളിലെ 92,81,073 പാഠപുസ്തകങ്ങളും പ്ലസ് ടു ക്ലാസുകളിലെ 6,08,899 പാഠപുസ്തകങ്ങളും പ്ലസ് വൺ ക്ലാസുകളിലെ 5,93,591 പാഠപുസ്തകങ്ങളും വിതരണം ചെയ്തിട്ടുണ്ട്.

## എസ്.എസ്.എ.-യിൽ ഐ.ഇ.ഡി.സി. റിസോഴ്സ് അദ്ധ്യാപകർക്ക് പുനർനിയമനം

88 (2119) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ-യിൽ കരാർ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിൽ തുടർച്ചയായി ജോലി ചെയ്തുവന്ന ഐ.ഇ.ഡി.സി. റിസോഴ്സ് അദ്ധ്യാപകരായ മുഴുവൻ പേർക്കും പുനർ നിയമനം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) "ആർ.റ്റി. കേരള" വിഭാഗത്തിൽപ്പെട്ട കഴിഞ്ഞവർഷം വരെ ജോലി ചെയ്തവരെ ഇക്കൊല്ലം തുടരാൻ അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2014-15 വർഷത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന 1286 റിസോഴ്സ് അദ്ധ്യാപകരിൽനിന്നും കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുമതി നൽകിയ 795 പേർക്ക് 2015-16-ന്റെ ആദ്യഘട്ടത്തിൽ പുനർനിയമനം നൽകുകയുണ്ടായി. 2015-16 വർഷത്തിൽ കേരള

സർക്കാർ പ്രത്യേകമായി അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ച് 491 പേർക്ക് കൂടി പുനർനിയമനം നൽകിയിരുന്നു. ടി 491 അദ്ധ്യാപകരെ 2016-17 -ൽ പുനർനിയമനം നൽകുന്നതിനായുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ആർ.റ്റി. കേരളാ ഹെഡിൽ 2015-16-ൽ നിയമനം ലഭിച്ച റിസോഴ്സ് അദ്ധ്യാപകരെ 2016-17 വർഷത്തിൽ പുനർനിയമനം നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**അൺ എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം**

89 (2120) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിലും പൊതു വിദ്യാഭ്യാസ വകുപ്പിലും നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ചും അഴിമതികളെക്കുറിച്ചും സമഗ്രാന്വേഷണം നടത്താൻ തയ്യാറാകുമോ;

(ബി) അൺ എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നുവെന്നും ഇതേ മാനദണ്ഡ പ്രകാരമായിരുന്നോ പുതിയ എയ്ഡഡ് കോളേജുകൾ അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(സി) അനർഹമായി എയ്ഡഡ് പദവി നേടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കാനും ഇത്തരത്തിൽ ഉത്തരവിറക്കിയവർക്ക് എതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോയെന്നും വ്യക്തമാക്കുമോ;

(ഡി) ബഡ്സ് സ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയതിനെക്കുറിച്ചുള്ള പരാതി പരിശോധിച്ചിരുന്നോ; ആയതിന്റെ കണ്ടെത്തൽ എന്തായിരുന്നെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധനാവിധേയമാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്

അൺഎയ്ഡഡ് കോളേജുകൾ അനുവദിക്കുന്നത്. പുതിയ എയ്ഡഡ് കോളേജുകൾ അനുവദിച്ചത് മുൻ സർക്കാരിന്റെ തീരുമാനമാണ്.

(സി) പരിശോധിച്ചുവരികയാണ്.

(ഡി) ബഡ്സ് സ്കൂളുകൾക്ക് എയ്ഡഡ് പദവി അനുവദിച്ച് സർക്കാർ ഉത്തരവായിട്ടില്ല.

**ആഗോള വിദ്യാഭ്യാസ സംഗമം**

90 (2121) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഗോള വിദ്യാഭ്യാസ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സംഘടിപ്പിച്ചത്; ഈ സംഗമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സംഗമത്തിന്റെ ആശയമായ അക്കാദമിക സിറ്റി, ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ എന്നിവ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**ഉത്തരം**

(എ) 2016 ജനുവരി 29, 30 തീയതികളിൽ തിരുവനന്തപുരത്ത് (കോവളം) വച്ച് ആഗോളവിദ്യാഭ്യാസ സംഗമം സംഘടിപ്പിച്ചിരുന്നു. സംഗമത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നു:

- വിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്രവത്കരണം
- അക്കാദമിക് സിറ്റിയുടെ രൂപീകരണം
- അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ മേഖലകൾ
- ഉന്നത വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര മേഖലയിലെ വിദഗ്ധരുമായി ചേർന്ന് പാഠ്യ പ്രവർത്തനങ്ങളും നൈപുണ്യ വികസന കോഴ്സുകളുടെയും സമന്വയം

(ബി) 2016 ജനുവരി 29, 30 തീയതികളിൽ കോവളത്തുവച്ച് നടത്തിയ

ആഗോള വിദ്യാഭ്യാസ സംഗമത്തെത്തുടർന്ന് IHAZ (അന്തർദേശീയ ഉന്നത വിദ്യാഭ്യാസ അക്കാദമിക മേഖലകൾ) ആരംഭിക്കുന്നതിനായി വിവിധ ട്രസ്റ്റുകളിൽനിന്നും താൽപര്യപത്രം ക്ഷണിച്ചിരുന്നതല്ലാതെ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**ലഹരി വസ്തുക്കളുടെ ഉപയോഗം**

91 (2122) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകളിൽ കുട്ടികൾ ബൈക്കും മൊബൈലും ഉപയോഗിക്കുന്നതിലൂടെ ലഹരി വസ്തുക്കളുടെ ഉപയോഗമടക്കം മറ്റ് അനഭിലഷണീയമായ കാര്യങ്ങൾക്കും കുട്ടികൾക്ക് സൗകര്യം കൂടുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്കൂളുകളിൽ വിദ്യാർത്ഥികൾ ബൈക്കും മൊബൈലും ഉപയോഗിക്കുന്നത് നിരോധിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മൊബൈൽ ഫോണിന്റെ ഉപയോഗം നിരോധിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗങ്ങൾക്കെതിരെ എം.4/6601/2016/ഡി.പി.ഐ. തീയതി 26-5-2016 എന്ന സർക്കുലർ പ്രകാരവും നിയമാനുസൃതം ലൈസൻസില്ലാതെയും മദ്യപിച്ചും വാഹനമോടിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിയമാനുസൃത ലൈസൻസില്ലാതെയോ ഹെൽമെറ്റ് ധരിക്കാതെയോ വിദ്യാർത്ഥി വാഹനങ്ങൾ സ്കൂളിൽ കൊണ്ടുവന്നാൽ പ്രസ്തുത വാഹനങ്ങൾ സ്കൂൾ അധികാരി നിയന്ത്രണത്തിലാക്കി മോട്ടോർ വാഹന വകുപ്പിനെയോ പോലീസിനെയോ വിവരം അറിയിക്കണമെന്നും കുട്ടിയുടെ രക്ഷകർത്താവിനെ വിവരം അറിയിച്ച് ഒരിക്കലും കുട്ടിക്ക് വാഹനം തിരിച്ച് നൽകാൻ പാടില്ലെന്നും കാണിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആർ.ആർ.വി. സ്കൂളിലെ ശമ്പളം ലഭിക്കാത്ത അദ്ധ്യാപകർ**

92 (2123) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സ്റ്റാഫ് ഫിക്സേഷനെ തുടർന്ന് ഹൈസ്കൂൾ വിഭാഗത്തിൽ ശമ്പളം ലഭിക്കാതെ വന്ന അദ്ധ്യാപകരുടെ കാര്യത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ വിഭാഗം അദ്ധ്യാപകർക്ക് 2016 മേയ് മാസത്തെ ശമ്പളം നൽകേണ്ടതില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഏതെങ്കിലും വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം ജില്ലയിലെ ആർ. ആർ. വി. സ്കൂളിലെ ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകർക്ക് 2016 മേയ് മാസത്തെ ശമ്പളം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ആർ. ആർ. വി. സ്കൂളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകാതിരിന്നിട്ടുണ്ടെങ്കിൽ കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 29-1-2016-ലെ ജി.ഒ (പി) നം. 29/16/പൊവിവയിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നടത്തിയ തസ്തിക നിർണ്ണയംവഴി തസ്തിക നഷ്ടപ്പെട്ട സംരക്ഷിത അദ്ധ്യാപകർ പുനർവിന്യസിക്കപ്പെടുന്ന മുറയ്ക്ക് ശമ്പളം നൽകുന്നതാണ് എന്നും തസ്തികയില്ലാതെ പുറത്തുനിന്ന കാലയളവ് അർഹതപ്പെട്ട അവധിയായോ ശൂന്യവേതനാവധിയായോ ക്രമീകരിക്കുമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി & സി) 29/01/2016-ലെ സ.ഉ. (പി) നമ്പർ 29/16/പൊവിവ ഖണ്ഡിക III(4)(ബി)യിൽ തസ്തിക നഷ്ടമായ സംരക്ഷിതാദ്ധ്യാപകരുടെ ശമ്പള വിതരണം അവർ പുനർവിന്യസിക്കപ്പെടുന്നമുറയ്ക്ക് സ്പാർക്കിലൂടെയായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2016 ഏപ്രിൽ മാസത്തിലാണ് തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായത്. അതുകൊണ്ടാണ് തസ്തിക നഷ്ടംവന്ന സംരക്ഷിതാദ്ധ്യാപകരുടെ 2016 മേയ് മാസം മുതലുള്ള ശമ്പളം തടഞ്ഞിട്ടുള്ളത്.

(ഡി & ഇ) 29-1-2016 ലെ ജി.ഒ.(പി) നം. 29/16/പൊവിവയിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നടത്തിയ തസ്തിക നിർണ്ണയംവഴി തസ്തിക നഷ്ടപ്പെട്ട തിരുവനന്തപുരം ജില്ലയിലെ ആർ.ആർ.വി. ഹൈസ്കൂളിലെ അദ്ധ്യാപകർക്കും 2016 മേയ് മാസം മുതൽ ശമ്പളം നൽകുന്നില്ല. അവരെ പുനർവിന്യസിക്കുന്നതനുസരിച്ച് ശമ്പളം സ്പാർക്കിലൂടെ ലഭിക്കുന്നതായിരിക്കും.

**ആർ.എം.എസ്.എ. സ്കൂളുകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി**

93 (2124) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർ.എം.എസ്.എ. സ്കൂളുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാത്തതിനാൽ വിദ്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കാസർഗോഡ് ജില്ലയിലെ കള്ളിയാട് ആർ.എം.എസ്.എ. ഹൈസ്കൂൾ ഉൾപ്പെടെ ജില്ലയിലെ ആർ.എം.എസ്.എ. സ്കൂളുകളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

ഉണ്ട്. 2015-16 തസ്തിക നിർണ്ണയ പ്രകാരം ജി.എച്ച്.എസ്. കള്ളിയാടിൽ താഴെപ്പറയുന്ന തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) | - | 1 |
| എച്ച്.എസ്.എ (മാത്സ്) | - | 1 |
| എച്ച്.എസ്.എ (സോഷ്യൽ സയൻസ്) | - | 1 |
| എച്ച്.എസ്.എ (മലയാളം) | - | 1 |
| എച്ച്.എസ്.എ (ഹിന്ദി) | - | 1 |
| ക്ലാർക്ക് | - | 1 |
| ഓഫീസ് അറ്റന്റന്റ് | - | 2 |
| എഫ്.ടി.എം. | - | 1 |

അനുവദിക്കപ്പെട്ട അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

**മലയാള ഭാഷ നിർബന്ധമാക്കുന്നത് സംബന്ധിച്ച്**

94 (2125) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ മലയാള ഭാഷ നിർബന്ധമാക്കുവാൻ കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ

ലക്ഷ്യമിട്ടിരുന്നത്; വിശദീകരിക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) 1-9-2011-ലെ സ.ഉ.(പി) നമ്പർ 183/2011/പൊ.വി. ഉത്തരവനുസരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും നിലവിൽ ഇതുസംബന്ധിച്ച് പ്രത്യേക കർമ്മ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**ഹയർ സെക്കണ്ടറി ഹിസ്റ്ററി വിഭാഗത്തിലെ ഒഴിവുകൾ**

95 (2126) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഹിസ്റ്ററി വിഭാഗത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഈ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഹയർ സെക്കണ്ടറി ഹിസ്റ്ററി സീനിയർ, ജൂനിയർ തസ്തികകളിൽ സംസ്ഥാനത്ത് എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി&സി) എച്ച്.എസ്.എസ്.റ്റി. ഹിസ്റ്ററി ജൂനിയർ തസ്തികയിൽ നിലവിൽ 6 ഒഴിവുകളാണുള്ളത്. ആയത് SC/ST-യ്ക്ക് മാറ്റിവച്ചിട്ടുള്ളവയാണ്. എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിൽ ആകെ 34 ഒഴിവുകളാണുള്ളത്. ഇതിൽ 11 എണ്ണം SC/ST-യ്ക്ക് മാറ്റിവച്ച ഒഴിവുകളും ഒരെണ്ണം പി.എസ്.സി.-യ്ക്ക് നേരിട്ടുള്ള നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. അവശേഷിക്കുന്ന ഒഴിവുകളിൽ 21 എണ്ണം സ്പെഷ്യൽ റൂൾ പ്രകാരം ബൈട്രാൻസ്ഫർ നിയമനത്തിനും ഒരെണ്ണം ജൂനിയർ ടു സീനിയർ പ്രൊമോഷനുമായി മാറ്റിവച്ചിരിക്കുന്നു.

## ഹയർ സെക്കണ്ടറി സ്കൂളുകളിൽ ശൗചാലയം സ്ഥാപിക്കാൻ നടപടി

96 (2127) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലായി ശൗചാലയമില്ലാത്ത എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ സംസ്ഥാനത്തുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ശൗചാലയങ്ങൾ ഉള്ള സ്കൂളുകളിൽ തന്നെ വൃത്തിയും ജലലഭ്യതയും ഇല്ലാത്തതിനാൽ കുട്ടികൾക്ക് ഇവ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് കുട്ടികളിൽ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ശൗചാലയമില്ലാത്ത ഹയർ സെക്കണ്ടറി സ്കൂളുകളിൽ അവ സ്ഥാപിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ശൗചാലയങ്ങൾ ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശൗചാലയങ്ങളുടെ വൃത്തിയും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനായി ഹയർ സെക്കണ്ടറി ഡയറക്ടർ എല്ലാ സ്കൂൾ പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി & ഡി) ബാധകമല്ല.

## നോൺ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ (കൊമേഴ്സ്) ഒഴിവുകൾ

97 (2128) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ (കൊമേഴ്സ്)-ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) എൻ ജെ ഡി ആയി എത്ര വേക്കൻസികൾ നിലവിലുണ്ടെന്നും അത് പി

എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് നോൺ വൊക്കേഷണൽ എച്ച്.എസ്.എസ്.റ്റി (കൊമേഴ്സ്)ന്റെ അൻപതോളം ഒഴിവുകൾ നിലവിലുണ്ടായിട്ടും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി- യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന ഉത്തരവ് നിലനിൽക്കെ ഒഴിവുകൾ ഉണ്ടായിട്ടും അത് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നോൺ വൊക്കേഷണൽ ടീച്ചറിന്റെ (കൊമേഴ്സ്) ആകെ 9 ഒഴിവുകളുണ്ട്. ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) 6 എൻ.ജെ.ഡി. ഒഴിവുകൾ നിലവിലുണ്ട്. ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) 6 എൻ.ജെ.ഡി. ഒഴിവുകളും മറ്റ് തസ്തികകളിലേക്ക് മാറുന്നതിനായി വിടുതൽ അനുവദിക്കപ്പെട്ട 3 നോൺ വൊക്കേഷണൽ ടീച്ചറിന്റെ (കൊമേഴ്സ്) 3 പ്രതീക്ഷിത ഒഴിവുകളും മാത്രമാണ് നിലവിലുള്ളത്. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ വിടുതൽ തീയതി അറിയിക്കുന്ന മുറയ്ക്ക് മാത്രമേ എല്ലാ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാനാകുകയുള്ളൂ.

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ആ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കായിക വിദ്യാഭ്യാസ മേഖലയുടെയും കായികാദ്ധ്യാപകരുടെയും പ്രശ്നങ്ങൾ**

98 (T2129) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കായിക വിദ്യാഭ്യാസമേഖലയും കായികാദ്ധ്യാപകരും നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായിക മത്സരങ്ങൾക്ക് കലാമത്സരങ്ങളിലേതു പോലെ ഗ്രേസ് മാർക്ക് നൽകുന്ന സമ്പ്രദായം ആവിഷ്കരിക്കുമോ;

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) കെ.ഇ.ആർ. പ്രകാരം കായികാദ്ധ്യാപക തസ്തിക നിർണ്ണയിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വിശദമാക്കാമോ;

(ഡി) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ കലാകായിക അദ്ധ്യാപക നിയമനത്തിനും പഠനങ്ങൾക്കുമുള്ള തുക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും അത് ചെലവഴിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ മേഖലയിൽ ആവശ്യമായ തുക ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഹൈസ്കൂളിൽ ജോലി ചെയ്യുന്ന കായികാദ്ധ്യാപകർക്ക് യു.പി. സ്കെയിലിൽ ശമ്പളം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്ക് ഹൈസ്കൂൾ അദ്ധ്യാപകരുടെ സ്കെയിലിൽ ശമ്പളം പരിഷ്കരിച്ച് ഉത്തരവാകുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഓരോ വർഷവും തസ്തിക നിർണ്ണയം നടത്തുമ്പോൾ കായികാദ്ധ്യാപക തസ്തിക അനുവദിച്ചിട്ടില്ലാത്ത സ്കൂളുകളിൽ ക്ലബിംഗ് അടിസ്ഥാനത്തിൽ അദ്ധ്യാപകന്റെ സേവനം വിട്ടുനൽകാറുണ്ട്. അധികമായുള്ള കായികാദ്ധ്യാപകരുടെ സേവനം 2-ഉം 3-ഉം സ്കൂളുകളിലായി ക്ലബിംഗ് അടിസ്ഥാനത്തിൽ നടത്താറുമുണ്ട്.

(ബി) കലാമത്സരങ്ങളിലെപ്പോലെ കായിക മത്സരങ്ങൾക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ട്.

(സി) കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXIII-ലെ വ്യവസ്ഥകൾ പ്രകാരമാണ് യു.പി. വിഭാഗത്തിലും ഹൈസ്കൂൾ വിഭാഗത്തിലും കായികാദ്ധ്യാപക തസ്തികകൾ അനുവദിച്ചുവരുന്നത്.

(ഡി) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ആർ.എം.എസ്.എ. പദ്ധതിയിൽ കലാ കായിക അദ്ധ്യാപക നിയമനത്തിന് തുക വകയിരുത്തിയിട്ടില്ല. എന്നാൽ പ്രാദേശിക കലകളുടെ പരിപോഷണം ലക്ഷ്യമാക്കി ആർ.എം.എസ്.എ. ദേശീയ തലത്തിൽ കലോത്സവം സംഘടിപ്പിക്കുകയും ആയതിനുള്ള പരിശീലനം നൽകുന്നതിനും കുട്ടികളെ പങ്കെടുപ്പിക്കുന്നതിനുമായി 2015-16 സാമ്പത്തികവർഷം 10 ലക്ഷം രൂപ വകയിരുത്തുകയും 8.78 ലക്ഷം രൂപ ചെലവാക്കുകയും ചെയ്തു. 2016-2017 സാമ്പത്തികവർഷത്തെ പദ്ധതികളിൽ കലാമത്സരത്തിനായി 11 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കുട്ടികളുടെ കായികപരമായ കഴിവുകൾ

വികസിപ്പിക്കുന്നതിനായി കായിക പഠനകിറ്റുകൾ നൽകുന്നതിന് പദ്ധതിയിൽ 185 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഇ) കായികാദ്ധ്യാപകർ അടങ്ങുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കെല്ലാം പ്രൈമറി സ്കൂൾ അസിസ്റ്റന്റ് ടീച്ചറുടെ ശമ്പള സ്കെയിലാണ് നിർണ്ണയിച്ചിട്ടുള്ളത്. യു.പി. വിഭാഗമായാലും ഹൈസ്കൂൾ വിഭാഗമായാലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കെല്ലാം ഒരേ ശമ്പള സ്കെയിൽ ആയതിനാൽ കായികാദ്ധ്യാപകർക്കുമാത്രമായി ശമ്പള സ്കെയിൽ ഉയർത്തി നൽകാൻ കഴിയില്ല.

**ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി**

99 (2130) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി, ആവശ്യത്തിന് അദ്ധ്യാപകരില്ലാത്തതു കാരണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ ക്ലാസ്സുകളിലാണ് എഴുത്ത്, പ്രായോഗികപരീക്ഷകൾ ഉൾപ്പെടെ കായിക വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ കായികാദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ രേഖാമൂലമോ അല്ലാതെയോ പരാതികളൊന്നുംതന്നെ ലഭ്യമായിട്ടില്ല. എല്ലാ സ്കൂളുകളിലും ആവശ്യമായ കായിക അദ്ധ്യാപകർ നിയമിക്കപ്പെടാത്തതാണ് മുഖ്യകാരണം.

(ബി) 2014-15 അക്കാദമിക് വർഷത്തിൽ 1, 3, 5, 7 ക്ലാസ്സുകളിലെ പാഠ്യപദ്ധതി പരിഷ്കരിച്ചപ്പോൾ 1, 3 ക്ലാസ്സുകളിൽ ആരോഗ്യ, കായിക വിദ്യാഭ്യാസം മറ്റ് വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചും 5,7 ക്ലാസ്സുകളിൽ പ്രത്യേക വിഷയമായും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി 5, 7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആക്റ്റിവിറ്റി ബുക്കുകളും അദ്ധ്യാപകർക്ക് അദ്ധ്യാപക സഹായിയും തയ്യാറാക്കി നൽകി. എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകുകയും ചെയ്തു. 2015-16

അക്കാദമിക വർഷത്തിൽ 2, 4, 6, 8 ക്ലാസ്സുകളിൽ പാഠ്യപദ്ധതി പരിഷ്കരിച്ചപ്പോൾ 2, 4 ക്ലാസ്സുകളിൽ ആരോഗ്യ, കായിക വിദ്യാഭ്യാസം മറ്റ് വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചും 6,8 ക്ലാസ്സുകളിൽ പ്രത്യേക വിഷയമായും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി. അതോടൊപ്പം 6, 8 ക്ലാസ്സുകളിൽ കുട്ടികൾക്ക് ആക്ടിവിറ്റി ബുക്കും അദ്ധ്യാപകർക്ക് അദ്ധ്യാപക സഹായിയും തയ്യാറാക്കി നൽകി. കൂടാതെ എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകുകയും ചെയ്തു.

2015-16 അക്കാദമിക വർഷം 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് ആക്ടിവിറ്റി ബുക്കുകളും അദ്ധ്യാപകർക്ക് അദ്ധ്യാപക സഹായിയും തയ്യാറാക്കി നൽകി. കൂടാതെ എല്ലാ അദ്ധ്യാപകർക്കും പരിശീലനം നൽകുകയും ചെയ്തു. 5, 6, 7, 8 ക്ലാസ്സുകളിൽ വിലയിരുത്തലിന്റെ ഭാഗമായി എഴുത്തുപരീക്ഷയും നിരന്തര മൂല്യനിർണ്ണയവും നടത്തുകയും ചെയ്തു.

(സി) നടപടി എടുത്തിട്ടില്ല.

**സൗജന്യ യൂണിഫോം വിതരണം**

100 (2131) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണം ഈ വർഷം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) യൂണിഫോം വിതരണത്തിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2016-17 സ്കൂൾ വർഷത്തിൽ ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യ യൂണിഫോം വിതരണത്തിന് തുക വകയിരുത്തിയിട്ടുണ്ട്.

**എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത അവസ്ഥ**

101 (2132) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് 2016 മെയ് മാസത്തെ ശമ്പളം ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ;

(ബി) ഏത് വിഭാഗത്തിൽപ്പെട്ടവർക്കാണ് ശമ്പളം തടഞ്ഞിട്ടുള്ളത്;

(സി) 2016 ഏപ്രിൽ മാസം വരെ ശമ്പളം ലഭിച്ച എത്ര എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കാണ് മെയ് മാസം മുതൽ ശമ്പളം നിഷേധിക്കപ്പെട്ടത്;

(ഡി) 1997 ജൂലൈ 15-ന് മുമ്പ് നിയമിച്ച അദ്ധ്യാപകർക്ക് ലഭിച്ചിരുന്ന ജോലി സുരക്ഷിതത്വം നിലവിലുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത വിഭാഗക്കാരുടെ ശമ്പളം തടഞ്ഞിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 29-1-2016-ലെ സ.ഉ.(പി)29/2016 പ്രകാരമുള്ള തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടമായ സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് 2016 മെയ് മാസം മുതൽ ശമ്പളം ലഭിക്കാത്ത അവസ്ഥ സംജാതമായിട്ടുണ്ട്.

(ബി) 29-1-2016-ലെ സ.ഉ.(പി)29/2016 പ്രകാരമുള്ള തസ്തിക നിർണ്ണയത്തിൽ തസ്തിക നഷ്ടമായ സംസ്ഥാനത്തെ എല്ലാ വിഭാഗം അദ്ധ്യാപകരുടെയും ശമ്പളം തടയപ്പെട്ടിട്ടുണ്ട്.

(സി) കണക്കുകൾ ശേഖരിച്ചുവരുന്നു.

(ഡി) 29-1-2016-ലെ 29/2016/പൊവിവ-യുടെ ഖണ്ഡിക I (3) പ്രകാരം മുൻകാല സംരക്ഷിത ഉത്തരവുകൾവഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപർക്കും/അനദ്ധ്യാപകർക്കും സംരക്ഷണം തുടർന്നും ലഭിക്കുന്നതാണ്.

(ഇ) 29-1-2016-ലെ 29/2016/പൊവിവ ഉത്തരവിന്റെ ഖണ്ഡിക III (4) (ബി)-യിൽ, സംരക്ഷിത ലിസ്റ്റിലുൾപ്പെട്ട അദ്ധ്യാപകരുടെ ശമ്പള വിതരണം അവർ പുനർവിന്യസിക്കപ്പെടുന്നമുറയ്ക്ക് സ്പാർക്കിലൂടെ നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ്**

102 (2133) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദീകരിക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- പത്താംതരം തുല്യത വിജയിച്ചവർ, ഔപചാരിക പത്താംതരം വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീഡിഗ്രി കോഴ്സ് വിജയിക്കാത്തവർ എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നൽകുക.
- പഠനം നഷ്ടപ്പെട്ടുപോയവരെ അതിലേക്ക് തിരികെ കൊണ്ടുവന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർത്തുക.
- തൊഴിൽ/സംരഭകത്വശേഷി പഠിതാക്കളിൽ വളർത്തുക.
- പാർശ്വവൽക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർപഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക.

(സി) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ (ഹ്യുമാനിറ്റീസ്, കൊമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും ഇതിനായി സമ്പർക്ക പഠന ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ചെയർമാനായിട്ടുള്ള തുല്യതാ പരീക്ഷാ ബോർഡ് തീരുമാനം അനുസരിച്ച് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- എസ്.സി.ഇ.ആർ.ടി.-യുടെ സഹകരണത്തോടെ ഹയർ സെക്കണ്ടറി പഠനസാമഗ്രികൾ തയ്യാറാക്കി കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടി 10 വിഷയങ്ങളിലായി 13 പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്.
- ജില്ലകളിൽ 213 സമ്പർക്ക പഠനകേന്ദ്രങ്ങളിലായി 18,368 പഠിതാക്കൾ ഹ്യുമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തിവരുന്നു.

- പൊതുപരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്.

- യോഗ്യരും പരിചയസമ്പന്നരുമായ ഹയർ സെക്കണ്ടറി അദ്ധ്യാപകരെ തെരഞ്ഞെടുത്ത് സമ്പർക്ക പഠന ക്ലാസ്സുകൾ ജില്ലാ തലത്തിൽ നടത്തിവരുന്നു.

- ജില്ലകളിൽ തെരഞ്ഞെടുത്ത ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ജില്ലാതലങ്ങളിൽവച്ച് പരിശീലനം നൽകുകയും ചെയ്തു.

**എയ്ഡഡ് സ്കൂളുകളിലെ നിയമന അംഗീകാരം ലഭിക്കാത്ത അദ്ധ്യാപകർ**

103 (2134) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ നിയമന അംഗീകാരം കിട്ടാതെ ജോലി ചെയ്യുന്ന എത്ര അദ്ധ്യാപകർ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവർ നിയമിക്കപ്പെട്ടതെപ്പോഴാണെന്നും ഇവരുടെ നിയമനാംഗീകാരം വൈകുന്നതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ നിലവിലുള്ള അദ്ധ്യാപകർ വിരമിക്കുമ്പോഴും പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടുമ്പോഴും നടത്തുന്ന നിയമനങ്ങളിൽ പ്രൊട്ടക്ടഡ് ടീച്ചേഴ്സ് മാനദണ്ഡം പാലിക്കപ്പെടേണ്ടത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിയമന അംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള എണ്ണം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ശേഖരിച്ചുവരുന്നുണ്ട്.

(ബി) 29-1-2016-ലെ ജി.ഒ. (പി) നമ്പർ 29/16/പൊ.വി.വ ഖണ്ഡിക III (2)-ൽ സംരക്ഷിത അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂൾ തലത്തിലെ സിലബസ് പരിഷ്കരണം

104 (2136) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ തലത്തിലെ സിലബസ് സമഗ്ര പരിഷ്കരണത്തിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

2014-15 വർഷം ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് ക്ലാസ്സുകളിലേക്കും 2015-16 വർഷം രണ്ട്, നാല്, ആറ്, എട്ട് ക്ലാസ്സുകളിലേക്കും 2016-17 വർഷം ഒമ്പതും പത്തും ക്ലാസ്സുകളിലേയ്ക്കും പുതിയ പാഠ്യപദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

## കെട്ടിട നിർമ്മാണത്തിന് നടപടി

105 (2137) ശ്രീ. ജി. എസ് .ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസ്., ചാത്തന്നൂർ ഗവൺമെന്റ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് കെട്ടിട നിർമാണത്തിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അപേക്ഷകൾ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം പഠനം സുഗമമാക്കുവാൻ കഴിയാത്ത സാഹചര്യം പരിഗണിച്ച്, കെട്ടിട നിർമ്മാണം നടത്തുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) ചാത്തന്നൂർ ഗവ. വി.എച്ച്.എസ്.എസ്., ചാത്തന്നൂർ ഗവൺമെൻറ് എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷകൾ ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

## സ്കൂൾ കലോത്സവങ്ങൾ കുറ്റമറ്റതാക്കാൻ നടപടി

106 (2138) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് നടന്ന ഓരോ വർഷത്തെയും സ്കൂൾ കലോത്സവങ്ങളിൽ സബ്ജില്ല-റവന്യൂജില്ല-സംസ്ഥാനതല മത്സരങ്ങളിൽ എത്ര പരാതികൾ വീതമുണ്ടായി; പരാതിക്കാധാരമായ വിഷയങ്ങൾ എന്തെല്ലാം, കുറ്റാരോപിതരും കുറ്റക്കാരുമായി കണ്ടെത്തപ്പെട്ടവർ ആരെല്ലാം, എന്തു നടപടികൾ കഴിഞ്ഞ സർക്കാർ സ്വീകരിച്ചു എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും കലോത്സവങ്ങൾക്കായി ചെലവാക്കിയ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കലോത്സവങ്ങളിൽ ഏത് മാനദണ്ഡമനുസരിച്ചാണ് വിധികർത്താക്കളെ നിയമിച്ചിരുന്നത് എന്നും യോഗ്യരല്ലാത്ത വിധികർത്താക്കൾ, കൈക്കൂലി കൈപ്പറ്റി വിധി നിർണ്ണയം നടത്തുന്ന വിധികർത്താക്കൾ, ഭരണ കക്ഷി നേതാക്കളായ വിധികർത്താക്കൾ എന്നിവ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ എന്നും ആയത് പരിശോധിച്ചുവോ എന്നും; എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) ഭരണകക്ഷി നേതാക്കളുടെ കൈകളിൽ വിധികർത്താക്കളുടെ ലിസ്റ്റ് മുൻകൂർ ലഭിച്ചതുമൂലം കഴിഞ്ഞ അഞ്ച് വർഷവും ഫല നിർണ്ണയം സംശയ നിഴലിലായതും ഇതുമൂലമുണ്ടായ പാകപ്പിഴകളും ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ഇ) എങ്കിൽ കുറ്റക്കാരെ കണ്ടെത്താനും 2016-17 വിദ്യാഭ്യാസ വർഷം കലോത്സവം കുറ്റമറ്റതാക്കാനും നടപടി സ്വീകരിക്കാനും തയ്യാറാകുമോ?

<u>ഉത്തരം</u>

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

**അങ്കമാലി നിയോജക മണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾ**

107 (2139) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ ഏതൊക്കെ സ്കൂളുകളിലാണ് ഹയർസെക്കണ്ടറി നിലവിലുള്ളതെന്നും വിദ്യാലയങ്ങളുടെ പേരും, പഞ്ചായത്തും തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ സർക്കാർ/ എയ്ഡഡ് വിദ്യാലയങ്ങളിൽ ഏതൊക്കെ ബാച്ചുകളാണ് അനുവദിച്ചിരിക്കുന്നതെന്ന് സ്കൂൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) ഹയർസെക്കണ്ടറി തലത്തിൽ പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

**പാലമേൽ ഗവൺമെന്റ് എൽ.പി.എസ്.-ന് ഡിജിറ്റൽ ക്ലാസ് റൂം**

108 (2140) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പാലമേൽ ഗവൺമെന്റ് എൽ.പി.എസിന് ഡിജിറ്റൽ ക്ലാസ് റൂം തയ്യാറാക്കുന്നതിന് ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാവേലിക്കര എ.ഇ.ഒ. മുഖാന്തിരം നൽകിയ പ്രസ്തുത പദ്ധതി നിർദ്ദേശത്തിൻമേൽ, ഐ റ്റി @സ്കൂൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ - സി) മാവേലിക്കര MLA ശ്രീ. രാജേഷിന്റെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പാലമേൽ ഗവ. എൽ.പി.എസ്.-ന് ഡിജിറ്റൽ ക്ലാസ് റൂം സജ്ജീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിട്ടില്ല. പ്രസ്തുത പ്രൊപ്പോസൽ മാവേലിക്കര ഉപജില്ല ആഫീസിൽനിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതും ആയത് 2-2-16-ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും IT@School-ന്റെ സൂക്ഷ്മ പരിശോധനയ്ക്കായി അയച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രൊപ്പോസലിൻമേൽ 4-2-16-ന് IT@School-ന്റെ സ്ക്രൂട്ടിനി കമ്മിറ്റി യോഗം ചേർന്ന് അംഗീകാരം നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ നടപടിക്രമം മാത്രമാണ് സർക്കാരിലെ പൊതുവിദ്യാഭ്യാസ (എം) വകുപ്പിന് ലഭ്യമായിട്ടുള്ളത്. IT@School കമ്മിറ്റിയുടെ അംഗീകാരം ലഭ്യമായതിനുശേഷം വിശദമായ ഡി.പി.ആർ. സഹിതമുള്ള ഒറിജിനൽ ശിപാർശ സഹിതം ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയതിനുശേഷം മാത്രമേ ഭരണാനുമതി നൽകാനാകുകയുള്ളൂ. മേൽ പ്രൊപ്പോസലിന്റെ അസ്സൽ സർക്കാരിൽ നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. പ്രൊപ്പോസലിന്റെ അസ്സൽ കിട്ടുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങളിലെ അദ്ധ്യാപക ഒഴിവുകൾ

109 (2141) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങളിലെ അദ്ധ്യാപക ഒഴിവുകൾ ഓരോ വിഷയം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്ത തീയതി സഹിതം വിശദമാക്കാമോ;

(സി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ല :

എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് (മലയാളം) -31 (6 എൻ. സി. എ.)

എച്ച്.എസ്.എ. മാത്സ് (മലയാളം)- 27 (7 എൻ. സി. എ.)

എച്ച്.എസ്.എ. സോഷ്യൽ സയൻസ് (മലയാളം) - 18

എച്ച്.എസ്.എ. ഇംഗ്ലീഷ് - 2

എച്ച്.എസ്.എ. നാച്വറൽ സയൻസ് (മലയാളം) - 3

എച്ച്.എസ്.എ. മാത്സ് (കന്നട) - 10

എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് (കന്നട)- 2 (എൻ. സി. എ.)

എച്ച്.എസ്.എ. സോഷ്യൽ സയൻസ് (കന്നട)-8 (1 എൻ. സി. എ.)

പി.ഇ.ടി. (എച്ച്.എസ്.) - 3

എച്ച്.എസ്.എ. (മലയാളം) - 25

എച്ച്.എസ്.എ. (ഹിന്ദി) - 8

എച്ച്.എസ്.എ. (അറബിക്) -12

എച്ച്.എസ്.എ. (കന്നട) - 2

എച്ച്.എസ്.എ. (സംസ്കൃതം) - 1

എച്ച്.എസ്.എ. (ഹിന്ദി പി.ടി) - 1

എച്ച്.എസ്.എ.(അറബിക് പി.ടി.) - 2

എച്ച്.എസ്.എ. (സംസ്കൃതം) - 1

എച്ച്.എസ്.എ. (കന്നട) പി.ടി - 1

ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് അറബിക് എൽ.പി. - 27

ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് അറബിക് യു.പി. - 7

പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് അറബിക് എൽ.പി. - 15

പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് അറബിക് യു.പി. - 3

ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി - 4

പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി പി.ടി. -5

പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് സംസ്കൃതം - 2

എൽ.പി.എസ്.എ. (മലയാളം) - 92

യു.പി.എസ്.എ. (മലയാളം) - 47

എൽ.പി.എസ്.എ. (കന്നട) - 16

<u>കണ്ണൂർ ജില്ല :</u>

എച്ച്.എസ്.എ. ഇംഗ്ലീഷ് - 5

എച്ച്.എസ്.എ. സോഷ്യൽ സയൻസ് -25

എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് - 24

എച്ച്.എസ്.എ. നാച്വറൽ സയൻസ് - 4

എച്ച്.എസ്.എ. (മലയാളം)-14

എച്ച്.എസ്.എ. (ഹിന്ദി)-8

എച്ച്.എസ്.എ. (അറബിക്) - 2

എച്ച്.എസ്.എ. (ഉറുദു) - 2

എച്ച്.എസ്.എ. (സംസ്കൃതം) - 3

പി.ടി. എച്ച്.എസ്.എ. (മലയാളം) - 1

പി.ടി. എച്ച്.എസ്.എ. (ഹിന്ദി)- 5

പി.ടി. എച്ച്.എസ്.എ.(അറബിക്) -6

പി.ടി. എച്ച്.എസ്.എ. (ഉറുദു) - 6

പി.ടി. എച്ച്.എസ്.എ. (സംസ്കൃതം) -1

എഫ്.ടി. ജൂനിയർ ഹിന്ദി - 1

എഫ്.ടി. ജൂനിയർ ഉറുദു - 3

പി.ടി. ജൂനിയർ (ഹിന്ദി) - 4

പി.ടി. ജൂനിയർ (ഉറുദു) - 1

പി.ടി. ജൂനിയർ (സംസ്കൃതം) - 9

എഫ്.ടി. ജൂനിയർ (അറബിക്) എൽ.പി.എസ്. - 13

പി.ടി. ജൂനിയർ (അറബിക്) എൽ.പി.എസ്. - 6

എൽ.പി.എസ്.എ. - 46

യു.പി.എസ്.എ. - 17

(ബി) <u>കാസർഗോഡ് ജില്ല</u> :

എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് ആനുപാതികമായവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തീയതികൾ 27-6-2016, 28-6-2016, 4-7-2016

എച്ച്.എസ്.എ. മാത്സ് (മലയാളം) ആനുപാതികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് തീയതി 31-5-2016.

എച്ച്.എസ്.എ. സോഷ്യൽ സയൻസ് (മലയാളം) ആനുപാതികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് തീയതി 3-5-2016.

എച്ച്.എസ്.എ. ഇംഗ്ലീഷ് റിപ്പോർട്ട് ചെയ്തിട്ടില്ല. (പ്രൈമറി ടീച്ചർ

പ്രൊമോഷൻ ബൈട്രാൻസ്ഫർ-ഐ.ഡി.ടി എന്നിവ നടത്താനുള്ളതിനാൽ)

എച്ച്.എസ്.എ. സാച്വറൽ സയൻസ് - റിപ്പോർട്ട് ചെയ്തിട്ടില്ല. (പ്രൈമറി ടീച്ചർ പ്രൊമോഷൻ ബൈ ട്രാൻസ്ഫർ - ഐ.ഡി.ടി എന്നിവ നടത്താനുള്ളതിനാൽ)

എച്ച്.എസ്.എ. മാത്സ് (കന്നട) റിപ്പോർട്ട് ചെയ്തിട്ടുണ്ട് - 5-2-2016

എച്ച്.എസ്.എ.സോഷ്യൽ സയൻസ് (കന്നട) റിപ്പോർട്ട് ചെയ്തിട്ടുണ്ട് - 23-4-2015

എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് (കന്നട) എൻ.സി.എ. ഒഴിവ് നിലവിലുണ്ട്.

പി.ഇ.ടി. (എച്ച്.എസ്.) ഈ വർഷത്തെ തസ്തിക നിർണ്ണയം പരിഗണിച്ച് മാത്രമേ റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ.

എച്ച്.എസ്.എ.(മലയാളം) അനുവദനീയമായത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്- 4-6-2016.

എച്ച്.എസ്.എ.(അറബിക്)-ആനുപാതികമായവ റിപ്പോർട്ട്ചെയ്തിട്ടുണ്ട് - 28-5-2016.

എച്ച്.എസ്.എ. (ഹിന്ദി) എഫ്.ടി. - ആനുപാതികമായവ റിപ്പോർട്ട് ചെയ്തിട്ടുണ്ട്- 4-6-2016.

എച്ച്.എസ്.എ. (മലയാളം) പി.ടി. ആനുപാതികമായവ റിപ്പോർട്ട് ചെയ്തിട്ടുണ്ട് - 28-5-2016.

<u>കണ്ണൂർ ജില്ല :</u>

എച്ച്.എസ്.എ. ഇംഗ്ലീഷ് - 29-3-2014

എച്ച്.എസ്.എ. സോഷ്യൽ സയൻസ് -28-7-2015

എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് - 23-2-2016

എച്ച്.എസ്.എ. നാച്വറൽ സയൻസ് - 13-7-2015

<u>പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല :</u>

എച്ച്.എസ്.എ. (മലയാളം) -14

എച്ച്.എസ്.എ. (ഹിന്ദി) -8

എച്ച്.എസ്.എ. (അറബിക്) -2

എച്ച്.എസ്.എ. (ഉറുദു)- 2

എച്ച്.എസ്.എ. (സംസ്കൃതം) -3

പി.ടി. എച്ച്.എസ്.എ. (മലയാളം) -1

പി.ടി. എച്ച്.എസ്.എ. (ഹിന്ദി) -5

പി.ടി. എച്ച്.എസ്.എ.(അറബിക്)-6

പി.ടി. എച്ച്.എസ്.എ. (ഉറുദു) -6

പി.ടി. എച്ച്.എസ്.എ. (സംസ്കൃതം) -1

എഫ്.ടി. ജൂനിയർ ഹിന്ദി - 1

എഫ്.ടി. ജൂനിയർ ഉറുദു - 3

എഫ്.ടി. ജൂനിയർ (സംസ്കൃതം) - ഒഴിവില്ല

പി.ടി. ജൂനിയർ (ഹിന്ദി) - 4

പി.ടി. ജൂനിയർ (ഉറുദു) - 1

പി.ടി. ജൂനിയർ (സംസ്കൃതം) - 9

എഫ്.ടി. ജൂനിയർ (അറബിക്) യു.പി.എസ്. - ഇല്ല – പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ടെങ്കിലും വേക്കൻസി ഇല്ല.

എഫ്. ടി. ജൂനിയർ (അറബിക്) എൽ.പി.എസ്. - 13

ആനുപാതികമായി 4 വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടില്ല

പി.ടി. ജൂനിയർ (അറബിക്) എൽ.പി.എസ്. -6 (റാങ്ക് ലിസ്റ്റ് നിലവിലില്ല)

എൽ.പി.എസ്.എ. - 46, 1-4-2016, 1-6-2016, 25-6-2016

യു.പി.എസ്.എ. - 17, 14-6-2016-ന് 6 ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

29-6-2016-ന് 11 ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാലും കാസർഗോഡ് ജില്ലയിൽ തസ്തിക നിർണ്ണയം പൂർത്തിയാവാത്തതിനാലും മറ്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

**ഉച്ചഭക്ഷണ പദ്ധതി**

110 (2142) ശ്രീ. സി. ദിവാകരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും ആകെ എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്കായി ഒരു വിദ്യാർത്ഥിക്ക് എത്ര രൂപ വീതം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഈ തുക അപര്യാപ്തമാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട ഭക്ഷണം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായുള്ള നിരീക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 12358 സ്കൂളുകളിലായി 25,02,140 കുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

(ബി) നിലവിൽ കുട്ടിയൊന്നിന് 5 രൂപ നിരക്കിൽ നൽകിവരുന്നു. ഈ തുക അപര്യാപ്തമാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 150-ൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളിൽ കണ്ടിജന്റ് ചാർജ്ജ് കുട്ടിയൊന്നിന് 8 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 150 കുട്ടികളിൽ കുറവുള്ള സ്കൂളുകളിലെ കുട്ടികൾക്കുകൂടി കണ്ടിജന്റ് ചാർജ്ജ് 5 രൂപയിൽനിന്നും ഉയർത്തി എല്ലാ കുട്ടികൾക്കും 8 രൂപ നിരക്കിൽ കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു. കുട്ടികൾക്ക് ശാരീരിക – മാനസിക വളർച്ചക്കും വികാസത്തിനും രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ ഊർജ്ജം പ്രദാനം ചെയ്യുന്നതിനും

ഉതകുന്ന തരത്തിൽ എല്ലാ പോഷക ഘടകങ്ങളും ആവശ്യമായ അളവിലും അനുപാതത്തിലും കിട്ടത്തക്ക വിധത്തിൽ പ്രാദേശിക സാഹചര്യവുംകൂടി കണക്കിലെടുത്ത് വൈവിധ്യമായ പ്രതിദിന മെനു നിശ്ചയിക്കുവാൻ അതാത് സ്കൂൾ നൂൺ ഫീഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പിന്നോക്ക സമുദായ വിഭാഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന്

111 (2143) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വകുപ്പ് ഉത്തരവ് നമ്പർ ജി.ഒ (എം എസ്) 10/2014 തീയതി 23-5-2014 പ്രകാരം പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് ലഭിക്കുന്നത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ പ്ലസ് വൺ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാനാവാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പ്ലസ് വൺ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിൽ സൂചിപ്പിച്ചിട്ടില്ല എന്ന കാരണത്താൽ പ്രസ്തുത ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്ലസ് വൺ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ കൂടി ലഭിക്കത്തക്കവിധമുള്ള മാറ്റം വരുത്തുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 23-5-2014-ലെ സ.ഉ.(കൈ)നമ്പർ 10/2014/പിസവിവ ഉത്തരത്തിൽ പിന്നോക്ക സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സംവരണാനുകൂല്യങ്ങളും വിദ്യാഭ്യാസ ആനുകൂല്യവുമാണ് പ്രതിപാദിക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി & ഡി)2015-16 അദ്ധ്യയന വർഷം മുതലുള്ള പ്രോസ്പെക്ടസിൽ ടി സർക്കാർ ഉത്തരവനുസരിച്ച് ഭേദഗതി വരുത്തിയാണ് പ്ലസ് വൺ പ്രവേശനം നടത്തുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അദ്ധ്യാപകക്ഷാമം പരിഹരിക്കുന്നതിന് നടപടി**

112 (2144) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ചെറുവാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊടിയത്തൂർ ജി.എം.യു.പി. സ്കൂൾ എന്നിവിടങ്ങളിൽ നിരവധി അദ്ധ്യാപക തസ്തികകൾ ഒഴിവുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അദ്ധ്യാപകരുടെ കുറവ് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവമ്പാടി മണ്ഡലത്തിലെ ചെറുവാടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗത്തിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുകയോ തസ്തിക നിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ച് നിലവിൽ ക്ലാസ്സുകൾ നടത്തുന്നു. കൊടിയത്തൂർ ജി.എം.യു.പി. സ്കൂളിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന്, ഒഴിവ് വിവരം പി.എസ്.സി.-യെ താല്ക്കാലികമായി അറിയിച്ചിട്ടുണ്ട്. കോടതി കേസ് നിലനിൽക്കുന്നതിനാൽ അന്തിമ വിധി വന്നതിനുശേഷം മാത്രമേ നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. കൂടാതെ അദ്ധ്യാപകരുടെ നീക്ക്പോക്ക്, സ്ഥലംമാറ്റം എന്നിവ നടത്തുമ്പോൾ പ്രസ്തുത സ്കൂളിലേക്ക് അപേക്ഷകരുണ്ടെങ്കിൽ നിയമനം നടത്തി ഒഴിവുകൾ നികത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം**

113 (2145) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി) നടപ്പാക്കുന്നതിന് ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഏത് സ്കൂളാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഒല്ലൂർ നിയോജകമണ്ഡലത്തിലെ ഹയർസെക്കണ്ടറി സ്കൂളുകളിൽ അസാപ് പദ്ധതി ആരംഭിച്ചിട്ടില്ല. 2014-15 അധ്യയന വർഷത്തിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, അഞ്ചേരി, പദ്ധതിയിൽ അസാപ് കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം (30) വിദ്യാർത്ഥികൾ ഇല്ലാതിരുന്ന സാഹചര്യത്തിൽ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞില്ല. 2015-16, 2016-17 എന്നീ അധ്യയന വർഷങ്ങളിൽ മണ്ഡലത്തിൽ ഉൾപ്പെടുന്ന സ്കൂളുകൾ ഒന്നംതന്നെ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നില്ല.

(സി) സംസ്ഥാനത്ത് 862 ഹയർ സെക്കണ്ടറി സ്കൂളുകളിൽ അസാപ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ യു.പി.എസ്.എ. തസ്തികകൾ

114 (T2146) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ യു.പി.എസ്.എ. തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും എത്ര എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഹൈക്കോടതിയിൽ ഈ വിഷയം സംബന്ധിച്ച് കേസ് നിലവിലുണ്ടോ; പ്രസ്തുത കേസിൽ എത്ര ഒഴിവുകൾ ഉള്ളതായാണ് സത്യവാങ്മൂലം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ മുഴുവൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) 17-12-2012.

(ബി) യു.പി.എസ്.എ. തസ്തികയിൽ 225 ഒഴിവുകൾ. പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ.നം. 119/15-ാം നമ്പരിൽ ഒരു കേസ് നിലവിലുണ്ട്. കേസ് ഫയൽ ചെയ്ത സമയത്ത് യു.പി.എസ്.എ. തസ്തികയിൽ ജില്ലയിൽ ഒഴിവുണ്ടായിരുന്നില്ല. സർക്കാർ ഉത്തരവ് നമ്പർ (പി) 29/2016/പൊ.വി.വ. തീയതി 29-1-2016 പ്രകാരം 2015-16 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായതിനുശേഷം നിലവിൽ വന്ന 225 ഒഴിവുകൾ 2016 ജൂൺ മാസത്തിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ സംബന്ധിച്ച സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

(ഡി) ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അദ്ധ്യാപക മേഖലയിൽ ഹിതപരിശോധന**

115 (2147) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര അദ്ധ്യാപക സംഘടനകൾ ഉണ്ടെന്ന് വിശദമാക്കുമോ;

(ബി) അദ്ധ്യാപക മേഖലയിൽ റഫറണ്ടം നടത്തുവാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) റഫറണ്ടം നടത്തുവാൻ എന്തെങ്കിലും നിയമതടസ്സം ഉണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) റഫറണ്ടം എപ്പോൾ നടത്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ 29 അദ്ധ്യാപക സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി-ഡി) അദ്ധ്യാപക സംഘടനകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് 30-4-2011-ലെ ജി.ഒ.(പി)നമ്പർ 99/11/പൊ.വി.വ ഉത്തരവ് പ്രകാരം റഫറണ്ടം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെയുള്ള ഡബ്ല്യു.പി.(സി) നമ്പർ 17443/11 കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഈ വിഷയത്തിൽ ബഹു. ഹൈക്കോടതി ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

## റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നത്

116 (2148) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 10 വർഷത്തിലധികമായി ജോലിനോക്കുന്ന എത്ര റിസോഴ്സ് അദ്ധ്യാപകരുണ്ട്;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ മറ്റു വകുപ്പുകളിൽ 10 വർഷത്തിലധികമായി ജോലി നോക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇവരെ സ്ഥിരപ്പെടുത്തുമോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് 10 വർഷത്തിലധികമായി ജോലി നോക്കുന്ന റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ബഹു. ഹൈക്കോടതി വിധി വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ 10 വർഷത്തിലധികം സേവനം അനുഷ്ഠിച്ചവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്.എസ്. പ്രോജക്ടിന്റെ ഭാഗമായി കരാറടിസ്ഥാനത്തിൽ നിയമനം നൽകിവരുന്ന റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അദ്ധ്യാപക നിയമനാംഗീകാരത്തിന് കെ-ടെറ്റ് നിർബന്ധമാക്കിയ നടപടി

117 (2149) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ പുതുതായി ജോലിയിൽ പ്രവേശിച്ചവർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാവാത്തതിനാൽ നിയമനാംഗീകാരം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം ഇളവുകളാണ്

നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ നിബന്ധന ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്രവിദ്യാഭ്യാസ അവകാശനിയമത്തിന് അനുസൃതമായാണ് സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്ക് ടെറ്റ് യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ളത്. 2012 മുതൽ 2014 അധ്യയന വർഷം വരെയുള്ള കാലയളവിൽ നിയമിതരമായ അദ്ധ്യാപകർക്ക് 'കെ-ടെറ്റ് യോഗ്യത' പാസ്സാകുന്നതിന് 2018 വരെ സമയം അനുവദിച്ചിട്ടുണ്ട്. കൂടാതെ 15-6-2016-ലെ സ.ഉ.(പി) നം.99/2016/പൊ.വി.വ. ഉത്തരവ് പ്രകാരം 2015-16 അധ്യയന വർഷത്തിൽ നിയമിതരായ അദ്ധ്യാപകർക്കും കെ-ടെറ്റ് യോഗ്യതാ പരീക്ഷ പാസ്സാകുന്നതിന് പ്രസ്തുത കാലയളവ് (2018) വരെ ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(സി & ഡി) പരിഗണനയിലില്ല.

**സ്കൗട്ട്സ് ആന്റ് ഗൈഡ്സ് പ്രവർത്തനങ്ങൾക്കായി സബ് ജില്ലാ തലത്തിൽ കേന്ദ്രീകൃത ഓഫീസ്**

118 (2150) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് പ്രവർത്തനങ്ങൾക്ക് സബ് ജില്ലാ തലങ്ങളിൽ കേന്ദ്രീകൃത ഓഫീസ് സംവിധാനം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ് ജില്ലാ നിലവാരത്തിൽ സർക്കാർ സ്കൂളുകളിലെ ഒഴിഞ്ഞ് കിടക്കുന്ന ക്ലാസ്സ് മുറികളിൽ പ്രസ്തുത ഓഫീസുകൾക്കായി സൗകര്യം ഒരുക്കുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) ഭാരത് സ്കൗട്ട്സ് & ഗൈഡ്സിന്റെ സബ് ജില്ലാ തലങ്ങളിൽ കേന്ദ്രീകൃത ഓഫീസ് സംവിധാനം നിലവിലില്ല.

(ബി) ആവശ്യകതയുണ്ടെന്നു കാണുന്ന പക്ഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**കുട്ടികൾ കുറവുള്ള വിദ്യാലയങ്ങൾ**

119 (2151) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 60 കുട്ടികളിൽ താഴെ പഠിക്കുന്ന എത്ര പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പത്ത് കുട്ടികളിൽ താഴെയുള്ള എത്ര പൊതു വിദ്യാലയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വിദ്യാലയങ്ങളുടെ സംരക്ഷണത്തിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2015-16 അധ്യയന വർഷം സർക്കാർ/എയ്ഡഡ് മേഖലയിൽ 60 കുട്ടികളിൽ താഴെ പഠിക്കുന്ന 3417 വിദ്യാലയങ്ങളുണ്ട്.

(ബി) സംസ്ഥാനത്ത് 10 കുട്ടികളിൽ താഴെ പഠിക്കുന്ന 144 പൊതുവിദ്യാലയങ്ങൾ നിലവിലുണ്ട്.

(സി) സംസ്ഥാനത്ത് 10-ൽ താഴെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ കുട്ടികളെ എത്തിക്കുന്നതിനായി ഇത്തരം സ്കൂളുകളുടെ അടിസ്ഥാന, പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പി.ടി.എ.-കളുടെയും എസ്.എം.സി. കളുടെയും പ്രവർത്തനങ്ങളിലൂടെ സർക്കാർ സ്കൂളുകളിൽ കുട്ടികൾക്ക് ആകർഷകമാകത്തക്ക തരത്തിൽ മോടി പിടിപ്പിച്ച് സ്മാർട്ട് ക്ലാസ്സ് റൂം അടക്കം സംവിധാനങ്ങൾ ഏർപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വകുപ്പ് പരിഗണിച്ചുവരുന്നു. എസ്.എസ്.എ.-യുടെ ഫോക്കസ് പദ്ധതിയും ഈ ലക്ഷ്യം മുൻനിർത്തിയുള്ളതാണ്.

**കോഴിക്കോട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് നിയമനം**

120 (T2152) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ കോഴിക്കോട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽ 74ാം റാങ്ക് ലഭിച്ച ഗ്രീഷ്മ.കെ എന്ന ഉദ്യോഗാർത്ഥിക്ക് വി.എച്ച്.എസ്.ഇ.-യിലേക്ക് നിയമന ശിപാർശ നൽകിയിരുന്നുവെങ്കിലും ഇതുവരെയും നിയമനം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വി.എച്ച്.എസ്.ഇ. ഓഫീസിൽ സംഭവിച്ച പിശകാണ് ഈ

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

അനിശ്ചിതത്വത്തിന് കാരണമെന്നത് പരിഗണിച്ച്, പ്രസ്തുത നിയമനം നൽകുന്നതിന് സത്വര നടപടി സ്വീകരിയ്ക്കുമോ എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഉദ്യോഗാർത്ഥിയേക്കാൾ താഴ്ന്ന റാങ്കുള്ള നാൽപ്പതോളം പേർക്ക് നിയമനം ലഭിച്ചുകഴിഞ്ഞു എന്ന വസ്തുത പരിഗണിച്ച് കാലതാമസത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാവുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു ഒഴിവ് അധികമായി റിപ്പോർട്ട് ചെയ്ത സാഹചര്യത്താലാണ് ശ്രീമതി ഗ്രീഷ്മ. കെ-യ്ക്ക് നിയമനം നൽകുന്നതിന് കാലതാമസം നേരിട്ടത്. പ്രസ്തുത നിയമനം നൽകുന്നതിന് സത്വര നടപടി വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.

(സി) കാലതാമസത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## സ്പെഷ്യൽ സ്കൂളുകളെയും ബഡ്സ് സ്കൂളുകളെയും എയ്ഡഡ് ആക്കുവാനുള്ള തീരുമാനം

121 (2153) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളെയും ബഡ്സ് സ്കൂളുകളെയും എയ്ഡഡ് ആക്കുവാനുള്ള മുൻ സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കാൻ ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച മന്ത്രിസഭ ഉപസമിതിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണ് വിശദാംശം നൽകുമോ;

(സി) പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥർ നേരിട്ടു പരിശോധന നടത്തിയ നിശ്ചിത യോഗ്യതയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാത്രം എയ്ഡഡ് ആക്കിയാൽ മതിയെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പുനഃപരിശോധന നടത്തേണ്ട സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) രക്ഷിതാക്കളുടെ ഏറെ നാളത്തെ ആവശ്യമെന്ന നിലയ്ക്ക് 33 സ്കൂളുകൾക്കും എയ്ഡഡ് പദവി നൽകുന്ന ഉത്തരവ് നിലനിർത്തുമോ ?

<u>ഉത്തരം</u>

(എ - ഡി) മന്ത്രിസഭാ ഉപസമിതി ഈ വിഷയം പരിശോധിച്ചുവരുന്നു.

**വിദ്യാഭ്യാസ അവകാശ നിയമം**

122 (2154) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് വിദ്യാർത്ഥി അദ്ധ്യാപക അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഓരോ വിഭാഗത്തിലും എത്ര അദ്ധ്യാപകർ വീതമാണ് വേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) ഇതനുസരിച്ച് നിലവിൽ ഓരോ വിഭാഗത്തിലും അദ്ധ്യാപകരുടെ കുറവുണ്ടോ എന്നും ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രനിയമമായ 'കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം 2009'-ന്റെ സ്കൂളിന് ബാധകമായിട്ടുള്ള ഷെഡ്യൂളിലെ ക്രമനമ്പർ 1 (എ), 1 (ബി) എന്നിവയിലാണ് വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതനുസരിച്ച് വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം താഴെ പറയുംപ്രകാരമാണ്:

<u>1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് :</u>

60 കുട്ടികൾ വരെ - 2 അദ്ധ്യാപകർ

61 കുട്ടികൾ മുതൽ 90 വരെ - 3 അദ്ധ്യാപകർ

91 കുട്ടികൾ മുതൽ 120 വരെ - 4 അദ്ധ്യാപകർ

121 കുട്ടികൾ മുതൽ 200 വരെ - 5 അദ്ധ്യാപകർ

200-ന് മുകളിൽ വിദ്യാർത്ഥി അദ്ധ്യാപക അനുപാതം 1:40 കവിയരുതെന്നുമാണ് നിയമം. 150 കുട്ടികളിൽ കൂടുതൽ ഉണ്ടെങ്കിൽ ഹെഡ് ടീച്ചറെ ക്ലാസ്സ് ചാർജ്ജിൽനിന്നും ഒഴിവാക്കി ഒരു ടീച്ചറുടെ തസ്തിക അനുവദിക്കുകയും ചെയ്യും.

<u>6 മുതൽ 8 വരെ ക്ലാസ്സുകൾ :</u>

കേന്ദ്രനിയമത്തിന്റെ ഷെഡ്യൂൾ പ്രകാരം

1. ഒരു ക്ലാസ്സിന് കുറഞ്ഞത് ഒരദ്ധ്യാപകൻ എന്ന കണക്കിൽ താഴെപ്പറയുന്ന വിഷയങ്ങൾക്ക് കുറഞ്ഞത് ഒരദ്ധ്യാപകൻ വീതം.

    (i) സയൻസും കണക്കും

    (ii) സാമൂഹ്യപാഠം

    (iii) ഭാഷകൾ

2. ഓരോ മുപ്പത്തിയഞ്ച് കുട്ടികൾക്കും ഒരദ്ധ്യാപകൻ.

3. വിദ്യാർത്ഥികളുടെ എണ്ണം 100-ന് മുകളിലായാൽ

    (i) ഒരു ഫുൾ ടൈം ഹെഡ് ടീച്ചർ

    (ii) പാർട്ട് ടൈം അദ്ധ്യാപകൻ

(A) ആർട്ട് വിദ്യാഭ്യാസം

(B) ആരോഗ്യ കായിക വിദ്യാഭ്യാസം

(C) വർക്ക് എഡ്യൂക്കേഷൻ

(ബി) ബഹു. ഹൈക്കോടതി വിധി പ്രകാരം കേരളത്തിൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കിയത് 1 മുതൽ 5 വരെ ക്ലാസ്സുകൾക്ക് 30 കുട്ടികൾ വരെ 1 -ഉം 31 മുതൽ 60 വരെ 2-ഉം എന്ന അടിസ്ഥാനത്തിൽ ക്രമത്തിൽ മേൽ വിവരിച്ച പ്രകാരമാണ് തസ്തികകൾ അനുവദിച്ചിട്ടുള്ളത്. 6 മുതൽ 8 വരെയുള്ള ക്ലാസ്സുകൾക്ക് ബഹു. ഹൈക്കോടതി വിധിപ്രകാരം 35:1 അനുപാതത്തിൽ 1 മുതൽ 35 കുട്ടികൾ വരെ 1 ഡിവിഷൻ, 36 മുതൽ 70 വരെ 2-ാം ഡിവിഷൻ എന്ന അടിസ്ഥാനത്തിൽ ഡിവിഷനുകളും അദ്ധ്യാപക തസ്തികകളും അനുവദിക്കുന്നു. കോടതി ഉത്തരവിനെതിരായി സർക്കാർ ഫയൽ ചെയ്ത അപ്പീലിന് വിധേയമായാണ് തസ്തികകൾ അനുവദിച്ചിട്ടുള്ളത്.

(സി) അദ്ധ്യാപകരുടെ കുറവ്/കൂടുതൽ സംബന്ധിച്ച വിവരങ്ങൾ 2016-17 ലെ തസ്തിക നിർണ്ണയം കഴിയുന്നതനുസരിച്ച് മാത്രമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഓരോ വിഭാഗത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മേൽ വിവരിച്ച പ്രകാരമാണ് തസ്തികകൾ സ്കൂളുകളിൽ അനുവദിച്ചുവരുന്നത് എന്നതിനാൽ അതിനനുസൃതമായി ഉണ്ടാകുന്ന ഒഴിവുകളിൽ എയ്ഡഡ് സ്കൂളുകളിൽ കെ.ഇ.ആർ.-ലെ വ്യവസ്ഥകൾ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവയ്ക്കനുസൃതമായി മാനേജർമാരും,

സർക്കാർ സ്കൂളുകളിൽ പി.എസ്.സി./ താല്കാലിക നിയമനവും നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

**സർക്കാർ സ്കൂളുകളെ സംരക്ഷിക്കുന്നതിനുള്ള നടപടി**

123 (2156) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിലേറിയ വർഷവും 2016-17 അധ്യയന വർഷവും പൊതു വിദ്യാലയങ്ങളിൽ എത്ര കുട്ടികൾ പഠനത്തിനെത്തി എന്ന് സർക്കാർ/എയ്ഡഡ്/ അൺഎയ്ഡഡ്/ മറ്റ് കേന്ദ്ര സിലബസ് പഠനമുള്ള സ്വകാര്യ സ്കൂളുകൾ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷം കൊണ്ട് എത്ര ശതമാനം കുട്ടികളുടെ കുറവ് സർക്കാർ സ്കൂളുകളിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനും, യഥാസമയം പാഠപുസ്തക വിതരണം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കാനും സർക്കാരുദ്യോഗസ്ഥരുടെ മക്കളെ സർക്കാർ സ്കൂളുകളിൽ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു വേണ്ട ബോധവത്കരണം നടത്തുവാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല സംരക്ഷിക്കുന്നതിനായി സംസ്ഥാനത്തുടനീളം ഒരു ഏകീകൃത സിലബസ്സും സ്ഥാപന നടത്തിപ്പുകൾക്ക് ഏകീകൃത ചട്ടങ്ങളും ഉണ്ടാക്കുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് മേഖലയിൽ പ്രവേശനം നേടിയ കുട്ടികളുടെ വിവരം

**പൊതുവിദ്യാഭ്യാസ വകുപ്പിൽ**

| വർഷം | സർക്കാർ | എയ്ഡഡ് | അൺഎയ്ഡഡ് | ആകെ |
|---|---|---|---|---|
| 2011-12 | 1264010 | 2598451 | 372824 | 4235285 |
| 2016-17 | 1126243 | 2156965 | 418369 | 3701577 |

**ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖല**

| വർഷം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| 2011-12 | 149372 | 146322 | 33703 | 329397 |
| 2016-17 | 2016-17-ൽ പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല. | | | |

**വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖല**

| വർഷം | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| 2011-12 | 17979 | 9883 | ... | 27862 |
| 2016-17 | 2016-17-ൽ പ്രവേശന നടപടികൾ പൂർത്തിയായിട്ടില്ല. | | | |

മറ്റ് കേന്ദ്ര സിലബസ് പഠനമുള്ള സ്വകാര്യ സ്കൂളുകളിലെ വിവരം ലഭ്യമല്ല.

(ബി) (a) പൊതുവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 5 വർഷംകൊണ്ട് 10.9% കുട്ടികൾ സർക്കാർ സ്കൂളുകളിൽ കുറഞ്ഞിട്ടുണ്ട്.

(b) ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ കുറവ് വന്നിട്ടില്ല.

(സി) സർക്കാർ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ്, എസ്.എസ്.എ., ആർ.എം.എസ്.എ. ഐ.ടി@ സ്കൂൾ എന്നിവവഴി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് മികച്ച അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെട്ട പഠന സൗകര്യവും മെച്ചപ്പെട്ട അദ്ധ്യാപന നിലവാരം ഉറപ്പുവരുത്തുന്നതിനും മികച്ച രീതിയിലുള്ള പാഠ്യ പദ്ധതി പരിഷ്കരണവും അദ്ധ്യാപക പരിശീലനം എന്നിവ ഐ.ടി @ സ്കൂളിന്റെ നേതൃത്വത്തിൽ ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം എന്നിവയും നടപ്പാക്കിവരുന്നു. പാഠപുസ്തകങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും അവ അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾതന്നെ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രിന്റിംഗ് കേന്ദ്രങ്ങളിൽനിന്നും നേരിട്ട് കേന്ദ്രീകൃത ഹബ്ബുകൾ മുഖേന സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുന്ന സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പരിശോധിക്കാവുന്നതാണ്.

**സ്കൂളുകളിലെ അക്കാദമിക് നിലവാരം ഉയർത്താൻ നടപടി**

979/2017

124 (2157) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് . പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ അക്കാഡമിക് നിലവാരം ഉയർത്തുവാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ?

## ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളായി ഉയർത്തുന്നതിനും മികച്ച ഭൗതിക സാഹചര്യങ്ങളുള്ള വിദ്യാലയങ്ങളാക്കി മാറ്റുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കലാ-കായിക പ്രവൃത്തി പരിചയ പ്രാധാന്യം നൽകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച് നടപ്പിലാക്കുകയും അദ്ധ്യാപകർക്കായി മെച്ചപ്പെട്ട പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എസ്.എസ്.എ.-യുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ ഫോക്കസ് പോലെയുള്ള പ്രവർത്തനങ്ങൾ അക്കാദമിക് നിലവാരം ഉയർത്താൻ സാധിച്ചിട്ടുണ്ട്. നിയമസഭാ സാമാജികരുടെ മേൽനോട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട അസംബ്ലി മണ്ഡലങ്ങളിൽ സ്കൂളുകളുടെ സമഗ്ര പുരോഗമനം ലക്ഷ്യമിട്ട് സമഗ്ര വിദ്യാഭ്യാസ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(ബി) പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, പൊതു വിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകൃഷ്ടരാക്കുക, മികച്ച പഠന നിലവാരം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കുവാൻ ലക്ഷ്യമിടുന്നത്. കൂടാതെ കുട്ടികളുടെ ശാരീരികവും മാനസികവും ആരോഗ്യപരവുമായ കാര്യങ്ങളിൽകൂടി ശ്രദ്ധവച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസമാണ് ലക്ഷ്യമിടുന്നത്.

(സി) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുന്നതിന് ഭൗതികാന്തരീക്ഷം ആകർഷകവും ശിശുസൗഹൃദമാക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എല്ലാ സ്കൂളുകളിലും ശൗചാലയങ്ങൾ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുട്ടികൾ ഉദ്ദിഷ്ടപഠന നേട്ടങ്ങൾ കൈവരിച്ചുവെന്ന് ഉറപ്പാക്കുന്നതിന് സ്മാർട്ട് ചിൽഡ്രൺ പദ്ധതിയും ശുചിത്വമുള്ള വിദ്യാലയാന്തരീക്ഷം ഉറപ്പാക്കുന്നതിന് ക്ലീൻ ക്യാമ്പസ് സേഫ് കാമ്പസ് പദ്ധതിയും നടപ്പിലാക്കിവരുന്നു. ശക്തമായ മോണിറ്ററിംഗ് നടത്തുന്നതിനുള്ള ആസൂത്രണങ്ങളും നൽകിവരുന്നുണ്ട്.

**വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ**

125 (2158) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിദ്യാഭ്യാസ ഗുണനിലവാരവും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്താനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പാഠ്യപദ്ധതികൾ പരിഷ്കരിക്കുകയും അതിൻപ്രകാരം പാഠപുസ്തകങ്ങൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുമുണ്ട്. ഇതോടൊപ്പം അദ്ധ്യാപകരെ ശാക്തീകരിക്കുന്നതിനായി മെച്ചപ്പെട്ട പരിശീലന മോഡ്യൂളുകളുടെ അടിസ്ഥാനത്തിൽ പരിശീലനം നൽകിവരുന്നുണ്ട്. അതോടൊപ്പം ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ഐ.ടി@ സ്കൂളിന്റെ നേതൃത്വത്തിൽ സ്മാർട്ട് ക്ലാസ്സ്റൂം തുടങ്ങി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി പ്ലാൻ ഫണ്ട്, എസ്.എസ്.എ., ആർ.എം.എസ്.എ. എന്നിവയുടെ ഫണ്ടുകൾ ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഇതിനുള്ള പ്രവർത്തനവും നടത്തിവരുന്നു.

**സർക്കാർ സ്കൂളുകളിലെ യു.പി.എസ്.എ., എൽ.പി.എസ്.എ. നിയമനങ്ങൾ**

126 (2159) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എൽ.പി., യു.പി. സ്കൂളുകളിലെ അദ്ധ്യാപകരുടെ ഒഴിവുകളിൽ എൽ.പി.എസ്.എ., യു.പി.എസ്.എ. എന്നിവരെ പരസ്പരം മാറ്റി നിയമിക്കാറുണ്ടോ;

(ബി) യു.പി.എസ്.എ.-യുടെ ഒഴിവുള്ള തസ്തികകളിലേക്ക് എൽ.പി.എസ്.എ.-മാർക്ക് സ്ഥലംമാറ്റം നൽകുന്നതുപോലെ എൽ.പി.എസ്.എ. ഒഴിവിലേക്ക് യു.പി.എസ്.എ.-മാർക്ക് സ്ഥലംമാറ്റം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ യു.പി. സ്കൂളുകളിൽ യു.പി.എസ്.എ.-മാരുടെ തസ്തികകളിലേക്ക് എൽ.പി.എസ്.എ.-മാരെ നിയമിക്കുന്നതുമൂലം പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടായാൽ പോലും വളരെ കുറച്ച് ഉദ്യോഗാർത്ഥികൾക്ക് മാത്രമേ യു.പി.എസ്.എ ആയി നിയമനം ലഭിക്കാറുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എൽ.പി.എസ്.എ.-മാർക്കും യു.പി.എസ്.എ.-മാർക്കും പ്രത്യേകം പരീക്ഷകൾ നടത്തി പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന സാഹചര്യത്തിൽ യു.പി.എസ്.എ. വേക്കൻസിയിലേക്ക് എൽ.പി.എസ്.എ.-മാർക്ക് സ്ഥലംമാറ്റം നൽകുന്ന നിലവിലുള്ള രീതി പുനഃപരിശോധിക്കാൻ തയ്യാറാകുമോ; ഇതിനായി എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) പ്രസ്തുത നടപടി പുനഃപരിശോധിക്കാൻ കഴിയില്ലെങ്കിൽ യു.പി.എസ്.എ. മാരിൽ താൽപര്യമുള്ളവരെ എൽ.പി.എസ്.എ.യായി മാറ്റി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2005-നുമുമ്പ് എൽ.പി.എസ്.എ./യു.പി.എസ്.എ. തസ്തിക പ്രത്യേകമായി തിരിക്കുന്നതിനുമുമ്പ് പി.ടി. ടീച്ചർ തസ്തികയിൽ നിയമനം ലഭിച്ചവർക്ക് എൽ.പി., യു.പി. വിഭാഗത്തിൽ അവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിന് അർഹതയുണ്ട്.

(ബി) 2005-നുശേഷം എൽ.പി.എസ്.എ., യു.പി.എസ്.എ. തസ്തികയിൽ പി.എസ്.സി. പ്രത്യേക നിയമനം നടത്താറുണ്ട്. ടി തസ്തികയിൽ നിയമനം ലഭിച്ചവർക്ക് അതത് തസ്തികകളിലേക്ക് മാത്രമേ സ്ഥലം മാറ്റത്തിന് അർഹതയുള്ളൂ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി & ഇ) ഇപ്പോൾ പരിഗണനയിലില്ല.

**വിദ്യാഭ്യാസ വകുപ്പിന്റെ പരീക്ഷാ നടത്തിപ്പുകളിലുണ്ടായ പ്രശ്നങ്ങൾ**

127 (2160) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. ഭരണ കാലത്ത് വിദ്യാഭ്യാസ വകുപ്പ് നടത്തിയ എസ്.എസ്.എൽ.സി. തുടങ്ങി, മറ്റു പരീക്ഷാ നടത്തിപ്പുകളിലും, റിസൾട്ട് പ്രഖ്യാപനത്തിലും വന്ന വീഴ്ചകൾമൂലം പരീക്ഷാർത്ഥികൾക്കുണ്ടായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രശ്നങ്ങൾ എന്തെല്ലാമാണെന്നും ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ കാലയളവിൽ എസ്.എസ്.എൽ.സി. ഉൾപ്പെടെയുള്ള പരീക്ഷയ്ക്ക് വേണ്ടിയുള്ള ചോദ്യ പേപ്പർ അച്ചടിച്ചത് എവിടെയായിരുന്നു എന്നും അതുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ എന്തെല്ലാം എന്നും ആയതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും അവയുടെ നിലവിലെ അവസ്ഥയെന്താണ് എന്നും വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട കുറ്റാരോപിതരും കുറ്റവാളികളുമായ ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2015 വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷാ റിസൾട്ട് പ്രഖ്യാപനത്തിൽ ചില സാങ്കേതിക പിഴവുകൾ സംഭവിച്ചിട്ടുണ്ടായിരുന്നു. ചില ക്യാമ്പുകളിൽ നിന്നും മാർക്ക് അപ്‌ലോഡ് ചെയ്ത പ്രോഗ്രാമിലെ ചില സാങ്കേതിക തകരാറുകൾമൂലം പൂർണ്ണമായി സർവ്വറിൽ ലഭിച്ചിട്ടില്ല. ഇവ പിന്നീട് ക്യാമ്പ് ഓഫീസിൽനിന്നും ശേഖരിച്ച് 24-4-2015-ന് ഫലം പ്രഖ്യാപിച്ചു. സമയബന്ധിതമായി ചില സ്കൂളുകളിൽ നിന്നും ഗ്രേസ് മാർക്ക് അപ്‌ലോഡ് ചെയ്തിരുന്നില്ല. ആയവ ലഭിച്ച മുറയ്ക്ക് പരീക്ഷാഭവനിൽ എൻട്രി നടത്തിയാണ് രണ്ടാമത്തെ ഫലം പ്രഖ്യാപിച്ചത്. 2015 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷ സമയത്തെ പരീക്ഷാ ഭവൻ സെക്രട്ടറി ശ്രീ. എം. ഐ. സുകുമാരൻ, സിസ്റ്റം മാനേജർ ആയിരുന്ന ശ്രീമതി ജെ. പി. ബെനിത, എസ്.എസ്.എൽ.സി

പരീക്ഷയുമായി ബന്ധപ്പെട്ട 'എ 1' സെക്ഷൻ ക്ലാർക്ക് ശ്രീ. റ്റി. സന്തോഷ് കുമാർ, എ വിഭാഗം സൂപ്രണ്ട് ശ്രീമതി ശ്രീകല.ബി, വിവിധ പരീക്ഷാ വാല്യൂവേഷൻ സെന്ററുകളിലെ ക്യാമ്പ് ഓഫീസർമാർ, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസർമാർ, സ്റ്റോർ സൂപ്പർവൈസർമാർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

1. പരീക്ഷാഭവനിലെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. എം. ഐ. സുകുമാരൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ സർക്കാർ തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

2. പരീക്ഷാ ഭവനിലെ സിസ്റ്റം മാനേജരായിരുന്ന ശ്രീമതി ജെ.പി. ബെനിതയെ ടിയാളുടെ മാതൃസ്ഥാപനമായ ഹയർ സെക്കണ്ടറി വകുപ്പിലേക്ക് തിരിച്ചയച്ചു. ടിയാൾക്കെതിരെ ശിക്ഷാനടപടിയുടെ ഭാഗമായി ടിയാളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ താൽക്കാലികമായി തടഞ്ഞുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് ടിയാൾക്ക് നൽകി മറുപടി ലഭ്യമാക്കുന്നതിനായി ഹയർ സെക്കണ്ടറി വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

3. വാല്യൂവേഷൻ സെന്ററുകളിലെ ക്യാമ്പ് ഓഫീസർമാർ, ഡെപ്യൂട്ടി ക്യാമ്പ് ഓഫീസർമാർ, സ്റ്റോർ സൂപ്പർവൈസർമാർ, എന്നിവർക്കെതിരായ അച്ചടക്കനടപടിയുമായി ബന്ധപ്പെട്ട് ചാർജ്ജ് മെമ്മോകൾ നൽകുകയും ആയതിന്മേൽ ഇവർ സമർപ്പിച്ച വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരീക്ഷാഫലം പുനഃപ്രസിദ്ധീകരിക്കേണ്ടി വന്ന സാഹചര്യം പരീക്ഷാഭവനിൽ സംഭവിച്ച വീഴ്ചകളാണെന്ന് കണ്ടെത്തി. പരീക്ഷാ ഭവനിലെ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് ശ്രീ. റ്റി. സന്തോഷ് കുമാർ, സൂപ്രണ്ട് ശ്രീമതി ശ്രീകല. ബി എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു.

4. ശ്രീ. റ്റി. സന്തോഷ് കുമാർ, ശ്രീമതി ശ്രീകല. ബി എന്നിവർക്കെതിരായ ശിക്ഷാനടപടിയുടെ ഭാഗമായി ഇവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യത്തോടെ താൽക്കാലികമായി തടഞ്ഞുകൊണ്ട് ഇവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(സി) ചോദ്യപേപ്പർ അച്ചടിക്കുന്നത് രഹസ്യ സ്വഭാവം ഉള്ളതാണ്. 2015 മാർച്ച് മാസത്തിലെ എസ്.എസ്.എൽ.സി. പരീക്ഷയുമായി ബന്ധപ്പെട്ട് ഓൺലൈനായി നടത്തുന്ന ഐ ടി വിഷയത്തിന് ചോദ്യപേപ്പർ അച്ചടിച്ചതുമൂലം സർക്കാരിന് നഷ്ടം സംഭവിച്ചിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് കേസ്സുകൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ഈ വിഷയവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് പ്രകാരം ടി കാലയളവിൽ പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ പരീക്ഷാ സെക്രട്ടറി ആയിരുന്ന ശ്രീ. എം. ഐ. സുകുമാരൻ, ജോയിന്റ് കമ്മീഷണർ ആയിരുന്ന ശ്രീമതി എൻ. ഐ. തങ്കമണി, ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് ശ്രീ. റ്റി. സന്തോഷ് കുമാർ, സെക്ഷൻ സൂപ്രണ്ട് ശ്രീമതി ബി. ശ്രീകല എന്നിവർ കുറ്റക്കാരെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു.

**സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിന് സൗകര്യം നൽകുന്നതിന് നടപടി**

128 (2161) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ അഡ്മിഷനായി സ്പോർട്സ് ക്വാട്ടയിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് കായികാദ്ധ്യാപകരോ പരിശീലന സൗകര്യമോ ഇല്ലാത്ത സ്കൂളിൽ അഡ്മിഷൻ ലഭിക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കായികാദ്ധ്യാപകർ ഉള്ളതും കായിക പരിശീലനത്തിന് സൗകര്യമുള്ളതുമായ സ്കൂളിലേക്ക് അഡ്മിഷൻ മാറ്റി നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക ഉത്തരവിറക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) പ്ലസ് വൺ പ്രവേശനത്തിന് സ്പോർട്സ് ക്വാട്ടയിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് കായികാദ്ധ്യാപകരോ, പരിശീലന സൗകര്യമോ ഇല്ലാത്ത സ്കൂളിൽ അഡ്മിഷൻ ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് കായികാദ്ധ്യാപകരോ, പരിശീലന സൗകര്യമോ ഉള്ള സ്കൂളുകളിലേക്ക് എന്ന പരിഗണന നൽകി അഡ്മിഷൻ നൽകാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം കഴിയില്ല. എന്നാൽ കായിക രംഗത്ത് മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് അവർക്ക് സൗകര്യപ്രദമായ സ്കൂളുകളിലേക്ക് സർക്കാർ പ്രത്യേകാനുമതിയിലൂടെ മാറ്റം നൽകുന്നുണ്ട്.

**സർക്കാർ സ്കൂളുകളോടനുബന്ധിച്ചുള്ള പ്രീ-പ്രൈമറികൾക്കുള്ള അംഗീകാരം**

129 (2162) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് ആരംഭിച്ച് അംഗീകാരത്തിനായി സമർപ്പിച്ച എത്ര പ്രീ പ്രൈമറി സ്കൂളുകളുടെ അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇവയ്ക്ക് അംഗീകാരം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ ഇവയ്ക്ക് അംഗീകാരം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സർക്കാർ സ്കൂളുകളിൽ 1988 മുതൽ പി.റ്റി.എ.-യുടെ നിയന്ത്രണത്തിൽ ആരംഭിച്ച് പ്രവർത്തിച്ചുവരുന്ന പ്രീ-പ്രൈമറികളിലെ ജീവനക്കാർക്ക് 2012 മുതൽ സർക്കാർ ഓണറേറിയം നൽകിവരുന്നു. പ്രീ-പ്രൈമറി വിഭാഗത്തിന് അംഗീകാരം നൽകി ഉത്തരവാകുന്നില്ലായെങ്കിലും 7-12-2012 വരെ ആരംഭിച്ച പ്രീ-പ്രൈമറികളിലെ ജീവനക്കാർക്കും നിലവിൽ ഓണറേറിയം ലഭിക്കുന്നുണ്ട്. 7-12-2012-ന് ശേഷം ഇത്തരം സ്കൂളുകൾ ആരംഭിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ തുടർന്ന് അംഗീകാരത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നില്ല.

(സി) ബാധകമല്ല.

**അക്കാദമിക് സംവിധാനത്തിൽ പരിഷ്കാരങ്ങൾ**

130 (2164) ശ്രീ. രാജു എബ്രഹാം :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെയും പൊതു വിദ്യാഭ്യാസത്തിന്റെയും അക്കാദമിക്ക് നിലവാരം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് മോശമാണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം അവലോകനം ചെയ്തിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ വിദ്യാർത്ഥിയുടെയും അഭിരുചിക്കനുസൃതമായി കഴിവ് വികസിപ്പിക്കാനുള്ള സൗകര്യം വിദ്യാലയങ്ങളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരുക്കാനായി അക്കാദമിക്ക് രംഗത്ത് എന്തെല്ലാം മാറ്റം വരുത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(സി) സ്വയംഭരണ മാനേജ്മെന്റ് തലത്തിൽ എന്നതിനു പകരം അക്കാദമികരംഗത്ത് മാത്രം എന്ന നിലയിൽ സ്വയംഭരണസംവിധാനം പുനഃക്രമീകരിക്കാൻ സാധിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രിൻസിപ്പൽസ് കൗൺസിൽ, മാനേജ്മെന്റ് അസോസിയേഷൻ തുടങ്ങി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തലപ്പത്തുള്ളവർക്കും നടത്തിപ്പുകാർക്കും സംഘടനയാകാമെന്നിരിക്കെ വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ ഉറപ്പാക്കി സാമൂഹ്യ ഇടപെടലിന് അവരെ പ്രാപ്തരാക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ കുട്ടികളുടെ അഭിരുചിയും കഴിവും വികസിപ്പിക്കുന്നതിന് ആർ.എം.എസ്.എ., എസ്.എസ്.എ. വഴി വിവിധ പദ്ധതികൾ നടപ്പിലാക്കുകയും അക്കാദമിക് മികവ് വരുത്തുന്നതിന് സിലബസ് പരിഷ്കരിക്കുകയും അതിന്റെ അടിസ്ഥനത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും എസ്.എസ്.എൽ.സി. കുട്ടികൾക്കായി എല്ലാവർഷവും "ഒരുക്കം" എന്ന കൈപുസ്തകം തയ്യാറാക്കി വരികയും ചെയ്യുന്നു. ഓരോ വിദ്യാർത്ഥിയുടെയും അഭിരുചിക്കനുസൃതമായി കഴിവ് വികസിപ്പിക്കുന്നതിനായി എൽ.ബി.എസ്., ഐ.റ്റി.ഡബ്ല്യൂ. പൂജപ്പുര ടെക്നോളജി ബിസിനസ് ഇൻക്യൂബേഷൻ സെന്റർ പ്രവർത്തിക്കുന്നു. ടെക്ഫെസ്റ്റ്, സെമിനാർ, എക്സിബിഷൻ, ക്വിസ് കോമ്പറ്റീഷൻ, വിവിധ കലാകായിക മത്സരങ്ങൾ തുടങ്ങിയവ കോളേജുകളിൽ സംഘടിപ്പിക്കുന്നുണ്ട്.

വിദ്യാർത്ഥിയുടെ അഭിരുചിക്കനുസൃതമായി കഴിവ് വർദ്ധിപ്പിക്കുവാൻ കോഴിക്കോട് ഗവൺമെന്റ് ലോ കോളേജിൽ റെമഡിയൽ കോച്ചിംഗ്, കോച്ചിംഗ് ഫോർ എൻട്രി ഇൻടു സർവ്വീസ്, കരിയർ ആന്റ് കൗൺസിലിംഗ് സെൽ, പ്ലേസ്മെന്റ് സെൽ, ഐ.ക്യൂ.എ.സി. ഇംഗ്ലീഷ് ക്ലാസ്സുകൾ നടത്തുന്നുണ്ട്. കോളേജ് തലത്തിൽ വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് കഴിവ് വികസിപ്പിക്കുന്നതിന്

അസാപ്പ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം), ഡബ്ല്യു.ഡബ്ല്യു.എസ്. (വാക്ക് വിത്ത് സ്കോളർ), എസ്.എസ്.പി. (സ്കോളർ സപ്പോർട്ട് പ്രോഗ്രാം) എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

മലയാളം സർവ്വകലാശാലയിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾ യു.ജി.സി അനുശാസിക്കുന്ന ചോയിസ് ബേസ്ഡ് ക്രെഡിറ്റ് സിസ്റ്റം പാലിച്ചാണ് നടത്തുന്നത്.

(സി) നിലവിൽ അക്കാഡമിക തലത്തിലെ സ്വയംഭരണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 11 എയ്ഡഡ് കോളേജുകളിലും ഒരു സർക്കാർ കോളേജിലുമാണ് സ്വയംഭരണം നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## മാനേജ്മെന്റ് അടച്ചുപൂട്ടാൻ അപേക്ഷിച്ച സ്കൂളുകൾ

131 (2165) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് കാരണം അടച്ചു പൂട്ടാൻ മാനേജ്മെന്റ് അപേക്ഷ സമർപ്പിച്ച എത്ര സ്കൂളുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്കൂളുകളുടെ പേരും കുട്ടികളുടെ എണ്ണവും പ്രകാരം ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുമോ; എങ്കിൽ ഇതിനായി വിദ്യാഭ്യാസ നിയമത്തിൽ ഭേദഗതി വരുത്തുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം സ്കൂളുകളുടെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് കാരണം സ്കൂൾ അടച്ചുപൂട്ടാൻ മാനേജർ, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നോട്ടീസ് നൽകിയ 44 സ്കൂളുകളുണ്ട്. അവയിൽ 4 സ്കൂളുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടുകയുണ്ടായി.

(ബി) വിശദാംശം അനുബന്ധമായിചേർക്കുന്നു*.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ 4 സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോമഗിച്ചുവരുന്നു. എല്ലാ സ്കൂളുകളും സർക്കാർ ഏറ്റെടുക്കുന്നത് പ്രായോഗികമല്ല. സ്കൂൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിയമഭേദഗതി പരിഗണയിലാണ്.

(ഡി) സ്കൂളുകൾ നിലനിർത്തിക്കൊണ്ടുപോകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## കുട്ടനാട്ടിലെ വീയപുരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനും തലവടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനും കെട്ടിടം

132 (2166) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ വീയപുരം ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളിനും തലവടി ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളിനും കെട്ടിട നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖാന്തരം തയ്യാറാക്കിയ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിൻെറ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തലവടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. വീയപുരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല.

(ബി) തലവടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള 160 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.

(സി) ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ പ്രസ്തുത പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

133 (2167) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എൽദോസ് . പി. കുന്നപ്പിള്ളിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദീകരിക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് എസ്.എസ്.എ. മുഖാന്തരം ഭൗതികാന്തരീക്ഷം ആകർഷകവും ശിശുസൗഹൃദവുമാക്കുക, എല്ലാ സ്കൂളുകളിലും ശൗചാലയങ്ങൾ ഉറപ്പാക്കുക, എല്ലാ കുട്ടികൾക്കും ഓരോ ക്ലാസ്സുകളിലും നേടിയിരിക്കേണ്ട മിനിമം അറിവ് കൈവരിച്ചു എന്നുറപ്പാക്കുക, കുട്ടികളിൽ ശുചിത്വശീലം ഉണ്ടാക്കുകയും പരിസര ശുചീകരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും ചെയ്യുക എന്നിവയിലൂടെ ഉത്തമ പൗരന്മാരാക്കി മാറ്റുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം. കൂടാതെ മലയാളം, ഗണിതം, ഇംഗ്ലീഷ് എന്നിവയുടെ അടിസ്ഥാനശേഷി ഉറപ്പിക്കുക എന്ന ലക്ഷ്യം കൂടിയുണ്ട്.

(സി) എല്ലാ കുട്ടികളും അതത് ക്ലാസ്സുകളിൽ നേടേണ്ട മിനിമം അറിവ് നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് സ്മാർട്ട് ചിൽഡ്രൻ പ്രോഗ്രാം, ശുചിത്വമുള്ള വിദ്യാലയാന്തരീക്ഷം ഉറപ്പാക്കുന്നതിന് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പ്രോഗ്രാം, മികച്ച പരിശീലനം ലഭിച്ച അദ്ധ്യാപകരിലൂടെ മികച്ച നിലവാരമുള്ള അദ്ധ്യയനം ഉറപ്പുവരുത്തുന്നതിനുള്ള അദ്ധ്യാപക പരിശീലനം എന്നീ പദ്ധതികളോടൊപ്പം പൊതുവിദ്യാലയങ്ങളിലെ ഗുണനിലവാരം ഉയർത്തുന്നതിലേയ്ക്കായി എസ്.എസ്.എ. മുഖാന്തരം സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടി ഏറ്റെടുത്ത് നടത്തുവാനും ഈ വർഷം തീരുമാനിച്ചിട്ടുണ്ട്.

## സ്പോർട്സ് ക്വാട്ടയിലെ പ്ലസ് ടു പ്രവേശനം

134 (T*2168) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു പ്രവേശനത്തിന് സ്പോർട്സ് ക്വാട്ടയിൽ ഈ വർഷം എത്ര കുട്ടികൾ ഏക ജാലകം വഴി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവരെ ഉൾക്കൊള്ളിക്കുന്നതിനായി ഇപ്പോൾ സ്പോർട്സ് ക്വാട്ടയിൽ എത്ര സീറ്റുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സീറ്റുകളിലെ കുറവ് കായിക രംഗത്ത് മികവ് തെളിയിച്ച വിദ്യാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്തുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്ലസ്ടു തലത്തിൽ സ്പോർട്സ് ക്വാട്ട സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) 6862 കുട്ടികൾ.

(ബി) 9446 സീറ്റുകൾ.

(സി) സ്പോർട്സ് ക്വാട്ടയിൽ സീറ്റുകളുടെ കുറവ് ഇല്ല.

(ഡി) ഉത്തരം (സി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ

135 (2169) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തകർന്നു വീഴാറായ കെട്ടിടങ്ങൾക്കു പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നത് പരിഗണനയിൽ ഉണ്ടോ;

(സി) ഇല്ലെങ്കിൽ അതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ഇല്ല.

(ബി & സി) ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭിന്നശേഷിയുള്ള കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി**

136 (2170) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിബ്രൽ പാൾസി, സംസാര വൈകല്യം, ശാരീരിക വൈകല്യം എന്നീ വിഭാഗങ്ങളിലുള്ള കുട്ടികളെ ഐ.ഇ.ഡി.എസ്.എസ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ; ടി സ്കീമിൽ നിലവിലുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഏതെല്ലാം ധനസഹായമാണ് ലഭിക്കുന്നത്; 2016-17 സാമ്പത്തിക വർഷത്തിൽ സമയബന്ധിതമായി ഗ്രാന്റ് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ കരാറടിസ്ഥാനത്തിൽ വർഷങ്ങളായി ജോലി നോക്കി വരുന്ന ഐ.ഇ.ഡി.എസ്.എസ്. സ്കീമിൽപ്പെട്ട റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; താൽകാലികമായി ജോലി നോക്കിയിരുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് ഈ അധ്യയന വർഷത്തിൽ പുനർ നിയമനം നൽകുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അച്ചടക്ക നടപടി സ്വീകരിക്കാൻ തയ്യാറാവുമോ; വിശദമാക്കുമോ;

(സി) താൽകാലിക റിസോഴ്സ് അദ്ധ്യാപകർക്ക് മറ്റ് താൽക്കാലിക സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകുന്നപോലെ ശമ്പളം നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ യഥാസമയം ശമ്പളം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിയിൽ ജോലി ചെയ്യുന്ന പ്രസ്തുത റിസോഴ്സ് അദ്ധ്യാപകർക്ക് കേന്ദ്രം അനുവദിച്ചിട്ടുള്ള പ്രതിമാസ വേതനം എത്രയെന്ന് വ്യക്തമാക്കാമോ; ടി തുക ഇവർക്ക് ലഭ്യമാക്കുന്നതിന് തടസമുണ്ടോ?

<u>ഉത്തരം</u>

(എ) സെറിബ്രൽ പാൾസി, സംസാര വൈകല്യം, ശാരീരിക വൈകല്യം എന്നീ വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഇപ്പോൾത്തന്നെ ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയിൻകീഴിൽ ഉൾപ്പെട്ടിട്ടുണ്ട്. ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, എസ്കോർട്ട് അലവൻസ്, യാത്രാബത്ത, ഹോസ്റ്റൽ അലവൻസ്, പെൺകുട്ടികൾക്കുള്ള പ്രത്യേക ധനസഹായം, സഹായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകിവരുന്നു. കൂടാതെ കാഴ്ചയില്ലാത്ത കുട്ടികൾക്ക് വായനാസഹായികൾക്കുള്ള സാമ്പത്തിക സഹായവും നൽകിവരുന്നു. 2016-17 വർഷവും ധനസഹായം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി 725 റിസോഴ്സ് അദ്ധ്യാപകരെയാണ് എം.എച്ച്.ആർ.ഡി. അനുവദിച്ചിട്ടുള്ളത്. കൂടാതെ 140 റിസോഴ്സ് അദ്ധ്യാപകരെ 2016-17 വർഷം അധികമായി അനുവദിച്ചിട്ടുണ്ട്. കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുവാൻ നിലവിൽ വ്യവസ്ഥയില്ല. സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (സാധാ) നമ്പർ 1275/2016/പൊ.വി.വ തീയതി 31-3-2016 പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തേണ്ടതില്ലെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 2016-17 വർഷം റിസോഴ്സ് അദ്ധ്യാപകരെ പുനർനിയമിക്കുന്നതിൽ യാതൊരു വീഴ്ചയും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാലും നൂറ് ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്ന ഐ.ഇ.ഡി.എസ്.എസ്.-പദ്ധതി 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതമാക്കി മാറ്റിയതുമൂലം ഉണ്ടായ വിഷയത്തിൽ തീരുമാനം എടുക്കേണ്ടതിനാലും ആണ് നിയമനം വൈകിയത്. 2015-16-ൽ ജോലി ചെയ്തിരുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് 2016-17 വർഷവും നിയമനം നൽകുന്നതിന് 8-6-2016-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് 13-6-2016-ന് നിയമന ഉത്തരവും നൽകിയിട്ടുണ്ട്.

(സി) ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകർ ഓരോ വർഷത്തേക്കും കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവരാണ്. തുടർന്നുള്ള വർഷങ്ങളിൽ ടി നിയമനത്തിൽ അവകാശവാദം ഉന്നയിക്കില്ലെന്ന

വ്യവസ്ഥയിന്മേലാണ് നിയമനം നൽകിവരുന്നത്. പ്രതിമാസം 28,815 രൂപയാണ് ഇവർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം. ശമ്പളത്തിന്റെ 60 ശതമാനം കേന്ദ്രഗവൺമെന്റാണ് നൽകിവരുന്നത്. സംസ്ഥാനത്തെ മറ്റു താൽക്കാലിക ജീവനക്കാർക്ക് നൽകിവരുന്നതു പോലെയുള്ള ശമ്പളം കരാറാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് നൽകാൻ കഴിയില്ല. എം.എച്ച്.ആർ.ഡി. യിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്കാണ് ഇവരുടെ ശമ്പളം നൽകിവരുന്നത്.

(ഡി) ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകർക്ക് എം.എച്ച്.ആർ.ഡി. അംഗീകരിച്ച പ്രതിമാസ ശമ്പളം 28,815 രൂപയാണ്. ടി തുകയുടെ 60 ശതമാനം മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. എം.എച്ച്.ആർ.ഡി തുക അനുവദിക്കുന്ന മുറയ്ക്കു മാത്രമേ ശമ്പളം അനുവദിക്കാനാകൂ. ഈ വ്യവസ്ഥ അംഗീകരിച്ചുകൊണ്ടാണ് റിസോഴ്സ് അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച് വിജയിക്കുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ലീവ്**

137 (2171) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച് വിജയിക്കുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകരെ സ്കൂളുകളുടെ അദ്ധ്യയന രംഗത്ത് ആവശ്യമായ രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കാത്തത് പ്രയാസങ്ങളുണ്ടാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) തെരഞ്ഞെടുപ്പുകളിൽ വിജയിക്കുന്ന അദ്ധ്യാപകർ പ്രസ്തുത കാലയളവിലേക്ക് ലീവ് എടുക്കണമെന്ന വ്യവസ്ഥ കൊണ്ടുവരാൻ സന്നദ്ധമാവുമോ?

<u>ഉത്തരം</u>

(എ) അനുവദിച്ചിട്ടുണ്ട്. കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XIV A റൂൾ 56(5) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, ചെയർമാൻ, ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ആ പദവിയിൽ തുടരുന്നിടത്തോളം ഒരു അഡാക്കമിക വർഷം മുഴുവനായോ പ്രസ്തുത പദവിയിൽ തുടരുന്ന മൊത്തം കാലയളവിലേക്കോ ശമ്പളമില്ലാത്ത പ്രത്യേക അവധി

(ശൂന്യവേതനാവധി) അനുവദിച്ചുവരുന്നുണ്ട്. റൂൾ 56(6) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ പ്രസ്തുത വിദ്യാലയത്തിലെ അദ്ധ്യാപന പ്രവർത്തനങ്ങൾക്ക് തടസ്സം വരുത്താതെ ഒരു അക്കാഡമിക വർഷം 20 ദിവസം വരെ ഡ്യൂട്ടി ലീവായി അനുവദിച്ചിട്ടുണ്ട്.

റൂൾ 56(7) പ്രകാരം എയ്ഡഡ് സ്കൂളദ്ധ്യാപകർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മെമ്പർമാരായി തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ അദ്ധ്യാപക പ്രവൃത്തിക്ക് തടസ്സം വരാത്ത രീതിയിൽ ഒരക്കാഡമിക വർഷം 15 ദിവസത്തെ ഡ്യൂട്ടി ലീവ് അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഹയർസെക്കണ്ടറി സീറ്റുകൾ**

138 (2172) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ്, 2011-ൽ ഹയർസെക്കണ്ടറി പഠനത്തിനായി ഓരോ ജില്ലയിലും ലഭ്യമായിരുന്ന സീറ്റുകളുടെ എണ്ണം പട്ടിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ ജില്ലയിലും പുതുതായി അനുവദിച്ച സീറ്റുകളുടെ എണ്ണം ഗവൺമെന്റ്, എയ്ഡഡ്, അൺ എയിഡഡ് എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) വിവരം അനുബന്ധം 2 ആയി* ചേർക്കുന്നു.

**ഹയർസെക്കണ്ടറി കുട്ടികളുടെ തലയെണ്ണൽ**

139 (2173) <u>ശ്രീ. വി. പി. സജീന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ കുട്ടികളുടെ തലയെണ്ണൽ (strength verification) നടത്തുന്നുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ ഒരു ബാച്ചിൽ എത്ര വിദ്യാർത്ഥികൾ വേണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത് ;

(സി) ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ ഓരോ വിഷയത്തിനും ബാച്ചിന് ആനുപാതികമായി എത്ര അദ്ധ്യാപക തസ്തികകളാണ് അനുവദിച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഓരോ വർഷവും പ്ലസ്ടു അഡ്മിഷൻ കഴിയുമ്പോൾ പല വിദ്യാലയങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം വിദ്യാർത്ഥികൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽ കുട്ടികളുടെ തലയെണ്ണൽ നടത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഏറ്റവും കുറഞ്ഞത് 25 വിദ്യാർത്ഥികൾ വേണം. 2014-ൽ അനുവദിച്ച ഹയർസെക്കണ്ടറി ബാച്ചുകളിൽ ഏറ്റവും കുറഞ്ഞത് 50 വിദ്യാർത്ഥികളും വേണം.

(സി) ബാച്ചിന് ആനുപാതികമായി അല്ല അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്. പീരിയഡിന് ആനുപാതികമായി ആണ് തസ്തികകൾ സൃഷ്ടിക്കുന്നത്. ആഴ്ചയിൽ 15 പീരിയഡുകൾ വരെ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയും 15 പീരിയഡിനു മുകളിൽ 25 പീരിയഡുവരെ എച്ച്.എസ്.എസ്.റ്റി. തസ്തികയുമാണ് അനുവദിക്കുന്നത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 10-ാം ക്ലാസ് വരെ നടത്തുന്നതു പോലെയുള്ള തലയെണ്ണൽ ഹയർ സെക്കണ്ടറിയിലും വ്യാപിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നില്ല.

**പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരാധീനതകൾ പരിഹരിക്കാൻ നടപടി**

140 (2174) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരാധീനതകൾ പരിഹരിക്കുന്നതിന് അടിയന്തരമായി സർക്കാർ ഇടപെടണമെന്ന ഭരണ പരിഷ്കാര വകുപ്പിന്റെ റിപ്പോർട്ട്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഡി.പി.ഐ.-യിൽ ജീവനക്കാരുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിദ്യാഭ്യാസ മേഖലയെ നേരിട്ട് നിയന്ത്രിക്കുന്ന ഡയറക്ടറേറ്റിനെ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി&സി) ഇതുസംബന്ധിച്ച റിപ്പോർട്ട് പഠിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തികകൾ**

141 (2175) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസ്സുകളിലെ 5-9-2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ.(എം.എസ്.) നമ്പർ 220/2015/പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## സർവ്വീസിലുള്ള അദ്ധ്യാപകർക്ക് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റിന്റെ മാതൃകയിൽ പരീക്ഷ നടത്തുന്നതിന് നടപടി

142 (T*2176) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്കുവേണ്ടി നടത്തുന്ന ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്, കേരള (കെ ടെറ്റ് )-ൽ ഭൂരിപക്ഷം പരീക്ഷാർത്ഥികളും പരാജയപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പരീക്ഷാ നടത്തിപ്പിലെ ഘടനാപരമായ അപാകതകളും, ചോദ്യം തയ്യാറാക്കുന്നതിലെ പോരായ്മകളും ആണ് പ്രസ്തുത അവസ്ഥയ്ക്ക് കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2010 മുതൽ ഓരോവർഷവും എത്രപേർ പരീക്ഷ എഴുതിയെന്നും എത്രപേർ വിജയിച്ച എന്നതിന്റെയും കണക്ക് വെളിപ്പെടുത്തുമോ;

(ഡി) സർവ്വീസിലുള്ള അദ്ധ്യാപകർക്ക് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന്റെ മാതൃകയിൽ ആറുമാസത്തിലൊരിക്കൽ പ്രസ്തുത പരീക്ഷ നടത്തുന്നതിനു നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം NCTE -യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി SCERT കേരള തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സിലബസ് അനുസരിച്ചാണ് എൽ.പി./യു.പി./ ഹൈസ്കൂൾ അദ്ധ്യാപകരായി നിയമിതരാകേണ്ട അദ്ധ്യാപകരുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായുള്ള പരീക്ഷയായ K-TET-ന്റെ ചോദ്യങ്ങൾ തയ്യാറാക്കുന്നത്. ഇത്തരത്തിൽ തയ്യാറാക്കുന്ന ചോദ്യങ്ങൾ അദ്ധ്യാപനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന വിധത്തിൽ ഉയർന്ന നിലവാരത്തിലുള്ളതിനാലാണ് വിജയ ശതമാനത്തിൽ കുറവ് അനുഭവപ്പെടുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) 2012 മുതലാണ് K-TET പരീക്ഷ ആരംഭിച്ചത്. 2012-ൽ മൂന്ന് കാറ്റഗറികളിലാണ് (കാറ്റഗറി-I എൽ.പി. വിഭാഗം, കാറ്റഗറി-II യു.പി. വിഭാഗം, കാറ്റഗറി-III എച്ച്.എസ് വിഭാഗം) പരീക്ഷ നടന്നത്. 2013 മുതൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേണ്ടി കാറ്റഗറി IV എന്ന പേരിലും പരീക്ഷ ആരംഭിച്ചിട്ടുണ്ട്. 2012 മുതൽ പരീക്ഷ എഴുതിയ പരീക്ഷാർത്ഥികളുടെ എണ്ണവും വിജയിച്ചവരുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| വർഷം | കാറ്റഗറി I | |
|---|---|---|
| | എഴുതിയവർ | വിജയിച്ചവർ |
| 2012 | 41610 | 3946 |
| 2013 | 26425 | 2347 |
| 2014 | 14971 | 1714 |
| 2015 | 6808 | 315 |

| വർഷം | കാറ്റഗറി II | |
|---|---|---|
| | എഴുതിയവർ | വിജയിച്ചവർ |
| 2012 | 58375 | 2447 |
| 2013 | 21617 | 1940 |
| 2014 | 10597 | 1326 |
| 2015 | 5059 | 910 |

| വർഷം | കാറ്റഗറി III | |
|---|---|---|
| | എഴുതിയവർ | വിജയിച്ചവർ |
| 2012 | 50662 | 1607 |
| 2013 | 31430 | 3375 |
| 2014 | 15581 | 1199 |
| 2015 | 7169 | 1109 |

| വർഷം | കാറ്റഗറി IV | |
|---|---|---|
| | എഴുതിയവർ | വിജയിച്ചവർ |
| 2012 | -- | -- |
| 2013 | 4571 | 455 |
| 2014 | 2781 | 392 |
| 2015 | 1242 | 70 |

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ., പൊതുവിദ്യാഭ്യാസം എന്നിവ ഒരു വകുപ്പിന്റെ കീഴിലാക്കാൻ നടപടി**

143 (2177) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർസെക്കണ്ടറി, വി.എച്ച്.എസ്.ഇ, പൊതുവിദ്യാഭ്യാസം എന്നിവ സംയോജിപ്പിച്ച് ഒരു വകുപ്പിന്റെ കീഴിലാക്കാനുള്ള വല്ല നിർദ്ദേശങ്ങളും പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

**അംഗീകാരമില്ലാത്ത സ്കൂളുകൾ**

144 (2178) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നതിന് എന്തെങ്കിലും വിലക്കുണ്ടോ . വിശദവിവരം നൽകാമോ ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകളുടെ, ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ഡി) അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ അവകാശ നിയമം 2009-ലെ സെക്ഷൻ 18 പ്രകാരം അംഗീകാരത്തിനുള്ള അനുമതിപത്രം നേടാതെ ഒരു സ്കൂളും സ്ഥാപിക്കാൻ പാടുള്ളതല്ല. സെക്ഷൻ 18 പ്രകാരം അംഗീകാരമില്ലാത്ത ഒരു സ്കൂൾ സ്ഥാപിക്കുകയോ പ്രവർത്തിക്കുകയോ അല്ലെങ്കിൽ അംഗീകാരം പിൻവലിച്ച ശേഷവും പ്രവർത്തനം തുടരുകയോ ചെയ്യുന്ന ഏതൊരു വ്യക്തിക്കും ഒരു ലക്ഷം രൂപ വരെ ആകാവുന്ന പിഴയ്ക്ക് ബാധ്യസ്ഥനാവുകയും ലംഘനം തുടർന്നും നടത്തുന്ന സംഗതികളിൽ അങ്ങനെ തുടരുന്ന ഓരോ ദിവസത്തേക്കും പതിനായിരം രൂപ വീതം പിഴ നൽകേണ്ടി വരുന്നതുമാണ്. വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം ഇത്തരത്തിലാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരശേഖരണത്തിനുശേഷം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**മസ്തിഷ്കവൈകല്യങ്ങളുള്ള കുട്ടികൾക്കുള്ള പരിശീലന സംവിധാനം**

145 (2179) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഓട്ടിസം, സെറിബ്രൽ പാൾസി, ഡിസ്കാൽകുലിയ, ഡിസ്ഗ്രാഫിയ തുടങ്ങിയ ന്യൂനതകൾമൂലം ബുദ്ധിമുട്ടുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണവും വിവരങ്ങളും ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുട്ടികളെ വീടുകളിൽനിന്നും സ്ഥിരമായി സ്കൂളിലെത്തിക്കാനും ആവശ്യമായ പരിശീലനം നൽകാനും കഴിവുള്ള എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്; വ്യക്തമാക്കുമോ;

(സി) ഇവയുടെ പ്രവർത്തന മികവും, കുട്ടികളുടെ പഠനനിലവാരത്തിന്റെ വർദ്ധനവും നിരന്തരം പരിശോധിക്കുന്ന എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വിദ്യാഭ്യാസവകുപ്പും, തദ്ദേശസ്വയംഭരണവകുപ്പും ചേർന്ന് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഇത്തരം വിദ്യാലയങ്ങൾ/ റിഹാബിലിറ്റേഷൻ സെന്ററുകൾ സാർവത്രികമായി ആരംഭിക്കാൻ കഴിയുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ഡിസ്ലാൽകുലിയ, ഡിസ്ഗ്രാഫിയ എന്നീ വിഭാഗം കുട്ടികളുടെ കണക്കുകൾ പ്രത്യേകം പ്രത്യേകമായി ശേഖരിച്ചിട്ടില്ല. എന്നാൽ 2015-16 വർഷം 16240 ഭിന്നശേഷിക്കാരായ കുട്ടികൾക്കാണ് എസ്.എസ്.എൽ.സി പരീക്ഷാ ഇളവുകൾ നൽകിയിട്ടുള്ളത്. ഇതിൽ 7874 കുട്ടികൾ പഠനവൈകല്യ വിഭാഗത്തിലും 9 കുട്ടികൾ ഓട്ടിസം വിഭാഗത്തിലും 849 കുട്ടികൾ സി.പി/ ഒ.എച്ച്.വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി 23952 കുട്ടികൾക്ക് തനതുവർഷം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഒട്ടുമിക്ക പൊതുവിദ്യാലയങ്ങളിലും ഈ വിഭാഗം കുട്ടികളെ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളെ വീട്ടിൽ നിന്നും സ്കൂളിൽ എത്തിക്കുവാനുള്ള പ്രത്യേക സംവിധാനം ഐ.ഇ.ഡി.എസ്.എസ് പദ്ധതിയുടെ ഭാഗമായി നിലവിലില്ല.

(സി) ഇവയുടെ പ്രവർത്തന മികവും കുട്ടികളുടെ പഠനനിലവാരത്തിന്റെ വർദ്ധനവും നിരന്തരം പരിശോധിക്കുവാനായി പ്രത്യേക സംവിധാനങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. എന്നാൽ ഈ മേഖലയിലെ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തുവാൻ പടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

(ഡി) വിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഇത്തരം വിദ്യാലയങ്ങൾ/ റീഹാബിലറ്റേഷൻ സെന്ററുകൾ സാർവ്വത്രികമായി ആരംഭിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്താവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്. സന്നദ്ധ സേവന സംഘടനകൾക്കും ഇക്കാര്യത്തിർ കാര്യമായ പങ്ക് വഹിക്കാൻ കഴിയുമെന്ന് കരുതുന്നു.

## എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ

146 (2180) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ 2016-ലെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാർക്ക് ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി)ശമ്പള പരിഷ്കരണ ആനുകൂല്യം സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ ആഫീസുകളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ഏതെല്ലാം എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ അപേക്ഷകളാണ് വിവിധ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ആഫീസുകളിൽ കെട്ടിക്കിടക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) സ്വകാര്യ എയ്ഡഡ് കോളേജുകളിൽനിന്നും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ/ബില്ലുകൾ ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകി വരുന്നു. ലഭ്യമായ പ്രൊപ്പോസലുകൾക്ക് അടിയന്തര പ്രാധാന്യം നൽകി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

147 (2181) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ നിലവിൽ എന്തെല്ലാം പഠനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവിടെ ഗണിത ശാസ്ത്ര ബിരുദ, ബിരുദാനന്തര കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗണിതശാസ്ത്ര ഗവേഷണം അഭിവൃദ്ധിപ്പെടുത്തുക, ഗണിതശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക, അവരുടെ പ്രയത്നങ്ങൾക്ക് പിന്തുണ കൊടുക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ കേരള സർക്കാരിന്റെ കീഴിലുള്ള കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലും ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള ആണവോർജ്ജ വകുപ്പും സംയുക്തമായി തുടങ്ങിയ സ്ഥാപനമാണ് കേരള സ്കൂൾ ഓഫ് മാത്തമറ്റിക്സ്. ശാസ്ത്രസാങ്കേതിക പുരോഗതിക്കും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വിദ്യാഭ്യാസ പുരോഗതിക്കുമുതകുന്ന തരത്തിൽ ഗണിതശാസ്ത്രത്തിന്റെ പ്രത്യേക ശാഖകളിൽ വൈദഗ്ദ്ധ്യം നേടാൻ വേണ്ടിയുള്ള ഗവേഷണവും ഗവേഷണ ഫലങ്ങളുമാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ നിലവിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ.

ഗണിതശാസ്ത്ര വിഷയങ്ങളിൽ പരിശീലനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായുള്ള പഠന പ്രവർത്തനങ്ങളാണ് നിലവിൽ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഗണിത ശാസ്ത്രത്തിലെ വിവിധ പഠന ശാഖകളിലുള്ള ശിൽപശാലകൾ, പ്രസ്തുത ശിൽപശാലകളുടെ ഏകവിഷയ പ്രബന്ധങ്ങളുടെയും വ്യവഹാര വിവരണത്തിന്റെയും പ്രസിദ്ധീകരണം, അന്തർദേശീയ ശിൽപശാലകൾ, കേരളത്തിലെ ഗണിത ശാസ്ത്ര അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള പരിശീലന ക്ലാസ്സുകൾ, തുടർ പരിശീലന പദ്ധതികൾ, വിദേശ യൂണിവേഴ്സിറ്റികളിൽ നിന്നുമുള്ള ഗണിത ശാസ്ത്ര പ്രഗൽഭരുടെ ശിൽപശാലകൾ, വിദ്യാർത്ഥികൾക്കായി അടിസ്ഥാന ഗണിത ശാസ്ത്രത്തിലുള്ള പ്രത്യേക പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയെല്ലാം ഈ സ്ഥാപനത്തിന്റെ പഠന പ്രവർത്തനങ്ങളിൽ വരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ഗണിത ശാസ്ത്രത്തിന്റെ ഒരേ പഠന ശാഖയിൽ ഗവേഷണം നടത്തുന്നവരെ സംയോജിപ്പിച്ച് ഗണിത ശാസ്ത്ര ഗവേഷണത്തിൽ ഉന്നത പഠനഫലം സംജാതമാക്കുവാനും ഈ ഗവേഷണ കേന്ദ്രം പഠന പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. വിദേശ യൂണിവേഴ്സിറ്റികളും ഗവേഷണ കേന്ദ്രങ്ങളുമായി സഹകരിച്ച് അന്തർദേശീയ നിലവാരമുള്ള ശിൽപശാലകൾ, ഗണിത ശാസ്ത്രത്തിലുള്ള കേരളത്തിന്റെ മഹത്തായ ഗവേഷണ പാരമ്പര്യവും ഇന്ത്യൻ ഗണിത ശാസ്ത്ര ഗവേഷകരുടെ കണ്ടെത്തലുകളെക്കുറിച്ചുമുള്ള പ്രത്യേക ശിൽപശാലകളും ക്ലാസ്സുകളും ഈ ഗവേഷണകേന്ദ്രം ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പഠന പ്രവർത്തനങ്ങളാണ്. ഗവേഷണ ബിരുദത്തിനായി വിദ്യാർത്ഥികൾ ഈ കേന്ദ്രത്തിൽ പ്രവേശനം നേടി പഠനം നടത്തുന്നുണ്ട്.

(ബി) ഗണിത ശാസ്ത്ര ഗവേഷണ ബിരുദമല്ലാതെ, ബിരുദ, ബിരുദാനന്തര കോഴ്സുകൾ നിലവിൽ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ പഠന പദ്ധതികളിൽ ഇല്ല.

## വൈപ്പിൻ നിയോജക മണ്ഡലത്തിൽ പുതിയ കോളേജ്

148 (2182) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജ് നിലവിലില്ലാത്ത വൈപ്പിൻ നിയോജക മണ്ഡലത്തിൽ പുതുതായി കോളേജ് അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ട എതെല്ലാം സ്ഥലത്ത് കോളേജിന്റെ പ്രവർത്തനം ആരംഭിച്ചുവെന്നും ഇനിയും ആരംഭിക്കാത്തത് എവിടെയെല്ലാമെന്നും വിശദമാക്കുമോ;

(സി) കോളേജ് ആരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കോളേജ് ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്നും എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഇല്ല.

(സി & ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ സർക്കാർ കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധനയിലാണ്.

## കൊയിലാണ്ടി ഗവൺമെന്റ് കോളേജിന്റെ കെട്ടിടങ്ങളുടെയും കോഴ്സുകളുടെയും പ്രൊപ്പോസലുകൾ

149 (2183) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ, യു.ജി.സി. ഫിറ്റ്നസിന്റെ ഭാഗമായി പുതിയ കെട്ടിട സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനായി ഏതെല്ലാം പ്രൊപ്പോസലുകളാണ് കോളേജ് അധികൃതർ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലും സർക്കാരിലും സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പ്രൊപ്പോസിലുകളിൽ ഓരോന്നിലും സ്വീകരിച്ച നടപടിയും അതിന്റെ പുരോഗതിയും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി ഗവൺമെന്റ് കോളേജിൽ ബി.എ., എം.എ. മ്യൂസിക് കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. കൂടാതെ കോളേജിലെ കെട്ടിടസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 9.55 കോടി രൂപയുടെ പ്രോപ്പോസലും കോളേജിൽ നിന്നും ലഭിച്ചിട്ടുണ്ട്. അക്കാഡമിക് ബ്ലോക്ക് നിർമ്മാണം -8.5 കോടി രൂപ, ചുറ്റുമതിൽ നിർമ്മാണം -50 ലക്ഷം രൂപ, ഫുഡ്ബോൾ ഗ്രൗണ്ട് ആധുനികവൽക്കരണം-50 ലക്ഷം രൂപ, ക്യാമ്പസ് റോഡ് റീ-ടാറിംഗ്-5 ലക്ഷം രൂപ എന്നിവയാണ് പ്രസ്തുത പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ബി.എ., എം.എ. മ്യൂസിക് കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിൽ ഇംഗ്ലീഷ്, II ലാംഗ്വേജ് എന്നീ വിഷയങ്ങളുടെ വർക്ക്ലോഡ് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ CQIP പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 75 ലക്ഷം രൂപ അനുവദിക്കുന്ന കാര്യവും ശേഷിക്കുന്ന പ്രൊപ്പോസലുകൾ 2017-18 വർഷത്തെ പ്ലാൻ ഫണ്ട് പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്ന കാര്യവും പരിശോധിച്ചുവരുന്നു.

**കേരളത്തിലെ യൂണിവേഴ്സിറ്റികൾ**

150 (2184) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര യൂണിവേഴ്സിറ്റികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടി യൂണിവേഴ്സിറ്റികളിൽ ഇപ്പോൾ എത്ര യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാർ ജോലി നോക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഇപ്പോൾ ടി യൂണിവേഴ്സിറ്റികളിൽ ഓരോന്നിലും എത്ര യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ നിലവിലെ സ്ഥിതി അറിയാമോ;

(ഇ) റാങ്ക് ലിസ്റ്റ് നിലവിൽ വന്നാൽ പ്രസ്തുത തസ്തികയിൽ നിയമനത്തിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്നും ഉണ്ടെങ്കിൽ അതെന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ 9 യൂണിവേഴ്സിറ്റികളുണ്ട്.

(ബി) കേരള യൂണിവേഴ്സിറ്റിയിൽ നിലവിൽ 191 അസിസ്റ്റന്റുമാരും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിലവിൽ 111 അസിസ്റ്റന്റുമാരും കുസാറ്റിൽ 181 അസിസ്റ്റന്റുമാരും ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിൽ 63 പേരും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, അസിസ്റ്റന്റ് എന്നീ തസ്തികകളിലായി 594 പേരും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 719 അസിസ്റ്റന്റുമാരും നിലവിൽ ജോലി ചെയ്തുവരുന്നു. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(സി & ഡി) കേരള യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ 592 ഒഴിവുകളും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ 75 അസിസ്റ്റന്റിന്റെ ഒഴിവുകളും കുസാറ്റിൽ 30 ഒഴിവുകളും മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ 118 അസിസ്റ്റന്റുമാരുടെ ഒഴിവുകളും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 20 ഒഴിവുകളും ഇപ്പോൾ നിലവിലുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റുമാരുടെ ഒഴിവ് നിലവിലില്ല. മറ്റ് യൂണിവേഴ്സിറ്റികളിൽനിന്നും പി.എസ്.സി.-യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(ഇ) പി.എസ്.സി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നിലവിൽ തടസ്സമില്ല.

## പ്രവാസികളുടെ ഉപരിപഠന സാധ്യതകൾ

151 (2185) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ഉപരിപഠനത്തിന് എന്തെങ്കിലും സഹായങ്ങൾ സർക്കാർ നൽകുന്നുണ്ടോ;

(ബി) പ്രവാസി മലയാളികൾ ധാരാളമുള്ള ഗൾഫ് രാജ്യങ്ങളിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ വിദൂര പഠന കേന്ദ്രങ്ങളോ മറ്റേതെങ്കിലും സംവിധാനങ്ങളോ നിലവിലുണ്ടോ;

(സി) പ്രവാസികളായി തീരുന്നതു കാരണം പഠനം തുടരാൻ നിർവ്വാഹമില്ലാത്ത മലയാളികളെ സഹായിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മലയാള സാഹിത്യവും സംസ്കാരവും പ്രവാസി മലയാളികളെ പരിചയപ്പെടുത്തുന്നതിനായി തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ കീഴിൽ ഒരു ഓൺലൈൻ കോഴ്സ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗൾഫ് രാജ്യങ്ങളിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അംഗീകാരത്തോടെ പ്രവർത്തിച്ചു വന്നിരുന്ന വിദൂരവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ 2013-14 വർഷം വരെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സും പരീക്ഷകളും പൂർത്തീകരിക്കുവാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്കായി കുസാറ്റിന്റെ കീഴിൽ വിവിധ കോഴ്സുകളിലേയ്ക്ക് സീറ്റുകൾ നീക്കിവയ്ക്കുകയും കുസാറ്റ് എൻട്രൻസ് പരീക്ഷയ്ക്ക് ഒരു സെന്റർ ദുബായിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രവാസി മലയാളികളുടെ മക്കൾക്കായി നുവാൽസിൽ 12 സീറ്റുകൾ എല്ലാ വർഷവും നീക്കിവയ്ക്കാറുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**കമ്മ്യൂണിറ്റി കോളേജുകൾ**

152 (2186) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകളുടെ പ്രവർത്തനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചിരുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകളുടെ പ്രവർത്തനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് വേണ്ടി തൊഴിൽ അധിഷ്ഠിത കോഴ്സുകൾ നടത്തി സ്വയം പര്യാപ്തമാക്കുകയാണ് കമ്മ്യൂണിറ്റി കോളേജ് പദ്ധതി നടപ്പിലാക്കുന്നത് വഴി ലക്ഷ്യമിടുന്നത്. പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നടത്തിവരുന്നു.

(സി) യു.ജി.സി.-യുടെയും എ.ഐ.സി.റ്റി.എ.-യുടെയും ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആറ്റിങ്ങൽ, പെരിന്തൽമണ്ണ, കോട്ടയം, തൃശ്ശൂർ ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജ് പട്ടാമ്പി എന്നീ ഗവൺമെന്റ് കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ആറ്റിങ്ങൽ, കോട്ടയം, തൃശ്ശൂർ, പെരിന്തൽമണ്ണ, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ പോളിടെക്നിക് കോളേജുകളിലും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ പോളിടെക്നിക്കുകളിലെ ഉപയോഗിക്കാത്ത അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സമീപ പ്രദേശത്തെ വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് പാഠ്യക്രമവും പാഠ്യ പദ്ധതിയും രൂപീകരിച്ച് തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭിച്ചു. പദ്ധതിക്ക് കേന്ദ്ര സർക്കാർ നേരിട്ട് ഫണ്ട് അതത് കോളേജ് പ്രിൻസിപ്പാൾമാർക്ക് നൽകിവരുന്നു. ആയതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതത്തിൽനിന്നും തുകയൊന്നും ചെലവായിട്ടില്ല. സംസ്ഥാനത്തെ 5 സർക്കാർ പോളിടെക്നിക്കുകളിൽ കമ്മ്യൂണിറ്റി കോളേജ് പദ്ധതിയുമായി ബന്ധപ്പെട്ട് വൊക്കേഷണൽ ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കുകയും ടി കോഴ്സുകളുടെ രണ്ടാംഘട്ടം പുരോഗമിക്കുകയുമാണ്.

**നോൺ വൊക്കേഷണൽ ഹയർസെക്കണ്ടറി എഡ്യൂക്കേഷൻ റീജിയണൽ ഓഫീസ് ജീവനക്കാർ**

153 (2187) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളുടെ എണ്ണത്തിന് ആനുപാതികമായി വൊക്കേഷണൽ ഹയർസെക്കണ്ടറി എഡ്യൂക്കേഷൻ റീജിയണൽ ഓഫീസുകളിലെ ജീവനക്കാരുടെ എണ്ണം, ഹയർസെക്കണ്ടറി എഡ്യൂക്കേഷൻ റീജീയണൽ ഓഫീസുകളിലെ ജീവനക്കാരെക്കാൾ കുറവാണെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ജോലി ഭാരത്തിനാനുപാതികമായി ജീവനക്കാരെ വിന്യസിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

ഹയർസെക്കണ്ടറി വകുപ്പിനെ അപേക്ഷിച്ച് വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പ് ചെറുതാണ്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ വർക്ക് സ്റ്റഡി പ്രകാരം വൊക്കേഷണൽ ഹയർസെക്കണ്ടറി റീജിയണൽ ഓഫീസുകളിലെ ജീവനക്കാരുടെ പുനർ വിന്യാസം നടപ്പിലാക്കിയിട്ടുണ്ട്.

**സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടി**

154 (2188) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) 2013-14 വിദ്യാഭ്യാസ വർഷം മുതൽ നാളിതുവരെ ഓരോ വർഷവും പ്രസ്തുത കോളേജുകളിലെ കുട്ടികളുടെ വിജയ ശതമാനം വിശദമാക്കുമോ;

(സി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ വിജയ ശതമാനം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ 2015-16 അദ്ധ്യയന വർഷം മുതലാണ് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത സർവ്വകലാശാല ഇതുവരെ ഒന്നും രണ്ടും സെമസ്റ്ററുകളുടെ പരീക്ഷ മാത്രമാണ് നടത്തിയത്. ആയതിന്റെ വിജയ ശതമാനം അനുബന്ധം 2* ആയി ചേർക്കുന്നു. 2013-14, 2014-15 അദ്ധ്യയന വർഷങ്ങളിലെ വിജയ ശതമാനം ബന്ധപ്പെട്ട സർവ്വകലാശാലകളിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

(സി) എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി 11-1-2013-ലെ സ.ഉ.(സാധാ) നമ്പർ 44/13/ഉ.വി.വ, 31-1-2012-ലെ സ.ഉ.(സാധാ) നമ്പർ 217/12/ഉ.വി.വ, 19-12-2012-ലെ സ.ഉ.(സാധാ) നമ്പർ 2702/ഉ.വി.വ എന്നിവ പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല 2015-16 അദ്ധ്യയനവർഷം പ്രവർത്തനം ആരംഭിച്ചതുമുതൽ അഫിലിയേറ്റഡ് കോളേജുകളുടെ നിലവാരത്തെക്കുറിച്ച് വിലയിരുത്തുന്നതിനായി അക്കാഡമിക് ഓഡിറ്റിംഗ് നടപ്പിൽ വരുത്തിയിട്ടുണ്ട്.

**മുക്കത്ത് ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കുവാൻ നടപടി**

155 (2189) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച തിരുവമ്പാടി മണ്ഡലത്തിലെ മുക്കം ഗവൺമെന്റ് പോളിടെക്നിക്ക് ഇതുവരെയും പ്രവർത്തനം ആരംഭിക്കാത്തത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം കോഴ്സുകളാണ് നിർദ്ദിഷ്ട മുക്കം ഗവൺമെന്റ് പോളിടെക്നി ക്കിൽ ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മുക്കം മുനിസിപ്പാലിറ്റി താത്കാലികമായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുകയാണെങ്കിൽ ഈ വർഷം തന്നെ പോളിടെക്നിക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുക്കത്ത് സർക്കാർ പോളിടെക്നിക്ക് ആരംഭിക്കുന്നതിനായുള്ള എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കാത്തതിനാലും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകാത്തതിനാലുമാണ് പ്രവർത്തനം ആരംഭിക്കാത്തത്.

(ബി) 1. സിവിൽ എഞ്ചിനീയറിംഗ്

2. ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ്

3. ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്

(സി) എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കുകയും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാവുകയും ചെയ്തശേഷം മാത്രമേ മുക്കം പോളിടെക്നിക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.

**വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് വകുപ്പുതലസംവരണം ഏർപ്പെടുത്തൽ**

156 (2190) <u>ശ്രീ. വി. റ്റി. ബൽറാം</u> :

<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ നോൺ വോക്കേഷണൽ ടീച്ചർമാരുടെ നിയമനത്തിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് നിശ്ചിതശതമാനം വകുപ്പ്തല സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നിശ്ചിത യോഗ്യതയുള്ള വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെ നോൺ വൊക്കേഷണൽ ടീച്ചർമാരായി നിയമിക്കുന്നതിന് നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകൾ പ്രകാരം നോൺ വൊക്കേഷണൽ ടീച്ചർമാരുടെ നിയമനത്തിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് വകുപ്പുതല സംവരണം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ ഒഴിവുകൾ**

157 (T2191) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഒഴിവുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനു നടപടി സ്വീകരിക്കുമോ ;

<u>ഉത്തരം</u>

(എ) വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ 47 ഒഴിവുകൾ നിലവിലുണ്ട്.

(ബി)

| | | |
|---|---|---|
| തിരുവനന്തപുരം | - | 3 |
| കൊല്ലം | - | 2 |
| ആലപ്പുഴ | - | 1 |
| കോട്ടയം | - | 2 |
| ഇടുക്കി | - | 7 |
| എറണാകുളം | - | 4 |
| തൃശ്ശൂർ | - | 2 |
| പാലക്കാട് | - | 6 |
| മലപ്പുറം | - | 5 |
| കോഴിക്കോട് | - | 3 |
| വയനാട് | - | 4 |
| കണ്ണൂർ | - | 4 |
| കാസർഗോഡ് | - | 4 |

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ടൂറിസം കോഴ്സുകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

158 (2192) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം കോഴ്സുകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും എന്തെല്ലാം കോഴ്സുകളാണ് അവിടെയുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ആയതിൽ സർവ്വകലാശാലകളുടെ അംഗീകാരമുള്ള എത്ര സ്ഥാപനങ്ങളും, കോഴ്സുകളുമുണ്ടെന്ന് വിശദമാക്കാമോ;

(സി) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നതിന് നിലവിൽ ഏതെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മേഖലയിൽ കേരളത്തിലെ ഏതു സ്ഥാപനമാണ് മൂന്നുവർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗ്രാം നടത്തുന്നതെന്നും ആയതിന് എന്ത് അംഗീകാരമാണുള്ളതെന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ & ബി) മഹാത്മാഗാന്ധി സർവ്വകലാശാല, കേരള സർവ്വകലാശാല എന്നിവയുമായി അഫിലിയേറ്റ് ചെയ്ത സ്ഥാപനങ്ങളും കോഴ്സുകളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*. സർവ്വകലാശാല ഡിപ്പാർട്ടുമെന്റിലും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിലും നടത്തുന്ന കോഴ്സുകൾക്ക് സർവ്വകലാശാലയുടെ അംഗീകാരമുണ്ട്. മറ്റ് സർവ്വകലാശാലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(സി) അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ടി സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ അനുശാസിക്കുന്ന നടപടിക്രമം പാലിച്ചുകൊണ്ടാണ് കോഴ്സുകൾ അനുവദിക്കുന്നത്.

(ഡി) മഹാത്മാഗാന്ധി, കേരള സർവ്വകലാശാലകളിൽ ടൂറിസം മേഖലയിൽ മൂന്ന് വർഷത്തെ ഇന്റർഗ്രേറ്റഡ് പ്രോഗ്രാം നടത്തുന്നില്ല. മറ്റ് സർവ്വകലാശാലകളിലെ വിവരം ശേഖരിച്ചുവരുന്നു.

## തുടർ സാക്ഷരതാ കേന്ദ്രങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

159 (2194) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര തുടർ സാക്ഷരതാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയില്ലാത്ത പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) ഈ പ്രോജക്ടിന്റെ ഭാഗമായി പ്രവർത്തിക്കുന്ന സാക്ഷരതാ പ്രവർത്തകരുടേയും ഓഫീസ് ജീവനക്കാരുടേയും എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് നൽകാമോ?

ഉത്തരം

(എ) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെ 2017 വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 2150 പ്രേരക്മാരും ഡെപ്യൂട്ടേഷൻ, റീ-എംപ്ലോയ്മെന്റ്, കരാർ എന്നീ വ്യവസ്ഥകളിലായി ആകെ 123 ഓഫീസ് ജീവനക്കാരുമാണ് ഉള്ളത്.

(ഡി) പ്രേരക്മാർക്ക് നൽകിവരുന്ന (30-6-2016 അനുസരിച്ച്) പ്രതിമാസ സാമ്പത്തിക ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| വികസനവിദ്യാകേന്ദ്രം പ്രേരക് | -3800 |
| വികസനവിദ്യാകേന്ദ്രം അസി. പ്രേരക് | -2900 |
| തുടർ വിദ്യാകേന്ദ്രം പ്രേരക് | -2900 |
| തുടർ വിദ്യാകേന്ദ്രം അസി. പ്രേരക് | -2500 |

റീ-എംപ്ലോയ്മെന്റ്/ഡെപ്യൂട്ടേഷൻ/കരാർ വ്യവസ്ഥകളിൽ ജോലി ചെയ്തുവരുന്ന ഓഫീസ് ജീവനക്കാർക്ക് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**സാക്ഷരതാ തുടർവിദ്യാഭ്യാസകേന്ദ്രങ്ങൾ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

160 (2195) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാക്ഷരതാ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളെ മികച്ച തൊഴിൽ പരിശീലനകേന്ദ്രങ്ങളാക്കി മാറ്റുവാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദീകരിക്കാമോ;

(സി) പദ്ധതിനിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- സാക്ഷരതാ തുടർവിദ്യാകേന്ദ്രങ്ങളെ മികച്ച തൊഴിൽ പരിശീലന കേന്ദ്രങ്ങളാക്കി തീർക്കുക.
- സാക്ഷരതാ/തുല്യത പഠിതാക്കളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക.
- പഠിതാക്കളുടെയും ഗുണഭോക്താക്കളുടെയും സ്ഥിര വരുമാനം ഉറപ്പുവരുത്തുക.
- തൊഴിൽ നൈപുണ്യ യൂണിറ്റുകൾ ആരംഭിക്കുക.
- തൊഴിൽ സംസ്കാരം വളർത്തിയെടുക്കുക.
- സാക്ഷരതാ തുടർവിദ്യാകേന്ദ്രങ്ങളെ സ്ഥിരം തൊഴിൽ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുക.

(സി) കേരള സംസ്ഥാന സാക്ഷരതാമിഷൻ തുടർവിദ്യാകേന്ദ്രങ്ങളെ മികച്ച തൊഴിൽ പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുക, സാക്ഷരതാമിഷന്റെ ഗുണഭോക്താക്കൾക്ക് മികച്ച തൊഴിൽ പരിശീലനം നൽകി അവർക്ക് സ്ഥിരവരുമാനം ലഭ്യമാക്കി ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് 14 ജില്ലകളിലായി 69 സ്ഥിരം തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് തുടക്കം കുറിച്ചത്. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ഈ പദ്ധതിക്കായി 1 കോടി 25 ലക്ഷം രൂപ വകയിരുത്തി. 5-12-2015-ലെ സ.ഉ.(സാധാ)നമ്പർ 5866/2015/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തുക ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലാ സാക്ഷരതാമിഷനുകളുടെ സഹകരണത്തോടെ ഭൗതിക സൗകര്യമുള്ള മെച്ചപ്പെട്ട വിദ്യാകേന്ദ്രങ്ങൾ സംസ്ഥാന സാക്ഷരതാ മിഷൻ ഉദ്യോഗസ്ഥർ പരിശോധിച്ച് ഈ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 69 സ്ഥിരം തൊഴിൽ പരിശീലനകേന്ദ്രങ്ങൾ കണ്ടെത്തി അവയെ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി വികസിപ്പിച്ചെടുക്കുവാൻ തീരുമാനിച്ചു. പ്രസ്തുത കേന്ദ്രങ്ങളിലെ പ്രേരക്മാർ തയ്യാറാക്കിയ റിപ്പോർട്ട് ജില്ലാ കോ-ഓർഡിനേറ്റർ മുഖാന്തരം ലഭിക്കുകയും ആയത് പരിശോധിച്ച് ആവശ്യമായ ഭേദഗതികളോടെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നടത്തേണ്ട പരിശീലനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി. തുടർന്ന് പരിശീലനം നടക്കുന്ന 69 കേന്ദ്രങ്ങൾക്കുമായി പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ചെലവിലേക്ക് 25,000 രൂപയും പദ്ധതി പ്രവർത്തന ചെലവുകൾക്ക് 7,000 രൂപയും ചേർത്ത് 32,000 രൂപ ജില്ലാ കോ-ഓർഡിനേറ്റർ (എഫ് &എ) വഴി ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് സംസ്ഥാന തലത്തിൽ മികച്ച റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ഏകദിന പരിശീലനം നൽകി. സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടർ, ഉദ്യോഗസ്ഥർ, ജില്ലാ കോ-ഓർഡിനേറ്റർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ എന്നിവരാണ് ഈ പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തിവരുന്നത്.

**ഹയർ സെക്കണ്ടറി തലത്തിൽ എൻ.സി.സി. ആരംഭിക്കുന്നതിനുള്ള നടപടി**

161 (2196) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ എൻ.സി.സി യൂണിറ്റില്ലാത്ത കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(സി) എൻ.സി. സി. എയർ വിങ്ങിന്റെ റീജിയണൽ ഓഫീസ് കോഴിക്കോട് ആസ്ഥാനമായി ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ വിഷയം സർക്കാർ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ എൻ.സി.സി. യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) സംസ്ഥാന സർക്കാരിന് മാത്രമായി ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ കഴിയില്ല.

**എം.എൻ. ലക്ഷം വീട് പദ്ധതി**

162 (2197) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം എൻ ലക്ഷം വീട് പദ്ധതി പ്രകാരം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നിലവിലുള്ള ലക്ഷം വീടുകൾ ഏതൊക്കെയാണെന്നും പ്രസ്തുത കോളനികൾ ഓരോന്നിലും എത്ര വീടുകൾ വീതം ഉണ്ടെന്നും അറിയിക്കാമോ ;

(ബി) കാലപഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലായ പ്രസ്തുത കോളനികളുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടി**

163 (2198) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) വർഷങ്ങളായി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അധീനതയിൽ ഉള്ളതും എന്നാൽ പട്ടയം നൽകാത്തതുമായ എത്ര ഭൂമി കാസർഗോഡ് ജില്ലയിൽ ഉണ്ട്; വില്ലേജുകൾ തിരിച്ചുള്ള കണക്ക് നൽകാമോ; വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളും അവരുടെ കൈവശമുള്ള ഭൂമിയുടെ കണക്കും വ്യക്തമാക്കാമോ;

(ബി) തങ്ങളുടെ അധീനതയിലുള്ള ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് എത്ര വ്യക്തികളും സ്ഥാപനങ്ങളും അപേക്ഷകൾ നൽകിയിട്ടുണ്ട്; ഏതെങ്കിലും അപേക്ഷ പരിഗണിച്ചിട്ടുണ്ടോ; പരിഗണിക്കപ്പെട്ട അപേക്ഷകളിന്മേൽ എടുത്ത തീരുമാനം എന്തായിരുന്നു. തീർപ്പു കൽപ്പിക്കാൻ ഇനി എത്ര അപേക്ഷകൾ ബാക്കിയുണ്ട്. ഈ അപേക്ഷകളിന്മേൽ എന്ത് തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിൽ വിവിധ വില്ലേജുകളിലായി വർഷങ്ങളായി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അധീനതയിൽ ഉള്ളതും പട്ടയം നൽകാത്തതുമായ 333.8 ഏക്കർ ഭൂമിയുണ്ട്. കാസർഗോഡ് ജില്ലയിൽ വിവിധ വില്ലേജുകളിലായി തങ്ങളുടെ അധീനതയിൽ ഉള്ള ഭൂമി പതിച്ചുനൽകണമെന്നാവശ്യപ്പെട്ട് 2032 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ തീർപ്പുകൽപ്പിക്കാൻ 1575 അപേക്ഷകൾ ബാക്കിയുണ്ട്. നിലവിൽ സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ച് നൽകേണ്ടതില്ലെന്ന തീരുമാനമുള്ളതിനാൽ സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള അപേക്ഷ നിലവിൽ പരിഗണിക്കുവാൻ കഴിയില്ല. വ്യക്തികളുടെ അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ കേരള ഭൂമി പതിവ് നിയമപ്രകാരം പരിഗണിച്ചുവരുന്നു. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങളും അവരുടെ കൈവശമുള്ള ഭൂമിയുടെ കണക്കും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**മണൽ വാരൽ**

164 (T*2199) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിരവധി കുടുംബങ്ങളുടെ ജീവിതമാർഗ്ഗമായ മണൽ വാരൽ മേഖലയിൽ, പാസ്സോടുകൂടി നിയന്ത്രണ വിധേയമായി മണൽ വാരുന്നതിനും അതുവഴി മണൽ കള്ളക്കടത്ത് തടയുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഫ്ലഡ് ഫണ്ടിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ

165 (2200) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലഡ് ഫണ്ടിൽ നിന്ന് 2011-2016 കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകൾ ഏതെല്ലാം; പഞ്ചായത്ത്, നഗരസഭ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ ഇതുവരെയും ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്യാത്ത റോഡുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെങ്കിലും റോഡുകളുടെ ഭരണാനുമതി, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ അനുസരിച്ച് റദ്ദായി പോയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി നൽകാറില്ല.

## പട്ടയം പോക്കുവരവ് ചെയ്ത് നൽകാൻ നടപടി

166 (2201) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ ഇരുമ്പിൽ ദേശത്ത് ചിത്രവിള പുത്തൻവീട്ടിൽ ഗോപാലൻ നാടാർ, മക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയ പുരയിടം നെയ്യാറ്റിൻകര വില്ലേജ് ഓഫീസിൽ പട്ടയം പിടിച്ച് പോക്ക് വരവ് ചെയ്ത് നൽകാത്തതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് ടിയാൻ നെയ്യാറ്റിൻകര താലൂക്ക് ഓഫീസിൽ G2/9759/16-ാം നമ്പർ ആയി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. ഗോപാലൻ നാടാരുടെ മക്കളായ പ്രസാദ് ഷിബു, പ്രദീപ് എന്നിവർക്ക് റീസർവ്വേ 69/15-ൽ ഉൾപ്പെട്ട വസ്തു 448/2014, 447/2014, 446/2014 എന്നീ ധനനിശ്ചയാധാരങ്ങൾ പ്രകാരം സിദ്ധിച്ചത് പോക്കുവരവ് ചെയ്തു ലഭിക്കുന്നതിലേക്കായി നെയ്യാറ്റിൻകര വില്ലേജാഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പോക്കുവരവ് നടപടികൾക്കെതിരെ തർക്കം ഉന്നയിച്ചുകൊണ്ട് ശ്രീ. യോഹന്നാൻ നാടാർ എന്ന കക്ഷി വില്ലേജാഫീസർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ അവകാശത്തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ പോക്കുവരവ് അപേക്ഷയിന്മേൽ തുടർ നടപടികൾ നെയ്യാറ്റിൻകര വില്ലേജാഫീസിൽ സ്വീകരിച്ചുവരുന്നു.

(ബി) നെയ്യാറ്റിൻകര താലൂക്ക് ഓഫീസിൽ ജി2/9759/16-ാം നമ്പർ ആയി ശ്രീ. ഗോപാലൻ നാടാർ സമർപ്പിച്ച അപേക്ഷയിൽ കേരള ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി)4936/2013 നമ്പർ കേസ്സിന്മേലുള്ള 25-2-2016-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനും ടി നടപടികൾക്കുശേഷം ടി കക്ഷി മക്കൾക്ക് ആധാരം ചെയ്തുനൽകിയ വസ്തു പോക്കുവരവ് ചെയ്തുനൽകുവാനുമാണ് അപേക്ഷിച്ചിരിക്കുന്നത്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സർവേയർ 11-7-2016-ന് അതിർത്തി പോയിന്റുകൾ നിർണ്ണയിച്ചിട്ടുണ്ട്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് ചെയ്യുന്നതിന് നിയമോപദേശം ലഭ്യമാക്കി ടിയാന്റെ അപേക്ഷയിൽ അഡീഷണൽ തഹസീൽദാർ നടപടി സ്വീകരിക്കുന്നതാണ്.

**റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം**

167 (2202) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗരേഖകൾ നിലവിലുള്ളതായി വ്യക്തമാക്കാമോ;

(ബി) ഈയിനത്തിൽ ജില്ല തിരിച്ച് ഓരോ വർഷവും ശേഖരിച്ച ഫണ്ടിന്റെയും വിനിയോഗത്തിന്റെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും ചാലിയാർ പുഴയിൽ ഇതുവരെ എത്ര രൂപ ചെലവാക്കിയെന്നും എന്തൊക്കെ പ്രവൃത്തി നടത്തിയിട്ടുണ്ട് എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം

168 (2203) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം രൂപീകരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതിക്കുണ്ടായിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കുമോ?

ഉത്തരം

(എ) നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സംസ്ഥാനത്ത് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിവരുന്നുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ്‌രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റെലിസ് Ver.1 ഉപയോഗിച്ചുകൊണ്ട് 15-9-2011 മുതൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിരുന്നു. റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളെ ഇന്റർനെറ്റ് മുഖേന പരസ്പരം ബന്ധിപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. ഇത്തരത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയതിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ റെലിസ് Ver.1 ആവശ്യമായ ഭേദഗതികൾ വരുത്തി റെലിസ് Ver.2 ആയി പരിഷ്കരിക്കുകയും ആയതുപയോഗിച്ച് റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് സംയോജിത ഓൺലൈൻ പോക്കുവരവ് (Integrated Online Pokkuvaravu) 17-8-2015 മുതൽ തെരഞ്ഞെടുക്കപ്പെട്ട വില്ലേജുകളിൽ നടപ്പിലാക്കിവരുന്നു. രജിസ്ട്രേഷൻ വകുപ്പിൽ

ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഓപ്പൺ പേൾ (Open PEARL- Open Package for Effective Administration of Registration Laws) എന്ന സോഫ്റ്റ്‌വെയറും റെലിസ് Ver.2 -ഉം തമ്മിൽ വെബ്സർവ്വീസ് മുഖേന ബന്ധപ്പെടുത്തിയാണ് ഓൺലൈൻ പോക്കുവരവ് സാദ്ധ്യമാക്കുന്നത്. ആയത് പ്രകാരം ഓപ്പൺ പേൾ വഴി രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങൾ ഉടൻതന്നെ ആവശ്യമായ വിശദാംശങ്ങൾ സഹിതം പോക്കുവരവിനായി ബന്ധപ്പെട്ട വില്ലേജാഫീസർക്ക് ഓൺലൈനായി ലഭ്യമാകുകയും ചെയ്യും. വില്ലേജ് ഓഫീസർ ആവശ്യമായ രേഖകൾ/പ്രമാണങ്ങൾ പരിശോധിച്ച് പോക്കുവരവ് അനുവദിക്കുകയോ സബ്ഡിവിഷനു വേണ്ടി ബന്ധപ്പെട്ട തഹസിൽദാർക്ക് ഓൺലൈനായിത്തന്നെ അയച്ചുകൊടുക്കുകയോ ചെയ്യും. പോക്കുവരവ് അനുവദിച്ച വിവരവും അധികമായ പ്രമാണങ്ങൾ ആവശ്യമുണ്ടെങ്കിൽ അക്കാര്യവും അപേക്ഷകനെ എസ്.എം.എസ്. വഴി അറിയിക്കുന്നതിനുള്ള സംവിധാനവും സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ ജമമാറ്റം നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. നിലവിലെ സംവിധാനമനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് ഓൺലൈൻ പോക്കുവരവ് മുഖേന പരിഹരിച്ചു കിട്ടുകയും വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകളുണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിനും പോക്കുവരവുകളും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകാതിരിക്കുന്നതിനും ഈ സംവിധാനം ഉതകുന്നതാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു പ്രധാന ലക്ഷ്യം. കൂടാതെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള ഓൺലൈൻ പേമന്റ് സൗകര്യവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് (കൈ)

നമ്പർ 575/2015/റവന്യൂ തീയതി 17-10-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ 21-1-2015-ലെ സ.ഉ. (സാധാ) നമ്പർ 550/2015/പൊ.ഭ.വ. പ്രകാരം റവന്യൂ വകുപ്പിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനോടനുബന്ധിച്ചുള്ള വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. G.O. (Ms) No. 117/2016/RD തീയതി 16-2-2016 പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പേമന്റ് സിസ്റ്റം മുഖേന ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**റവന്യൂ വകുപ്പിലെ പുരാതന രേഖകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

169 (2204) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിലെ പുരാതന രേഖകൾ കേടുകൂടാതെ സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തതെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ കൈക്കൊണ്ട നടപടികളെന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) റവന്യൂ വകുപ്പിലെ സുപ്രധാന രേഖകൾ ദീർഘകാലം സൂക്ഷിക്കാൻ കഴിയുന്ന വിധത്തിൽ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി ഡിജിറ്റൽ ആർക്കൈവ്സ് എന്ന പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. ചരിത്രമൂല്യവും പ്രാധാന്യമുള്ളവയുമായ റവന്യൂ രേഖകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുക, ആയത് വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതിലേക്കായി സ്കാനർ, ഡിജിറ്റൽ ക്യാമറ, കമ്പ്യൂട്ടറുകൾ എന്നിവ സ്ഥാപിക്കുകയുണ്ടായി.

## റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

170 (2205) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണ സംവിധാനം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് എത്ര വില്ലേജോഫീസുകൾ ഡിജിറ്റലൈസ് ചെയ്തുവെന്നും ഇനി എത്ര വില്ലേജോഫീസുകൾ ഡിജിറ്റലൈസ് ചെയ്യുവാനുണ്ടെന്നും ഇവ എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

(ബി) വസ്തു കരം ഒടുക്കുന്നതിന് കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുമോ; ഇതു സംബന്ധിച്ചുണ്ടായിട്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ വിശദമാക്കാമോ?

ഉത്തരം

(എ) നാഷണൽ ഇ-ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി റവന്യൂ വകുപ്പിൽനിന്നും അനുവദിക്കുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറുടെ/ തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകി വരുന്നു. സംസ്ഥാനത്തെ എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇലക്ട്രോണിക് ഫയൽ പ്രോസസ്സിംഗ്&മാനേജ്മെന്റ് സിസ്റ്റമായ 'ഇ-ഓഫീസ് ' നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) സഹായത്തോടെ വികസിപ്പിച്ചെടുത്തിട്ടുള്ള റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വില്ലേജ് റെക്കോർഡുകളുടെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിവരുന്നു. പ്രസ്തുത സോഫ്റ്റ്‌വെയർ ഉപയോഗിച്ച് സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 724 എണ്ണത്തിൽ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR) ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇവയിൽ 531 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കികഴിഞ്ഞിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ബാക്കിയുള്ള 940 വില്ലേജുകളിലേയും ഭൂരേഖകൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യാൻ സാധിക്കുന്നതാണ്.

(ബി) ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം കൂടി

ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽനിന്നും സർക്കാരിലേക്ക് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാൻ കഴിയും. വില്ലേജിലെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്തതിനുശേഷമേ ഈ സംവിധാനം നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നത് മാത്രമാണ് ഇക്കാര്യത്തിൽ പ്രായോഗികതലത്തിലുണ്ടാകുന്ന തടസ്സം.

**റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്**

171 (2206) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ആധുനികവത്ക്കരിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്; വിശദമാക്കാമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആധുനികവത്കരിക്കുന്നതിനുംവേണ്ടി നവീന വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ ഇ-ഗവേണൻസ് പദ്ധതികളായ ഇ-ഡിസ്ട്രിക്ട് പദ്ധതി, ഓൺലൈൻ പോക്കുവരവ് (ReLIS) സംവിധാനം, ഇ-പേമന്റ് സിസ്റ്റം, ഇ-ഓഫീസ്, ആർ.ആർ. ഓൺലൈൻ, വെർച്വൽ ഐ.ടി. കേഡർ, ഓൺലൈൻ ലാന്റ് ടാക്സ് സംവിധാനം, നാഷണൽ ലാന്റ് റിക്കോർഡ് മോഡണൈസേഷൻ പദ്ധതി, വില്ലേജ് ഓഫീസുകളുടെ പരിഷ്കരണം (SMART വില്ലേജ് പദ്ധതി), വില്ലേജ് ഓഫീസ്-താലൂക്ക്-രൂപീകരണം, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, പുഴ മുതൽ പുഴ വരെ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) (1) ഇ-ഡിസ്ട്രിക്ട് പദ്ധതി:- പൊതുജനങ്ങൾക്ക് വിരൽതുമ്പിൽ സേവനം എത്തിക്കുകയെന്ന ആശയം ലക്ഷ്യമാക്കി റവന്യൂ വകുപ്പ് നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ 24-ഓളം ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്.

(2) ഓൺലൈൻ പോക്ക് വരവ് സംവിധാനം:- കേരളത്തിലെ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളിലെ സംവിധാനങ്ങളെ സംയോജിപ്പിച്ചു കൊണ്ട് പോക്കുവരവ് നടപടികൾ സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ട് സർക്കാർ തുടങ്ങിയ ഓൺലൈൻ പോക്കുവരവ് പദ്ധതി തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിലും പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിലും നടപ്പിൽ വന്നുകഴിഞ്ഞു. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(3) ഇ-പേയ്മെന്റ് സിസ്റ്റം:- ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂ നികുതി ഓൺ ലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽ നിന്നും സർക്കാരിലേക്ക് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാൻ കഴിയുന്നതാണ്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുക എങ്കിലും സമീപഭാവിയിൽ തന്നെ വില്ലേജ് ഓഫീസിലേയ്ക്ക് പിരിഞ്ഞുകിട്ടേണ്ട മറ്റ് നികുതികളും ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുന്നതാണ്.

(4) ഇ-ഓഫീസ്:- റവന്യൂ വകുപ്പിന് കീഴിലുള്ള പ്രധാന ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾ പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറ്റിയെടുക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായ ഇ-ഓഫീസ് സംവിധാനം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതോടുകൂടി

ടി ഓഫീസുകളിലെ ഫയൽ പ്രോസസിംഗ് പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറുന്നതാണ്. ഇത് കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തും.

(5) ആർ. ആർ. ഓൺലൈൻ:- റവന്യൂ റിക്കവറി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലംവരെ ബന്ധിപ്പിക്കുന്ന പുതിയ ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. പദ്ധതി നടപ്പിലാക്കുന്നതോടുകൂടി അർത്ഥനാധികാരികൾക്ക് റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ നേരിട്ട് രേഖപ്പെടുത്തുവാനും ജില്ലാ-താലൂക്ക് അധികാരികൾക്ക് ഓൺലൈനായി റവന്യൂ റിക്കവറി സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാനും കഴിയും. അതോടൊപ്പം വില്ലേജ് ഓഫീസർക്ക് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ നേരിട്ട് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും കഴിയുന്നതാണ്.

(6) വെർച്വൽ ഐ.ടി. കേഡർ:- റവന്യൂ വകുപ്പിൽ ആസൂത്രണം ചെയ്യുന്ന ഇ-ഗവേണൻസ് പദ്ധതികൾ ജില്ലാതലത്തിൽ വിജയകരമായി നടപ്പിലാക്കുന്നതിനായി ജീവനക്കാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയോഗിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും രണ്ട് ഉദ്യോഗസ്ഥരെ വീതം വെർച്വൽ ഐ.ടി. കേഡറിൽ ഉൾപ്പെടുത്തി ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

(7) നാഷണൽ ലാന്റ് റിക്കോർഡ് മോഡണൈസേഷൻ പദ്ധതി:- ഭൂമി സംബന്ധമായ രേഖകളുടെ ആധുനികവൽക്കരണം ലക്ഷ്യമിട്ട് ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ NLRMP (DILRMP) സംസ്ഥാനത്ത് സ്റ്റേറ്റ് ലാന്റ് ബോർഡ് മുഖേന ഫണ്ട് വിതരണം ചെയ്ത് നടപ്പിലാക്കിവരുന്നു. റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിച്ച പ്രവർത്തനത്തിലൂടെ ഭൂരേഖകളുടെ സമഗ്രവും സുതാര്യവുമായ സംവിധാനം വികസിപ്പിക്കുക എന്നതാണ് നാഷണൽ ലാന്റ് റിക്കാർഡ്സ് മോഡണൈസേഷൻ എന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(8) വില്ലേജ് ഓഫീസുകളുടെ പരിഷ്കരണം:- വില്ലേജ് ഓഫീസുകളുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കിക്കൊണ്ട് വിഭാവന ചെയ്ത SMART പദ്ധതിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട 25 വില്ലേജുകൾ നവീകരിച്ചുകഴിഞ്ഞു.

(9) വില്ലേജ് ഓഫീസ്, താലൂക്ക് രൂപീകരണം:- സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വില്ലേജ് ഓഫീസുകളില്ലാത്ത 31 പഞ്ചായത്തുകളിൽ 31 വില്ലേജുകൾ രൂപീകരിച്ചു. ആയതുപോലെ സംസ്ഥാനത്ത് ഭരണ സൗകര്യാർത്ഥം പുതുതായി 12 താലൂക്കുകളും രൂപീകരിച്ചു.

(10) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി:- ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം പതിച്ചുകൊടുക്കുന്ന പദ്ധതിയാണിത്.

(11) പുഴ മുതൽ പുഴവരെ പദ്ധതി: നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പുഴകളെയും കായലുകളെയും സംരക്ഷിച്ച് അവയുടെ പുനരുജ്ജീവനത്തിനായി ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്.

(സി) G.O. (P) No. 24/2010/ITD തീയതി 4-8-2010 പ്രകാരം ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയിട്ടുണ്ട്. 17-10-2015-ലെ G.O. (Ms) No. 575/2015/RD., പ്രകാരം സംസ്ഥാനമൊട്ടാകെ സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. G.O. (Ms) No. 117/2016/RD തീയതി 16-2-2016 പ്രകാരം ഓൺലൈൻ പോക്കുവരവ് എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പേയ്മെന്റ് സിസ്റ്റം മുഖേന ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. G.O. (Ms) No. 22/2015/ITD തീയതി 16-7-2015 പ്രകാരം 20 കോടി രൂപ ചെലവിൽ ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി 2-6-2015-ലെ G.O. (Ms) No. 220/2015/RD പ്രകാരം വെർച്വൽ ഐ.ടി. കേഡറും വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്.

ഇ-ഡിസ്ട്രിക്ട്:- പദ്ധതി പ്രകാരം നാളിതുവരെ 16959074 അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഓൺലൈൻ പോക്കുവരവ് സംവിധാനം :- പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ വിജയകരമായി ഈ പദ്ധതി നടപ്പിൽവരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകളില്ലാത്ത 31 ഗ്രാമപഞ്ചായത്തുകളിൽ 29-5-2013-ലെ സ.ഉ. (എം എസ്) നമ്പർ 230/13/റവന്യൂ, 20-10-2012-ലെ സ.ഉ. (എം.എസ്.) 392/12/റവന്യൂ എന്നീ ഉത്തരവുകൾ പ്രകാരം 31 വില്ലേജുകളുടെയും വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. ഇവയിൽ 29 വില്ലേജുകളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള രണ്ട് വില്ലേജുകൾക്ക് കെട്ടിടം കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

SMART വില്ലേജ് :- പദ്ധതിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി 25 വില്ലേജുകൾ നവീകരിച്ചുകഴിഞ്ഞു. മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 9 വില്ലേജുകളുടെ പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്.

ഭൂരഹിതരില്ലാത്ത കേരളം:- പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 243928 ഗുണഭോക്താക്കളെ കണ്ടെത്തുകയും രണ്ടാം ഘട്ടത്തിലെ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയും വരുന്നു. ഒന്നാം ഘട്ടത്തിൽ 36491 പട്ടയങ്ങളും രണ്ടാം ഘട്ടത്തിൽ 6946 പട്ടയങ്ങളും ഉൾപ്പെടെ 43437 പേർക്ക് പട്ടയം അനുവദിക്കുകയും ചെയ്തു. കണ്ണൂർ, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തുകൊണ്ട് ഈ മൂന്ന് ജില്ലകളെയും രാജ്യത്തിലെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

പുഴ മുതൽ പുഴ വരെ പദ്ധതി:- റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിൽ വരുത്തുവാനുള്ള പദ്ധതികൾ പരിശോധിക്കുന്നതിനുള്ള സംസ്ഥാന ഉന്നതതല സമിതിയുടെ 29-11-2013-ലെ യോഗം സംസ്ഥാനത്തെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി "പുഴ മുതൽ പുഴ വരെ" പദ്ധതിക്ക് രൂപം നൽകി. പ്രാഥമികമായി ഭാരതപ്പുഴ, അച്ചൻകോവിൽ എന്നീ നദികളുടെ തീരം ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിക്കുന്നതിനായി 15-11-2014-ലെ സ.ഉ. (എം.എസ്) 475/14/റവന്യൂ പ്രകാരം 10 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. സർവ്വേ വകുപ്പിലെ പുരാതന റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും അവ ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**കനാൽ പുറമ്പോക്ക് കൈവശക്കാർക്ക് പട്ടയം നൽകാൻ നടപടി**

172 (2207) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവരുടെ കൃത്യമായ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ;

(ബി) ഇവരുടെ കൈവശം എത്ര ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കൈവശക്കാർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഇതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഇ) അതത് പ്രദേശങ്ങളിലെ ഭൂരഹിതരായവർക്കുകൂടി ഭൂമി ലഭ്യമാക്കാൻ ഈ നടപടിയിലൂടെ കഴിയുമോ; കഴിയുമെങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

**റവന്യൂ വകുപ്പിൽനിന്നുള്ള ചികിത്സാ ധനസഹായ ഉത്തരവുകൾ**

173 (2208) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ചികിൽസാ ധനസഹായങ്ങൾക്ക് സർക്കാർ ഉത്തരവുകൾ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഇനി എത്ര ഉത്തരവുകളാണ് പുറപ്പെടുവിക്കാനുള്ളത്;

(ബി) റവന്യൂ വകുപ്പിൽ എത്ര അപേക്ഷകളിൻമേൽ ഉത്തരവ് പുറപ്പെടുവിക്കാതെയുണ്ട് എന്നറിയിക്കാമോ; ഈ വ്യക്തികൾക്ക് തുക കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അപേക്ഷയിൽ പോരായ്മയുള്ളവർക്ക് അവ പരിഹരിക്കുന്നതിന് അവസരം നൽകാമോ;

(സി) കുട്ടനാട് നിയോജക മണ്ഡലത്തിൽ നിന്നും ചികിൽസാ ധനസഹായത്തിന് എം.എൽ.എ. മുഖേന നൽകിയ അപേക്ഷകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച സഹായധനത്തിന് 2015 ഒക്ടോബർ മുതൽ 2016 ഏപ്രിൽ വരെ എത്ര സർക്കാർ ഉത്തരവുകൾ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചു; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്ന തീയതി വരെ ഈ വകുപ്പിൽ ലഭിച്ച ബഹു. മുൻമുഖ്യമന്ത്രി തുക അനുവദിച്ച അപേക്ഷകളിന്മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനുശേഷം ലഭിച്ച തുക അനുവദിച്ച ഏകദേശം എണ്ണായിരത്തോളം അപേക്ഷകളിന്മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച സഹായധനത്തിന്റെ കണക്ക് നിയോജക മണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

**മലബാർ മേഖലയിലെ കർഷകർക്ക് പട്ടയം**

174 (T2209) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി ഒന്നിന് മുമ്പ് വനഭൂമി കൈവശം വച്ചിട്ടുള്ള മലബാർ മേഖലയിലെ കർഷകർക്ക് പട്ടയം നൽകാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര വനസംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 25-10-1980 വരെയുള്ള കുടിയേറ്റക്കാർക്ക് കൂടി പട്ടയം നൽകുന്നതിന് എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1993-ലെ ഭൂമി പതിവ് പ്രത്യേക ചട്ടപ്രകാരം 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റം ക്രമീകരിച്ച് പട്ടയം നൽകുന്നതിന് കേന്ദ്ര വനം സംരക്ഷണ നിയമം 1980-ലെ വ്യവസ്ഥകളനുസരിച്ച് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ലഭിക്കേണ്ടതുണ്ട്. റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന കഴിഞ്ഞ് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച പ്രൊപ്പോസലിൽ നിന്നും അഞ്ച് ജില്ലകളിലായി (കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ) 28588 ഹെക്ടർ വനഭൂമി പതിവിന് വിധേയമാക്കാനുള്ള അനുമതി മാത്രമേ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ളൂ. മലബാർ മേഖലയിലെ മറ്റ് ജില്ലകളിൽ സംയുക്ത പരിശോധന കഴിഞ്ഞ ജില്ലകളിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ മാത്രമേ പതിവ് നടപടികൾ തുടരാൻ സാധിക്കുകയുള്ളൂ.

(ബി) നിലവിലെ ചട്ടം (1993-ലെ ഭൂമി പതിവ് പ്രത്യേക ചട്ടം) പ്രകാരം 1-1-1977 വരെയുള്ള വനഭൂമി കയ്യേറ്റം മാത്രമേ പതിവിന് യോഗ്യത നേടുന്നുള്ളൂ. 25-10-1980 വരെയുള്ള കുടിയേറ്റക്കാർക്ക് പട്ടയം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കായംകുളം താലൂക്ക് രൂപീകരിക്കുവാൻ നടപടി

175 (T 2210) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായകുളം താലൂക്ക് രൂപീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പുതിയ താലൂക്കുകളുടെ രൂപീകരണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ലാന്റ് ബാങ്കിൽ നിന്നുള്ള ഭൂമി വിതരണം

176 (2211) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് ബാങ്കിൽ ഇപ്പോഴുള്ള റവന്യൂ ഭൂമി സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ;

(ബി) ഇതിൽ നിന്നും എസ് സി/എസ് ടി വിഭാഗങ്ങൾക്കുള്ള ഭൂമി വിതരണം സാദ്ധ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിന്റെ പ്രായോഗികത പരിശോധിക്കുമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ലാന്റ് ബാങ്കിൽ ഇപ്പോഴുള്ള റവന്യൂ ഭൂമി സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| തിരുവനന്തപുരം | 1518.5085 |
| കൊല്ലം | 4088.382 |
| പത്തനംതിട്ട | 1687.431 |
| ആലപ്പുഴ | 1422.012 |
| കോട്ടയം | 4045.774 |
| ഇടുക്കി | 52182.26 |
| എറണാകുളം | 2528.816 |
| തൃശ്ശൂർ | 1165.368 |
| പാലക്കാട് | 823.7355 |
| മലപ്പുറം | 2478.502 |
| കോഴിക്കോട് | 471.8363 |
| വയനാട് | 367.8508 |
| കണ്ണൂർ | 298.3224 |
| കാസർഗോഡ് | 304.5047 |
| ആകെ | 73383.31 |

(ബി) എസ് സി/എസ് ടി വിഭാഗങ്ങൾക്ക് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം പതിവിന് വിധേയമായ ഭൂമി വിതരണം ചെയ്യുന്നുണ്ട്.

**മണലൂർ മണ്ഡലത്തിൽ ഫണ്ട് അനുവദിച്ച റോഡുകൾ**

177 (2212) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയുടെ ഭാഗമായി തകർന്ന പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) മണലൂർ മണ്ഡലത്തിൽ ഈ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളിൽ ഫണ്ട് അനുവദിച്ചിട്ടുള്ള റോഡുകളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കേന്ദ്ര മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 20-5-2015-ലെ സ.ഉ. (കൈ) നം. 194/2015/ഡി.എം.ഡി. നമ്പർ ഉത്തരവിന്റെയും 10-10-2012-ലെ സ.ഉ. (കൈ) നമ്പർ 384/2012/ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്നത്.

(ബി) കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കാറില്ല.

**പരവൂർ പുറ്റിങ്ങൽ ക്ഷേത്ര വെടിക്കെട്ട് അപകടം**

178 (2213) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂർ പുറ്റിങ്ങൽ ക്ഷേത്ര വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള മരണങ്ങൾ, നഷ്ടപരിഹാര സഹായ വിതരണം, കഷ്ടനഷ്ടങ്ങൾ വിലയിരുത്തൽ, പുനരധിവാസം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഏത് ഉദ്യോഗസ്ഥനെയാണ് നിയോഗിച്ചത്; ഇതിനായി കേന്ദ്രീകൃത സംവിധാനം നിലവിലുണ്ടോ;വിശദാംശം വ്യക്തമാക്കുമോ;

(ബി) വിവിധ ജില്ലകളിൽപ്പെട്ടവർക്ക് മരണം സംഭവിക്കുകയും പരിക്കേൽക്കുകയും ചെയ്ത സാഹചര്യം പരിഗണിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, പ്രാവർത്തികമാക്കുന്നതിനും കേന്ദ്രീകൃത സ്വഭാവത്തിൽ ഒരു ഓഫീസിനേയോ, ഉദ്യോഗസ്ഥനേയോ ചുമതലപ്പെടുത്തുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) പരവൂർ പുറ്റിങ്ങൽ ക്ഷേത്ര വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള മരണങ്ങൾ, നഷ്ടപരിഹാര സഹായ വിതരണം, കഷ്ടനഷ്ടങ്ങൾ വിലയിരുത്തൽ, പുനരധിവാസം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പൊതുവായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടില്ല. പ്രസ്തുത അപകടവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായ വിതരണത്തിനും പരിക്കേറ്റവർക്കുള്ള ധനസഹായത്തിനും ബന്ധപ്പെട്ട തഹസീൽദാർമാരെയും പരിക്കിന്റെ തീവ്രത, ആശുപത്രി സംബന്ധമായ കാര്യങ്ങൾ എന്നിവ ഏകോപിപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ പ്രസ്തുത അപകട സമയത്ത് അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഡെപ്യൂട്ടി കളക്ടർ (എൽ.എ. -എൻ.എച്ച്.)-നെ ചുമതലപ്പെടുത്തിയിരുന്നു. ഇടുക്കി ജില്ലയിൽ ഈ അപകടവുമായി ബന്ധപ്പെട്ട മരണങ്ങൾ, നഷ്ടപരിഹാര സഹായ വിതരണം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ജില്ലാ കളക്ടറെയാണ് നിയോഗിച്ചിട്ടുള്ളത്. പത്തനംതിട്ട, കണ്ണൂർ എന്നീ ജില്ലകളിൽ ഇതിനായി പ്രത്യേകം ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടില്ല. ഇതിനായി കേന്ദ്രീകൃത സംവിധാനം നിലവിലില്ല.

(ബി) നിലവിൽ ഇക്കാര്യം പരിഗണനയിലില്ല.

## പരവൂർ പുറ്റിങ്ങൽ ക്ഷേത്ര വെടിക്കെട്ട് അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം

179 (2214) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂർ പുറ്റിങ്ങൽ ക്ഷേത്ര വെടിക്കെട്ട് അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ആശ്വാസധനസഹായമായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച തുക പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ നൽകിയ തുകയുടെ പൂർണ്ണ വിവരം വ്യക്തമാക്കാമോ; ബാക്കി തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) പരിക്കേറ്റവർ ആകെ എത്ര പേരാണെന്നും ഇവർക്ക് ലഭിക്കുവാനുള്ള ചികിത്സാധനസഹായം പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) തുടർ ചികിത്സ ആവശ്യമുള്ളവർക്ക് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഗുരുതരമായി പരിക്കേറ്റ് സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയിരുന്നവർക്ക് തുടർന്നും പ്രസ്തുത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കാൻ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) പരവൂർ പുറ്റിങ്ങൽ അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനസഹായം പൂർണ്ണമായും ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം ജില്ലയിൽ അവകാശ തർക്കമുള്ള മൂന്നുപേരുടെയും വെടിക്കെട്ട് ലൈസൻസിയായ ഒരാളുടെയും പേരിലുള്ള തുക വിതരണം ചെയ്തിട്ടില്ലാത്തതാണ്. ആയത് തർക്കം പരിഹരിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. പ്രസ്തുത അപകടത്തിൽ മരണമടഞ്ഞ 109 പേരിൽ മേൽപ്പറഞ്ഞ നാലുപേർക്കൊഴികെ 105 പേരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം 10 കോടി 50 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ആശ്വാസ ധനസഹായം ലഭ്യമാക്കുന്നതിനായി ദുരന്ത ബാധിതരുടെ ലഭ്യമായ വിവരങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

(ബി) പ്രസ്തുത അപകടത്തിൽ 501 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ടി അപകടവുമായി ബന്ധപ്പെട്ട് 10-4-2016 മുതൽ 13-4-2016 വരെ വിവിധ സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ ചികിത്സ നേടിയ ദുരന്തബാധിതർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. 13-4-2016-നുശേഷം സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്.

(സി & ഡി) അപകടത്തിൽ പരിക്കേറ്റ് ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രിയിലും ചികിത്സയ്ക്കായോ തുടർ ചികിത്സയ്ക്കായോ പ്രവേശിക്കപ്പെട്ടവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. സൗജന്യ തുടർ ചികിത്സാ സൗകര്യം മേൽ സർക്കാർ ആശുപത്രികളിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

## കോതമംഗലം മിനി സിവിൽ സ്റ്റേഷൻ

180 (2215) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനം കഴിഞ്ഞിട്ടും നാളിതുവരെയായി ഒരൊറ്റ സർക്കാർ ഓഫീസ് പോലും സിവിൽ സ്റ്റേഷനിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര സർക്കാർ ഓഫീസുകളാണ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുവാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ഓഫീസുകൾ എന്നത്തേക്ക് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി സ്ഥാപിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി പ്രവർത്തനമാരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 19 ഓഫീസുകൾ.

(സി) നിലവിൽ ഓഫീസുകൾക്ക് അനുവദിച്ച സ്ഥലങ്ങൾ പാർട്ടീഷൻ ചെയ്ത് തിരിച്ചതിനുശേഷം മാത്രമേ ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) പൊതുമരാമത്ത് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട് അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണ്.

## കായംകുളം നിയമസഭാ മണ്ഡലത്തിലെ ഭൂരഹിതരുടെയും ഭവനരഹിതരുടെയും വിശദാംശങ്ങൾ

181 (2216) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയമസഭാ മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര കുടുംബങ്ങൾ ഉണ്ട് എന്നത് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ഇവരുടെ പുനരധിവാസത്തിനു ആവശ്യമായ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) കായംകുളം നിയമസഭാമണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായവരുടെ എണ്ണം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കണക്കാക്കിയിട്ടില്ല.

(ബി) തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും പദ്ധതിയുടെ ആനുകൂല്യം ഇതിനകം ലഭ്യമാക്കിയിട്ടുള്ള കേസ്സുകളുടെ എണ്ണവും വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വില്ലേജ് | ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം നൽകിയ കേസുകളുടെ എണ്ണം |
|---|---|---|---|
| 1 | പത്തിയൂർ | 281 | 8 |
| 2 | കൃഷ്ണപുരം | 189 | 3 |
| 3 | കായംകുളം | 373 | - |
| 4 | പുതുപ്പള്ളി | 62 | - |
| 5 | കീരിക്കാട് | 204 | - |
| 6 | കണ്ടല്ലൂർ | 87 | - |
| 7 | ഭരണിക്കാവ് | 74 | - |
| 8 | കറ്റാനം | 39 | - |
| 9 | കണ്ണമംഗലം | 117 | - |
| 10 | പെരിങ്ങാല | 21 | - |
| | ആകെ | 1447 | 11 |

ഗുണഭോക്താക്കളുടെ പുനരധിവാസം സംബന്ധിച്ച് വിശദാംശങ്ങൾ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## ഒല്ലൂർ നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

182 (2217) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും പുരോഗതി വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2015-2016 സാമ്പത്തിക വർഷത്തിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

## വില്ലേജ് ഓഫീസുകളിൽ രസീത് പുസ്തകത്തിന്റെ ക്ഷാമം

183 (2218) ശ്രീ. പാറക്കൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ രസീത് പുസ്തകത്തിന്റെ ക്ഷാമം കാരണം നികുതി സ്വീകരിക്കാനാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നികുതി രസീത് ലഭിക്കാത്തതുകാരണം സ്കൂൾ കോളേജ് പ്രവേശനത്തിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാതെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ബാങ്ക് വായ്പ എടുക്കുന്ന സാധാരണക്കാർക്ക് നികുതി രസീത് ലഭിക്കാത്തതുമൂലമുള്ള പ്രയാസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) നികുതി പിരിക്കുന്നതിൽ വരുന്ന താമസം റവന്യൂ വരുമാനത്തിൽ കുറവു വരുത്തുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നികുതി രസീത് ലഭിക്കാത്തതുകാരണം സ്കൂൾ-കോളേജ് പ്രവേശനത്തിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാതെ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാങ്ക് വായ്പയെടുക്കുന്ന സാധാരണക്കാർക്ക് നികുതി രസീത് ലഭിക്കാത്തതുമൂലം പ്രയാസമനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൽ.ആർ.-316 രസീത് ബുക്കുകളുടെ അച്ചടി സംബന്ധിച്ച് അടിയന്തരമായി തുടർനടപടി സ്വീകരിക്കാൻ അച്ചടി വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത രസീത് ബുക്കുകളുടെ ലഭ്യതക്കുറവ് റിപ്പോർട്ട് ചെയ്ത കണ്ണൂർ, മലപ്പുറം ജില്ലകളിലെ പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

(ഡി) നികുതി പിരിക്കുന്നതിൽ വരുന്ന താമസം ഒരു നിശ്ചിത കാലയളവിലെ റവന്യൂ വരുമാനത്തിൽ ഏറ്റക്കുറച്ചിലുകൾ വരുത്തിയേക്കാം. എന്നാൽ ഈ കാര്യത്തിൽ എൽ.ആർ.-316 രസീത് ബുക്കുകളുടെ ലഭ്യതക്കുറവ് യഥാസമയം പരിഹരിച്ചിട്ടുള്ളതാണ്.

**പേരാമ്പ്ര മിനി സിവിൽ സ്റ്റേഷൻ പ്രവർത്തനം**

184 (2219) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മിനി സിവിൽ സ്റ്റേഷൻ ഉദ്ഘാടനം നടന്നെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനും പേരാമ്പ്ര കേന്ദ്രീകരിച്ച സർക്കാർ ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റാനും നടപടി സ്വീകരിക്കുമോ;

(സി) ഏതെല്ലാം ഓഫീസുകളാണ് ഇവിടെ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജലം ലഭ്യമാകാത്തതു കാരണമാണ് പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വന്നത്. ആയത് ഉടൻ ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) താഴെപ്പറയുന്ന സബ് ആഫീസുകളാണ് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

1. കൊമേഴ്സ്യൽ ടാക്സ് ആഫീസ്
2. സോയിൽ കൺസർവേഷൻ ആഫീസ്
3. എക്സൈസ് റെയ്ഞ്ച് ആഫീസ്
4. പൊതുമരാമത്ത് റോഡ് വികസന ആഫീസ്
5. ഐ.സി.ഡി.എസ്.-എന്നീ ആഫീസുകളാണ് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്.

**കൈവശാവകാശ ഭൂമിയുള്ളവരുടെ എണ്ണം**

185 (2220) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കൈവശാവകാശ രേഖ പ്രകാരം ഭൂമി കൈവശം വച്ച് അനുഭവിക്കുന്നവരുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഭൂമി കയ്യേറി കൈവശം വച്ച് അനുഭവിച്ച് വരുന്നവരുടെ എണ്ണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിൽ 7245 പേർ കൈവശാവകാശ രേഖ പ്രകാരം ഭൂമി കൈവശം വയ്ക്കുന്നുണ്ട്.

(ബി) പട്ടയം, കൈവശരേഖ മുതലായ യാതൊരു രേഖകളുമില്ലാതെ ഭൂമി കയ്യേറി അനുഭവിച്ചുവരുന്ന 84 കേസുകൾ ഇടുക്കി ജില്ലയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ നിരവധി പേർ വ്യാജരേഖകളുടെയും അനധികൃത പട്ടയങ്ങളുടെയും അടിസ്ഥാനത്തിൽ ഭൂമി കൈവശം വച്ചുവരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിനും ലാന്റ് കൺസർവൻസി ആക്ട് പ്രകാരം ഒഴിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മെത്രാൻ കായലിലെ കൃഷിയേതര പദ്ധതി**

186 (2221) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ മെത്രാൻ കായൽ പ്രദേശത്തെ കൃഷി ഭൂമി ഉപയോഗപ്പെടുത്തി ഏതെങ്കിലും കാർഷികേതര പദ്ധതിക്ക് തത്വത്തിൽ അനുമതി നൽകിയിരുന്നോ; എങ്കിൽ എന്നാണ് ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച ഏതെങ്കിലും ഉത്തരവ് സമീപകാലത്ത് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിൽ ഉപാധികൾ ഉണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കുമരകം മെത്രാൻ കായൽ പ്രദേശത്ത് "കുമരകം ഇക്കോ ടൂറിസം വില്ലേജ്" എന്ന പദ്ധതി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, പാരിസ്ഥിതികാനുമതി എന്നിവയ്ക്ക് വിധേയമായി നടപ്പാക്കുന്നതിന് തത്വത്തിൽ അനുമതി നൽകിക്കൊണ്ട് 1-3-2016-ൽ സ.ഉ. (കൈ) നമ്പർ 198/2016/റവന്യൂ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവ് 15-3-2016-ലെ സ.ഉ. (കൈ) നമ്പർ 279/16/റവന്യൂ ഉത്തരവ് പ്രകാരം സർക്കാർ റദ്ദാക്കിയിട്ടുള്ളതാണ്.

(ബി & സി) ബാധകമല്ല.

**കനാലുകളും തോടുകളും കയ്യേറ്റംമൂലം അപ്രത്യക്ഷമാകുന്നത്**

187 (2222) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ മുൻകാലങ്ങളിൽ കാർഷിക വൃത്തിക്കും ഗതാഗതാവശ്യത്തിനുമായി ഉപയോഗിച്ചിരുന്നതും പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ കനാലുകളും തോടുകളും കയ്യേറ്റംമൂലം ദൈനംദിനം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം നഗരങ്ങളിലും ജനവാസകേന്ദ്രങ്ങളിലും വെള്ളക്കെട്ടുകൾ രൂപം കൊള്ളുകയും പാരിസ്ഥിതിക പ്രശ്നങ്ങൾ സംജാതമാകുകയും ചെയ്യുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(സി) പ്രസ്തുത പ്രദേശങ്ങളിലെ കനാലുകളുടെ സ്കെച്ചും മറ്റു വിവരങ്ങളും ശേഖരിക്കുന്നതിനും കയ്യേറ്റം രേഖപ്പെടുത്തി വെയ്ക്കുന്നതിനും നിർദ്ദേശം നൽകുമോ;

(ഡി) കനാൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ ജനകീയമായ വിധത്തിൽ നിയമനടപടികളും ഇടപെടലുകളും നടത്തി ലക്ഷ്യം കൈവരിക്കുവാൻ പ്രവർത്തനം ആസൂത്രണം ചെയ്യുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയം ഗൗരവമായി കാണുന്നു.

(സി) റീ-സർവ്വേ കഴിഞ്ഞ വില്ലേജുകളുടെ സ്കെച്ചിൽ കനാലുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

(ഡി) കനാൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**കയ്യേറ്റം ഒഴിവാക്കി സർക്കാർ ഭൂമി സംരക്ഷിക്കുവാൻ നടപടി**

188 (2223) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് തൈക്കാട് മുതൽ ചെങ്ങന്നൂർ വരെ എം.സി. റോഡിനിരുവശവും സ്വകാര്യ വ്യക്തികൾ വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി കയ്യേറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കയ്യേറ്റം ഒഴിവാക്കുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിരവധി വാർത്തകൾ റിപ്പോർട്ട് ചെയ്തിട്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ & ബി) കൊല്ലം ജില്ലയിൽ MC റോഡിൽ KSTP വക പുറമ്പോക്ക് സ്ഥലത്ത് അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കയ്യേറ്റക്കാരെ ഒഴിപ്പിച്ചിട്ടുണ്ട്. ശ്രദ്ധയിൽപ്പെടുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭൂമി

189 (2224) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര റഗുലേറ്റഡ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ കൈവശമുണ്ടായിരുന്ന ഭൂമി പഞ്ചായത്തിന് വിട്ടുകിട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതിവിധി വരുന്നതുവരെ ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുകയില്ല.

### ചാലക്കുടി മണ്ഡലത്തിലെ പുഴ സംരക്ഷണ പ്രവർത്തനങ്ങൾ

190 (2225) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പുഴ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള വിവിധ പ്രവൃത്തികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്നറിയിക്കുമോ;

(സി) ചാലക്കുടി മണ്ഡലത്തിൽ നിന്നും സമർപ്പിച്ചിട്ടുള്ള മുഴുവൻ റിവർ പ്രൊട്ടക്ഷൻ വർക്കുകൾക്കും അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 1-10-2015-ലെ ജി.ഒ. (എം എസ്) നമ്പർ 532/2015/RD ഉത്തരവ് പ്രകാരം ചാലക്കുടി പുഴയുടെ മൂന്ന് സംരക്ഷണ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

1. മേലൂർ പഞ്ചായത്തിലെ വട്ടുകയത്തിനടുത്തായുള്ള ചാലക്കുടി പുഴയുടെ ഇടത് കര സംരക്ഷണ പ്രവൃത്തി.

2. കുന്നമ്പുഴ ഭഗവതി ക്ഷേത്രത്തിനടുത്തായി എൻ.എച്ച്. പാലത്തിന് താഴെയുള്ള ചാലക്കുടി പുഴയുടെ ഇടത് കരയുടെ സംരക്ഷണവും ചാലക്കുടി മുനിസിപ്പാലിറ്റിയിൽ കടവ് നിർമ്മാണവും ഉൾപ്പെടുന്ന പ്രവൃത്തി.

3. കപ്പേള കടവിന്റെ അടുത്തായുള്ള ചാലക്കുടി പുഴയുടെ വലത് കരയുടെ സംരക്ഷണവും പരിയാരം പഞ്ചായത്തിൽ കടവും ഓവ് ചാലും നിർമ്മാണവും ഉൾപ്പെടുന്ന പ്രവൃത്തി.

(സി) അതാത് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ ലഭ്യമായിട്ടുള്ള തുകയുടെയും പ്രസ്തുത പ്രവൃത്തിയുടെ ആവശ്യകതയും മറ്റും സംബന്ധിച്ച് ജില്ലാതല വിദഗ്ദ്ധ സമിതി നൽകുന്ന ശിപാർശയുടെയും അടിസ്ഥാനത്തിലാണ് പുഴകളിലെ നവീകരണ/സംരക്ഷണ/നിർമ്മാണ പ്രവൃത്തികൾക്ക് സംസ്ഥാന വിദഗ്ദ്ധ സമിതി ഭരണാനുമതി നൽകുന്നത്. ചാലക്കുടി മണ്ഡലത്തിലെ പ്രവൃത്തികളും മേൽപ്പറഞ്ഞത് പ്രകാരം പരിശോധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**മിച്ചഭൂമി ഏറ്റെടുക്കൽ നടപടികൾ**

191 (2226) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിച്ചഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് മിച്ചഭൂമി സംബന്ധിച്ച ഡാറ്റാ (വിവരശേഖരം) ലഭ്യമാക്കുമോ;

(ബി) ഏറ്റെടുത്ത മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ ഇപ്പോൾ എടുത്തു വരുന്നു;

(സി) മിച്ചഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് ഭൂവുടമകളുമായി എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) താലൂക്ക് ലാന്റ് ബോർഡുകൾ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന ഭൂമി മുഴുവനും ഏറ്റെടുക്കുവാൻ കോടതി കേസുകൾ, വനം വകുപ്പുമായുള്ള തർക്കം, അന്യകൈവശം എന്നീ കാരണങ്ങളാൽ തടസ്സം നേരിടാറുണ്ട്. മിച്ചഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള ഭൂപരിഷ്കരണ നിയമം 1963-ലെ സെക്ഷൻ 85, 86 പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുന്ന മിച്ചഭൂമി ടി നിയമത്തിലെ സെക്ഷൻ 96 പ്രകാരം അർഹരായവർക്ക് പതിച്ച് നൽകിവരുന്നു. സർക്കാർ ഏറ്റെടുക്കുന്ന മിച്ചഭൂമിയിൽ കുടികിടപ്പുകാരുണ്ടെങ്കിൽ അർഹതയുടെ അടിസ്ഥാനത്തിൽ അവർക്ക് മിച്ചഭൂമി പതിച്ച് നൽകിയതിനുശേഷം പതിച്ചുകൊടുക്കുവാൻ അവശേഷിക്കുന്ന മിച്ചഭൂമി (എ) ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും (ബി) യാതൊരു ഭൂമിയും വീണ്ടെടുക്കാൻ കഴിയാത്ത ചെറുകിട കൈവശക്കാർക്കും മറ്റ് ഭൂ ഉടമകൾക്കും പതിച്ചുകൊടുക്കണമെന്ന് ടി നിയമത്തിലെ സെക്ഷൻ 96 (1) (i)-ൽ വ്യവസ്ഥ ചെയ്യുന്നു. മിച്ചഭൂമി വിതരണം ചെയ്യുന്നതിനായി കേരള ഭൂപരിഷ്കരണ (സീലിംഗ്) ചട്ടം 27 പ്രകാരം ജില്ലാ കളക്ടർ വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ സ്വീകരിക്കുകയും ആയത് പരിശോധിച്ച് അർഹരായവർക്ക് പതിച്ച് നൽകുകയും ചെയ്യുന്നു.

(സി) സംസ്ഥാനത്തൊട്ടാകെ വിവിധ താലൂക്ക് ലാന്റ് ബോർഡുകളിലായി 1306 സീലിംഗ് കേസുകൾ നിലവിലുണ്ട്.

**ചാവക്കാട് - മുല്ലശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ**

192 (2227) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി മിനി സിവിൽ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) മണലൂർ മണ്ഡലത്തിൽ ചാവക്കാട് താലൂക്കിൽ മുല്ലശ്ശേരിയിൽ ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി എടുക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ വകുപ്പുകളുടെ ഓഫീസുകൾ ശോച്യാവസ്ഥയിലുള്ള കെട്ടിടത്തിലോ വാടക കെട്ടിടത്തിലോ പ്രവർത്തിക്കുന്ന സാഹചര്യത്തിലാണ് പ്രസ്തുത ഓഫീസുകളെ ഒരു കുടക്കീഴിലാക്കുന്നതിനായി മിനി സിവിൽ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

(ബി) മണലൂർ മണ്ഡലത്തിൽ ചാവക്കാട് താലൂക്കിൽ മുല്ലശ്ശേരിയിൽ സർക്കാർ വകുപ്പുകളുടെ ഓഫീസുകൾ വളരെ കുറച്ചുമാത്രമേയുള്ളൂ. അവയിൽ ഭൂരിഭാഗവും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത സാഹചര്യത്തിൽ മുല്ലശ്ശേരിയിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്തവർ**

193 (2228) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്ത ആളുകൾ എത്രയെന്ന് ജില്ലതിരിച്ച് കണക്ക് നൽകാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇത്തരം ആളുകൾക്കായി പ്രഖ്യാപിച്ച സീറോ ലാന്റ്ലെസ് പദ്ധതി പ്രകാരം എത്രയാളുകൾക്ക് ഭൂമി നൽകിയിട്ടുണ്ട് എന്നതിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം ഭൂമി അനുവദിക്കപ്പെട്ടവർക്ക് ആയത് ഇതുവരെ കൈവശത്തിലായില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ആളുകൾക്കാണ് ഇപ്രകാരം അനുവദിക്കപ്പെട്ട ഭൂമി ലഭിക്കാതിരുന്നിട്ടുള്ളതെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്ത ആളുകളുടെ എണ്ണം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളിൽ 58398 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചെങ്കിലും 29875 കുടുംബങ്ങൾക്കുമാത്രം നാളിതുവരെ ഭൂമി കൈമാറിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ഭൂമി കൈമാറിയ കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 792 |
| കൊല്ലം | 328 |
| പത്തനംതിട്ട | 661 |
| ആലപ്പുഴ | 183 |
| കോട്ടയം | 244 |
| ഇടുക്കി | 2609 |
| എറണാകുളം | 885 |
| തൃശ്ശൂർ | 412 |
| പാലക്കാട് | 2085 |
| മലപ്പുറം | 800 |
| കോഴിക്കോട് | 993 |
| വയനാട് | 534 |
| കണ്ണൂർ | 10297 |
| കാസർഗോഡ് | 9052 |
| ആകെ | 29875 |

പട്ടയം നൽകിയതിൽ ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ പൂർത്തിയായിട്ടില്ല.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി അനുവദിച്ചെങ്കിലും ആയത് നൽകിയില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോടതി കേസുകളും തർക്കങ്ങളും ഒഴികെയുള്ള കേസുകളിൽ ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ നടന്നുവരുന്നുണ്ട്. അനുവദിക്കപ്പെട്ട ഭൂമി നാളിതുവരെ നൽകാൻ കഴിയാത്ത കേസുകളുടെ എണ്ണം ജില്ലതിരിച്ച് താഴെ ചേർക്കുന്നു:

| ജില്ല | ഭൂമി അനുവദിച്ച കേസുകളുടെ എണ്ണം | ഭൂമികൈമാറാൻ അവശേഷിക്കുന്ന കേസുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 3181 | 2389 |
| കൊല്ലം | 1553 | 1225 |
| പത്തനംതിട്ട | 883 | 222 |
| ആലപ്പുഴ | 256 | 73 |
| കോട്ടയം | 1309 | 1065 |
| ഇടുക്കി | 8561 | 5952 |
| എറണാകുളം | 1449 | 564 |
| തൃശ്ശൂർ | 1043 | 631 |
| പാലക്കാട് | 4329 | 2244 |
| മലപ്പുറം | 1320 | 520 |
| കോഴിക്കോട് | 1550 | 557 |
| വയനാട് | 858 | 324 |
| കണ്ണൂർ | 15962 | 5665 |
| കാസർഗോഡ് | 16144 | 7092 |
| ആകെ | 58398 | 28523 |

(ഡി) ഭൂമി അനുവദിച്ചിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ ഭൂമിയുടെ കൈവശം വിട്ടുകൊടുക്കാൻ കഴിയാത്ത കേസുകളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ**

194 (2229) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാക്കാൻ ഭൂമി ലഭ്യമാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ബാലുശ്ശേരി വില്ലേജിൽ കോക്കല്ലൂർ ദേശത്ത് റീ.സ.29/8-ൽപ്പെട്ട 30 സെന്റ് പുറമ്പോക്ക് ഭൂമിയുണ്ട്. ബാലുശ്ശേരിയിലും സമീപ പ്രദേശങ്ങളിലും സ്ഥിതിചെയ്യുന്ന സർക്കാർആഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ആയതിനാൽ ഈ ഭൂമി റവന്യൂ വകുപ്പിൽത്തന്നെ നിലനിർത്തി മിനി സിവിൽ സ്റ്റേഷൻ മാതൃകയിൽ കെട്ടിടം നിർമ്മിച്ച് വിവിധ ഓഫീസുകൾ ഈ കെട്ടിടത്തിലേക്ക് മാറ്റുന്നതായിരിക്കും അഭികാമ്യമെന്ന് കാണുന്നു. എന്നാൽ ഇതിനനുസരിച്ചുള്ള ഭൂമികൈമാറ്റ പ്രൊപ്പോസൽ ഇതുവരെ ലഭിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ ഗ്രൂപ്പ് വില്ലേജുകൾ**

195 (2230)<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര ഗ്രൂപ്പ് വില്ലേജുകൾ ഉണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഗ്രൂപ്പ് വില്ലേജുകളിൽ അപേക്ഷകരുടെ ബാഹുല്യംമൂലം സേവനം ലഭിക്കുന്നതിന് കാലതാമസവും ബുദ്ധിമുട്ടും ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ 29 ഗ്രൂപ്പ് വില്ലേജുകളുണ്ട്. രണ്ടോ മൂന്നോ വില്ലേജുകളുടെ പ്രവർത്തനം ഒരു വില്ലേജ് ഓഫീസ് കെട്ടിടത്തിൽ ഒരു വില്ലേജാഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള ജീവനക്കാരെക്കൊണ്ട് നിർവ്വഹിക്കപ്പെടുന്ന സംവിധാനമാണ് ഗ്രൂപ്പ് വില്ലേജ്. കാസർഗോഡ് ജില്ലയിലെ ഗ്രൂപ്പ് വില്ലേജുകൾ കരിന്തളം, പിലിക്കോട്, ക്ലായിക്കോട്, പള്ളിക്കര, കുഞ്ചത്തൂർ, ഹൊസബേട്ടു, പൈവളിഗെ, കടംമ്പാർ, മീഞ്ച, വൊർക്കാടി, കൊടലമൊഗറു, ഉപ്പള, ഇച്ചിലംങ്കോട്, കയ്യാർ, ബൊംബ്രാണ, കോയിപ്പാടി, എടനാട്, ബാട്ടൂർ, പാടൈ, നെട്ടണിഗെ, കംബടാജെ, മധൂർ, കാസർഗോഡ്, കട്‌ലു, ചെങ്കള, തെക്കിൽ, കളനാട്, പാടി, ആദ്ദൂർ എന്നിവയാണ്.

(ബി) ഉണ്ട്.

(സി & ഡി) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലെ ബുദ്ധിമുട്ട്മൂലം റവന്യൂ വകുപ്പിൽ ഒരു Manpower Assessment നടത്തി പുനർവിന്യാസ സാദ്ധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാവേലിക്കര താലൂക്കിലെ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയുടെ വിശദാംശങ്ങൾ

196 (2231) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയുടെ വിശദാംശങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര താലൂക്കിന്റെ പരിധിയിലുള്ള വില്ലേജുകളിൽ അന്തിമ ഡാറ്റാ ബാങ്ക് പൂർത്തിയായിട്ടില്ല. നിലവിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത മേഖലകളിൽ ആയത് 2016 ആഗസ്റ്റ് 31-ന് മുമ്പ് പൂർത്തിയാക്കണമെന്ന് ബഹു. കൃഷിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-6-2016-ന് കൂടിയ ഉന്നതതല യോഗത്തിൽ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് നികത്തപ്പെട്ട നിലങ്ങൾ ഒഴിച്ചുള്ളവ നിലവിൽ സ്ഥലപരിശോധന നടത്തി പ്രാദേശിക നിരീക്ഷണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിവരുന്നത്.

## അമ്പലപ്പുഴ, അരൂർ നിയോജക മണ്ഡലങ്ങളിൽ നെൽവയൽ നികത്തിയത് സംബന്ധിച്ച്

197 (2232) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ, അരൂർ നിയോജക മണ്ഡലങ്ങളിൽ 2006-2011, 2011-16 കാലഘട്ടങ്ങളിൽ നടത്തിയ ഏതെങ്കിലും വികസന പ്രവർത്തനങ്ങൾക്കായി നെൽവയൽ നികത്തേണ്ടി വന്നിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കാമോ;

(ബി) അപ്രകാരം ഉണ്ടെങ്കിൽ നെൽവയൽ നികത്തുന്നതിന് അനുവാദം നൽകികൊണ്ടുള്ള ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങളും പകർപ്പും ലഭ്യമാക്കാമോ;

(സി) പ്രസ്തുത മണ്ഡലങ്ങളിൽ മേൽപ്പറഞ്ഞ കാലയളവിൽ സ്വകാര്യ ആവശ്യങ്ങൾക്കും പൊതു ആവശ്യങ്ങൾക്കുമായി നികത്തപ്പെട്ട നെൽവയലുകളുടെ വിസ്തൃതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## അമ്പലപ്പുഴ, അരൂർ മണ്ഡലങ്ങളിൽ നികത്തപ്പെട്ട നെൽവയൽ പ്രദേശങ്ങൾ

198 (2233) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഔദ്യോഗിക രേഖകൾ പ്രകാരം അമ്പലപ്പുഴ, അരൂർ നിയോജക മണ്ഡലങ്ങളിൽ 2006 മാർച്ച് മാസം വരെ നിലവിലുണ്ടായിരുന്ന നെൽവയൽ പ്രദേശങ്ങളുടെ ആകെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പിന്റെ രേഖകൾ പ്രകാരം 2006-2016 കാലഘട്ടങ്ങളിലായി അമ്പലപ്പുഴ, അരൂർ മണ്ഡലങ്ങളിൽ വിവിധ സ്വകാര്യ ആവശ്യങ്ങൾക്കായി നികത്തപ്പെട്ട നെൽവയൽ, തണ്ണീർത്തട പ്രദേശങ്ങളുടെ നിയോജക മണ്ഡലം തിരിച്ചുള്ള വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ സ്വകാര്യ ആവശ്യത്തിനാണ് നെൽവയലുകൾ നികത്തിയതെന്നും, ഇതിനായി റവന്യൂ വകുപ്പിൽനിന്നും നൽകിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**കോട്ടക്കൽ മണ്ഡലത്തിലെ വട്ടപ്പാറയിലെ അപകട മരണങ്ങൾ**

199 (2234) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വട്ടപ്പാറ എന്ന സ്ഥലത്ത് അപകട മരണങ്ങൾ പെരുകുന്ന സാഹചര്യത്തിൽ സ്ഥലത്തെ അപകടം ഒഴിവാക്കുവാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്രൊപ്പോസൽ റവന്യൂ വകുപ്പിൽ നിലവിലുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) സ്ഥലത്തിന്റെ മാർക്കറ്റ് വില നിശ്ചയിക്കുവാനുള്ള ഫയൽ റവന്യൂ വകുപ്പിൽ വളരെക്കാലമായി തീരുമാനമാകാതെ കിടക്കുന്നതിനാൽ കേന്ദ്ര ഫണ്ട് നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ;എങ്കിൽ മാർക്കറ്റ് വില അടിയന്തരമായി നിശ്ചയിച്ച് നൽകുവാൻ നിർദ്ദേശം നൽകമോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) കോട്ടക്കൽ മണ്ഡലത്തിലെ വട്ടപ്പാറ എന്ന സ്ഥലത്ത് അപകട മരണങ്ങൾ പെരുകുന്ന സാഹചര്യത്തിൽ സ്ഥലത്തെ അപകടം ഒഴിവാക്കുന്നതിനായി കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് പദ്ധതിയാണ് നിലവിലുള്ളത്.

(ബി) കഞ്ഞിപ്പുര -മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലത്തിന്റെ മാർക്കറ്റ് വില നിശ്ചയിച്ചുകൊണ്ട് 20-2-2016-ലെ ജി.ഒ. (ആർ.റ്റി.) 1405/16/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

**ദുരിതാശ്വാസ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ**

200 (2235) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭത്തിനിരയായവരെ മാറ്റിപ്പാർപ്പിക്കുന്ന ദുരിതാശ്വാസ ക്യാമ്പുകൾ യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തതാണെന്ന പരാതികൾ ലഭിക്കാറുണ്ടോ;

(ബി) ക്യാമ്പുകളിലെ മോശം സാഹചര്യം കാരണം പ്രകൃതിക്ഷോഭത്തിന് ഇരയായവർ ക്യാമ്പുകളിലേക്ക് മാറാൻ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഇത് പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കാറുണ്ടെന്ന കാര്യം ഗൗരവമായി കണക്കാക്കാറുണ്ടോ;

(ഡി) ഏതെല്ലാം കെട്ടിടങ്ങളാണ് സാധാരണയായി ഇത്തരം ക്യാമ്പുകളായി തെരഞ്ഞെടുക്കാറുള്ളത്; ഇത്തരം കെട്ടിടങ്ങളിൽ ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോയെന്ന കാര്യം ഉറപ്പുവരുത്താറുണ്ടോ;

(ഇ) സംസ്ഥാനത്തെ സ്ഥിരം ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കേണ്ടി വരുന്ന കെട്ടിടങ്ങൾക്ക് ഈ കാര്യം കൂടി പരിഗണിച്ച് അടിസ്ഥാന സൗകര്യവികസനത്തിന് കൂടുതൽ തുക വകയിരുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, ആശ്വാസ കേന്ദ്രങ്ങൾ, സാംസ്കാരിക നിലയങ്ങൾ, വില്ലേജ് ഓഫീസിനോട് ചേർന്നുള്ള കെട്ടിടങ്ങൾ, ആഡിറ്റോറിയങ്ങൾ, അംഗൻവാടികൾ, സുനാമി ഷെൽറ്ററുകൾ എന്നിവയാണ് സാധാരണയായി ദുരിതാശ്വാസ ക്യാമ്പുകളായി തെരഞ്ഞെടുക്കാറുള്ളത്. ഇത്തരം കെട്ടിടങ്ങളിൽ ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുണ്ട്.

(ഇ) പ്രകൃതിക്ഷോഭംമൂലം ദുരിതമനുഭവിക്കുന്നവരെ താല്ക്കാലികമായി പുനരധിവസിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചുവരുന്നത്. കടൽക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവരെ താല്ക്കാലികമായി മാറ്റിപ്പാർപ്പിക്കുന്നതിന് ദേശീയ ചുഴിലിക്കാറ്റ് പ്രതിരോധ പദ്ധതി (NCRMP - National Cyclone Risk Mitigation Project) പ്രകാരം 9 തീരദേശ ജില്ലകളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ 27 സ്ഥിരം ക്യാമ്പ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## സ്മാർട്ട് വില്ലേജാഫീസുകൾ

201 (2236) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ആഫീസുകളുടെ നവീകരണത്തിനായി സ്വീകരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എത്ര സ്മാർട്ട് വില്ലേജാഫീസുകൾ നിർമ്മിച്ചു എന്നും അവയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന വെളിയം വില്ലേജ് ആഫീസിന് പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ പരിഗണനയിൽ ഉണ്ടായിരുന്ന ഫയലിൽ (18049/F2/Revenue) സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ; ഭരണാനുമതി നൽകാൻ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് പ്രാഥമിക പരിഗണന നൽകി സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനും ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനുമായി സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി നടപ്പാക്കിവരുന്നു.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ഒന്നാം ഘട്ടത്തിൽ 1.60 കോടി രൂപ ചെലവിൽ 14 ജില്ലകളിലെ ഓരോ വില്ലേജാഫീസുകളും രണ്ടാം ഘട്ടത്തിൽ 3.29 കോടി രൂപ ചെലവിൽ 8 ജില്ലകളിലായി 11 വില്ലേജാഫീസുകളും മൂന്നാം ഘട്ടത്തിൽ 3.91 കോടി രൂപ ചെലവിൽ 5 ജില്ലകളിലായി 9 വില്ലേജാഫീസുകളും സ്മാർട്ട് റവന്യൂ ഓഫീസ് നിർമ്മിക്കുന്നതിന് നടപടിയെടുത്തു. ഓരോ ഘട്ടത്തിലുമുള്ള വില്ലേജാഫീസുകളും അവയുടെ നിർമ്മാണ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വെളിയം വില്ലേജ് ആഫീസിന് പുതിയ കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി ലാന്റ് റവന്യൂ കമ്മീഷണർ വഴി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിലേയ്ക്ക് അയച്ചിരുന്നെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ തുകയില്ലാതിരുന്ന സാഹചര്യത്തിൽ നടപ്പ് സാമ്പത്തിക വർഷം ഈ വിഷയത്തിൽ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കടൽക്ഷോഭം പ്രകൃതിദുരന്തമായി പരിഗണിക്കാൻ**

202 (2237) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭം പ്രകൃതിദുരന്തമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) കടൽക്ഷോഭംമൂലം മത്സ്യബന്ധന യാനങ്ങളും അനുബന്ധ ഉപകരണങ്ങളും നഷ്ടപ്പെടുന്നവർക്കു സർക്കാർ നഷ്ടപരിഹാരം നൽകാറുണ്ടോ;

(സി) കടുത്ത കടലാക്രമണത്തിൽ വസ്തുവകകൾ നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ പദ്ധതികളുണ്ടോ; ആയത് സംബന്ധിച്ച് നിലവിലുള്ള പദ്ധതികളെന്തെല്ലാം വിശദമാക്കുമോ;

(ഡി) കടൽക്ഷോഭം പ്രകൃതി ദുരന്തമായി പരിഗണിച്ച് ഇരകളാകുന്ന തീരനിവാസികൾക്ക് ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടൽക്ഷോഭംമൂലമുള്ള തീരശോഷണം സംസ്ഥാനതല പ്രകൃതി ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കടൽക്ഷോഭംമൂലം മത്സ്യബന്ധന യാനങ്ങളും അനുബന്ധ ഉപകരണങ്ങളും നഷ്ടപ്പെടുന്നവർക്ക് റവന്യൂ വകുപ്പിൽനിന്ന് ആശ്വാസ ധനസഹായം നൽകിവരുന്നു. ഇത് 23-7-2015-ലെ സ.ഉ.(കൈ) നമ്പർ 343/2015/ഡി.എം.ഡി. പ്രകാരം പൂർണ്ണമായും തകർന്ന മത്സ്യബന്ധന വള്ളങ്ങൾക്ക് 9600 രൂപയും ഭാഗികമായി തകർന്ന മത്സ്യബന്ധന വള്ളങ്ങൾക്ക് 4100 രൂപയും പൂർണ്ണമായി നാശനഷ്ടം നേരിട്ട വലകൾക്ക് 2600 രൂപയും ഭാഗികമായി നാശനഷ്ടം നേരിട്ട വലകൾക്ക് 2100 രൂപയും നൽകിവരുന്നു. മത്സ്യഫെഡ് നൽകുന്ന വായ്പ പദ്ധതികൾ പ്രകാരം നൽകിവരുന്ന മത്സ്യബന്ധന ഉപകരണങ്ങൾ കടൽക്ഷോഭത്തിൽ നഷ്ടപ്പെട്ടാൽ 'മത്സ്യഫെഡ് ഉപകരണ സുരക്ഷ പദ്ധതി' പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(സി) കടലാക്രമണത്തിൽ വസ്തുവകകൾ നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ വ്യവസ്ഥയില്ല. 23-7-2015-ലെ സ.ഉ. (കൈ) നമ്പർ 343/2015/ഡി.എം.ഡി. പ്രകാരം തീരശോഷണത്തിൽ വസ്തുവകകൾ നഷ്ടപ്പെടുന്നവർക്ക് ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ കടലാക്രമണംമൂലം ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് 25 കോടി രൂപ 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) കടൽക്ഷോഭത്തിലുണ്ടാകുന്ന തീരശോഷണം സംസ്ഥാനതല ദുരന്തമായി അംഗീകരിച്ച് 23-7-2015-ലെ സ.ഉ.(കൈ)നമ്പർ 343/2015/ഡി.എം.ഡി. ഉത്തരവ് പ്രകാരം 1-4-2015 മുതൽ മുൻകാല പ്രാബല്യം വച്ച് ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

**വൈപ്പിനിൽ സ്ഥിരതാമസക്കാർക്ക് പട്ടയം നൽകാൻ നടപടി**

203 (2238) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മണ്ഡലമായ വൈപ്പിനിൽ വർഷങ്ങളായി സ്ഥിരതാമസക്കാരായ എത്ര പേരാണ് പട്ടയം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത അപേക്ഷകളിൻമേൽ സ്വീകരിച്ചിരിക്കുന്ന തുടർനടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) വർഷങ്ങളായി താമസിച്ചുവരുന്നവരെന്ന കാര്യം പരിഗണിച്ചും പട്ടയം ലഭിക്കാത്തതുമൂലം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചവരുടെ കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ നടപടിയെടുക്കുമോ?

<u>ഉത്തരം</u>

(എ) 1669

(ബി) പ്രസ്തുത അപേക്ഷകരിൽ 224 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. മറ്റുള്ളവരുടെ അപേക്ഷ പരിശോധിച്ചുവരുന്നു.

(സി) അപേക്ഷകരിൽ യോഗ്യരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുഴപ്പിള്ളി വില്ലേജിന്റെ പരിധിയിലുൾപ്പെട്ട പ്രദേശങ്ങളെ പള്ളിപ്പുറം വില്ലേജിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി

204 (2239) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിൽ പള്ളിപ്പുറം പഞ്ചായത്തിലെ ചില പ്രദേശങ്ങൾ കുഴപ്പിള്ളി വില്ലേജിന്റെ പരിധിയിലും ബാക്കി ഭാഗം പള്ളിപ്പുറം വില്ലേജിന്റെ പരിധിയിലുമാണെന്നത് ജനങ്ങൾക്ക് വളരേയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിന് പള്ളിപ്പുറം പഞ്ചായത്തിലെ കുഴപ്പിള്ളി വില്ലേജിന്റെ പരിധിയിലുൾപ്പെട്ട പ്രദേശങ്ങളെ പള്ളിപ്പുറം വില്ലേജിന്റെ പരിധിയിൽ ഉൾപ്പെടുത്തി പുനക്രമീകരണം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## പൊതുമേഖലയിൽ പാറഖനനം

205 (2240) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറ ഖനനം പൊതുമേഖലയിൽ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) കോടികളുടെ നികുതി വെട്ടിപ്പാണ് ഈ മേഖലയിൽ നടക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാറയുടെ വില നിയന്ത്രണവിധേയമാക്കുന്നതിനും നിർമ്മാണ മേഖലയിൽ ഇടപെടൽ നടത്തുന്നതിനും കഴിയുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇല്ല.

(സി) മൈനിംഗ് & ജിയോളജി വകുപ്പ് നിശ്ചയിക്കുന്ന റോയൽറ്റി, റവന്യൂ വകുപ്പ് ഈടാക്കുന്ന സീനിയറേജ് എന്നിവയ്ക്ക് ആനുപാതികമായാണ് പാറയുടെ വില നിശ്ചയിക്കുന്നത്. ഇതിൽനിന്നും വ്യത്യസ്തമായി അതിഭീമമായി വില വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് തടയുവാനായി നിയമപരമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. നിലവിൽ നിർമ്മാണ മേഖലയിൽ ഏറ്റവുമധികം ദൗർലഭ്യം നേരിടുന്ന മണൽ സർക്കാർ ഏജൻസിയായ കലവറ മുഖേന വിതരണം നടത്തിവരുന്നുണ്ട്. മറ്റ് നിർമ്മാണ സാമഗ്രികൾ ഇത്തരത്തിൽ വിതരണം ചെയ്യുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**തിരുവനന്തപുരം ജില്ലയിലെ ക്വാറികളുടെ വിശദാംശങ്ങൾ**

206 (2241) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്, എവിടെയൊക്കെ, താലൂക്ക് തിരിച്ച് വിശദമാക്കാമോ ;

(ബി) ഇവയിൽ എത്ര ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ 92 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു:

| നമ്പർ | താലൂക്ക് | ലീസ് പ്രകാരം നൽകിയത് | പെർമിറ്റ് നൽകിയത് |
|---|---|---|---|
| 1 | തിരുവനന്തപുരം | 9 | - |
| 2 | നെടുമങ്ങാട് | 32 | 15 |
| 3 | ചിറയിൻകീഴ് | 4 | - |
| 4 | വർക്കല | 1 | 6 |
| 5 | നെയ്യാറ്റിൻകര | 18 | 3 |
| 6 | കാട്ടാക്കട | 1 | 3 |
| | ആകെ | 65 | 27 |

(ബി) നാല് കമ്പനികൾക്കായി ആകെ 10 ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. അവയുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | കമ്പനിയുടെ പേര് | എണ്ണം |
|---|---|---|
| 1 | പോബ്സ് ഗ്രാനൈറ്റ്സ് | 3 |
| 2 | ഡെൽറ്റാ എം സാൻഡ് | 3 |
| 3 | കവനന്റ് സ്റ്റോൺസ് | 2 |
| 4 | മെറ്റാറോക്ക് | 2 |

**പ്രകൃതിക്ഷോഭംമൂലം വീട് നഷ്ടപ്പെടുന്നവർക്ക് സഹായം**

207 (2242) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെടുന്നവർക്ക് എന്തൊക്കെ അടിയന്തര സഹായമാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പ്രകൃതിക്ഷോഭംമൂലം വീട് വാസയോഗ്യമല്ലാത്തവിധം നശിച്ചുപോയാൽ അവരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുകയും അവർക്ക് വെള്ളം, ഭക്ഷണം എന്നിവ ഉൾപ്പെടെയുള്ള അവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചികിത്സ ആവശ്യമായി വരുന്നവർക്ക് അത് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭംമൂലം വീട് നഷ്ടപ്പെട്ടവർക്ക് നാശനഷ്ടത്തിന്റെ തോത് കണക്കാക്കി പരമാവധി രണ്ട് ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം നൽകിവരുന്നു.

**കയ്യേറ്റ ഭൂമിയിലെ പട്ടയം**

208 (2243) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യേറ്റഭൂമികൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നതും വ്യാഖ്യാനിക്കുന്നതും എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പട്ടയം പതിച്ചു കൊടുക്കുന്നത്, കൈവശം വച്ച് അനുഭവത്തിലിരിക്കുന്ന ഭൂമിക്കാണോ അതോ യഥേഷ്ടം നൽകുകയാണോയെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ ഏതെങ്കിലും പദ്ധതിയുടെ ഭാഗമായിട്ടാണോ എന്ന് വ്യക്തമാക്കാമോ;

(സി) കാലങ്ങളായി ഒരേ സ്ഥലത്ത് താമസിച്ചു വരുന്നവർക്ക് ഭൂമിയിന്മേലുള്ള അവകാശം നൽകുന്നതിനുള്ള നയരൂപീകരണം ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ; 1-1-1977 എന്ന തീയതി രേഖപ്പെടുത്തി തിട്ടപ്പെടുത്തിയതിന്റെ കാര്യം എന്താണെന്നും അതിന്റെ ഉദ്ദേശലക്ഷ്യം എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1957-ലെ കേരള ഭൂസംരക്ഷണ നിയമം, 1958-ലെ കേരള ഭൂസംരക്ഷണ ചട്ടം എന്നിവയുടെ അടിസ്ഥാനത്തിലാണ് കയ്യേറ്റ ഭൂമികൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നത്. 1958-ലെ കേരള ഭൂസംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4(ii)-ലെ വ്യാഖ്യാനമനുസരിച്ച് അനുമതി കൂടാതെ പുറമ്പോക്കിലോ പുറമ്പോക്കുകളല്ലാത്ത സർക്കാർ ഭൂമിയിലോ അതിനുമുകളിലോ നടത്തുന്ന ഏതെങ്കിലും നിർമ്മാണ പ്രവർത്തനം അത് ഏതെങ്കിലും ചുമരിന്റെയോ വേലിയുടെയോ കെട്ടിടത്തിന്റെയോ സ്ഥാപനമോ അല്ലെങ്കിൽ പുറത്തേക്ക് തള്ളി നിൽക്കുന്ന എടുപ്പുകളുടെയോ തള്ളിനിൽപ്പുകളുടെ നിർമ്മാണമോ അത് താത്കാലികമോ സ്ഥിരമോ ആയാലും ആയത് കയ്യേറ്റമായി കണക്കാക്കാവുന്നതാണ്.

(ബി) കൈവശം വച്ചനുഭവിക്കുന്ന ഭൂമി അപേക്ഷകന്റെ അർഹത കണക്കിലെടുത്ത് നിലവിലുള്ള ഭൂമി പതിവ് നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായി പട്ടയം പതിച്ചുകൊടുക്കുന്നതാണ്. കൂടാതെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി അർഹരായ ഭൂരഹിതർക്ക് മൂന്ന് സെന്റ് വീതം ഭൂമി അനുവദിച്ചുവരുന്നു.

(സി) നിലവിലുള്ള ഭൂമി പതിവ് നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായിട്ടാണ് കാലങ്ങളായി ഒരേ സ്ഥലത്ത് താമസിച്ചുവരുന്നവർക്ക് ഭൂമിയിൽ അവകാശം നൽകുന്നതിൽ തീരുമാനം കൈക്കൊള്ളുന്നത്. The Kerala Land Assignment (Regulation of Occupations of Forest Lands Prior to 1-1-1977) Special Rules 1993 പ്രകാരം വനഭൂമി കയ്യേറ്റം ക്രമവൽക്കരിക്കുന്ന ചട്ടങ്ങളിലാണ് 1-1-1977 എന്ന തീയതി പരിധിയായി നിശ്ചയിച്ചിട്ടുള്ളത്.

## റീ സർവ്വേ നടപടികൾ

209 (2244) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ ആരംഭിച്ചതെന്നാണ്; റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) റീ-സർവ്വേയിലെ അപാകതകൾ യഥാസമയം പരിഹരിച്ചു നൽകാൻ കഴിയുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച പരാതികളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) 6-10-1965-ലെ ജി.ഒ. (എം എസ്) 781/65/ആർ.ഡി. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. റീസർവ്വേ നടപടികൾ പൂർത്തിയായിട്ടില്ല. സ.ഉ. (എം എസ്) 409/12/റവന്യൂ, തീയതി 31-10-2012 പ്രകാരം സംസ്ഥാനത്തെ റീസർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്കുമാത്രം സ്വകാര്യ ഭൂമിയിലുമാക്കി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ജി.ഒ. (എം എസ്) 200/2010/റവന്യൂ തീയതി 31-5-2010 സർക്കാർ ഉത്തരവ് പ്രകാരം റീസർവ്വേ സംബന്ധമായ പരാതികളിന്മേൽ അതാത് താലൂക്ക് ആഫീസുകൾ മുഖാന്തരം നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## ചട്ടവിരുദ്ധമായി സർവ്വേ അഡീഷണൽ ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയത്

210 (2245) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ റീസർവേയിൽ തിരിമറി നടത്തി സർക്കാർ / ദേവസ്വം ഭൂമികൾ വ്യക്തികൾക്ക് അനധികൃതമായി പതിച്ച് നൽകിയ വിജിലൻസ് കേസിൽ ഉൾപ്പെട്ട

വനിതാ സൂപ്രണ്ടിനെ ചട്ടവിരുദ്ധമായി സർവേ അഡീഷണൽ ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയതും ഇവർക്കെതിരെയുള്ള പരാതി തടയാൻ സർവ്വേ വകുപ്പിലെ വിജിലൻസ് ഓഫീസറുടെ ചുമതല ഇവർ ഡെപ്യൂട്ടി കളക്ടറിൽ നിന്നും ഏറ്റെടുത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ നിയമിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഹെക്ടർ കണക്കിന് സർക്കാർ/ദേവസ്വം ഭൂമി വ്യക്തികൾക്കും മറ്റും പട്ടയം നൽകിയ ഉന്നത സർവ്വേ/റവന്യൂ ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് പേരു സഹിതം വിശദമാക്കുമോ; ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വനിതാസൂപ്രണ്ട് തന്നെയാണ് പാട്ട ഭൂമി തട്ടിപ്പിലൂടെ പുറമ്പോക്ക് ഭൂമി വ്യക്തിയ്ക്ക് കൈമാറിയ റീസർവ്വേ നടപടികളുടെ പ്രധാന മേൽനോട്ടം വഹിച്ചതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അനധികൃതമായി പതിച്ച് നൽകിയ ഭൂമിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഈ ഭൂമിയെല്ലാം തിരിച്ച് പിടിയ്ക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ;

(ഇ) കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നിയമപരമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*

(ബി) ടി വിഷയം വിജിലൻസ് അന്വേഷണത്തിലാണ്. വിജിലൻസ് അന്വേഷണത്തിനുശേഷം മാത്രമേ കുറ്റക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(സി - ഇ) വിജിലൻസ് പരിശോധനയിലൂടെ മാത്രമേ പ്രസ്തുത വിഷയം സംബന്ധിച്ച നിജസ്ഥിതി കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

211 (2246) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഒല്ലൂർ നിയോജക മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത അപേക്ഷ അനുസരിച്ച് എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5050 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 45 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ട്.

**ഹൗസിംഗ് ബോർഡിന് സർക്കാർ നൽകിയ തുക**

212 (2247) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011 - 2016) ഭവന നിർമ്മാണ ബോർഡ് കേരളത്തിൽ ഏതൊക്കെ സ്ഥലങ്ങളിൽ വിവിധ സംരംഭത്തിനായി ഭൂമി ഏറ്റെടുത്തിട്ടുണ്ട്; ജില്ല തിരിച്ച്, ഏക്കർ സഹിതം, വാങ്ങിയ തുകയുടെ വിവരം സഹിതം വിശദാംശങ്ങൾ മുഴുവൻ വെളിപ്പെടുത്തുമോ;

(ബി) 2011 - 2016 കാലയളവിൽ ഹൗസിംഗ് ബോർഡിന് സർക്കാർ ഓരോ സാമ്പത്തിക വർഷവും എത്ര തുക നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) നിലവിൽ കേരളത്തിൽ ഹൗസിംഗ് ബോർഡ് എത്ര ഫ്ലാറ്റ് നിർമ്മിക്കുന്നുണ്ട്; ഇത് എവിടെയൊക്കെ എന്നും ഇതിന്റെ സ്ഥിതി എന്തെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-2016) ഭവന നിർമ്മാണ ബോർഡ് ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ല.

(ബി) 2011-2016 കാലയളവിൽ ഹൗസിംഗ് ബോർഡിന് ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു: (വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു*)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

രൂപ ലക്ഷത്തിൽ

| വർഷം | പ്ലാൻ | നോൺ പ്ലാൻ |
|---|---|---|
| 2011-12 | 900 | 28382.28 |
| 2012-13 | 1006.99 | 24839.32 |
| 2013-14 | 2506.66 | 29119.90 |
| 2014-15 | – | 96.10 |
| 2015-16 | 2,920.03 | 102.91 |

(സി) നിലവിൽ കേരളത്തിൽ ഭവനനിർമ്മാണ ബോർഡ് നിർമ്മിക്കുന്ന ഫ്ലാറ്റുകളുടെ വിവരവും അവയുടെ സ്ഥിതിയും അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

**ഭവനനിർമ്മാണ പദ്ധതി**

213 (2248) ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർവ്വത്രികമായ ഭവന നിർമ്മാണത്തിലൂടെ ഭവനരഹിതർക്ക് സമയബന്ധിതമായി വീട് വച്ച് നൽകുന്നതിനുള്ള പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ പദ്ധതിയിൽ ഉൾപ്പെട്ടതും എന്നാൽ പൂർത്തിയാക്കാത്തതുമായ വീടുകൾ പൂർത്തീകരിക്കുന്നതിനും സബ്സിഡി കുടിശിക വിതരണം ചെയ്യുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള 75000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന "എല്ലാവർക്കും വീട്" പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി 2 സെന്റ് ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് 7000 വീടുകൾ നിർമ്മിച്ചു നൽകുവാൻ ഉദ്ദേശിക്കുന്നു. ഇതിന് ആവശ്യമായ റവന്യൂ സമാഹരണം 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ചുമത്തിയിട്ടുള്ള ഒരു രൂപ അധിക വിൽപ്പന നികുതിയുടെ 50%-ൽ നിന്നുമായിരിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വീടുകളുടെ യൂണിറ്റ് കോസ്റ്റ് 3.25 ലക്ഷം രൂപ സർക്കാർ സഹായവും 35,000 രൂപ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും ചേർത്ത് 3.60 ലക്ഷം രൂപയാണ്. എം.എൻ. ലക്ഷംവീട് പദ്ധതിയിൽ മുൻപ് പൂർത്തിയാക്കിയതും നാശോന്മുഖമായതിനാൽ പുനർനിർമ്മാണം അത്യാവശ്യമായതുമായ വീടുകൾക്ക് മുൻഗണന നൽകിയും ബാക്കിയുള്ള വീടുകൾ ജനസമ്പർക്ക പരിപാടിയിൽ ഭവന നിർമ്മാണത്തിന് അപേക്ഷിച്ചവർക്കും, 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' പ്രകാരം ഭൂമി ലഭിച്ചവർക്കും, അവർ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടതും രണ്ട് സെന്റ് ഭൂമിയെങ്കിലും ഉണ്ടെങ്കിൽ 'എല്ലാവർക്കും വീട്' എന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 50:50 എന്ന അനുപാതത്തിൽ നിർമ്മാണ സഹായം അനുവദിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം വീട് ലഭ്യമാക്കേണ്ട ഗുണഭോക്താക്കളുടെ യോഗ്യതാലിസ്റ്റ് തയ്യാറാക്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹഡ്കോ/ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പ സമാഹരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

**ഭവന നിർമ്മാണ പദ്ധതികൾ**

214 (2249) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഫല്യം, സാന്ത്വനം, സൗഭാഗ്യം, ഗൃഹശ്രീ എന്നീ പദ്ധതികളിലൂടെ സംസ്ഥാനത്ത് നൽകിയ വീടുകളുടെ എണ്ണമെത്രയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പുതിയ പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാഫല്യം ഭവന പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ലാറ്റുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു. എറണാകുളത്ത് ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. സാന്ത്വനം പദ്ധതിയും സൗഭാഗ്യ ഭവനപദ്ധതിയും നടപ്പിലാക്കിയിട്ടില്ല. ഗൃഹശ്രീ ഭവനപദ്ധതി പ്രകാരം 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ യഥാക്രമം 525, 709, 1500 വീടുകൾക്കാണ് അനുവാദം നൽകിയിട്ടുള്ളത്. ഇതിൽ 2013-14 വർഷത്തിൽ 508 വീടുകൾക്കും 2014-15 വർഷത്തിൽ 520 വീടുകൾക്കും 2015-16 വർഷത്തിൽ 407 വീടുകൾക്കും 8-7-2016-ലെ കണക്കുപ്രകാരം സർക്കാർ സബ്സിഡി നൽകി പണി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്.

(ബി) ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>സർക്കാർ/ അർദ്ധ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാപദ്ധതി :</u>

പരമാവധി വായ്പ 12 ലക്ഷം രൂപ. തിരിച്ചടവ് കാലാവധി 12 വർഷം. പദ്ധതി അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്.

1. <u>പാരസ്പര്യം പദ്ധതി :</u>

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽനിന്നും വില്പനവില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ടി പദ്ധതിയിലൂടെ സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ള താഴെപ്പറയുന്ന പദ്ധതികൾ ബോർഡ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. എറണാകുളത്ത് പനമ്പിള്ളി നഗർ ഫ്ലാറ്റ് നിർമ്മാണ പദ്ധതി (29 ഫ്ലാറ്റുകൾ)

2. തിരുവനന്തപുരം അമ്പലനഗർ ഫ്ലാറ്റ് നിർമ്മാണ പദ്ധതി (60 ഫ്ലാറ്റുകൾ)

3. എറണാകുളത്ത് കുമാരനാശാൻ നഗർ കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (33 ഫ്ലാറ്റുകളും കമേഴ്സ്യൽ ഏരിയായും)

4. എറണാകുളം ജില്ലയിൽ തൃക്കാക്കര കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (16 ഫ്ലാറ്റുകളും കമേഴ്സ്യൽ ഏരിയായും)

5. എറണാകുളം ജില്ലയിൽ ഇരുമ്പനം കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് ഘട്ടം 1 പദ്ധതി (43 ഫ്ലാറ്റുകളും കമേഴ്സ്യൽ ഏരിയായും)

6. കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി (സൈറ്റ്II) റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ് പദ്ധതി (72 ഫ്ലാറ്റുകൾ)

7. കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം എക്സിക്യൂട്ടീവ് ഫ്ലാറ്റുകളുടെ നിർമ്മാണ പദ്ധതി (72 ഫ്ലാറ്റുകൾ)

8. കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം ഗ്രീൻ സ്കൈ വില്ലാ പദ്ധതി (45 ഫ്ലാറ്റുകൾ)

താഴെപ്പറയുന്ന 5 ഭവന പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

1. കോഴിക്കോട് മെഡിക്കൽ കോളേജിന് സമീപം റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ് പദ്ധതി (36 ഫ്ലാറ്റുകൾ)

2. തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുട കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി (10 ഫ്ലാറ്റുകളും കമേഴ്സ്യൽ ഏരിയയും)

3. എറണാകുളം ജില്ലയിൽ തൃക്കാക്കര റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ് പദ്ധതി (84 ഫ്ലാറ്റുകൾ)

4. എറണാകുളം ജില്ലയിൽ ഇരുമ്പനം കമേഴ്സ്യൽ കം റസിഡൻഷ്യൽ കോംപ്ലക്സ് പദ്ധതി ഘട്ടം II (32 ഫ്ലാറ്റുകളും കമേഴ്സ്യൽ ഏരിയായും)

5. തിരുവനന്തപുരത്ത് ആക്കുളത്ത് 22 വില്ലകൾ.

2. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി :

വനിതാ ജീവനക്കാർക്ക് വാടകയ്ക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി കേന്ദ്ര സർക്കാർ ഗ്രാന്റും കേരള സർക്കാരിന്റെ വിഹിതവും ബോർഡ് ഫണ്ടും ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

1. കാസർഗോഡ് ജില്ലയിൽ മാധൂറിൽ (109 കിടക്കകളുള്ള) WWH പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

2. കൂടാതെ കോട്ടയത്ത് ഗാന്ധിനഗറിലും (139 കിടക്കകൾ), വയനാട് ജില്ലയിൽ മാനന്തവാടിയിലും (169 കിടക്കകൾ) WWH പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**ചെലവ് കുറഞ്ഞ വീട് നിർമ്മാണത്തിന് പ്രീ ഫാബ് സാങ്കേതികവിദ്യ**

215 (2250) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് പ്രീ ഫാബ് സാങ്കേതികവിദ്യ (Pre fab technology) ജനകീയമാക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ;

(ബി) ഡോ. ലാറി ബേക്കറുടെ കെട്ടിടനിർമ്മാണ സാങ്കേതിക വിദ്യ അവലംബിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രശസ്ത വാസ്തുശിൽപ്പി പത്മശ്രീ ലാറി ബേക്കർ അവലംബിച്ച ചെലവ് കുറഞ്ഞതും പ്രകൃതിക്ക് ഇണങ്ങിയതുമായ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന 1989 മുതൽ പ്രചരിപ്പിക്കുകയും പ്രവർത്തികമാക്കിയിട്ടുള്ളതുമാണ്. ഇത് കൂടാതെ അദ്ദേഹത്തിന്റെ സ്മരണാർത്ഥം ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിച്ച്

എടുക്കുന്നതിനും, ഗവേഷണം നടത്തുന്നതിനുമായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി തിരുവല്ലം വാഴമുട്ടത്ത് 6.94 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. ഈ സ്ഥാപനത്തിന്റെ കീഴിൽ സാങ്കേതിക വിദ്യാർത്ഥികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും വിവിധ പരിശീലന പരിപാടികൾ നടന്നുവരുന്നു.

## ഗൃഹശ്രീ പദ്ധതി

216 (2251) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പദ്ധതിവഴി ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/ താഴ്ന്ന വരുമാന വിഭാഗ (LIG)ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/ എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. സ്പോൺസർ മുഖേനയാണ് ഗുണഭോക്താവ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്. ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും തിരിച്ചടവില്ലാത്ത പദ്ധതിയായതിനാൽ നടപടിക്രമങ്ങൾ പരമാവധി ലഘൂകരിച്ച് നടപ്പിലാക്കുന്ന ടി പദ്ധതി പ്രകാരം കഴിഞ്ഞ 3 വർഷം കൊണ്ട് ഏകദേശം 2,700 ഓളം ഭവനരഹിതർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ബി) 1. കുറഞ്ഞത് രണ്ടു സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ, റവന്യൂ വകുപ്പിൽനിന്നോ പഞ്ചായത്തിൽനിന്നോ, സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ.) ഗുണഭോക്താക്കൾ അർഹരാണ്.

2. കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽനിന്നോ പഞ്ചായത്തിൽനിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യരേഖയ്ക്ക് താഴെയല്ലാത്തവരും (എ.പി.എൽ.) അർഹരാണ്.

3. കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ള താഴ്ന്ന വരുമാനക്കാർക്കും (LIG) അർഹതയുണ്ട്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലു തവണകളായി ഗഡുക്കൾ ലഭിക്കുന്നതിന് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രേഖകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്.

**ഭവനരഹിതർക്ക് വീടുനിർമ്മിക്കുന്നതിനായി പദ്ധതികൾ**

217 (2252) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതർക്ക് വീടുനിർമ്മിക്കുന്നതിനായി ഭവന നിർമ്മാണവകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഭവനനിർമ്മാണ വായ്പകൾ നല്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം; ഈ വായ്പകൾക്കായി ഈടു നല്കേണ്ട സംഗതികൾ എന്തൊക്കെ; പരമാവധി ലഭ്യമാകുന്ന തുക; തിരിച്ചടവിനുള്ള പരമാവധി കാലാവധി; ഈടാക്കുന്ന പലിശ തുടങ്ങിയവയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പുതിയ വീട് നിർമ്മിക്കുന്നതിനു പുറമേ താമസയോഗ്യമായ വീട് വാങ്ങുന്നതിനും എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയത് ലഭ്യമാകുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭവനനിർമ്മാണ വകുപ്പ് സംസ്ഥാനത്തെ ഭവന രഹിതർക്ക് വീടു നിർമ്മിക്കുന്നതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. <u>ഗൃഹശ്രീ ഭവന പദ്ധതി:</u>

സ്വന്തമായി 2 സെന്റ്/ 3 സെന്റ് ഭൂമിയുള്ള/ റവന്യൂ വകുപ്പിൽനിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബല വിഭാഗം/ താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/ NGO/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 66 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. ടി പദ്ധതി പ്രകാരം സ്പോൺസറുടെ വിഹിതം 1 ലക്ഷം രൂപയും ഗുണഭോക്താവിന്റെ വിഹിതം കുറഞ്ഞത് 1 ലക്ഷം രൂപയും സർക്കാർ സബ്സിഡി തുക 2 ലക്ഷം രൂപയുമാണ്. ഇതിനായി ഗുണഭോക്താവിനെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/ NGO/ വ്യക്തിയാണ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

2. <u>സാഫല്യം ഭവന പദ്ധതി :</u>

ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടുകൂടിയും പഞ്ചായത്തുകളുടെയും സന്നദ്ധസംഘടന/ കാരുണ്യവാൻമാരായ വ്യക്തികളുടെയും സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ചു നല്കുന്ന പദ്ധതിയാണ് 'സാഫല്യം ഭവന പദ്ധതി'. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സാഫല്യം പദ്ധതി പ്രകാരം നൽകുന്ന ഫ്ലാറ്റിന്റെ 3.50 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും 25,000 രൂപ സന്നദ്ധ സംഘടന/ സ്പോൺസർ വിഹിതവും 25,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

<u>ഇന്നൊവേറ്റീവ് (അത്താണി) ഭവന പദ്ധതി :</u>

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിനു പുറത്ത് ജോലി സ്ഥലങ്ങളിൽനിന്നും വളരെ ദൂരത്തായി താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നല്കുന്ന പദ്ധതിയാണ് ഇന്നൊവേറ്റീവ് ഭവന പദ്ധതി.

(ബി) ഭവനനിർമ്മാണ വകുപ്പ് മുഖേന ഭവന നിർമ്മാണ വായ്പാ പദ്ധതികളൊന്നും തന്നെ നിലവിൽ നടപ്പിലാക്കിവരുന്നില്ല.

(സി) പുതിയ വീട് നിർമ്മിക്കുന്നതിനോ/ താമസ യോഗ്യമായ വീട് വാങ്ങുന്നതിനോ ഉള്ള ഭവന നിർമ്മാണ വായ്പാ പദ്ധതികളൊന്നും ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കിവരുന്നില്ല.

**ഭവനരഹിതർക്കുവേണ്ടി പുതിയ പാർപ്പിട പദ്ധതി**

218 (2253) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരുടെ ആകെ കണക്ക് വെളിപ്പെടുത്താമോ;

(ബി) ഭവനരഹിതർക്കുവേണ്ടി പുതിയ പാർപ്പിട പദ്ധതിയ്ക്ക് രൂപം നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭവന നിർമ്മാണ വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 4,72,000 ഭവനരഹിതരുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) എല്ലാവർക്കും വീട് പദ്ധതി :

സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22,000 വീടുകളും അനുവദിക്കുന്ന "എല്ലാവർക്കും വീട്" പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി 2 സെന്റ് ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് 7,000 വീടുകൾ നിർമ്മിച്ചു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഭവന നിർമ്മാണ ബോർഡു മുഖേനയാണ് നടപ്പിലാക്കുന്നത്.

**പാവപ്പെട്ടവർക്കായുള്ള ഭവനനിർമ്മാണ പദ്ധതി**

219 (2254) ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. കെ. ബാബു :

ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ പ്രഖ്യാപിച്ച ,പാവപ്പെട്ടവർക്കായുള്ള ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ; ഈ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ പദ്ധതികൾക്കായി 2015-2016 ബജറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ പെട്രോൾ, ഡീസൽ എന്നിവയുടെ അധിക വിൽപ്പന നികുതിയിനത്തിൽ എത്ര തുക സമാഹരിച്ചു എന്നും പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചു എന്നും പാവപ്പെട്ടവർക്കായുള്ള ഭവന നിർമ്മാണത്തിനല്ലാതെ മറ്റേതെല്ലാം ആവശ്യത്തിനായി ഇങ്ങനെ സമാഹരിച്ച തുക ഉപയോഗിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഭവന രഹിതർക്കായി സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് മുഖേന ഭവന നിർമ്മാണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഗൃഹശ്രീ ഭവന പദ്ധതി:-

സംസ്ഥാനത്ത് ഭവന രഹിതരായ സ്വന്തമായി 2 സെന്റ് / 3 സെന്റ് ഭൂമിയുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/ കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ വീട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 2 ലക്ഷം രൂപ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതാണ് ഗൃഹശ്രീ ഭവന പദ്ധതി. ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും തിരിച്ചടവില്ലാത്ത പദ്ധതിയായതിനാൽ നടപടിക്രമങ്ങൾ പരമാവധി ലഘൂകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയിൽ കഴിഞ്ഞ 3 വർഷംകൊണ്ട് ഏകദേശം 2700 ഓളം ഭവന രഹിതർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

സാഫല്യം ഭവന പദ്ധതി :

ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂ-ഭവന രഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയോടുകൂടിയും പഞ്ചായത്തുകളുടെയും സന്നദ്ധ സംഘടന/ കാരുണ്യവാൻമാരായ വ്യക്തികളുടെയും സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ച് നല്കുക എന്നതാണ് സാഫല്യം ഭവന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ഹഡ്കോ വായ്പ സമാഹരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നത്. എന്നാൽ ഹഡ്കോ വായ്പ സമാഹരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ടി തുക പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിലൂടെ 312 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുവെങ്കിലും പഞ്ചായത്തുകളുടെ നിസ്സഹകരണംമൂലം പല പദ്ധതികളും നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അതിൽ കൊല്ലത്ത് ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളുടെയും എറണാകുളത്ത് ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

എല്ലാവർക്കും വീട് പദ്ധതി :

സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള 75000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75,000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതി പ്രകാരം 22000 വീടുകളും അനുവദിക്കുന്ന "എല്ലാവർക്കും വീട്" പദ്ധതിയുടെ ഒന്നാംഘട്ടം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി 2 സെന്റ് ഭൂമി സ്വന്തമായുള്ള ബി.പി.എൽ. വിഭാഗത്തിലുള്ളവർക്ക് 7000 വീടുകൾ നിർമ്മിച്ചു നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ അധിക വില്പന നികുതിയായി 408.33 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ ജൂൺ 30 വരെ 120.93 കോടി രൂപയും ലഭിച്ചിട്ടുണ്ട്. പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ചുമത്തിയിട്ടുള്ള ഒരു രൂപ അധിക വിൽപ്പന നികുതിയുടെ 50% തുക എല്ലാവർക്കും വീട് പദ്ധതിയുടെ ഒന്നാംഘട്ടത്തിന് ആവശ്യമായ റവന്യൂ സമാഹരണത്തിന് മാറ്റിവയ്ക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ലാത്തതിനാൽ തുകയൊന്നും പിൻവലിച്ചിട്ടില്ല.

## ദേശീയ മത്സ്യനയം

220 (2255) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മത്സ്യനയം കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ഏത് വിധത്തിലാണ് ബാധിക്കുക എന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയ മത്സ്യനയം തയ്യാറാക്കുന്ന സമിതിയിൽ കേരളത്തിന് പ്രാതിനിധ്യം ഉണ്ടോ; ഇല്ലെങ്കിൽ പ്രാതിനിധ്യം വേണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ദേശീയ സമുദ്രനയത്തിന്റെ കരട് പരിശോധിക്കാനും ആശങ്കകളും നിർദ്ദേശങ്ങളും സമർപ്പിക്കാനും കേരളത്തോട് ആവശ്യപ്പെട്ടിരുന്നോ ; എങ്കിൽ 2016 ജൂൺ ഒന്നിനു ഡൽഹിയിൽ ഇത് സംബന്ധിച്ച യോഗത്തിൽ കേരളത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; വിശദമാക്കുമോ?

### ഉത്തരം

(എ) നിലവിലെ ദേശീയ മത്സ്യനയം കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. നിലവിലെ മത്സ്യനയപ്രകാരം 12 നോട്ടിക്കൽ മൈലിനപ്പുറം മത്സ്യബന്ധനം നടത്തുന്നതിന് കേരളത്തിലെ മത്സ്യ തൊഴിലാളികൾക്ക് കഴിയാതെ വരും. മത്സ്യബന്ധനം നടത്തുന്നതിന് 12 നോട്ടിക്കൽ മൈലിനപ്പുറം LOP വേണ്ടിവരും. ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കപ്പലുകൾക്കും സംയുക്ത സംരംഭങ്ങൾക്കും നിലവിലുള്ള ദേശീയ മത്സ്യനയ പ്രകാരം അനുമതി നൽകി വരുന്നത് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാണ്.

(ബി) ഇല്ല. പ്രാതിനിധ്യം വേണമെന്ന് കേന്ദ്രത്തോട് കേരളം ആവശ്യപ്പെട്ടിരുന്നു. അവസാനത്തെ സിറ്റിംഗിൽ ഒരു പ്രതിനിധിയെ ക്ഷണിതാവായി പങ്കെടുപ്പിക്കാൻ അറിയിക്കുകയുണ്ടായി.

(സി) ദേശീയ സമുദ്ര നയത്തിൽമേലുള്ള നിർദ്ദേശങ്ങളും ആശങ്കകളും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മീറ്റിംഗിൽ മത്സ്യത്തൊഴിലാളികളുടെ

പ്രതിനിധികളെ പങ്കെടുപ്പിച്ചിരുന്നില്ല. മുൻ സർക്കാരിനോട് 17-2-2016-ൽ കേന്ദ്ര കൃഷി, മൃഗസംരക്ഷണം, ഡയറി, ഫിഷറീസ് മന്ത്രാലയം ഡോ. എസ്. അയ്യപ്പൻ കമ്മിറ്റിയിലേക്ക് സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സംഘടനകളുടെ ഒരു പ്രതിനിധിയെ തർക്കരഹിതമായി കണ്ടെത്തി പ്രത്യേക ക്ഷണിതാവായി നാമനിർദ്ദേശം നൽകാൻ അഭ്യർത്ഥിച്ചിരുന്നെങ്കിലും യഥാസമയം മുൻ സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാതിരുന്നതുകൊണ്ട് കേരളത്തിന്റെ പ്രതിനിധിയെ അയയ്ക്കുവാൻ അവസരം ഇല്ലാതായി. എങ്കിലും മത്സ്യഫെഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി പി. രേഖ കേരള സർക്കാരിനെ പ്രതിനിധീകരിച്ച് സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിംഗിൽ പങ്കെടുത്തിരുന്നു.

## വിദേശ ജയിലുകളിലുള്ള കേരള മത്സ്യത്തൊഴിലാളികൾ

221 (2256) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്രാതിർത്തി ലംഘിച്ചതു കാരണം മറ്റ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ ജയിൽമോചിതരാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ;

(സി) ഇങ്ങനെ സമുദ്രാതിർത്തി ലംഘിച്ചാൽ ഉണ്ടാകുന്ന സാഹചര്യം വ്യക്തമാക്കാമോ ;

(ഡി) കേരളത്തിലെ മത്സ്യത്തൊഴിലാളികൾ സമുദ്രാതിർത്തി ലംഘിക്കുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) സമുദ്രാതിർത്തി ലംഘിച്ചതു കാരണം മറ്റ് രാജ്യങ്ങളിലെ ജയിലുകളിൽ ഇപ്പോൾ കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഒന്നും ഉള്ളതായി വിവരം ലഭിച്ചിട്ടില്ല. ബ്രിട്ടീഷ് ഇന്ത്യൻ ഓഷ്യൻ ടെറിട്ടറി (BIOT)യിൽ മത്സ്യബന്ധനം നടത്തിയതിന് ഡീഗോ ഗാർഷ്യ ദ്വീപിൽ തടവിലായ 5 കേരള മത്സ്യത്തൊഴിലാളികൾ മോചിതരായി സ്വന്തം ദേശത്തിൽ തിരികെ എത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത രാജ്യത്തെ നിയമപ്രകാരം ചുമത്തിയ പിഴ അടച്ചതിനാലാണ് ടി 5 കേരള മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ 19 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ മോചിപ്പിച്ചത്. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് നയതന്ത്ര തലത്തിൽ നടത്തിയ ഇടപെടലുകളും ഇവരുടെ മോചനത്തിന് സഹായകമായി.

(സി) 12 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനം നടത്തുന്നതിനാണ് KMFR Act പ്രകാരം ഫിഷിംഗ് ലൈസൻസ് നൽകുന്നത്. മത്സ്യ ലഭ്യത കുറയുമ്പോൾ മത്സ്യത്തൊഴിലാളികൾ മത്സ്യം ലഭ്യമാകുന്ന സ്ഥലം തേടി പോകുകയും അതിർത്തി ലംഘിച്ച് മറ്റ് രാജ്യങ്ങളുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നടത്തുകയും സുരക്ഷാകാരണങ്ങളാൽ പിടിയിലാവുകയും ചെയ്യുന്നു. അതാത് രാജ്യങ്ങളിലെ നിയമ വ്യവസ്ഥയ്ക്ക് അനുസരിച്ചായിരിക്കും തുടർ ശിക്ഷാനടപടികൾ ഉണ്ടാകുന്നത്.

(ഡി) മറ്റ് രാജ്യങ്ങളുടെ സമുദ്രാതിർത്തി ലംഘിച്ചിട്ടുള്ള അനധികൃത മത്സ്യബന്ധനം രാജ്യങ്ങൾ തമ്മിലുള്ള ഉഭയകക്ഷി ബന്ധങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും നിയമലംഘനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് അതാത് രാജ്യത്തെ തീരസംരക്ഷണ സേനയുടെ നടപടി ഉണ്ടാകുമെന്നതും കാരണം ഇത്തരത്തിലുള്ള അനധികൃത മത്സ്യബന്ധനം തടയുന്നതിന് തീരസംരക്ഷണസേന, നാവികസേന, തീരദേശ പോലീസ്, ഫിഷറീസ് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ അപ്രകാരം പിടിയിലാകുന്ന മത്സ്യത്തൊഴിലാളികൾ അതത് രാജ്യത്തെ നിയമപ്രകാരമുള്ള ശിക്ഷയ്ക്കും വിധേയമാകും എന്നകാര്യം മത്സ്യത്തൊഴിലാളികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. ഇപ്രകാരം സമുദ്രാതിർത്തി ലംഘിച്ചുള്ള മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾ പിടിച്ചെടുത്ത് പിഴ ചുമത്തുക, രജിസ്ട്രേഷൻ/ ലൈസൻസ് എന്നിവ റദ്ദു ചെയ്യുക, നിയമലംഘനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ ക്ഷേമനിധി അംഗത്വം, ബയോമെട്രിക് ഐഡന്റിറ്റി കാർഡ് എന്നിവ റദ്ദുചെയ്യുക എന്നീ നടപടികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരികയാണ്. ഈ വിഷയത്തിൽ മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഇത്തരം നടപടികൾ ശക്തിപ്പെടുത്തുന്നതിന് ഫിഷറീസ് കോസ്റ്റൽ പോലീസ്, ഇന്ത്യൻ നേവി, കോസ്റ്റ് ഗാർഡ് എന്നീ വിവിധ തീരസുരക്ഷാ ഏജൻസികളുടെ സംസ്ഥാനതല ചുമതലക്കാരുടെ ഒരു യോഗം 7-7-2016-ന് കൊച്ചിയിൽ വിളിച്ച് ചേർത്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## തീരദേശ വികസന ഏജൻസിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ

222 (2257) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന ഏജൻസിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത വികസന ഏജൻസിയുടെ കീഴിൽ എറണാകുളം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾ ഇപ്പോൾ നടന്നുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽ മത്സ്യ തൊഴിലാളികളായ തീരദേശ ജനതക്ക് സഹായകരമായ കിടത്തി ചികിത്സാ സൗകര്യത്തോടെയുള്ള ആശുപത്രി സ്ഥാപിക്കുവാൻ നിർദ്ദേശമുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണന രംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. സമഗ്ര തീരദേശ വികസന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന പദ്ധതി, മാതൃകാ മത്സ്യഗ്രാമം പദ്ധതി, ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മാണം, കടൽസുരക്ഷാ പദ്ധതി, ആഴക്കടൽ മത്സ്യബന്ധന പദ്ധതി, കൃത്രിമപാര് നിർമ്മാണം, കോൾഡ് ചെയിൻ സംവിധാനം, മൂല്യവർദ്ധിത മത്സ്യഉല്പന്ന നിർമ്മാണം തുടങ്ങിയവയാണ് ഈ ലക്ഷ്യം മുൻനിർത്തി തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന എറണാകുളം ജില്ലയിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സാ സംവിധാനം ഒരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ചെല്ലാനം പഞ്ചായത്ത് അധികൃതർ തീരദേശ വികസന കോർപ്പറേഷനോട് ആവശ്യപ്പെട്ടതനുസരിച്ച് തീരദേശ വികസന കോർപ്പറേഷൻ ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസുമായി ചർച്ച ചെയ്തതിൽ പ്രസ്തുത പ്രൈമറി ഹെൽത്ത് സെന്ററിൽ ആവശ്യത്തിനുള്ള സ്റ്റാഫ് ഇല്ലായെന്നും സാധാരണ പ്രൈമറി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സാ സംവിധാനം ഏർപ്പെടുത്തുകയില്ലായെന്നും അറിയിച്ചതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## തീരദേശ റോഡുകളുടെ നിർമ്മാണം

223 (2258) <u>ശ്രീ. ഹൈബി ഈഡൻ</u> :

<u>ശ്രീ. വി. എസ്. ശിവകുമാർ</u> :

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ റോഡുകൾ നിർമ്മിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 2009-10 സാമ്പത്തിക വർഷം മുതൽ 'തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതി'യിൽ ഉൾപ്പെടുത്തി തീരദേശ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

(ബി) തീരദേശ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, കായൽ/റിസർവോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളാണ് 'തീരദേശ

റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതി'യിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. ടി തീരദേശ റോഡുകളുടെ നിർമ്മാണം/പുനരുദ്ധാരണത്തിലൂടെ ചുരുങ്ങിയ സമയത്തിനുള്ളിൽ മത്സ്യ വിപണനം സാധ്യമാക്കുകയും അവിടത്തെ മത്സ്യത്തൊഴിലാളികളുടെ യാത്രാസൗകര്യം സുഗമമാക്കുകയും തദ്വാരാ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) എം.എൽ.എ./എം.പി./മറ്റ് ജനപ്രതിനിധികൾ എന്നിവർ ശിപാർശ ചെയ്യുന്ന റോഡുകൾ സർക്കാർ തലത്തിൽ പരിശോധിച്ച് അംഗീകരിച്ച് നൽകുന്ന ലിസ്റ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ സമർപ്പിക്കുകയും ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തുവരുന്നു.

**മാതൃകാ മത്സ്യഗ്രാമം പദ്ധതി**

224 (2259) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെല്ലാനം, മറവക്കാട്, കണ്ടക്കടവ്, കണ്ണമാലി എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന മാതൃകാ മത്സ്യഗ്രാമം പദ്ധതി പ്രവർത്തനങ്ങൾക്കായി ഇതുവരെ ചെലവാക്കിയ തുകയുടേയും നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ചെല്ലാനം, മറവക്കാട്, കണ്ടക്കടവ്, കണ്ണമാലി എന്നിവിടങ്ങളിൽ പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിനായി 2.5 ലക്ഷം രൂപയുടെ ധനസഹായത്തിന് അർഹരായവരുടെ പട്ടികയിലുള്ള മുഴുവൻ ആളുകൾക്കും ധനസഹായ വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) മേൽപ്പട്ടികയിൽനിന്നും ഇനിയും ധനസഹായം വിതരണം ചെയ്തിട്ടില്ലാത്തവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മാതൃകാ മത്സ്യഗ്രാമം പദ്ധതികൾക്കായി ഇതുവരെ 684 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായ ഭവന- പുനരുദ്ധാരണ പ്രവർത്തനത്തിന് പ്രസ്തുത മത്സ്യഗ്രാമങ്ങളിലായി ആകെ 18,50,000 രൂപയും സാനിട്ടേഷൻ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ആകെ 76,35,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം അനുവദിച്ച 284 യൂണിറ്റുകളിൽ 274 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

(സി) ഈ പദ്ധതിയിൽ ഉൾപ്പെട്ട 10 ഗുണഭോക്താക്കളുടെ സ്ഥലം ചെല്ലാനം ഫിഷിംഗ് ഹാർബറിന് വേണ്ടി ഏറ്റെടുക്കുന്നതിനുള്ള നടപടികളിൽപ്പെട്ടതിനാൽ ഇവർക്ക് ധനസഹായം നൽകിയില്ല. ഇവരുടെ വിവരങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | മേൽ വിലാസം | ക്ഷേമനിധി നമ്പർ |
|---|---|---|
| 1 | സെബാസ്റ്റ്യൻ S/o ഔസേപ്പുകുട്ടി, പള്ളിക്കത്തയ്യിൽ, ഹൗസ് നമ്പർ 17/116, ചെല്ലാനം | ഇ 14/368 |
| 2 | ചാൾസ് S/o ആന്റണി, പുത്രയിൽ വീട്, നമ്പർ 17/137, ചെല്ലാനം | ഇ 14/1744 |
| 3 | തോമസ്. വി.ജി. S/o ജോർജ്ജ്, വാഴക്കൂട്ടത്തിൽ വീട്, ഹൗസ് നമ്പർ 17/135, ചെല്ലാനം | ഇ 14/1784 |
| 4 | ജോസഫ് S/o സേവ്യർ, അറക്കൽ വീട്, ഹൗസ് നമ്പർ 17/134, ചെല്ലാനം | ഇ 14/1027 |
| 5 | അലോഷ്യസ് S/o ഹെർബൾട്ട്, പറയകാട്ടിൽ, ഹൗസ് നമ്പർ 17/133 | ഇ 14/355 |
| 6 | സേവ്യർ (മാർട്ടിൻ) S/o സേവ്യർ കൈതവളപ്പിൽ, ഹൗസ് നമ്പർ 17/132, ചെല്ലാനം | ഇ 14/1467 |
| 7 | എ.ജെ.ജോൺ,അറക്കൽവീട്, ഹൗസ് നമ്പർ 17/138, ചെല്ലാനം (പെൻഷണർ) | - |
| 8 | സിൽവസ്റ്റർ S/o ആഞ്ചലോസ് ആല്യംപറമ്പിൽ, ഹൗസ് നമ്പർ 17/131, ചെല്ലാനം | ഇ 14/352 |
| 9 | അൽഫോൺസ് (ആൽബി) S/o ജോസഫ്, തൈവീട്ടിൽ, ഹൗസ് നമ്പർ 17/130, ചെല്ലാനം | ഇ 14/1389 |
| 10 | ഗണേഷൻ, ശ്രീധരീയം, സൗത്ത് ചെല്ലാനം | - |

## കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

225 (2260) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ചുമതലയിൽ ഏതൊക്കെ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്; പ്രസ്തുത ആവശ്യത്തിലേക്കുള്ള പണം ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ് കോർപ്പറേഷൻ കണ്ടെത്തുന്നത്; വിശദാംശം അറിയിക്കുമോ;

(ബി) കൊല്ലം ജില്ലയിൽ കോർപ്പറേഷൻ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ള പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും നിലവിൽ പൂർത്തീകരിക്കുവാനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(സി) പുതുതായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം, മത്സ്യവിതരണ വിപണനരംഗത്തെ ആധുനികവൽകരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം എന്നിവ പ്രധാന ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന് പുറമെ കേന്ദ്ര സർക്കാർ, എൻ.എഫ്.ഡി.ബി., നബാർഡ് തുടങ്ങി മറ്റു ദേശീയ ധനസഹായ സ്ഥാപനങ്ങൾ വഴിയുള്ള സാമ്പത്തിക സ്രോതസ്സുകളിൽനിന്നും ഫണ്ട് സ്വരൂപിച്ച് പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) കൊല്ലം ജില്ലയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുള്ളതും പൂർത്തീകരിക്കാനുള്ളതുമായ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 2015-16 കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 18 കോടി രൂപയുടെ ആരോഗ്യ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം, സാനിറ്റേഷൻ പദ്ധതികൾ, അംഗൻവാടികൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം 29.18 കോടി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

രൂപയുടെ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും, 1.73 കോടി രൂപയുടെ ആരോഗ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും, 55 ലക്ഷം രൂപയുടെ സാനിട്ടേഷൻ പദ്ധതികളും നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 21.80 കോടി രൂപയുടെ 10 വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ വികസന പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

**ഉൾനാടൻ മത്സ്യസമ്പത്തിലുണ്ടായ കുറവ്**

226 (2261) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉൾനാടൻ മത്സ്യസമ്പത്തിലുണ്ടായ കുറവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ;

(ബി) ഉൾനാടൻ മത്സ്യസമ്പത്തിലുൾപ്പെട്ടിരുന്ന പരമ്പരാഗത മത്സ്യ ഇനങ്ങളിൽ ചിലതിന്റെ വംശനാശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇനിയും അവശേഷിക്കുന്നതും വംശനാശം സംഭവിക്കാത്തതുമായ മത്സ്യ ഇനങ്ങളുടെ വംശം നിലനിർത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ;

(സി) ഉൾനാടൻ മത്സ്യസമ്പത്തിലെ പരമ്പരാഗത ഇനങ്ങളുടെ കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ) ഇല്ല. ഉൾനാടൻ മത്സ്യഉൽപ്പാദനത്തിന്റെ അധിക വർദ്ധനവ് ലക്ഷ്യമിട്ട് സംസ്ഥാന ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി പദ്ധതി മുഖാന്തരം ഉൾനാടൻ മത്സ്യസമ്പത്തിന്റെ അളവ് വർദ്ധിച്ചുവരികയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിന്റെ കഴിഞ്ഞ ആറു വർഷത്തെ കണക്ക് താഴെ പറയും പ്രകാരമാണ്.

| വർഷം | ഉൾനാടൻമത്സ്യഉൽപാദനം(മെട്രിക് ടൺ) |
|---|---|
| 2010-11 | 1.21 |
| 2011-12 | 1.40 |
| 2012-13 | 1.49 |
| 2013-14 | 1.86 |
| 2014-15 | 2.02 |
| 2015-16 | 2.11 |

(ബി) ഉൾനാടൻ മത്സ്യമേഖലയിലെ കേന്ദ്ര സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളുടെ പഠന റിപ്പോർട്ടിന്മേൽ പരമ്പരാഗത മത്സ്യ ഇനങ്ങളിൽ ചിലതിന് വംശനാശ ഭീഷണി നേരിടുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്തിൽ ഉൾപ്പെട്ടിട്ടുള്ളതും പരമ്പരാഗത മത്സ്യ ഇനങ്ങളിൽ വംശനാശ ഭീഷണി നേരിടുന്നതും സംസ്ഥാന മത്സ്യവുമായ കരിമീനിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സംരക്ഷണത്തിനും ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യ സമൃദ്ധി II പദ്ധതി മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കോട്ടയം ജില്ലയിലെ കുമരകം, ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കൊളച്ചേരി, പത്തനംതിട്ട ജില്ലയിലെ പമ്പ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, കൊല്ലം ജില്ലയിലെ ചേലൂർ കായൽ എന്നിവിടങ്ങളിലായി 7 മത്സ്യസങ്കേതങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പൊതു ജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം പദ്ധതിയിൽ പരമ്പരാഗത മത്സ്യ ഇനങ്ങളായ കരിമീൻ, പൂമീൻ തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ വിവിധ പൊതു ജലാശയങ്ങളിലായി നിക്ഷേപിച്ചു വരുന്നു. ഈ പദ്ധതിക്കുവേണ്ടി ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം 3 വർഷത്തേക്ക് 210 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത മത്സ്യക്കുഞ്ഞുങ്ങളെ പൊതു ജലാശയങ്ങളിൽ സോഷ്യൽ ഫിഷറീസ്, സീ റാഞ്ചിംഗ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ

ജില്ലകളിലെ വിവിധ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2015-16 വർഷം 6 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾക്ക് അനുവദിച്ചു നൽകിയിരുന്നു. ടി തുക ഉപയോഗിച്ച് 729000 പൂമീൻ കുഞ്ഞുങ്ങളെ മേൽപ്പറഞ്ഞ ജില്ലകളിലെ പൊതു ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ പൊതു ജലാശയത്തിൽ മത്സ്യ/കൊഞ്ചു കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 5 ലക്ഷം രൂപ വീതം 9 ജില്ലകൾക്ക് മൊത്തം 45 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

കോട്ടയം ജില്ലയിലെ കുമരകം, ആലപ്പുഴ ജില്ലയിലെ നീലംപേരൂർ, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കൊളച്ചേരി, പത്തനംതിട്ട ജില്ലയിലെ പമ്പ, എറണാകുളം ജില്ലയിലെ ചേലൂർ കായൽ എന്നിവിടങ്ങളിലായി 7 മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുകയും കുമരകം മത്സ്യസങ്കേതത്തിൽ കരിമീൻ കുഞ്ഞുങ്ങളേയും നീലംപേരൂർ മത്സ്യസങ്കേതത്തിൽ 2460795 ആറ്റുകൊഞ്ച് കുഞ്ഞുങ്ങളേയും, പമ്പാ നദിയിൽ 31815 കരിമീൻ, 8600 പൂമീൻ, 339008 ആറ്റുകെഞ്ച് കുഞ്ഞുങ്ങളേയും എറണാകുളം പിറവം ഗ്രാമ പഞ്ചായത്തിലെ മൂവാറ്റുപുഴ ആറിൽ 602308 ആറ്റുകൊഞ്ചും 4736 കരിമീൻ, കൊല്ലം ജില്ലയിലെ ചേലൂർ കായലിൽ 24400 പൂമീൻ, 626441 ആറ്റുകൊഞ്ച്, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മത്സ്യസങ്കേതത്തിൽ 24022 കരിമീൻ കുഞ്ഞുങ്ങൾ, കുളച്ചേരി മത്സ്യസങ്കേതത്തിൽ 10550 കരിമീൻ, 108878 ആറ്റുകൊഞ്ച്, 6500 പൂമീൻ എന്നിവയുടെ നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ട്.

**ഉൾനാടൻ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന്**

227 (2262) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്ന തരത്തിൽ മത്സ്യകൃഷി വിപുലപെടുത്താൻ പുതിയ പദ്ധതികൾ തയ്യാറാക്കുമോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉൾനാടൻ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് നേരിട്ട് നടത്തിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി-II. ടി പദ്ധതിയിലൂടെ കേരളത്തിലെ 14 ജില്ലകളിലായി അനുയോജ്യമായ ശുദ്ധജല, ഓരുജല പ്രദേശങ്ങൾ ഉപയുക്തമാക്കി മത്സ്യകൃഷി നടത്തിവരുന്നു. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം 2015-18 വർഷകാലയളവിൽ 1.5 ലക്ഷം ടൺ അധികമായി ഉയർത്തുക എന്നാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ മത്സ്യകൃഷി വികസനത്തിനായി 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ മത്സ്യകർഷക വികസന ഏജൻസി (എഫ്.എഫ്.ഡി.) മുഖേന പുതിയ കുളങ്ങളുടെ നിർമ്മാണത്തിന് ധനസഹായം, കുളങ്ങളുടെ നവീകരണം, ഇൻപുട്ട് സബ്സിഡി, റിസർവ്വോയർ ഫിഷറീസ്, നൂതന മത്സ്യകൃഷി രീതികൾക്കുള്ള ധനസഹായം, മത്സ്യകർഷകർക്കുള്ള പരിശീലനം എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷിരീതികൾ വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം നൂതന മത്സ്യകൃഷിയുടെ ഡെമോൺസ്ട്രേഷൻ ഫാമുകൾ നടപ്പിലാക്കുന്നതിന് 5.50 കോടി രൂപയുടെ പദ്ധതി 2016-17 വർഷം തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഓരുജല മത്സ്യങ്ങളുടെ സമ്മിശ്ര മത്സ്യകൃഷി, കൂടുകൃഷി, റിസർവ്വോയറുകളിലെ കൂടുകൃഷി, SPF (Specific Pathogen Free) കാരചെമ്മീൻ കൃഷി, കുളങ്ങളിലെ ആറ്റുകൊഞ്ചുകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, സമുദ്രങ്ങളിൽ മുത്തുച്ചിപ്പി, കല്ലുമ്മേക്കായ് എന്നിവയുടെ കൃഷി എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെ അനുബന്ധ ഏജൻസിയായ അഡാക്ക് മുഖേന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമാറ്റിക്ക് ചേഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന്റെ ധനസഹായത്തോടെ കൈപ്പാട് പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ നെൽകൃഷി പദ്ധതി നടപ്പാക്കി വരുന്നു. മത്സ്യഫെഡിന്റെ കീഴിൽ കൊല്ലം ജില്ലയിലെ തിരുമുല്ലവാരം, തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം, മലപ്പുറം ജില്ലയിലെ വെളിയംകോട്, കണ്ണൂർ ജില്ലയിലെ മാപ്പിളബേ എന്നീ സ്ഥലങ്ങളിൽ ഓരോ ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ടി ഹാച്ചറികളിൽ കാര, നാരൻ, ആറ്റുകൊഞ്ച് എന്നിവ ഉല്പാദിപ്പിച്ച് മത്സ്യകർഷകർക്ക് വിതരണം ചെയ്യുകയും മത്സ്യകൃഷിക്കുവേണ്ടി സാങ്കേതിക സഹായം നൽകുകയും ചെയ്തുവരുന്നു.

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്ന തരത്തിൽ നേരിട്ടും മത്സ്യസമൃദ്ധി പദ്ധതിയിലൂടെയും ഏജൻസികൾ മുഖേനയും പൊതു ജലാശയങ്ങളിൽ മത്സ്യ-കൊഞ്ചു നിക്ഷേപം നടത്തി (ഓപ്പൺ വാട്ടർ

റാഞ്ചിംഗ്) മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്ന തരത്തിൽ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2015-16 വർഷം 6 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, ജില്ലകൾക്ക് അനുവദിച്ചു നൽകിയിരുന്നു. ടി തുക വിനിയോഗിച്ച് 7,29,000 പൂമീൻ കുഞ്ഞുങ്ങളെ മേൽ പറഞ്ഞ ജില്ലകളിലെ പൊതു ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ പൊതു ജലാശയങ്ങളിൽ മത്സ്യ/കൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി 5 ലക്ഷം രൂപ വീതം 9 ജില്ലകൾക്ക് മൊത്തം 45 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മത്സ്യ സമൃദ്ധി - II പദ്ധതിയിലൂടെ പൊതു ജലാശയങ്ങളിലെ (സോഷ്യൽ ഫിഷറീസ്) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം മൂന്ന് വർഷ കാലയളവിലേക്ക് 210 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. പൊതു ജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതി വ്യാപകമാക്കിയതിലൂടെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിക്കുകയും പരമ്പരാഗത അനുബന്ധ മത്സ്യത്തൊഴിലാളികളുടെ തൊഴിലും വരുമാന മാർഗ്ഗവും വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.

**മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന-തുറമുഖ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

228 (2263) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാറിന്റെ കാലത്ത് മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധന-തുറമുഖ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മാവേലിക്കര മുനിസിപ്പാലിറ്റിയിലും ചുനക്കര പഞ്ചായത്തിലും ആധുനിക സൗകര്യങ്ങളുള്ള മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) തീരദേശ വികസന കോർപ്പറേഷൻ മുഖേന മുൻസർക്കാരിന്റെ കാലത്ത് മാവേലിക്കര നിയോജക മണ്ഡലത്തിലെ പാലമേലിൽ 174.61 ലക്ഷം രൂപയുടെ ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു. ആലപ്പുഴ ജില്ലയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് താഴെപ്പറയുന്ന ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ഭവന നിർമ്മാണ പദ്ധതി
2. ഭവന അറ്റകുറ്റപ്പണി
3. ടോയ്‌ലറ്റ് നിർമ്മാണം
4. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം
5. സമ്പാദ്യസമാശ്വാസ പദ്ധതി
6. പൊതു ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം

മുൻ സർക്കാരിന്റെ കാലത്ത് മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 75.30 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | റോഡിന്റെ പേര് | ഭരണാനുമതിതുക ലക്ഷത്തിൽ | പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | തിരുഹൃദയക്കുന്ന് മുതൽ വിശ്വഭവനം മുക്ക്‌വരെയുള്ള റോഡ് | 8.8 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| 2 | കൈപ്പള്ളിക്കടവ് മുതൽ മേലോട്ടിൽമുക്ക് വരെയുള്ള റോഡ് | 18.00 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| 3 | പുലിമേൽ കല്ലരിക്കുന്നേൽ മുതൽ വള്ളക്കടവ് വരെയുള്ള റോഡ് | 20.5 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |
| 4 | പ്രായിക്കര തറയിൽമുക്ക് കടത്തുകടവ് റോഡ് | 28.00 | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

(ബി) മാവേലിക്കര മുനിസിപ്പാലിറ്റിയിലും ചുനക്കര പഞ്ചായത്തിലും ആധുനിക സൗകര്യങ്ങളുള്ള മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്ന് ആവശ്യം ഉന്നയിക്കുന്നപക്ഷം ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്ന കാര്യം പഠന വിധേയമാക്കുന്നതാണ്.

**ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിന് സാമ്പത്തിക സഹായം**

229 (2264) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിന് സാമ്പത്തിക സഹായം തേടിയുള്ള എത്ര അപേക്ഷകൾ ചങ്ങനാശ്ശേരി താലൂക്കിൽ നിന്ന് ലഭിച്ചിട്ടുണ്ട് ;

(ബി) എത്ര അപേക്ഷകൾക്ക് അനുവാദം നൽകിയിട്ടുണ്ട്:

(സി) ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധി യുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യം വളർത്തുന്നതിന് സാമ്പത്തിക സഹായം തേടി ചങ്ങനാശ്ശേരി താലൂക്കിൽ നിന്ന് മത്സ്യസമൃദ്ധി പദ്ധതി മുഖേന 281 അപേക്ഷകളും അഡാക്ക് മുഖേന 2 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) മത്സ്യകർഷക വികസന ഏജൻസി മുഖേന ലഭ്യമായ 281 അപേക്ഷകളിൽ 158 അപേക്ഷകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. അഡാക്ക് മുഖേന 2 അപേക്ഷകൾക്കും അനുവാദം നൽകി എങ്കിലും ഒരു അപേക്ഷകൻ മാത്രമാണ് മത്സ്യകൃഷി നടപ്പിലാക്കിയത്.

(സി) ഉണ്ട്. 2016 ഒക്ടോബർ 15 വരെയാണ് സമയ പരിധി.

**അഡാക്കിന്റെ ലാഭ നഷ്ടക്കണക്കുകൾ**

230 (2265) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡാക്കിന്റെ കീഴിലുള്ള ഫാമുകൾ, ഹാച്ചറികൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ കഴിഞ്ഞ 5 വർഷത്തെ ലാഭ നഷ്ടക്കണക്കുകൾ പ്രത്യേകം പ്രത്യേകം സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവയെ ലാഭത്തിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അഡാക്കിന്റെ കീഴിലുള്ള ഫാമുകൾ, ഹാച്ചറികൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ കഴിഞ്ഞ 5 വർഷത്തെ ലാഭനഷ്ടക്കണക്കുകൾ അനുബന്ധമായി ഉൾപ്പെടുത്തുന്നു*.

(ബി) അഡാക്കിന്റെ നിയന്ത്രണത്തിലുള്ള നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന ഫാമുകളും മറ്റ് സ്ഥാപനങ്ങളും ലാഭത്തിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരികയാണ്. എരഞ്ഞോളി ഫിഷ് ഫാമിൽ പൂമീൻ ഉൾപ്പെടെ വിവിധയിനം മത്സ്യങ്ങൾ കൃഷി ചെയ്ത് ഫാം ലാഭത്തിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പൊയ്യാ ഫാമിൽ RKVY പദ്ധതി പ്രകാരം പുതുക്കി പണിത കുളങ്ങളിൽ നൂതന മത്സ്യകൃഷി രീതികളിലൂടെ മത്സ്യം, ചെമ്മീൻ, ഞണ്ട് എന്നിവ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയിരംതെങ്ങ് ഫിഷ് ഫാമിൽ 2014-15 സാമ്പത്തിക വർഷം മുതൽ നൂതന മത്സ്യകൃഷി സംരംഭങ്ങളായ സമുദ്ര/ ഓരുജല മത്സ്യങ്ങളുടെ കൂടുകൃഷി, വലവളപ്പുകളിലെ കൃഷി, കുളങ്ങളിലെ മത്സ്യകൃഷി, കരിമീൻ വിത്തുൽപ്പാദനം തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയതിലൂടെ 2015-16 സാമ്പത്തിക വർഷത്തിൽ ലാഭം കൈവരിക്കാൻ കഴിഞ്ഞു.

**ചങ്ങനാശ്ശേരി കുമരങ്കേരി പാലം - തെക്കേടം ബണ്ടുറോഡ് നിർമ്മാണം**

231 (2266) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽപെട്ട കുമരങ്കേരി പാലം-തെക്കേടം (ഓടേത്തി പടിഞ്ഞാറ്) ബണ്ടു റോഡിന്റെ നിർമ്മാണ ജോലികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) ഇതിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ;

(സി) അനുവദിച്ചിട്ടില്ലെങ്കിൽ തുക അനുവദിച്ച് റോഡ് നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട കുമരങ്കരിപാലം- തെക്കേടം (ഓടേത്തി പടിഞ്ഞാറ്) ബണ്ട് റോഡ് 2015-16-ലെ സർക്കാർ അംഗീകരിച്ച ലിസ്റ്റ് നമ്പർ 2-ൽ സീരിയൽ നമ്പർ 7-ൽ ഉൾപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം പ്രസ്തുത റോഡിന്റെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇല്ല.

(സി) സർക്കാർ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടതനുസരിച്ച് ടി പ്രവൃത്തിയുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരുന്നു.

## മത്സ്യബന്ധനം നടത്തുന്നവർക്ക് പോളപ്പായൽ, ആഫ്രിക്കൻ പായൽ എന്നിവമൂലമുണ്ടാകുന്ന പ്രയാസങ്ങൾ

232 (2267) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊന്നിവല, നീട്ടുവല എന്നിവ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നവർക്ക് പോളപ്പായൽ, ആഫ്രിക്കൽ പായൽ എന്നിവ മൂലമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകാരണം 8 മാസത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം വരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിലേക്കായി ഉത്ഭവസ്ഥാനത്ത് വച്ച് തന്നെ ഈ പായലുകൾ നശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ;വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ കുട്ടനാട്, വൈക്കം, അമ്പലപ്പുഴ, കണയന്നൂർ, ചേർത്തല താലൂക്കിൽപ്പെട്ട കായലുകളിൽ നിന്നും കുളവാഴയും മറ്റ് ജലോപരിതല സസ്യങ്ങളും പോളവാരൽ യന്ത്രം ഉപയോഗിച്ച് നീക്കം ചെയ്യുന്നതിനും സംസ്കരണം നടത്തുന്നതിനും കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖേന പദ്ധതി നടപ്പിലാക്കിയിരുന്നു. പദ്ധതി കാലാവധി അവസാനിക്കുകയും ഈ ആവശ്യത്തിന് മറ്റ് ഫണ്ടുകൾ ലഭ്യമാകാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ പദ്ധതി അവസാനിപ്പിച്ചിട്ടുള്ളതാണ്. പോളശല്യം ശാശ്വതമായി പരിഹരിക്കുന്നതിന് ഫിഷറീസ് വകുപ്പിന് മാത്രമായി നടപടി സ്വീകരിക്കാൻ കഴിയില്ല. പോളനിർമ്മാർജ്ജനം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വികേന്ദ്രീകൃതമായി മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ നടപടി സ്വീകരിക്കുന്നതായിരിക്കും ഉചിതമെന്ന് കരുതുന്നു.

## മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ

233 (2268) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എൽദോസ് . പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൂല്യ വർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൂല്യവർദ്ധിത മത്സ്യ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന്റെ ഭാഗമായി തീരദേശ വികസന കോർപ്പറേഷൻ ശുചിയായ അന്തരീക്ഷത്തിൽ സോളാർഡ്രയറിൽ ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത ഉണക്കമത്സ്യ ഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നു. ഇതോടൊപ്പം കേന്ദ്ര സർക്കാർ ധനസഹായത്തോടെ 'ഫിഷ് മെയ്ഡ്' എന്ന ബ്രാൻഡിൽ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി സംസ്ഥാനത്തുടനീളം ഫിഷ് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൺ (സാഫ്) മുഖേന മത്സ്യത്തൊഴിലാളി സ്ത്രീകൾ ഉൾപ്പെടുന്ന നാലുപേരടങ്ങുന്ന ആക്റ്റിവിറ്റി ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുകയും ഇവർ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ മേളകൾ, അപ്പെക്സ് ഫെഡറേഷൻ എന്നിവ വഴി വിപണിയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനം, ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ എന്നതാണ് ഈ പദ്ധതികളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. വൈവിധ്യമേറിയതും ഗുണമേന്മയുള്ളതുമായ ഉൽപ്പന്നങ്ങൾ ഏറ്റവും

മുന്തിയ സംവിധാനവും സാങ്കേതിക സഹായവും ഉപയോഗിച്ച് നിർമ്മിച്ച് വിപണിയിലെത്തിക്കുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളെ ഉൾപ്പെടുത്തിയിട്ടുള്ള സ്വയം സഹായ സംഘങ്ങൾ വഴി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതു വഴി മത്സ്യത്തൊഴിലാളി കുടുംബത്തിൽന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവും ഉണ്ടാകുന്നു. എറണാകുളം ജില്ലയിൽ എടവനക്കാട് ആരംഭിച്ചിട്ടുള്ള തീരമൈത്രി ഫിഷ് പ്രോസസ്സിംഗ് ആക്റ്റിവിറ്റി ഗ്രൂപ്പ്സ് ഫെഡറേഷൻ വഴി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും വിപണനം നടത്തുകയും ഇതിലൂടെ ലഭിക്കുന്ന ലാഭം ഗ്രൂപ്പുകൾക്ക് വീതിച്ച് നൽകുകയും ചെയ്യുന്നു.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും വിപണനം ചെയ്യുവാനും 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ഒരു കിയോസ്കിന് 3.50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. ആയതനുസരിച്ച് ഫിഷ് മെയ്ഡ് പ്രീമിയം ഔട്ട് ലെറ്റുകൾ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വ്യാപനത്തിനായി സ്ഥാപിച്ചു വരുന്നു. ഇതുകൂടാതെ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പ്രോസസ്സിംഗ് സെന്ററുകൾ, അലങ്കാര മത്സ്യങ്ങൾ, ഉണക്ക മത്സ്യഉൽപ്പന്നങ്ങൾ, മത്സ്യ ഉൽപ്പന്ന വിപണന ശാലകൾ, ഭക്ഷണശാല എന്നിവ ഉൾപ്പെടുന്ന ഫിഷ് മാളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

കൂടാതെ സാഫ് മുഖേന മത്സ്യവുമായി ബന്ധപ്പെട്ട ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രൂപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് തീരമൈത്രി ഫിഷ് പ്രോസസ്സിംഗ് ആക്റ്റിവിറ്റി ഗ്രൂപ്പ്സ് ഫെഡറേഷൻ എന്ന പേരിൽ ഒരു ഫെഡറേഷൻ രൂപീകരിക്കുകയും അതുവഴി തീരദേശ ജില്ലകളിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകളിൽ നിന്നും മത്സ്യഉൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ശേഖരിച്ച് പായ്ക്കറ്റ് ചെയ്ത് "തീരമൈത്രി" എന്ന പേരിൽ സൂപ്പർമാർക്കറ്റുകൾ വഴിയും കടകൾ വഴിയും വിപണനം നടത്തി വരുന്നു. ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുള്ളതും മാർഗ്ഗനിർദ്ദേശം നൽകുന്നതിന് എറണാകുളം ജില്ല നോഡൽ ഓഫീസർ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

## മാർക്കറ്റുകളുടെ നവീകരണം

234 (2269) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർക്കറ്റുകൾ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് മത്സ്യബന്ധന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നവീകരണത്തിന് മാർക്കറ്റുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ;

(സി) ആറ്റിങ്ങൽ മണ്ഡലത്തിലെ മാർക്കറ്റുകളിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവയുടെ നവീകരണത്തിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) നിലവിലെ മത്സ്യ മാർക്കറ്റുകളുടെ ശോചനീയാവസ്ഥ, കെട്ടിടമില്ലാത്ത അവസ്ഥ, മറ്റു അനുബന്ധ കാരണങ്ങൾ കാണിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിൽനിന്നോ ജനപ്രതിനിധികളിൽനിന്നോ ലഭിക്കുന്ന നിവേദനം പരിഗണിച്ച് പ്രസ്തുത സ്ഥലം സന്ദർശിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനും ഫണ്ടിനുമായി ദേശീയ മത്സ്യ വികസന ബോർഡിൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്.

(സി) ഉണ്ട്. ആറ്റിങ്ങൽ മണ്ഡലത്തിലെ ആറ്റിങ്ങൽ മത്സ്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി 248.52 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) എൻ.എഫ്.ഡി.ബി. വഴിയുള്ള ധനസഹായം 90%-ൽ നിന്നും 40% ആയി കുറച്ച സാഹചര്യത്തിൽ 2015-16 സാമ്പത്തിക വർഷം പുതിയ

മത്സ്യമാർക്കറ്റ് നവീകരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിരുന്നില്ല. ദേശീയ മത്സ്യവികസന ബോർഡിൽ നിന്നും അനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ആറ്റിങ്ങൽ മത്സ്യ മാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ മുൻഗണനാ ക്രമത്തിൽ സ്വീകരിക്കുന്നതാണ്.

**പൊതുജലാശയങ്ങളിലെ ഫിഷറീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

235(2270) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പൊതുജലാശയങ്ങളിലെ ഫിഷറീസുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള അധികാരം ഫിഷറീസ് വകുപ്പിൽ നിക്ഷിപ്തമാക്കുന്ന നിലയിലുള്ള ലീസിങ്ങ് പോളിസിയും അതിനനുസരിച്ചുള്ള നിയമനിർമ്മാണവും നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഫിഷറീസ് ലീസിംഗ് പോളിസി രൂപീകരിക്കുന്നതിന്റെ ഭാഗമായി കരട് നയം തയ്യാറാക്കുന്നതിനായി പ്രൊഫ. എം. എൻ. കുട്ടി അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത വിദഗ്ദ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ടും അതിന്മേലുള്ള വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങളും സർക്കാർ പരിശോധിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി**

236 (2271) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്?

<u>ഉത്തരം</u>

(എ) ഉണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രീമെട്രിക് പഠനം മുതൽ പ്രൊഫഷണൽ കോഴ്സ് വരെയുള്ള (സ്വാശ്രയ കോളേജുകൾ ഉൾപ്പെടെ) പഠനത്തിന് പട്ടികജാതി വികസന വകുപ്പിൽ നിന്ന് മറ്റർഹ വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്ന അതേ നിരക്കിലുള്ള ആനുകൂല്യങ്ങൾ ഫിഷറീസ് വകുപ്പിൽനിന്നും നൽകി വരുന്നു. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നീ ആനുകൂല്യങ്ങൾക്ക് പുറമേ സർക്കാർ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും, സ്ഥാപനം വക ഹോസ്റ്റലിലോ അംഗീകൃത ഹോസ്റ്റലിലോ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസും മെസ്സ് അലവൻസ്, പോക്കറ്റ് മണി എന്നിവയും വിദ്യാഭ്യാസ സ്ഥാപനത്തോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് നൽകി വരുന്ന അതേ നിരക്കിൽ ഹോസ്റ്റൽ ഫീസും നൽകി വരുന്നു.

ഫിഷറീസ് സ്കൂളുകളിൽ താമസിച്ച് പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് മെസ്സ് ഇനത്തിലും പോക്കറ്റ് മണിയായും ആവശ്യമായി വരുന്ന തുക സർക്കാർ വഹിക്കുന്നു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനനിലവാരം ഉയർത്തുന്നതിന് എഡ്യൂഫെസ്റ്റ്, 50 വിദ്യാർത്ഥികൾക്ക് പാലായിലെ ബ്രില്യന്റ് സ്റ്റഡി സെന്റർ മുഖേന സൗജന്യമായി മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനായും തുക സർക്കാർ ചെലവിടുന്നു.

(ബി) മത്സ്യത്തൊഴിലാളി സമൂഹത്തെ വിദ്യാഭ്യാസത്തിലൂടെ ഉന്നതിയിലെത്തിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

(സി) ഫിഷറീസ് വകുപ്പിന്റെ വിദ്യാഭ്യാസ പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തുകയും ഫണ്ട് ജില്ലാ ഓഫീസർമാർക്ക് അനുവദിക്കുകയും പദ്ധതി അവലോകനം നടത്തുകയും ചെയ്യുന്നു.

**മത്സ്യത്തൊഴിലാളികളുടെ വീടുപുനരുദ്ധാരണത്തിന് ധനസഹായം**

237 (2272) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ വീടുകൾ പുനഃരുദ്ധരിക്കുന്നതിനായി ധനസഹായം നൽകുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ഭവന അറ്റകുറ്റപ്പണികൾക്ക് ധനസഹായം നൽകുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2013-14), മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന 1,000 മത്സ്യത്തൊഴിലാളി ഭവനങ്ങളും സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി പ്രകാരം 1,000 മത്സ്യത്തൊഴിലാളി ഭവനങ്ങളുടെയും "മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസന പദ്ധതി" പ്രകാരം 3,800 മത്സ്യത്തൊഴിലാളി ഭവനങ്ങളും അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനുള്ള ധനസഹായമാണ് നൽകുന്നത്. മേൽ പറഞ്ഞത് കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള കോളനി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ 948 മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി

നടത്തുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 400 മത്സ്യത്തൊഴിലാളി ഭവനങ്ങൾ നവീകരിക്കുന്നതിനായി 50,000 രൂപ വീതം ധനസഹായം നൽകുന്നതിനായി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ കാലപ്പഴക്കത്താലുള്ള ജീർണ്ണത പരിഹരിച്ച് സുരക്ഷിത ജീവിത സാഹചര്യം ഒരുക്കുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം.

(സി) മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമയബന്ധിതമായി അനുവദിക്കുകയും നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പദ്ധതി പ്രവർത്തന പുരോഗതികൾ ഡിപ്പാർട്ടുമെന്റ്/സർക്കാർ തലത്തിൽ എല്ലാ മാസത്തിലും വിലയിരുത്തുകയും ചെയ്യുന്നു.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

238 (2273) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി ഫിഷറീസ് വകുപ്പിൽ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞ സർക്കാർ മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത രീതിയിൽ കൊല്ലം ജില്ലയിൽ എത്ര മത്സ്യ മാർക്കറ്റുകൾ നവീകരിച്ചുവെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 41 മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിനായി 49.51 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊല്ലം ജില്ലയിൽ മത്സ്യമാർക്കറ്റുകളൊന്നും തന്നെ നവീകരിച്ചിട്ടില്ല.

**മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സഹായം**

239 (2274) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനും ക്ഷാമകാലസഹായത്തിനും തുക വർദ്ധിപ്പിക്കാമെന്ന് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ഉറപ്പ് നൽകുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഈ രണ്ട് വിഭാഗത്തിലും എത്ര രൂപ വീതമാണ് കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമാകുന്നത്;

(സി) ഇത് എത്ര രൂപ വീതമാക്കി വർദ്ധിപ്പിക്കാമെന്നാണ് സമ്മതിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ഡി) കേന്ദ്രസർക്കാരുമായുള്ള കൂടിക്കാഴ്ചയിൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട മറ്റെന്തെല്ലാം സഹായങ്ങളാണ് സംസ്ഥാനത്തിന് കേന്ദ്രം വാഗ്ദാനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനും ക്ഷാമകാല സഹായത്തിനും നിലവിൽ കേന്ദ്രം അനുവദിച്ചുകൊണ്ടിരിക്കുന്ന തുക ഉയർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും തുക വർദ്ധിപ്പിക്കാമെന്ന് ഉറപ്പ് ലഭിക്കുകയും ചെയ്തു.

(ബി) 50% കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതിക്ക് കേന്ദ്ര സർക്കാർ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിരിക്കുന്നത് 75,000 രൂപയാണ്. ഇതിന്റെ 50% ആയ 37,500 രൂപയാണ് കേന്ദ്രസർക്കാർ ധനസഹായം. സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി 2015-16 ൽ 2,700 രൂപയാണ് നൽകി വരുന്നത്. ഇതിൽ 900 രൂപയാണ് കേന്ദ്രധനസഹായം.

(സി) ഭവന നിർമ്മാണത്തിന് യൂണിറ്റ് കോസ്റ്റ് 1.2 ലക്ഷം രൂപയും കേന്ദ്ര ധനസഹായം യൂണിറ്റൊന്നിന് 60,000 രൂപയും, സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ സഹായം 900 രൂപയിൽനിന്നും 1,500 രൂപയും ആക്കി ഉയർത്താമെന്നാണ് സമ്മതിച്ചിട്ടുള്ളത്.

(ഡി) മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിനുള്ള കേന്ദ്ര സഹായം 37,500 രൂപയിൽനിന്നും 60,000 രൂപയായും സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള കേന്ദ്ര ധനസഹായം 900 രൂപയിൽനിന്നും 1,500 രൂപയായും പുതിയ കുളങ്ങളുടെ നിർമ്മാണത്തിന് ഹെക്ടറിന് 60,000 രൂപയിൽനിന്നും 3.5 ലക്ഷം രൂപയായും കുളങ്ങളുടെ പുനരുദ്ധാരണത്തിന് ഹെക്ടറിന് 15,000 രൂപയിൽനിന്നും 1.75 ലക്ഷം രൂപയായും വർദ്ധിപ്പിക്കാമെന്നും കൂടാതെ എല്ലാ കേന്ദ്ര പദ്ധതികളിലും കേന്ദ്രസഹായം ഉയർത്തുന്നത് പരിശോധിക്കാമെന്നും ഉറപ്പ് ലഭിക്കുകയുണ്ടായി.

CRZ 111 വേലിയേറ്റ മേഖലയിൽനിന്നും 200 മീറ്റർ വരെയുള്ള മേഖല വികസന രഹിത പ്രദേശമാണ് എന്നിരുന്നാലും 100 മീറ്റർ മുതൽ 200 മീറ്റർ വരെയുള്ള പ്രദേശത്ത് മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് അനുമതിയുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആയത് 50 മീറ്റർ മുതൽ 200 മീറ്റർ വരെ ആക്കുന്നത് പരിഗണിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഫിഷറീസ് സ്റ്റേഷനുകൾക്ക് പുറമേ അഴീക്കോട്, പൊന്നാനി, തോട്ടപ്പള്ളി, കാസർഗോഡ് എന്നിവിടങ്ങളിൽ ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്നത് പരിശോധിക്കാമെന്നും ഉറപ്പ് ലഭിച്ചിട്ടുണ്ട്.

**ടി. എം. ചിറ പാലത്തിന്റെ നിർമ്മാണ പുരോഗതി**

240 (2275) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ടതും നബാർഡിന്റെ സഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നതുമായ നിർദിഷ്ട ടി.എം ചിറ പാലം പണിയുടെ പുരോഗതി വിശദമാക്കാമോ ?

<u>ഉത്തരം</u>

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട ടി. എം. ചിറ ആയിരം തെങ്ങ് പാലനിർമ്മാണ പ്രവൃത്തിക്ക് 13-9-2013-ൽ 260 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ടി പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡിനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകുമെന്ന് അറിയിച്ചിരുന്നുവെങ്കിലും നിർമ്മാണത്തി നാവശ്യമായ സ്ഥലം കണ്ടൽക്കാട് ഉൾപ്പെടുന്ന ഭാഗമായതിനാൽ പരിസ്ഥിതി പ്രവർത്തകരിൽനിന്നും എതിർപ്പുണ്ടായതിനെ തുടർന്ന് പഞ്ചായത്തിന് സ്ഥലം ഏറ്റെടുത്തു നൽകുന്നതിന് സാധിക്കാതെ വന്നു. കണ്ടൽക്കാട് ഒഴിവാക്കി പ്രവൃത്തിക്ക് സ്ഥലം ലഭ്യമാണോയെന്ന് പരിശോധിക്കുന്നതിനായി കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറും ഫിഷറീസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും സംയുക്തമായി പ്രസ്തുത സ്ഥലം സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ദേവികുളങ്ങര പഞ്ചായത്തിലെ ടി. എം. ചിറ നിവാസികളെ പുറം ലോകവുമായി ബന്ധിപ്പിക്കുന്നതിന് കണ്ടൽ വനത്തിന്റെ സ്വാഭാവികത നഷ്ടപ്പെടാതെ, ഫിഷ് ഫാമിന്റെ കിഴക്കുഭാഗത്ത് 7 മീറ്റർ വീതിയിൽ ഫിഷ് ഫാമിന്റെ ഭൂമി അപ്രോച്ച് റോഡിനായി വിട്ടുനൽകിക്കൊണ്ട് ഫിഷറീസ് ഡയറക്ടർ ഉത്തരവാകുകയും ചെയ്തു. ഇതനുസരിച്ച് അപ്രോച്ച് റോഡിന്റെ നീളം 427m ആയി വർദ്ധിപ്പിച്ചു. എന്നാൽ പാലത്തിന്റെയും 427m നീളമുള്ള അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക നബാർഡ് അനുവദിച്ച തുകയേക്കാൾ അധികരിച്ചതിനാൽ ചെയിനേജ് 0m മുതൽ 190m വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തിക്ക് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പാലം നിർമ്മാണ പ്രവൃത്തിക്ക് 250 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി 3 തവണ ഇ-ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. ആയതിനാൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി പുനഃദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചുവരുന്നു.

**കൊച്ചി മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പദ്ധതികൾ**

241 (2276) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പൂർത്തിയാകാത്തതും നിർമ്മാണപ്രവൃത്തി ആരംഭിക്കാത്തതുമായ എന്തെങ്കിലും പ്രവൃത്തികൾ കൊച്ചി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊച്ചി നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം, നമ്പ്യാപുരകാട്ടിപ്പറമ്പ് പാലം, കക്കേടവ് വടക്ക് വിജയം കനാൽപാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തികളും തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുപ്രവൃത്തികളുമാണ് നിലവിൽ നടന്നുവരുന്നത്. ടി പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |

I നബാർഡ് പദ്ധതികൾ

| | | | |
|---|---|---|---|
| 1. | ചെല്ലാനം മത്സ്യബന്ധന തുറമുഖം രണ്ടാംഘട്ട വികസനം | 2990 | ടി പദ്ധതിയിലെ പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. സ്ഥലം ലഭ്യമാകാത്തതിനാൽ ബാക്കി ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. നെഗോസിയേഷൻ പർച്ചേസ് പ്രകാരം 10 കോടി രൂപ ചെലവിൽ 130.23 ആർ. ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകിയതുപ്രകാരം ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (1) | (2) | (3) | (4) |
| 2. | നമ്പ്യാപുര കാട്ടിപ്പറമ്പ് പാലം | 140 | ആർ.ഐ.ഡി.എഫ്.-XVII-ൽ ഉൾപ്പെടുത്തി ടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്രമീകരിച്ചുവെങ്കിലും പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലായതിനാൽ കരാർ റദ്ദു ചെയ്ത് പുനഃദർഘാസ് ക്ഷണിച്ച് 17-12-2015-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.10 മാസം പൂർത്തീകരണ കാലാവധിയുള്ള ടി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 3 | കക്കേൽക്കടവ് വിജയം കനാൽപാലം | 172 | ആർ.ഐ.ഡി.എഫ്. XIX-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതനുസരിച്ച് നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിച്ചു. |

II. <u>തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതി</u>

| | | | |
|---|---|---|---|
| 1 | ചെല്ലാനം ഗ്രാമപഞ്ചായത്ത് വാർഡ്നമ്പർ 18-ലെ കമ്പനിപ്പടി ലക്ഷംവീട് കോളനി റോഡ് | 29 | ടി റോഡിന് ഭരണാനുമതി നൽകിയതനുസരിച്ച് കോൺക്രീറ്റിംഗ് പ്രവൃത്തി നടന്നു വരുന്നു. |
| 2 | ചെല്ലാനം ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 13 - ലെ പ്യാലമുട്ട് മുതൽ പുളിക്കൽ പാലം വരെയുള്ള റോഡ് | 96 | ടി റോഡിന് ഭരണാനുമതി നൽകിയതനുസരിച്ച് കോൺക്രീറ്റിംഗ് പ്രവൃത്തി നടന്നു വരുന്നു. |

(ബി) <u>ഭരണാനുമതി നൽകിയിട്ടും പൂർത്തിയാകാത്ത പദ്ധതികൾ :-</u>

1. കൊച്ചി നിയോജക മണ്ഡലത്തിൽ ഫിഷറീസ് മേഖലയിൽ നബാർഡ് RIDF-XV ൽ ഉൾപ്പെടുത്തി ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തിക്ക് 2,990 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതനുസരിച്ച് പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകാത്തതിനാൽ മറ്റ് ഘടകങ്ങൾ ക്രമീകരിക്കാൻ സാധിച്ചിട്ടില്ല. നെഗോസിയേഷൻ പർച്ചേസ് പ്രകാരം 10 കോടി രൂപ ചെലവിൽ 130.23 ആർ സ്ഥലം ഏറ്റെടുക്കുവാൻ ഭരണാനുമതി നൽകിയതുപ്രകാരം ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നബാർഡ് XV-ൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണ കാലാവധി അവസാനിച്ചതിനാൽ ആയത് ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയെങ്കിലും പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുകയില്ല എന്ന് നബാർഡ് അധികൃതർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് ശേഷിക്കുന്ന ഘടകങ്ങളുടെ നിർമ്മാണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് price software ൽ പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

2. RIDF-XVII-ൽ ഉൾപ്പെടുത്തി 140 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതനുസരിച്ച് നമ്പ്യാപുര കാട്ടിപ്പറമ്പ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ക്രമീകരിച്ചുവെങ്കിലും പ്രവൃത്തിയുടെ പുരോഗതി വളരെ മന്ദഗതിയിലായതിനെ തുടർന്ന് കരാർ റദ്ദ് ചെയ്ത് പുനഃദർഘാസ് ക്ഷണിച്ച് 17-12-2015 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 10 മാസം പൂർത്തീകരണ കാലാവധിയുള്ള ടി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

3. RIDF-XIX ൽ ഉൾപ്പെടുത്തി കക്കേടവ് വടക്ക് വിജയം കനാൽ പാലം നിർമ്മിക്കുന്നതിനായി 172 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിച്ചു.

ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കുവാൻ കഴിയാത്ത പദ്ധതികൾ :-

തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടും ആരംഭിക്കുവാൻ കഴിയാത്ത റോഡു പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. സ്ഥലലഭ്യതയുമായി ബന്ധപ്പെട്ട തർക്കം നിമിത്തം 34 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ സെന്റ് സെബാസ്റ്റ്യൻ ചർച്ച് റോഡ് കോൺക്രീറ്റിംഗ് (ചെല്ലാനം ഗ്രാമപഞ്ചായത്ത് വാർഡ്-19) ആരംഭിച്ചിട്ടില്ല.

2. 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കണ്ണമാലി പഴയ വരെയുള്ള റോഡ് പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും സ്ഥലം ലഭ്യമാകാത്തതു നിമിത്തം ആരംഭിക്കാൻ കഴിഞ്ഞില്ല.

3. 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ മാവിൻചുവട്ടിൽ നിന്നും പടിഞ്ഞാറു ഭാഗത്തേക്കുള്ള റോഡിന്റെയും പാലത്തിന്റെയും നിർമ്മാണ പ്രവൃത്തി (ചെല്ലാനം ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 16) 8-7-2016 ൽ നടന്ന ദർഘാസ് കമ്മിറ്റി ടി ദർഘാസ് പരിഗണിച്ചിട്ടുണ്ട്.

4. 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കണ്ണമാലി വാട്ടർ ടാങ്ക് റോഡ് (കണ്ണമാലി കെ. കെ. കമ്പനി കോൺക്രീറ്റ് റോഡ് 8 ഫിഷ് ലാന്റിംഗ് സെന്റർ) പ്രവൃത്തിക്ക് പല പ്രാവശ്യം ടെൻഡർ ചെയ്തിട്ടും ആരും പങ്കെടുക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റീ-ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു.

5. 55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ തട്ടാലിത്തറ റോഡ് നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## കായംകുളം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തിയ പ്രവൃത്തികൾ

242 (2277) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2011 - 2016 മാർച്ച് മാസം വരെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ എറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും,ഇതിന്റെ നിലവിലുള്ള പുരോഗതി എന്തെന്നും വിശദമാക്കാമോ ?

ഉത്തരം

കായംകുളം മണ്ഡലത്തിൽ 2011-2016 മാർച്ച് മാസം വരെ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ഹാർബർ എഞ്ചിനീയറിംഗ്, കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവ മുഖേനയുള്ള പദ്ധതികൾ

243 (2278) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേനയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) ഭരണാനുമതി ലഭിച്ച റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എൻഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

I. തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

1. 30.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ പത്താംതോട്- മൂസ്സഹാജിതോട് റോഡ്

2. 25.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ഏഴോം ഗ്രാമപഞ്ചായത്തിലെ വെടിവെപ്പിൻ ചാലിൽ കോളനി അരുംഭാഗം- കുറുവാട് റോഡിന്റെ നിർമ്മാണം

3. 50.00 ലക്ഷം രൂപ ഭരണാനുമതി നൽകിയ പട്ടുവം ഗ്രാമപഞ്ചായത്തിലെ പരന്നൂർ തീരദേശ റോഡിന്റെ നിർമ്മാണം

4. 50.00 ലക്ഷം രൂപ ഭരണാനുമതി നൽകിയ മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മടക്കര- അയ്യോത്ത് റോഡിന്റെ നവീകരണം.

II. മറ്റു പ്രവൃത്തികൾ

65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പുതിയങ്ങാടി ഫിഷിംഗ് ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ.

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ബി) ഭരണാനുമതി നൽകിയ തീരദേശ റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ ചുവടെ ചേർക്കുന്നു:

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് :

1. മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ പത്താംതോട്- മൂസ്സഹാജി തോട് റോഡ്- 80% പ്രവൃത്തി പൂർത്തീകരിച്ചു.
2. ഏഴോം ഗ്രാമപഞ്ചായത്തിലെ വെടിവെപ്പിൻ ചാലിൽ കോളനി - അരുംഭാഗം- കുറുവാട് റോഡിന്റെ നിർമ്മാണം- 60% പൂർത്തീകരിച്ചു.
3. പട്ടുവം ഗ്രാമപഞ്ചായത്തിലെ പരന്നൂർ തീരദേശ റോഡിന്റെ നിർമ്മാണം 40% പൂർത്തീകരിച്ചു.
4. മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മടക്കര അയ്യോത്ത് റോഡിന്റെ നവീകരണം- പ്രവൃത്തി ആരംഭിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

5. പട്ടുവം ഗ്രാമപഞ്ചായത്തിലെ മുള്ളൂൽ എം.എൽ.എ.- ഇട്ടപ്പ- എടമൂട്ട് ഹരിജൻ വെൽഫെയർ സ്കൂൾ റോഡിന്റെ നവീകരണ പ്രവൃത്തി ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

**കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം**

244 (T*2279) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മൽസ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം തുടങ്ങിയതെപ്പോഴാണെന്നും നിർമ്മാണ കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ തുറമുഖത്തിന്റെ കരാറുകാരൻ ആരാണെന്നും കരാർ തുക എത്രയാണെന്നും വ്യക്തമാക്കാമോ; കാലാവധിക്കുള്ളിൽ പ്രവൃത്തി തീർന്നിട്ടില്ലെങ്കിൽ കാലവിളംബത്തിനുള്ള കാരണമെന്താണെന്നും, നിഷ്ക്രിയത്വമാണ് കാരണമെങ്കിൽ അതിനു ഉത്തരവാദികളായവർക്കെതിരെ നടപടി എടുക്കുമോയെന്നും വ്യക്തമാക്കാമോ ;

(സി) ഈ തുറമുഖത്തിന്റെ എത്ര ശതമാനം പണി ഇപ്പോൾ പൂർത്തിയായിട്ടുണ്ടെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും എന്ന് നാടിനു സമർപ്പിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുറമുഖത്തിന്റെ പണി പൂർത്തിയാകുമ്പോൾ മൽസ്യ തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം 30-10-2009-ൽ ആരംഭിച്ചു. നിർമ്മാണ കാലാവധി 3 വർഷമാണ്.

(ബി) മേൽ മത്സ്യബന്ധന തുറമുഖത്തിന്റെ വിവിധ ഘടകങ്ങളും നിർമ്മാണം ഏറ്റെടുത്ത കരാറുകാരുടെയും വിവരങ്ങളും ചുവടെ ചേർക്കുന്നു:

* T മറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

| ക്രമ നമ്പർ | ഘടക ഇനം | കരാറുകാരൻ | കരാർ തുക |
|---|---|---|---|
| 1 | പുലിമുട്ടുകളുടെയും തീരദേശ സംരക്ഷണഭിത്തിയുടെയും നിർമ്മാണം | ചന്ദ്രഗിരി കൺസ്ട്രക്ഷൻ സ് | 19,62,91,889 |
| 2 | വാർഫ്, ലേലപ്പുര, റിക്ലമേഷൻബണ്ട് മുതലായവ | പി.കെ.കെ. കൺസ്ട്രക്ഷൻ സ് | 6,68,49,198 |

മേൽ ഘടകങ്ങളും മറ്റ് അനുബന്ധ ഘടകങ്ങളായ ഇന്റേർണൽ റോഡ്, പാർക്കിംഗ് ഏരിയ, നെറ്റ്മെന്റിംഗ് ഷെഡ്, വാട്ടർ സപ്ലൈ, ടോയിലറ്റ് ബ്ലോക്ക് മുതലായവയും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി മത്സ്യബന്ധന തുറമുഖത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് 2016 മാർച്ച് മാസത്തോടെ നാടിന് സമർപ്പിക്കാൻ സജ്ജമാക്കിയിരുന്നു. എന്നാൽ പുലിമുട്ടുകൾക്കിടയിലെ വീതി കുറവാണെന്ന് മത്സ്യത്തൊഴിലാളികൾ പരാതിപ്പെട്ടതിനാൽ ടി വിവരം പദ്ധതിയുടെ മാതൃകാപഠനം നടത്തിയ പൂനയിലെ CWPRS എന്ന സ്ഥാപനത്തെ അറിയിക്കുകയുണ്ടായി. പുലിമുട്ടുകൾക്കിടയിലെ നിലവിലെ വീതി 3 ബോട്ടുകൾക്ക് ഒരേ സമയം പ്രവേശിക്കുന്നതിന് പര്യാപ്തമാണെന്നാണ് CWPRS അറിയിച്ചിരുന്നത്. എന്നാൽ രണ്ട് പുലിമുട്ടുകളും ദീർഘിപ്പിച്ച്, അതിന്റെ അറ്റത്തെ ഗ്യാപ് വർദ്ധിപ്പിച്ചാൽ മാത്രമേ പദ്ധതി കമ്മീഷൻ ചെയ്യാൻ അനുവദിക്കുകയുള്ളൂ എന്ന് പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ തടസ്സവാദങ്ങൾ നില നിൽക്കുന്നതിനാൽ അവരുമായി ചർച്ചകൾ നടന്നുവരികയാണ്.

(ഡി) പ്രസ്തുത മത്സ്യബന്ധന തുറമുഖത്തിൽ ബോട്ടുകൾ അടുക്കാൻ പാകത്തിൽ വാർഫ്, ലേലപ്പുര, നെറ്റ്മെന്റിംഗ് ഷെഡ്, പാർക്കിംഗ് ഏരിയ, ഇന്റേർണൽ റോഡ് മുതലായ സൗകര്യങ്ങൾ ഉണ്ട്. പ്രസ്തുത തുറമുഖം വഴി ഏകദേശം 4000 ത്തോളം മത്സ്യത്തൊഴിലാളികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും ഇതിന്റെ പ്രയോജനം ലഭിക്കുകയും ഏകദേശം 350 ഓളം മത്സ്യബന്ധനയാനങ്ങൾക്ക് ദിനംപ്രതി പ്രവർത്തിക്കാനുള്ള പൂർണ്ണ സജ്ജീകരണങ്ങളും കൂടാതെ പ്രതിവർഷം 300-ന് മേൽ പ്രവർത്തി ദിവസം മത്സ്യബന്ധനത്തിന് സാദ്ധ്യമാകുന്നതാണ്.

## പ്രായിക്കര - ഉളുന്തി റോഡ്

245 (2280) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പാലിറ്റിയിൽ പ്രായിക്കര-ഉളുന്തി റോഡിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡിന്റെ പണി നാളിതുവരെയും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ - സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പ്രായിക്കര- ഉളുന്തി എന്ന പേരിൽ റോഡിന് ഫണ്ട് നൽകിയിട്ടില്ല. തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രായിക്കര തറയിൽമുക്ക് - കടത്തുകടവ് എന്ന പേരിലുള്ള റോഡിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിന് 28.00 ലക്ഷം രൂപയുടെ ഭരണാനുമതി 26-2-2016-ൽ നൽകുകയും തദനുസരണം സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി വരികയുമാണ്.

## കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗിന്റെ കീഴിൽ ചെയ്ത റോഡുകൾ

246 (2281) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗിന്റെ കീഴിൽ കഴിഞ്ഞ അഞ്ചു വർഷം ചെയ്ത റോഡ് പ്രവൃത്തികളുടെ വിശദവിവരം (റോഡുകളുടെ പേരും എസ്റ്റിമേറ്റ് തുകയും ) മണ്ഡലം തിരിച്ച് നൽകാമോ ;

(ബി) എത്ര റോഡുകളാണ് ഹാർബർ എഞ്ചിനീയറിങ് വകുപ്പിന്റെ കീഴിൽ ജില്ലയിൽ ചെയ്യാൻ ബാക്കിയുള്ളത്; എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; റോഡുകളുടെ പേരു വിവരവും എസ്റ്റിമേറ്റ് തുകയും മണ്ഡലം തിരിച്ച് നൽകാമോ; പ്രസ്തുത റോഡുകൾക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗിന്റെ കീഴിൽ കഴിഞ്ഞ അഞ്ചുവർഷം നടപ്പാക്കിയ റോഡ് പ്രവർത്തികളുടെ മണ്ഡലം തിരിച്ചുള്ള വിശദവിവരം അനുബന്ധം (എ) ആയി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിൽ തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയിലെ ലിസ്റ്റിൽ ഉൾപ്പെടുത്തിയ റോഡുകളിൽ 83 റോഡുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ സർക്കാർ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയത് പ്രകാരം ടി റോഡ് പ്രവൃത്തികളിൽ 78 റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ പേര് വിവരവും എസ്റ്റിമേറ്റ് തുകയും മണ്ഡലം തിരിച്ച് അനുബന്ധം (ബി)* ആയി ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത റോഡുകൾക്ക് ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാനാവുകയുള്ളൂ.

**കായിക്കരപാലം നിർമ്മാണം**

247 (2282) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ്, വക്കം ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കരപാലം നിർമ്മിക്കുന്നതിനായി ഹാർബർ എഞ്ചിനിയറിംഗ് വിഭാഗം പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിലേക്കാവശ്യമായ ഭൂമി ഏറ്റെടുക്കലിന് ഫണ്ട് ലഭ്യമാക്കേണ്ടതാരാണെന്നും ഇതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) അഞ്ചുതെങ്ങ്, വക്കം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കരപാലം നിർമ്മിക്കുന്നതിന് 1,925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (2012 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം) തയ്യാറാക്കിയിട്ടുണ്ടായിരുന്നു. എന്നാൽ നബാർഡ് ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പദ്ധതിക്ക് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ലാന്റ് അക്വിസിഷൻ പൂർത്തിയാക്കിയതോ സ്ഥലം ഉള്ള പ്രവൃത്തിയോ മാത്രം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചാൽമതിയെന്ന് ഇക്കഴിഞ്ഞ എസ്.എൽ.ഇ.സി. മീറ്റിംഗിൽ തീരുമാനിച്ചിരുന്നു. ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളാണ് മേൽ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് ലഭ്യമാക്കേണ്ടത്. സ്ഥലമേറ്റെടുക്കലിന് ആവശ്യമായ ഫണ്ട് പഞ്ചായത്തിന് ലഭ്യമല്ലാത്തതിനാലാണ് സ്ഥലം ഏറ്റെടുക്കാൻ സാധിക്കാത്തതെന്നാണ് ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികൾ അറിയിച്ചിട്ടുള്ളത്.

**പൂന്തുരുത്തി - മോളിപ്പടവ് റോഡ് അപ്ഗ്രഡേഷൻ**

248 (2283) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് നിയോജകമണ്ഡലത്തിലെ തലവടി ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ പൂന്തുരുത്തി-മോളിപ്പടവ് റോഡ്, അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഫയൽ നമ്പർ സഹിതം വിശദമാക്കുമോ?

ഉത്തരം

കുട്ടനാട് നിയോജക മണ്ഡലത്തിലെ തലവടി ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ പൂന്തുരുത്തി - മോളിക്കടവ് റോഡ് നിർമ്മിക്കുന്നതിന് തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലെ 2014-15 ലെ സർക്കാർ അംഗീകൃത ലിസ്റ്റ് നമ്പർ 2-ൽ ഉൾപ്പെടുത്തി നൽകിയിരുന്നു. തുടർന്ന് 46.00 ലക്ഷം രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് ഉള്ള 96/സി2/2016 മതുവ ഫയൽ സർക്കാർ പരിശോധിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം ടി റോഡിന് 2015-16 -ൽ ഭരണാനുമതി നൽകാൻ സാധിച്ചില്ല.

**നാടൻ കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്**

249 (2284) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാടൻ കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; കശുമാവ് കൃഷി പ്രചരിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ഏതെല്ലാം ജില്ലകളിലാണ് പദ്ധതിയിടുന്നത് എന്ന് അറിയിക്കുമോ;

(ബി) തോട്ടണ്ടിയുടെ ഇറക്കുമതി 2015 ഏപ്രിൽ മുതൽ 2016 മാർച്ച് 31 വരെ എത്രയായിരുന്നുവെന്നും ഇതിൽ എത്ര മെട്രിക് ടൺ തോട്ടണ്ടി കശുവണ്ടി വികസനകോർപ്പറേഷനും കാപക്സിനും കൂടി സംഭരിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ;

(സി) കശുവണ്ടി വികസന കോർപ്പറേഷൻ, കാപക്സ് എന്നിവയുടെ 2015-16-ലെ വാർഷിക വിറ്റുവരവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; എത്ര ഉത്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതിന് കഴിഞ്ഞു എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനത്തിലുണ്ടായ കുറവ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്നാണ്. സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 6 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി ആവശ്യമാണെങ്കിലും ഉല്പാദനം ½ ലക്ഷം ടൺ മാത്രമാണ്. സംസ്ഥാനത്തെ ആഭ്യന്തര തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007-ൽ സർക്കാർ കേരള സംസ്ഥാന കശുമാവുകൃഷി വികസന ഏജൻസിക്ക് രൂപം നൽകി. ഇതിന്റെ പ്രവർത്തന ഫലമായി ആഭ്യന്തര ഉല്പാദനം 80,000 ടണ്ണിലെത്തിയിട്ടുണ്ട്. ഈ ഏജൻസി മുഖാന്തരം സംസ്ഥാന വ്യാപകമായി കർഷകർക്ക് സൗജന്യമായി മേൽത്തരം ഗ്രാഫ്റ്റ് കശുമാവിൻ തൈകളും ഹെക്ടറിന് 12,000 രൂപ വരെ സബ്സിഡിയും നൽകി വരുന്നു. കൂടാതെ കർഷകർക്ക് ആവശ്യമായ ബോധവൽക്കരണവും വിദഗ്ധരെ പങ്കെടുപ്പിച്ച് ക്ലാസുകളും നൽകാറുണ്ട്. ഇതുകൂടാതെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും അവർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കർഷകക്കൂട്ടായ്മകളും (Cashew Farmers Group) സംസ്ഥാനത്ത് ഉടനീളം സംഘടിപ്പിച്ചു വരുന്നു. സ്കൂൾ കുട്ടികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും മറ്റും നൽകാനായി മുറ്റത്തൊരു കശുമാവ്

എന്ന പദ്ധതിയും നിലവിലുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും മറ്റും ഈ കൃഷിയുടെ വ്യാപനത്തിനായി പ്രചരണം നൽകി വരുന്നുണ്ട്.

കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെങ്കിലും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകരാണ് ഇതിൽ കൂടുതൽ താല്പര്യം കാണിക്കുന്നത്. ഈ ജില്ലകളിലെ ചെങ്കൽ പ്രദേശങ്ങൾ മറ്റു പല കൃഷിക്കും അനുയോജ്യമല്ലെങ്കിലും കശുമാവ് കൃഷിക്ക് യോജിച്ചതാണ്. അതോടൊപ്പം തന്നെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തരിശായി കിടക്കുന്ന ഭൂമി കണ്ടെത്താനും അത്യുല്പാദന ശേഷിയുള്ളതും കേരളത്തിന്റെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും യോജിച്ച വിത്തു തൈകൾ ഏജൻസി മുഖാന്തരം വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കി വരുന്നു.

സംസ്ഥാനത്താകെ വ്യവസായ അവശ്യങ്ങൾക്കുവേണ്ടി നീക്കിവച്ച വനഭൂമിയിൽപ്പെട്ട സ്ഥലങ്ങൾ കശുമാവ് കൃഷിക്ക് ഉപയോഗിക്കുന്ന കാര്യവും ഓയിൽപാം ഇന്ത്യ ലിമിറ്റഡിന്റെ കീഴിലും റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള തരിശുഭൂമി കശുമാവ് കൃഷിക്ക് ഉപയോഗിക്കുന്ന കാര്യവും ചർച്ച ചെയ്തുവരുന്നു. കശുമാവ് കൃഷി ചെയ്യുന്നതിനായി ഭൂമി കണ്ടെത്തുന്നതിന് വനം, കൃഷി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിമാരുമായി കൂടിയാലോചിച്ച് ഒരു പദ്ധതി തയ്യാറാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി) 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ ഇന്ത്യയിൽ 958339 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഈ കാലയളവിൽ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടില്ല. പ്രസ്തുത കാലയളവിൽ കാപെക്സ് 6175 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്.

(സി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ 2015-16 ലെ വാർഷിക വിറ്റുവരവ് 38.67 കോടി രൂപയാണ്. പ്രസ്തുത വർഷം കശുവണ്ടി വികസന കോർപ്പറേഷൻ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടില്ല. സംസ്കരിച്ച കശുവണ്ടിപ്പരിപ്പ് ഫ്രാഞ്ചൈസി വഴിയും ഡിസ്ട്രിബ്യൂട്ടർമാർ വഴിയും ടെണ്ടർ മുഖേനയും വില്പന നടത്തിയിട്ടുണ്ട്. കാപെക്സിന്റെ 2015-16 ലെ വാർഷിക വിറ്റുവരവ് 73.72 കോടി രൂപയാണ്. ഈ കാലയളവിൽ കാപെക്സ് 14.66 കോടി രൂപയുടെ കശുവണ്ടിപ്പരിപ്പ് കയറ്റി അയച്ചിട്ടുണ്ട്.

**കപ്പെക്സിനെ ആധുനികവത്കരിക്കാൻ നടപടി**

250 (2285) ശ്രീ. വി. എസ്. അച്ചുതാനന്ദൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനെയും കാപ്പെക്സിനേയും ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കശുവണ്ടി വികസന കോർപ്പറേഷന് 2016-17 വർഷത്തിലെ പുതുക്കിയ ബഡ്ജറ്റിൽ നിലവിലെ ബഡ്ജറ്റ് വിഹിതമായ 30 കോടി രൂപയ്ക്ക് പുറമേ 75 കോടി രൂപയും ആധുനികവത്കരണത്തിനായി 100 കോടി രൂപയും പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആധുനികവത്കരണത്തിനായി വകയിരുത്തിയിട്ടുള്ള 100 കോടി തുകയിൽനിന്ന് നടപ്പു സാമ്പത്തിക വർഷത്തിൽ ഫാക്ടറികളുടെ നവീകരണത്തിനും ഭാഗികമായ യന്ത്രവത്കരണത്തിനുമായി നടപ്പുവർഷം 25 കോടി രൂപ ചെലവഴിക്കാൻ കഴിയുമെന്നാണ്പ്രതീക്ഷിക്കുന്നത്.

കാപെക്സിന്റെ നവീകരണത്തിനായി 8 കോടി രൂപയ്ക്ക് പുറമേ പുതുക്കിയ ബഡ്ജറ്റിൽ 25 കോടി രൂപ പ്രവർത്തന മൂലധനമായി വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ ആധുനികവത്കരണത്തിനായി വകയിരുത്തിയ തുക ഉപയോഗിച്ച് ഫാക്ടറികൾ ഫലപ്രദമായി ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(നക്ഷത്ര ചിഹ്നമിടാത്ത 2115, 2135, 2155, 2163, 2193 എന്നീ നമ്പർ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### നസീറുദ്ദീന്റെ കൊലപാതകം

മി. സ്പീക്കർ: നസീറുദ്ദീന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് സർവ്വശ്രീ പാറക്കൽ അബ്ദുള്ള, കെ. സി. ജോസഫ്, മോൻസ് ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ചെയർ അത് അനുവദിക്കുകയാണ്. പക്ഷേ, അനുബന്ധമായി ഒരു കാര്യം കൂടി ഓർമ്മപ്പെടുത്തുകയാണ്. ചട്ടം 52(4) പ്രകാരം ഒരേ സമ്മേളനത്തിൽ ചർച്ച ചെയ്ത കാര്യങ്ങൾ വീണ്ടും കൊണ്ടുവരുന്നത് പുനരാരംഭിക്കാൻ പാടില്ലെന്നുണ്ട്. ചട്ടം 52(2) പ്രകാരം ഒന്നിലധികം സംഗതികൾ ഒരു അടിയന്തരപ്രമേയത്തിൽ കൊണ്ടുവരുന്നത് ശരിയല്ലെന്നുള്ളതും ചട്ടത്തിൽ പറയുന്നുണ്ട്. ഇത് രണ്ടും ഓർമ്മയിൽ വച്ചുകൊണ്ട് അവതരിപ്പിക്കാവുന്നതാണ്.

15-7-2016 വെള്ളിയാഴ്ച രാത്രി 8.00 മണിക്ക് കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം പഞ്ചായത്തിൽപ്പെട്ട പൂത്തലത്ത് അനന്തോത്ത് മുക്കിൽ മുസ്ലീം യൂത്ത് ലീഗ് പ്രവർത്തകനായ നസീറുദ്ദീൻ ഒരു സംഘം അക്രമികളുടെ കുത്തേറ്റ് ദാരുണമായി മരണപ്പെടുകയും തുടർന്നുണ്ടായ അക്രമസംഭവങ്ങൾ നിയന്ത്രിക്കാൻ പോലീസിന് കഴിയാത്തതുമൂലം ആ പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ പാറക്കൽ അബ്ദുള്ള, കെ. സി. ജോസഫ്, മോൻസ് ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 15-7-2016-ന് തീയതി രാത്രി 8.00 മണിയോടുകൂടി കുറ്റ്യാടി പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള വേളം പൂത്തലത്ത് അനന്തോത്ത് എന്ന സ്ഥലത്ത് ശ്രീ. മൊയ്ദു എന്നയാളുടെ കടയ്ക്ക് മുന്നിലുള്ള റോഡിൽ വച്ച് മോട്ടോർ സൈക്കിളിൽ വരികയായിരുന്ന ഐ.യു.എം.എൽ. പ്രവർത്തകരായ നസീറുദ്ദീൻ, അബ്ദുൾ റൗഫ് എന്നിവരെ മറ്റൊരു ബൈക്കിൽ വന്ന എസ്.ഡി.പി.ഐ. പ്രവർത്തകരായ കപ്പച്ചേരി ബഷീർ, കൊള്ളിയിൽ അന്ത്രു എന്നിവർ ചേർന്ന് തടഞ്ഞുനിർത്തുകയും കപ്പച്ചേരി ബഷീർ നസീറുദ്ദീനെ കുത്തിപ്പരിക്കേൽപ്പിക്കുകയും ചെയ്തു. ഗുരുതരമായി പരിക്കേറ്റ നസീറുദ്ദീനെ പേരാമ്പ്ര ഇ.എം.എസ്. ആശുപത്രിയിലും തുടർന്ന് കോഴിക്കോട്

MIMS ആശുപത്രിയിലും എത്തിച്ചു. MIMS ആശുപത്രിയിലെ ഡോക്ടർ പരിശോധിച്ച സമയം നസീറുദ്ദീൻ മരണപ്പെട്ടതായി സ്ഥിരീകരിച്ചു. ഇക്കാര്യത്തിൽ കുറ്റ്യാടി പോലീസ് IPC 302, 34 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. സംഭവത്തിലെ രണ്ട് പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. രാഷ്ട്രീയ വിരോധമാണ് കാരണം. 2015-ൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വേളത്ത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ഒരു യോഗം ചേർന്നിരുന്നു. ആ യോഗത്തിലുണ്ടായ എന്തോ തർക്കം ശ്രീ. കപ്പച്ചേരി ബഷീർ തന്റെ മൊബൈൽ ഫോണിൽ പകർത്തിയിരുന്നു. ആ ഫോൺ കൊല്ലപ്പെട്ട നസീറുദ്ദീൻ എറിഞ്ഞുതകർത്ത ഒരു സംഭവവുമുണ്ടായിരുന്നു. അതിൽ കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ നസീറുദ്ദീന് എതിരെ ഒരു കേസുണ്ടായിരുന്നു. ആ കേസിൽ നസീറുദ്ദീൻ കോടതിയിൽ ഹാജരായിരുന്നില്ല. അതുകൊണ്ട് വാറണ്ടായി. 15-7-2016-ന് നസീറുദ്ദീനെ പോലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി ജാമ്യം നൽകി വിട്ടയയ്ക്കുകയും ചെയ്തു. അന്ന് വൈകുന്നേരം 8.00 മണിക്കാണ് ഈ അക്രമസംഭവമുണ്ടാകുന്നത്. ഈ കൊലപാതകത്തെ തുടർന്ന് 16-ാം തീയതി രാത്രി 12.45-ന് കേസിലെ രണ്ടാംപ്രതിയായ കൊള്ളിയിൽ അന്ത്രുവിന്റെ വീട്ടിലെ പോർച്ചിൽ ഇട്ടിരുന്ന കാറും ഓട്ടോറിക്ഷയും ഭാഗികമായും മോട്ടോർ സൈക്കിൾ പൂർണ്ണമായും തീവച്ച് നശിപ്പിച്ച ഒരു സംഭവമുണ്ടായിട്ടുണ്ട്. പക്ഷെ ഈ സംഭവത്തെക്കുറിച്ച് ആരും പോലീസിൽ പരാതിപ്പെട്ടിട്ടില്ല. അതോടൊപ്പം എസ്.ഡി.പി.ഐ. പ്രവർത്തകനായ അബ്ദുൾ സലാമിന്റെ കടയും വലക്കെട്ടങ്ങാടിക്ക് സമീപം റോഡിൽ പാർക്ക് ചെയ്തിരുന്ന എസ്.ഡി.പി.ഐ. പ്രവർത്തകൻ മുഹമ്മദ് മുഹസിന്റെ മോട്ടോർ സൈക്കിളും തീവച്ചു നശിപ്പിച്ച സംഭവവുമുണ്ടായിട്ടുണ്ട്. ഇതിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എ.ഡി.ജി.പി. നോർത്ത് സോൺ, കോഴിക്കോട് റൂറൽ ജില്ലാ പോലീസ് സൂപ്രണ്ട് തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും പ്രസ്തുത സ്ഥലത്ത് പോലീസ് പിക്കറ്റിംഗ്, മൊബൈൽ സ്ട്രൈക്കർ എന്നിവ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാണ്. ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിന് സർക്കാർ കർശന നടപടി സ്വീകരിക്കുകയും ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രതാ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുമുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, എന്റെ നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽപ്പെട്ട പുത്തലത്ത് അനന്തോത്ത് മുക്കിൽ നസീറുദ്ദീൻ എന്ന 22 വയസ്സുള്ള യൂത്ത് ലീഗ് പ്രവർത്തകൻ കഴിഞ്ഞ വെള്ളിയാഴ്ച രാത്രി 8.00

മണിയോടെ എസ്.ഡി.പി.ഐ. പ്രവർത്തകരുടെ കുത്തേറ്റ് അതിദാരുണമായി മരണപ്പെട്ടിരിക്കുകയാണ്. ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്. പള്ളിയിൽനിന്നും പ്രാർത്ഥന കഴിഞ്ഞിറങ്ങി ബൈക്കിൽ തൊട്ടടുത്തുള്ള കടയിലേക്ക് പോകുന്ന സമയത്താണ് നസീറുദ്ദീനെയും അബ്ദുൾ റൗഫിനെയും ഒരു സംഘമാളുകൾ ആക്രമിച്ചത്. ഏകദേശം 150 മീറ്റർ അകലെവച്ചാണ് അക്രമിസംഘം മറ്റൊരു ബൈക്കിൽ പിന്നാലെയെത്തി ഇവരെ തടഞ്ഞുനിർത്തുകയും ഒരു കാരണവുമില്ലാതെ നസീറുദ്ദീന്റെ വയറ്റിൽ കത്തികൊണ്ട് കുത്തുകയുമാണ് ചെയ്തത്. മുഖംമൂടി ധരിക്കാതെ, ആളുകൾ കാൺകെ, വളരെ പരസ്യമായിട്ടാണ് ഈ ക്രൂരത നടത്തിയത്. അപ്പോൾ അടുത്തുണ്ടായിരുന്ന ബാലൻ, സജിലേഷ് എന്നിവർ ഓടി വന്ന് അവരുടെ ഉടുമുണ്ട് അഴിച്ച് നസീറുദ്ദീന്റെ വയറ്റിൽ കെട്ടുകയും അബ്ദുറഹിമാനും ബഷീറും അടങ്ങുന്ന എസ്.ഡി.പി.ഐ.-ക്കാരാണ് ഇത് ചെയ്തതെന്നും പറയുകയുണ്ടായി. അവിടെ എന്താണ് നടന്നതെന്ന് അന്വേഷിച്ചുവന്നവരോട് രണ്ട് ബൈക്കുകൾ തമ്മിൽ കൂട്ടിയിടിച്ചതാണെന്നാണ് എസ്.ഡി.പി.ഐ.-ക്കാർ പറഞ്ഞത്. അപകടത്തിലൂടെയുള്ള ഒരു മരണമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ് എസ്.ഡി.പി.ഐ. നടത്തിയത്. ഇവർ അവിടെ വന്ന് കൃത്യം നടത്തിയതിനുശേഷം വന്ന ബൈക്കിൽ തന്നെ സംഭവസ്ഥലത്തുനിന്ന് തിരിച്ചുപോകുകയും ചെയ്തു. വളരെ ആസൂത്രിതമായിട്ടാണ് ഈ കൊലപാതകം നടത്തിയിരിക്കുന്നത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. വടകര താലൂക്കിൽ നിരന്തരമായി എസ്.ഡി.പി.ഐ. പ്രവർത്തകർ ഇത്തരത്തിലുള്ള അക്രമസംഭവങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. യൂത്ത് ലീഗ് നേതാവിനെ വർഷങ്ങൾക്ക് മുമ്പ് തലയ്ക്കടിച്ച് മാരകമായി പരിക്കേൽപ്പിക്കുകയും പി. പി. ജാഫർ എന്ന മുസ്ലീം ലീഗ് പ്രവർത്തകന്റെ പല്ല് അടിച്ചുവീഴ്ത്തുകയും ചെയ്തു. അദ്ദേഹത്തിന് ഏകദേശം രണ്ട് മാസക്കാലം മണിപ്പാൽ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയേണ്ടതായി വന്നിട്ടുണ്ട്. അതുകൂടാതെ അഴിയൂർ പഞ്ചായത്തിൽ പൂഴിത്തലയിലെ സി. പി. ഫിറോസ് എന്ന മുസ്ലീംലീഗ് പ്രവർത്തകനെ തലശ്ശേരിമാക്കൂട്ടം റെയിൽവേ ട്രാക്കിൽവച്ച് കൊലപ്പെടുത്തുകയും അറുപത് വയസ്സിനുമേൽ പ്രായമുള്ള നെല്ലോളി കാസിം ഹാജിയുടെ കാൽ അടിച്ചൊടിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള നിരവധി സംഭവങ്ങൾ വടകര താലൂക്കിന്റെ പല ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുകയാണ്. SDPI എന്ന തീവ്രവാദ സംഘടന മതങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാനുള്ള ശ്രമമാണ് നടത്തി ക്കൊണ്ടിരിക്കുന്നത്. മുസ്ലീം ലീഗ് ക്ഷീണിപ്പിക്കാൻവേണ്ടി ചില രാഷ്ട്രീയ പാർട്ടികൾ ഇവരെ സപ്പോർട്ട് ചെയ്യുന്ന ഒരു സാഹചര്യവും നിലനിൽക്കുന്നുണ്ട്. വടകര താലൂക്കിൽ പോലീസിന്റെ പ്രവർത്തനം വളരെ മോശമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ച ജാഫറിനെ അടിച്ച് അദ്ദേഹത്തിന്റെ അഞ്ച് പല്ല് പോയകേസിൽ മുസ്ലീംലീഗിന്റെ പ്രവർത്തകർ ശിക്ഷിക്കപ്പെടുകയും എസ്.ഡി.പി.ഐ.-ക്കാരൻ രക്ഷപ്പെടുകയും ചെയ്യുകയാണുണ്ടായത്.

വടകര താലൂക്കിലെ പോലീസുകാരിൽ ചില കള്ള നാണയങ്ങളുണ്ടെന്നുള്ളത് വസ്തുതയാണ്. ഇത്തരം കേസുകളുണ്ടാകുമ്പോൾ കുറ്റവാളികൾ രക്ഷപ്പെടുന്ന രീതിയിൽ പോലീസുമായി ഒത്തുകളിക്കുകയാണ്. ഇത്തരം ഭീകരവാദ പ്രവർത്തനം നടത്തുന്ന ആളുകളും പോലീസും തമ്മിൽ എന്തോ ഒരവിഹിത ബന്ധമുണ്ടെന്നുള്ളത് പകൽപോലെ വ്യക്തമാണ്. കുറ്റ്യാടിയിൽ വെള്ളിയാഴ്ചയും അക്രമം നടന്നു. പ്രതികളെ പോലീസ് പിടിച്ചതല്ല. പോലീസും എസ്.ഡി.പി.ഐ. പ്രവർത്തകരും തമ്മിലുള്ള അഡ്ജസ്റ്റ്മെന്റിന്റെ ഭാഗമായി പ്രതികൾ കീഴടങ്ങുകയാണ് ചെയ്തത്. എന്നാൽ ജനാധിപത്യപരമായ രീതിയിൽ ഒരു പ്രതിഷേധം നടത്തിയതിന് ഞങ്ങളുടെ പ്രവർത്തകരെ പോലീസ് പിടിച്ചുകൊണ്ടുപോയി. അതുപോലെ ബഷീറിന്റെ വീടിനുനേരെ ചെറിയൊരു കല്ലേറ് നടന്നതിനെത്തുടർന്ന് ഞങ്ങളുടെ നാലോളം പ്രവർത്തകരെ സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോയി. സ്റ്റേഷനിൽ ചെന്നപ്പോൾ എസ്.ഡി.പി.ഐ.-യുടെ ഈ ക്രിമിനലുകളെ, കൊലപാതകം നടത്തിയ ബഷീറിനെയും അബ്ദുറഹിമാനെയും കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ബിരിയാണി വിളമ്പി സൽക്കരിക്കുന്ന കാഴ്ചയാണ് ഞങ്ങൾ കണ്ടത്. ഇത് ഞാൻ വെറുതെ പറയുന്നതല്ല. മാത്രവുമല്ല എസ്.ഡി.പി.ഐ. പ്രവർത്തകരുടെ മുന്നിൽവച്ച്, കല്ലെറിഞ്ഞെന്നും പറഞ്ഞ് പിടിച്ചുകൊണ്ടുപോയ ഞങ്ങളുടെ നാല് പ്രവർത്തകരെ പോലീസ് ക്രൂരമായി മർദ്ദിച്ചു. പോലീസും എസ്.ഡി.പി.ഐ.-യും തമ്മിലുള്ള അവിഹിത ബന്ധത്തെക്കുറിച്ച് അന്വേഷിക്കണം. ഈ കേസ് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ വെച്ച് അന്വേഷിപ്പിക്കണമെന്നാണ് ഞങ്ങൾക്ക് പറയുവാനുള്ളത്. വളരെ ഗൗരവമേറിയ പ്രശ്നമായതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

ഞാൻ ഒരുകാര്യംകൂടി സൂചിപ്പിക്കട്ടെ, ഐ.എസിനെതിരായി നാട്ടുമുഴുവൻ ഓടുമ്പോൾ ഐ.എസ്.ലേക്ക് റിക്രൂട്ട് ചെയ്യുന്ന, തീവ്രവാദ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന എസ്.ഡി.പി.ഐ. പ്രവർത്തകരെ പോലീസിന് പിടിക്കാനോ ഇവർക്കെതിരെ അന്വേഷണം നടത്താനോ കഴിയാത്ത ഒരു സാഹചര്യമാണ് കേരളത്തിലുള്ളത്. ഈ സ്ഥിതി തുടർന്നാൽ കേരളത്തിൽ അതിഗുരുതരമായ പ്രശ്നങ്ങളുണ്ടാകും. ഇവർ വർഗ്ഗീയ ചേരിതിരിവുണ്ടാക്കാനുള്ള ശ്രമം നടത്തുമ്പോൾ മുസ്ലീം ലീഗ് പ്രവർത്തകർ അത് തടയുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ വച്ച് ഈ കേസ് അന്വേഷിപ്പിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുകയാണ്. നമ്മുടെ നാട്ടിൽ എസ്.ഡി.പി.ഐ. എന്താണെന്ന് എല്ലാവർക്കുമറിയാം. ആർക്കാണ് കൂടുതൽ അറിയാവുന്നതെന്നും ആരാണ് എസ്.ഡി.പി.ഐ.-യെ ചെറിയ തോതിൽ പ്രോത്സാഹിപ്പിച്ചതെന്നുമുള്ള

കാര്യത്തിലേക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. പക്ഷേ, ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. പ്രകടിപ്പിച്ചതുപോലെ ഇത്തരം ശക്തികൾ നമ്മുടെ നാടിന് ആപത്താണെന്ന് നമ്മളെല്ലാവരും തിരിച്ചറിയണം. അവരുമായി ഒരുതരത്തിലുമുള്ള ലാഘവത്വവും ഉണ്ടാകാൻ പാടില്ല. ഈ സംഭവം നടന്നയുടനെ ആളുകൾ ഓടി വരുന്നുണ്ടെന്നൊക്കെ അദ്ദേഹം പറഞ്ഞു, പേരുമാത്രമേ അങ്ങേക്ക് പറയുവാൻ സാധിക്കുകയുള്ളുവെന്ന് എനിക്കറിയാം. കാരണം ആ ഓടി വന്നവർക്കും രാഷ്ട്രീയം കാണും. അവർ ഏത് രാഷ്ട്രീയക്കാരായിരുന്നുവെന്ന് അങ്ങയുടെ രാഷ്ട്രീയംവച്ച് ഇപ്പോഴിവിടെ പറയാതിരുന്നതായിരിക്കും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എനിക്ക് അവരുടെ രാഷ്ട്രീയം പറയേണ്ട ബാധ്യതയില്ലാത്തതുകൊണ്ട് ഇപ്പോൾ പറയുന്നില്ല.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, അവിടെ വന്നവരിൽ ഇടതുപക്ഷത്തിലെ ആളുകളും ഉണ്ടായിരുന്നു.

ശ്രീ. കെ. എം. ഷാജി: സർ, ഇവിടെ ഒരു പാർട്ടിയെ സംബന്ധിച്ചും പറഞ്ഞിട്ടില്ല.

ശ്രീ. പിണറായി വിജയൻ: സർ, ശരി, ഞാൻ പറഞ്ഞതിന് പ്രത്യേക കാരണമുണ്ട്. ശ്രീ. കെ. എം. ഷാജി ഒന്നും പറയണ്ട. ഞാൻ പറഞ്ഞത് എന്തുകൊണ്ടാണെന്ന് അദ്ദേഹത്തിനറിയാം. അദ്ദേഹംതന്നെ വിളിച്ചുകൂട്ടിയ ഒരു സംഭാഷണമൊക്കെ നടന്നിട്ടുണ്ടല്ലേ, ആ സംഭാഷണത്തിൽ സമ്മതിക്കേണ്ടി വന്നുവെന്ന് കേട്ടിട്ടുണ്ട്. അതുവച്ചുകൊണ്ടുതന്നെയാണ് ഞാൻ പറഞ്ഞത്. അത് അദ്ദേഹത്തിനറിയാം. അതുകൊണ്ടാണ് ഞാൻ പ്രത്യേകിച്ച് ആരാണെന്ന് പറയാതിരുന്നത്. ഇത്തരം കാര്യങ്ങളിൽ സർക്കാരിനെ സംബന്ധിച്ചിടത്തോളം തുറന്ന സമീപനമാണുള്ളത്. ആസൂത്രിതമായിട്ടാണ് ഈ കൊലപാതകം നടത്തിയതെന്ന് അദ്ദേഹം പറയുകയുണ്ടായി. ആസൂത്രിതമാണോയെന്ന് അന്വേഷിക്കേണ്ടതായിട്ടുണ്ട്. കൊല നടത്താൻ പരിശീലനം നേടുന്ന ചില സംഘങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അതിലൊന്നാണ് എസ്.ഡി.പി.ഐ. എങ്ങനെ രാഷ്ട്രീയ പ്രവർത്തനം നടത്തണമെന്നുള്ള കാര്യത്തിലല്ല അവർ പരിശീലനം നേടുന്നത്. ഇത്തരത്തിലുള്ള ആക്രമണങ്ങൾ എങ്ങനെ നടത്താമെന്നും ആളുകളെ എങ്ങനെ എളുപ്പത്തിൽ കൊല്ലാൻ സാധിക്കുമെന്നുമുള്ള കാര്യങ്ങളാണ് പരിശീലിക്കുന്നത്. അതിന്റെ പ്രത്യക്ഷത്തിലുള്ള രൂപമാണിവിടെ ഉണ്ടായിരിക്കുന്നത്. ഈ കൊലയ്ക്ക് പിന്നിൽ ആരൊക്കെ പ്രവർത്തിച്ചിട്ടുണ്ടെന്നും ആസൂത്രണമുണ്ടോയെന്നും അദ്ദേഹം സംശയിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങൾ ഗൗരവമായിത്തന്നെ

പരിശോധിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഒരു സ്പെഷ്യൽ ടിമിനെവച്ച് അന്വേഷിക്കേണ്ടതായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞ കാര്യവും പരിശോധിക്കാവുന്നതാണ്. കൊല നടത്തിയ ആളുകളെ കണ്ടെത്തുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചയുണ്ടാകുന്നുവെങ്കിൽ സ്പെഷ്യൽ ടീമിനെ വച്ചുതന്നെ അന്വേഷിക്കാനുള്ള ഏർപ്പാട് ചെയ്യാൻ സാധിക്കും. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം പ്രതികളെ പോലീസ് സ്റ്റേഷനിൽ സൽക്കരിക്കുന്ന നിലയിലാണ് സ്വീകരിച്ചതെന്നാണ്. അങ്ങനെയുണ്ടായിട്ടുണ്ടെങ്കിൽ അത് ഗൗരവമായി അന്വേഷിക്കും. കാരണം എസ്.ഡി.പി.ഐ-ക്കാർക്ക് സൽക്കാരമൊരുക്കുന്ന പോലീസ് സ്റ്റേഷന്റെ കാലം കഴിഞ്ഞു. അങ്ങനെയൊരാവസ്ഥ ഇവിടെയുണ്ടായിരുന്നു. അതിന്റേതായ തുടർച്ച ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ ഉണ്ടായിട്ടുണ്ടെങ്കിൽ നിശ്ചയമായും അതിനെതിരെ നടപടിയുണ്ടാകും. അതിനൊരു സംശയവും വേണ്ട ഇത്തരം കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയും ചെയ്യുന്ന സമാപനം ഈ സർക്കാർ സ്വീകരിക്കില്ലെന്ന് വ്യക്തമാക്കുന്നതാണ്.അതുകൊണ്ട് ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കും. കൂടുതൽ കാര്യങ്ങളിലേക്ക് ഇടപെടേണ്ടതുണ്ടെങ്കിൽ അക്കാര്യങ്ങളിൽ ഇടപെട്ടുകൊണ്ട് പരിശോധിക്കാനുള്ള സംവിധാനമൊരുക്കും. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയ അവതരണത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, കുറ്റ്യാടി വേളത്ത് പൂത്തലത്ത് നസീറുദ്ദീന്റെ കൊലപാതകം അത്യന്തം പൈശാചികവും ക്രൂരവുമായ ഒന്നായിരുന്നു. ഏതെങ്കിലുമൊരു സംഘർഷം നടക്കുന്നതിനിടയിലാണ് ഒരു കൊലപാതകം നടന്നാൽ നമുക്കത് മനസ്സിലാക്കാം. യാതൊരു സംഘർഷവുമില്ലാത്തയവസരത്തിൽ, വളരെ ആസൂത്രിതമായ നിലയിൽ, കൊല്ലണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഈ സംഭവം മുഴുവൻ പ്ലാൻ ചെയ്തതെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. ആർ.എസ്.എസ്സും എസ്.ഡി.പി.ഐ.-യും കേരളത്തിൽ വ്യാപകമായ അക്രമങ്ങൾക്ക് നേതൃത്വം കൊടുത്തു കൊണ്ടിരിക്കുകയാണെന്നതാണ് യാഥാർത്ഥ്യം. ആർ.എസ്.എസ്സും എസ്.ഡി.പി.ഐ-യും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. രണ്ട് സംഘടനകളും തീവ്രവാദ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നുവെന്നുള്ളത് എല്ലാപേർക്കും ബോധ്യമുള്ള കാര്യമാണ്. ഇത്തരം തീവ്രവാദ പ്രസ്ഥാനങ്ങളെ ഒറ്റക്കെട്ടായി കേരള സമൂഹം എതിർക്കണമെന്നുള്ള ആവശ്യകതയാണ് ഇതിലൂടെ

ചൂണ്ടിക്കാണിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മറുപടിയിൽനിന്നും എസ്.ഡി.പി.ഐ.-യോട് അദ്ദേഹത്തിനുള്ള മൃദുസമീപനം വളരെ വ്യക്തമാണ്. ഇതിനുമുമ്പും അവരുടെ ഭാഗത്തുനിന്നും ഇത്തരം സംഭവങ്ങളുണ്ടായിട്ടുണ്ട്. മുമ്പ് എസ്.ഡി.പി.ഐ.-ക്കാരുടെ വാഹനങ്ങളും വീടുകളും എറിഞ്ഞിട്ടുണ്ട്. ഈ സംഭവങ്ങളൊക്കെ അദ്ദേഹം വിശദീകരിക്കുന്നതിന്റെ യുക്തി എല്ലാപേർക്കും മനസ്സിലാകും. അദ്ദേഹമിവിടെ പറഞ്ഞത് എസ്.ഡി.പി.ഐ.-ക്കാർക്ക് ബിരിയാണി വിളമ്പുന്ന സംഭവം അവസാനിച്ചുവെന്നാണ്. മി. പിണറായി വിജയൻ ഇപ്പോൾ അതിവിടെ ആരംഭിച്ചിരിക്കുകയാണെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിനുമുമ്പ് കേരളത്തിലെ ഏതെങ്കിലും ഒരു സ്ഥലത്ത് എസ്.ഡി.പി.ഐ.-ക്കാർക്ക് ബിരിയാണി വിളമ്പിയ ഏതെങ്കിലും ഒരു സംഭവം ചൂണ്ടിക്കാണിക്കുവാൻ കഴിയുമോ? വടകരയിലും കുറ്റ്യാടിയിലും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ. പോലുള്ള തീവ്രവാദ സംഘടനകളുടെ സഹായവാഗ്ദാനം വാങ്ങിയത് ആരാണെന്ന് എല്ലാപേർക്കുമറിയാം. കേരളത്തിൽ അങ്ങോളമിങ്ങോളം എസ്.ഡി.പി.ഐ. പോലുള്ള തീവ്രവാദ സംഘടനകളുടെ സഹായം ആർക്ക് ലഭിച്ചെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. അതുകൊണ്ട് ഇത്തരം തീവ്രവാദ പ്രവർത്തനങ്ങളെയും അക്രമ പ്രവർത്തനങ്ങളെയും തടയുന്ന കാര്യത്തിൽ ഇവിടെ.. (ബഹളം)

മി. സ്പീക്കർ : അങ്ങ് ശ്രീ. സി. കെ .നാണുവിന് വഴങ്ങുന്നുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞാൻ വഴങ്ങുന്നില്ല. തീവ്രവാദത്തിനെതിരായ ശക്തമായ നിലപാട് സ്വീകരിക്കുന്ന പ്രസ്ഥാനമാണ് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് എന്ന വസ്തുത എല്ലാപേർക്കും ബോധ്യമുള്ളതാണ്. അതിന് മുസ്ലീം ലീഗിന് വലിയ വില കൊടുക്കേണ്ടതായി വന്നിട്ടുണ്ട്. തീവ്രവാദത്തിനെതിരായി മുസ്ലീം ലീഗ് സ്വീകരിക്കുന്ന സമീപനത്തിന്റെ അവസാനത്തെ രക്തസാക്ഷിയാണ് ഈ ചെറുപ്പക്കാരനെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ നാട്ടിൽ തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കാനും അതുവഴി രാഷ്ട്രീയനേട്ടമുണ്ടാക്കാനും ശ്രമിക്കുന്ന ദുഷ്ട ശക്തികൾക്കെതിരെ ഒറ്റക്കെട്ടായി ഒരുമിച്ച് മുന്നോട്ട് പോകേണ്ട സന്ദർഭമാണിവിടെ സംജാതമായിരിക്കുന്നത്. ഒരു കൊലപാതകമുണ്ടായതിൽ പ്രകോപിതരായ നാട്ടുകാർ ഒരു വീടിന് കല്ലെറിയുകയും ആ കല്ലെറിഞ്ഞ ലീഗ് പ്രവർത്തകരെ പോലീസ് പിടിച്ച് സ്റ്റേഷനിൽ കൊണ്ടുപോയി അതിക്രൂരമായാണ് മർദ്ദിച്ചത്. അതിനെപ്പറ്റി അന്വേഷിക്കണ്ടേ? പോലീസുദ്യോഗസ്ഥർ ലീഗിന്റെ പ്രവർത്തകന്മാരെ ബോധപൂർവ്വം ഭീകരമായി മർദ്ദിക്കുകയും അസഭ്യവർഷങ്ങൾകൊണ്ട് ചൊരിയുകയുമാണുണ്ടായത്. അതേസമയം കുറ്റക്കാരായ എസ്.ഡി.പി.ഐ.-ക്കാർക്ക് പോലീസ് സ്റ്റേഷനിൽ

വലിയ പരിഗണനയാണ് കിട്ടിയത്. അതുമാത്രമല്ല ഇന്നലെ വൈകുന്നേരം വടകരയിൽ ലീഗുകാരുടെ പ്രതിഷേധ പ്രകടനമുണ്ടായിരുന്നു. സ്വാഭാവികമായും കുറ്റ്യാടിയിൽ ഒരു സംഭവമുണ്ടായാൽ സമീപപ്രദേശങ്ങളിൽ പ്രതിഷേധങ്ങളും ജാഥയുമുണ്ടാകും. വടകര കോട്ടപ്പള്ളിയിൽ ലീഗ് പ്രവർത്തകരെ മർദ്ദിക്കുകയും ലീഗുകാരുടെ കടകൾ അടിച്ചുതകർക്കുകയും ചെയ്തത് സി.പി.ഐ.-(എം)-ന്റെ പ്രാദേശിക പ്രവർത്തകന്മാരാണ്. അവർക്കെതിരെ ഒരു നടപടിയുമുണ്ടായില്ല. ഈ സംഭവങ്ങൾക്കുശേഷവും കുറ്റ്യാടി, വടകര, നാദാപുരം മേഖലകളിൽ ലീഗിന്റെ പ്രവർത്തകന്മാർക്കുനേരെ വ്യാപകമായ അക്രമ പ്രവർത്തനങ്ങളാണ് സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ളത്. ഇത്തരം അക്രമപ്രവർത്തനങ്ങളെ ശക്തമായി നേരിടുമെന്ന് അറിയിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. പോലീസ് നിഷ്ക്രിയമായി നോക്കിനിൽക്കുന്നു. ബഹുമാന്യനായ മെമ്പർ ശ്രീ. പാറക്കൽ അബ്ദുള്ളയും ചൂണ്ടിക്കാണിച്ചത്പോലീസിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും ഉണ്ടാകുന്നില്ലെന്നാണ്. പോലീസ് ഈ സംഭവങ്ങളുണ്ടായപ്പോഴെല്ലാം നിഷ്ക്രിയമായി നോക്കി നിൽക്കുകയായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് അൻപത്തിരണ്ട് ദിവസമാണായിട്ടുള്ളത്. ഇതിനിടയിൽ നാൽപ്പത് കൊലപാതകങ്ങളും നാൽപ്പത്തിയെട്ട് കൊലപാതക ശ്രമങ്ങളും സ്ത്രീകൾക്കെതിരെയുള്ള 440 അക്രമങ്ങളുമാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്. സംസ്ഥാനത്തുടനീളം വർദ്ധിച്ചുവരുന്ന അക്രങ്ങളും സംഘർഷങ്ങളും തടയാൻ കഴിയാത്തത് പോലീസിന്റെ നിഷ്ക്രിയമായ നിലപാട് മൂലമാണ്. അക്രമങ്ങളെ ശക്തമായി അടിച്ചമർത്താൻ പോലീസിനും ഗവൺമെന്റിനും ഇച്ഛാശക്തിയില്ലെന്നുള്ളതാണ് ഈ സംഭവങ്ങൾ തെളിയിക്കുന്നത്. ഇവിടെ ഗൂഢാലോചന നടത്തിയത് രണ്ട് പ്രതികൾ മാത്രമല്ല ഇതിന്റെ പിന്നിൽ ആരെല്ലാമുണ്ടെന്നുള്ളത് കണ്ടുപിടിക്കണം. അതുകൊണ്ടാണ് ബഹുമാന്യനായ മെമ്പർ ശ്രീ. പാറക്കൽ അബ്ദുള്ള ഇതിന് പിന്നിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരികയും ശരിയായ അന്വേഷണം നടത്തുകയും വേണമെന്ന് പറഞ്ഞത്. ഈ കേസ് ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ നിന്നും മാറ്റി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയമിച്ച് ശക്തമായ അന്വേഷണം നടത്തി ഇതിന് പിന്നിലുള്ള മുഴുവൻ കുറ്റവാളികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണം. പോലീസിനെ ന്യായീകരിക്കുവാനും അക്രമികളെ പൂർണ്ണമായി സംരക്ഷിക്കാനുമുള്ള നിലപാട് സർക്കാർ ഉപേക്ഷിക്കണം. സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, നാദാപുരം, കുറ്റ്യാടി, വടകര മേഖലകളിൽ മുമ്പ് രാഷ്ട്രീയ സംഘർഷങ്ങൾ നടന്നിട്ടുണ്ട്, ഇപ്പോഴും രാഷ്ട്രീയ കൊലപാതകങ്ങളുൾപ്പടെയുള്ള പല സംഭവങ്ങളും നടക്കുന്നുണ്ട്. എന്നാൽ വർഗ്ഗീയത പോലുള്ള, ജാതീയചേരിതിരിവുള്ള സംഭവ വികാസങ്ങൾ ആ മേഖലയിൽ അധികമുണ്ടാകാറില്ലായിരുന്നു. എന്നാൽ ഇതുപോലുള്ള തീവ്രവാദ പാർട്ടികൾ കേരളത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയതിനുശേഷം സമാധാനമുണ്ടാക്കാൻ വേണ്ടി രാഷ്ട്രീയ പാർട്ടികൾ ശ്രമിക്കുമ്പോൾ സമാധാനമില്ലാതാക്കാൻ ശ്രമിക്കുന്ന ഒരു ഫോഴ്സ് ഇവിടെയുമുണ്ട്. അതിനെ ഞങ്ങൾ വളരെ ശക്തമായി എതിർത്തുവരികയാണ്. കഴിഞ്ഞകാലങ്ങളിൽ ആ മേഖലകളിൽ രാഷ്ട്രീയ സംഭവങ്ങളുണ്ടായിട്ടുണ്ടെന്നത് വസ്തുതയാണ്. ഇ. കെ. നായനാർ മുഖ്യമന്ത്രി ആയിരുന്ന സമയത്ത് രാഷ്ട്രീയ സംഘട്ടനത്തിൽപ്പെട്ട് ഒൻപത് ആളുകൾ മരിക്കാനിടയായ സംഭവത്തെത്തുടർന്ന് അവിടത്തെ കമ്മ്യൂണിറ്റി ഹാളിൽ പൊളിറ്റിക്കൽപാർട്ടികളെല്ലാംകൂടി സമാധാനത്തിനു വേണ്ടി സമ്മേളനം ചേർന്ന സ്ഥലമാണ് നാദാപുരമെന്ന് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കുമറിയാം. അപ്പോൾ ഇതൊന്നുമംഗീകരിക്കാതെ, പ്രത്യേകിച്ച് മുസ്ലീം ലീഗിനോട് തീവ്രവാദ സംഘടനകൾ നിങ്ങളുടെ സമാധാനശ്രമങ്ങളൊന്നും ശരിയല്ലായെന്ന നിലപാടെടുക്കുന്ന ഒരു ഫോഴ്സ് അവിടെയുണ്ട്. അങ്ങനെയാണ് എസ്.ഡി.പി.ഐ.-പോലുള്ള പാർട്ടികളും സംഘടനകളും അവിടെ ഉണ്ടായിട്ടുള്ളത്. ഇപ്പോൾ ഐ.എസി-നെപ്പറ്റി പറഞ്ഞു. ഐ.എസ്. എന്ന ഭീകര സംഘടന ഇവിടെ ഉണ്ടായപ്പോൾ ഞങ്ങൾ അതിനെ വളരെ ശക്തമായി എതിർത്തിട്ടുണ്ട്. ഞാൻ രാഷ്ട്രീയമായി പറയുന്നതല്ല, അപ്പോഴെല്ലാം അതിനെ സാരമില്ലാതെകണ്ട് തൽക്കാല രാഷ്ട്രീയ നേട്ടത്തിനായി ഇതിനെയെല്ലാം പരിപോഷിപ്പിച്ച സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഞാൻ അഭിമാനത്തോടുകൂടി പറയട്ടെ ഒരുഘട്ടത്തിലും ഞങ്ങൾ തീവ്രവാദ സംഘടനകളോടോ അവരുടെ നിലപാടുകളോടോ യോജിച്ചിട്ടില്ല. മതവിശ്വാസം ഒരു വസ്തുതയാണ്. എല്ലാ വിഭാഗങ്ങളിലും മത വിശ്വാസമുണ്ട്. മതങ്ങളിൽതന്നെ നല്ല കാര്യങ്ങളുണ്ട്. മതവിശ്വാസം വർഗ്ഗീയതയല്ല, വിഭാഗീയതയല്ല. ഞങ്ങളുടെ പാർട്ടി മതവിശ്വാസത്തിൽ അടിയുറച്ച നിന്നുകൊണ്ട് ലിറ്ററസിയും വികസന പ്രവർത്തനങ്ങളും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കേരളത്തെ മുന്നോട്ട് കൊണ്ടുപോകുന്ന ഓരോ ഘട്ടത്തിലും

വഴിതെറ്റിക്കാൻ വേണ്ടി ശ്രമിക്കുന്ന ഒരു പൊളിറ്റിക്കൽ ഫോഴ്സായി ഉയർന്നുവന്നവരാണ് എസ്.ഡി.പി.ഐ-ക്കാർ. ഇതിന്റെ വകഭേദങ്ങൾ കഴിഞ്ഞ കാലങ്ങളിലുമുണ്ടായിരുന്നു. ആ സന്ദർഭങ്ങളിലെല്ലാം പൊളിറ്റിക്കലായി ചെറിയ ചെറിയ സഹായങ്ങൾ ചെയ്തുകൊടുത്തത് തെറ്റായിപ്പോയെന്നത് നമ്മൾ സ്വയം വിമർശനം നടത്തേണ്ട കാര്യമാണ്. അക്രമത്തിലും കൊലപാതകത്തിലും വിശ്വസിക്കുന്ന അങ്ങനെയുള്ള ഫോഴ്സുകൾ അതിക്രൂരമായി പെരുമാറുന്നവരാണ്. കൊല്ലപ്പെട്ട നസീറുദ്ദീൻ സി.എ.യ്ക്ക് പഠിക്കുന്ന ഗ്രാഡ്വേറ്റ് ആയിട്ടുള്ള ഒരു ചെറുപ്പക്കാരനാണ്. പ്രാർത്ഥന കഴിഞ്ഞ് ഇറങ്ങിയ സമയത്താണ് കൊലചെയ്യപ്പെട്ടത്. തീവ്രവാദത്തെക്കുറിച്ച് സംസ്ഥാനതലത്തിലും ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലുമൊക്കെ ചർച്ച നടത്തുമ്പോൾ അവരുടെ വേരറുക്കണമെന്നുണ്ടെങ്കിൽ തീവ്രവാദത്തിനെതിരായ സമീപനമെടുക്കുന്ന രാഷ്ട്രീയ പാർട്ടികൾ ഉറച്ച നിലപാടെടുക്കണം. ഉറച്ച നിലപാടെടുക്കുന്ന കാര്യത്തിൽ നമ്മൾ വിജയിച്ചിട്ടുണ്ടോ എന്നുള്ള കാര്യത്തെക്കുറിച്ച് നമ്മൾ ചിന്തിക്കണം. ചരിത്രം നോക്കുകയാണെങ്കിൽ, രാഷ്ട്രീയമായി ഞങ്ങൾക്കൊക്കെ വലിയ കോട്ടം സംഭവിച്ച സന്ദർഭത്തിൽപോലും നമ്മൾ ഇതിനോട് കോംപ്രമൈസ് ചെയ്തിട്ടില്ല. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിലും അതുതന്നെയാണ് സംഭവിച്ചത്. ഇത് അവിടെമാത്രം ഒറ്റപ്പെട്ട് നിൽക്കുന്ന സംഭവമൊന്നുമല്ല. ശ്രീ. പാറക്കൽ അബ്ദുല്ല പറഞ്ഞ ഒരു കാര്യം ശരിയാണ്. nexus എന്നുപറഞ്ഞത് ബഹുമാന്യനായ മുഖ്യമന്ത്രി വളരെ ഗൗരവമായി പരിശോധിക്കണം. അത് കുറ്റവാളികളും പോലീസും തമ്മിൽ വരുന്ന ഒരു nexus ആണ്. ശ്രീ. പാറക്കൽ അബ്ദുല്ല പോലീസ് സ്റ്റേഷനിൽ ബിരിയാണി കൊടുത്തതിനെക്കുറിച്ച് പറഞ്ഞത് വെറുതെ പറഞ്ഞതല്ല. സർവ്വകക്ഷിയോഗത്തിൽ ഈ ആരോപണം വന്നിട്ടുള്ളതാണ്. എന്താണ് പോലീസ് ഇങ്ങനെ പെരുമാറുന്നത്; കുറ്റവാളികളെ സ്വീകരിച്ചിരുത്താൻ പാടുണ്ടോ; ഇവരെ സപ്പോർട്ട് ചെയ്യാമോ? ഞാൻ പോലീസിനെ പൊളിറ്റിക്കലായി കുറ്റപ്പെടുത്തുന്നതല്ല. കുറ്റവാളികളെ പ്രോത്സാഹിപ്പിക്കുന്നൊരു നിലപാട് പല സ്ഥലത്തും നടക്കുന്നതായി കേൾക്കുന്നുണ്ട്. പേടിച്ചിട്ടാണോ പോലീസ് ഇത് ചെയ്യുന്നതെന്ന് അറിയില്ല. ഏതായാലും ഇങ്ങനെയൊരു സംഭവമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം വളരെ ഗൗരവത്തിൽ എടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

[10.00 AM]

ശ്രീ. കെ. എം. മാണി : സർ, പള്ളിയിലെ പ്രാർത്ഥന കഴിഞ്ഞ് പോകുന്ന ആളിനെയാണ് ബൈക്കിൽ വന്ന സംഘം ആക്രമിച്ചത്. പള്ളിയിൽ പ്രാർത്ഥിക്കുന്ന ആളുകൾക്കുപോലും സുരക്ഷിതത്വമില്ലാത്ത ഒരവസ്ഥയിലേക്ക് നമ്മുടെനാട് വഴുതിപ്പോകുന്നുവെന്നുള്ളത് വളരെ ദുഃഖകരവും ഉത്കണ്ഠാജനകവുമായിട്ടുള്ള കാര്യമാണ്. ഇക്കാര്യത്തിൽ ശക്തമായ നടപടികളെടുക്കേണ്ടതായിട്ടുണ്ട്. ബിരിയാണി കൊടുക്കുന്ന കാലം കഴിഞ്ഞുപോയി എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അത് ശരിയാണ്. ഇപ്പോൾ പൊറോട്ടയും ചില്ലിചിക്കനുമാണ് കൊടുക്കുന്നതെന്ന വ്യത്യാസമേയുള്ളൂ. അക്രമികളെ പോലീസ് സംരക്ഷിക്കുന്നു. പോലീസും അക്രമികളും തമ്മിലുള്ള ഒത്തുകളിയും ഗൂഢാലോചനയുമൊക്കെ നടക്കുന്നുണ്ടെന്നുള്ളത് സുവ്യക്തമായകാര്യമാണ്. ഏതായാലും ഭീകരസംഘടനകൾ നമ്മുടെ നാട്ടിൽ വളർന്നുവരുന്നു. മലയാളി യുവാക്കളെ ഐ.എസ്.-ലേക്കുംമറ്റും റിക്രൂട്ട്ചെയ്ത് കൊണ്ടുപോകുന്നു. കേരളം ഒരു റിക്രൂട്ട്മെന്റ് ഏരിയയായി മാറുന്നുവെന്നുള്ള റിപ്പോർട്ടുകളൊക്കെ ഭയാനകമായിട്ടുള്ള കാര്യമായതിനാൽ ഇക്കാര്യത്തിൽ ഗവൺമെന്റ് ജാഗ്രത പുലർത്തണം. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി ഭീകരസംഘടനാ പ്രവർത്തനം എവിടെയെങ്കിലും നടത്തുന്നുണ്ടെങ്കിൽ അത് അമർച്ച ചെയ്യാൻ ഗവൺമെന്റ് മുന്നോട്ടുവരണം. തൊടുപുഴ കോളേജിലെ അദ്ധ്യാപകന്റെ കൈവെട്ടിയ ചരിത്രമൊക്കെ നമുക്കറിയാം. അതുകൊണ്ട് ഇങ്ങനെയുള്ള സംഘടനകളെ അമർച്ച ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന ഉദാസീനത വളരെ പ്രതിഷേധാർഹമായ കാര്യമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, നസീറുദ്ദീന്റെ കൊലപാതകം ആസൂത്രിതമാണെന്നത് വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗവൺമെന്റിന്റെ വേർഷൻ പറയുകയും ബഹുമാനപ്പെട്ട എം.എൽ.എ. അദ്ദേഹം നേരിട്ട് മനസ്സിലാക്കിയ അനുഭവങ്ങൾ സഭയോട് പങ്കുവയ്ക്കുകയും ചെയ്തു.

കൊലപാതകത്തിന് തെരഞ്ഞെടുത്ത സമയം, സ്ഥലം ഇതിൽനിന്നൊക്കെ മനസ്സിലാക്കാൻ സാധിക്കുന്നത് കൊലപാതകം നടത്തിയത് വളരെ ആസൂത്രിതമായിട്ടാണെന്നാണ്. മാത്രവുമല്ല മുഖംമൂടിപോലും ധരിക്കാതെ കൊലപാതകം നടത്തുമ്പോൾ അത്തരക്കാർക്കുള്ള ഒരു മാനസികധൈര്യം ക്രമസമാധാനത്തകർച്ചയെയാണ് കാണിക്കുന്നത്. എസ്.ഡി.പി.ഐ. എന്ന സംഘടനയ്ക്ക് സ്റ്റേഷനിൽ ലഭിച്ചെന്നുപറയുന്ന പ്രത്യേക പരിഗണന ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ഗൗരവമായി ശ്രദ്ധിക്കേണ്ട കാര്യംതന്നെയാണ്. പോലീസും ക്രിമിനൽസും തമ്മിലുള്ള ആവശ്യമില്ലാത്ത ഇടപെടലുകൾ ഇപ്പോൾ മാത്രമല്ല പല കാലഘട്ടങ്ങളിലും കാണാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ വിഭാഗം പോലീസുകാരെയും നമുക്ക് അടച്ച് ആക്ഷേപിക്കാൻ കഴിയുകയില്ല. സത്യസന്ധരായ ഉദ്യോഗസ്ഥരുള്ള വലിയൊരു സേനയാണ് കേരളാപോലീസിലുള്ളത്. അതിനെ മോശമായി കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷേ ചില സന്ദർഭങ്ങളിലെങ്കിലും ചില പോലീസുകാരും ക്രിമിനൽസും തമ്മിലുള്ള ബന്ധങ്ങൾ ഉണ്ടാകുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. അത് ഒരിക്കലും നിഷേധിക്കാൻ കഴിയുന്ന കാര്യമല്ല. അത്തരത്തിലുള്ള പോലീസുകാർക്കെതിരെ ശക്തമായ നടപടിയെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങളിൽ അദ്ദേഹം ആത്മാർത്ഥമായി ഉറച്ച് നിൽക്കുന്നുവെങ്കിൽ കുറ്റവാളികൾക്ക് ആവശ്യത്തിലധികം പരിഗണന ലഭിച്ചിട്ടുണ്ടെങ്കിൽ, അത്തരത്തിൽ പരിഗണന നൽകിയ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. മതേതരത്വം സംരക്ഷിക്കുവാൻ എന്നും മുന്നിട്ട് നിന്നിട്ടുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനം തന്നെയാണ് ഇവിടെയുള്ളത്. ഈയൊരു വിഷയത്തെ ലഘുവായി കാണാതെ, അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ വിഷയത്തിന്റെ ഗൗരവമുൾക്കൊണ്ടു കൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III ശ്രദ്ധ ക്ഷണിക്കൽ

### 1. ശുചീകരണത്തൊഴിലാളികളുടെ വേതന പരിഷ്കരണം

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാന്യനായ തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേക്കാണ് ഞാൻ ഈ വിഷയം കൊണ്ടുവരുന്നത്. കേരളത്തിലെ മുനിസിപ്പൽ/കോർപ്പറേഷൻ ശുചീകരണ തൊഴിലാളികളുടെ വേതന കരാർ കാലാവധി അവസാനിച്ചിട്ട് രണ്ട് വർഷമായി. 2014 ജൂലൈ 1 മുതൽ പുതിയ ശമ്പള പരിഷ്കരണവും പെൻഷനും നടപ്പിൽവരുത്തേണ്ടതായിരുന്നു. സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളപരിഷ്കരണ ഉത്തരവ് ഇറങ്ങിയാൽ കാലതാമസംവരാതെ നഗരശുചീകരണ തൊഴിലാളികളുടെ ശമ്പളപരിഷ്കരണ ഉത്തരവും ഇറങ്ങാറുണ്ട്. തൊഴിലാളി യൂണിയനുകളുടെ സംഘടനകൾ മന്ത്രിതലത്തിലും ഉദ്യോഗസ്ഥ തലത്തിലും പലവട്ടം ചർച്ച നടത്തി. അന്നത്തെ നഗരവികസന വകുപ്പുമന്ത്രി സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്ന ദിവസംതന്നെ നഗരശുചീകരണ തൊഴിലാളികളുടെ ശമ്പള പരിഷ്കരണവും നടപ്പിലാക്കുമെന്ന് തൊഴിലാളി സംഘടനകൾക്ക് ഉറപ്പ് നൽകിയതാണ്. ആ കരാറിന്റെ കരട് യൂണിയനുകൾക്ക് നൽകുകയും യൂണിയൻ നൽകിയ ഭേദഗതികൾ അംഗീകരിക്കാമെന്ന് ഉറപ്പു നൽകുകയും അതിന്റെയടിസ്ഥാനത്തിൽ നൽകിയ ഭേദഗതികൾ അംഗീകരിച്ചുവെന്ന് മന്ത്രി പറയുകയും ചെയ്തു. പിന്നീട് രണ്ട് മാസത്തോളം വകുപ്പിൽ കമ്മീഷണർ ഉണ്ടായിരുന്നില്ല. അതിനുശേഷം തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. അതിനെത്തുടർന്ന് നേരത്തെ നടപ്പിലാക്കാമെന്ന് ഉറപ്പ് നൽകിയ ശമ്പള പരിഷ്കരണ നടപടി നടപ്പിലായില്ല. കാലതാമസം കൂടാതെ നടപ്പിലാക്കാൻ ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നഗരശുചീകരണ തൊഴിലാളികളുടെ ശമ്പളപരിഷ്കരണ ഉത്തരവ് എത്രയുംവേഗം നടപ്പിലാക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സത്വര നടപടികൾ ഉണ്ടാകണമെന്നാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. നമുക്കെല്ലാം നഗരങ്ങളിലൂടെ മൂക്കുപൊത്താതെ നടക്കാൻ കഴിയുന്നത് ഈ ശുചീകരണ തൊഴിലാളികളുടെ അശ്രാന്തമായ പരിശ്രമത്തിന്റെകൂടി ഫലമായിട്ടാണെന്നുള്ളത് മറക്കാൻ കഴിയുകയില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഗരപ്രദേശങ്ങളിൽ ശുചീകരണ മേഖലയിൽ തൊഴിൽചെയ്യുന്ന തൊഴിലാളികളുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അന്നത്തെ നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ്

കൂടിയിരുന്നു. ആ മീറ്റിംഗ് പ്രധാനപ്പെട്ട സംഘടനകളുമായി (ട്രേഡ് യൂണിയൻ എംപ്ലോയീസിന്റെ സംഘടനകളുമായി) ചർച്ച നടത്തുകയും വിശദമായിട്ടുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും സർക്കാർ ചില ഭേദഗതികളോടെ അത് ധനകാര്യവകുപ്പിന് കൈമാറുകയും ചെയ്തിരുന്നു. ധനകാര്യവകുപ്പിൽനിന്ന് അതുമായിബന്ധപ്പെട്ട തീരുമാനം ലഭിക്കുന്ന മുറയ്ക്കുതന്നെ അവരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതാണ്. അതുപോലെ പ്രധാനമാണ് ആ മേഖലയിൽ ദിവസക്കൂലിക്ക് ജോലി ചെയ്യുന്ന ശുചീകരണ തൊഴിലാളികളുടെ കാര്യവും. അവർക്ക് സംസ്ഥാനത്ത് ഇന്ന് നൽകുന്നത് 377 രൂപയാണ്. മിനിമം വേജസിനെ സംബന്ധിച്ച് നമ്മുടെ നാട്ടിൽ ഒരു നിയമം നിലവിലുണ്ട്. 6-8 മണിക്കൂർ ജോലി ചെയ്യുന്നവർക്ക് 600 രൂപയാണ് മിനിമം കൂലിയായി നൽകേണ്ടത്. ആ അവകാശം താല്ക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശുചീകരണ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള മിനിമം കൂലി അവർക്കുകൂടി ലഭ്യമാക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കുമെന്ന് ഈ സന്ദർഭത്തിൽ അറിയിക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന കാര്യത്തിൽ, ഏറ്റവും അടിത്തട്ടിൽ നിൽക്കുന്ന ഇത്തരം വിഭാഗങ്ങൾക്ക് മുന്തിയ പരിഗണന നൽകണമെന്ന നിർദ്ദേശം മന്ത്രിയുടെ ഭാഗത്തുനിന്നുതന്നെ വന്നിട്ടുണ്ട്. അതൊരു തീരുമാനമായി ഇനിയങ്ങോട്ടുള്ള കാലയളവിലും ഉണ്ടാകുമെന്ന് ഉറപ്പ് നൽകാൻ സാധിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u> : സർ, കഴിഞ്ഞ കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ ഇതുസംബന്ധിച്ച് വളരെ ഗൗരവതരമായ ചർച്ചകൾ നടന്നിരുന്നു. ശമ്പള പരിഷ്കരണം ഉൾപ്പെടെ താല്ക്കാലികാടിസ്ഥാനത്തിൽ ശുചീകരണ തൊഴിലിന് നിയോഗിക്കപ്പെടുന്നവർക്ക് നിലവിൽ നമ്മുടെ സംസ്ഥാനത്ത് മറ്റെല്ലാ മേഖലയിലും നൽകുന്നതുപോലെ മിനിമം വേതനം ഉറപ്പാക്കുന്നതിനും ഗവൺമെന്റ് പ്രതിജ്ഞാ ബദ്ധമായിരിക്കും. അത് എത്രയും വേഗം നടപ്പിലാക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

## 2. ഇതരസംസ്ഥാനത്തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വ്യാപകമാകുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ജനസംഖ്യയുടെ നല്ലൊരു ശതമാനത്തോളം, അതായത് ഏകദേശം കാൽ ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികളുള്ള സംസ്ഥാനമാണ് കേരളം. ഇതര സംസ്ഥാനത്തൊഴിലാളികളുടെ സേവനം ഇവിടത്തെ നിർമ്മാണമേഖലയിലും മറ്റ് ചെറുകിട വ്യവസായ മേഖലകളിലും ഒഴിവാക്കാൻ സാധിക്കാത്ത ഒന്നായി മാറിക്കഴിഞ്ഞു. തൊഴിൽ മേഖല വ്യാപിക്കുന്നതിന് ആനുപാതികമായി തൊഴിലാളികളെ പ്രാദേശികമായി ലഭിക്കാത്ത സാഹചര്യത്തിലാണ് ഇത്തരത്തിൽ അന്യസംസ്ഥാന തൊഴിലാളികളെ ആശ്രയിക്കേണ്ടിവരുന്നത്. ഇതര സംസ്ഥാനത്തൊഴിലാളികളോട് കാണിക്കേണ്ട സാമാന്യ രീതി, ഇതര സംസ്ഥാനത്തൊഴിലാളികൾക്കിടയിലെ തിരിമറികളും തീവ്രവാദ പശ്ചാത്തലമുള്ളവരെ കണ്ടെത്തുന്നതിനുമുള്ള നിയമ സംവിധാനം, നാട്ടുകാർ നേരിടേണ്ടിവരുന്ന സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം എന്നീ മൂന്ന് കാര്യങ്ങളാണ് ഇതര സംസ്ഥാനത്തൊഴിലാളികളുമായി ബന്ധപ്പെട്ട് ഭരണസംവിധാനത്തിൽ നിയന്ത്രിക്കപ്പെടേണ്ടതായിട്ടുള്ളത്. മറ്റെവിടെച്ചെന്ന് നോക്കിയാലും ഏറ്റവും കൂടുതൽ ഇതര സംസ്ഥാനത്തൊഴിലാളികൾ മലയാളികളാണ്. ഉദാഹരണത്തിന് ഡൽഹിയിലും മുംബൈയിലും പത്ത് ലക്ഷത്തിൽ കൂടുതലും ഗൾഫിൽ അറബികൾ കഴിഞ്ഞാൽ ഏറ്റവും കൂടുതലും മലയാളികളാണുള്ളത്. ആ നാട്ടിൽ ചെന്നുകഴിയുമ്പോൾ അവർ നമുക്ക് നൽകുന്ന ദയാദാക്ഷിണ്യവും കരുതലും ഇവിടെയെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കും നല്കുവാൻ നമ്മൾ ബാധ്യസ്ഥരാണ്. ആയതിനാൽ മെച്ചപ്പെട്ട ശമ്പളവും ജീവിത സാഹചര്യവും പ്രതീക്ഷിച്ച് ഇവിടെ എത്തുന്നവരോട് നമ്മൾ നീതികാണിച്ചേ മതിയാകൂ. തൊഴിലുടമകളാലും കരാറുകാരാലും ചൂഷണം ചെയ്യപ്പെടാതെ അവരെ സംരക്ഷിക്കുന്നതിനുള്ള ബാധ്യത തൊഴിൽ വകുപ്പിനുണ്ട്. ബീഹാറികളും ഒറീസ്സക്കാരും ബംഗാളികളുമടക്കമുള്ളവർ ഉത്തരേന്ത്യൻ ഉൾപ്രദേശങ്ങളിലെ ഒരു സംസ്കാരം തന്നെയാണ് ഇവിടേയ്ക്ക് കൊണ്ടുവരുന്നത്. അവരുടെ മോശപ്പെട്ട സംസ്കാരം മാറ്റിയെടുക്കുന്നതിനുള്ള ബോധവൽക്കരണം ഇവിടെ ആവശ്യമായി വരുന്നു. ഇക്കാര്യത്തിൽ സാമൂഹ്യ പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നമുക്ക് ക്രിയാത്മകമായി പ്രവർത്തിക്കാൻ സാധിക്കും. ഇവിടെ വന്നുപോകുന്ന ആളുകളെക്കുറിച്ച് യാതൊരു രൂപവും പോലീസിനോ അല്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ ഇല്ല. ഓരോ ട്രെയിൻ വരുമ്പോഴും നൂറുകണക്കിന് ആളുകൾ വന്നിറങ്ങുകയും ഓരോ

കമ്പനികളിൽ ചേരുകയും ചെയ്യുന്നു. ഇവർ ആരാണെന്നോ എന്താണെന്നോ ഏത് സ്ഥലങ്ങളിൽ നിന്ന് വരുന്നവരാണെന്നോനമുക്ക് കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. ഇടനിലക്കാർ അവരെ ഏതെങ്കിലും കമ്പനികളിൽ എത്തിക്കുകയും പ്രാദേശികമായി ഏതെങ്കിലും താമസസ്ഥലങ്ങളിൽ താമസിപ്പിക്കുകയും ചെയ്യുന്നു. അതിൽ പല സ്വഭാവമുള്ള വ്യക്തികളുണ്ട്. നാട്ടിൽ നിൽക്കാൻ സാധിക്കാതെ കുറ്റകൃത്യങ്ങളിലേർപ്പെട്ട് രക്ഷപ്പെടാൻ വേണ്ടി ഇവിടെ വരുന്നവരുമുണ്ട്. ഏറ്റവും കൂടുതൽ അന്യസംസ്ഥാന തൊഴിലാളികളുള്ള ഒരു ജില്ല എറണാകുളം ജില്ലയാണ്. അവിടെ പെരുമ്പാവൂരിലും കുന്നത്തുനാട് താലൂക്കിലുമായി ലക്ഷക്കണക്കിനാളുകളുണ്ട്. പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ റിഫൈനറിയിൽ പതിനാറായിരം പേരാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. പതിനാറായിരം പേരിൽ പതിനായിരത്തോളം പേർ ഇതര സംസ്ഥാന ത്തൊഴിലാളികളാണ്. ഇവർ എവിടെനിന്ന് വരുന്നു, എങ്ങനെ വരുന്നു എന്നതിനെക്കുറിച്ച് യാതൊരു വിവരവുമില്ല. കൂടാതെ ഇവരെ കരാറുകാർ കൊണ്ടുവന്ന് ചില ഷെഡ്ഡുകളിൽ താമസിപ്പിക്കുമ്പോൾ അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നില്ലെന്ന ആക്ഷേപങ്ങളുമുണ്ട്. പക്ഷേ ഇവർ ഉണ്ടാക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ ഒട്ടനവധിയാണ്. അതാണ് ഞാൻ കൂടുതലായി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.ഇതിൽ തൊണ്ണൂറ് ശതമാനം ആളുകളും ജീവിക്കാൻവേണ്ടി പാടുപെട്ട് വരുന്നവരാണെങ്കിൽ പത്ത് ശതമാനത്തോളം ആളുകൾ ക്രിമിനൽ പശ്ചാത്തലമുള്ളവരും ക്രിമിനൽ കേസുകളുമായി ബന്ധപ്പെട്ട് നാടുവിട്ട് വന്നവരുമാണ്. ഈ പത്ത് ശതമാനമാളുകളാണ് നാട്ടിൽ പ്രശ്നങ്ങളുണ്ടാക്കുന്നത്. പെരുമ്പാവൂരിൽ അടുത്ത കാലത്ത് നടന്ന ജിഷയുടെ കൊലപാതകത്തിൽ പ്രതിയെ പിടികൂടാൻ നമുക്ക് കാലതാമസം നേരിടുകയുണ്ടായി. പ്രതി എവിടെനിന്ന് വന്നു, എങ്ങനെ വന്നു എന്നിങ്ങനെയുള്ള വിവരങ്ങൾ ഒരു സ്ഥാപനയുടമയും വെളിപ്പെടുത്താൻ തയ്യാറായിരുന്നില്ല. അദ്ദേഹത്തെ വാടകയ്ക്ക് താമസിപ്പിച്ചിരുന്ന കെട്ടിട ഉടമസ്ഥൻപോലും അദ്ദേഹം അവിടെ താമസിച്ചിരുന്നുവെന്ന് വെളിപ്പെടുത്താൻ തയ്യാറായില്ല. ഇങ്ങനെയുള്ള ക്രിമിനൽ സംഭവങ്ങളും കൊലപാതകങ്ങളും ഉണ്ടാകുമ്പോഴാണ് ഇതിനെക്കുറിച്ച് ചിന്തിക്കേണ്ടതായി വരുന്നത്. നമുക്ക് ഇതിലൊരു നിയന്ത്രണമുണ്ടാകണം. നിയന്ത്രണമെന്ന് പറയുമ്പോൾ അവരെ ഇവിടെ കൊണ്ടുവരണ്ടെന്നോ ജോലി നൽകണ്ടന്നോ അല്ല. പോലീസിന്റെയും ലേബർ ഡിപ്പാർട്ടുമെന്റിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപങ്ങളുടെയുമെല്ലാം യോജിച്ച ശ്രമത്തോടെ കുഴപ്പക്കാരായ ആളുകളെ കണ്ടെത്തി അവരെ ഒഴിവാക്കാനുള്ള സംവിധാനമുണ്ടാക്കിയില്ലെങ്കിൽ പല സ്ഥലങ്ങളിലും ഇതുപോലുള്ള ദുരന്തങ്ങളുണ്ടാകും. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ട് ഇതിനുള്ള സംവിധാനമേർപ്പെടുത്തണം. പെരുമ്പാവൂരിലും കുന്നത്തുനാട് നിയോജക മണ്ഡലത്തിലും

അന്യസംസ്ഥാന തൊഴിലാളികളാണ് എല്ലാ മേഖലകളിലും ജോലിയെടുത്തു കൊണ്ടിരിക്കുന്നത്. ഇവരില്ലെങ്കിൽ അവിടെ ഒരു ജോലിയും നടക്കാൻ പോകുന്നില്ലെന്നത് വാസ്തവം തന്നെയാണ്. ഇപ്പോൾ കൊച്ചിൻ റിഫൈനറി പോലുള്ള 24,500 കോടി രൂപയുടെ പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കുന്നതുതന്നെ ഇവരുടെ സേവനമുള്ളതുകൊണ്ടാണ്. ഇവരുടെ സേവനം ഉപയോഗിക്കുന്നതിനോടൊപ്പം കുഴപ്പക്കാരായ ആളുകളെ കണ്ടെത്തി അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. ജിഷാ വധക്കേസ് പോലുള്ള കൊലപാതകങ്ങൾ വീണ്ടും ആവർത്തിക്കാതിരിക്കാൻ അടിയന്തരമായി സഭയുടെ ശ്രദ്ധയുണ്ടാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനം നേരിടുന്ന ഒരു ഗൗരവമായ പ്രശ്നമാണ് ബഹുമാന്യനായ വി.പി. സജീന്ദ്രൻ എം.എൽ.എ. ഇവിടെ ഉന്നയിച്ചത്. നമ്മുടെ സംസ്ഥാനത്ത് ഇതര സംസ്ഥാനത്തൊഴിലാളികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഇതിനെക്കുറിച്ച് 2013-ൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ഒരു പഠനം നടത്തിയിരുന്നു. അവർ നടത്തിയ പഠനത്തിൽ ഇരുപത്തിയഞ്ച് ലക്ഷത്തിൽ കൂടുതൽ ഇതര സംസ്ഥാനത്തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്ത് ജോലി ചെയ്യുന്നുണ്ടെന്നാണ് കണ്ടെത്തിയത്. അത് ഇപ്പോൾ വീണ്ടും വർദ്ധിച്ചിട്ടുണ്ടാകും. കൂടുതൽ വേതനം ലഭിക്കുന്നതും സമാധാനപരമായി ജോലി ചെയ്യാൻ സാധിക്കുന്നതുമെല്ലാം മറ്റ് സംസ്ഥാനങ്ങളിലുള്ള ആളുകൾക്ക് ഇങ്ങോട്ട് വരുന്നതിന് താൽപ്പര്യം വർദ്ധിപ്പിക്കുന്ന എന്നതാണ് വസ്തുത.ഇവരുടെ എണ്ണം വർദ്ധിക്കുന്നതിനോടൊപ്പം തന്നെ അവർ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ എണ്ണവും വർദ്ധിക്കുന്നതായിട്ടാണ് കാണുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ജിഷാ വധക്കേസിന്റെ കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. അരുംകൊലകൾ പോലെ തന്നെ വൻ കവർച്ച, മോഷണം തുടങ്ങിയ കാര്യങ്ങളിലും ഇതര സംസ്ഥാനത്തൊഴിലാളികൾ ഉൾപ്പെട്ടതായിട്ടുള്ള കേസുകൾ ഉയർന്നുവന്നിട്ടുണ്ട്. ഇവിടെ ഒരു കാര്യം നാം പ്രത്യേകമായി കാണണം. ഇതര സംസ്ഥാന തൊഴിലാളികൾക്ക് കേരളത്തിൽ വന്ന് ജോലി ചെയ്യുന്നതിന് നിബന്ധനകൾ ഏർപ്പെടുത്താൻ നമുക്ക് ഒട്ടേറെ പരിമിതികളുണ്ട്. ഇവർ സ്ഥിരമായി ഒരു സ്ഥലത്ത് താമസിക്കാറില്ല, ഇടയ്ക്കിടെ മാറിപ്പോകുന്നു. ആയതിനാൽ ഇവരുടെ കൃത്യമായ വിവരശേഖരണം എളുപ്പമുള്ള കാര്യമല്ല. എങ്കിലും പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാനത്തൊഴിലാളികളുടെ ഫോട്ടോ, തിരിച്ചറിയൽ കാർഡിന്റെ കോപ്പി, ബയോഡേറ്റാ, വിരലടയാളം ഇതെല്ലാം അതത് സ്റ്റേഷനിൽ ശേഖരിച്ച് മൈഗ്രെന്റ്

ലേബർ രജിസ്റ്ററും ഇവരെ താമസിപ്പിക്കുന്ന കെട്ടിട ഉടമകളെക്കുറിച്ചും അവരുടെ തൊഴിലിനെക്കുറിച്ചുമുള്ള വിവരങ്ങളും സൂക്ഷിക്കുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്ന കോൺട്രാക്ടർമാരും ഫാക്ടറി ഉടമകളും മറ്റ് തൊഴിലുടമകളുമുണ്ട്. അവർ അവരവരുടെ കീഴിലുള്ള ഇതര സംസ്ഥാന ത്തൊഴിലാളികളെ അതത് പോലീസ് സ്റ്റേഷനിലെത്തിച്ച് വിവരങ്ങൾ നൽകേണ്ടതായിട്ടുണ്ട്. ഇവിടെ സംശയാസ്പദമായി കാണപ്പെടുന്ന ഇതര സംസ്ഥാനത്തൊഴിലാളികളെ സാധാരണനിലയിൽ പോലീസ് ചോദ്യം ചെയ്യുന്ന രീതി സ്വീകരിക്കുന്നുണ്ട്. ഇവർ താമസിക്കുന്ന സ്ഥലങ്ങളിലും തൊഴിലിടങ്ങളിലും റസിഡന്റ്സ് മാപ്പിംഗ് നടത്തി വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇവരിൽ ചിലർ ക്രിമിനൽ സ്വഭാവമുള്ളവരായതിനാൽ അവരുടെ ക്രിമിനൽ പശ്ചാത്തലവും പരിശോധിച്ചുവരുന്നുണ്ട്. ഈ വിഭാഗം തൊഴിലാളികളുടെ ഇടയിൽ തീവ്രവാദികളോ സാമൂഹ്യവിരുദ്ധരോ കടന്നു വന്നിട്ടുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് സ്പെഷ്യൽ ബ്രാഞ്ചിന് പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ട്. എന്നാൽ നാം മനസ്സിലാക്കേണ്ട ഒരു കാര്യം ഇവരിൽ മഹാഭൂരിപക്ഷംപേരും ജീവിക്കാൻവേണ്ടി തൊഴിൽതേടി നമ്മുടെ നാട്ടിൽ വരുന്നവരാണ്. അവരുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്താനും തൊഴിൽ അന്തരീക്ഷമുറപ്പുവരുത്തുന്നതിനും ഗവൺമെന്റിന് ബാദ്ധ്യതയുമുണ്ട്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് ബോധവൽക്കരണമാണ്. അതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. അങ്ങ് ഷെഡ്ഡുകളുടെ കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അവരുടെ താമസ സ്ഥലത്തിന്റെ ശുചിത്വം, സുരക്ഷ, ആരോഗ്യ സ്ഥിതി തുടങ്ങിയവ ഉറപ്പുവരുത്താൻ കഴിയണം. പലയിടങ്ങളിലായി ആയിരക്കണക്കിന് തൊഴിലാളികളാണ് കേരളത്തിൽ വന്ന് താമസിക്കുന്നത്. അവർക്ക് സുരക്ഷതയോടുകൂടി ജീവിക്കാനും അവരുടെ ആരോഗ്യം സംരക്ഷിക്കാനും പറ്റുന്ന രീതിയിലുള്ള ഇടങ്ങൾ നിർമ്മിച്ച് നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനപങ്ക് വഹിച്ചുകൊണ്ട്, സർക്കാരും ഇടപെട്ട് ചെയ്യേണ്ടതായിട്ടുണ്ട്. വെറുതെ ഇവരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനേക്കാൾ നല്ലത് ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ നാം തയ്യാറായാൽ ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ ഉറപ്പാക്കാൻ സാധിക്കും. ആരോഗ്യസംരക്ഷണം ലക്ഷ്യമിട്ടുകൊണ്ടുള്ള ഇൻഷ്വറൻസ് പദ്ധതി 'ആവാസ്' നടപ്പാക്കുന്ന കാര്യം തൊഴിൽവകുപ്പ് പരിശോധിച്ച് വരുന്നുണ്ട്. അതോടെ അവരുടെ രജിസ്ട്രേഷൻ കൃത്യമായി പൂർത്തിയാക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തുനിന്നും തുടച്ചുമാറ്റപ്പെട്ടുവെന്നുകരുതിയ പല രോഗങ്ങളും ഇന്ന് കേരളത്തിൽ അന്യസംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിലൂടെ വന്നുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ കോലഞ്ചേരിക്കടുത്ത് കടയിരിപ്പിൽ ആറുമാസംമുമ്പ് അന്യസംസ്ഥാന തൊഴിലാളിയായ ഒരു സ്ത്രീ മരണപ്പെട്ടു. അവർ അവരുടെ ഭർത്താവിനോടൊപ്പം ജീവിക്കാൻവേണ്ടി ഇവിടെ വന്നതാണ്. അവർക്ക് എയ്ഡ്സ് രോഗമാണെന്ന് ആദ്യമേ കണ്ടുപിടിക്കുകയുണ്ടായി. ഈ സ്ത്രീ മരണപ്പെട്ടതിനുശേഷം അവരുടെ ഭർത്താവ് അവിടെനിന്നും എവിടെയൊ പോയി. ഇതുപോലുള്ള സംഭവങ്ങൾ കേരളത്തിൽ പലപ്പോഴും ഉണ്ടാകുന്നുണ്ട്. ക്രിമിനൽ പശ്ചാത്തലമുള്ളവരെ കണ്ടെത്താനുള്ള സംവിധാനം ഒരുക്കുന്നതോടൊപ്പം ഇതുപോലുള്ള രോഗങ്ങൾ കേരളത്തിൽ വീണ്ടു മുണ്ടാകാതിരിക്കാൻ പോലീസ്, ലേബർ, ലോക്കൽ ബോഡീസ് എന്നീ വകുപ്പുകളുടെയെല്ലാം കൂടിയുള്ള ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കിക്കൊണ്ടുള്ള ഒരു സംവിധാനത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കേരള സമൂഹത്തെയാണ് ഈ രോഗം ബാധിക്കുന്നുവെന്നത് നാം കാണേണ്ടതായിട്ടുണ്ട്. അതിന് പരിശോധനയാണ് ആവശ്യം. ഇവിടെ എല്ലാ സ്ഥലത്തും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ഡോക്ടർമാരുമുണ്ട്. ഇവരുടെ ക്യാമ്പുകളുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച്, അവരെ പരിശോധിച്ച് കൃത്യമായ രോഗവിവരങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ നാം മുന്നോട്ട് വരേണ്ടതായിട്ടുണ്ടെന്നാണ് തോന്നുന്നത്.

## IV സബ്മിഷൻ

### (1) കായംകുളം താപവൈദ്യുത നിലയം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. കായംകുളം താപനിലയത്തിന് കായംകുളം എന്ന പേരുണ്ടെങ്കിലും അത് എന്റെ നിയോജക മണ്ഡലത്തിലെ ചൂളത്തെരുവിലാണ് സ്ഥിതി ചെയ്യുന്നത്. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് പ്രസ്തുത നിലയത്തിന് തൊള്ളായിരം ഏക്കർ സ്ഥലം ഏറ്റെടുത്ത് എൻ.റ്റി.പി.സി.-ക്ക് കൊടുത്തത്. 1200 കോടിരൂപയുടെ നിക്ഷേപമാണ് കായംകുളം എൻ.റ്റി.പി.സി.-യിൽ അന്നുണ്ടായത്. കോൾ ബേസ്ഡ് എനർജി പ്രൊഡക്ഷനുവേണ്ടിയായിരുന്നു ആദ്യം പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ അതിനാവശ്യമായ സ്ഥലമെടുത്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് കോൾ ബേസ്ഡ് എന്നുള്ളത് നാഫ്ത ബേസ്ഡ് ആയി മാറുകയുണ്ടായി. അന്താരാഷ്ട്രവിപണിയിൽ നാഫ്തയുടെ വില

ഇടയ്ക്കിടക്ക് വർദ്ധിക്കുകയും ഫ്ലക്ച്വേറ്റ് ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുന്നത് സാധാരണമാണ്. അവിടെ ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് 13-14 രൂപവരെ കൊടുക്കേണ്ടി വരുന്നു. സംസ്ഥാന ഗവൺമെന്റുമായി ഒപ്പുവച്ച നടപ്പാക്കിയ എഗ്രിമെന്റനുസരിച്ച് സർക്കാർ 18 കോടിരൂപ എല്ലാമാസവും പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി നൽകുന്നുണ്ട്. എൻ.റ്റി.പി.സി.-യുടെ ഈ പ്ലാന്റ് പ്രവർത്തനരഹിതമായിട്ട് വളരെ വർഷങ്ങളായി. എല്ലാമാസവും സംസ്ഥാന ഗവൺമെന്റ് 18 കോടിരൂപ കൊടുക്കുകയും വേണം ഇത് പ്രവർത്തിക്കുന്നുമില്ല. വളരെ അടിയന്തരഘട്ടത്തിൽ മാത്രമേ കായംകുളം എൻ.റ്റി.പി.സി.-യിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്തിന് കിട്ടുകയുള്ളൂ. രാമഗുണ്ടത്തുനിന്നും മറ്റുസ്ഥലങ്ങളിൽ നിന്നുമൊക്കെ നാല് രൂപയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി ലഭിക്കുന്നതിനാൽ പ്രസ്തുത സ്ഥാപനത്തിൽനിന്നും വൈദ്യുതി എടുക്കാനുള്ള പ്രയാസവുമുണ്ട്. ഫലത്തിൽ കായംകുളത്തെ എൻ.റ്റി.പി.സി.-യുടെ താപനിലയം പ്രവർത്തനരഹിതമാണ്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ദയാവധമാണ് വിധിക്കുന്നത്. ഇതുസംബന്ധിച്ച് കേന്ദ്രമന്ത്രിയുടെ പ്രസ്താവന കഴിഞ്ഞ ദിവസം വരികയുണ്ടായി. ഇത് സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണെന്നാണ് കേന്ദ്രമന്ത്രി പറയുന്നത്. ഇതിനിടയിൽ ഒരു പ്രൊപ്പോസൽ വരുകയുണ്ടായി, പ്രസ്തുത താപനിലയം എൽ.എൻ.ജി.-യിലൂടെ മാത്രമേ ലാഭകരമാക്കാൻ കഴിയുവെന്ന്. എൽ.എൻ.ജി. ടെർമിനൽ പുതുവൈപ്പിനിൽനിന്ന് കായംകുളം വരെ വന്നാൽ ഈ താപനിലയം നല്ലനിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയുകയും നാല് രൂപയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി കൊടുക്കാനും സാധിക്കും. പാചകവാതകപൈപ്പ് ലൈൻ ഇടാത്തതുമൂലമാണ് ഈ പ്രശ്നമുണ്ടായിട്ടുള്ളത്. വൈദ്യുതി നിലയത്തെ കായംകുളത്തുനിന്ന് കൊച്ചിയിലേക്ക് മാറ്റാനുള്ള ഒരു പ്രൊപ്പോസൽ ഇടയ്ക്ക് ഉണ്ടായി. അത് ഒരിക്കലും ഫീസിബിളായ കാര്യമല്ല. അത് അനുവദിക്കാനും കഴിയില്ല. ഇപ്പോൾ ചെയ്യേണ്ടത്, പാചകവാതക പൈപ്പ്‌ലൈൻ സ്ഥാപിച്ചുകൊണ്ട് ഇവിടേക്കാവശ്യമായ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും നാല് രൂപയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി കൊടുക്കാനും കഴിഞ്ഞാൽ, ഇത് കേരളത്തിന് വാങ്ങിയെടുക്കാൻ സാധിക്കും എന്നുള്ളതാണ്. 1200 കോടി രൂപയുടെ നിക്ഷേപമുള്ള, കേരളത്തിന്റെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ എൻ.റ്റി.പി.സി.-യുടെ താപനിലയം സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയും പാചകവാതക പൈപ്പ് ലൈൻ ഇടുന്ന കാര്യത്തിൽ ഒരു സമന്വയമുണ്ടാക്കി കേരളത്തിനാവശ്യമായ പാചകവാതകം ലഭിക്കുകയും ചെയ്താൽ മാത്രമേ ഈ പ്ലാന്റ് ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ ഇത് അടച്ചുപൂട്ടുന്നൊരു സ്ഥിതിയുണ്ടാകും. ഇലക്ട്രിസിറ്റി ബോർഡ് എല്ലാമാസവും 18 കോടിരൂപ വീതം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തരമായ നടപടി സ്വീകരിക്കണം. ഇത് സംസ്ഥാന ഗവൺമെന്റിന്റെ കുഴപ്പമാണെന്നാണ് ഇപ്പോൾ കേന്ദ്രമന്ത്രി ശ്രീ. പീയുഷ് ഗോയൽ പറയുന്നത്. ഇത്

സർക്കാരിന്റെ കുഴപ്പമല്ല, പ്രായോഗികമായ പ്രശ്നങ്ങളാണിതിന് തടസ്സം നിൽക്കുന്നത്. പാചകവാതകമുപയോഗിച്ച് വൈദ്യുതി ഉൽപ്പാദനത്തിനുള്ള എല്ലാനടപടികളും എൻ.റ്റി.പി.സി. പൂർത്തിയാക്കിയതിനാലാണ് കേന്ദ്രമന്ത്രി ഇങ്ങനെപറയാൻ കാരണമായത്. ഞാൻ കേന്ദ്രമന്ത്രിയെ കുറ്റപ്പെടുത്തുകയല്ല. കായംകുളം എൻ.റ്റി.പി.സി.യെ ദയവാധത്തിനുവിട്ടുകൊടുക്കാതെ അടിയന്തരമായി ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രിയുടെ പ്രസ്താവന വന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ചില പത്രപ്രവർത്തകർ അദ്ദേഹത്തെ കണ്ട് ചോദിച്ചപ്പോൾ അദ്ദേഹം നടത്തിയ ഒരു സ്റ്റേറ്റ്മെന്റാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഈ സബ്മിഷന് ആധാരം എന്നാണ് ഞാൻ കരുതുന്നത്.

കേന്ദ്രസർക്കാർ സ്ഥാപനമായ എൻ.റ്റി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള 359.58 മെഗാവാട്ട് ശേഷിയുള്ള കായംകുളം താപ വൈദ്യുത നിലയത്തിൽ നാഫ്ത എന്ന ദ്രവ ഇന്ധനമാണ് ഉപയോഗിക്കുന്നത്. ഈ നിലയത്തിൽനിന്നുള്ള വൈദ്യുതി വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും എൻ.റ്റി.പി.സി.-യും തമ്മിലുള്ള പവർ പർച്ചേസ് എഗ്രിമെന്റ് 28-2-2025 വരെ ചില വ്യവസ്ഥകൾക്ക് വിധേയമായി 2013-ൽ ദീർഘിപ്പിക്കുകയുണ്ടായി.

നാഫ്തയുടെ വില വളരെ ഉയർന്നതായതിനാൽ ഈ നിലയത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില മറ്റ് നിലയങ്ങളിലേതിനെക്കാൾ വളരെ ഉയർന്നതാണ്. ആയതിനാൽ ഈ നിലയത്തിൽനിന്നും അടിയന്തരഘട്ടങ്ങളിൽ മാത്രമാണ് വൈദ്യുതി വാങ്ങുന്നത്. 2013-ൽ പവർ പർച്ചേസ് എഗ്രിമെന്റ് ദീർഘിപ്പിച്ചപ്പോൾ ഉൾപ്പെടുത്തിയ വ്യവസ്ഥകൾ ഇപ്രകാരമാണ്.

1. 1-3-2013 മുതൽ 5 വർഷത്തിനുശേഷം കായംകുളം താപനിലയത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ലാഭനഷ്ടങ്ങൾ കണക്കിലെടുത്ത് ഈ നിലയം ഉപയോഗിക്കാതിരിക്കുന്നതിനുള്ള അവകാശം കെ.എസ്.ഇ.ബി.-ക്ക് ആയിരിക്കും.
2. നാഫ്തക്കുപകരം മറ്റ് ലാഭകരമായ ഇന്ധനങ്ങൾ കൂടി ഉപയോഗിക്കാവുന്നവിധം യന്ത്രസാമഗ്രികളിൽ എൻ.റ്റി.പി.സി.-യിൽ മാറ്റം വരുത്തണം.
3. കൊച്ചിയിൽനിന്നും കായംകുളത്തേക്ക് പ്രകൃതിവാതകം കൊണ്ടു വരുന്നതിനുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്കേന്ദ്രഗവൺമെന്റ് സ്ഥാപനമായ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുമായുള്ള കരാർ അമിതഭാരം സൃഷ്ടിക്കാതെയാവണം.

4. നിലയത്തിന്റെ പ്രവർത്തനത്തിനായി ആഭ്യന്തര പ്രകൃതിവാതകം ലഭിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിനെ സമീപിക്കേണ്ടതാണ്. ഇത് ലഭ്യമാകുന്നതുവരെ ഇറക്കുമതി ചെയ്യുന്ന ദ്രവീകൃത പ്രകൃതിവാതകം സ്വായത്തമാക്കേണ്ടതാണ്.

നാഫ്തയോടൊപ്പംപ്രകൃതിവാതകം കൂടി ഇന്ധനമായി ഉപയോഗപ്പെടുത്താൻ ഇപ്പോൾ നിലയം സജ്ജമായിട്ടുണ്ട്. എന്നാൽ പ്രകൃതിവാതകം ലഭിക്കുന്നതിനുള്ള തൃപ്തികരമായ നടപടികളൊന്നും എൻ.റ്റി.പി.സി.-യുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കൊച്ചിയിലുള്ള 'ഗ്യാസ് ടെർമിനലിൽ'നിന്നും കായംകുളത്തേക്ക് വാതകം കൊണ്ടുവരുന്നതിന് പ്രായോഗികമായ ബദൽ സംവിധാനങ്ങൾ ഒരുക്കാനും എൻ.റ്റി.പി.സി.-ക്ക് സാധിച്ചിട്ടില്ല. 'വാതകകണക്ഷൻ' ലഭ്യമായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിലുള്ള ബ്രഹ്മപുരത്തുള്ള സ്ഥലത്തേക്ക് പ്രസ്തുത നിലയം മാറ്റി സ്ഥാപിക്കുന്നതിന് 2015-ൽ കേരളം മുന്നോട്ടുവച്ച നിർദ്ദേശത്തിന്മേലും എൻ.റ്റി.പി.സി. അന്തിമ തീരുമാനമെടുത്തതായി അറിവില്ല.

ഈ നിലയത്തിൽനിന്നുള്ള വൈദ്യുതിയുടെ വില 'ഫിക്സ്ഡ് ചാർജ്ജ്', 'വേരിയബിൾ ചാർജ് ' എന്നീ രണ്ട് ഘടകങ്ങൾ ചേർന്നതാണ്. നിലയത്തിന് വേണ്ടിവരുന്ന സ്ഥിരം ചെലവുകളും എൻ.റ്റി.പി.സി.-യുടെ ലാഭവിഹിതവും ചേർന്നതാണ് ഫിക്സഡ് ചാർജ്. വേരിയബിൾ ചാർജ്, ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ഇന്ധനത്തിന്റെ വിലയുമാണ്. ഇതിൽ ഫിക്സഡ് ചാർജ് 2015-16-ൽ വാർഷികാടിസ്ഥാനത്തിൽ 207.13 കോടി രൂപയായിരുന്നു. വേരിയബിൾ ചാർജ് യൂണിറ്റിന് 7.312 രൂപയുമായിരുന്നു.

ഈ നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയില്ലെങ്കിൽപ്പോലും പ്രസ്തുത ഫിക്സഡ് ചാർജ് നൽകാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ബാധ്യസ്ഥരാണ്. ഇങ്ങനെയൊരു ഭീമമായ തുക എൻ.റ്റി.പി.സി.-ക്ക് നൽകുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സാമ്പത്തിക അടിത്തറയെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഈ തുക വൈദ്യുതി നിരക്കിൽ ഉൾപ്പെടുത്തുന്നതിനാൽ കേരളത്തിലെ ഉപഭോക്താക്കളും ഈ ഭാരം ഏറ്റെടുക്കേണ്ടി വരുന്നുണ്ട്. ഈ സാഹചര്യത്തിലും 2014-19 കാലയളവിലെ 'ഫിക്സഡ് ചാർജ് പ്രതിവർഷം ശരാശരി 299 കോടി രൂപയായി വർദ്ധിപ്പിക്കാൻ എൻ.റ്റി.പി.സി. കേന്ദ്ര റെഗുലേറ്ററി കമ്മീഷനെസമീപിച്ചിട്ടുണ്ട്. അപൂർവ്വമായി മാത്രം പ്രവർത്തിപ്പിക്കേണ്ടി വരുന്ന ഈ നിലയംമൂലം സംസ്ഥാനത്തിനുണ്ടാകുന്ന ഭീമമായ നഷ്ടം കണക്കിലെടുത്ത് ഫിക്സഡ് ചാർജ്ജിൽ ഗണ്യമായ കുറവ് വരുത്തിത്തരണമെന്ന് കേരളം കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് എൻ.റ്റി.പി.സി.-യുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ്

നിരവധി കത്തിടപാടുകൾ നടത്തുകയും വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ എൻ.റ്റി.പി.സി.-യുടെ ഭാഗത്തുനിന്നും പ്രോത്സാഹജനകമായ ഒരു പ്രതികരണവും നാളിതുവരെ ലഭ്യമായിട്ടില്ല. ഇക്കാര്യങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെഭാഗത്തുനിന്നും അനുഭാവപൂർണ്ണമായ സമീപനമുണ്ടാകണമെന്നാണ് കേരള ഗവൺമെന്റ് താൽപര്യപ്പെടുന്നത്. കേരള സർക്കാർ അധികാരമേറ്റയുടനെ തന്നെ കേരളത്തിലെ വൈദ്യുതി മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിരുന്നെങ്കിലും കേന്ദ്ര ഊർജ്ജ സഹമന്ത്രിയുടെ അസൗകര്യംമൂലം കൂടിക്കാഴ്ച നടന്നില്ല. തുടർന്ന് ജൂൺ 16, 17 തീയതികളിൽ ഗോവയിൽ വച്ചുനടന്ന വൈദ്യുതി മന്ത്രിമാരുടെ സമ്മേളനത്തിനിടയിൽ കേന്ദ്ര ഊർജ്ജ സഹമന്ത്രിയുമായി പ്രത്യേകം ചർച്ച നടത്തിയിരുന്നു. കേരളത്തിന്റെ വൈദ്യുത മേഖലയിലെ പ്രശ്നങ്ങൾ സമ്മേളനത്തിൽ ചൂണ്ടിക്കാട്ടുകയും കായംകുളമടക്കമുള്ള വാതക നിലയങ്ങൾ പ്രവർത്തനരഹിതമായി തുടരുന്ന സാഹചര്യമൊഴിവാക്കാൻ കുറഞ്ഞ നിരക്കിൽ പ്രകൃതി വാതകം ലഭ്യമാക്കണമെന്നുള്ള അഭ്യർത്ഥന സംസ്ഥാനം മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി സഹകരിച്ച് മുന്നോട്ടു പോകാനാണ് ഗവൺമെന്റ് താൽപര്യപ്പെടുന്നത്.

കേന്ദ്രമന്ത്രിയുമായി കൂടിക്കാഴ്ചയ്ക്ക് വീണ്ടും സമയമാവശ്യപ്പെട്ടിട്ടുണ്ട്. സബ്മിഷനിൽ പ്രതിപാദിച്ചിരിക്കുന്ന കേന്ദ്ര ഊർജ്ജ സഹമന്ത്രിയുടെ പ്രസ്താവന ഏത് സാഹചര്യത്തിലുളവായിട്ടുള്ളതാണെന്ന് വ്യക്തമല്ല. അദ്ദേഹവുമായുള്ള കൂടിക്കാഴ്ചയിൽ ഇക്കാര്യങ്ങളിൽ വ്യക്തത വരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒരു കാലത്ത് കായംകുളം താപനിലയത്തെ സംബന്ധിച്ചാണ് നമ്മളെല്ലാവരും ആവശ്യപ്പെട്ടുകൊണ്ടിരുന്നത്. അത് നടക്കാതിരുന്നത് എൽ.എൻ.ജി. ഇവിടേക്ക് എത്തുന്നില്ല എന്നതാണ്. അതിന് നമുക്കെന്ത് ചെയ്യാൻ കഴിയുമെന്നത് ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. എൻ.റ്റി.പി.സി. അവിടെ വൈദ്യുതി ഉല്പാദിപ്പിക്കണം എന്നുപറയുന്നതു കൊണ്ടുമാത്രം ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ഇപ്പോൾ മംഗലാപുരം ലൈനിനെക്കുറിച്ച് നമ്മൾ ഗൗരവമായി പറയുന്നുണ്ട്. എന്നാൽ എൽ.എൻ.ജി. ടെർമിനൽ കൊച്ചിയിൽനിന്ന് കായംകുളത്തേക്ക് എത്തിക്കാനുള്ള ശ്രമം നാം നടത്തിയിട്ടില്ല. തടസ്സങ്ങളുണ്ടെന്നത് ശരിയാണ്. അതിനെക്കുറിച്ച് നാം ഗൗരവമായി പരിശോധിക്കേണ്ടതാണ്. മാറ്റുക എന്നുപറഞ്ഞാൽ ഒരു ചെറിയ സാധനമെടുത്ത് അപ്പുറത്തേക്ക് മാറ്റുന്നതുപോലെയാണോ? കായംകുളം നിലയം മാറ്റുക എന്നത് എളുപ്പമാണോ? ബ്രഹ്മപുരത്തേക്ക് മാറ്റണമെന്ന് നേരത്തെ ഒരു നിർദ്ദേശം വച്ച

എന്നുപറയുന്നുണ്ട്. ഇതൊന്നും പ്രായോഗികമായി നടക്കുന്ന കാര്യമല്ല. പ്രായോഗികമായി നടക്കുന്ന കാര്യം എൽ.എൻ.ജി. ഇവിടെ എത്തിക്കുന്നതിനാവശ്യമായ സഹായം ചെയ്തു കൊടുക്കുകയെന്നതാണ്. നാട്ടുകാർ അതിന് സഹകരിക്കേണ്ട തായിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എൽ.എൻ.ജി.-യുടെ കാര്യത്തിൽ പ്രതിപക്ഷവും ഭരണകക്ഷിയും തമ്മിൽ കൂട്ടായി ചർച്ച നടത്തി നടപടികളിലേക്ക് നീങ്ങാം. ഇതുസംബന്ധിച്ച് ധാരാളം ആശങ്കകൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നുണ്ട്. പൈപ്പ് ലൈൻ പൊട്ടിപ്പോകും, കടലിലൂടെപ്പോയാൽ മത്സ്യം നശിച്ചുപോകും എന്നൊക്കെയുള്ള ധാരണാപ്പിശകുകളാണ് കൂടുതലായിട്ടുള്ളത്. ഏത് പരിഷ്കൃത രാജ്യത്തും എൽ.എൻ.ജി.യിലൂടെയാണ് എല്ലാ കാര്യങ്ങളും നിർവഹിക്കപ്പെടുന്നത്. കേരളത്തിലും അതാവശ്യമാണ്. അത് കൊണ്ടുവരാനുള്ള സാഹചര്യം നമുക്കുണ്ടാക്കിയെടുക്കണമെന്ന മുഖ്യമന്ത്രിയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്.

## (2) നസീറിന്റെ മരണം

ശ്രീ. ബി. സത്യൻ: സർ, അത്യന്തം ഗൗരവമുള്ളതും വളരെ ദയനീയവും നാടിനെ ഞെട്ടിച്ചതുമായ ഒരു സംഭവമാണ് കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നത്. കഴിഞ്ഞ ജൂലൈ മാസം 14-ാം തീയതി വ്യാഴാഴ്ച എന്റെ നിയോജക മണ്ഡലത്തിലെ ആറ്റിങ്ങൽ ആലംകോട് കൊച്ചുവിള ചെഞ്ചേരിക്കോണം മാജിദ മൻസിലിൽ പരേതനായ മീരാൻ സാഹിബിന്റെയും ആമിന ബീവിയുടെയും മകൻ 40 വയസ്സുള്ള നസീർ സൗദി അറേബ്യയിലെ റിയാദിൽനിന്ന് ഏകദേശം 500 കിലോമീറ്റർ അകലെയുള്ള ലൈല അഫിലാജ് എന്ന സ്ഥലത്ത് അദ്ദേഹം നടത്തിവരുന്ന ഹോട്ടലിൽവച്ച് സൗദി വംശജരായ ആളുകളുടെ വെടിയേറ്റ് മരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മരണത്തെ സംബന്ധിച്ച് ഔദ്യോഗികമായ വിവരങ്ങൾ ലഭിക്കുന്നതിനുമുമ്പുതന്നെ അദ്ദേഹം വെടിയേറ്റു വീഴുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ ഇവിടെ ലഭ്യമായി. അദ്ദേഹത്തിന്റ മരണം സംബന്ധിച്ച വിഷയത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടലോ അതുമായി ബന്ധപ്പെട്ടുള്ള നടപടികളോ ഈ സമയം വരെയുണ്ടായിട്ടില്ലെന്ന കാര്യവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. സാമ്പത്തിക ബാധ്യതമൂലം അദ്ദേഹത്തിന്റെ മൃതശരീരം നാട്ടിലേയ്ക്ക് കൊണ്ടുവരാൻ കഴിയാത്തതിനാൽ അവിടെത്തന്നെ കബറടക്കാൻ ബന്ധുക്കൾ തീരുമാനിക്കുകയുണ്ടായി. പറക്കമുറ്റാത്ത മൂന്ന് കുട്ടികളും ഉമ്മയും അഞ്ച് സഹോദരങ്ങളും ഉൾപ്പെടുന്ന വളരെ പാവപ്പെട്ട കുടുംബമാണുള്ളത്. ഒരുപാട് ആളുകളിൽനിന്നും പണം

കടംവാങ്ങിയും വായ്പയെടുത്തും എല്ലാം വിറ്റുപെറുക്കിയു മൊക്കെയാണ് അദ്ദേഹത്തെ സൗദിയിലേയ്ക്ക് അയച്ചത്. അദ്ദേഹം സൗദിയിൽ ഒരു സ്പോൺസറുടെ കീഴിലാണ് റസ്റ്റോറന്റ് നടത്തിയിരുന്നത്. നസീർ റസ്റ്റോറന്റ് തുടങ്ങിയ സമയം മുതൽ സൗദി സ്വദേശികളുടെ നിരന്തരമായ ആക്രമണം റസ്റ്റോറന്റിനുമേൽ ഉണ്ടായിരുന്നു. നിരവധി പ്രാവശ്യം അദ്ദേഹം പരാതി നൽകിയിരുന്നു. പരാതി കൊടുത്തപ്പോൾ സൗദി ഭരണകൂടം ആവശ്യപ്പെട്ടത് തെളിവാണ്. തെളിവ് ശേഖരിക്കുന്നതിനുവേണ്ടി നസീറിന്റെ സഹോദരന്മാർ അദ്ദേഹം വെടിയേറ്റ് വീഴുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ പകർത്തിയത് മുഖ്യ മാധ്യമങ്ങളിലടക്കം വന്നിട്ടുണ്ട്. നസീർ കൊല്ലപ്പെട്ടതോടെ നസീറിന്റെ ഭാര്യയും മൂന്ന് കുട്ടികളും ഉമ്മയും സഹോദരൻമാരുമുൾപ്പെടെ മുപ്പതോളം കുടുംബങ്ങൾ അനാഥത്വത്തിലേക്ക് നീങ്ങിയിരിക്കുകയാണ്. ഗൗരവമേറിയ ഈ വിഷയത്തിൽ കേന്ദ്ര ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയില്ല. ഒരാൾ കൊല്ലപ്പെട്ടിട്ടു പോലും കേന്ദ്രസർക്കാരിന്റെ വിദേശകാര്യ വകുപ്പ് ഇക്കാര്യത്തിന്മേൽ എന്താണ് നടന്നതെന്നുപോലും ഈ സമയം വരെ അറിയിച്ചിട്ടില്ല. അദ്ദേഹത്തിന്റെ മൃതശരീരം കൊണ്ടുവരാൻ പോലും കഴിയുന്നില്ല. അവിടെ കബറടക്കം നടത്തുന്നതിനായി അഫിഡവിറ്റ് തയ്യാറാക്കി അയച്ചുകൊടുത്തു. ഇന്നലെ അവധിയായതിനാൽ ഇന്ന് കബറടക്കം നടത്തുമെന്നാണ് അറിയുന്നത്. ഈ കുടുംബത്തിന്റെ അവസ്ഥ വളരെ ദയനീയമാണ്, ഒരു തുണ്ട് ഭൂമിപോലും അവർക്ക് സ്വന്തമായിട്ടില്ല. ഈ സംഭവം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരന്വേഷണം നടത്തണമെന്നും നിരാലംബരായിട്ടുള്ള ഈ കുടുംബത്തെ ഗവൺമെന്റ് സഹായിക്കണമെന്നും വളരെ വിനയപൂർവം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാനപ്പെട്ട ബി. സത്യൻ എം.എൽ.എ. ഇവിടെ ഉന്നയിച്ചതുപോലെ സൗദി അറേബ്യയിലെ റിയാദിൽനിന്ന് 400 കിലോമീറ്റർ അകലെയുള്ള ലൈല അഫിലാജ് എന്ന സ്ഥലത്ത് ഹോട്ടൽ നടത്തുകയായിരുന്നു നസീർ. കഴിഞ്ഞ 15-ാം തീയതി സൗദി സ്വദേശികളുടെ വെടിയേറ്റാണ് നസീർ മരണപ്പെട്ടത്. വെള്ളിയാഴ്ച പുലർച്ചെ സൗദി സമയം 12.30 മണിയോടെയാണ് സംഭവം. നസീർ നടത്തിവരുന്ന ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ എത്തിയതായിരുന്നു സൗദി സ്വദേശികൾ. അവർ ആഹാരം കഴിച്ചതിനുശേഷം പണം നൽകുന്നതിനെച്ചൊല്ലി തർക്കമുണ്ടാകുകയും ഈ നാലംഗസംഘം നസീറിനുനേരെ വെടിയുതിർക്കുകയും ചെയ്തു എന്നാണ് ബന്ധുക്കൾക്ക് ലഭിച്ച വിവരം. സംഭവം സംബന്ധിച്ച് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ സഹായത്തോടെ വിശദമായി അന്വേഷണം നടത്തണമെന്നും നസീറിന്റെ കുടുംബത്തിന് പരമാവധി സഹായം നൽകണമെന്നും ബഹുമാനപ്പെട്ട എം.എൽ.എ. സർക്കാരിനോട് നേരത്തെതന്നെ ആവശ്യപ്പെട്ടിരുന്നു. സൗദിയിലെ ഇന്ത്യൻ എംബസിയും കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് സഹായം തേടുന്നതിന് മരിച്ചയാളുടെ വിശദാംശങ്ങൾ ഇതിനുമുമ്പ്തന്നെ

മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ പ്രസ്താവിച്ചതുപോലെ മരണമടഞ്ഞ നസീറിന്റെ ശവസംസ്കാരം സൗദിയിൽവച്ച് നടത്തുന്നതിന് സമ്മതമറിയിച്ചതിന്റെ ഭാഗമായി അവിടെ സംസ്കരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. അക്രമ സംഭവം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനായി റിയാദിലെ ഇന്ത്യൻ അംബാസിഡർ മുമ്പാകെ അഭ്യർത്ഥിച്ചിട്ടുണ്ട്. ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മരണപ്പെട്ട പ്രവാസിയുടെ മരണാനന്തര നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി സൗദിയിലെ ഇന്ത്യൻ കൗൺസിൽ (ലേബർ ആന്റ് വെൽഫെയർ) മുമ്പാകെ നോർക്ക റൂട്ട്സ് മുഖാന്തിരം അഭ്യർത്ഥനയും നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ കുടുംബത്തിന് ലഭിക്കേണ്ട സർക്കാർ ധനസഹായം സാന്ത്വന പദ്ധതി പ്രകാരം നൽകുന്നതാണ്. ആശ്രിതരായിട്ടുള്ളവർ അപേക്ഷ നൽകുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ആവശ്യമായ ധനസഹായം നൽകുന്നതാണ്.

### (3) സർക്കാർ പ്രസ്സ് ആരംഭിക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, മലപ്പുറം ജില്ലയിലെ എന്റെ നിയോജകമണ്ഡലമായ വണ്ടൂരിൽ ഒരു സർക്കാർ പ്രസ്സ് ആരംഭിക്കുന്നതിന് 29-1-2016-ൽ താത്വിക ഉത്തരവ് ഇറക്കിയിരുന്നു. ആവശ്യമായ രണ്ട് ഏക്കർ സ്ഥലം ലഭ്യമാണെന്ന് ജില്ലാ കളക്ടർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്ന രീതിയിലാണ് ഉത്തരവ് ഇറക്കിയിരുന്നത്. മലപ്പുറം ജില്ലയിൽ ഒരു പ്രസ്സ് നിലവിലില്ല. ഇന്ന് വയനാട്, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ പ്രസ്സുകളുണ്ട്. മലപ്പുറം ജില്ലയിൽ ഫോറങ്ങൾ അച്ചടിക്കുന്നതിന് അടുത്ത ജില്ലകളിലെ പ്രസ്സുകളെയാണ് ഇപ്പോൾ ആശ്രയിക്കുന്നത്. അതുകൊണ്ട് മലപ്പുറം ജില്ലയിൽ അനുവദിച്ച പ്രസ്സ് സാമ്പത്തിക ബാദ്ധ്യത അധികം വരാത്ത രീതിയിൽ, നിലവിലുള്ള ജീവനക്കാരെ വിന്യസിപ്പിച്ചുകൊണ്ടും പുതിയ തസ്തിക സൃഷ്ടിക്കാതെയും ആരംഭിക്കുന്നതിന് അനുകൂലമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച പ്രസ്സിന് 2016 ജനുവരി 19-നാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. പ്രസ്തുത പ്രസ് ആരംഭിക്കുന്നതിനുള്ള ചെലവ് അടുത്ത സാമ്പത്തിക വർഷം മാത്രമേ അനുവദിക്കുകയുള്ളുവെന്ന വ്യവസ്ഥയിലാണ് താത്വിക ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ

പ്രത്യേക നിർദ്ദേശമൊന്നും അച്ചടി വകുപ്പ് ലഭ്യമാക്കിയിട്ടില്ല. ആ നിർദ്ദേശം സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി അച്ചടി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## (4) മൾട്ടി സ്പോർട്സ് കോംപ്ലക്സ്

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ 2005 മുതലുള്ള ഒരു പ്രശ്നമാണിത്. കോട്ടുക്കലിൽ വനിതാ സ്പോർട്സ് അക്കാഡമിക്ക് സ്ഥലം കണ്ടെത്തിയാൽ SAI (Sports Authority of India) അതിനുവേണ്ടിയുള്ള ധനസഹായവും കേരളത്തിലെ സ്പോർട്സ് വകുപ്പ് അതിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസിയായിട്ടുള്ള സംവിധാനവും ഒരുക്കിത്തരാമെന്നതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2008-ൽ, 20 ഏക്കർ ഭൂമി കേരളത്തിലെ സ്പോർട്സ് വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതുമായി ബന്ധപ്പെട്ട ഇംപ്ലിമെന്റേഷനുവേണ്ടി മൂന്ന് യോഗങ്ങൾ വിളിച്ചെങ്കിലും പിന്നീടത് മുന്നോട്ട് പോയിട്ടില്ല. ആ 20 ഏക്കർ ഭൂമി വേലികെട്ടിത്തിരിച്ച് സ്പോർട്സ് വകുപ്പിന്റെ കൈവശമാണ്. ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ SAI -ലെ ഉദ്യോഗസ്ഥരെയും അവിടത്തെ പഞ്ചായത്ത് അധികൃതരെയുംകൂടി പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മൾട്ടി പർപ്പസ് സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാൻ കഴിയുന്നതരത്തിൽ റോഡ് സൈഡിലുള്ള വളരെ വിലപ്പെട്ട സ്ഥലമാണ് പ്രസ്തുത 20 ഏക്കർ ഭൂമി. സ്പോർട്സ് വകുപ്പിന്റെ കീഴിൽ, ഗവേഷണത്തിനോ പരിശീലനത്തിനോ ഉപയോഗിക്കാവുന്ന രീതിയിൽ മൾട്ടി പർപ്പസ് കോംപ്ലക്സ് നിർമ്മിച്ച് ആ ഭൂമി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ അടിയന്തരമായി അങ്ങ് ഇടപെടണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കൊല്ലം ജില്ലയിലെ ചടയമംഗലത്ത് Sports Authority of India (SAI) -യുടെ കീഴിൽ വനിതാ സ്പോർട്സ് അക്കാഡമി സ്ഥാപിക്കുന്നതിന് കൊല്ലം ജില്ലാ കൃഷിഫാമിന്റെ കോട്ടുക്കൽ കൃഷിഫാമിൽ നിന്ന് 20 ഏക്കർ ഭൂമി 2009-ൽ ഇട്ടിവ ഗ്രാമപഞ്ചായത്ത്, കായിക യുവജനകാര്യ ഡയറക്ടർക്ക് 30 വർഷത്തെ പാട്ടത്തിന് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ വനിതകൾക്ക് മാത്രമായി ഒരു സ്പോർടസ് അക്കാഡമി തുടങ്ങുന്നത് പ്രായോഗികമല്ലെന്ന് SAI, സർക്കാരിനെ അറിയിക്കുകയുണ്ടായി. തുടർന്ന് ഈ വിഷയം സംബന്ധിച്ച് കായിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഒരു തീരുമാനമെടുത്തു. വനിത

സ്പോർട്സ് അക്കാഡമി സ്ഥാപിക്കാൻ സാധിക്കില്ലെങ്കിൽ ആ സ്ഥലത്ത് ഒരു മൾട്ടി സ്പോർട്സ് അക്കാഡമി സ്ഥാപിക്കണമെന്ന ആവശ്യമാണ് ഉന്നയിച്ചത്. ഇതുസംബന്ധിച്ച് ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ അംഗീകാരവും ലഭിച്ചു. വീണ്ടും SAI-യോട് മൾട്ടി സ്പോർട്സ് അക്കാഡമി സ്ഥാപിക്കാൻ ശിപാർശ ചെയ്ത് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര യുവജനകാര്യ മന്ത്രാലയത്തിന് കത്ത് നൽകി. ആ കത്തിന് നൽകിയിട്ടുള്ള മറുപടി, വനിതാ സ്പോർട്സ് കോംപ്ലക്സ് ചടയമംഗലത്ത് സ്ഥാപിക്കുകയെന്നത് SAI -യുടെ നയമല്ല, അതുകൊണ്ട് പ്രസ്തുത ആവശ്യത്തിന് അംഗീകാരം നൽകാൻ നിർവ്വാഹമില്ലെന്നാണ്. ഇത് SAI-യുടെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ അവർ നൽകിയ മറുപടി അടിസ്ഥാനസൗകര്യമുള്ള സ്ഥലത്ത് മാത്രമെ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാൻ കഴിയുകയുള്ളുവെന്നാണ്. ഇക്കാര്യം കായിക വകുപ്പ് ഡയറക്ടറെ SAI അറിയിച്ചിട്ടുണ്ട്. സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് അനുകൂലമല്ലെന്നാണ് SAI - യുടെ നിലപാട്. അതിന്റെ അടിസ്ഥാനത്തിൽ കോട്ടുക്കലിൽ പരിശീലന കേന്ദ്രം അനുവദിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

## (5) ടൈൽ ഫാക്ടറിയുടെ പ്രവർത്തനം

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാ വ്യവസായത്തിന്റെ ലാഭമുപയോഗിച്ചുണ്ടാക്കിയ 10 വ്യവസായങ്ങളിൽപ്പെട്ടതാണ് എന്റെ മണ്ഡലത്തിലെ ഹൈടെക് ബാംബു ഫ്ലോറിംഗ് ടൈൽ ഫാക്ടറി. അവിടെ തുടക്കത്തിൽ 76 പേർ ജോലി ചെയ്തിരുന്നു. പാലക്കാട്, നാദാപുരം, മാനന്തവാടി എന്നിവിടങ്ങളിലെ ഫീഡർ യൂണിറ്റുകളിൽ വേറെയും തൊഴിലാളികളുണ്ടായിരുന്നു. മെയിൻ ഫാക്ടറിയിൽ ഒരുവർഷമായി റാ മെറ്റീരിയലായ മുള ലഭിക്കാത്തതിനാൽ ലഭ്യമായ ഓർഡറുകൾക്ക് ഉൽപ്പന്നം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഫാക്ടറിയുടെയും അവിടത്തെ തൊഴിലാളികളുടെയും കാര്യത്തിൽ കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റ് തികഞ്ഞ അലംഭാവമാണ് കാണിച്ചിരുന്നത്. ഈ ഫാക്ടറി പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ മുളയുടെ ലഭ്യതയും അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലിയും ഉറപ്പാക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു; ഫാക്ടറി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായാൽ 200-ലധികം ആളുകൾക്ക് ജോലി ചെയ്യാനുള്ള സൗകര്യമുണ്ടെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്നഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. വി. കെ. സി. മമ്മത് കോയ ഇവിടെപ്പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമാണ് ബാംബു കോർപ്പറേഷൻ. 2011 ഫെബ്രുവരിയിലാണ് വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കോഴിക്കോട് നല്ലളത്ത് ബാംബു ഫ്ലോറിംഗ് ടൈൽ ഫാക്ടറി പ്രവർത്തനമാരംഭിച്ചത്. സംസ്കരിച്ച മുളകൊണ്ട് തറയിൽ പതിക്കുന്ന തറയോടുകൾ നിർമ്മിക്കുകയാണ് ചെയ്യുന്നത്. അതിന്റെ അനുബന്ധമായി ഫർണിച്ചറുകൾ, കർട്ടനുകൾ, ടൂത്ത്പിക്ക്, ബ്രിക്കറ്റ്സ് തുടങ്ങിയ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട ബഹുമുഖ പദ്ധതിയായിരുന്നു അത്. ഏതാണ്ട് 12 കോടി രൂപയായിരുന്നു മൊത്തം അടങ്കൽ തുക. ആവശ്യമുള്ള റാ മെറ്റീരിയലായ മുള വനംവകുപ്പിൽ നിന്നും ശേഖരിച്ച്, സംസ്കരിച്ച് ഒരു കേന്ദ്രത്തിലെത്തിച്ച് ഉൽപ്പന്നമുണ്ടാക്കുകയായിരുന്നു. അതിനായി നാദാപുരം, മാനന്തവാടി, പാലക്കാട്, കാടമ്പുഴ എന്നീ സ്ഥലങ്ങളിൽ ഫീഡർ യൂണിറ്റുകൾ സ്ഥാപിച്ചു.ഇവിടെനിന്നും പ്രാഥമികമായി രൂപപ്പെടുത്തിവരുന്ന വസ്തുക്കളുപയോഗിച്ച് നല്ലളം ഫാക്ടറിയിൽ ഉൽപ്പന്നം നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. കമ്പനി ആദ്യം അതിന്റെ ടെക്നോളജി കൈമാറിയിരുന്നില്ല. അതിന്റെ ഫലമായി ഉൽപ്പാദനവുമായി ബന്ധപ്പെട്ട് തുടക്കത്തിൽ മാസങ്ങളോളം പ്രശ്നങ്ങൾ നിലനിന്നിരുന്നു. കമ്പോളത്തിൽ ഒട്ടനവധി മത്സരങ്ങളുണ്ടെങ്കിലും കഴിയാവുന്നത്ര പരസ്യം നൽകിയാൽ പ്രകൃതിദത്തമായ മുള കൊണ്ട് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നമെന്ന നിലയിൽ ബാംബു ടൈൽ വിപണന രംഗത്ത് കടന്നുകയറാനുള്ള സാദ്ധ്യതയുണ്ട്. ഫീഡർ യൂണിറ്റുകൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികളുംഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്. മാനന്തവാടിയിലുള്ള യൂണിറ്റിൽ ഇൻഡസ്ട്രിയൽ ബോയിലർ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പക്ഷെ മുള ലഭ്യമല്ലെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. കഴിഞ്ഞ ഒരു വർഷക്കാലമായി വനംവകുപ്പ് മുള നൽകാത്തതു കാരണം പ്രൊഡക്ഷൻ നടക്കാത്ത അവസ്ഥയാണുള്ളത്. പ്രത്യേകിച്ച് ക്ലോഷർ പിരീഡായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മുള വെട്ടാൻ പാടില്ലാത്തതുകൊണ്ട് ഈ മാസങ്ങളിൽ മുള തീരെ കിട്ടുന്നില്ല. വനം വകുപ്പ് നിയമമനുസരിച്ച് മുള വെട്ടാൻ അനുവാദം തരാത്തതിന്റെ ഫലമായി തീർത്തും മുള ലഭ്യമല്ലാതായിത്തീർന്നതിനെ തുടർന്ന് നല്ലളം ഫാക്ടറിയുടെ അനുബന്ധ പ്രവർത്തനങ്ങൾ നിശ്ചലമായി. നിലവിൽ നല്ലളം ഫാക്ടറിയിൽ 19 സ്ഥിരം തൊഴിലാളികളും, ഫീഡർ യൂണിറ്റുകളിലെല്ലാംകൂടി 23 ജീവനക്കാരുമുണ്ട്. കുടുംബശ്രീക്കാർക്കും ഇതുമായി ബന്ധപ്പെട്ട് ജോലി കൊടുക്കുന്നുണ്ട്. നല്ല സാധ്യത ഉണ്ടാക്കിയെടുക്കാൻ കഴിയും. പക്ഷെ അസംസ്കൃത വസ്തുവായ മുള ലഭ്യമല്ലെന്നുള്ളതാണ് ഇപ്പോൾ നേരിടുന്ന പ്രശ്നം. അതിന് പരിഹാരം കാണാൻ വനംവകുപ്പുമായി ആവശ്യമായ ഇടപെടൽ നടത്തി പരമാവധി ഇതിന്റെ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ കഴിയുമോ എന്ന് പരിശോധിക്കാം. കാട്ടിൽനിന്ന് വിഭവങ്ങൾ ശേഖരിച്ചുകൊണ്ടുണ്ടാക്കുന്ന ഉത്പന്നങ്ങൾ കൂടുതൽ മോഡേണൈസ് ചെയ്യാനാവശ്യമായ നടപടികളും ഇതിന്റെ ഭാഗമായി പരിശോധിച്ച് ചെയ്യാവുന്നതാണ്.

## (6) ധനസഹായം

ശ്രീ. എം. എം. മണി: സർ, പ്രകൃതിക്ഷോഭത്തെത്തുടർന്ന് വീടുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് ഗവൺമെന്റ് നൽകുന്ന ധനസഹായം സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. വീടുകൾക്ക് 15 ശതമാനം നാശനഷ്ടം സംഭവിച്ചാലും 90 ശതമാനം നാശനഷ്ടം സംഭവിച്ചാലും 5200 രൂപയാണ് ധനസഹായം നൽകുന്നത്. 100 ശതമാനം നാശനഷ്ടം സംഭവിക്കുന്ന വീടുകൾക്ക് നൽകുന്നത് 1,01,900 രൂപ മാത്രമാണ്. ധനസഹായത്തിന്റെ അളവ് കാലാനുസൃതമായി വർദ്ധിപ്പിക്കുമോ എന്നതാണ് എന്റെ ചോദ്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ( ശ്രീ. ഇ. ചന്ദ്രശേഖരൻ ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. എം. മണി ഇവിടെ ഉന്നയിച്ച സബ്മിഷന് നേരത്തെ ഒരു ചോദ്യത്തിന് പറഞ്ഞ മറുപടി ആവർത്തിക്കുകയാണ്. പ്രകൃതിക്ഷോഭത്തിലുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നത് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശമനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിമാനദണ്ഡങ്ങൾക്കനുസൃതമായാണ്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആശ്വാസ ധനസഹായത്തിന് ഭേദഗതി അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് സ്വന്തം നിലയിൽ തീരുമാനമെടുക്കാൻ കഴിയാത്തതിനാൽ നിലവിലുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ അശ്വാസ ധനസഹായമനുവദിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ 20-5-2015-ലെ സർക്കാർ ഉത്തരവ് നം. 194, 23-7-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 343 എന്നിവ പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമെ ഭാഗികമായി കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് 7-8-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 334 പ്രകാരം നാശനഷ്ടത്തിന്റെ തോതനുസരിച്ച് ആശ്വാസ ധനസഹായം പരമാവധി 50,000 രൂപയായും പൂർണ്ണമായും നാശനഷ്ടം സംഭവിച്ചിട്ടുള്ള വീടുകൾക്ക് 30-10-2013-ലെ സർക്കാർ ഉത്തരവ് നം.478/2013 പ്രകാരം പരമാവധി രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിൽ വീടുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. ആശ്വാസ ധനസഹായമാണ് നൽകിവരുന്നത്. നാശനഷ്ടത്തിന്റെ തോത് വിലയിരുത്തിയും നിലവിലുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലുമാണ് ആശ്വാസ ധനസഹായമനുവദിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾക്കുപരിയായി അനുവദിക്കേണ്ട തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിൽനിന്നുമാണ് അനുവദിച്ചുവരുന്നത്. അതുകൊണ്ടാണ് ഈ വർദ്ധനവ് വരുത്താൻ കഴിഞ്ഞത്. പൂർണ്ണമായും തകരുകയോ താമസയോഗ്യമല്ലായെന്ന് ബന്ധപ്പെട്ട എൻജിനീയറിംഗ് അധികാരിസാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടുള്ള വീടുകൾക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം നാശനഷ്ടത്തിന്റെ തോതനുസരിച്ച് പരമാവധി രണ്ടുലക്ഷം രൂപവരെ ആശ്വാസ ധനസഹായമായി നൽകുന്നു. 15 ശതമാനമെങ്കിലും ഭാഗികമായി തകർന്നവീടുകൾക്കാണ് ഇത്തരത്തിൽ ആശ്വാസ ധനസഹായം അനുവദിക്കുന്നത്. തകർച്ചയുടെ തോത് സാങ്കേതിക വിദഗ്ദ്ധർ നിർണ്ണയിക്കുന്നതിന് അനുസൃതമായി ചുരുങ്ങിയത് 3200 രൂപ മുതൽ പരമാവധി രണ്ടുലക്ഷം രൂപവരെയാണ് അനുവദിച്ചുവരുന്നത്.

### (7) ഭവനനിർമ്മാണാനുമതി

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, കേരളത്തിലെ ഒട്ടുമിക്ക പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമൊക്കെ ഗൃഹനിർമ്മാണം കഴിഞ്ഞുകിടക്കുന്ന പല വീടുകൾക്കും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നമ്പരിട്ടുകൊടുക്കാത്ത ഒരു പ്രശ്നവുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഡാറ്റാബാങ്കിൽ ഉൾപ്പെടുത്താത്തതുമായ സ്ഥലത്ത് നിർമ്മണം കഴിഞ്ഞിട്ടുള്ള കെട്ടിടങ്ങൾക്ക് നമ്പരിടാൻ അനുവാദം നൽകുന്നില്ല. 2016 ഏപ്രിൽ മാസത്തിൽ എൽ.എസ്.ജി.ഡി ഒരു ഉത്തരവ് ഇറക്കിയതുമൂലമാണ് പഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുവാദം കൊടുക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടായിട്ടുള്ളത്. റവന്യൂ രേഖകളിൽ നിലമെന്നോ തണ്ണീർത്തടമെന്നോ രേഖപ്പെടുത്തിയിട്ടുള്ള ഭൂമികൾ അമ്പതും നൂറും വർഷങ്ങളായി ഓരോരുത്തരുടെയും കൈവശമിരിക്കുന്നതും നികത്തപ്പെട്ടുപോയതും വലിയ ഫലവൃക്ഷങ്ങളുമെല്ലാമുള്ള കരഭൂമിയായി മാറിയിട്ടുള്ളതുമാണ്. പക്ഷെ ആ ഭൂമികളിൽ ചെറുകിടക്കാരായിട്ടുള്ള അഞ്ചും പത്തും സെന്റ് വരെയുള്ള ഭൂ ഉടമകൾ ഐ.എ.വൈ പദ്ധതി പ്രകാരമോ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരമോ കെട്ടിട നിർമ്മാണം നടത്തിയാൽ ആ വീടുകൾക്കൊന്നും ഇപ്പോൾ പഞ്ചായത്തുകളിൽനിന്നും മുനിസിപ്പാലിറ്റിയിൽനിന്നും നമ്പരിട്ട് കൊടുക്കുന്നില്ല. പഞ്ചായത്ത് സെക്രട്ടറി, കൃഷി ആഫീസർ, വില്ലേജ് ആഫീസർ, എ.ഇ., എൽ.എസ്.ജി.ഡി. എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി സ്ഥലത്തുപോയി പരിശോധിച്ച് ഈ ഭൂമി എത്രകാലംമുമ്പാണ് നികത്തപ്പെട്ടുപോയതെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നമ്പരിട്ട് കൊടുക്കാനുള്ള അനുവാദമുണ്ടായിരുന്നു. ആ ഉത്തരവാണ് 2016 ഏപ്രിൽ മാസത്തിൽ എടുത്തുകളഞ്ഞത്. അതുകാരണം പതിനായിരക്കണക്കിന്

അപേക്ഷകൾ പഞ്ചായത്തുകളിൽ കെട്ടികിടക്കുകയാണ്. ലാന്റ് യൂട്ടിലൈസേഷൻ ആക്ട് പ്രകാരവും തണ്ണീർത്തട സംരക്ഷണ നിയമപ്രകാരവും ഇങ്ങനെവരുന്ന അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിനുള്ള പ്രത്യേക അധികാരം നേരത്തെ ജില്ലാ കളക്ടർമാർക്ക് ഉണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്ന് ജില്ലാ കളക്ടർമാരും ഇത് ചെയ്യുന്നില്ല. ഫലത്തിൽ ലാന്റ് യൂട്ടിലൈസേഷൻ ആക്ട്പ്രകാരം ജില്ലാകളക്ടർമാരുടെ അധികാരം വിനിയോഗിക്കുന്നില്ല. നേരത്തെ എൽ.എസ്.ജി.ഡി.യുടെ ഉത്തരവ് പ്രകാരം അധികാരമുണ്ടായിരുന്ന കമ്മിറ്റിയും അത് ചെയ്യുന്നില്ല. അതുപാടില്ലെന്ന കോടതിയുടെ ഉത്തരവിനെത്തുടർന്നാണ് എൽ.എസ്.ജി.ഡി ആ ഉത്തരവ് ഇറക്കിയിട്ടുള്ളത്. ലാന്റ് വാല്യൂവിന്റെ പത്തുശതമാനം തുക അടച്ചാൽ ഇത് റെഗുലറൈസ് ചെയ്തുകൊടുക്കാമെന്നൊരു ഉത്തരവ് നേരത്തെ യു.ഡി.എഫ്. ഗവൺമെന്റ് ഇറക്കിയിരുന്നു. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ആ നിയമം പിൻവലിക്കുന്നുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയും ചെയ്തു. ഇതുകാരണം ഭൂമി നികത്തപ്പെട്ടുപോയിട്ടുള്ള, വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമിയിൽ യാതൊരു നിർമ്മാണ പ്രവർത്തനവും നടത്താൻ കഴിയാത്ത, നിർമ്മിച്ച വീടുകൾക്ക് നമ്പർ കിട്ടാൻ ബുദ്ധിമുട്ടനുഭവിക്കുന്ന ഈ പ്രശ്നങ്ങൾ വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണണം. പഞ്ചായത്ത് വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും കൂടിച്ചേർന്ന് അടിയന്തരമായി വകുപ്പുതല സെക്രട്ടറിമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ഇക്കാര്യത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്പർ കിട്ടാത്തതിന്റെ പേരിൽ അവർക്ക് ഇലക്ട്രിസിറ്റി കണക്ഷനെടുക്കാനും വാട്ടർ കണക്ഷനെടുക്കാനും സാധിക്കുന്നില്ല, റേഷൻ കാർഡ് കിട്ടുന്നില്ല തുടങ്ങിയ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്.

[11.00 AM]

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാന്യനായ എ. എം. ആരിഫ് ഉന്നയിച്ചിട്ടുള്ള സബ്മിഷനിൽ അദ്ദേഹം തന്നെ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം അപേക്ഷകന് ഗൃഹനിർമ്മാണത്തിന് മറ്റു ഭൂമി ലഭ്യമല്ല എന്ന് ബോദ്ധ്യപ്പെടുന്നപക്ഷം റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ വളരെ ചുരുങ്ങിയ വിസ്തീർണ്ണമുള്ളത് നികത്തുന്നതിന് കളക്ടർമാർ അനുവാദം നൽകിയിരുന്നു. എന്നാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതിനുശേഷം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട നെൽവയലിന്റെ ഉടമസ്ഥർക്ക് വീടുവയ്ക്കുന്നതിനുവേണ്ടി നിലമായി രൂപാന്തരപ്പെടുത്തുന്നതിന് പഞ്ചായത്തിൽ പത്ത്

സെന്റും മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ അഞ്ചു സെന്റും പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അനുമതി നൽകുവാൻ ജില്ലാതല അംഗീകൃത സമിതിക്ക് അധികാരമുണ്ടായിരുന്നതാണ്. എന്നാൽ ഇത്തരം അനുവാദം നൽകുന്നത് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു. ഇപ്പോൾ റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി സംബന്ധിച്ച് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവുപ്രകാരം തുടർനടപടികൾ സ്വീകരിച്ചുവന്നിരുന്നു. എന്നാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 3 (എ) ഭേദഗതി പ്രകാരം 2008-ന് മുമ്പ് നൽകുന്നതോ നികത്തപ്പെടുന്നതോ ആയ നിലങ്ങൾ റഗുലറൈസ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ നിലവിൽ വന്നു. ഇക്കാരണത്താൽ കേരള ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവ് പ്രകാരം നിലം രൂപാന്തരപ്പെടുത്തുന്നതിനുണ്ടായിരുന്ന അധികാരങ്ങളിൽ തടസ്സം നേരിടുകയും വലിയ അളവിലുള്ള ഭൂമി രൂപപ്പെടുത്തിയത് ക്രമീകരിക്കുന്നതിനായി അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തതോടുകൂടി ഇക്കാര്യത്തിൽ ചില അവ്യക്തതകളുണ്ടായിട്ടുണ്ട്. അതിപ്പോൾ പിൻവലിച്ചിരിക്കുകയാണ്.ഇവിടെ ബഹുമാന്യനായ മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ബന്ധപ്പെട്ട വകുപ്പുമന്ത്രി മാരുടേയും വകുപ്പുതല സെക്രട്ടറിമാരുടേയും യോഗം വിളിച്ചുചേർത്ത് നിലവിൽ ഇന്നുണ്ടായിരിക്കുന്ന പ്രത്യേകമായ സാഹചര്യത്തെക്കുറിച്ച് പരിശോധിക്കാവുന്നതാണ്. നിലവിൽ 3 (എ) ഭേദഗതി പിൻവലിക്കുന്നതോടുകൂടി റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി സംബന്ധിച്ച് കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം തുടർനടപടി സ്വീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഏതായാലും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടേയും സെക്രട്ടറിമാരുടേയും നേതൃത്വത്തിൽ ചർച്ച നടത്തിയതിനുശേഷം തീരുമാനമെടുക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (8) ശുദ്ധജലവിതരണ പദ്ധതി

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ള പ്രശ്നം ഗവൺമെന്റിന്റെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ചെങ്ങന്നൂർ താലൂക്കിലെ ഒരു സവിശേഷതയെന്നു പറയുന്നത്, പ്രസിദ്ധമായ പമ്പയാറും അച്ചൻകോവിലാറും ചുറ്റപ്പെട്ടുകിടക്കുന്ന ഒരു നിയോജകമണ്ഡലമാണിത്. 'വെള്ളം വെള്ളം സർവ്വത്ര, പക്ഷേ കുടിക്കാൻ ഒരു തുള്ളി പോലുമില്ല' എന്ന അവസ്ഥയാണ് ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ജനങ്ങൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. പമ്പയാറിൽ നിന്നും അച്ചൻകോവിലാറിൽ നിന്നും മറ്റു പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളം കൊണ്ടുപോകുമ്പോഴും മലയോര പ്രദേശവും അപ്പർ കുട്ടനാടുമടങ്ങുന്ന ചെങ്ങന്നൂരിലെ നിവാസികൾക്ക് കുടിവെള്ളം കിട്ടാത്ത ഒരവസ്ഥ നിലനിൽക്കുകയാണ്. 25 വർഷത്തിനുമുമ്പ് കുന്നത്തുമല, കോലാമുക്കം

എന്നീ രണ്ട് കുടിവെള്ള പദ്ധതികൾ കൊണ്ടുവന്നതല്ലാതെ അതിനുശേഷം ഒരു കുടിവെള്ള പദ്ധതിപോലും ആരംഭിക്കാൻ കഴിയാത്തതിന്റെ ഫലമായി പാണ്ഡവൻപാറയുൾപ്പെട്ട പാവപ്പെട്ട പട്ടികജാതി വിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളം കിട്ടാത്ത ഒരവസ്ഥയാണുള്ളത്. കഴിഞ്ഞ വരൾച്ചാക്കാലത്ത് അതിരൂക്ഷമായ സമരങ്ങളാണ് ഈ വിഷയത്തിന്മേൽ അവിടെയുണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ കുടുംബ വീടിനടുത്തുള്ള ചെന്നിത്തലയിൽ പത്തുവർഷമായി ഒരു ടാങ്ക് കെട്ടിയിട്ടിരിക്കുകയാണ്. ഒരു പൈപ്പ് ലൈൻ വലിച്ചാൽ അവിടെ വെള്ളം കൊടുക്കാൻ സാധിക്കും. പക്ഷേ അതുപോലും ചെയ്യാത്ത ഒരവസ്ഥയാണുള്ളത്. ഈ പ്രദേശത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും പ്രത്യേകിച്ച് പാണ്ഡവൻപാറ പ്രദേശത്ത് പാവപ്പെട്ട ആളുകൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 1989-ലും 2004-ലും കമ്മിഷൻ ചെയ്ത രണ്ട് പദ്ധതികൾ വഴി 4 mld ശുദ്ധജലമാണ് ദിവസവും ചെങ്ങന്നൂർ പ്രദേശത്ത് വിതരണം ചെയ്തുവരുന്നത്. ചെങ്ങന്നൂർ ൗൺ കിഴക്കേനട ഭാഗങ്ങളിൽ ഒന്നിടവിട്ട ദിവസങ്ങളിൽ വിതരണം ചെയ്യത്തക്ക വിധത്തിൽ ക്രമീകരണം ചെയ്യാൻ മാത്രമേ ഇപ്പോൾ കഴിയുന്നുള്ളൂ. മുനിസിപ്പാലിറ്റിയുടെ മുഴുവൻ സ്ഥലത്തും മതിയായ തോതിൽ വെള്ളമെത്തിക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നതിനാൽ കൂടുതൽ ശേഷിയുള്ള ഒരു ട്രീറ്റ്മെന്റ് പ്ലാന്റിനും അനുബന്ധ ഘടകങ്ങളും സഹിതം ഒരു പുതിയ സമഗ്ര പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിച്ചുവരികയാണ്. നൂറ്റവൻപാറ പ്രദേശത്തെ ഒരു ഓപ്പൺ വെല്ലിൽ നിന്നാണ് വെള്ളം പമ്പ് ചെയ്യുന്നത്. അവിടെ വിതരണത്തിനായുള്ള ജി.ഐ. പൈപ്പുകൾ ദ്രവിച്ച് കൂടെക്കൂടെ ലീക്ക് ഉണ്ടാകുന്നതുകാരണം പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാണ്ടനാട് പഞ്ചായത്തിലേത് ഒരു കുഴൽക്കിണർ അടിസ്ഥാനമാക്കിയിട്ടുള്ള ചെറുകിട പദ്ധതിയാണ്. പരിമിതമായ പ്രദേശങ്ങളിൽ മാത്രമേ വെള്ളം നൽകാൻ കഴിയുന്നുള്ളൂ. എന്നാൽ ഒന്നുമുതൽ നാലുവരെയുള്ള വാർഡുകളിൽ കല്ലിശ്ശേരി പ്ലാന്റിൽനിന്ന് ജലവിതരണം നടത്തിവരികയാണ്. ചെറിയനാട് പഞ്ചായത്തിൽ 2015-ൽ നടപ്പിലാക്കിയ ഒരു പദ്ധതിക്ക് 2.5 mld സ്ഥാപിത ശേഷി മാത്രമേയുള്ളൂ. സ്ഥാപിതശേഷിയുടെ കുറവാണ് അവിടെയുള്ള പ്രശ്നം. ആല, പുലിയൂർ, പാണ്ടനാട്, ബുധനൂർ പഞ്ചായത്തുകൾക്കുവേണ്ടി 15 കോടി രൂപയുടെ ബൃഹത്തായ ഒരു കുടിവെള്ള പദ്ധതിക്ക് NRDWP-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ സ്ഥലം ഏറ്റെടുക്കുന്ന നടപടി പുരോഗമിച്ചുവരികയാണ്. മുളക്കുഴ, വെണ്മണി പഞ്ചായത്തുകൾക്കുവേണ്ടി ഒന്നാംഘട്ടമായി 9.5 കോടി രൂപയും രണ്ടാംഘട്ടമായി 10.5 കോടി രൂപയും NRDWP-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. ശുദ്ധീകരണശാലയുടെ പണി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചു.

എന്നാൽ പഞ്ചായത്ത് ആവശ്യമായ സ്ഥലം ലഭ്യമാക്കി തന്നിട്ടില്ലാത്തതിനാൽ ശുദ്ധീകരണശാലയുടെ പണിയാരംഭിച്ചിട്ടില്ല. മറ്റ് ഘടകങ്ങളുടെ എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലുള്ള കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പാക്കാൻ ശ്രമിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ പറഞ്ഞതുപോലെ ചെന്നിത്തലയിൽ ഓവർഹെഡ് ടാങ്ക് പണിതിട്ടിട്ട് വർഷങ്ങളായി. ഇതുവരെയും പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ല. അക്കാര്യം ശ്രദ്ധിക്കണം, അല്ലെങ്കിൽ അത് വേസ്റ്റാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഓവർഹെഡ് പണിതശേഷം അവിടെ ബൾക് വാട്ടർ എത്തിക്കാനും വെള്ളം ശുദ്ധീകരിച്ചെടുക്കാനും സാധിക്കുന്ന അവസ്ഥയുണ്ടോയെന്ന് പരിശോധിച്ചിട്ട് ഉണ്ടെങ്കിൽ തീർച്ചയായും അവിടെ പൈപ്പിട്ട് വെള്ളമെത്തിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (9) തസ്തിക സൃഷ്ടിക്കൽ

ശ്രീ. സി. മമ്മൂട്ടി: സർ, തീരദേശമേഖലയിലെ തിരൂർ ആസ്ഥാനമായുള്ള തിരൂർ ജില്ലാശുപത്രി തിരൂർ, പൊന്നാനി, തിരൂരങ്ങാടി താലൂക്കുകളിലെ സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന ഒരു ആശുപത്രിയാണ്. പാവപ്പെട്ടയാളുകൾ ആശ്രയിക്കുന്ന ഒരാശുപത്രിയെന്നുള്ള നിലയ്ക്ക് അതിനാവശ്യമായ സൗകര്യമേർപ്പെടുത്തുന്നതിനുവേണ്ടി നാട്ടുകാർ തന്നെ പിരിവെടുത്ത് 8 കോടിയോളം രൂപ ചെലവഴിച്ച് ആറുനിലക്കെട്ടിടം പണിതു. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് ഈ ആശുപത്രിയെ ജില്ലാ ആശുപത്രിയായും കഴിഞ്ഞ ബഡ്ജറ്റിൽ ജനറൽ ആശുപത്രിയായും പ്രഖ്യാപിക്കുകയുണ്ടായി. അവിടെ ഇപ്പോൾ ഏഴായിരത്തോളം ക്യാൻസർ രോഗികൾ ചികിത്സയ്ക്കായി വരുന്നുണ്ട്. എം.പി./എം.എൽ.എ. ഫണ്ടിന്റെ സഹായത്തോടെ സൗജന്യ ഡയാലിസിസും നല്ല രീതിയിൽ നടക്കുന്നുണ്ട്. ജനറൽ ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിലുണ്ടായ ഒരു പ്രധാന പ്രശ്നമെന്ന് പറയുന്നത്, ഗൈനക്കോളജിസ്റ്റിന്റെ മൂന്ന് തസ്തികകളുള്ളതിൽ ഒരു ഡോക്ടർ നിലവിലുണ്ട്, ഒരു ഡോക്ടർ unauthorised absent ആണ്, ഒരു ഡോക്ടർ ലീവിൽ പോയിരിക്കുകയാണ്. ഇപ്പോൾ ഒരു പ്രസവത്തിന് ഒരു ലക്ഷം രൂപ വരെ സ്വകാര്യ ആശുപത്രികൾ വാങ്ങുന്ന സാഹചര്യത്തിൽ, കടലോരമേഖലയിലെ പാവപ്പെട്ടവർക്ക് അതിനാവശ്യമായ സൗകര്യം വേണം. ആയതിനാൽ നിലവിലുള്ള വേക്കൻസി അടിയന്തരമായി നികത്തുന്നതിനും ജനറൽ ആശുപത്രിക്കാവശ്യമായ പാറ്റേൺ അനുസരിച്ചുള്ള നിയമനം നടത്താനും നടപടി സ്വീകരിക്കണം. ഇപ്പോൾ ഏഴായിരത്തോളം വരുന്ന ക്യാൻസർ രോഗികൾക്ക് ഒരു ജൂനിയർ കൺസൾട്ടന്റ് മാത്രമാണുള്ളത്. കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഈ ആശുപത്രി സന്ദർശിച്ചപ്പോൾ ഒരു ജൂനിയർ കൺസൾട്ടന്റിനെക്കൂടി ഉടൻ നിയമിക്കാമെന്ന് പറഞ്ഞിരുന്നു. അതിന്റെ നടപടിക്രമങ്ങൾ നടക്കുകയാണ്. തിരുവനന്തപുരത്ത് വന്നുപൊയ്ക്കൊണ്ടിരുന്ന ഏഴായിരത്തോളം ക്യാൻസർ രോഗികൾക്ക് ഇപ്പോൾ ഇവിടെ ചികിത്സയ്ക്കുള്ള സൗകര്യം കിട്ടിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഗൗരവമായി കണക്കിലെടുത്തുകൊണ്ട് ഒരു യോഗം വിളിച്ചുകൂട്ടി ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നമാണ് ആവശ്യപ്പെടുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 24-01-2011-ലെ ഉത്തരവ് പ്രകാരമാണ് തിരൂർ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയത്. 164 കിടക്കകളോടുകൂടിയ പ്രസ്തുത ആശുപത്രിയിൽ 1600-ഓളം പേർ ഒ.പി. വിഭാഗത്തിലും 118-ഓളം പേർ ഐ.പി. വിഭാഗത്തിലും ചികിത്സ തേടിയെത്തുന്നുണ്ട്. ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ഒഫ്താൽമോളജി, ഇ.എൻ.ടി., ഓർത്തോ, സൈക്യാട്രി, പി.എം.ആർ., ഓങ്കോളജി, അനസ്തേഷ്യ എന്നീ വിഭാഗങ്ങൾ പ്രസ്തുത ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. സ്പെഷ്യാലിറ്റി വിഭാഗത്തിലുൾപ്പെടെ 31 ഡോക്ടർമാരുടെ സേവനവും ഇവിടെ ലഭ്യമാണ്. ഈ ആശുപത്രിയിൽ മെഡിക്കൽ വാർഡ്, സർജിക്കൽ വാർഡ്, ലേബർ വാർഡ്, പീഡിയാട്രിക് വാർഡ് എന്നിവയും പ്രവർത്തിക്കുന്നു. ഡയാലിസിസ് യൂണിറ്റ്, 24 മണിക്കൂറും പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്ക്, സി.ടി. സ്കാൻ, ആധുനിക ലാബ് എന്നീ സൗകര്യങ്ങളും നിലവിലുണ്ട്. ഈ ആശുപത്രിയിൽ ഓങ്കോളജി സെന്ററിന്റെ നിർമ്മാണത്തിന് 3370 ലക്ഷം രൂപയുടെ പ്രോജക്ട് നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം തിരൂർ ആശുപത്രിയെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ ശ്രദ്ധയിലുണ്ട്. ഇത് കടലോരമേഖലയിലെ പാവപ്പെട്ട ജനവിഭാഗങ്ങൾ ആശ്രയിക്കുന്ന നല്ല തിരക്കനുഭവപ്പെടുന്ന ഒരാശുപത്രിയായതുകൊണ്ട് ഇതിനെ മെച്ചപ്പെടുത്തേണ്ടതാവശ്യമാണ്. ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, നമ്മുടെ സംസ്ഥാനത്ത് പല ആശുപത്രികളും അപ്ഗ്രേഡ് ചെയ്തതായി പ്രഖ്യാപിച്ചിട്ടും അതിനാവശ്യമായ സ്റ്റാഫ് ക്രിയേഷൻ നടക്കാത്തതിന്റെ ഭാഗമായി അപ്ഗ്രഡേഷൻ ഫലത്തിൽ വന്നിട്ടില്ല. തിരൂർ ആശുപത്രിയെക്കുറിച്ച് അതിശയകരമായ ഒരു കാര്യം, 24-1-2011-ലെ ഉത്തരവ് പ്രകാരം ഇത് ജില്ലാ ആശുപത്രിയായി അന്നത്തെ ഇടതുപക്ഷ ഗവൺമെന്റ് ഉയർത്തിയതാണ്. എന്നാൽ തിരൂർ താലൂക്കാശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തി തസ്തിക സൃഷ്ടിക്കണമെന്ന ഒരു പ്രൊപ്പോസൽ 6-10-2015-ൽ ഗവൺമെന്റിലേക്ക് വന്നിരുന്നു. ആ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുമില്ല. പക്ഷേ, ഇതൊന്നും കണക്കിലെടുക്കുന്നില്ല. തിരൂർ ആശുപത്രിയുടെ ആവശ്യകത പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഗവൺമെന്റിന്റെ നയത്തിൽ പറഞ്ഞിട്ടുള്ളതു പോലെ താലൂക്ക്, ജില്ലാ ആശുപത്രികളെ സ്പെഷ്യാലിറ്റി സൗകര്യമുള്ള

ആശുപത്രികളാക്കി മാറ്റുമെന്ന പ്രഖ്യാപനം തിരൂർ ആശുപത്രിക്കും ബാധകമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ സെപ്റ്റംബർ മാസത്തിൽ ഒരു കമ്മിറ്റി വിളിച്ചുചേർത്ത് കാര്യങ്ങൾ പരിശോധിക്കും. അതിനുമുമ്പുതന്നെ തിരൂർ ആശുപത്രിയിൽ മറ്റ് ചില സൗകര്യങ്ങൾ ഏർപ്പെടുത്താൻ പരിശ്രമിക്കും. എല്ലാ ജില്ലാ ആശുപത്രികളിലും കാത്ത് ലാബ് സ്ഥാപിക്കണമെന്ന് തുടക്കത്തിൽ തന്നെ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. ഘട്ടം ഘട്ടമായി തിരൂർ ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ആശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും.

## (10) എം.സി. റോഡിന്റെ ശോചനീയാവസ്ഥ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഏറ്റുമാനൂർ ക്രിസ്തുരാജ പള്ളിയുടെ കുരിശുപള്ളി സ്ഥിതി ചെയ്തിരുന്ന ഒന്നര സെന്റ് സ്ഥലം കെ.എസ്.ടി.പി. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുകയും സ്ഥലത്തിന്റെ വില നിശ്ചയിക്കുകയും ചെയ്തു. കെ.എസ്.ടി.പി. നയപ്രകാരം കുരിശുപള്ളി മാറ്റി പണിയുന്നതിനുവേണ്ടി 16 ലക്ഷം രൂപയും നിശ്ചയിക്കുകയുണ്ടായി. എന്നാൽ പള്ളി അധികൃതർക്ക് കിട്ടിയത് ഏഴ് ലക്ഷം രൂപ മാത്രമാണ്. അഞ്ചുവർഷമായി പള്ളി അധികൃതർ ബാക്കി തുകയ്ക്കുവേണ്ടി സർക്കാർ ഓഫീസിന്റെ പടിവാതിലിൽ കയറി ഇറങ്ങുകയാണ്. കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടർ ഇതുസംബന്ധിച്ച് സർക്കാരിന് എഴുതിയിട്ടുമുണ്ട്. ഇതുമൂലം ഏറ്റുമാനൂർ നഗരഹൃദയത്തിലെ കെ.എസ്.ടി.പി. പണി തടസ്സപ്പെട്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഇവർക്ക് കിട്ടാനർഹമായ തുക അടിയന്തരമായി വിതരണം ചെയ്യണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ലോക ബാങ്ക് സഹായത്തോടെയാണ് പണി നടപ്പിലാക്കിവരുന്നത്. ഇത് കെ.എസ്.ടി.പി. പദ്ധതിയുടെ രണ്ടാം ഭാഗമാണ്. ചെങ്ങന്നൂർ-ഏറ്റുമാനൂർ എം.സി. റോഡിലാണ് ഏറ്റുമാനൂർ ടൗണിലെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ടൗണിൽനിന്നും അതിരമ്പുഴയ്ക്ക് പോകുന്ന ജംഗ്ഷൻ വികസിപ്പിക്കുന്നതിനാണ് ക്രിസ്തുരാജ പള്ളിവക സ്ഥലവും കുരിശടിയും കെ.എസ്.ടി.പി. ഏറ്റെടുത്തത്. അതിന് ജില്ലാതല ഭൂമി വാങ്ങൽ കമ്മിറ്റി സെന്റൊന്നിന് 2,20,000 രൂപ വീതം സ്ഥല വിലയും പുനരധിവാസ പുനഃസ്ഥാപന വിലയായി അതിന്റെ കമ്മിറ്റി, കുരിശടിക്ക് പഴക്കം കണക്കാക്കാതെ കണ്ടെത്തിയ വിലയും മറ്റ് സഹായങ്ങളുമടക്കം 5,31,748 രൂപ നിശ്ചയിച്ചു. കൂടാതെ അധിക തുക വച്ചുകൊണ്ട് 7,72,343 രൂപ പള്ളി അധികാരികൾക്ക് നഷ്ടപരിഹാരമായി നൽകിക്കഴിഞ്ഞിട്ടുണ്ട്. പഴയ കുരിശടി പൊളിച്ച് പള്ളി അധികാരികൾ പുതിയ കുരിശടി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ നഷ്ടപരിഹാരം പള്ളി അധികാരികൾക്ക് സ്വീകാര്യമല്ലാത്തതിനാൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന പരാതി പരിഹാര കമ്മിറ്റി മുമ്പാകെ, കെ.എസ്.ടി.പി. ഏറ്റെടുത്ത 46 സ്ക്വയർ മീറ്റർ ഭൂമി കൂടാതെ ഇതിനടുത്തുകിടക്കുന്ന ഒമ്പത് സ്ക്വയർ മീറ്റർ സ്ഥലവുംകൂടി ഏറ്റെടുക്കണമെന്നും സ്ഥലത്തിന്

സെന്റൊന്നിന് പത്തുലക്ഷം രൂപവച്ച് ഒന്നര സെന്റിന് 15 ലക്ഷം രൂപയും കുരിശുപള്ളി പുതുതായി പണിയുന്നതിന് 20 ലക്ഷം രൂപയും ചേർത്ത് 35 ലക്ഷം രൂപ ലഭ്യമാക്കണമെന്നും പള്ളിക്കുവേണ്ടി ട്രസ്റ്റ് ആവശ്യമുന്നയിച്ചിരുന്നു. ഈ ആവശ്യം കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും 55 സ്ക്വയർ മീറ്റർ സ്ഥലത്തിന് സെന്റിന് ആറ് ലക്ഷം രൂപ വച്ചും കുരിശുപള്ളിക്ക് 14,95,159 രൂപ പുനഃസംവിധാനത്തിനായി നൽകുവാൻ തീരുമാനിക്കുകയും മൊത്തം തുകയിൽ നിന്ന് അവാർഡ് പാസ്സായ 46 സ്ക്വയർ മീറ്റർ സ്ഥലവും പുതുതായി അക്വയർ ചെയ്യുന്ന ഒമ്പത് സ്ക്വയർ മീറ്റർ സ്ഥലത്തിന്റെയും ചമയങ്ങളുടെയും അവാർഡ് തുക കുറവ് ചെയ്ത് ബാക്കി തുക നൽകുവാൻ പരാതി പരിഹാര കമ്മിറ്റി നിശ്ചയിച്ചു. ഭൂമി ഏറ്റെടുക്കുമ്പോൾ നിലവിലുള്ള നയപ്രകാരം ജില്ലാതല കമ്മിറ്റി നിശ്ചയിച്ച വിലയും ഏറ്റെടുക്കുന്ന ചമയങ്ങൾക്ക് പഴക്കമില്ലാത്ത വിലയും നൽകുവാനേ അധികാരമുള്ളൂ. അതിനാൽ നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ ചട്ടങ്ങൾ ഉത്തരവുകൾ പ്രകാരം നടപടി സ്വീകരിക്കുവാൻ കെ.എസ്.ടി.പി.-ക്ക് നിർദ്ദേശം നൽകിയിരുന്നു. ആവശ്യപ്പെട്ട നഷ്ടപരിഹാരം ലഭിക്കാത്തതിനെ തുടർന്ന് പള്ളി അധികാരികൾ കോട്ടയം സബ് കോടതിയിൽ നഷ്ടപരിഹാരം പലിശ സഹിതം ലഭിക്കുവാൻ കേസ് നൽകിയിരിക്കുകയാണ്. കേസിന്റെ വിചാരണ നടന്നുവരുന്നു. പള്ളി അധികാരികൾ ആവശ്യപ്പെട്ട അധിക നഷ്ടപരിഹാരത്തുക നൽകാത്തതുമൂലം റോഡ് നിർമ്മാണ പ്രവൃത്തി ഇപ്പോൾ തടസ്സപ്പെട്ടിരിക്കുന്നു.

### (11) ബസ് സ്റ്റാന്റിന്റെ ശോചനീയാവസ്ഥ

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് പത്തനംതിട്ടയ്ക്ക് തന്നെ നാണക്കേടായി നിൽക്കുന്ന ഒന്നാണ് പത്തനംതിട്ട മുനിസിപ്പൽ ബസ് സ്റ്റാന്റ്. ഇത് കമ്മീഷൻ ചെയ്തിട്ട് എട്ടുവർഷം പോലുമായിട്ടില്ല. ഓരോ മഴ കഴിയുമ്പോഴും യാർഡിൽ വലിയ കുളങ്ങളും ഗർത്തങ്ങളും രൂപപ്പെടുകയാണ് ചെയ്യുന്നത്. ലക്ഷങ്ങൾ ചെലവിട്ട് ഈ കുഴികൾ നികത്തും. ഇത് കടലിൽ കായം കലക്കുന്നതുപോലെയാണ്. ബസ് സ്റ്റാന്റ് സമുച്ചയം അശാസ്ത്രീയമായ നിർമ്മാണത്തിന്റെയും കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും സ്മാരകമാണ്. കെട്ടിടം മുഴുവൻ ചോർന്നൊലിക്കുകയും സിമന്റ് കോൺക്രീറ്റ് ഭാഗം അടർന്നു വീണ് പടികൾ തകർന്നിരിക്കുകയുമാണ്. മുകൾനിലയിലെ കടകൾ ഭൂരിഭാഗവും അടച്ചിട്ടിരിക്കുകയാണ്. ഏതാണ്ട് നാലര കോടി രൂപയാണ് കെ.യു.ആർ.ഡി.എഫ്.സി. (കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ)-യിൽനിന്ന് ലോണെടുത്തത്. ഏഴുകോടിയിലധികം രൂപ ഇതിനോടകം മുനിസിപ്പാലിറ്റി അടയ്ക്കുകയും ചെയ്തു. ഇനിയും നാലര കോടിയോളം രൂപ പലിശയും മുതലുമായി അടയ്ക്കാനുണ്ട്. നിർമ്മാണത്തിലെ അപാകതയും അശാസ്ത്രീയതയും കെടുകാര്യസ്ഥതയും സംബന്ധിച്ച് ഒരു വകുപ്പുതല അന്വേഷണം നടത്തി ഉത്തരവാദികളായവരെ കണ്ടെത്താനും അതോടൊപ്പം കെ.യു.ആർ.ഡി.എഫ്.സി.-യിൽ നിന്നെടുത്ത ലോണിന് വൺ ടൈം സെറ്റിൽമെന്റ് ഏർപ്പെടുത്താനുംബസ് സ്റ്റാന്റിന്റെയും യാർഡിന്റെയും ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ധനസഹായമനുവദിക്കാനും അടിയന്തിര നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ ): സർ, പത്തനംതിട്ട നഗരസഭാ ബസ് സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും യാർഡും നിർമ്മിക്കാൻ ഹഡ്കോയിൽനിന്ന് 4.35 കോടി രൂപ വായ്പ എടുത്തിരുന്നു. പിന്നീട് പ്രസ്തുത വായ്പ കെ.യു.ആർ.ഡി.എഫ്.സി.യിലേക്ക് മാറ്റി. നഗരസഭ ഒന്നരകോടി രൂപയുംകൂടി ചെലവിട്ട് നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. ബഹുമാന്യയായ മെമ്പർ ഇവിടെ പറഞ്ഞതുപോലെ, ഓരോ മഴക്കാലം വരുമ്പോഴും നിർമ്മാണത്തിലെ അപാകതമൂലം പത്തനംതിട്ടയ്ക്ക് തന്നെ അപമാനമാകുംവിധം ആ ബസ് സ്റ്റാന്റും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഭീമമായിട്ടുള്ള തുക ഇനിയും കെ.യു.ആർ.ഡി.എഫ്.സി.-യിലേക്ക് അടക്കേണ്ടതായിട്ടുണ്ട്. മെമ്പർ സൂചിപ്പിച്ചതുപോലെ പ്രസ്തുത സംഖ്യ പിഴപ്പലിശ ഒഴിവാക്കി വൺ ടൈം സെറ്റിൽമെന്റിൽ പരിഹരിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കും. അതിനുവേണ്ടി എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ നഗരസഭാ അധികൃതരെയും കെ.യു.ആർ.ഡി.എഫ്.സി.-യുടെ മാനേജ്മെന്റിലെ ബന്ധപ്പെട്ടവരേയും അധികം വൈകാതെ തന്നെ വിളിച്ചുവരുത്തി ചർച്ച നടത്തും. അതോടൊപ്പംതന്നെ മെമ്പർ സൂചിപ്പിച്ചതുപോലെ, പ്രസ്തുത നിർമ്മാണത്തിലെ അശാസ്ത്രീയതയെ സംബന്ധിച്ച് പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ആ റിപ്പോർട്ട് എത്രയും വേഗം വാങ്ങുകയും ചെയ്യുമെന്നുള്ള കാര്യം കൂടി സഭയെ അറിയിക്കുന്നു.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

### (1) ലിസ്റ്റ് I പ്രകാരം

I മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 9/2016/ജി.എ.ഡി. തീയതി 8-2-2016 (എസ്.ആർ.ഒ. നമ്പർ 126/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. നമ്പർ 3639/സി3/2016-I/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 404/2016)

3. നമ്പർ 3639/സി3/2016-II/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 405/2016)

4. നമ്പർ 3639/സി3/2016-III/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 406/2016)

5. നമ്പർ 3639/സി3/2016-IV/വിജ്. തീയതി 27-5-2016 (എസ്.ആർ.ഒ. നമ്പർ 407/2016)

6. ജി.ഒ. (ആർ.റ്റി.) നമ്പർ 1997/2016/ഹോം തീയതി 22-6-2016(എസ്.ആർ.ഒ. നമ്പർ 440/2016)

7. ജി.ഒ. (എം.എസ്.) നമ്പർ 186/2016/ഹോം തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 450/2016)

8. ജി.ഒ. (എം.എസ്.) നമ്പർ 187/2016/ഹോം തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 451/2016)

9. ജി.ഒ. (എം.എസ്.) നമ്പർ 188/2016/ഹോം തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 452/2016)

10. ജി.ഒ. (എം.എസ്.) നമ്പർ 189/2016/ഹോം തീയതി 1-7-2016 (എസ്.ആർ.ഒ. നമ്പർ 454/2016)

II സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 54/2016/കോ-ഓപ്. തീയതി 8-6-2016 (എസ്.ആർ.ഒ. നമ്പർ 423/2016)

2. ജി.ഒ. (പി) നമ്പർ 61/2016/കോ-ഓപ്. തീയതി 17-6-2016 (എസ്.ആർ.ഒ. നമ്പർ 424/2016)

3. ജി.ഒ. (പി) നമ്പർ 48/2016/കോ-ഓപ്. തീയതി 3-6-2016 (എസ്.ആർ.ഒ. നമ്പർ 429/2016)

4. ജി.ഒ. (പി) നമ്പർ 52/2016/കോ-ഓപ്. തീയതി 6-6-2016 (എസ്.ആർ.ഒ. നമ്പർ 431/2016)

5. ജി.ഒ.(പി)നമ്പർ57/2016/കോ-ഓപ്.തീയതി 15-6-2016(എസ്.ആർ.ഒ. നമ്പർ 436/2016)

6. ജി.ഒ. (പി) നമ്പർ 60/2016/കോ-ഓപ്.തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 437/2016)

7. ജി.ഒ. (പി) നമ്പർ 62/2016/കോ-ഓപ്. തീയതി 18-6-2016 (എസ്.ആർ.ഒ. നമ്പർ 438/2016)

8. ജി.ഒ.(പി) നമ്പർ 63/2016/കോ-ഓപ്. തീയതി 22-6-2016 (എസ്.ആർ.ഒ. നമ്പർ 439/2016)

9. ജി.ഒ.(പി)നമ്പർ56/2016/കോ-ഓപ്.തീയതി 15-6-2016 (എസ്.ആർ.ഒ. നമ്പർ 441/2016)

10. ജി.ഒ. (പി) നമ്പർ 58/2016/കോ-ഓപ്. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 442/2016)

11. ജി.ഒ. (പി) നമ്പർ 59/2016/കോ-ഓപ്. തീയതി 16-6-2016 (എസ്.ആർ.ഒ. നമ്പർ 443/2016)

12. ജി.ഒ. (പി) നമ്പർ 66/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 458/2016)

13. ജി.ഒ. (പി) നമ്പർ 67/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 459/2016

14. ജി.ഒ.(പി) നമ്പർ 68/2016/കോ-ഓപ്. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 460/2016)

III തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി)നമ്പർ 15/2016/എൽ.ബി.ആർ. തീയതി 27-1-2016 (എസ്.ആർ.ഒ. നമ്പർ 117/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ.(പി) നമ്പർ 32/2016/എൽ.ബി.ആർ. തീയതി 6-2-2016 (എസ്.ആർ.ഒ. നമ്പർ 119/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. ജി.ഒ. (പി) നമ്പർ 13/2016/എൽ.ബി.ആർ. തീയതി 22-1-2016 (എസ്.ആർ.ഒ. നമ്പർ 123/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

4. ജി.ഒ. (പി) നമ്പർ 40/2016/എൽ.ബി.ആർ. തീയതി 18-2-2016 (എസ്.ആർ.ഒ. നമ്പർ 149/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

5. ജി.ഒ. (പി) നമ്പർ 85/2016/എൽ.ബി.ആർ. തീയതി 3-6-2016 (എസ്.ആർ.ഒ. നമ്പർ 413/2016)

6. ജി.ഒ. (പി) നമ്പർ 86/2016/എൽ.ബി.ആർ. തീയതി 9-6-2016 (എസ്.ആർ.ഒ. നമ്പർ 428/2016)

7. ജി.ഒ. (പി) നമ്പർ 94/2016/എൽ.ബി.ആർ . തീയതി 20-6-2016 (എസ്.ആർ.ഒ. നമ്പർ 444/2016)

8. ജി.ഒ. (പി) നമ്പർ 96/2016/എൽ.ബി.ആർ തീയതി 21-6-2016 (എസ്.ആർ.ഒ. നമ്പർ 445/2016)

9. ജി.ഒ. (പി) നമ്പർ 103/2016/എൽ.ബി.ആർ. തീയതി 2-7-2016 (എസ്.ആർ.ഒ. നമ്പർ 465/2016)

10. കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയുടെ 2011-12 -ലെ ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

11. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ 2013-14 - ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

IV. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ 2012-13 -ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

V. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി. ഒ. (പി) നമ്പർ 8/2016/എ.ഡി തീയതി 20-5-2016 (എസ്.ആർ.ഒ. നമ്പർ 422/2016)

VI. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ.(പി)നമ്പർ127/2012/എസ്.സി.എസ്.റ്റി.ഡി.ഡി. തീയതി 20-9-2012 (എസ്.ആർ.ഒ.നമ്പർ671/2012) ഡിലേസ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ.(പി)നമ്പർ5/2016/സി.എ.ഡി.തീയതി 24-6-2016 (എസ്.ആർ.ഒ. നമ്പർ 455/2016)
3. തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2012-13 വർഷത്തെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.
4. ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ 2014-15-ലെ ഭരണ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VII. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (പി) നമ്പർ 333/2016/ആർ.ഡി. തീയതി 6-6-2016 (എസ്.ആർ.ഒ. നമ്പർ 419/2016)

VIII. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ.കെ. ടി. ജലീൽ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (പി) നമ്പർ 2/2016/ത.സ്വ.ഭ.വ. തീയതി 11-1-2016(എസ്.ആർ.ഒ. നമ്പർ 44/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

IX. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ജി.ഒ. (പി) നമ്പർ 48/2016/ട്രാൻ. തീയതി 29-6-2016 (എസ്.ആർ.ഒ. നമ്പർ 453/2016)

X.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ. (പി) നമ്പർ 65/2016/റ്റി.ഡി. തീയതി 16-6-2016(എസ്.ആർ.ഒ. നമ്പർ 425/2016)

2. ജി.ഒ. (പി) നമ്പർ 66/2016/റ്റി.ഡി. തീയതി 17-6-2016 (എസ്.ആർ.ഒ. നമ്പർ 426/2016)

XI. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ. (പി) നമ്പർ 63/2016/റ്റി.ഡി. തീയതി 7-6-2016 (എസ്.ആർ.ഒ. നമ്പർ 432/2016)
2. ജി.ഒ. (പി) നമ്പർ 67/2016/റ്റി.ഡി. തീയതി 2-7-2016(എസ്.ആർ.ഒ. നമ്പർ 461/2016)
3. ജി.ഒ. (പി) നമ്പർ 68/2016/റ്റി.ഡി.തീയതി 2-7-2016(എസ്.ആർ.ഒ. നമ്പർ 462/2016)

(2) ചട്ടം 236 (6) അനുസരിച്ചുള്ള ലിസ്റ്റ് 2 പ്രകാരം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ.കെ.രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXII-ക്ഷീര വികസനം | 2014-15 | ക്ഷീര വികസനം |

(3) ചട്ടം 47 (2) അനുസരിച്ചുള്ള ലിസ്റ്റ് 3 പ്രകാരം

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 1072, 2477, 2484, 2513, 5163, പതിനാറാം സമ്മേളനത്തിലെ 2608, 2655, 2891 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2699, 2708 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

മി. സ്പീക്കർ: വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, അങ്ങേയ്ക്ക് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്താവുന്നതാണ്.

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കേരളം സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എന്നുള്ളതാണ് ഈ പ്രസ്താവനയ്ക്ക് ആധാരമായിട്ടുള്ള വിഷയം. സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

2011-ലെ കാനേഷുമാരി കണക്കുകളനുസരിച്ച് രാജ്യത്തെ 32 ശതമാനം (8 കോടി) വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇതേ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ആകെയുള്ള 77,16,370 വീടുകളിൽ 94.4 ശതമാനം വീടുകളിലും 2011-ൽ തന്നെ വൈദ്യുതി എത്തിക്കഴിഞ്ഞു. മറ്റ് പല മേഖലയിലും എന്ന പോലെ ഗാർഹിക വൈദ്യുതീകരണത്തിലും ദേശീയ ശരാശരിയേക്കാൾ മുന്നേറ്റമുണ്ടാക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചത് 2006-2011 -ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളാലാണ്.

സംസ്ഥാനത്തെ അസംബ്ലി മണ്ഡലങ്ങൾ അടിസ്ഥാനമാക്കിയാണ് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ അന്ന് നടപ്പാക്കിയത്. സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളിൽ എം.എൽ.എ.-മാർ അകമഴിഞ്ഞ സഹായവും സഹകരണവുമാണ് നൽകിയിരുന്നത്. കൂടാതെ, പാർലമെന്റ് അംഗങ്ങളും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഈ പദ്ധതി പൂർത്തീകരണത്തിനായി സഹായം നൽകിയിരുന്നു. ഇതോടൊപ്പം സാമൂഹ്യ സന്നദ്ധ പ്രവർത്തകരും സംസ്ഥാന വൈദ്യുതി ബോർഡ് ജീവനക്കാരും ഒത്തൊരുമിച്ച് പ്രവർത്തിച്ചതോടെ ഗാർഹിക വൈദ്യുതീകരണത്തിൽ വലിയ കുതിച്ചുചാട്ടമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു.

കൂട്ടായും ചിട്ടയായുമുള്ള പ്രവർത്തനത്തിന്റെ ഫലമായി ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ വൈദ്യുതീകൃത ജില്ലയായി പാലക്കാടിനെ പ്രഖ്യാപിക്കാൻ 2009 ഫെബ്രുവരി മാസം നമ്മുടെ സംസ്ഥാനത്തിനായി.തുടർന്ന് രണ്ട് വർഷത്തിനിടയിൽ തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിച്ചു. 2011 മേയ് മാസം ആയതോടെ സംസ്ഥാനത്തെ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ 89 എണ്ണവും സമ്പൂർണ്ണ വൈദ്യുതീകൃത മണ്ഡലങ്ങളായി നമുക്ക് പ്രഖ്യാപിക്കാൻ കഴിഞ്ഞിരുന്നു.

തുടർന്ന് അധികാരത്തിൽ വന്ന സർക്കാർ, രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (ആർ.ജി.ജി.വി.വൈ.), ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ ജ്യോതി യോജന (ഡി.ജി.യു.ജി.ജെ.വൈ.) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ വഴിമാത്രം വൈദ്യുതീകരണ പദ്ധതികൾ നടപ്പാക്കാനാണ് ശ്രമിച്ചത്. എന്നാൽ ഈ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ വിവിധ ഉപാധികൾ മുന്നോട്ടുവച്ചതുകാരണം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും വൈദ്യുതി എത്തിക്കാനുള്ള ഭൗതിക സാഹചര്യമൊരുക്കാൻ കഴിഞ്ഞില്ല.

നിലവിലെ നിയമ പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കേണ്ട ഉപഭോക്താവ് തന്നെ അവരുടെ വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള എല്ലാ ചെലവും വഹിക്കേണ്ടതായിട്ടുണ്ട്. ഈ ചെലവ് സ്വയം താങ്ങാൻ സാധിക്കാത്തവർ പലപ്പോഴും വൈദ്യുതി കണക്ഷനായുള്ള അപേക്ഷ തന്നെ സമർപ്പിക്കാറില്ല. വീടിനടുത്തുവരെ വൈദ്യുതി ലൈനും ട്രാൻസ്ഫോർമറുകളും സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള പണം ചെലവഴിക്കാൻ സാമ്പത്തിക പ്രയാസമനുഭവിക്കുന്നവർക്കും ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തെ എല്ലാ വീടുകളിലും സമയബന്ധിതമായി വൈദ്യുതി വെളിച്ചം എത്തിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കാൻ സർക്കാർ തീരുമാനമെടുക്കുകയാണ്.

കേരളത്തിൽ ഇനിയും വൈദ്യുതി ലഭിക്കാത്ത 2.5 ലക്ഷം വീടുകളെങ്കിലും ഉണ്ടാകുമെന്നാണ് പ്രാഥമികമായി കണക്കാക്കുന്നത്. ഈ വീടുകൾ കണ്ടെത്തി അവിടങ്ങളിലേക്ക് വൈദ്യുതി ലൈൻ വലിച്ച് വൈദ്യുതി കണക്ഷൻ നൽകുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

എല്ലായിടങ്ങളിലും സമയബന്ധിമായി ലൈൻ നിർമ്മിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കാനുള്ള ചെലവ് പൂർണ്ണമായും വഹിക്കാൻ സാമ്പത്തിക ഞെരുക്കം കാരണം വൈദ്യുതി ബോർഡിന് സാധിക്കാത്ത നിലയുണ്ട്. ഈ പദ്ധതി നടത്തിപ്പിനായി കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും ലഭിക്കുന്ന ഫണ്ട് എന്നിവ ഉപയോഗിക്കുന്നതോടൊപ്പം സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽപ്പെടുത്തി ഈ പദ്ധതിക്കാവശ്യമായ തുക കണ്ടെത്താൻ ശ്രമിക്കും.

നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന ഫണ്ടിന്റെ ഒരു ഭാഗമെങ്കിലും അവരവരുടെ മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ചെലവഴിക്കണമെന്ന് സർക്കാരിനുവേണ്ടി അഭ്യർത്ഥിക്കുകയാണ്. എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടും ഇതേ ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണെന്ന് സർക്കാർ നിർദ്ദേശം നൽകുന്നതും പരിഗണനയിലുണ്ട്. മുമ്പ് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ച മണ്ഡലങ്ങളിൽ മണ്ഡല പുനർനിർണ്ണയം അടക്കമുള്ള കാരണങ്ങളാൽ തുടർന്ന് വൈദ്യുതിയില്ലാത്ത വീടുകൾ കണ്ടെത്തുന്നുണ്ടെങ്കിൽ അവയും പദ്ധതിയുടെ ഭാഗമായി വൈദ്യുതീകരിക്കാം.

പദ്ധതിയുടെ കുറ്റമറ്റ നടത്തിപ്പിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. മേൽനോട്ട സമിതിയിൽ ഉദ്യോഗസ്ഥ പ്രതിനിധികൾക്ക് പുറമെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും അംഗങ്ങളായിരിക്കും. കൂടാതെ പ്രദേശത്തെ പ്രതിനിധീകരിക്കുന്ന എം.പി.-യും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും പ്രത്യേക ക്ഷണിതാക്കളായിരിക്കും.

2017 മാർച്ച് മാസത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രക്രിയ പൂർത്തിയാക്കി നമ്മുടെ സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി പ്രഖ്യാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പൂർത്തിയാകണമെങ്കിൽ സമയബന്ധിതമായി നിരവധി നടപടികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനോടൊപ്പം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളിൽനിന്നും വിവിധ സർക്കാർ വകുപ്പുകളിൽനിന്നും സർക്കാരേതര സംഘടനകളിൽനിന്നും സഹകരണം ആവശ്യമായിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിൽ കക്ഷി രാഷ്ട്രീയ ഭേദമെന്യെ എല്ലാ അംഗങ്ങളുടെയും നിർലോഭമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ടി. ബൽറാം, അങ്ങേയ്ക്ക് ചട്ടം 258 പ്രകാരം വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

# VII വ്യക്തിപരമായ വിശദീകരണം

## ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിലെ പരാമർശം

ശ്രീ. വി. ടി. ബൽറാം: സർ, കഴിഞ്ഞ ദിവസം ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുന്ന വേളയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ഒരു കാര്യത്തെക്കുറിച്ചാണ് ഞാൻ ഈ ക്രമപ്രശ്നമുന്നയിക്കുന്നത്. അദ്ദേഹം തെറ്റിദ്ധാരണമൂലം പറഞ്ഞതാണെന്ന് ഞാൻ വിശ്വസിക്കുകയാണ്. പക്ഷേ അതെനിക്ക് അല്പം അപകീർത്തികരമായ തരത്തിൽ വന്നിട്ടുണ്ട്. അദ്ദേഹം ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു, 'ഇവിടെ ഇരിക്കുന്ന ബഹുഭൂരിപക്ഷം എം.എൽ.എ.മാരുടെ മണ്ഡലങ്ങളിൽ ചുരുങ്ങിയത് നൂറ് കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഈ ബഡ്ജറ്റിലുണ്ട്. ഏതാനും പേരുടെ മണ്ഡലങ്ങളിൽ അത്രയ്ക്ക് പ്രവൃത്തികൾ വന്നിട്ടില്ല. ശ്രീ. വി. റ്റി. ബൽറാം വേണ്ടായെന്നുപറഞ്ഞ റോഡിനുപോലും ഞാൻ തുക വകയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ വേണ്ടെന്ന് പറഞ്ഞതുകൊണ്ടല്ല ആ റോഡ് ആവശ്യമാണെന്നുള്ളതുകൊണ്ടാണ് തുക വകയിരുത്തിയത്. ശ്രീ. വി. റ്റി. ബൽറാമിന് ആ റോഡ് വേണ്ടെങ്കിലും ഞങ്ങൾക്ക് ആ റോഡ് വേണം.' ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തെറ്റിദ്ധാരണമൂലം പറഞ്ഞതാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഞാൻ അതിന്റെ തലേദിവസം ഈ സഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ആ സബ്മിഷനിൽ ഞാൻ പ്രസ്തുത റോഡ് വേണമെന്ന് വളരെ അക്കമിട്ട് പറയുകയും അതിനുവേണ്ടി മാത്രമാണ് ആ സബ്മിഷൻ ഉന്നയിച്ചതും. ഞാൻ അതൊന്ന് ഓടിച്ച് വായിക്കുകയാണ്.

മി. സ്പീക്കർ: സബ്മിഷൻ വീണ്ടും വായിക്കേണ്ട ആവശ്യമില്ല. അങ്ങ് പറഞ്ഞാൽ മതി.

ശ്രീ. വി. ടി. ബൽറാം: സർ, എന്റെ നിയോജകമണ്ഡലത്തിലെ പല പ്രധാനപ്പെട്ട റോഡുകളും തീർത്തും ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. അത്തരത്തിലുള്ള പ്രധാനപ്പെട്ട റോഡിന് ഇടക്കാല ബഡ്ജറ്റിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. കുറ്റിപ്പുറം എഞ്ചിനീയറിംഗ് കോളേജ് മുതൽ എന്റെ മണ്ഡലത്തിലെ കുമ്പിടി, തൃത്താല, വി.കെ. കടവ്, പട്ടാമ്പി വഴി പട്ടാമ്പിയിൽ പുതിയ പാലമടക്കം ഷൊർണ്ണൂരിലേയ്ക്കുള്ള റോഡിന്റെ പ്രൊപ്പോസൽ ഉണ്ടായിരുന്നു.

മി. സ്പീക്കർ: വ്യക്തിപരമായി വിശദീകരിച്ചാൽ മതി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ടി. ബൽറാം: സർ, അതിന്റെ പ്രവർത്തനങ്ങളും പഠനങ്ങളും ഡി.പി.ആർ. തയ്യാറാക്കുന്ന ജോലിയുമെല്ലാം പൂർത്തിയായ സ്ഥിതിക്ക് ഈ ബഡ്ജറ്റിലുൾപ്പെടുത്തി

ഫണ്ട് അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മാന്ദ്യവിരുദ്ധ പാക്കേജിൽനിന്ന് നീക്കിവയ്ക്കാതെ, ബഡ്ജറ്റിൽ തുക വകയിരുത്തുന്ന പ്രവൃത്തിയായി ഈ വർഷംതന്നെ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അടിസ്ഥാനപരമായി നമ്മളൊക്കെ ഓരോ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് വരുന്നവരാണല്ലോ. സ്വന്തം നിയോജക മണ്ഡലത്തിലെ വികസന പദ്ധതി വേണ്ടായെന്ന തരത്തിൽ ഞാൻ പറഞ്ഞതായി സഭയിലെ അംഗങ്ങൾക്കും സഭാരേഖ പരിശോധിക്കുന്ന പുറത്തുള്ള ആളുകൾക്കും തെറ്റിദ്ധാരണയുണ്ടാകരുതെന്നുള്ളതുകൊണ്ടാണ് ഞാനിത് വിശദീകരിച്ചതെന്ന് അറിയിക്കുകയാണ്.

## VIII ക്രമപ്രശ്നം

### (1)ചട്ടങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, നിയമസഭയുടെ നടപടിക്രമവുംകാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 166-ാം ചട്ടപ്രകാരം സഭയുടെ മേശപ്പുറത്തുവച്ച എസ്.ആർ.ഒ. നം.56/2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ടുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത ആക്ട് മലയാളഭാഷയിൽ പ്രസിദ്ധീകരിച്ച് പാസ്സാക്കിയതാണ്. എന്നാൽ ചട്ടങ്ങൾ ഇംഗ്ലീഷിലാണ് പുറപ്പെടുവിച്ചിട്ടുള്ളത്. കേരള നിയമസഭ പാസ്സാക്കിയ 2015-ലെ മലയാളഭാഷ വ്യാപനവും പരിപോഷണവും ആക്ടിലെ 4, 1, 3 വകുപ്പ് പ്രകാരവും കേരള നിയമസഭയുടെ സബോർഡിനേറ്റ് സമിതിയടക്കമുള്ള സമിതികളുടെ റിപ്പോർട്ടുപ്രകാരവും മലയാളഭാഷയിലുള്ള ആക്ടുകൾക്ക് ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ അവ മലയാളഭാഷയിൽ തന്നെയായിരിക്കണമെന്ന് കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സൂചിപ്പിച്ച വ്യവസ്ഥകൾക്ക് വേണ്ടത്ര പരിഗണന നല്കാതെയും മലയാളത്തിലുള്ള നിയമങ്ങൾക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചത് സഭയോടും നിയമസഭാ സമിതിയോടുമുള്ള അനാദരവാണ്. ഈ നിയമം വളരെ കൃത്യമായി അനുശാസിക്കുകയും പാസ്സാക്കുകയും ചെയ്തതിനെ വയലേറ്റ് ചെയ്തുകൊണ്ടുള്ള ചട്ടങ്ങൾ ഇടയ്ക്കിടയ്ക്ക് പുറപ്പെടുവിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർമാരുടെ ശക്തമായ റൂളിംഗ് ഉണ്ടായിട്ടുപോലും ഇത് ആവർത്തിച്ചുകൊണ്ടിരിക്കുന്നത് ഗുരുതരമായ ഒരു വീഴ്ചയായി കാണുകയാണ്. മലയാളഭാഷ ശ്രേഷ്ഠഭാഷയായി അംഗീകരിക്കുകയും മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഈയവസരത്തിൽ സഭയിൽത്തന്നെ ഇത്തരത്തിലുള്ള ലംഘനങ്ങൾ നടത്തുമ്പോൾ അത് ഗൗരവമായി എടുക്കണമെന്നും ഇത് ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ റൂളിംഗും മേൽനടപടിയും ഉണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ 30-5-2015-ലെ എസ്.ആർ.ഒ.നമ്പർ 352/2015 പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റൂൾസ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ചട്ടങ്ങൾ

ഇംഗ്ലീഷ് ഭാഷയിലാണ് അന്ന് പ്രസിദ്ധീകരിച്ചത്. 2015-ലെ ഓർഡിനൻസിനുപകരമായി 17-8-2015-ൽ പുറപ്പെടുവിച്ച 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് മലയാള ഭാഷയിലാണ് പ്രസിദ്ധീകരിച്ചത്. തുടർന്ന് മുൻപ് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച റിക്രൂട്ട്മെന്റ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് 19-1-2016-ലെ എസ്.ആർ.ഒ.നമ്പർ 56/2016 പ്രകാരം പ്രസിദ്ധീകരിച്ചപ്പോഴും ഇംഗ്ലീഷ് ഭാഷയിലാണ് പ്രസിദ്ധീകരിച്ചത്. ഇപ്പോൾ ഈ ചട്ടങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ദേവസ്വം ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാക്കാൻ ഈ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതിനാൽ ഭാവിയിൽ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ടിനും ചട്ടങ്ങൾക്കും പ്രസക്തിയില്ലാതായി മാറിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം പിശകുകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

## (2) മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട പിണറായി വിജയൻ മുഖ്യമന്ത്രിയായി ചുമതലയേൽക്കുന്നതിനുമുൻപ് അദ്ദേഹം നടത്തിയ ദൃഢപ്രതിജ്ഞയെക്കുറിച്ചാണ് എന്റെ ക്രമപ്രശ്നം.ഭരണഘടനാവിഷയമെന്ന നിലയിൽ മാത്രമാണ് ഞാൻ ഈ പ്രശ്നമുന്നയിക്കുന്നത്. 2016 മെയ് മാസം 25-ാം തീയതിയാണ് ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായി ചുമതലയേറ്റത്. ചുമതലയേൽക്കുന്നതിനുമുൻപ് നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ ഒരു മന്ത്രിയായി മാത്രമാണ് അദ്ദേഹം ദൃഢപ്രതിജ്ഞ ചെയ്തിട്ടുള്ളത്. മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തിട്ടേയില്ല. അദ്ദേഹത്തിന്റെ സത്യപ്രതിജ്ഞാവാചകം ഇപ്രകാരമായിരുന്നു. 'പിണറായി വിജയനായ ഞാൻ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോടും നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ കേരള സംസ്ഥാനത്തെ ഒരു മന്ത്രിയെന്ന നിലയിലുള്ള എന്റെ കർത്തവ്യങ്ങൾ വിശ്വസ്തതയോടും മനഃസാക്ഷിയെ മുൻനിർത്തിയും നിർവ്വഹിക്കുമെന്നും ഭരണഘടനയും നിയമവും അനുസരിച്ച് ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ എല്ലാത്തരത്തിലുമുള്ള ജനങ്ങൾക്കും നീതിചെയ്യുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു'. 'പിണറായി വിജയനായ ഞാൻ കേരള സംസ്ഥാനത്തെ ഒരു മന്ത്രിയെന്ന നിലയിൽ എന്റെ പരിഗണനയിൽ കൊണ്ടുവരുന്നതോ എന്റെ അറിവിൽ വരുന്നതോ ആയ ഏതെങ്കിലും വിഷയം അങ്ങനെയുള്ള മന്ത്രിയെന്ന നിലയിലുള്ള എന്റെ കർത്തവ്യങ്ങൾ മുറപ്രകാരം നിറവേറ്റുന്നതിനാവശ്യമായതിനൊഴികെ ഞാൻ ഏതെങ്കിലും ആൾക്കോ ആളുകൾക്കോ നേരിട്ടോ അല്ലാതെയോ അറിയിച്ചുകൊടുക്കുകയോ വെളിപ്പെടുത്തിക്കൊടുക്കുകയോ ചെയ്യില്ലായെന്ന് സഗൗരവം പ്രതിജ്ഞ ചെയ്യുന്നു'. അദ്ദേഹം സത്യപ്രതിജ്ഞ ചെയ്തത് ഞാൻ എന്നു തന്നെയാണെന്ന് മനസ്സിലാക്കാം. ഇത് വളരെ

വിശദമായി ചർച്ച ചെയ്യേണ്ട ഒരു കാര്യം തന്നെയാണ്. അതായത്....ഞാൻ ചുരുക്കുകയാണ്. ഭരണഘടനയിൽ മുഖ്യമന്ത്രിയെയും മറ്റു മന്ത്രിമാരെയും ചേർത്ത് സംയുക്തമായി മന്ത്രിമാർ എന്ന് പ്രയോഗിച്ചിട്ടുണ്ടെങ്കിലും മുഖ്യമന്ത്രി മറ്റു മന്ത്രിമാരിൽ നിന്ന് വ്യത്യസ്തമായി തന്നെയാണ് വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ മുഖ്യമന്ത്രി എന്ന പദവി ഭരണഘടനയിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. മുഖ്യമന്ത്രിക്ക് മറ്റു മന്ത്രിമാർക്കില്ലാത്ത പല കടമകളും നിർവചിച്ചിട്ടുണ്ട്. 'Duties of Chief Minister as respects the furnishing of information to Governor' എന്ന തലക്കെട്ടിൽ മുഖ്യമന്ത്രിയുടെ പ്രത്യേക ചുമതലകൾ ഭരണഘടനയുടെ 167-ാം അനുച്ഛേദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയിലെ 164-ാം വകുപ്പ് പ്രകാരം മുഖ്യമന്ത്രിയെ ഗവർണ്ണർ നിയമിക്കേണ്ടതും മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം മാത്രം മറ്റു മന്ത്രിമാരെ നിയമിക്കേണ്ടതുമാണ്. ശ്രീ. എം. പി. ജെയിനിന്റെ Indian Constitutional Law-ൽ പറഞ്ഞിരിക്കുന്നത്, ....'If the Prime Minister has a power to make his Ministers; it has also the Constitutional right to unmake them; The identity of Ministers is not known without the Prime Minister' എന്നാണ്. മേൽപ്പറഞ്ഞ പരാമർശം മുഖ്യമന്ത്രിക്കും ബാധകമാണ്. കേവലം ഒരു മന്ത്രിയായി മാത്രം സത്യപ്രതിജ്ഞ ചെയ്തിട്ടുള്ള ഒരാൾ എങ്ങനെ മറ്റു മന്ത്രിമാരുടെ പേര് നിർദ്ദേശിക്കും? അതുപോലെതന്നെ മുഖ്യമന്ത്രിയുടെ രാജി മറ്റു മന്ത്രിമാരുടെ .....

മി. സ്പീക്കർ: പ്ലീസ്..... ചുരുക്കി പറയൂ....ചുരുക്കി പറയൂ....

ശ്രീ. പി. സി. ജോർജ്: സർ, ഇത് പറയാൻ എന്നെ അനുവദിക്കണം. ഞാൻ ഒരു ശല്യവും ചെയ്യുന്നില്ലല്ലോ. ഒരു രാജി മന്ത്രിമാരുടെ മൊത്തത്തിലുള്ള രാജിയായി പരിഗണിക്കേണ്ടതാണ്.മറ്റു മന്ത്രിമാരുടെ രാജിക്ക് ഇപ്രകാരമുള്ള പ്രത്യാഘാതങ്ങൾ ഒന്നുമില്ല. ശ്രീ. ഇ. പി. ജയരാജൻ രാജി വച്ചാലും ഗവൺമെന്റ് ഇവിടെ കാണും. ഡോ. ടി. എം. തോമസ് ഐസക് രാജി വച്ചാലും ഗവൺമെന്റ് ഇവിടെ കാണും. ശ്രീ. പിണറായി വിജയൻ രാജിവച്ചാൽ ഗവൺമെന്റ് ഇവിടെ കാണില്ല, അതെങ്ങനെ സാധിക്കും? മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രി എന്ന വാക്ക് ഉപയോഗിക്കാത്തിടത്തോളംകാലം അദ്ദേഹം രാജി വച്ചാൽ എങ്ങനെ ഗവൺമെന്റ് പോകും? മുഖ്യമന്ത്രിയുടെ രാജി മൊത്തത്തിലുള്ള രാജിയായി പരിഗണിക്കുന്നതാണ്. ഗവൺമെന്റ് ബിസിനസ്സ് റൂൾ അനുസരിച്ച് ........

മി. സ്പീക്കർ: സമയം തീരാറായി..

ശ്രീ. പി. സി. ജോർജ്: സർ, ഞാനൊന്ന് പറഞ്ഞോട്ടെ, വളരെ പ്രധാനപ്പെട്ട ഒന്നുരണ്ടു കാര്യം പറയാനുണ്ട്. മുഖ്യമന്ത്രിക്ക് മറ്റു മന്ത്രിമാരെക്കാൾ കൂടുതൽ

അധികാരങ്ങളാണ് നല്കിയിരിക്കുന്നത്. ബിസിനസ്സ് റൂളിലുണ്ട്. ഞാൻ വായിക്കുന്നില്ല; അങ്ങ് സമ്മതിക്കില്ല. അപ്പോൾ മറ്റു മന്ത്രിമാരുടെ തീരുമാനം റദ്ദു ചെയ്യുന്നതിനും ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനും മുഖ്യമന്ത്രിക്ക് അധികാരമുണ്ട്. ശ്രീ. ഇ. പി. ജയരാജൻ ഒരു തീരുമാനമെടുത്താൽ അത് ക്യാൻസൽ ചെയ്യാനുള്ള അധികാരം സഖാവ് പിണറായി വിജയനുണ്ട് എന്നാണർത്ഥം. ഡോ. ടി. എം. തോമസ് ഐസക് തീരുമാനിച്ചാൽ അത് ക്യാൻസൽ ചെയ്യാനുള്ള അധികാരം ശ്രീ. പിണറായി വിജയനുണ്ട്. അതെങ്ങനെ വരും? മുഖ്യമന്ത്രിയായി പിണറായി വിജയൻ സത്യപ്രതിജ്ഞ ചെയ്തത് 'as a Minister' എന്നാണ്. അതുപോലെതന്നെ ശ്രീ. ഇ. പി. ജയരാജനും ഡോ. ടി. എം. തോമസ് ഐസക്കും ചെയ്തിട്ടുള്ളത്. അപ്പോൾ ശ്രീ. പിണറായി വിജയന് എങ്ങനെ അധികാരം കൂടുതൽ വരും? മറ്റു സംസ്ഥാനങ്ങളെപ്പറ്റി ഒന്നു പറയട്ടെ, മുഖ്യമന്ത്രി വെറുമൊരു മന്ത്രിയല്ല. ഭരണഘടനയിൽ 163-ാം അനുച്ഛേദം അനുസരിച്ച് മന്ത്രിസഭയുടെ തലവനെന്ന പദവി വഹിക്കുന്ന...........

മി സ്പീക്കർ: അങ്ങ് പോയിന്റ് ചുരുക്കി പറയൂ .....

ശ്രീ. പി. സി. ജോർജ്: സർ, ഒരു സെക്കന്റ് .....ഇതൊരു സ്പോർട്സ് മാൻ സ്പിരിറ്റോടെ കാണണം. 163-ാം അനുച്ഛേദം എന്താണ് പറയുന്നത്, 'There shall be a Council of Ministers with the Chief Minister at the head to aid and advise the Governor in the exercise of his functions, except in so far as he is by or under this Constitution required to exercise his functions or any of them in his direction.' ഇത് വളരെ പ്രധാനപ്പെട്ടതല്ലേ. അപ്പോൾ മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരമാണ് ഗവർണ്ണർ മന്ത്രിമാരെ നിശ്ചയിച്ചിട്ടുള്ളത്. ഇതെങ്ങനെ വരും; ഇത് എങ്ങനെ അംഗീകരിക്കാൻ പറ്റും? ഇവിടെ ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തിട്ടേയില്ല. അതുപോലെതന്നെ ഈ അവസരത്തിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ എനിക്ക് ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രി സത്യപ്രതിജ്ഞ ചെയ്യുമ്പോൾ പ്രധാനമന്ത്രി എന്ന പദം തന്നെയാണ് ഉപയോഗിക്കുന്നത്. പാർലമെന്റിൽ സത്യപ്രതിജ്ഞ ചെയ്യുന്നതും സംസ്ഥാന നിയമസഭയിൽ സത്യപ്രതിജ്ഞ ചെയ്യുന്നതും ഒരേ ഭരണഘടന പ്രകാരംതന്നെയാണ് നടക്കുന്നത്. അവിടെയും ഈ ഭരണഘടനയാണ്. പക്ഷെ, അവിടെ പ്രൈം മിനിസ്റ്റർ സത്യപ്രതിജ്ഞ ചെയ്യുമ്പോൾ.....

മി. സ്പീക്കർ: ഒരു ക്രമപ്രശ്നത്തെ ഇത്ര ദീർഘമായ പ്രഭാഷണമാക്കാൻ പറ്റില്ല

ശ്രീ. പി. സി. ജോർജ്: സർ, ഒന്നു പറയട്ടെ......പ്രധാനപ്പെട്ട കാര്യം പറയണ്ടേ, 1950-ൽ ഭരണഘടനയുണ്ടാക്കാൻ നേതൃത്വം കൊടുത്ത ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായപ്പോൾ അദ്ദേഹം സത്യപ്രതിജ്ഞ ചെയ്തത് 'as Prime Minister of India' എന്നുതന്നെയാണ്.

മി. സ്പീക്കർ: മുഖ്യമന്ത്രിക്ക് പ്രത്യേക അധികാരങ്ങൾ ഉള്ളതുകൊണ്ട് 'മുഖ്യമന്ത്രി' എന്ന് സത്യപ്രതിജ്ഞ ചെയ്തില്ല എന്നല്ലേ അങ്ങ് പറഞ്ഞത്. ക്ലിയറായി പ്ലീസ് ......ക്ലിയറായി.....

ശ്രീ. പി. സി. ജോർജ്: സർ, പറയട്ടെ, അങ്ങ് ഇടയ്ക്ക് പറയുമ്പോൾ സംശയം വർദ്ധിക്കും. പ്രധാനമന്ത്രി സത്യപ്രതിജ്ഞ ചെയ്യുപ്പോൾ 'Minister of Union' എന്നതിനുപകരം 'പ്രധാനമന്ത്രി' എന്ന പദമാണ് ഉപയോഗിച്ചത് അതാണ് പ്രധാനപ്പെട്ട കാര്യം. സത്യപ്രതിജ്ഞ ചെയ്യുന്നതിലെ ഈ മാറ്റം ബഹുമാനപ്പെട്ട സുപ്രീംകോടതി അംഗീകരിച്ചിട്ടുണ്ട്; അതാണ് എനിക്ക് പ്രധാനമായി പറയാനുള്ളത്. K. M. Sharma Vs Devi Lal & Ors., 1990 AIR 528 എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 9-1-1990-ൽ പുറപ്പെടുവിച്ച വിധിയിൽ ഇപ്രകാരം പറയുന്നു. The Attorney General appearing on behalf of the Union of India has........... ഇതൊന്നു വായിക്കട്ടെ .......അംഗങ്ങൾ അറിയട്ടെ....

മി. സ്പീക്കർ : ഇത്ര ദീർഘമായി ക്രമപ്രശ്നം അനുവദിക്കാൻ പറ്റില്ല. ഇപ്പോൾത്തന്നെ 7 മിനിറ്റായി. അങ്ങ് ഇനിയും തുടർന്നാൽ മന്ത്രിയെ മറുപടി പറയാൻ ക്ഷണിക്കേണ്ടിവരും. അങ്ങ് പോയിന്റ് കൃത്യമായി പറഞ്ഞുകഴിഞ്ഞു. കോടതിയിൽ വായിക്കുന്നതുപോലെ പറയേണ്ട ആവശ്യമില്ല. ബന്ധപ്പെട്ട മന്ത്രിയെ വിളിക്കേണ്ടി വരും.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഒരു കാര്യം കൂടി പറയാം, ഈ ക്രമപ്രശ്നത്തിന് ഞാൻ നോട്ടീസ് നല്കിയശേഷം പല സംസ്ഥാനങ്ങളിലും മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞാ ചടങ്ങിന്റെ വീഡിയോ ദൃശ്യങ്ങൾ പരിശോധിച്ചു. ഞാൻ കണ്ട ദൃശ്യങ്ങളിലെല്ലാം 'മുഖ്യമന്ത്രി' എന്ന് തന്നെയാണ് പറഞ്ഞ് സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളത്. മഹാരാഷ്ട്ര, ഗുജറാത്ത്, പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, മധ്യപ്രദേശ്, ബീഹാർ, ഒറീസ, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ 'മുഖ്യമന്ത്രി' എന്ന് പറഞ്ഞുതന്നെയാണ് സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളത്.

മി സ്പീക്കർ : ...........പ്ലീസ് കൺക്ലൂഡ്..............പ്ലീസ് കൺക്ലൂഡ്...........

ശ്രീ. പി. സി. ജോർജ്: സർ, അതുകൊണ്ട് മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ ശ്രീ. പിണറായി വിജയൻ 'മുഖ്യമന്ത്രി' എന്ന് വിശേഷിപ്പിച്ചുകൊണ്ടുതന്നെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യേണ്ടതായിരുന്നു. അപ്രകാരം ചെയ്യാത്തത് കേവലം ഒരു തെറ്റോ വീഴ്ചയോ ആയി മാത്രം കാണാവുന്നതല്ല. ഭരണഘടനയുടെ അന്തഃസത്തയ്ക്ക് വിരുദ്ധമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട പിണറായി വിജയൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാത്ത ഒരാൾ, മുഖ്യമന്ത്രി എന്ന നിലയിൽ സഭയുടെ ചർച്ചയിൽ പങ്കെടുക്കുന്നതും ചോദ്യങ്ങൾക്ക് മറുപടി നല്കുന്നതും സഭാനേതാവായി പ്രവർത്തിക്കുന്നതും ക്രമാനുസൃതമാണോയെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിച്ച് റൂളിംഗ് നല്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതിൽ റൂൾ 303 ബാധകമാവുകയില്ല. സഭയുടെ മുൻപാകെയുള്ള ബിസിനസ്സുമായി ബന്ധപ്പെട്ടുകൊണ്ടാണ് 303-ൽ ഒരു പോയിന്റ് ഓഫ് ഓർഡർ വരുന്നത്. A Point of order may be raised in relation to the business before the Assembly at the moment. ബഹുമാനപ്പെട്ട സ്പീക്കർ അന്നേ റിജക്ട് ചെയ്യേണ്ടതാണ്. പോയിന്റ് ഓഫ് ഓർഡറിൽ നിൽക്കുന്നതല്ല. രണ്ടാമത്തെ പ്രശ്നം, ഭരണഘടനയിൽ ഒരൊറ്റ സ്ഥലത്തും മുഖ്യമന്ത്രി എന്ന് പറഞ്ഞുകൊണ്ടോ പ്രധാനമന്ത്രി എന്ന് പറഞ്ഞുകൊണ്ടോ സത്യപ്രതിജ്ഞ ചെയ്യണമെന്ന് എവിടെയും പറയുന്നില്ല. പട്ടിക 3-ൽ v, vi ഫാറങ്ങളിലാണ് സത്യപ്രതിജ്ഞയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള prescribed form ഉള്ളത്. അത് oath of office, then oath of secrecy ആണ്. 'പിണറായി വിജയൻ എന്ന ഞാൻ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ സംസ്ഥാനത്തെ ഒരു മന്ത്രി എന്ന നിലയിലുള്ള എന്റെ കർത്തവ്യം വിശ്വസ്തതയോടും മനഃസാക്ഷിയെ മുൻനിർത്തിയും നിർവ്വഹിക്കുമെന്നും... ഇതാണ് സത്യപ്രതിജ്ഞ. ഇതിൽ ഒരു മന്ത്രിയെന്നാണ് പറയുന്നത്. ഒരൊറ്റ സ്ഥലത്ത് ഈ ഫോറത്തിൽ മുഖ്യമന്ത്രി എന്ന് പറയുന്നില്ല. ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞതാണ് സത്യമെങ്കിൽ retrospective effect കൊടുത്താൽ ശ്രീ. വി. എസ്. അച്ചുതാനന്ദനും ശ്രീ. ഉമ്മൻ ചാണ്ടിയും രാജി വയ്ക്കേണ്ടിവരും. ഇവർ രണ്ടുപേരും മന്ത്രി എന്നുള്ള നിലയിലാണ് സത്യപ്രതിജ്ഞ ചെയ്തത്.നിയമസഭയെ സംബന്ധിച്ച് മെമ്പർമാരെ ബോദ്ധ്യപ്പെടുത്താൻ അദ്ദേഹം കുറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ചില കാര്യങ്ങൾ പറയാൻ നിർബന്ധിക്കപ്പെടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു മന്ത്രി എന്ന നിലയിലാണ് സത്യപ്രതിജ്ഞ ചെയ്തിരിക്കുന്നതെന്നും മുഖ്യമന്ത്രി എന്ന നിലയിൽ സത്യപ്രതിജ്ഞ ചെയ്തിട്ടില്ലെന്നും അങ്ങനെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാത്ത ഒരാൾ സഭാനേതാവായും പ്രവർത്തിക്കുന്നത് ക്രമാനുസൃതമാണോ എന്ന കാര്യം പരിശോധിച്ച് റൂളിംഗ് നൽകണമെന്നാണ് ബഹുമാനപ്പെട്ട അംഗം പി. സി. ജോർജ് ഉന്നയിച്ചിട്ടുള്ളത്. ഭരണഘടനയുടെ ആർട്ടിക്കിൾ 164 (1) പ്രകാരമാണ് ഗവർണർ മുഖ്യമന്ത്രിയെ നിയമിക്കുന്നത്. മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരമാണ് മറ്റു മന്ത്രിമാരെ ഗവർണർ നിയമിക്കുന്നത്. ഈ രീതിയിൽ മുഖ്യമന്ത്രിയായും മന്ത്രിമാരായും നിയമിക്കപ്പെടുന്ന വ്യക്തികൾ തങ്ങളുടെ പദവി ഏറ്റെടുക്കുന്നതിനുമുൻപ് ആർട്ടിക്കിൾ 164 (3) നിർദ്ദേശിക്കും പ്രകാരമുള്ള (ഭരണഘടന 3-ാം പട്ടികയിൽ ചേർത്തിട്ടുള്ള) സത്യപ്രതിജ്ഞ

എടുത്തിരിക്കേണ്ടതാണ്. ഇതുപ്രകാരം oath of office, then oath of secrecy എന്നിങ്ങനെ രണ്ട് സത്യപ്രതിജ്ഞകൾ ഗവർണർ മന്ത്രിയെക്കൊണ്ട് ചെയ്യിപ്പിക്കേണ്ടതാകുന്നു. ഇതല്ലാതെ മുഖ്യമന്ത്രി എന്ന നിലയിൽ പ്രത്യേകം സത്യപ്രതിജ്ഞ ചെയ്യേണ്ടതായി ഭരണഘടനയിൽ ഒരിടത്തും പറയുന്നില്ല. മുഖ്യമന്ത്രി എന്ന നിലയിൽ ഗവർണർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് സഭാനേതാവും മുഖ്യമന്ത്രിയുമായിയ ശ്രീ. പിണറായി വിജയൻ തുടരുന്നത്. ഇക്കാര്യത്തിൽ യാതൊരുവിധ സംശയങ്ങളോ അവ്യക്തതകളോ നിയമപ്രശ്നങ്ങളോ ഇല്ല. കേന്ദ്ര സർക്കാരിൽ പ്രധാനമന്ത്രി പ്രതിജ്ഞ ചെയ്യുമ്പോൾ പ്രധാനമന്ത്രിയെന്ന് സ്വയം വിശേഷിപ്പിക്കുന്ന ഒരു പദവി ഉണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്ത് അത്തരത്തിലുള്ള ഒരു കീഴ്വഴക്കം ഇന്നേവരെ നിലവിലില്ല. മുൻ മുഖ്യമന്ത്രിമാരായ ബഹുമാനപ്പെട്ട ശ്രീ. വി. എസ്. അച്യുതാനന്ദനും ശ്രീ. ഉമ്മൻചാണ്ടിയും ഭരണഘടന 3-ാം പട്ടികയിൽ പറയുന്ന രണ്ട് പ്രതിജ്ഞയും ചെയ്തത് മന്ത്രിയെന്ന നിലയിലാണ്. ഗവർണറുടെ ഓഫീസിലുള്ള രജിസ്റ്ററിൽ അവർ അപ്രകാരം തന്നെയാണ് ഒപ്പിട്ടിട്ടുള്ളത്. തന്മൂലം നിയമപരമായ യാതൊരു ന്യൂനതയും മുഖ്യമന്ത്രി പദവി വഹിക്കുന്നതിൽ ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട അംഗം ഉദ്ധരിച്ചിട്ടുള്ള കെ. എം. ശർമ്മ Vs. ദേവിലാൽ ആന്റ് അദേഴ്സ് എ.ഐ.ആർ. 1990 - SC - 528 എന്ന സുപ്രീംകോടതി വിധിയിലും നിധീഷ് കുമാർ ദീക്ഷിത് ആന്റ് അദേഴ്സ് Vs. രേണുക ചൗധരി ആന്റ് അദേഴ്സ് എന്ന വിധിയിലും സംസ്ഥാനത്തെ ഒരു മുഖ്യമന്ത്രി മന്ത്രി എന്ന നിലയിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നത് നിയമപരമായി തെറ്റുള്ളതായി പറഞ്ഞിട്ടേയില്ല. കെ.എം. ശർമ്മ Vs. ദേവിലാൽ ആന്റ് അദേഴ്സ് എന്ന കേസിൽ ശ്രീ. ദേവിലാൽ ഡെപ്യൂട്ടി പ്രധാനമന്ത്രിയെന്ന നിലയിൽ സത്യപ്രതിജ്ഞ ചെയ്തത് ചോദ്യം ചെയ്യുകയുണ്ടായി. 'ഉപപ്രധാനമന്ത്രി' എന്ന ഒരു പദവി ഭരണഘടനയിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ആ നിലയിലെടുത്ത പ്രതിജ്ഞ ഭരണഘടനാനുസൃത മല്ലെന്നതായിരുന്നു അതിലെ തർക്ക വിഷയം. ഭരണഘടനയിലെ 3-ാം പട്ടികയിൽ പറയുന്ന രണ്ട് പ്രതിജ്ഞകളും അതിന്റെ അന്ത:സത്ത ഉൾക്കൊള്ളുന്ന രീതിയിൽ എടുത്തിട്ടുള്ളതിനാലും ഉപപ്രധാനമന്ത്രി എന്ന പദവി അദ്ദേഹം വഹിക്കുന്ന പദവിയുടെ വിവരണം മാത്രമായതുകൊണ്ടും പ്രതിജ്ഞ ഭരണഘടനാനുസൃതമാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്കുകയുണ്ടായി. നിധീഷ് കുമാർ ദീക്ഷിത് ആന്റ് അദേഴ്സ് Vs. രേണുക ചൗധരി ആന്റ് അദേഴ്സ് എന്ന കേസിൽ കേന്ദ്ര സർക്കാർ ഡെപ്യൂട്ടി മിനിസ്റ്റർ, സ്റ്റേറ്റ് മിനിസ്റ്റർ എന്നീ പദവികൾ സൃഷ്ടിച്ചത് ഭരണഘടനാനുസൃതമല്ലെന്നും ഭരണഘടനയുടെ 3-ാം പട്ടികയിൽ മന്ത്രി എന്നുമാത്രമേ വിവരിക്കുന്നുള്ളൂവെന്നും 75 ഓളം മന്ത്രിമാർ, ഡെപ്യൂട്ടി മിനിസ്റ്റർ, സ്റ്റേറ്റ്

മിനിസ്റ്റർ എന്നീ പേരുകളിലെടുത്ത പ്രതിജ്ഞകളെല്ലാം അസാധുവാണെന്നായിരുന്നു ഉന്നയിക്കപ്പെട്ട തർക്കം. ഈ വാദങ്ങളെ അലഹബാദ് ഹൈക്കോടതി തള്ളുകയും മന്ത്രിമാർ, ക്യാബിനറ്റ് മന്ത്രിമാർ, സ്റ്റേറ്റ് മിനിസ്റ്റർ, ഡെപ്യൂട്ടി മിനിസ്റ്റർ എന്നീ തലത്തിൽ വേർതിരിക്കുന്നത് ഭരണം സുഗമമായി കൊണ്ടുപോകുന്നതിനാണെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് അതിന് അധികാരമുണ്ടെന്നും അലഹബാദ് ഹൈക്കോടതി വിധിക്കുകയുണ്ടായി.

മേൽവിവരിച്ചതും ശ്രീ. പി. സി. ജോർജ് പരാമർശിച്ചതുമായ രണ്ടു കേസുകളിലും ഭരണഘടന 3-ാം പട്ടികയിൽ മന്ത്രി എന്നുമാത്രമേ പരാമർശിക്കുന്നുള്ളൂവെങ്കിലും ഉപപ്രധാനമന്ത്രി, സ്റ്റേറ്റ് മിനിസ്റ്റർ, ഡെപ്യൂട്ടി മിനിസ്റ്റർ എന്നീ വിവരണങ്ങൾ ഉൾക്കൊള്ളിച്ച് പ്രതിജ്ഞയെടുക്കുന്നതുപോലും നിയമവിരുദ്ധമാകുന്നില്ലായെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയും അലഹബാദ് ഹൈക്കോടതിയും വിധിച്ചിട്ടുള്ളത്. ഭരണഘടന 3-ാം പട്ടികയിൽ പറയുന്ന രണ്ടു പ്രതിജ്ഞകളും യഥാവിധി എടുത്തിട്ടുണ്ടോയെന്ന് മാത്രമേ പ്രസക്തമായിട്ടുള്ളൂ എന്നതാണ് ഈ രണ്ട് വിധികളുടെ അന്ത:സത്ത. അതുകൊണ്ട് മന്ത്രിയെന്ന നിലയിൽ സത്യപ്രതിജ്ഞ ചെയ്തതിനുശേഷം ഭരണഘടന 166-ൽ പറയുംപ്രകാരം ഗവർണർ അംഗീകരിച്ചതിനനുസരിച്ച് മുഖ്യമന്ത്രിയായി ചുമതല വഹിക്കുന്നതിൽ യാതൊരുവിധ നിയമ തടസ്സങ്ങളുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ഭരണഘടന അനുശാസിക്കും പ്രകാരം നിയമപരമായി സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളതിനാലും ഭരണഘടനയുടെ 3-ാം പട്ടികയിൽപ്പറയുന്ന പ്രതിജ്ഞയുടെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊള്ളുന്ന രീതിയിലാണ് പ്രതിജ്ഞ ചെയ്തിട്ടുള്ളത് എന്നതിനാലും ഇതിൽ യാതൊരുവിധ ന്യൂനതകളുമില്ല. ചട്ടം 303(1) സ്പീക്കറുടെ അധികാര പരിധിയിൽപ്പെടുന്ന ഒരു പ്രശ്നമല്ല. ഇത് ഗവർണറുടെ മുൻപിലുള്ള, ഗവർണർ സത്യപ്രതിജ്ഞ ചെയ്യിപ്പിച്ചതുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് 303-ന്റെ പരിധിയിൽ വരുന്നതല്ല. ഭരണഘടന പ്രകാരം prescribed സത്യപ്രതിജ്ഞയിൽ മന്ത്രി എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. എവിടെയും മുഖ്യമന്ത്രിയെന്നോ പ്രധാനമന്ത്രിയെന്നോ പറഞ്ഞിട്ടില്ല. അതുകൊണ്ട് ഇത് ക്രമവിരുദ്ധമല്ല, ക്രമപ്രകാരം മാത്രമേ നടന്നിട്ടുള്ളൂ.

## IX റൂളിംഗ്

### (1) ചട്ടങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച റൂളിംഗ്

മി. സ്പീക്കർ: ചട്ടം 303 പ്രകാരം ശ്രീ. എം. ഉമ്മർ എം.എൽ.എ. ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം ചട്ടങ്ങൾ മലയാളത്തിൽ പുറപ്പെടുവിക്കേണ്ട ആവശ്യകതയെ

സംബന്ധിച്ചുള്ളതാണ്. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് (2015 ലെ 16-ാം ആക്ട്) മലയാളത്തിലാണ് നിയമസഭ പാസ്സാക്കിയിരിക്കുന്നത്. എന്നാൽ പ്രസ്തുത നിയമത്തിൻ കീഴിലുള്ള ചട്ടങ്ങൾ (SRO No.352/15) ഇംഗ്ലീഷിലാണ് പുറപ്പെടുവിച്ചിട്ടുള്ളത്. തുടർന്ന് പ്രസ്തുത ചട്ടങ്ങൾ 2016-ൽ ഭേദഗതി ചെയ്തതും ഇംഗ്ലീഷ് ഭാഷയിൽ തന്നെയാണ്. (SRO No. 56/2016). ഇപ്രകാരം മലയാളത്തിൽ നിയമസഭ പാസ്സാക്കിയ നിയമത്തിന് ഇംഗ്ലീഷിൽ ചട്ടം പുറപ്പെടുവിക്കാനുണ്ടായ സാഹചര്യത്തെയാണ് ബഹുമാനപ്പെട്ട അംഗം ചോദ്യം ചെയ്തിരിക്കുന്നത്. ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.

ഭരണഘടനയുടെ അനുച്ഛേദം 213 പ്രകാരം ഗവർണർ പുറപ്പെടുവിച്ച The Kerala Devaswom Recruitment Board Ordinance, 2015 മലയാള ഭാഷയിലാണ് പുറപ്പെടുവിക്കപ്പെട്ടത്. അടിയന്തര സാഹചര്യത്തിൽ പുറപ്പെടുവിക്കപ്പെട്ട പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ അടിയന്തരമായിതന്നെ നടപ്പാക്കുന്നതിന്റെ ഭാഗമായി അതുമായി ബന്ധപ്പെട്ട ചട്ടങ്ങളും അടിയന്തരമായി പുറപ്പെടുവിക്കുക യുണ്ടായതായി ചെയർ മനസ്സിലാക്കുന്നു. മലയാള ഭാഷയിൽ ഓർഡിനൻസ് പുറപ്പെടുവിക്കപ്പെട്ടിട്ടും അതിൻപ്രകാരമുള്ള ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കാനിടയായ സാഹചര്യം സംബന്ധിച്ച് നൽകിയ വിശദീകരണം തൃപ്തികരമാണെന്ന് ചെയർ കരുതുന്നില്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിന് സംഭവിച്ചത് ഗുരുതരമായ ഒരു വീഴ്ചയാണെന്ന് ചൂണ്ടിക്കാണിക്കാൻ ചെയർ ആഗ്രഹിക്കുന്നു.

നിയമസഭയുടെ നടപടി ചട്ടങ്ങളിലെ ചട്ടം 238-ൽ പറഞ്ഞിരിക്കുന്ന പ്രകാരം സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളുടെ കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്. പ്രസ്തുത ചട്ടത്തിന്റെ ഒന്നാം ക്ലിപ്ത നിബന്ധന പ്രകാരം അടിയന്തര സാഹചര്യങ്ങളിൽ ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധന കൂടാതെ പുറപ്പെടുവിക്കാവുന്നതാണ്. എന്നാൽ അപ്രകാരം മുൻകൂർ പരിശോധന കൂടാതെ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ, രണ്ടാം ക്ലിപ്ത നിബന്ധനയിൽ പരാമർശിക്കുംവിധം, സമിതിയുടെ മുൻകൂട്ടിയുള്ള സൂക്ഷ്മപരിശോധന കൂടാതെ പുറപ്പെടുവിക്കാനുണ്ടായ കാരണങ്ങളുടെ വിശദീകരണത്തോടെ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിന് നൽകേണ്ടതുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച 2015-ലെ The Kerala Devaswom Recruitment Board Rules-ന്റെ കാര്യത്തിൽ ഈ നിബന്ധനകൾ ഒന്നുംതന്നെ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ചട്ടപ്രകാരം ബന്ധപ്പെട്ട നിയമസഭാ സമിതികൾ നടത്തേണ്ട പരിശോധനകൾ യഥാവിധി നടന്നിരുന്നുവെങ്കിൽ ഇത്തരം വീഴ്ചകൾ തീർച്ചയായും ഒഴിവാക്കപ്പെടുമായിരുന്നുവെന്ന് ചെയർ കരുതുന്നു. ഏതായാലും ഇക്കാര്യം സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുകയും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്ന് ചെയർ കരുതുന്നു.

"സബോർഡിനേറ്റ് ലെജിസ്ലേഷൻ" എന്ന പ്രക്രിയയുടെ ഭാഗമായി സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളുടെ സാധുത പരിശോധിക്കാൻ നിയമസഭാ നടപടി ചട്ട പ്രകാരം ബന്ധപ്പെട്ട സഭാ സമിതികൾക്ക് ലഭ്യമായ അധികാരങ്ങൾ തമസ്കരിക്കുന്ന തരത്തിലുള്ള ഇത്തരം നടപടികൾ ഒരു കാരണവശാലും ഭാവിയിൽ ഉണ്ടാകരുതെന്ന് ചെയർ റൂൾ ചെയ്യുന്നു. അതോടൊപ്പം നിയമസഭ പാസ്സാക്കുന്ന ഒറിജിനൽ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ നിർബന്ധമായും മലയാളത്തിൽതന്നെ ആയിരിക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

## (2) മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ സംബന്ധിച്ച റൂളിംഗ്

മി. സ്പീക്കർ : ഈ ക്രമപ്രശ്നത്തെ സംബന്ധിച്ചുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. ഇത്തരം ഒരു ക്രമപ്രശ്നം ചെയർ അനുവദിച്ചത് ബോധപൂർവ്വമാണ്. ക്രമപ്രശ്നം ഉന്നയിക്കുന്നതുമായി ബന്ധപ്പെട്ട് പലതരം പ്രവണതകളും സഭയിൽ കാണാവുന്നതാണ്. ഒരംഗത്തിന്റെ പ്രസംഗം തടസ്സപ്പെടുത്തുന്നതിനോ തനിക്ക് അവസരം ലഭിക്കാതെ വരുമ്പോൾ ഇടപെടാൻവേണ്ടിയോ സഭയുടെ വിലപ്പെട്ട സമയം അപഹരിക്കുന്ന നിലയിലോ ക്രമപ്രശ്നത്തെ ഉപയോഗപ്പെടുത്തുന്ന അസാധാരണമായ രീതി സഭയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നത് ചെയർ ശ്രദ്ധിക്കുകയുണ്ടായി. സഭയ്ക്കും സഭയുടെ നടപടിക്രമങ്ങൾക്കും ഒരു പാഠം എന്ന നിലയിൽകൂടിയാണ് ഈ ക്രമപ്രശ്നം ഉന്നയിക്കാൻ അനുവാദം നൽകിയതും അതുമായി ബന്ധപ്പട്ട് റൂളിംഗ് നൽകുന്നതും.

മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും സത്യപ്രതിജ്ഞയേയും സ്ഥാനാരോഹണത്തെയും സംബന്ധിച്ച് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം ശ്രീ പി. സി. ജോർജ് ഇവിടെ ഉന്നയിച്ച വിഷയവും ചെയർ സസൂക്ഷ്മം പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരിച്ചതുപോലെ, സംസ്ഥാന മന്ത്രിമാരെ നിയമിക്കുന്നതുസംബന്ധിച്ച് ഭരണഘടനയിലെ അനുച്ഛേദം 164(1)-ൽ പറഞ്ഞിരിക്കുന്നത് "മുഖ്യമന്ത്രിയെ ഗവർണ്ണർ നിയമിക്കേണ്ടതും, മറ്റുമന്ത്രിമാരെ മുഖ്യമന്ത്രിയുടെ ഉപദേശത്തിന്മേൽ ഗവർണ്ണർ നിയമിക്കേണ്ടതും, മന്ത്രിമാർ ഗവർണ്ണർക്ക് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കേണ്ടതുമാകുന്നു" എന്നാണ്. അതുപോലെ അനുച്ഛേദം 164(3)-ൽ സത്യപ്രതിജ്ഞയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്, "ഒരു മന്ത്രി തന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ്, ഗവർണ്ണർ അദ്ദേഹത്തെക്കൊണ്ട് ഉദ്യോഗത്തേയും രഹസ്യപാലനത്തേയും സംബന്ധിക്കുന്ന ശപഥങ്ങൾ, അതിനുവേണ്ടി മൂന്നാം പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറങ്ങൾ അനുസരിച്ച്, ചെയ്യിക്കേണ്ടതാകുന്നു" എന്നാണ്.

1949 നവംബർ 26-ാം തീയതി "നാം നമുക്കുതന്നെ സമർപ്പിക്കപ്പെട്ട" ഇന്ത്യൻ ഭരണഘടനയിൽ നാളിതുവരെ ഏതെങ്കിലും തരത്തിലുള്ള ഭേദഗതികൾക്കോ ദുർവ്യഖ്യാനങ്ങൾക്കോ അനിശ്ചിതമായ കോടതി വ്യവഹാരങ്ങൾക്കോ വിധേയമാകാത്ത ഒരു അനുച്ഛേദമാണ് 164-ാം അനുച്ഛേദം. 1956-ൽ നിലവിൽ വന്ന കേരള സംസ്ഥാനത്ത് 164-ാം അനുച്ഛേദത്തിലെ വ്യവസ്ഥകൾ പ്രകാരം വ്യത്യസ്ത രാഷ്ട്രീയമുന്നണികളുടെ 22 സർക്കാരുകൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വരുകയുണ്ടായി. അതിൽ ഏറ്റവും ഒടുവിലത്തെ ഗവൺമെന്റാണ് ഇപ്പോൾ നിലനിൽക്കുന്നത്. മുൻസർക്കാരുകളുടെ രൂപീകരണത്തിനെന്നപോലെ ഈ സർക്കാരിന്റെ രൂപീകരണത്തിലും മൗലികമായ എല്ലാ ഭരണഘടനാതത്വങ്ങളും പാലിച്ചിരുന്നുവെന്ന യാഥാർത്ഥ്യം സുവ്യക്തമായിരിക്കെ സാമാന്യയുക്തിക്ക് നിരക്കാത്ത ന്യായവാദങ്ങളുന്നയിച്ച് സഭയുടെ വിലയേറിയ സമയം പാഴാക്കേണ്ടതുണ്ടോയെന്ന കാര്യം സഭാംഗങ്ങൾ ഗൗരവപൂർവ്വം ചർച്ച ചെയ്യണമെന്നാണ് ഇക്കാര്യത്തിലുള്ള ചെയറിന്റെ അഭിപ്രായം.

പൊതുസമൂഹത്തിന്റെ ജീവൽപ്രധാനമായ പ്രശ്നങ്ങളും വികാരങ്ങളും സഭയിൽകൊണ്ടുവരാൻ സാമാജികർ ബാദ്ധ്യസ്ഥരാണ്. അതോടൊപ്പംതന്നെ ഭരണഘടനയിലേയും നടപടിചട്ടങ്ങളിലേയും കീഴ്‌വഴക്കങ്ങളിലേയും വ്യതിയാനങ്ങളും നല്ലനല്ല മാതൃകകളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും അനിവാര്യമാണ്. എന്നാൽ തികച്ചും സാങ്കേതികവും സാങ്കൽപ്പികവുമായ കാര്യങ്ങൾ യുക്തിരഹിതമായി വ്യാഖ്യാനിച്ച് സഭയുടെ വിലപ്പെട്ട സമയം പാഴാക്കിക്കളയുന്നത് ഭൂഷണമാണോയെന്ന് സഭാംഗങ്ങൾ ചിന്തിക്കേണ്ടതാണ്. കേവലം സാങ്കേതികതയുടെ നൂലാമാലകളല്ല, മറിച്ച് സാധാരണ മനുഷ്യരുടെ ജീവിത ദുരിതങ്ങളാണ് ബഹുമാനപ്പെട്ട അംഗങ്ങളെ പ്രചോദിപ്പിക്കേണ്ടത്. അത്തരത്തിലുള്ള ഒരു യജ്ഞത്തിന് മഹത്തായ ഈ സഭയുടെ സമയം നമുക്ക് വിനിയോഗിക്കാം. ശ്രീ പി.സി.ജോർജിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## X സ്റ്റാറ്റ്യൂട്ടറി പ്രമേയം

### 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959 ലെ 6) 15-ാം വകുപ്പ് (1) -ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959 ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ സംസ്ഥാനത്തെ നാല് സ്കൂളുകളെ ഏറ്റെടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

" WHEREAS the managers of the following schools have closed their schools after obtaining favourable Judgments from the Hon'ble High Court of Kerala confirmed by the Hon'ble Supreme Court; The closure of the schools are against the interest of public and pupils studying in those schools.

1) AUP School, Malapparamba,

Kozhikode city Educational Sub district..............

ശ്രീ. കെ. സി. ജോസഫ്: ഭേദഗതികൾ മലയാളത്തിൽ തന്നെ വായിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് മലയാളത്തിൽ മറുപടി പറയാൻ ബുദ്ധിമുട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: ഇതിനുമുമ്പും ഇതെല്ലാം അവതരിപ്പിച്ചിട്ടുള്ളത് ഇംഗ്ലീഷിലാണ്. ഈ ആക്ടും ഇംഗ്ലീഷിലാണ്.

മി. സ്പീക്കർ: മലയാളത്തിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിലും മുൻകാലങ്ങളിലും ഇത്തരം പ്രമേയത്തിന്റെ അവതരണം ഇംഗ്ലീഷിൽതന്നെയായിരുന്നു.

ശ്രീ. കെ.സി. ജോസഫ് : കീഴ്‌വഴക്കങ്ങൾക്കൊരു മാറ്റം വരുത്തേണ്ടേ?

മി. സ്പീക്കർ: പ്രമേയം മലയാളത്തിലും ഇംഗ്ലീഷിലും വിതരണം ചെയ്തിട്ടുണ്ട്.

പ്രൊഫ. സി. രവീന്ദ്രനാഥ്: ഈ പ്രമേയം മലയാളത്തിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ഇതിനുമുമ്പുള്ള പ്രീസീഡന്റ്സെല്ലാം ഇംഗ്ലീഷിൽ അവതരിപ്പിച്ചതാണ്. ആക്ടും ഇംഗ്ലീഷിലാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രമേയം സർക്കുലേറ്റ് ചെയ്ത ഭാഷയിൽ തന്നെ അവതരിപ്പിക്കണം. സർക്കുലേറ്റ് ചെയ്തത് മലയാളത്തിലായതിനാൽ മലയാളഭാഷ തന്നെ ഉപയോഗിക്കണം.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇതൊരു തർക്ക വിഷയമാക്കണോ? മുൻകാലങ്ങളിൽ ചട്ടം 130 അനുസരിച്ചുള്ള പ്രമേയം അവതരിപ്പിച്ചത് ഇംഗ്ലീഷിലായിരുന്നു. ഇത് മലയാളത്തിൽ ലഭ്യമാകുന്നുണ്ട്. ദയവായി അതൊരു തർക്കവിഷയമാക്കരുത്. മലയാളത്തിൽ അവതരിപ്പിക്കാൻ കഴിയുമെങ്കിൽ അങ്ങ് മലയാളത്തിൽ അവതരിപ്പിക്കൂ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

"ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുകൂല വിധി ബഹുമാനപ്പെട്ട സുപ്രീം കോടതി സ്ഥിരീകരിച്ചിട്ടുള്ളതിനാൽ താഴെപ്പറയുന്ന സ്കൂളുകളുടെ മാനേജർമാർ അവരുടെ സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുള്ളതും അപ്രകാരം സ്കൂളുകൾ പൂട്ടിയിട്ടുള്ളത് പൊതു താൽപ്പര്യത്തിനും ആ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ താൽപ്പര്യത്തിനും എതിരായതിനാലും;

1. എ.യു.പി. സ്കൂൾ, മലാപറമ്പ്, കോഴിക്കോട് സിറ്റി വിദ്യാഭ്യാസ ഉപജില്ല, കോഴിക്കോട് റവന്യൂ ജില്ല.
2. എ.യു.പി. സ്കൂൾ, പാലാട്ട്, കോഴിക്കോട് സിറ്റി വിദ്യാഭ്യാസ ഉപജില്ല, കോഴിക്കോട് റവന്യൂ ജില്ല.
3. എ.എം.എൽ.പി. സ്കൂൾ, മങ്ങാട്ടുമുറി,കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല, മലപ്പുറം റവന്യൂ ജില്ല.
4. പി.എം.എൽ.പി. സ്കൂൾ, കിരാലൂർ, വടക്കാഞ്ചേരി വിദ്യാഭ്യാസ ഉപജില്ല, തൃശ്ശൂർ റവന്യൂ ജില്ല.

കൂടുതൽ കാര്യക്ഷമമായി അവ നടത്തുന്നതിനുവേണ്ടി 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959-ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ മേൽപ്രസ്താവിച്ച നാല് സ്കൂളുകളും പൊതുതാൽപ്പര്യാർത്ഥം ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നതിനാലും;

1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959-ലെ 6)15-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനപ്രകാരം, ഏറ്റെടുക്കുവാനുള്ള സർക്കാരിന്റെ ഉദ്ദേശ്യത്തിന് നിയമസഭ പാസാക്കിയ ഒരു പ്രമേയത്തിന്റെ പിൻബലമില്ലാതെ മേൽപ്പറഞ്ഞ ഉപവകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കാൻ പാടില്ലാത്തതിനാലും;

ഇപ്പോൾ, അതിനാൽ, 1958-ലെ കേരള വിദ്യാഭ്യാസ ആക്ടിലെ (1959-ലെ 6) 15-ാം വകുപ്പ് (1)- ാം ഉപവകുപ്പുപ്രകാരം, മേൽപ്രസ്താവിച്ച നാല് സ്കൂളുകൾ ഏറ്റെടുക്കുന്നതിനുവേണ്ടി നിയമസഭയുടെ ഒരു പ്രമേയം പാസ്സാക്കുന്നതിനായി ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു."

12.00 Noon]

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു. മലാപ്പറമ്പ് സ്കൂൾ ഏറ്റെടുക്കുന്നതിന് 6 കോടി രൂപ ചെലവഴിക്കുന്നുവെന്ന ഒരു വാർത്ത മാധ്യമങ്ങളിൽ വന്നു. അങ്ങനെയാണെങ്കിൽ ഈ നാല് സ്കൂളുകൾ ഏറ്റെടുക്കുന്നതിന് എത്ര സാമ്പത്തിക ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിന് വരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കാമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: കൃത്യമായി അതിന്റെ വില നിശ്ചയിച്ച് നിയമപ്രകാരം ഇത്ര ഇരട്ടി കൊടുക്കാമെന്നുള്ള കണക്കനുസരിച്ച് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. അതനുസരിച്ച് വില ഇപ്പോൾ കൃത്യമായി പറയാൻ കഴിയില്ല. ആ സ്കൂളുകൾ നിയമപ്രകാരം ഏറ്റെടുക്കുന്ന സമയത്തുള്ള വില നിശ്ചയിച്ച് പറയുന്നതാണ്. 6 കോടി രൂപ എന്നത് ഏകദേശം ഇത്ര രൂപയെന്ന് പറഞ്ഞുന്നേയുള്ളൂ, തുക കൃത്യമല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: മാധ്യമങ്ങളിൽ വന്നത് ആറ് കോടി രൂപയെന്നാണ്. ഈ നാല് സ്കൂളുകളും ഒരുമിച്ചാണോ ഏറ്റെടുക്കുന്നത്?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: അല്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: കേരളത്തിലെ ആയിരത്തോളം സ്കൂളുകൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നുണ്ട്. (.............മൈക്ക് ഓഫ്..........) അങ്ങനെ വരുമ്പോൾ എത്ര കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്നുള്ളതിന് ഒരു ധാരണയുണ്ടോയെന്നറിയാൻ വേണ്ടി ചോദിച്ചതാണ്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: എല്ലാ സ്കൂളുകളേയും ഏറ്റെടുക്കുന്നില്ല. നാല് സ്കൂളുകളുടെ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. ബാക്കിയുള്ള സ്കൂളുകൾ നിലനിർത്താനാണ് ഉദ്ദേശിക്കുന്നത്; സംശയിക്കേണ്ട, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളായി നിലനിർത്താൻ സാധിക്കില്ലെന്ന സാഹചര്യത്തിലാണ് ഈ നാല് സ്കൂളുകളും ഗവൺമെന്റ് ഏറ്റെടുക്കുന്നത്. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കേരളത്തിലെ ബാക്കി എല്ലാ സർക്കാർ സ്കൂളുകളും ജനകീയമായി ഇടപ്പെട്ട് അവയെ ജനകീയ വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കുന്ന പ്രക്രിയ നടത്തുകയേയുള്ളൂ, ഏറ്റെടുക്കുകയില്ല.

<u>മി. സ്പീക്കർ</u>: പ്രമേയം സഭ പരിഗണനയ്ക്കെടുക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച സ്റ്റാറ്റ്യൂട്ടറി പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

പ്രമേയം പാസ്സായിരിക്കുന്നു.

## XI ചട്ടം 130 അനുസരിച്ചുള്ള ചർച്ച

### സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തെ അതീവ ഉൽക്കണ്ഠയോടെയാണ് കേരള നിയമസഭ വീക്ഷിക്കുന്നത്. 846-ൽപ്പരം ശാഖകളും എണ്ണായിരത്തോളം കോടിരൂപ നിക്ഷേപവുമുള്ള എസ്.ബി.ടി.-യാണ് കേരളത്തിലെ ഏറ്റവും വലിയ ബാങ്ക്. കേരള സർക്കാരിന്റെ സാമ്പത്തിക ഇടപാടിൽ സിംഹഭാഗവും എസ്.ബി.ടി. വഴിയാണ് നടക്കുന്നത്. നമ്മുടെ നാടിന്റെ വികസനത്തിൽ എസ്.ബി.ടി.-യിലെ കാർഷിക വികസന വായ്പകൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നുമുണ്ട്. 20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ പ്രവർത്തിച്ചുവന്ന ഒരു ഡസനോളം ബാങ്കുകൾ ചേർന്ന് 1946-ൽ രൂപം കൊടുത്ത എസ്.ബി.ടി.-യോട് പ്രത്യേക വൈകാരികബന്ധംതന്നെ കേരളത്തിനുണ്ട്. അങ്ങനെ നമ്മുടെ നാടുമായി ജൈവബന്ധം പുലർത്തുന്ന ഒരു ബാങ്ക് ഇല്ലാതാകുന്നത് സംസ്ഥാനത്തെ നിക്ഷേപത്തെയും സാമ്പത്തിക വളർച്ചയെയും പ്രതികൂലമായി ബാധിക്കും. മുതൽ മുടക്കിന് സ്ഥാപനത്തിന്റെ പ്രാദേശിക വേരുകളുമായിട്ടുള്ള ബന്ധം അക്കാദമിക് തലത്തിൽതന്നെ അംഗീകരിക്ക പ്പെട്ടിട്ടുള്ളതാണ്. ദൗർഭാഗ്യകരമെന്നു പറയട്ടെ, കേരളത്തിന്റേതെന്ന് അവകാശപ്പെടാവുന്ന ബാങ്കുകൾ ഒന്നൊന്നായി ഇല്ലാതായി കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഈ പശ്ചാത്തലത്തിൽ എസ്.ബി.ടി.-യുടെ തിരോധാനം കേരളത്തിന് അപരിഹാര്യമായ നഷ്ടമായിരിക്കും.

പുതിയ ചെറുകിട ബാങ്കുകൾക്ക് അനുവാദം നൽകുന്ന നയം സ്വീകരിച്ചു കൊണ്ടിരിക്കുമ്പോൾ എസ്.ബി.ടി.-യെ ഒരു വലിയ ബാങ്കിൽ ലയിപ്പിക്കാനുള്ള നീക്കം കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ്. ഈ പശ്ചാത്തലത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തിൽ നിന്നും പിന്മാറണമെന്ന് റിസർവ് ബാങ്കിനോടും കേന്ദ്രസർക്കാരിനോടും ഈ സഭ അഭ്യർത്ഥിക്കുന്ന കാര്യം ചർച്ച ചെയ്യണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. സ്വയം വിശദീകൃതമായതു കൊണ്ട് കൂടുതൽ വിശദീകരിക്കേണ്ടതില്ലെന്നാണ് തോന്നുന്നത്

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തെ സംബന്ധിച്ച് സഭ ചർച്ച ചെയ്യു ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. വിഷയത്തിലേക്ക് കടക്കുന്നതിനുമുമ്പ് ചരിത്രത്തെക്കുറിച്ച് വിഖ്യാതമായ ബ്രിട്ടീഷ് യുദ്ധ ചരിത്രകാരൻ

ശ്രീ. ജോൺ ടെറിംഗ്ടൺ പറഞ്ഞ കാര്യം ഞാൻ സഭയെ ഓർമ്മിപ്പിക്കാം. ആദ്യം ഇംഗ്ലീഷിൽ പറയാം. പിന്നീട് അതിന്റെ മലയാളം കൂടി പറയാം. ഇംഗ്ലീഷിൽ പറയുന്നത്, 'Delusion about a history is a serious matter or it can affect the history that is about to be made.' മലയാളത്തിൽ പറയുകയാണെങ്കിൽ 'ചരിത്രത്തെക്കുറിച്ചുള്ള തെറ്റായ അറിവും അവജ്ഞയും ഏറ്റവും ആശങ്കപ്പെടുത്തുന്ന ഒരു കാര്യമാണ്. കാരണം നിങ്ങൾ അവജ്ഞയോടെ ചരിത്രം അറിയാതെ ചെയ്യുന്ന ഇന്നത്തെ തെറ്റായ തീരുമാനങ്ങൾ നാളെ ചരിത്രമാകുമ്പോൾ അത് നാടിനെ പ്രതികൂലമായി ബാധിക്കും.' ഇന്ന് കേന്ദ്രസർക്കാർ ചരിത്രത്തെ വളച്ചൊടിക്കുന്ന ഒരു നിലപാടാണെടുത്തിരിക്കുന്നത്. പുതിയ ലെൻസിലൂടെ ഒരു ഏകീകൃത സ്വഭാവത്തിലൂടെയാണ് ചരിത്രത്തെ കാണുന്നത്. പണ്ടുകാലത്തെ ആളുകൾ ചെയ്ത കാര്യങ്ങളൊക്കെ തിരസ്കരിക്കുന്നതാണ് പുതിയ കേന്ദ്രസർക്കാരിന്റെ നിലപാട്. അങ്ങനെയുള്ള ഒരു സർക്കാരിനെ കേരളത്തിന്റെ ചരിത്രവും ഇന്ത്യയുടെ ബാങ്കിംഗ് ചരിത്രവും പഠിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമാണ്. ഇന്ത്യയിൽ ബാങ്കിംഗ് മേഖലയുടെ തുടക്കം കൽക്കത്തയിൽ നിന്നുമാണ്. 1806 ജൂൺ 2-ന് ബാങ്ക് ഓഫ് ബംഗാൾ ആയി മാറിയ ബാങ്ക് ഓഫ് കൽക്കട്ടയാണ് ബംഗാൾ പ്രസിഡൻസിയിൽ ആദ്യമായി ആരംഭിച്ചത്. അതിനുശേഷം മറ്റ് പ്രസിഡൻസികളായ ബോംബെ പ്രസിഡൻസിയും മദ്രാസ് പ്രസിഡൻസിയും കൂടി ചേർത്താണ് 1921-ൽ ബ്രിട്ടീഷ് സർക്കാർ ഇംപീരിയൽ ബാങ്ക് ഓഫ് ഇന്ത്യ രൂപീകരിച്ചത്. ബ്രിട്ടീഷ് സർക്കാർ ഇംപീരിയൽ ബാങ്ക് രൂപീകരിക്കുന്ന സമയത്തുതന്നെ കേരളത്തിൽ ധനകാര്യ മേഖലയിൽ ചെറിയ ചെറിയ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. കേരളത്തിൽ ആദ്യത്തെ ഒരു പ്രധാനപ്പെട്ട ബാങ്ക് ആരംഭിച്ചത് തിരുവിതാംകൂറിന്റെ മണ്ണിൽ 1945-ലാണ്. ഈ നിയമസഭ പണ്ട് സ്ഥിതി ചെയ്തിരുന്ന, നമ്മുടെ എല്ലാ ഓഫീസുകളുമുള്ള ഹജ്ജൂർ കച്ചേരിയിൽ, ഇന്നത്തെ സെക്രട്ടേറിയറ്റിലാണ് അന്നത്തെ തിരുവിതാംകൂർ മഹാരാജാവും ദിവാൻ സി.പി.-യും ചുക്കാൻ പിടിച്ചുകൊണ്ട് ട്രാവൻകൂർ ബാങ്ക് ലിമിറ്റഡ് എന്ന സ്ഥാപനമാരംഭിച്ചത്. 1918-ൽ തുടങ്ങിയ കോട്ടയം ഓറിയന്റ് ബാങ്ക്, ബാങ്ക് ഓഫ് ന്യൂ ഇന്ത്യ ലിമിറ്റഡ്, ലാറ്റിൻ കാത്തലിക് ബാങ്ക്, കൊച്ചിൻ നായർ ബാങ്ക്, ചമ്പക്കുളം കാത്തലിക് ബാങ്ക്, ബാങ്ക് ഓഫ് ആലുവ, ഇൻഡോ മെർക്കന്റയിൽ ബാങ്ക്, വാസുദേവവിലാസം ബാങ്ക് തുടങ്ങി പല ബാങ്കുകളും കേരളത്തിൽ സ്വാതന്ത്ര്യംകിട്ടുന്നതിനുമുമ്പ് പ്രവർത്തിക്കുന്നു ണ്ടായിരുന്നു. 1955-ലാണ് ഒരു പ്രധാനപ്പെട്ട മാറ്റം വന്നത്. സ്വാതന്ത്ര്യത്തിന് ശേഷം 1955-ൽ ഇന്ത്യൻ പാർലമെന്റിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സർക്കാർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ ആക്ടിലൂടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നുള്ള പുതിയ ഒരു പ്രസ്ഥാനത്തിന് രൂപം കൊടുക്കുകയായിരുന്നു. അതിനുശേഷം നമ്മൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട

ഒരു കാര്യം ഈ ആക്ട് അമെൻഡ് ചെയ്യുന്നത് 1959-ലാണ്. 1959-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് എന്നൊരു നിയമം പാർലമെന്റ് പാസ്സാക്കി. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദും സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂറും പോലുള്ള ബാങ്കുകളൊക്കെ 1959-ലാണ് വന്നത്. ഇതിൽ നമ്മൾ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട ഒരു വസ്തുതയുണ്ട്. അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന് ഈ ബാങ്കുകളെയൊക്കെ അന്ന് തന്നെ ലയിപ്പിക്കാമായിരുന്നു. പക്ഷേ അന്ന് ലയിപ്പിക്കാതിരുന്നതിന്റെ പ്രധാനപ്പെട്ട കാരണം ഓരോ പ്രദേശത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി, അവിടത്തെ കാർഷിക മേഖലയിലെ പാവപ്പെട്ട ആളുകളുടെ ആവശ്യങ്ങൾ മനസ്സിലാക്കി അതാത് പ്രദേശങ്ങളിൽത്തന്നെ ആ ബാങ്കുകൾ നിലനിൽക്കണമെന്നുള്ള വലിയൊരു ചിന്ത കാരണമാണ് അന്നത്തെ കോൺഗ്രസ് സർക്കാർ അങ്ങനെയൊരു തീരുമാനമെടുത്തത്. 1959-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (സബ്സിഡിയറി ബാങ്ക്സ്) ആക്ട് പാസ്സായപ്പോൾ 8 സബ്സിഡിയറി ബാങ്കുകളാണ് നിലവിൽ വന്നത്. അതിനുശേഷം ഏറ്റവുമധികം വിപ്ലവകരമായ തീരുമാനങ്ങൾ ബാങ്കിംഗ് മേഖലയിൽ ഉണ്ടായത് 1969-ലാണ്. നമ്മുടെ പ്രിയപ്പെട്ട പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ദേശസാൽക്കരണ നടപടികളെക്കുറിച്ച് നമുക്ക് എല്ലാവർക്കുമറിയാം. ഇന്ന് കേന്ദ്ര സർക്കാർ മെർജറിനെക്കുറിച്ച് സംസാരിക്കുമ്പോൾ അതിനെ എതിർത്ത ഒരൊറ്റ പാർട്ടി മാത്രമേയുള്ളൂ. അത് ജനസംഘമായിരുന്നു. അന്നത്തകാലത്തെക്കുറിച്ച് നമ്മൾ ഓർക്കുകയാണെങ്കിൽ ഇന്ത്യയിൽ 50 കോടി രൂപയുടെ നിക്ഷേപമുള്ള 14 ബാങ്കുകളെയാണ് ഇന്ദിരാഗാന്ധി സർക്കാർ നാഷണലൈസ് ചെയ്തത്. അതുകൊണ്ട് വലിയ ഗുണങ്ങൾ നമ്മുടെ നാടിനുണ്ടായിട്ടുണ്ട്. ഇന്നും ഗുണങ്ങളുണ്ടാകുന്നുണ്ട്. ആദ്യമായി നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ബാങ്കുകളുടെ ബ്രാഞ്ചുകൾ വന്നുതുടങ്ങി. ഗ്രാമങ്ങളിൽ സമ്പാദ്യശീലം വന്നുതുടങ്ങി. അതിനോടൊപ്പം അവഗണിക്കപ്പെട്ട മേഖലകളിൽ, ചെറുകിടക്കാർക്കും സ്വയംതൊഴിലിനുമൊക്കെ ഫണ്ട് വന്നുതുടങ്ങി. നമുക്കറിയാം നമ്മുടെ നാട്ടിൽ ഇന്ന് ഒരുപക്ഷേ ഐ.ടി. വിപ്ലവം വന്നതിനുശേഷം ധാരാളംപേർക്ക് ജോലി ലഭിച്ചതുപോലെ ഒരുപാട് പേർക്ക് തൊഴിൽ ലഭിച്ചുതുടങ്ങിയത്, ഒരു തലമുറ പഠിച്ച് വളർന്ന് രക്ഷപ്പെട്ടത് ബാങ്കിംഗ് മേഖല ഇന്ദിരാഗാന്ധിയുടെ കാലത്ത് നാഷണലൈസ് ചെയ്തപ്പോഴാണ്. ഈ ചരിത്രമൊക്കെ വിസ്മരിച്ചുകൊണ്ടാണ് ഇന്ന് എൻ.ഡി.എ. സർക്കാർ എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിൽ ലയിപ്പിക്കുക എന്നുള്ള പ്രധാനപ്പെട്ട വിഷയവുമായെത്തിയിരിക്കുന്നത്. നമ്മൾ പഠിക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യം എസ്.ബി.ടി. എന്ന ബാങ്ക് ഇൻഡിപെൻഡന്റായിട്ടുള്ളതിന്റെ ഹിസ്റ്ററിയെ

കുറിച്ചാണ്. ഏറ്റവും നല്ല രീതിയിൽ വർക്ക് ചെയ്യുന്ന ബാങ്കുകളിൽ ഒന്ന് എസ്.ബി.ടി.-യാണ്. കേരള സർക്കാരിന് ഒരു ശതമാനം ഷെയറുള്ള കേരളത്തിന്റെ പൈതൃകമാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. അതിന്റെ ലോഗോയിൽ പറയുന്നതുപോലെ Long Tradition of Trust (നീണ്ടകാലത്തെ വിശ്വാസം). ഓരോ മലയാളിക്കുമുള്ള ബാങ്കാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. അതിൽ ചില കണക്കുകൾ ഞാൻ പറയാം. 1976 മുതൽ 2016 വരെയുള്ള നിക്ഷേപങ്ങൾ നോക്കുമ്പോൾ 155 കോടി രൂപയിൽ നിന്ന് ഒരു ലക്ഷം കോടി രൂപയായി കഴിഞ്ഞ 40 വർഷം കൊണ്ട് മാറിയിട്ടുണ്ട്. Priority Sector Lending (മുൻഗണനാ വായ്പകൾ) 22 കോടിരൂപയിൽ നിന്ന് 27000 കോടിരൂപയായി മാറിയിട്ടുണ്ട്. നെറ്റ് പ്രോഫിറ്റ് അല്ലെങ്കിൽ അറ്റാദായം 21 ലക്ഷത്തിൽ നിന്ന് 338 കോടിരൂപയായി കഴിഞ്ഞ 40 വർഷംകൊണ്ട് മാറിയിട്ടുണ്ട്. ബ്രാഞ്ചുകളുടെ എണ്ണം 330-ൽ നിന്ന് 1777 ആയി മാറിയിട്ടുണ്ട്. അതോടൊപ്പം നമ്മൾ മറ്റ് ഫിനാൻഷ്യൽ ഡാറ്റാ നോക്കുകയാണെങ്കിൽ എല്ലാ കണക്കുകളിലും എസ്.ബി.ഐ.-യെക്കാൾ എസ്.ബി.ടി. മുന്നിലാണ്. ബാങ്കുകളുടെ പ്രധാനപ്പെട്ട കണക്കുകൾ നോക്കുന്നത് എൻ.പി.എ.-യാണ്, മലയാള ഭാഷയിൽ പറഞ്ഞാൽ കിട്ടാക്കടം. എൻ.പി.എ. ശതമാനത്തിൽ ഏറ്റവും നല്ല രീതിയിൽ നിൽക്കുന്നത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറാണ്. 4.78 ശതമാനമാണ് എസ്.ബി.ടി.-യുടെ ഗ്രോസ് എൻ.പി.എ. എസ്.ബി.ഐ.-യ്ക്ക് അത് 6.5 ശതമാനമാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ 6.56 ശതമാനമാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് പാട്യാല 8 ശതമാനമാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന, നല്ല ഫിനാൻഷ്യൽ ഹെൽത്തുള്ള, നല്ല ഭാവിയുള്ള, നന്നായി വർക്ക് ചെയ്യുന്ന ഒരു ബാങ്കിന് എന്തിനാണ് ഈ ലയനം. ലയനത്തിനുള്ള പ്രധാന കാരണമായി സർക്കാർ പറഞ്ഞിരിക്കുന്നത് രാജ്യാന്തര തലത്തിൽ മത്സരിക്കാൻ വൻകിട ബാങ്ക് ആകുക എന്ന ലക്ഷ്യത്തോടെയാണെന്നാണ്. ഒരു കാര്യം ഞാൻ ചോദിക്കട്ടെ, നമുക്കെല്ലാം അറിയാം, 2008-ൽ ആഗോള മാന്ദ്യം ഉണ്ടായപ്പോൾ, ഫിനാൻഷ്യൽ ക്രൈസിസ് ഉണ്ടായപ്പോൾ, sub-prime crisis ഉണ്ടായപ്പോൾ അമേരിക്കയിലെ പ്രധാനപ്പെട്ട ബാങ്കുകളൊക്കെ അന്ന് തകർന്നതാണ്. ലീവാൻ ബ്രദേഴ്സിനെപ്പോലത്തെ ബാങ്കും ജെ.പി.എം.സി. പോലുള്ള ബാങ്കുകളൊക്കെ തകർന്നടിഞ്ഞത് നമ്മൾ കണ്ടതാണ്. അന്ന് അതിനെക്കുറിച്ചുള്ള ചർച്ചകൾ യു.എസ്.-ൽ വന്നപ്പോൾ പല പ്രധാനപ്പെട്ട ഇക്കണോമിസ്റ്റുകളും അലൻ ഗ്രീൻസ്പാനിനെപ്പോലുള്ള ഫെഡറൽ റിസർവിന്റെ പഴയ ചെയർമാനുമൊക്കെ പറഞ്ഞ കാര്യം, ഇത് വലിയ ബാങ്കുകളായതുകൊണ്ടാണ് തകർന്നുവെന്നൊരു വാഗ്വാദം അന്ന് ഉണ്ടായിരുന്നു. ഒബാമാ അഡ്മിനിസ്ട്രേഷന്റെ സമയത്ത് വലിയൊരു ചർച്ച സഭയിലൊക്കെ നടന്നതാണ്.

Too big to fail എന്നൊരു കൺസെപ്റ്റ് ഉണ്ട്. വലിയ ബാങ്കുകൾ ഫെയിലുവർ ആകുകയാണെങ്കിൽ തീർച്ചയായും അതിനെ സംരക്ഷിക്കണമെന്നുള്ള ഒരു പൊതു നയത്തിലേയ്ക്ക് യു.എസ്. പാർലമെന്റ് പോയി. അന്ന് ശ്രീ. അലൻ ഗ്രീൻസ്പാൻ പറഞ്ഞൊരു കാര്യമുണ്ട്, " If they are too big to fail then they are too big. ബാങ്കുകൾ വലുതായിക്കൊണ്ട് തകർന്നു കൊണ്ടിരിക്കുകയാണെങ്കിൽ അവ അത്ര വലുതാകേണ്ട ആവശ്യമില്ലായെന്നാണ് അദ്ദേഹം പറഞ്ഞത്. എട്ട് വർഷം മുമ്പ് നടന്നതാണ്. ഇന്ന് എസ്.ബി.ഐ.-ക്കുള്ള ഏറ്റവും വലിയ ഗുണമായി പറയുന്നത് ലോക ബാങ്കിങ്ങിൽ 52-ൽ നിന്നും 45-ാം പൊസിഷനിലേക്ക് എത്താൻ കഴിയുമെന്നാണ്. പക്ഷേ ഇതൊക്കെ ചെയ്യാതെ തന്നെ എസ്.ബി.ഐ.-ക്ക് ഈ പൊസിഷനിലേയ്ക്ക് എത്താൻ സാധിക്കാവുന്നതേയുള്ളൂ. എസ്.ബി.ഐ. ലയനത്തെക്കുറിച്ച് പറയുമ്പോൾ ഇതിൽ ഏറ്റവും കൂടുതൽ ആശങ്കപ്പെടുന്നത് എസ്.ബി.ടി.-യിലെ തൊഴിലാളികളാണ്. 14892 തൊഴിലാളികളാണ് എസ്.ബി.ടി.-ക്കുള്ളത്. 75 ശതമാനം തൊഴിലാളികൾ കേരളത്തിലും മറ്റുള്ളവർ പുറത്തുമാണ് വർക്ക് ചെയ്യുന്നത്. അതിനോടൊപ്പം ഏകദേശം ആയിരത്തോളം ദിവസ വേതനക്കാരും എസ്.ബി.ടി.-യിൽ വർക്ക് ചെയ്യുന്നുണ്ട്. ദിവസ വേതനക്കാരിൽ പലരും അഞ്ചും ആറും വർഷമായി വർക്ക് ചെയ്യുന്നവരാണ്. എല്ലാ വർഷവും ചെറിയ രീതിൽ ജോലി സ്ഥിരപ്പെടുത്തുന്ന സംവിധാനംകൂടി എസ്.ബി.ടി.-യിൽ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോൾ വരാൻപോകുന്ന പ്രധാനപ്പെട്ട പ്രശ്നം, തൊഴിലാളികളിൽ ഫ്രണ്ട് എൻഡിൽ നിൽക്കുന്നവർക്ക് പ്രശ്നം കാണുകയില്ല. പക്ഷെ, ഏതൊരു മെർജറും അക്വിസിഷനും നടക്കുമ്പോൾ എഫിഷ്യൻസി കൂടുന്നത് ബാക്ക് എൻഡ് ഒന്നിക്കുമ്പോഴാണ്, ബാക്ക് എൻഡ് ഇന്റഗ്രേഷൻ നടക്കുമ്പോഴാണ്. ഒരു ബാങ്കിന്റെ ബ്രാഞ്ചിൽ 50 ശതമാനം തൊഴിലാളികളും ബാക്ക് എൻഡിൽ വർക്ക് ചെയ്യുന്നവരാണെങ്കിൽ മുന്നോട്ട് പോകുമ്പോൾ ഈ തൊഴിലവസരങ്ങൾ നഷ്ടപ്പെടുമോയെന്നൊരു ഭീതി എസ്.ബി.ടി.-യിലെ തൊഴിലാളികൾക്കുണ്ട്. അതുപോലെ പ്രധാനപ്പെട്ട രണ്ടാമത്തെ പ്രശ്നം 1970-കളിൽ ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ വന്നത് ബാങ്കിംഗ് മേഖലയിലാണ്. ഒരു ബാങ്കിൽ പി.ഒ. ആയി പോകുന്നതോ ക്ലെറിക്കൽ ജോലിക്കായി എസ്.ബി.ടി.-യിൽ ചേരുന്നതോ ആണ് ഏറ്റവും വലിയ ജോലിയായി എല്ലാവരും കാണുന്നതെന്ന് നമുക്കറിയാം. അങ്ങനെ പുതിയ തസ്തികകൾ നമ്മുടെ നാട്ടിൽ ക്രിയേറ്റ് ചെയ്യാൻ കഴിയുകയില്ലെന്ന വലിയൊരു ഭീതികൂടിയുണ്ട്. അതിനോടൊപ്പം പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം കഴിഞ്ഞ 50 വർഷമായി കേരളത്തിന്റെ സ്വഭാവം മനസ്സിലാക്കി, കേരളത്തിന്റെ ബിസിനസ് ആവശ്യങ്ങൾ മനസ്സിലാക്കി എസ്.ബി.ടി.

പ്രവർത്തിക്കുന്നുണ്ട്. ഉദാഹരണമായി, കേരളത്തിൽ 2015 ഡിസംബറിലെ കണക്ക് നോക്കുമ്പോൾ വനിതാ വായ്പ ഇനത്തിൽ എസ്.ബി.ഐ. കൊടുത്തിരിക്കുന്നത് 5100 കോടി രൂപയാണ്. പക്ഷെ എസ്.ബി.ടി. വനിതാ വായ്പ കൊടുത്തിരിക്കുന്നത് ഇതിന്റെ രണ്ടിരട്ടിയാണ്. 11000 കോടി രൂപയോട് അടുപ്പിച്ച് എസ്.ബി.ടി. കൊടുത്തിട്ടുണ്ട്. അതിനോടൊപ്പം എസ്.ടി. വായ്പ നോക്കുകയാണെങ്കിൽ എസ്.ബി.ഐ. 112 കോടി രൂപയാണ് കൊടുത്തിരിക്കുന്നത്. അതിന്റെ നാലിരട്ടിയായ 550 കോടി രൂപയാണ് എസ്.ബി.ടി. കൊടുത്തിരിക്കുന്നത്. എസ്.സി. രംഗത്തുള്ള വായ്പകൾ നോക്കുകയാണെങ്കിൽ 143 കോടി രൂപയാണ് എസ്.ബി.ഐ. കൊടുത്തിട്ടുള്ളത്. ഏകദേശം 3291 കോടി രൂപയാണ് എസ്.സി. വായ്പ ഇനത്തിൽ എസ്.ബി.ടി. കൊടുത്തിരിക്കുന്നത്. അതുപോലതന്നെ സൂക്ഷ്മ വ്യവസായത്തിനും ചെറുകിട വ്യവസായത്തിനുമൊക്കെ എസ്.ബി.ടി.-യാണ് എസ്.ബി.ഐ.-യെക്കാളും കൂടുതൽ ലോണുകൾ കൊടുക്കുന്നത്. കേരളത്തിന്റെ സ്വഭാവം മനസ്സിലാക്കിയാണ് എസ്.ബി.ടി. കേരളത്തിൽ പ്രവർത്തിച്ചിട്ടുള്ളത്. നമുക്കെല്ലാം ഭീതിയുള്ളത് ഒരുപക്ഷെ വലിയ രീതിയിലുള്ള മാക്രോ പ്ലാനിംഗ് ഒക്കെ വരുമ്പോൾ കേരളത്തിന്റെ താൽപര്യങ്ങൾ, പാവപ്പെട്ടവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാതെ ഒരു വലിയ ബാങ്കായി മാറി എന്റർപ്രൈസ് ലോണുകളോ കോർപ്പറേറ്റ് ലോണുകളോ മാത്രം കൊടുത്തുകൊണ്ട് എസ്.ബി.ഐ. മുന്നോട്ട് പോകുമോ എന്നൊരു സംശയമുണ്ട്. കിംഗ് ഫിഷർ ഡിഫോൾട്ടിന്റെ കാര്യം നമുക്കെല്ലാമറിയാം. ഏഴായിരം കോടി രൂപയുടെ ഡിഫോൾട്ട് നടത്തിയാണ് മുൻ രാജ്യസഭാംഗമായ ശ്രീ. വിജയ്മല്യ ഇംഗ്ലണ്ടിലേക്ക് പറന്നുപോയത്. ആ ലോൺ ഇപ്പോഴും കിട്ടാക്കടമായിത്തന്നെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി പോയപ്പോൾ അദാനിക്കുവേണ്ടി ഒൻപതിനായിരം കോടി രൂപയുടെ ലോൺ എടുക്കാനാണ് എസ്.ബി.ഐ.-യെ പ്രേരിപ്പിച്ചത്. പക്ഷെ അതിനുള്ള അനുമതി ബോർഡിൽ നിന്നും ലഭിക്കാത്തത് കൊണ്ടും അതിനുള്ള ശക്തി എസ്.ബി.ഐ.-ക്ക് ബാങ്കിംഗ് റൂൾസ് കൊണ്ട് ഇല്ലാത്തതുകൊണ്ടുമാണ് ആ ലോൺ കൊടുക്കാതിരുന്നത്. ഒരുപക്ഷെ മുന്നോട്ടുപോകുമ്പോൾ ഇതുപോലത്തെ ധാരാളം ലോണുകൾ കൊടുത്ത് ഒരു നെഗറ്റീവ് ഇംപാക്റ്റ് നമ്മുടെ നാട്ടിലെ സാധാരണക്കാർക്കൊക്കെ ഉണ്ടാകുമെന്ന ഒരു ഭയം നമുക്കെല്ലാവർക്കുമുണ്ട്. ഞാൻ ഒരു പേഴ്സണൽ എക്സ്പീരിയൻസ് കൂടി പറഞ്ഞുകൊണ്ട് നിർത്താം. ഞാൻ ഒരു എം.എൽ.എ. ആകുന്നതിനുമുമ്പ് ആറേഴ് വർഷത്തോളം സാമൂഹ്യ സേവന രംഗത്താണ് വർക്ക് ചെയ്തത്. അന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏറ്റവും ഉന്നതരായിട്ടുള്ള ഉദ്യോഗസ്ഥരുടെ കൂടെ ഞാൻ വർക്ക് ചെയ്തിരുന്ന സ്ഥാപനം ഒരു എം.ഒ.യു. ഡ്രാഫ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു. ആ സ്ഥാപനം സപ്പോർട്ട് ചെയ്യുന്ന

എൻ.ജി.ഒ.കളൊക്കെ ഉണ്ടെങ്കിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്രയോറിറ്റി സെക്ടർ ലെൻഡിംഗിൽ നിന്ന് അവർക്ക്, ഫാർമർ കോ-ഓപ്പറേറ്റീവുകളൊ സഹകരണ സംഘങ്ങളൊ ഒക്കെയാകട്ടെ, അവർക്കെല്ലാം കൊളാറ്ററില്ലാതെ നല്ല രീതിയിൽ ലോൺ കൊടുക്കും എന്നുള്ള ഒരു എം.ഒ.യു. ആണ് സൈൻ ചെയ്തത്. വലിയ രീതിയിൽ പടക്കമൊക്കെ പൊട്ടിച്ച് മുംബൈയിലെ പ്രധാനപ്പെട്ട എല്ലാ പത്രങ്ങളിലും വാർത്ത വന്ന് മുംബൈയിലെ താജ്മഹൽ ഹോട്ടലിൽ വച്ചാണ് എം.ഒ.യു. സൈൻ ചെയ്തത്. ആ എം.ഒ.യു. സൈൻ ചെയ്തതിന്റെ ശക്തിയോടെ ഞാൻ ഭോപ്പാലിലെ ഒരു ബ്രാഞ്ചിൽ പോയി. ഞാൻ വർക്ക് ചെയ്തുകൊണ്ടിരുന്ന ഒരു എൻ.ജി.ഒ.-യുടെ ചെറിയൊരു ബ്രാഞ്ച് ഭോപ്പാലിന്റെ 50 കിലോമീറ്ററിന് അപ്പുറത്ത് പ്രവർത്തിക്കുന്നുണ്ടായിരുന്നു. 25 ലക്ഷം രൂപയുടെ ലോണിനുവേണ്ടി ആളുകൾ എന്നെ സമീപിച്ചപ്പോൾ അത് പെട്ടെന്ന് കിട്ടുമെന്ന് ഞാൻ വിശ്വസിച്ചു. പക്ഷെ മുംബെയിലെ എട്ടാം നിലയിലുള്ള എസ്.ബി.ഐ.-യുടെ ഡി.ജി.എം. വിചാരിച്ചിട്ടുപോലും താഴത്തെ ബ്രാഞ്ചിലുള്ള മാനേജർ അനങ്ങിയില്ല. കാരണം, അത് എസ്.ബി.ഐ. ആയതുകൊണ്ടാണ്. എസ്.ബി.ഐ.-യുടെ ഹെഡ്ഡാഫീസ് മുംബെയിൽ ആണെന്ന് അറിയാം. എസ്.ബി.ഐ.-യുടെ മുംബെയിലെ ഹെഡ്ഡാഫീസിൽ നിന്നും എത്ര സ്വാധീനം ചെലുത്തിയാലും ലോക്കൽ ഹെഡ് ക്വാർട്ടേഴ്സ് തീരുമാനിക്കണം. ഇന്ന് കേരളത്തിൽ നമുക്ക് നല്ല രീതിയിൽ വായ്പകളൊക്കെ കിട്ടുന്നത് ലോക്കൽ ഹെഡ്ഡാഫീസ് തിരുവനന്തപുരത്ത് ഉള്ളതു കൊണ്ടാണ്. കേരളത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കുന്ന ഒരു ബാങ്കായി എസ്.ബി.ടി. പ്രവർത്തിക്കുന്നതു കൊണ്ടാണ് നമുക്ക് അതുമായി മുന്നോട്ടുപോകാൻ കഴിയുന്നത്. കേരളത്തിലെ പ്രശ്നങ്ങളൊക്കെ മനസ്സിലാക്കാതെ മുംബെയിൽ നിന്നും തീരുമാനങ്ങൾ വന്നാൽ നമ്മുടെ പാവപ്പെട്ടവർക്ക് കിട്ടേണ്ട പണം കിട്ടുമോയെന്നുള്ള ഭയമുണ്ട്. ഈ ഭയപ്പാടോടെ കേരളത്തിലെ പൊതു സമൂഹവും കേരളത്തിലെ പ്രധാനപ്പെട്ട രാഷ്ട്രീയ കക്ഷികളിൽപ്പെട്ട എല്ലാവരും ഒത്തുചേർന്നുകൊണ്ട് കേന്ദ്ര സർക്കാരിനെ ഈ നീക്കത്തിൽ നിന്ന് പിന്തിരിപ്പിക്കണമെന്നും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എസ്. ശർമ്മ: സർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തിൽ നിന്ന് പിൻമാറണമെന്ന് റിസർവ് ബാങ്കിനോടും കേന്ദ്ര ഗവൺമെന്റിനോടും ഈ സഭ അഭ്യർത്ഥിക്കുന്നുവെന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട കെ. എസ്.ശബരീനാഥൻ ഈ പ്രമേയത്തെ പിന്തുണച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങളോടെല്ലാം ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. 1945 സെപ്റ്റംബർ 12-ന് തിരുവിതാംകൂർ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്തതും 1946 ജനുവരി 17 മുതൽ പ്രവർത്തനം

ആരംഭിക്കുകയും ചെയ്ത നമ്മുടേതെന്ന് നാം കണക്കാക്കുന്ന ബാങ്കാണ് ട്രാവൻകൂർ ബാങ്ക്. ഇവിടെ നേരത്തെ വിശദീകരിച്ചതുപോലെ 1959-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്ന നാമധേയത്തിൽ രൂപീകരിച്ച് പ്രവർത്തനം തുടർന്നുവരികയും ചെയ്തു. 1960-കളിൽ കേരളത്തിന്റെ ബാങ്കിംഗ് മേഖലകളിൽ നിരവധി പ്രതിസന്ധികൾ വ്യത്യസ്ത രൂപങ്ങളിൽ വളർന്നുവന്നിരുന്നു. ആ പ്രതിസന്ധി പരിഹരിച്ചുകൊണ്ടും ഒരു ധനമാനേജ്മെന്റ് സ്ഥാപനമെന്നുള്ള നിലയ്ക്ക് എസ്.ബി.ടി.-യിലേയ്ക്ക് ലയിച്ച ബാങ്കുകളുടെ കാര്യം ഇവിടെ പറയുകയുണ്ടായി. കൊച്ചിൻ നായർ ബാങ്ക്, പാലാ സെൻട്രൽ ബാങ്ക്, ട്രാവൻകൂർ ഫോർവേഡ് ബാങ്ക്, കോട്ടയം ഓറിയന്റ് ബാങ്ക്, ബാങ്ക് ഓഫ് ന്യൂ ഇന്ത്യ, ലാറ്റിൻ ക്രിസ്ത്യൻ ബാങ്ക്, കാത്തലിക് ബാങ്ക്, ബാങ്ക് ഓഫ് ആലുവ എന്നിങ്ങനെയുള്ള നിരവധി ബാങ്കുകൾ അന്നത്തെ ധനപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ എസ്.ബി.ടി.-യോട് ലയിക്കുകയാണ് ചെയ്തത്. ഇതേ തുടർന്നാണ് കേരളം ആസ്ഥാനമായുള്ള ഏക പൊതുമേഖലാ ബാങ്ക് എന്ന രീതിയിൽ കേരളത്തിന്റെ പ്രീമിയം ബാങ്കായി എസ്.ബി.ടി. വളർന്നുവന്നത്. 1960-കളിൽ 28 ശാഖകളും 8.27 കോടി രൂപ നിക്ഷേപവും 4.10 കോടി രൂപ വായ്പയും ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 1,177 ശാഖകളും 1,11,019 കോടി രൂപ നിക്ഷേപവും 67,004 കോടി രൂപ വായ്പയും ഈ ബാങ്കിനുണ്ട്. സംസ്ഥാനത്തെ മൊത്തം ബാങ്കിടപാടിൽ അതായത് കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 20 പൊതുമേഖലാ ബാങ്കുകളും 16 സ്വകാര്യ ബാങ്കുകളും 3 സഹകരണ മേഖലാ ബാങ്കുകളും ഗ്രാമീണ ബാങ്കുകളും ഉൾപ്പെടെ നൽകിവരുന്ന മൊത്തം വായ്പയുടെ 25 ശതമാനം എസ്.ബി.ടി.-യുടെ സംഭാവനയാണെന്നു കാണാം. നാലുപേർ ഇന്ന് കേരളത്തിൽ ബാങ്കിനെ ആശ്രയിക്കുന്നുവെങ്കിൽ അതിലൊന്ന് എസ്.ബി.ടി.യെയാണ്. അതാണ് എസ്.ബി.ടി.-യുടെ സവിശേഷമായ പ്രത്യേകത. കേരളത്തിന്റെ മദർ ബാങ്ക് എന്നു വിശേഷിപ്പിക്കാവുന്നതാണ് എസ്.ബി.ടി. അമ്മ വേർപെട്ടുപോകുമ്പോൾ കുടുംബാംഗങ്ങൾക്കുള്ള അവസ്ഥയാണ് ബാങ്കിംഗ് മേഖലയിലുള്ളത്. എസ്.ബി.ടി. നഷ്ടമാകുമ്പോൾ ഉയർന്നുവരുന്ന പൊതുബോധം. ഇത് എസ്.ബി.ഐ-യുമായി ലയിക്കുന്നതിനെ സംബന്ധിച്ച് ഒരർത്ഥത്തിൽ പറഞ്ഞാൽ ധൃതരാഷ്ട്രാലിംഗനം പോലെയാണ്. ധൃതരാഷ്ട്രാലിംഗനത്തിൽ ഭീമസേനൻ പൊടിഞ്ഞ് ഇല്ലാതായതുപോലെ എസ്.ബി.ടി. എല്ലാ അർത്ഥത്തിലും ഇല്ലാതാകുന്ന സ്ഥിതിയാണ് വരാൻപോകുന്നത്. പൊതുമേഖലാ ബാങ്കുകളിലെ സ്വകാര്യ ഓഹരി പങ്കാളിത്തം 49 ശതമാനമാക്കി ഉയർത്തുന്നത് കേന്ദ്ര ഗവൺമെന്റ് നയപരമായി അംഗീകരിക്കുന്നു. അതുപോലെ പൊതുമേഖലാ ബാങ്കുകളുടെ തലപ്പത്ത് സ്വകാര്യ സ്ഥാപനങ്ങളുടെ മേധാവികളെ അവരോധിക്കുന്നതും കേന്ദ്ര ഗവൺമെന്റ് നയപരമായി പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. ദേശീയ അടിസ്ഥാനത്തിലുള്ള ബാങ്കുകളുടെ എണ്ണം 28-ൽ നിന്നും 6 ആക്കി ചുരുക്കാനുള്ള പദ്ധതിയാണ് അവർ ഉദ്ദേശിക്കുന്നത്. ഇതിനെതിരെ ശക്തമായ ചെറുത്തു നിൽപ്പു രാജ്യത്തു വളർത്തിക്കൊണ്ടു വന്നാൽ മാത്രമേ ഇതിനെ നേരിടാനാകൂ. എസ്.ബി.ടി.-യെ കേരളത്തിന്റെ ബാങ്കായി നിലനിർത്തുന്നതിന് വൻ

ജനകീയ സമരം ഉയർന്നു വരേണ്ടതായിട്ടുണ്ട്. എസ്.ബി.ടി. എന്നാൽ കേവലമൊരു ബാങ്കല്ല. അത് കേരളത്തിന്റെ ബാങ്കുകളുടെ മദർ ബാങ്കാണ്. സംസ്ഥാനത്തിന്റെ ബാങ്കിംഗ് ചരിത്രത്തോളം തന്നെ പഴക്കമുള്ളതാണ്. ചരിത്രത്തോളം വലിപ്പവും പ്രാധാന്യവുമുള്ള ഒരു ജനകീയ ധനകാര്യ സ്ഥാപനത്തെ ഫലത്തിൽ തകർക്കുക എന്നതാണ് കേന്ദ്ര നിലപാടുകൊണ്ട് സംഭവിക്കാൻ പോകുന്നത്.

വായ്പകൾ നൽകുന്നതിന്റെ താരതമ്യ പഠനം ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കെ. എസ്. ശബരീനാഥൻ കണക്കുകൾ സഹിതമുദ്ധരിച്ച് പറഞ്ഞതുകൊണ്ട് ഞാനതിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ എന്തുകൊണ്ടാണ് ഇപ്രകാരമുള്ള ഒരു നടപടി സ്വീകരിക്കുന്നുവെന്നതിനെ സംബന്ധിച്ച് മലയാളം പ്രസിദ്ധീകരണത്തിൽ ഒരു വാർത്ത കാണുകയുണ്ടായി. അത് ശരിയാണോ എന്നെനിക്ക് അറിഞ്ഞുകൂടാ. നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ആസ്ട്രേലിയ സന്ദർശിച്ച സന്ദർഭത്തിൽ അദ്ദേഹത്തോടൊപ്പം അദാനിയുമുണ്ടായിരുന്നു. ആസ്ട്രേലിയൻ ഗവൺമെന്റുമായി അവിടത്തെ കൽക്കരി മൈനിംഗുമായി ബന്ധപ്പെട്ട കരാറിൽ ഒപ്പുവയ്ക്കേണ്ടി വന്നു. പക്ഷേ അദാനിയുടെ ബാങ്കിന്റെ ബാലൻസ് ഷീറ്റെല്ലാം നോക്കിയപ്പോൾ ആസ്ട്രേലിയൻ ഗവൺമെന്റ് അത് അംഗീകരിച്ചില്ല. ഇത് വാർത്തയാണ്. ശരിയോ തെറ്റോ എന്നെനിക്കറിയില്ല. പക്ഷേ പത്രത്തിൽ വന്നിട്ടുള്ള, മലയാളം പ്രസിദ്ധീകരണത്തിലെല്ലാം വന്നിട്ടുള്ള ഒരു വാർത്തയാണ്. എസ്.ബി.ഐ.-യുടെ ചെയർമാൻ അരുന്ധതി ഭട്ടാചാര്യയെ ആസ്ട്രേലിയയിലേയ്ക്ക് അന്നു രാത്രിതന്നെ വിളിച്ചു. പിറ്റെ ദിവസം ചെയർമാൻ അവിടെയെത്തി. എസ്.ബി.ഐ.-ലെ 8,000 കോടി രൂപയ്ക്ക് കോൾ മൈനിംഗിനുവേണ്ടിയിട്ടുള്ള കരാറിൽ ഒപ്പു വയ്ക്കുകയും ചെയ്തു. അങ്ങനെ കോൾ മൈനിംഗിനുള്ള ലൈസൻസ് അദാനിക്ക് ലഭിക്കുകയും ചെയ്തു. പിറ്റേ ദിവസം ഇതിന്റെ പരിശോധന നടന്നപ്പോൾ യഥാർത്ഥത്തിൽ 8,000 കോടി രൂപ വായ്പ കൊടുക്കാനുള്ള കപ്പാസിറ്റി എസ്.ബി.ഐ.ക്കില്ല. 6,000 കോടി രൂപയേയുള്ളൂ. ഇതിനെത്തുടർന്ന് ഒരു കൺസോർഷ്യം രൂപീകരിച്ച് 8,000 കോടി രൂപ കൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോൾ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അതിനെ എതിർത്തു. അതിനെത്തുടർന്ന് ആ സംരംഭം ഇല്ലാതായിത്തീരുന്ന സ്ഥിതിവിശേഷം വന്ന സാഹചര്യത്തിലാണ് എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിലേയ്ക്ക് ലയിപ്പിച്ചാൽ 12,000 കോടി രൂപ വരെ ഒറ്റയടിക്ക് ഒരാൾക്ക് വായ്പ കൊടുക്കാൻ കഴിയുന്ന ധനകാര്യ സ്ഥാപനമായി മാറ്റാൻ കഴിയുമെന്ന് കണക്കാക്കി ഈ നിലപാട് സ്വീകരിച്ചതെന്ന് പറയുന്നു. കോർപ്പറേറ്റുകൾക്കും ബഹുരാഷ്ട്ര കുത്തകകൾക്കുമെല്ലാം പന്താടാനുള്ള ആയുധമായി നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റിത്തീർക്കുകയെന്നത് അങ്ങേയറ്റം ആപത്കരവും അസാധാരണവും വളരെവളരെ ഗൗരവത്തോടുകൂടി കണക്കാക്കേണ്ടതുമായ ഒരു വിഷയമാണ്. ഏതെങ്കിലുമൊരു വ്യവസായിക്കുവേണ്ടി ഒരു രാജ്യത്തിന്റെ സംസ്കാരത്തെയും പൈതൃകത്തെയും ശ്രേഷ്ഠമായ ധനസമ്പന്നതയേയും

പണയപ്പെടുത്തുകയെന്ന ആപത്കരമായ സ്ഥിതിവിശേഷം ഈ സമീപനത്തിന്റെ പിന്നിലുണ്ടെന്ന് ഉൽക്കണ്ഠപ്പെടുകയാണ്.

ഇന്ത്യയിലെ ബാങ്കിംഗ് സംവിധാനത്തിലെ പോരായ്മകൾ, വായ്പയുടെ 70 ശതമാനം കൈകാര്യം ചെയ്യുന്നത് ദേശസാൽകൃത ബാങ്കുകളാണ്. ഏകദേശം 7.8 ലക്ഷം കോടി രൂപയാണ് കിട്ടാക്കടം. ഇത് വിജയ് മല്യ ഉൾപ്പെടെയുള്ള ഒരു ഡസനോളം കോർപ്പറേറ്റുകളുടെ കുടിശ്ശികയായിട്ടാണ് കണക്കാക്കപ്പെടുന്നത്. പുതിയ വിദേശ നിക്ഷേപ ചട്ടങ്ങളനുസരിച്ച് ഇന്ത്യയിലെ സ്വകാര്യ ബാങ്കുകളിലെ 100 ശതമാനം ഓഹരികളും വാങ്ങുവാൻ വിദേശ ബാങ്കുകൾക്ക് അനുമതി നൽകി ഉത്തരവ് വന്നുകഴിഞ്ഞു. നിലവിൽ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ 74 ശതമാനം വിദേശ നിക്ഷേപം അനുവദിച്ചിട്ടുണ്ട്. ഈ അവസ്ഥയിൽ 49 ശതമാനം സ്വകാര്യ പങ്കാളിത്തം പൊതുമേഖലയിൽ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതായി വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഫലത്തിൽ ഭാവിയിൽ ഇന്ത്യയുടെ സാമ്പത്തിക ധനകാര്യ മേഖല ബഹുരാഷ്ട്ര കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും എറിഞ്ഞുകൊടുക്കാൻ പോകുന്നനയത്തിന്റെ ചൂണ്ടുപലകയായി കണക്കാക്കിയാൽ ഒരിക്കലും തെറ്റാവുകയില്ല. ഇത്തരമൊരു സ്ഥിതിവിശേഷം രാജ്യത്തു നടപ്പാക്കാനനുവദിക്കാത്ത വിധം രാഷ്ട്രീയ ഭേദമെന്യേ മുഴുവൻ ജനങ്ങളുടെയും ചെറുത്തുനിൽപ്പ് ഈ രാജ്യത്തു വളർന്നുവരണം. നമ്മളിപ്പോൾ പ്രമേയം പാസ്സാക്കും. കേന്ദ്ര ഗവൺമെന്റിന്റെ മുൻപിലേക്ക് ഇത് കൊടുക്കുന്നു. രാജ്യത്തെ ഈ നിയമസഭ അംഗീകരിക്കുന്ന പ്രമേയത്തോടൊപ്പം ഈ നിയമസഭയ്ക്ക് പുറത്തും ജനങ്ങളുടെ വിശാലമായ ചെറുത്തു നിൽപ്പ് ഉയർന്നുവരണം. ഇത് നഷ്ടപ്പെട്ടു കഴിഞ്ഞാൽ ഈ സംസ്ഥാനത്തിന്റെ പൈതൃകത്തെയാണ് കടന്നാക്രമിച്ച് കൈവശപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. ഇവിടെ നേരത്തെ ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞതുപോലെ കേരളാ ഗവൺമെന്റിന് ഷെയറുണ്ട്. ദേശീയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന, കേരളം ആസ്ഥാനമായിട്ടുള്ള, നമ്മുടേതായിട്ടുള്ള പൈതൃകമെന്ന് നാം അവകാശപ്പെടുന്ന ഏക സ്ഥാപനമാണ്. ഈ മദർ ബാങ്കിനെ തകർക്കാനുള്ള ഏത് നീക്കത്തെയും നമുക്ക് ചെറുക്കേണ്ടതായി വരും. അതിന് ഈ പ്രമേയത്തിലൂടെ ഗവൺമെന്റ് മുൻകൈ എടുക്കുകയാണ്. എസ്.ബി.ടി.-യെ തകർക്കാൻ ശ്രമിക്കുന്ന നിലപാട് നമുക്കനുവദിക്കാൻ പാടില്ല. നിയമസഭയ്ക്ക് പുറത്തും വൻ ജനകീയ സമരങ്ങൾ ഉയർന്നുവരണം. എസ്.ബി.ടി.-യും എസ്.ബി.ഐ.-യും ലയിച്ചു കഴിഞ്ഞാൽ ഓവർലാപ്പിംഗ് വരും. 75 ശതമാനത്തോളം എസ്.ബി.ടി.-യുടെ ശാഖകൾ തന്നെ നിർത്തേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. അങ്ങനെ നിർത്തേണ്ടി വന്നാൽ 75 ശതമാനത്തോളം വരുന്ന ജീവനക്കാർ മറ്റു സംസ്ഥാനങ്ങളിലേയ്ക്കു പോകേണ്ടി വരും. ആ രൂപത്തിൽ ജീവനക്കാർക്ക് പ്രയാസങ്ങളുണ്ടാകുന്നത് നമുക്ക് കാണേണ്ടതായി വരും. *

ശ്രീ. കെ. സി. ജോസഫ്: സർ, കാര്യവിവര പട്ടിക പ്രകാരം ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളുമാണ്. അതുകൊണ്ട് അത് വേവ് ചെയ്യണം.

## സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: കാര്യവിവര പട്ടിക പ്രകാരം ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളുമാണ്. പ്രായോഗികതയുടെ ഭാഗമായി പ്രസ്തുത നിയമനിർമ്മാണ ബിസിനസ് ചട്ടം 130 പ്രകാരമുള്ള ചർച്ചയുടെ പൂർത്തീകരണത്തിനു ശേഷം പരിഗണിക്കുവാൻ സഭ തീരുമാനിക്കുന്നു.

ശ്രീ. എസ്. ശർമ്മ, അങ്ങേക്ക് തുടരാം.

ശ്രീ. എസ്. ശർമ്മ: സർ, ഇത്തരമൊരു അസാധാരണമായ സാഹചര്യം വളർന്നുവരുമ്പോൾ കേന്ദ്രത്തിന്റെ ഭൂരിപക്ഷമുപയോഗിച്ച് കേന്ദ്ര ഗവൺമെന്റ് തീരുമാനിക്കാൻ മുതിരുന്നപക്ഷം ശക്തമായ ജനകീയ ചെറുത്തുനിൽപ്പ്, ജാതിമത രാഷ്ട്രീയ വ്യത്യാസങ്ങൾക്കപ്പുറം നമ്മുടെ രാജ്യത്ത് വളർന്നുവരണം. അതിനുകൂടി പ്രചോദനമായിത്തീരട്ടെ ഈ പ്രമേയം എന്നാഗ്രഹിച്ചുകൊണ്ട് പ്രമേയത്തെ പിന്തുണയ്ക്കുന്നു.

## ചട്ടം 130 അനുസരിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. മുല്ലപ്പെരിയാർ വിഷയം ചെറുകിട കച്ചവടത്തിലെ കുത്തകവൽക്കരണം, കസ്തൂരിരംഗൻ റിപ്പോർട്ട് തുടങ്ങിയ കേരളത്തിന്റെ പൊതുവികാരമുൾക്കൊള്ളേണ്ട സന്ദർഭങ്ങളിലെല്ലാം രാഷ്ട്രീയ കക്ഷിഭേദമന്യേ കേരളത്തിന്റെ വികാരം രാജ്യത്തേയും സമൂഹത്തേയും ബോധ്യപ്പെടുത്തിയിട്ടുണ്ട്. ലോകത്തെ അൻപത് ബാങ്കുകളിൽ ഒന്നായി എസ്.ബി.ഐ.-യെ കൊണ്ടുവരാനാണ് ലയനമെന്ന മുദ്രാവാക്യവുമായി കേന്ദ്ര സർക്കാർ മുന്നോട്ട് വന്നിരിക്കുന്നത്. അതുകൊണ്ട് നമ്മുടെ രാജ്യത്തിന് എന്ത് പ്രയോജനമാണുള്ളത്? കോർപറേറ്റുകൾക്ക് ലയനംകൊണ്ട് ഗുണമുണ്ടാകാം. പക്ഷേ നാട്ടിലെ പട്ടിണിപ്പാവങ്ങൾക്ക് സംസ്ഥാന ബാങ്കുകളെ ലയിപ്പിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനമൊന്നുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ കോർപ്പറേറ്റ്വൽക്കരണ നയത്തിന്റെ ഭാഗമായിട്ട് മാത്രമേ നമുക്കിതിനെ കാണാൻ സാധിക്കുകയുള്ളൂ. സത്യത്തിൽ ഇത് ഫെഡറലിസത്തിന് പോലും എതിരാണ്. ഇന്ത്യൻ ഭരണഘടനയുടെ

സ്വഭാവംതന്നെ അതിശക്തമായ ഫെഡറൽ സ്വാഭാവമുള്ള ഒരു ഏക രാഷ്ട്രമാണെന്നതാണ്. ഇവിടെ അഞ്ച് അസോസിയേറ്റ് ബാങ്കുകളെയാണ് എസ്.ബി.ഐ-യിൽ ലയിപ്പിക്കുന്നത്. എസ്.ബി.ടി-യെപ്പോലെ വേറെയും അഞ്ച് ബാങ്കുകളുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനീർ, സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദ്, സ്റ്റേറ്റ് ബാങ്ക് ഓഫ് പാട്യാല, ഭാരതീയ മഹിളാബാങ്ക്. ഇതെല്ലാം കേന്ദ്രത്തിലേക്ക് ആവാഹിച്ചെടുക്കാനുള്ള മോദി നയത്തിന്റെ ഭാഗമാണ്. എല്ലാം കേന്ദ്രത്തിലേക്ക്, കേന്ദ്രം അവസാനം തന്നിലേയ്ക്ക് അതാണല്ലോ മോദിയുടെ നയം. ആ നയത്തിന്റെ ഭാഗമായിട്ടുമാത്രമേ ഈ ബാങ്ക് ലയനത്തേയും കാണാൻ കഴിയൂ. ഏഴ് പതിറ്റാണ്ടിലേറെക്കാലമായി കേരളത്തിന് മഹത്തായ സേവനം നൽകിയിട്ടുള്ളതും കേരളം ആസ്ഥാനമായിട്ടുള്ളതുമായ ഏക പൊതുമേഖലാ ബാങ്കാണ് എസ്.ബി.ടി. എസ്.ബി.ടി. തുടക്കം കുറിച്ചിട്ടുള്ള ഒരുപാട് സംരംഭങ്ങൾ ഇതുവഴി ഇല്ലാതാകും. മുൻഗണനാവായ്പകൾ നൽകുന്നതിൽ എസ്.ബി.ടി. മുൻപന്തിയിലാണ്. കേരളത്തിലെ ബാങ്കിംഗ് ബിസിനസിന്റെ നാലിലൊരു ഭാഗം എസ്.ബി.ടി-യാണ് നിർവ്വഹിക്കുന്നത്. കൃഷി, ചെറുകിട വ്യവസായം, വിദ്യാഭ്യാസം എന്നിവയ്ക്ക് എസ്.ബി.ടി. നൽകുന്ന വായ്പകളെല്ലാം ശ്രദ്ധേയമാണ്. വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ മറ്റ് ബാങ്കുകളെല്ലാം പുറംതിരിഞ്ഞ് നിൽക്കുമ്പോൾ 1713 കോടി രൂപയാണ് വിദ്യാഭ്യാസ വായ്പയായി എസ്.ബി.ടി. കൊടുത്തത്. ഇതെല്ലാം ലയനത്തോടുകൂടി നമുക്ക് നഷ്ടമാകും. വിവിധ ബാങ്കിംഗ് ബിസിനസ്സ് മാനദണ്ഡമനുസരിച്ച് എസ്.ബി.ടി. എസ്.ബി.ഐ-യേക്കാൾ പല കാര്യത്തിലും മുന്നിലാണ്. സാധാരണയായി പുഴ സമുദ്രത്തിൽ ചെന്ന് ചേരാറുണ്ട്. സത്യത്തിൽ ഇത് രണ്ട് സമുദ്രങ്ങളാണ്. ഈ രണ്ട് സമുദ്രങ്ങളെയും കോർപറേറ്റ് താൽപര്യങ്ങൾക്കുവേണ്ടി ലയിപ്പിക്കാനാണ് ശ്രമിക്കുന്നത്. 1,00,473 കോടി രൂപയുടെ നിക്ഷേപവും 67,004 കോടി രൂപയുടെ വായ്പയും ബാങ്ക് നൽകിയിട്ടുണ്ട്. എസ്.ബി.ടി.യുടെ വായ്പാ - നിക്ഷേപ അനുപാതം 67 ശതമാനമാണ്. ഇതൊരു നല്ല ബാങ്കിംഗ് പ്രവണതയാണ് കാണിക്കുന്നത്. ഗ്യാസ് സബ്സിഡി, പെൻഷൻ തുടങ്ങി സകല കാര്യങ്ങളും ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്ന ഈ കാലത്ത് ഇങ്ങനെയൊരു ലയനത്തോടുകൂടി ഇതെല്ലാം നമുക്ക് നഷ്ടമാകും. ബഹുമാനപ്പെട്ട എസ്.ശർമ്മയും കെ. എസ്. ശബരീനാഥനുമൊക്കെ ചൂണ്ടിക്കാണിച്ചതുപോലെ ബാങ്കുകളുടെ ധാരാളം ശാഖകൾ പൂട്ടിപ്പോകാൻ സാധ്യതയുണ്ട്. അങ്ങനെ പൂട്ടിപ്പോകാൻ ഇടയാകുന്ന ഈ ലയനവുമായി എങ്ങനെ പൊരുത്തപ്പെടാൻ സാധിക്കും. സാധാരണക്കാരന്റെ 300 രൂപയുടെ പെൻഷൻപോലും ബാങ്കുവഴിയാണ് കൊടുക്കുന്നത്. അപ്പോഴാണ് നിരവധി ശാഖകൾ ഇവിടെ പൂട്ടാൻ പോകുന്നത്. ഈ ലയനനീക്കം പൊതുതാൽപര്യത്തിന് എതിരാണ്. മൊത്തം ബാങ്കുകളെ ആറോ ഏഴോ ബാങ്കുകളാക്കി ചുരുക്കാനാണ് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം. ഇത്തരം

പൊതുമേഖലാ ബാങ്കുകൾ സാധാരണക്കാരന്റെ ജീവൽ പ്രശ്നങ്ങളിൽ ഇടപെടില്ല. വൻകിട കോർപ്പറേറ്റുകൾക്ക് മാത്രമെ ഇതുകൊണ്ട് ഗുണമുള്ളൂ. ചെറുകിട ഇടപാടുകാരെ ഇതുവഴി ഒഴിവാക്കും. ബാങ്ക് ലയന നയം ദേശവിരുദ്ധവും ജനവിരുദ്ധവും തൊഴിലാളി വിരുദ്ധവുമാണെന്ന് പറയേണ്ടിയിരിക്കുന്നു. ഭീമൻ കോർപറേറ്റുകൾക്ക് വമ്പൻ വായ്പകൾ നൽകാനാണ് ഇതുവഴി ശ്രമിക്കുന്നത്. ശ്രീ. എസ്. ശർമ്മ പറഞ്ഞതുപോലെ പന്ത്രണ്ടായിരം കോടി രൂപയുടെ വായ്പ നൽകാൻ, അങ്ങനെ നൽകിയാൽ അതിന്റെയൊക്കെ ഫലം നമ്മൾ കാണണം. ഈ നയം കോർപറേറ്റുകൾക്ക് വായ്പ നൽകുന്ന വിജയ് മല്ല്യ മോഡൽ സൃഷ്ടിക്കാനിടയുണ്ട്. കിട്ടാക്കടത്തിന്റെ അനന്തരഫലം അത് ഇന്ത്യയിൽ മാത്രമല്ല, അമേരിക്കയിലെ മെഗാ ബാങ്കായ ലേമാൻസ് ബ്രദേഴ്സിന്റെ തകർച്ചക്കിടയാക്കിയ സംഭവവും നമ്മുടെ മുന്നിലുണ്ട്. അപ്പോൾ സാധാരണക്കാരായ പട്ടിണിപ്പാവങ്ങളുടെ പണം മുഴുവൻ ഇത്തരം ബാങ്കുകളിൽ നിക്ഷേപിക്കുന്നത് നല്ലതിനല്ല. ലയനം നഷ്ടക്കച്ചവടമാണെന്നാണ് മുൻ അനുഭവങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് സൗരാഷ്ട്ര 2008-ലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡോർ 2010-ലും എസ്.ബി.ഐ.-യിൽ ലയിച്ചു. പക്ഷേ അൻപതു ശതമാനം ഇടപാടുകാർ എസ്.ബി.ഐ-യിൽ ചേരാതെ മറ്റ് ബാങ്കുകളിലേയ്ക്ക് പോയി. അത്തരം ആളുകളെ ബാങ്കിംഗ് രംഗത്തുനിന്നും ഗവൺമെന്റ് പുറകോട്ട് കൊണ്ടുപോകുന്ന സ്ഥിതിയുണ്ടാക്കി. ആഗോള മത്സരത്തിനുവേണ്ടി ശാഖകൾ അടച്ചുപൂട്ടി, തൊഴിലാളികളെ പുറംതള്ളി, സാധാരണക്കാർക്കുള്ള ചെറുകിട വായ്പകൾപോലും നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കും. കൂടുതൽ ബാങ്കുകളും സേവനത്തിന്റെ വ്യാപനവുമാണ് നമുക്കാവശ്യം. എസ്.ബി.ടി.-യെ ശാക്തീകരിച്ച് നിലനിർത്താനുള്ള ഒരു ശക്തമായ പ്രമേയമാണ് കേരളത്തിന്റെ ഏക സ്വരമായി നമുക്ക് ഈ കാര്യത്തിൽ മുന്നോട്ടുവയ്ക്കാനുള്ളത്. മറ്റൊരു സംഗതികൂടിയുള്ളത്, കേരളത്തിൽ സഹകരണമേഖല വളരെ ശക്തമാണ്. സഹകരണമേഖലയോടും ആർ.ബി.ഐ. ചിറ്റമ്മ നയമാണ് അനുവർത്തിച്ചുവരുന്നത്. ജില്ലാ സഹകരണ ബാങ്കിനെ സംസ്ഥാന സഹകരണബാങ്കിൽ ലയിപ്പിക്കാൻ പോകുകയാണ്. അതിനെതിരെ നമ്മൾ ഒരുമിച്ച് പ്രമേയം പാസ്സാക്കി. അക്കാര്യത്തിലും കൂടുതൽ ചർച്ചകൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. എസ്.ബി.ടി. എസ്.ബി.ഐ.-യിൽ ലയിപ്പിക്കാനുള്ള നീക്കത്തെ നൂറ് ശതമാനം എതിർത്തുകൊണ്ട് ഈ ഉപക്ഷേപത്തെ പിൻതുണച്ചു കൊണ്ടും ഞാൻ നിർത്തുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. എനിക്ക് മുമ്പ് സംസാരിച്ച എല്ലാ അംഗങ്ങളും മുന്നോട്ടുവച്ച ആശയങ്ങളോട് ഞാൻ അനുകൂലിക്കുകയാണ്. ബാങ്കുകളെ ലയിപ്പിക്കാൻ തീരുമാനിച്ചതിനു പിന്നിൽ ഒരു ആഗോളവൽക്കരണ രാഷ്ട്രീയ അജണ്ടയുണ്ട്. നമ്മുടെ നാട്ടിൽ നടപ്പാക്കിത്തുടങ്ങിയ ഈ ആഗോളവൽക്കരണ

രാഷ്ട്രീയത്തിൽ സ്വാഭാവികമായി വന്നുചേരാവുന്ന ദുരന്തങ്ങളിൽ ഒന്നാണിത്. ഇതുമായി ബന്ധപ്പെട്ട് ധാരാളം ദുരന്തങ്ങൾ ഇന്ത്യയിൽ ഉണ്ടായിട്ടുണ്ട്. കാർഷിക മേഖലയുടെ ദുരന്തവും സാമ്പത്തിക മേഖലയിൽ പാപ്പരീവൽക്കരണത്തിന്റെ വഴിയിലേക്ക് തൊഴിലാളികൾ പോകേണ്ടി വന്നതും തൊഴിലാളികൾക്ക് തൊഴിൽസ്ഥിരത ഇല്ലാതായതും ജനങ്ങൾ സാമുദായികമായി വിഘടിച്ച് പോയതുമൊക്കെ അതിൽ ചില ദുരന്തങ്ങളായിരുന്നു. പണമിടപാട് മേഖലയിൽ കോർപറേറ്റുകൾ, വമ്പൻമാർ കൈവയ്ക്കുന്നത് ഈ ലയനത്തിലൂടെ നമ്മൾ കാണുകയാണ്. നമുക്ക് ഇതിനെയെല്ലാം പ്രതിരോധിച്ച് മുന്നോട്ടുപോകുന്ന ഒരു ഭരണ സംവിധാനവും, ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട ഐക്യവും ഉണ്ടാകണം. ലയനം എന്ന വാക്കിനേക്കാൾ പ്രധാനം ഒന്ന് ഒന്നിനെ വിഴുങ്ങുകയും ഒന്നിന്റെ മരണം സംഭവിക്കുകയും ഒന്ന് ചീർത്ത് കോർപ്പറേറ്റുകളുടെ കൂട്ടാകുന്ന ഒരു സംവിധാനമായിമാറുകയും ചെയ്യുകയാണ്. എസ്.ബി.റ്റി. ഇല്ലാതാകുമ്പോൾ മലയാളികളുടെ അന്തസ്സും മലയാളികളുടെ പക്ഷത്തുനിൽക്കുന്നതുമായ ഒരു സംവിധാനത്തിന്റെ അവസാനവുമാണുണ്ടാകുന്നത്. ഇതിനെ ചെറുക്കുന്നതിനായി കേരളീയർക്ക് പൊതുമനസ്സാണുള്ളത്. കേരളത്തിന്റെ മാത്രമല്ല, മൈസൂർ ബാങ്കാകട്ടെ പാട്യാല ബാങ്കാകട്ടെ ഹൈദ്രാബാദ് ബാങ്കാകട്ടെ ജയ്പൂർ ബാങ്കാകട്ടെ ഈ ബാങ്കുകൾ എല്ലാം, അതാത് സ്ഥലങ്ങളിലെ പ്രാദേശിക പണമിടപാട് സംവിധാനമാണ് ഈ ലയനത്തിലൂടെ തകരാൻ പോകുന്നത്. അതുകൊണ്ട് ലയനത്തെ കക്ഷിരാഷ്ട്രീയഭേദമെന്യേ ചോദ്യം ചെയ്യാൻ നമുക്ക് സാധിക്കണം. അത് നമ്മുടെ അന്തസ്സ് നിലനിർത്താനുള്ള ഒരു ജനപക്ഷ നിലപാട് മാത്രമല്ല, എസ്.ബി.റ്റി.-ക്ക് കേരളത്തോട് പക്ഷപാതത്വവും ജനങ്ങളോട് ഉത്തരവാദിത്തവുമുണ്ട്. ആ ഉത്തരവാദിത്വം എസ്.ബി.ഐ.-ലേക്ക് ലയിക്കുമ്പോൾ നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. നഷ്ടപ്പെടുമ്പോൾ സംഭവിക്കുന്നത് പണപക്ഷ നിലപാടുകളുടെ മരണം മാത്രമല്ല മലയാളി അന്തസ്സിന്റെ ചോർച്ച കൂടിയാണ്. സത്യത്തിൽ ബാങ്ക് എന്ന് പറയുന്നതിന്റെ കൺസെപ്റ്റ് എന്താണ്? അതായത് ചിലരുടെ കയ്യിൽ ആവശ്യത്തിലധികം പണമുണ്ട്. ഒരുപാട് പേരുടെ കയ്യിൽ ആവശ്യത്തിന് പണമില്ല. ആവശ്യത്തിലധികം പണമുള്ളവരുടെ കയ്യിൽനിന്ന് പണത്തിന് ആവശ്യമുള്ളവരിലേക്ക് പണമെത്തിക്കാനുള്ള അന്തസ്സാർന്ന ഒരു സംവിധാനമാണ് ബാങ്ക്. ഇവിടെ ഓപ്പറേഷൻ കുബേര, വട്ടിപ്പലിശക്കാരൻ, എന്നിവരുടെയൊക്കെ ഭീഷണികൊണ്ട് ആത്മഹത്യചെയ്യേണ്ടിവന്ന സാഹചര്യത്തെ മറികടക്കാൻവേണ്ടിയുള്ള സംവിധാനങ്ങൾ വന്നസാഹചര്യത്തിൽ, ബാങ്കിംഗ് സംവിധാനത്തെ കൂടുതൽ ജനപക്ഷമാക്കാൻ ആലോചിക്കേണ്ട സമയത്ത് അതിനെ ഒട്ടും ജനപക്ഷമല്ലാത്ത ഒരു കുത്തകപക്ഷ സംവിധാനത്തിലേക്ക് കൊണ്ടുപോകുന്നതിനെ തീർച്ചയായും എതിർത്ത്

തോല്പിക്കപ്പെടേണ്ടതാണ്. 10 വിരലുകളിലും മോതിരമിടുന്ന ഒരു മുഖ്യമന്ത്രി പണ്ട് ബീഹാറിലുണ്ടായിരുന്നു. ഗാന്ധിമൈതാനവും പാട്ന റെയിൽവേ സ്റ്റേഷനും ഒരു ബാങ്കിൽ പണയംവച്ച് അദ്ദേഹം പണമെടുത്ത കാര്യം ഇന്ത്യയിൽ വലിയ വാർത്തയായിരുന്നു. ഗാന്ധി മൈതാനമോ തിരുവനന്തപുരം റെയിൽവേ സ്റ്റേഷനോ ഒന്നും പണയം വയ്ക്കാനില്ലാത്തവരാണ് പാവപ്പെട്ട മനുഷ്യർ. അത്തരക്കാർക്ക് ഇത്തരം വലിയ ബാങ്കുകൾ ഉണ്ടാകുമ്പോൾ ബാങ്കിന്റെ പടവുകൾ കാണാനുള്ള അവസരംപോലും നഷ്ടമാകും. അവസാനം അവർക്ക് ആശ്രയം സർവ്വീസ് സഹകരണ ബാങ്ക് മേഖല മാത്രമാകും. ഈ വലിയ ബാങ്കുകൾ വമ്പൻ കുത്തകകളോട് കൂട്ടുചേർന്ന് നിൽക്കുകയും അവർക്ക് കോടാനുകോടി രൂപ കൊടുക്കുകയും അത് അവസാനം എഴുതിത്തള്ളുകയും പാവപ്പെട്ടവനെ ആത്മഹത്യയിലേക്ക് എത്തിക്കുകയും ചെയ്യുന്ന ഒരു സംവിധാനത്തിലേക്ക് ഇന്ത്യൻ പണമിടപാട് സംവിധാനം എത്തിച്ചേരാൻ പോവുകയാണ്. അത്തരമൊരു എത്തിച്ചേരലിന് ആധുനിക സാംസ്കാരിക രൂപീകരണത്തിനും സാമ്പത്തിക രൂപീകരണത്തിനും സാമൂഹിക പരിവർത്തനത്തിനും നവോത്ഥാനത്തിനും വിധേയമായ കേരളം എതിർത്തു തോല്പിക്കാനുള്ള പോരാട്ടം ഇവിടെ ശ്രീ. എസ്. ശർമ്മ പറഞ്ഞതു പോലെ നിയമസഭക്ക് അകത്ത് ഒതുക്കിനിർത്തരുത്. ഇത് 14000-ത്തിലധികം ജീവനക്കാരുടെ ജീവിതപ്രശ്നം മാത്രമല്ല. കേരളത്തിൽ കിട്ടുന്ന 7000-ത്തോളം കോടിരൂപയുടെ വിദ്യാഭ്യാസ വായ്പയുടെയോ കാർഷിക വായ്പയുടെയോ ചെറുകിട മേഖലയുടെ വായ്പയുടെയോ മാത്രം പ്രശ്നവുമല്ല. നമ്മുടെ രാജ്യത്തെ പണം ഉപയോഗിക്കാനുള്ള അവകാശം ആർക്കാണ്? അത് ഈ രാജ്യത്തെ കോർപ്പറേറ്റുകൾക്കും ലോകത്തെ വമ്പൻ മുതലാളിമാർക്കുമുള്ളതാണോ? അവരുടെ ഇഷ്ടങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ ഉള്ളതാണോ? പാവപ്പെട്ടവന്റെ കയ്യിൽ നിന്ന് മിച്ചം വരുന്ന പണം ശേഖരിച്ച് പണക്കാരനുകൊടുക്കുന്ന ബാങ്കിംഗ് നയമാണ് ഇപ്പോൾ രൂപീകരിക്കുന്നത്. പണക്കാരന്റെ അത്യാവശ്യം കഴിഞ്ഞ് അവൻ നിക്ഷേപിക്കുന്നത് പാവപ്പെട്ടവന്റെ അത്യാവശ്യത്തിന് കൊടുക്കാനുള്ള ബാങ്കിംഗ് നയമാണ് ഇന്ത്യ ഇതിനുമുമ്പ് സ്വീകരിച്ചത്. ഈ നയത്തിലേക്ക് പോയ കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റുകൾക്കും കേന്ദ്രഗവൺമെന്റുകൾക്കും ബാധ്യതയുണ്ട്. അതുകൊണ്ട് ഈ സംവിധാനത്തോട് കേരളത്തിന് യോജിക്കാൻ കഴിയുകയില്ല. ഇന്ത്യയിൽ ജവഹർലാൽ നെഹ്റു മുതൽ സ്വീകരിച്ചുവന്ന പണമിടപാട് സംവിധാനത്തിന് എതിരായ കുത്തകക്കൂട്ടങ്ങളുടെ പക്ഷംചേർന്ന നയമാണിത്. ഈ ഉപക്ഷേപത്തെ സർവ്വാത്മനാ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി ലയിപ്പിക്കാനുള്ള നീക്കത്തിൽനിന്നും റിസർവ് ബാങ്കും കേന്ദ്രസർക്കാരും പിന്തിരിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുകയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കേരളത്തിന്റെ സ്വന്തം ബാങ്ക് എന്ന് വൈകാരികമായി നമ്മളൊക്കെ അംഗീകരിക്കാനും സ്വീകരിക്കാനുമിടയായിട്ടുള്ള വിവിധ ഘടകങ്ങളെ സംബന്ധിച്ച് ഇതിന് മുമ്പ് ഇവിടെ സംസാരിച്ച അംഗങ്ങൾ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. ഇവിടെ നടന്നചർച്ചയിൽ ഉയർന്നുവന്നിട്ടുള്ള പൊതുവികാരത്തോടും നിരീക്ഷണത്തോടും ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കേന്ദ്രഗവൺമെന്റ് വളരെ ബോധപൂർവ്വം നടപ്പാക്കുന്ന നയത്തിന്റെയും പരിഷ്ക്കാരത്തിന്റെയും ഭാഗമായാണ് ഈ ലയനത്തിലേയ്ക്ക് പോകുന്നത്. എന്തുകൊണ്ടാണ് ഈ ലയനമെന്ന് വളരെ വ്യക്തമായിത്തന്നെ ഗവൺമെന്റ് പറയുന്നുണ്ട്. ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ലോക ബാങ്കിംഗ് രംഗത്ത് 67-ാം സ്ഥാനത്താണ്. എസ്.ബി.ടി. ഉൾപ്പെടെയുള്ള സബ്സിഡിയറി ബാങ്കുകളെ, അതിൽ നേരത്തെ പറഞ്ഞ സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദും സ്റ്റേറ്റ് ബാങ്ക് ഓഫ് പാട്യാലയും സ്റ്റേറ്റ് ബാങ്ക് ഓഫ് ജയ്പൂരുമെക്കെയുണ്ട്. ഇതിനെയെല്ലാം ലയിപ്പിക്കുകവഴി 47-ാം സ്ഥാനത്ത് വരുമെന്നുള്ളതാണ് അവരുടെ വാദം. അതായത് 50-ന് അകത്ത് വരുമ്പോൾ എസ്.ബി.ഐ.-യെ ഒരു ഇന്റർ നാഷണൽ ബാങ്കായി അവതരിപ്പിച്ച് അതിന്റെ ഗ്ലോബൽ റേറ്റിംഗ് വർദ്ധിപ്പിക്കും എന്നൊക്കെയുള്ള വാദങ്ങളാണുള്ളത്. മാത്രവുമല്ല ഗ്ലോബൽ ബിഡ്ഡിംഗ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര മാർക്കറ്റിലെ ഇടപാടുകളിൽ കൂടുതൽ ഫലപ്രദമായി പങ്ക് വഹിക്കാനാകുമെന്ന വാദവും കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആർ.ബി.ഐ.-യുടെ ഭാഗത്തുനിന്നും മുന്നോട്ട് വയ്ക്കുന്നുണ്ട്. ഈ പറയുന്നതിൽ പ്രത്യേകിച്ച് കാര്യമൊന്നുമില്ല. ഒരു രാജ്യത്തിന്റെ ബാങ്കുകളൊക്കെ ഇന്റർനാഷണൽ മാർക്കറ്റുകളിൽ സ്വീകരിക്കപ്പെടുന്നത് ഇങ്ങനെ കൃത്രിമമായി സംയോജിപ്പിച്ചുണ്ടാക്കുന്ന ധനശേഷിയുടെ അടിസ്ഥാനത്തിലല്ല. ഓരോ രാജ്യത്തിന്റെയും സുസ്ഥിര സാമ്പത്തിക വളർച്ചയെ ആസ്പദമാക്കിയാണ് അത്തരമൊരു റേറ്റിംഗ് നടക്കുന്നത്. ഇപ്പോൾ അന്താരാഷ്ട്ര റേറ്റിംഗ് ഏജൻസികളുണ്ട്. അവരുടെ ഓരോ കാലത്തേയും പഠന റിപ്പോർട്ടുകൾ വരുമ്പോൾ നമുക്കത് കാണാൻ കഴിയും. ആ നാടിന്റെ സമ്പദ്സ്ഥിതിയെയാണ് അവർ വിലയിരുത്തുന്നത്, അല്ലാതെ ബാങ്കിന്റെ മാത്രമല്ല. കൺസോർഷ്യംവഴിയാണ് ഇന്റർനാഷണൽ ബാങ്കുകൾ വൻകിട വായ്പകളും മറ്റും കൊടുക്കുന്നത്. ആ കൺസോർഷ്യംവഴി ചെയ്തതുകൊണ്ടാണ് വിജയ്മല്യ 8000 കോടിയോളം രൂപ കൊള്ളയടിച്ച് കൊണ്ടുപോയത്. ഒറ്റ ബാങ്കിൽ നിന്നായിരുന്നെങ്കിൽ ആ ബാങ്ക് പൊളിഞ്ഞുപോകുമായിരുന്നു.അല്ലാത്തതു കൊണ്ടാണ് അതിന് പിടിച്ചുനിൽക്കാനായത്. എസ്.ബി.ഐ.-ക്ക് എല്ലാ സബ്സിഡിയറി ബാങ്കുകളെയും സംയോജിപ്പിച്ച് തടിച്ചുകൊഴുത്ത് ഗ്ലോബൽ മാർക്കറ്റിൽ ഒറ്റയ്ക്ക് നിന്ന്

പടപൊരുതേണ്ട സാഹചര്യമൊന്നുമില്ല. എസ്.ബി.റ്റി. ഇവിടെയുള്ള ഏറ്റവും ചെറുകിടക്കാരായ ആളുകൾക്കുപോലും പല ബിസിനസുകൾക്കും വായ്പ കൊടുക്കുന്നുണ്ട്. പ്രയോറിറ്റി സെക്ടറിൽ ലെന്റിംഗിന് പ്രാധാന്യം കൊടുക്കുന്നു. അത്തരത്തിൽ കൊടുക്കുന്ന വായ്പകൾ ഉപേക്ഷിച്ചിട്ട് വലിയ കോർപ്പറേറ്റുകൾക്ക് സർവ്വ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നതോടൊപ്പം നാടിന്റെ സമ്പത്ത് മുഴുവൻ സമാഹരിച്ച് അവരുടെഇംഗിതത്തിനുവേണ്ടി വിനിയോഗിക്കുന്നു. ഇന്റർനാഷണൽ മാർക്കറ്റിലുള്ള പല തരത്തിലുള്ള കളികൾക്കും കോർപ്പറേറ്റുകൾക്ക് പണം സമാഹരിച്ച് കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു ദൗത്യമാണ് യഥാർത്ഥത്തിൽ ഇവിടെ നിർവ്വഹിക്കപ്പെടുന്നത്. ബാങ്കുകളുടെ സ്ഥിതി മെച്ചപ്പെടുത്താനാണെങ്കിൽ നേരത്തെ പറഞ്ഞതുപോലെ നിഷ്ക്രിയ ആസ്തികൾ കുറച്ചുകൊണ്ടുവരണം. മൂലധന പര്യാപ്തത കൈവരിച്ച്, അറ്റാദായം വർദ്ധിപ്പിച്ച്, പ്രയോറിറ്റി സെക്ടർ ലെന്റിംഗുവഴി നമ്മുടെ നാടിന്റെ സമ്പദ്ഘടനയെ അഭിവൃദ്ധിപ്പെടുത്തിയാണ് ബാങ്കുകൾ മുമ്പോട്ടുപോകേണ്ടത്. ബാങ്കുകളിൽനിന്ന് നമ്മൾ പ്രതീക്ഷിക്കുന്ന ധർമ്മവും അതാണ്. പക്ഷെ ഇക്കാര്യങ്ങളിലൊന്നും ബാങ്കുകൾക്ക് ഇപ്പോൾ വലിയ താല്പര്യമില്ലെന്നുള്ളതാണ് വസ്തുത. അന്താരാഷ്ട്ര വിപണിയെ ലക്ഷ്യംവച്ചുകൊണ്ടുള്ള ഈ കൈവിട്ട കളി വൻകിട കോർപ്പറേറ്റുകളെ സഹായിക്കുമായിരിക്കും. പക്ഷെ ഗ്രാമീണ മേഖലകളെയും മുൻഗണനാമേഖലകളെയും അത് പൂർണ്ണമായും കയ്യൊഴിയുന്നതിലേക്കും, ശാഖകൾ അടച്ചുപൂട്ടുന്നതിലേക്കും തസ്തികകൾ ഇല്ലാതാവുന്നതിലേക്കും കാര്യങ്ങൾ ചെന്നെത്തു മെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെത്തന്നെ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നയത്തിൽ ഒരു വൈരുദ്ധ്യം കാണാം. ഒരു ഭാഗത്ത് ചെറിയ വായ്പകൾ കൊടുക്കാൻവേണ്ടി 22-ഓളം ബാങ്കുകൾക്ക് അനുവാദം കൊടുത്തു, അതിനെ സ്മാൾ ആന്റ് പേമെന്റ് ബാങ്ക്സ് എന്നാണ് പറയുന്നത്. ഇതിൽ പോസ്റ്റ് ഓഫീസ് ബാങ്ക് മാത്രമാണ് പൊതുമേഖലയിലുള്ളത്. ബാക്കിയുള്ളതെല്ലാം സ്വകാര്യമേഖലയിലാണ്. എന്നാൽ ഈ ദൗത്യം നിർവ്വഹിച്ചു കാണ്ടിരുന്ന എസ്.ബി.റ്റി.-യെപ്പോലുള്ളവയെ ഏറ്റെടുത്തുകൊണ്ട് ആ ദൗത്യം നിർവ്വഹിക്കുന്നതിൽനിന്ന് മാറ്റിനിർത്താൻ പോകുകയാണ്. യഥാർത്ഥത്തിൽ ചെറുകിട വായ്പകൾ കൊടുക്കേണ്ട മേഖലയെ മുഴുവൻ സ്യകാര്യവത്ക്കരിക്കാനുള്ള നീക്കം നടക്കുകയാണ്. പക്ഷേ ഇവിടെ പറയാതെ പോയൊരു കാര്യമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നയത്തെ സംബന്ധിച്ച് ഒരു വിമർശനം ഉയർന്നുവന്നിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് കോർപ്പറേറ്റുകളുടെ താൽപര്യങ്ങൾ മാത്രമാണ് സംരക്ഷിക്കുന്നത്. അന്താരാഷ്ട്ര മാർക്കറ്റിൽ ഇടപെടാൻ ഉദ്ദേശിച്ചുകൊണ്ട് കേന്ദ്രം നടത്തുന്ന എല്ലാ പരിശ്രമങ്ങളും നയതന്ത്രവും പരാജയപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഏറ്റവും ഒടുവിൽ ചേരിചേരാനയം ഉപേക്ഷിച്ച് ആണവവിതരണ സംഘത്തിൽ

അംഗത്വത്തിനുവേണ്ടി കേന്ദ്രഗവൺമെന്റ് നടത്തിയ നീക്കമുണ്ട്. അതിപ്പോൾ സോളിൽ കഴിഞ്ഞ മീറ്റിംഗ് വന്നപ്പോൾ പൊളിഞ്ഞു. പ്രധാനമന്ത്രി സന്ദർശിച്ച ബ്രസീൽ, ആസ്ട്രേലിയ, അയർലാന്റ്, ന്യൂസിലാന്റ്, ചൈന, തുർക്കി എന്നീ രാജ്യങ്ങൾ നമ്മളെ എതിർത്തു. ഓരോ പരിശ്രമവും പരാജയപ്പെടുന്നു. പക്ഷേ ഈ ഒരു നയപരിവർത്തനം പൊടുന്നനെ ഉണ്ടായതല്ലെന്ന് നമ്മൾ വിലയിരുത്താതെ പോകുന്നത് ശരിയല്ല. നമുക്ക് ചരിത്രബോധം ഉണ്ടാകുന്നതോടൊപ്പം ചരിത്രത്തെ കുറിച്ച് അജ്ഞത ഉണ്ടാകരുതെന്ന് നേരത്തെ ഈ ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് ശ്രീ. കെ. എസ്. ശബരീനാഥൻ സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ചരിത്രത്തിലേക്കുകൂടി നമ്മൾ പോകേണ്ടതായിട്ടുണ്ട്. 1991 മുതൽ തുടങ്ങിയ ബാങ്കിംഗ് സെക്ടർ ഉൾപ്പെടെയുള്ളവ നമ്മുടെ സമ്പദ്ഘടനയുടെ നവലിബറൽ പരിഷ്കാരങ്ങളുടെ തുടർച്ചയായിട്ട് വന്നുകൊണ്ടിരിക്കുന്നവയാണ്. ഇതിൽ നരസിംഹറാവു-മൻമോഹൻസിംഗ് കൂട്ടുകെട്ടിന്റെ തുടർച്ചയുണ്ട്. ഇപ്പോൾ ബി.ജെ.പി. സർക്കാർ കോർപ്പറേറ്റുകൾക്കു വേണ്ടി വളരെ വാശിയോടെ ഈ നയം നടപ്പാക്കുന്നു. നേരത്തെ കോൺഗ്രസ്സ് ഗവൺമന്റ് നടപ്പാക്കിയതിന്റെ സർവ്വസംഹാര ഭാവത്തിലാണ് ഇപ്പോൾ ഇവർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പക്ഷേ അതിലേക്ക് നയിച്ചൊരു പശ്ചാത്തലം കൂടി നാം കാണേണ്ടതുണ്ട്. നേരത്തെ ബാങ്കിംഗ് മേഖലയിലെ വിവിധ പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് നരസിംഹം കമ്മിറ്റി റിപ്പോർട്ട് വന്നിരുന്നു. ഇപ്പോൾ ഖണ്ഡേൽവാർ കമ്മിറ്റി റിപ്പോർട്ടും രഘുറാം രാജൻ കമ്മിറ്റി റിപ്പോർട്ടും ഏറ്റവും ഒടുവിലായി പി.ജെ. നായിക് കമ്മിറ്റി റിപ്പോർട്ടും വന്നു. 1990-ന് ശേഷം വന്ന ബാങ്കിംഗ് സെക്ടറിലെ പരിഷ്കാരവുമായി ബന്ധപ്പെട്ട എല്ലാ റിപ്പോർട്ടുകളും നവലിബറൽ നയങ്ങൾക്കനുകൂലമായ പരിഷ്കാരങ്ങളാണ് നിർദ്ദേശിച്ചത്. ഈ റിപ്പോർട്ടുകളിലെല്ലാം ബാങ്കിന്റെ കൺസോളിഡേഷനെക്കുറിച്ചാണ് പരാമർശിച്ചത്. ഇതിൽ പി. ജെ. നായിക് കമ്മിറ്റി റിപ്പോർട്ട് ഏറ്റവും ഒടുവിലത്തേതാണ്. അത് ശ്രീ. പി. ചിദംബരം ധനമന്ത്രിയായിരുന്നപ്പോൾ വച്ചതാണ്.ആ റിപ്പോർട്ടിലെ നിർദ്ദേശമനുസരിച്ചാണ് ബാങ്ക് ബോർഡ് ബ്യൂറോ രൂപീകരിച്ചത്. വിനോദ് റായ് ചെയർമാനായിട്ടുള്ള ബാങ്ക് ബോർഡ് ബ്യൂറോയുടെ കർശനമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഈ പരിഷ്കാരങ്ങളെല്ലാം നടന്നുകൊണ്ടിരിക്കുന്നത്. അതും കഴിഞ്ഞ ഗവൺമെന്റിന്റെ പരിഷ്കാരങ്ങളുടെ തുടർച്ചയായി വന്നിട്ടുള്ളതാണ്. കോൺഗ്രസ് ഗവൺമെന്റ് ഇതെല്ലാം ഒരുക്കി താലത്തിൽ വച്ചുകൊടുത്തപ്പോൾ കോൺഗ്രസ്സിനെക്കാൾ വർദ്ധിത വീര്യത്തോടെ ഈ നയങ്ങൾ നടപ്പിലാക്കുന്ന ബി.ജെ.പി. ഗവൺമെന്റ് ആ സന്ദർഭമുപയോഗിച്ച് ജനവിരുദ്ധമായ നയം നടപ്പാക്കുകയാണ്. 2012-ലെ ബാങ്കിംഗ് നിയമ ഭേദഗതി ശ്രീ പി. ചിദംബരം മന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്നതാണ്. അതിലും നേരത്തേ പറഞ്ഞതു പോലെ പൊതുമേഖലാ ബാങ്കുകളുടെ ഷെയർ, പത്ത് ഷെയർ വാങ്ങിയാലും ഒരു

ശതമാനം മാത്രം വോട്ടവകാശമുണ്ടായിരുന്നത് പ്രൊപ്പോർഷണലാക്കി മാറ്റാൻ തീരുമാനിച്ചതുവഴി ആ മേഖലയിൽ സ്വകാര്യ ഇടപെടലുകൾക്ക് കൂടുതൽ അരങ്ങൊരുക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ബാങ്കിംഗ് മേഖലയിലെ സ്വകാര്യവൽക്കരണനയം ഈ ബാങ്കുകളെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് ഒറ്റ ബാങ്കാക്കുന്നതിലൂടെ, ഇപ്പോൾ ഏറ്റവും ഒടുവിൽ ബാങ്ക് ഇൻവെസ്റ്റ്മെന്റ് കമ്പനി ബാങ്ക് ബോർഡ് ബ്യൂറോയുടെ (ബി.ബി.ബി.)-യുടെ നിർദ്ദേശപ്രകാരം രൂപീകരിക്കുകയാണ്. അത് വന്നു കഴിഞ്ഞാൽ ബഹുരാഷ്ട്ര കമ്പനികൾക്കും കോർപ്പറേറ്റുകൾക്കുമെല്ലാം എളുപ്പത്തിൽ ഷെയർ കൊടുക്കുന്നതിന് സാധിക്കും. നാടിന്റെ പൊതുതാൽപര്യം സംരക്ഷിക്കാതെ കോർപ്പറേറ്റുകളുടെ താൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്കിംഗ് രംഗത്ത് റീസ്ട്രക്ച്ചറിംഗ് തുടങ്ങിയത് നവലിബറൽ നയങ്ങളുടെ ഭാഗമായിട്ടാണെന്നുള്ള വസ്തുത കാണേണ്ടതുണ്ട്. പൂർണ്ണമായും കോർപ്പറേറ്റുകളുടെ മുമ്പിൽ നട്ടെല്ല് ഉയർത്തി നിൽക്കാൻ കെൽപ്പില്ലാത്ത കേന്ദ്ര സർക്കാർ ഈ സന്ദർഭത്തെ ഏറ്റവും നന്നായി ഉപയോഗിക്കുകയാണ്. ഞാൻ ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്. കഴിഞ്ഞ ദിവസം ശ്രീ. കെ. മുരളീധരൻ കോൺഗ്രസ്സിന്റെ നട്ടെല്ല് തകർന്നുവെന്ന് പ്രസ്താവിക്കുകയുണ്ടായി. അത് വെറുതെ കട്ടിലിൽ നിന്ന് വീണ് തകർന്നതല്ല. നവലിബറൽ നയത്തിന്റെ ഭാഗമായി സ്വയം എടുത്ത് ചാടിയതിന്റെ ഫലമായുള്ള തകർച്ചയാണ്. അതിന് നയപരമായ ചികിത്സതന്നെ വേണം. ഇപ്പോൾ ഏതായാലും ഈ കാര്യത്തിലെങ്കിലും നമുക്കെല്ലാവർക്കും യോജിക്കാൻ സാധിക്കുമെന്നുള്ളത് നല്ല കാര്യമാണ്. അതുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. ശ്രീ. എ. പ്രദീപ് കുമാർ ഇപ്പോൾ സ്വീകരിച്ച സമീപനം ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്. ഇന്നത്തെ കേന്ദ്രഗവൺമെന്റ് എടുക്കുന്ന തെറ്റായ നടപടിക്കെതിരെ നിയമസഭ ഒറ്റക്കെട്ടായി ശബ്ദമുയർത്തുന്ന അവസരത്തിൽ അതിന്റെ ഗൗരവം കുറയ്ക്കാനായി പിന്നെയും കോൺഗ്രസ് ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. വാസ്തവത്തിൽ ഇന്ത്യയിലെ കോടീശ്വരന്മാരുടെ കയ്യിലുള്ള ആയിരക്കണക്കിന് കോടി രൂപ പാവപ്പെട്ടവന്റെ കുടിലുകളിലേക്ക് വരത്തക്കവണ്ണം ബാങ്കുകളെ ദേശവൽക്കരിക്കാനെടുത്ത നടപടി കോൺഗ്രസ്സ് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടേതായിരുന്നു. എന്തൊരു അടിസ്ഥാനപരമായ മാറ്റമായിരുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അതാണല്ലോ യഥാർത്ഥ അടിത്തട്ട്. ഇവിടെ എല്ലാവരും സ്റ്റേറ്റ് ബാങ്കിന്റെ മഹിമയും കേരളീയ

മനസ്സുകളിൽ സ്റ്റേറ്റ് ബാങ്ക് നേടിയിരിക്കുന്ന ചിരപ്രതിഷ്ഠയും സംബന്ധിച്ച് പറഞ്ഞു. ഏഴ് പതിറ്റാണ്ടുകളായി കേരളത്തിലെ ജനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ബാങ്കാണ് എസ്.ബി.ടി. എസ്.ബി.ടി.-യുടെ മൊത്തം ബിസിനസ്സിന്റെ നാലിലൊന്നും നടത്തുന്നത് കേരളത്തിലാണ്. അതിന്റെ കണക്കുകൾ ഇവിടെ എല്ലാവരും പറഞ്ഞു കഴിഞ്ഞു. പക്ഷേ ഇനി മുന്നോട്ടുള്ള നീക്കം വളരെ പ്രധാനപ്പെട്ടതാണ്. കേന്ദ്രഗവൺമെന്റും റിസർവ് ബാങ്കും എടുക്കാൻ പോകുന്ന ഈ തീരുമാനത്തെ തടയാൻ നമുക്ക് എങ്ങനെ സാധിക്കും? നമ്മൾ എല്ലാ കാര്യങ്ങളിലും കേന്ദ്ര സർക്കാരിനെ എതിർക്കുന്നില്ല. എന്നാൽ ആവശ്യമുള്ള കാര്യങ്ങളിൽ എതിർക്കുക തന്നെ ചെയ്യും. വളരെ പ്രാധാന്യമുള്ള ഈ വിഷയത്തിൽ ഒരുമിച്ചുനിന്നുകൊണ്ട് കേരളത്തെ എങ്ങനെ രക്ഷിക്കാമെന്നത് ഗൗരവത്തോടെ ആലോചിക്കേണ്ട വിഷയമാണ്. പ്രധാനപ്പെട്ട വേറെ രണ്ടുമൂന്ന് വിഷയമുള്ളത്, സമീപകാലത്ത് പുതിയ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിനുശേഷം വരുന്ന നയമാറ്റം നമ്മൾ ഗൗരവത്തോടെ കാണണം. ഓരോ വിഷയത്തിലും സംസ്ഥാനത്തിന്റെ താൽപര്യത്തിൽ എന്റെ പാർട്ടിക്ക് നയം പ്രത്യേകിച്ചുണ്ട്. ഇന്ത്യ എന്നുപറയുന്നത് കേന്ദ്രഗവൺമെന്റല്ല. ഇന്ത്യ എന്നു പറയുന്നത് യൂണിയൻ ഓഫ് സ്റ്റേറ്റ്സാണ്, ഫെഡറേഷൻ ഓഫ് സ്റ്റേറ്റ്സാണ്. അപ്പോൾ സ്റ്റേറ്റുകൾ ചേർന്നുള്ള ഈ രാജ്യത്തിൽ ഡെൽഹി കേന്ദ്രീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിലേക്ക് പണവും അധികാരവും വരണം. പക്ഷേ അതിനുള്ള ക്ഷേമപദ്ധതികളും വികസന പദ്ധതികളും എല്ലാ സംസ്ഥാനങ്ങൾക്കും ന്യായമായിട്ടും നീതിയുക്തമായിട്ടും ഭരണഘടനയ്ക്കുനു സൃതമായ മാനദണ്ഡങ്ങൾ വച്ച് വിഭജിക്കപ്പെടണമെന്നത് സമീപകാലത്ത് വളരെക്കൂടുതൽ ലംഘിക്കപ്പെടുകയാണ്. നേരത്തെ കോൺഗ്രസ് ഗവൺമെന്റ് അധികാരത്തി ലിരുന്നപ്പോഴും ഇത്തരം പ്രവണതകളെ ഞങ്ങൾ എതിർത്തിട്ടുണ്ട്. ഇക്കാര്യങ്ങൾ കേന്ദ്രത്തിൽ കോൺഗ്രസ്സ് ഗവൺമെന്റ് തിരുത്തി വളരെയധികം മാറ്റങ്ങൾ വരുത്തിയെങ്കിലും ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നപ്പോൾ സ്റ്റേറ്റുകളുടെ കാര്യങ്ങളിൽ, പ്രത്യേകിച്ച് കേരളം പോലുള്ള സംസ്ഥാനത്തിന്റെ ഒരു കാര്യത്തിലും നമുക്കനുകൂലമായ നടപടിയെടുക്കാൻ സാധിക്കുന്നില്ല. എന്തുകൊണ്ടാണ് കേന്ദ്രഗവൺമെന്റിന് കേരളത്തോട് ഇത്രയും പിണക്കം തോന്നുന്നത്? തുടർച്ചയായി നമ്മൾ ആവശ്യപ്പെട്ടതിന്റെ ഫലമായി 150 രൂപയെങ്കിലും റബ്ബറിന് ലഭിക്കത്തക്കവിധമുള്ള ശേഖരണം നടത്താൻ തീരുമാനിച്ചു. ഇതിനുമുമ്പുതന്നെ വില സ്ഥിരതാ ഫണ്ടിൽനിന്ന് തുക നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടെങ്കിലും ഇതുവരെയും കേരളത്തിന് ഒറ്റപൈസ നൽകിയിട്ടില്ല. വിഴിഞ്ഞത്തിന് പകരമായി ഇപ്പോൾ വന്നിരിക്കുന്നത് കുളച്ചൽ പദ്ധതിയാണ്. എന്ത് പ്രതീക്ഷയോടെ കൊണ്ടുപോയ പദ്ധതിയാണ് ? കേരള സംസ്ഥാനത്തിൽ കേന്ദ്രത്തിന് നിക്ഷേപം വല്ലതുമുണ്ടോ?കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ വിഹിതം 80:20 എന്നത്

വെട്ടിക്കുറച്ച് 60:40 ആക്കി മാറ്റി കേരളത്തിന്റെ താൽപര്യങ്ങൾ ഒന്നൊന്നായി തകർക്കുകയാണ്. ഇന്ത്യൻ യൂണിയനിൽ നിൽക്കുന്ന സ്റ്റേറ്റുകളുടെ താൽപര്യങ്ങൾ പരിഗണിക്കാതെ മുഴുവൻ കേന്ദ്രത്തിന് എന്നുള്ള സമീപനം സ്വീകരിക്കുന്നത് ഭരണഘടനയ്ക്ക് ചേർന്നതല്ല. ഫെഡറൽ സംവിധാനമെന്നതാണ് ഇന്ത്യയുടെ സങ്കൽപ്പം. ഇവിടെ സംസ്ഥാനങ്ങളുടെ താൽപര്യവും സംരക്ഷിക്കപ്പെടണം. കേരളത്തിന്റെ പുരോഗതിയിൽ വലിയ പങ്ക് നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന, കാർഷിക, ചെറുകിട വ്യവസായ മേഖലകൾക്കും വനിതകൾക്കും അടിസ്ഥാന വിഭാഗങ്ങൾക്കും വായ്പ നൽകുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന ഈ ബാങ്കിനെ സംരക്ഷിക്കുവാനുള്ള യോജിച്ച നീക്കം നമുക്കൊരുമിച്ച് നടത്താമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ ഒന്നുകൂടി അനുകൂലിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. എസ്.ബി.ടി. നൽകുന്ന കാർഷിക വായ്പയെക്കുറിച്ച് ഊന്നിപ്പറയാൻ ആഗ്രഹിക്കുകയാണ്. കാർഷിക വായ്പയുടെ ടോട്ടൽ ലെൻഡിംഗിന്റെ 18 ശതമാനമാണ് കൊടുക്കുന്നത്. അതിൽ 13 ശതമാനം കൃഷിക്കാർക്ക് നേരിട്ടും ബാക്കി 5 ശതമാനം ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനും കൊടുക്കണമെന്നാണ്. ഇതിന്റെ മുന്നോടിയായി ഇപ്പോൾ അതിനൊരു ഭേദഗതി കൊണ്ടുവന്നു. എന്നുവച്ചാൽ 13 ശതമാനം എന്നുള്ളത് എടുത്തുകളഞ്ഞു. അതിന്റെ ഫലമായി ഈ ലയനത്തോടുകൂടി ഉണ്ടാകാൻ പോകുന്ന അപകടം ഇപ്പോൾ കൃഷിക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ മുഴുവൻ ഇല്ലാതാകുന്ന ഒരവസ്ഥയുണ്ടാകും.ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് എന്നുപറഞ്ഞുകൊണ്ട് മുംബൈയിലുള്ള റിലയൻസ് കമ്പനിയുടെ സൂപ്പർ മാർക്കറ്റിലേക്കുള്ള സാധനങ്ങൾക്കായി 300 കോടിരൂപയാണ് 4 ശതമാനം പലിശയ്ക്ക് കൊടുത്തത്. ഇതിന്റെ ഫലമായി കേരളത്തിലെ കാർഷിക മേഖലയ്ക്ക് ഇനി ഒരു രൂപപോലും കിട്ടാൻ സാദ്ധ്യതയില്ലാത്ത ഒരവസ്ഥയുണ്ടാകും. കാർഷിക മേഖല കൈകാര്യം ചെയ്യുന്ന വൻകിട കമ്പനിക്കാർക്കും വൻകിട മുതലാളിമാർക്കുമാണ് ഇതിന്റെ ലാഭം കിട്ടാൻ പോകുന്നത്. ഇത് കേരളത്തിലെ കാർഷിക മേഖലയ്ക്ക് വലിയ ദോഷം സംഭവിക്കുകയും ചെയ്യും. ഇതുസംബന്ധിച്ച് നേരത്തെ ശ്രീ. എ. പ്രദീപ് കുമാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, ഇതിന്റെ ഷെയർ മുഴുവൻ ഒരു ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് കൈമാറാനാണ് ഇപ്പോൾ കേന്ദ്രത്തിലെ ശ്രീ. അരുൺ ജെയ്റ്റ്‌ലിയുടെ ബഡ്ജറ്റിലൂടെയുള്ള നീക്കം. അങ്ങനെ സംഭവിച്ചാൽ ഷെയർ മുഴുവൻ പ്രൈവറ്റ് മേഖലയിലേക്ക് പോകും, ഈ ബാങ്ക് തന്നെ പ്രൈവറ്റ് മേഖലയിലേയ്ക്ക് പോകാനുള്ള സാദ്ധ്യതയുണ്ടാകും. കേരളത്തിലെ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്കാണ് ഇതിന്റെ ദോഷമുണ്ടാകാൻ പോകുന്നത്. ഇപ്പോൾ ബാങ്കിന്റെ ഒരു ബോർഡ് വരാൻ പോകുന്നു. ക്യാമ്പസ് സെലക്ഷൻ നടത്താനുള്ള അധികാരംപോലും

അവർക്ക് കൊടുക്കാൻ പോകുകയാണ്. ബാങ്ക് ടെസ്റ്റ് എഴുതി ജോലിക്കായി കാത്തിരിക്കുന്ന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്തൊരു അവസ്ഥയുണ്ടാകാൻ പോകുന്നു. ഇതിനെ പ്രൈവറ്റ് മേഖലയ്ക്ക് കൊണ്ടുപോകുന്നുവെന്ന കാര്യവുംകൂടി ഈ പ്രമേയത്തിൽ ഉൾപ്പെടുത്തണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഒരിക്കൽ കൂടി ഉപക്ഷേപത്തെ പിന്താങ്ങുന്നു.

1.00PM]

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കുകയും സ്വകാര്യ ബാങ്കുകളെ വിദേശവൽക്കരിക്കുകയും ഇന്ത്യൻ ബാങ്കിംഗ് സംവിധാനത്തെ സ്വദേശ-വിദേശ കുത്തകകൾക്ക് കൈമാറുകയും ചെയ്യുന്ന പ്രക്രിയയുടെ മൂർദ്ധന്യാവസ്ഥയിലാണ് നമ്മുടെ രാജ്യം നിൽക്കുന്നത്. കേരളം ഒട്ടനവധി കാര്യങ്ങളിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലും മറ്റ് പൊതുവിതരണ മേഖലകളിലുമൊക്കെ കേരളം സൃഷ്ടിച്ചിട്ടുള്ള ഒരു മാതൃകയുണ്ട്. ഇക്കാര്യത്തിലും കേരളത്തിന് ഒരു മാതൃക സൃഷ്ടിക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസമാണ് എനിക്കുള്ളത്. 2012 ഡിസംബർ 18-ന് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ബാങ്കിംഗ് റെഗുലേഷൻ ആക്ട് പൊതുമേഖലാ ബാങ്കുകളുടെ കടയ്ക്കൽ കത്തിവയ്ക്കുന്നതാണ്. റിസർവ് ബാങ്ക് നിയമിച്ച പി. ജെ. നായ്ക് കമ്മിറ്റി ശിപാർശകൾ പൊതുമേഖലാ സ്ഥാപനങ്ങളുടെ സമ്പൂർണ്ണ സ്വകാര്യവൽക്കരണം ഉറപ്പുവരുത്തിയിട്ടുള്ള ഒന്നാണ്. റിസർവ് ബാങ്കാണ് പി. ജെ. നായ്ക് കമ്മിറ്റിയെ നിർദ്ദേശിച്ചിട്ടുള്ളത്. സ്വകാര്യ ബാങ്കുകളിൽ 74 ശതമാനംവരെ പ്രത്യക്ഷ നിക്ഷേപം ഉയർത്താനുള്ള തീരുമാനംകൂടി കൂട്ടിച്ചേർത്ത് വായിച്ചാൽ പൊതുമേഖലാ ബാങ്കുകളുടെ സ്വകാര്യവൽക്കരണം ദ്രുതഗതിയിൽ നടത്താൻവേണ്ടിയുള്ള വലിയൊരു ഗൂഢാലോചന ഈ രംഗത്ത് നടന്നിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. നിക്ഷേപകന് കൊടുക്കുന്ന പലിശയും വായ്പക്കാരനിൽനിന്നും വാങ്ങുന്ന പലിശയും തമ്മിലുള്ള വ്യത്യാസമാണ് ബാങ്കുകളെ നിലനിർത്തുന്നത്. എന്നാൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഇക്കാര്യത്തിലെടുക്കുന്ന നിലപാടുകൾ ജനപക്ഷമാണ്. Highly skilled ആയിട്ടുള്ള, ട്രെയിനിംഗ് കിട്ടിയിട്ടുള്ള ജീവനക്കാരാണ് ഇവിടെയുള്ളത്. ബാങ്കിന്റെ വളർച്ചയും നിലനിൽപ്പും കൂടുതൽ ബ്രാഞ്ചുകൾ ഉണ്ടാകുന്നതും മറ്റും ഈ ബാങ്കിംഗ് ഗ്രൂപ്പിന്റെ ശ്രമഫലമാണ്. എസ്.ബി.ടി.-ക്ക് രണ്ട് ട്രെയിനിംഗ് സെന്ററുകളുണ്ടെങ്കിലും അതിന്റെ ആസ്തി എത്രയാണെന്ന് പൂർണ്ണമായി കണക്കാക്കിയിട്ടില്ല. അതിന്റെ കണക്കെടുപ്പുകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ഹെഡ് ക്വാർട്ടേഴ്സ് കേരളത്തിലുള്ള ഏക ബാങ്കാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. നാഷണൽ ലെവലിലും ഇൻർനാഷണൽ

ലെവലിലുമുള്ള ഏജൻസികളുടെ അക്രെഡിറ്റേഷൻ കിട്ടിയിട്ടുള്ള ബാങ്കാണിത്. ഒരു കോടി രൂപയിലധികം അക്കൗണ്ട് ഹോൾഡേഴ്സ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനുണ്ട്. വിദ്യാഭ്യാസ വായ്പയുടെ 25 ശതമാനം, കഴിഞ്ഞ വർഷം ഏതാണ്ട് 19,782 പേർക്ക് 585 കോടിരൂപ വായ്പായിനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയിട്ടുണ്ട്. കൂടാതെ കൃഷിക്കാർ, കച്ചവടക്കാർ, സ്വയംതൊഴിൽ സംരംഭകരടക്കമുള്ളവർക്ക് വായ്പ നൽകുന്നുണ്ട്. ചില ആക്ഷേപങ്ങളും പരാതികളുമൊക്കെ ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റിയിലും സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയിലുമൊക്കെ വരുന്നുണ്ടെങ്കിലും ആ പരാതി പറയാനും കേൾക്കാനും താൽപര്യമുള്ള സ്ഥാപനമെന്ന നിലയിലാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ പ്രവർത്തനങ്ങളെ നാം കാണുന്നത്. ഒരു സ്വകാര്യ കമ്പനിയായ റിലയൻസ് ഗ്രൂപ്പിന്റെ വിദ്യാഭ്യാസ വായ്പ തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ഈ നിയമസഭയുടെ മുമ്പിൽ സബ്മിഷനായി അവതരിപ്പിച്ച ഒരാളാണ് ഞാൻ. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി അതിന് മറുപടി നൽകുകയും ചെയ്തു. റിലയൻസ് ഗ്രൂപ്പിന്റെ വിദ്യാഭ്യാസ വായ്പ തിരിച്ചുപിടിക്കുന്നതിനുവേണ്ടി ഏൽപ്പിച്ച നടപടിക്രമങ്ങൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

2006-ലാണ് അദാലത്ത് ആദ്യമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ആരംഭിച്ചത്. വില്ലേജ് വഴിയുള്ള റവന്യൂ റിക്കവറി നടപടിക്രമങ്ങളുടെ ഭാഗമായി ഏതാണ്ട് 5 ശതമാനം തുക ഈടാക്കിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ മിനിമം acceptable amount വച്ചുകൊണ്ട് അദാലത്ത് ആദ്യമായി നടത്താൻ തീരുമാനിച്ചത്. കുവൈറ്റ് യുദ്ധമുണ്ടായപ്പോൾ കുമ്പനാട്ടും വർക്കലയിലും ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് സിറ്റി ബാങ്ക് അപേക്ഷ കൊടുത്തിരുന്നൊരു കാലഘട്ടത്തിൽ, അതിൽനിന്നും വ്യത്യസ്തമായി ഒരു യുദ്ധമുണ്ടായപ്പോൾ കൈ കൊടുക്കാൻ ആരും ഇല്ലാതിരുന്ന കാലഘട്ടത്തിൽ, കുവൈറ്റ് ദിനാറിന് 25 രൂപ വിലയിട്ട് എയർലിഫ്റ്റ് ചെയ്ത്, പിന്നീട് ആ രാജ്യം സ്റ്റെഡി ആയപ്പോൾ അന്ന് 25 രൂപ കൊടുത്തുവാങ്ങിയ കുവൈത്ത് ദിനാറിന് 56 രൂപ ലഭിച്ചപ്പോൾ 31 രൂപ നിക്ഷേപകർക്ക് മടക്കിക്കൊടുക്കുന്നതിനുള്ള ഒരു മര്യാദ കാണിച്ചത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ആണ്. അന്ന് ഒരു സുഹൃത്ത് എന്നുള്ള നിലയിൽ, ഒരു പ്രതിസന്ധിയിൽ, പ്രവാസികളെ സഹായിക്കാൻ മനസ്സുകാണിച്ച ബാങ്കാണിത്. അത് നമുക്ക് മറക്കാൻ കഴിയില്ല. ആദ്യമായി എൻ.ആർ.ഐ.-കൾക്കുവേണ്ടി ബുക്ക് ലെറ്റ് ഇറക്കിയതും എസ്.ബി.ടി.-യാണ്. കേരളത്തിന്റെ ആദ്യത്തെ സ്വകാര്യ ചാനലായ ഏഷ്യാനെറ്റിന്റെ പ്രതിഭാധനനായ വ്യക്തി ശ്രീ. ശശികുമാറിന് ആദ്യമായി കൈകൊടുക്കാൻ ധൈര്യം കാട്ടിയതും എസ്.ബി.ടി.-യാണെന്ന കാര്യം മറന്നുകൂടാ. എസ്.ബി.ടി.-യുടെ വളർച്ച പരിശോധിച്ചാൽ 2010-ൽ ഒരു

ലക്ഷംകോടി രൂപയുടെ ടോട്ടൽ ബിസിനസ് ഉണ്ടായിരുന്ന സ്ഥാനത്ത് 2016 ആയപ്പോഴേക്കും ഒരു ലക്ഷത്തിഅറുപതിനായിരം കോടിരൂപയുടെ ബിസിനസ്സായി വളർന്നിട്ടുണ്ട്. സ്റ്റോക്ക് എക്സ്ചേഞ്ചുകളുടെ ലിസ്റ്റിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഉണ്ടെന്ന കാര്യം നമ്മൾ മറക്കാൻ പാടില്ല. ബാലൻസ് ഷീറ്റ് എന്നും ലാഭത്തിൽ നിൽക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഇനി വരുന്ന ക്വാർട്ടർലി ബാലൻസ് ഷീറ്റുകൾ നഷ്ടത്തിലാക്കുന്നതിന് ചില ഗൂഢാലോചനകൾ നടക്കുന്നുണ്ട്. അതിന് നിഷ്ക്രിയ ആസ്തി കൂട്ടിക്കാണിക്കുക എന്ന തന്ത്രമാണ് അണിയറയിൽ ആലോചിക്കുന്നത്. അതിനെ ഗൗരവമായി തിരിച്ചറിഞ്ഞില്ലെങ്കിൽ നമുക്കുണ്ടാകുന്ന നഷ്ടം വളരെ വലുതായിരിക്കും. അത് അക്കൗണ്ട് ഹോൾഡേഴ്സിനെ കൊള്ളയടിക്കുന്നതിന് കാരണമായിത്തീരുകയും ചെയ്യും. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഒരു കാലഘട്ടത്തിലും ബാലൻസ് ഷീറ്റിൽ നഷ്ടം കാണിച്ചിട്ടില്ല. എസ്.ബി.ടി.-യുടെ ഷെയറിനുപകരം എസ്.ബി.ഐ.-യുടെ ഷെയർ കൊടുക്കാനുള്ള നീക്കമാണ് നടക്കുന്നത്. എസ്.ബി.ടി.-യുടെ 100 ഷെയറുള്ള ഒരാൾക്ക് എസ്.ബി.ഐ.-യുടെ 10 ഷെയർ കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു ഗൂഢാലോചനയും ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. നിക്ഷേപകർ കൊള്ളയടിക്കപ്പെടാതിരിക്കാനുള്ള ജാഗ്രതയുണ്ടാകണം. ഒരു അക്കൗണ്ട് ഹോൾഡർ എന്നുള്ള നിലയിൽ എസ്.ബി.ഐ.-ലേക്ക് എസ്.ബി.ടി. മാറുന്ന സാഹചര്യമുണ്ടായാൽ എന്റെ അക്കൗണ്ട് എസ്.ബി.ഐ.-ലേക്ക് മാറ്റണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അവകാശം എനിക്കുണ്ട്. എസ്.ബി.ടി.-യെ വിശ്വാസത്തിലെടുത്ത് ഞാൻ അക്കൗണ്ട് ചേർന്നിട്ടുണ്ടെങ്കിൽ, ഒരു അക്കൗണ്ട് ഹോൾഡർ എന്നുള്ള നിലയിൽ എന്റെ അവകാശത്തെ ചോദ്യം ചെയ്യുന്നതിന് ആരേയും അനുവദിക്കാൻ പാടില്ല. ഒരു കോടിയിലധികം വരുന്ന അക്കൗണ്ട് ഹോൾഡർമാരുടെ അവകാശത്തെ കൊള്ളയടിക്കുക എന്നുള്ള നിലയിൽ അതിനെ കാണണം. അവിടെ നിക്ഷേപകർക്ക് സ്വതന്ത്രമായി തീരുമാനമെടുക്കുന്നതിനുള്ള അവകാശംകൂടി കൊടുക്കണം. എസ്.ബി.ടി. എന്നുപറയുന്നത് എന്റെ സ്വന്തമാണ് എങ്കിൽ എസ്.ബി.ഐ. എന്റെകൂടിയാണെന്നുള്ള വികാരമുണ്ട്. 'ഭാരതമെന്നുകേട്ടാൽ അഭിമാനപൂരിതമാകണമന്തരംഗം, കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ'. ഞാൻ പ്രസംഗം നിർത്തുന്നു. ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് അനവധി ന്യൂ ജനറേഷൻ ബാങ്കുകളും വിദേശ ബാങ്കുകളുമുള്ള സന്ദർഭത്തിൽപ്പോലും ഇന്ന് മൊത്തം ബാങ്കിംഗിന്റെ 25 ശതമാനത്തിനുമുകളിൽ എസ്.ബി.ടി. കൈകാര്യം ചെയ്യുന്നു എന്നുള്ളത് എത്രമാത്രം വിശ്വാസ്യത ഈ ബാങ്കുമായി പൊതുസമൂഹത്തിനുണ്ടെന്നത് ചൂണ്ടിക്കാണിക്കപ്പെടുകയാണ്. ഈ ബാങ്കിന്റെ കമ്മ്യൂണിറ്റി സർവീസും സാമൂഹിക പ്രതിബദ്ധതയുമൊക്കെ നമുക്ക് വളരെയേറെ അറിയാവുന്നതാണ്. കേരളത്തിന്റെ സാമൂഹിക പശ്ചാത്തലങ്ങളോട് ഇണങ്ങിച്ചേർന്ന് പോകുന്ന ഒരു പൊതുമേഖലാ ബാങ്ക്,

നമ്മുടെ സംസ്ഥാനത്ത് ആസ്ഥാന മന്ദിരമുള്ള ഒരു പൊതുമേഖലാ ബാങ്ക് തുടങ്ങിയ ഒരുപാട് വൈകാരികമായ കാര്യങ്ങൾ ഇന്ന് സഭയിൽ നിന്നുതന്നെ ഉയർന്നുവരികയുണ്ടായി. ഇന്ന് അണിയറയിലുള്ള സംസാരത്തിൽ ഏറ്റവും പ്രധാനമായ ആക്ഷേപം അദാനിയെപ്പോലുള്ള വൻകിടക്കാരെ സഹായിക്കാൻ വേണ്ടിയാണ് ഈ ലയനത്തിലേയ്ക്ക് നീങ്ങുന്നത് എന്നാണ്. അത് നമ്മൾ മുഖവിലയ്ക്കെടുത്താലും ഇല്ലെങ്കിലും വൻകിടക്കാരെ സഹായിക്കുന്ന നിലയിലേക്ക് തന്നെയായിരിക്കും ബാങ്കിന്റെ ലയനങ്ങൾ ചെന്നെത്താൻ പോകുന്നത് എന്നതിൽ സംശയമില്ല. വൻകിടക്കാരെ സഹായിക്കേണ്ട എന്നല്ല പറയുന്നത്, വലിയ നിക്ഷേപങ്ങൾ വരുന്നതിനോ പുതിയ സംരംഭങ്ങൾ വരുന്നതിനോ നമ്മളാരും എതിരല്ല. വൻകിടക്കാർക്ക് സഹായകരമാകുന്ന നിലയിലേക്ക് വരുമ്പോൾ സാധാരണക്കാരുടെ താൽപര്യങ്ങൾ ഹനിക്കപ്പെടുമോ എന്നതാണ് സ്വാഭാവികമായും ഉയരുന്ന ആശങ്കകളിലൊന്ന്. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനുവേണ്ടി പുതിയ ബാങ്കിംഗ് ലൈസൻസുകൾ നൽകുകയും ആ സന്ദർഭത്തിൽത്തന്നെ പൊതുമേഖലാ ബാങ്കുകളെ പരസ്പരം ലയിപ്പിച്ച് ഇല്ലാതാക്കാനുള്ള സമീപനം സ്വീകരിക്കുകയും ചെയ്യുന്ന നടപടി പരസ്പരവിരുദ്ധമാണ്. സ്വാഭാവികമായും ലാഭകരമല്ലാത്ത ബിസിനസുകൾ ഒഴിവാക്കുക എന്ന നയം കടന്നുവരാം. ഇത് ചെറുകിട വായ്പകളെയും നിക്ഷേപങ്ങളെയും അകറ്റും. ഇവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തെ 'ഓപ്പറേഷൻ കുബേര' പോലുള്ള സംവിധാനങ്ങളിലേയ്ക്ക് നീങ്ങേണ്ടിവന്നു. ബ്ലേഡ് പലിശക്കാരടക്കം കടന്നുവന്നപ്പോൾ അവർക്കെതിരെ ശക്തമായ സമീപനം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായി. ഇതുപോലുള്ള ബാങ്കുകളുടെ പിൻവാങ്ങൽ സ്വാഭാവികമായും അത്തരക്കാരുടെ പുനഃപ്രവേശനത്തിനുള്ള വേദിയാകുമോയെന്ന് നമ്മൾ ചിന്തിക്കണം. വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ ബാങ്കുകളുടെ സമീപനം നമുക്കറിയാം. ഇവിടെയിരിക്കുന്ന എം.എൽ.എ. മാർക്കൊക്കെ സമാനമായ അനുഭവങ്ങൾ ഉണ്ടെന്ന് ഞാൻ കരുതുന്നു. എത്രയോ പേരാണ് വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ ശിപാർശയുമായി നമ്മളെ സമീപിക്കുന്നത്. വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ നെഗറ്റീവായിട്ടുള്ള സ്റ്റാന്റാണ് പല ബാങ്കുകളും സ്വീകരിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത് ബാങ്കേഴ്സ് മീറ്റൊക്കെ വിളിക്കുമ്പോൾ വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് ഗവൺമെന്റ് ബാങ്കുകളോട് ശക്തമായിത്തന്നെ ആവശ്യപ്പെടേണ്ടതാണ്. വിദ്യാഭ്യാസ വായ്പയുടെ കാര്യത്തിൽ എസ്.ബി.ടി. വളരെ ഭേദമാണ്. പത്തൊൻപതിനായിരത്തിൽപ്പരം വിദ്യാഭ്യാസ വായ്പകൾ നൽകുവാൻ കഴിയുന്ന എന്നുപറയുമ്പോൾത്തന്നെ എസ്.ബി.ടി.-യുടെ സാമൂഹ്യ പ്രതിബദ്ധത നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എസ്.ബി.ടി.-യെ നിലനിർത്തുകയെന്നത് കേരളത്തിന്റെ പൊതുവായ ഒരാവശ്യവും വികാരവുമാണ്. തീർച്ചയായും കേരളത്തിന്റെ ആശങ്കയും ശക്തമായ പ്രതിഷേധവും അറിയിക്കുന്നതോടൊപ്പം ഇതിൽനിന്ന് കേന്ദ്ര ഗവൺമെന്റ് പിൻമാറണമെന്ന ആവശ്യവും ഉപക്ഷേപത്തിലൂടെ മുന്നോട്ട് വയ്ക്കുകയാണ്. ഞാൻ ഈ ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു.

ശ്രീ. എൻ. വിജയൻ പിള്ള: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ബാങ്കായ എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിലേക്ക് ലയിപ്പിക്കുന്നത് നമുക്ക് വളരെ ദോഷം ചെയ്യുന്നതാണ്. അതുകൊണ്ട് ഈ ലയനം പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള സാമാജികരും ജനങ്ങളും ശക്തമായി എതിർക്കണം. തിരുവിതാംകൂറിലുണ്ടായ ഈ ട്രാവൻകൂർ ബാങ്കിനെ നശിപ്പിക്കാൻ ഒരിക്കലും അനുവദിക്കാൻ പാടില്ല. നമ്മുടെ നാട്ടിലെ സാധാരണക്കാരായ ജനങ്ങളും തൊഴിലാളികളും മറ്റ് ജനവിഭാഗങ്ങളും ഏറ്റവും കൂടുതൽ ഡെപ്പോസിറ്റ് ചെയ്യുകയും ലോണുകൾ അനുവദിക്കുകയും ചെയ്യുന്ന സ്ഥാപനമാണ് എസ്.ബി.ടി. നമ്മുടെ തനത് ഷെയറുള്ള ഈ ബാങ്കിനെ ഒരിക്കലും കൈവിടാൻ പാടില്ല. എല്ലാ ഭാഗത്തുമുള്ള ജനവിഭാഗങ്ങളും ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് എസ്.ബി.ടി.-യെ നിലനിർത്താൻ ശ്രമിക്കേണ്ടതാണ്. മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, മുഖ്യമന്ത്രി അവതരിപ്പിച്ച ഈ ഉപക്ഷേപത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. കേരള സമ്പദ്ഘടനയുടെ നെട്ടെല്ലായ എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിൽ ലയിപ്പിക്കുവാൻ മുൻ കേന്ദ്രഗവൺമെന്റ് തുടങ്ങിവച്ച ശ്രമമാണ് ഇപ്പോൾ രാജ്യം ഭരിക്കുന്ന നരേന്ദ്ര മോദി സർക്കാർ അതിവേഗത്തിൽ പൂർത്തീകരിക്കാൻ ശ്രമിക്കുന്നത്. ബാങ്കുകളുടെ ലയനത്തിന് കാർമ്മികത്വം വഹിക്കുവാൻ ബാങ്ക് ബോർഡ് ബ്യൂറോയ്ക്ക് രൂപം നൽകുകയാണ് അവർ ആദ്യം ചെയ്തത്. അതിന്റെ തലവനായ ശ്രീ. വിനോദ് റായ്-യുടെ കരങ്ങൾ ആദ്യമായി നീണ്ടത് എസ്.ബി.ടി. ഉൾപ്പെടെയുള്ള ആറ് സ്റ്റേറ്റ് ബാങ്കുകൾക്കുനേരെയാണ്. ചെറുതും വലുതുമായി 27 പൊതുമേഖലാ ബാങ്കുകൾ ഇന്ത്യയിലുണ്ട്. ഇത്രയേറെ ബാങ്കുകൾ പൊതുമേഖലയിൽ ആവശ്യമില്ലെന്ന് വിലയിരുത്തിയാണ് ലയനത്തിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിരിക്കുന്നത്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവൽക്ക രിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് ഇപ്പോൾ രാജ്യം ഭരിക്കുന്നത്. ഏത് സ്ഥലത്തേയ്ക്കും സ്വകാര്യവൽക്കരണം കൊണ്ടുവരാനുള്ള നടപടികളും തുടങ്ങിക്കഴിഞ്ഞു. നമ്മുടെ നിലനിൽപ്പിനെ വളരെയധികം ബാധിക്കുന്ന തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതുമായി ബന്ധപ്പെട്ട് കേരള സർക്കാരുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എല്ലാം ഏകപക്ഷീയമായി ചെയ്തുപോകുന്ന സ്ഥിതിയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇത് ഇന്ന് നിലനിൽക്കുന്ന ഫെഡറൽ സംവിധാനത്തെ നല്ലതുപോലെ ബാധിക്കും. നമ്മളെല്ലാവരും എസ്.ബി.ടി.-യുടെ ടാഗ് ലൈൻ ശ്രദ്ധിച്ചിട്ടുണ്ടാകും. 'A long tradition of trust' എന്നതാണ്

എസ്.ബി.ടി. യുടെ ടാഗ് ലൈൻ. ഒറ്റവാക്കിൽ പറഞ്ഞാൽ എസ്.ബി.ടി. എസ്.ബി.ഐ.-യിൽ ലയിക്കുമ്പോൾ നമുക്ക് നഷ്ടമാകുന്നതും കൈമോശം സംഭവിക്കുന്നതും തച്ചുതകർക്കപ്പെടുന്നതും 71 വർഷമായി കേരള ജനത ഒന്നാകെ നെഞ്ചിലേറ്റിയ ആ വിശ്വാസമാണ്. എസ്.ബി.ടി. ഇല്ലാതാകുമ്പോൾ നഷ്ടമാകുന്നത് മലയാളികളുടെ ഹൃദയ വികാരമാണ്. ഇവിടെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള എല്ലാവരും ഒരുപോലെ പറഞ്ഞ കാര്യമാണത്. കേരള സർക്കാരിന്റെ മുഖ്യബാങ്കായ എസ്.ബി.ടി. വഴിയാണ് സംസ്ഥാനത്തെ ബാങ്കിംഗ് ഇടപാടുകളുടെ 25 ശതമാനവും നടക്കുന്നത്. കൂടാതെ കേരള ജനതയുടെ ഉന്നമനത്തിനായി എക്കാലവും ശ്രദ്ധിച്ചിട്ടുള്ള ഈ ബാങ്ക് കൃഷിക്കാർ, ചെറുകിട വ്യവസായികൾ, സ്വയംതൊഴിൽ സംരംഭകർ തുടങ്ങിയ ജനവിഭാഗങ്ങളെ എക്കാലവും കൈപിടിച്ചുയർത്തിയിട്ടുണ്ടെന്നുള്ളത് നമ്മൾ കാണേണ്ടതായിട്ടുണ്ട്. ഗൾഫിൽനിന്ന് കേരളത്തിലേയ്ക്ക് അയയ്ക്കുന്ന പണത്തിന്റെ 40 ശതമാനവും എസ്.ബി.ടി. വഴിയാണ് വരുന്നത്. അത്തരത്തിലുള്ള ബാങ്ക് ഒരു വൻകിട ബാങ്കിൽ ലയിച്ചുകഴിയുമ്പോൾ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ ത്യജിക്കേണ്ടി വരിക സ്വാഭാവികം മാത്രമാണ്. ഇത് സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എസ്.ബി.ടി.-യിലെ ജീവനക്കാരെ സംബന്ധിച്ച് ലയനം ദോഷകരമാണ്. സ്ഥാനക്കയറ്റത്തിന്റെ ഭൂരിഭാഗവും വലിയ ബാങ്കായ എസ്.ബി.ഐ ജീവനക്കാർക്ക് ലഭിക്കുകയും എസ്.ബി.ടി.-യിലെ ഭൂരിഭാഗം ജീവനക്കാർക്കും പ്രൊമോഷൻ ഒരു വിദൂര സ്വപ്നം മാത്രമായി മാറുകയും ചെയ്യും. ഓരോ ബാങ്കിലെയും പ്രൊമോഷൻ മാനദണ്ഡങ്ങൾ വ്യത്യസ്തമായതിനാൽ ലയനശേഷം പദവികളിൽ തുല്യത വരുത്തുന്നതിന്റെ ഭാഗമായി ചെറിയ ബാങ്കായ എസ്.ബി.ടി.-യിലെ ജീവനക്കാരെ അവരുടെ ഇപ്പോഴത്തെ തസ്തികയിൽനിന്ന് തരംതാഴ്ത്താനുള്ള സാധ്യത വളരെ കൂടുതലാണ്. ഇതൊക്കെ ഈ ബാങ്കിന്റെ പ്രവർത്തനത്തെ നല്ല രീതിയിൽ ബാധിക്കും. ഇതെല്ലാം അഫക്ട് ചെയ്യുന്നത് സാധാരണക്കാരായ ജനങ്ങളെയാണ്. രണ്ടാംകിട പൗരൻമാർക്കുള്ള പരിഗണന മാത്രമേ എസ്.ബി.ടി. ജീവനക്കാർക്ക് ലഭിക്കുകയുള്ളൂ. ജോലി നഷ്ടപ്പെടൽ മറ്റൊരു ദോഷവശമാണ്. 50 വയസ്സിനുമുകളിൽ പ്രായമുള്ളവർ അല്ലെങ്കിൽ 25 വർഷത്തിലധികം സർവ്വീസുള്ളവർക്ക് വി.ആർ.എസ്. നൽകുവാൻ ബാങ്ക് നിർബന്ധിതമായിത്തീരും. അനുഭവസമ്പന്നരായ മിടുക്കരായ ഇവരുടെ കൂട്ടത്തോടെയുള്ള കൊഴിഞ്ഞുപോക്ക് ബാങ്കിംഗ് മേഖലയിൽ ഒരു ക്രൈസിസ് സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതോടൊപ്പംതന്നെ പുതിയ റിക്രൂട്ട്മെന്റ് കുറയ്ക്കുകയോ നിർത്തലാക്കുകയോ ചെയ്തേക്കാം. ഇത് അൺഎംപ്ലോയ്മെന്റ്

സിറ്റുവേഷൻ കൂടുതൽ മോശമാക്കി തീർക്കുന്നതോടൊപ്പം ലാ ആന്റ് ഓർഡർ പ്രോബ്ലംസിനും സോഷ്യൽ ഡിസ്റ്റർബൻസിനും കാരണമായിത്തീരും. കേരളത്തിന്റെ ഒട്ടുമിക്ക നഗരങ്ങളിലും ഇരട്ട ബ്രാഞ്ചുകളും എ.ടി.എമ്മുകളും കൺട്രോളിംഗ് ഓഫീസുകളും ലയനഫലമായി ഉടലെടുക്കും. കോസ്റ്റ് കട്ടിംഗിന്റെ ഭാഗമായി ഇവയിൽ മിക്കതും അടച്ചുപൂട്ടുകയോ ദൂരെസ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയോ ചെയ്യും. എസ്.ബി.ടി.-യുടെ ശാഖകളും ഓഫീസുകളുമായിരിക്കും ദുഃസ്ഥിതിക്ക് ഇരയാകേണ്ടിവരുന്നത്. ഇത് കസ്റ്റമേഴ്സിനെ പ്രതികൂലമായി ബാധിക്കും. പുതിയ സാഹചര്യങ്ങളുമായി ഒത്തിണങ്ങാൻ കസ്റ്റമേഴ്സ് ബുദ്ധിമുട്ടുകയും അവർ മറ്റ് ബാങ്കുകളിൽ ചേക്കേറുകയും ചെയ്യും. 2008-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് സൗരാഷ്ട്രയും 2010-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡോറും എസ്.ബി.ഐ.-യിൽ ലയിപ്പിച്ചപ്പോൾ അതിലെ 50 ശതമാനത്തിലധികം വരുന്ന ഇടപാടുകാർ മറ്റ് ബാങ്കുകളിലേയ്ക്ക് പോയി. അതാണ് ഇനി വരാൻ പോകുന്നത്. അതുപോലെ പുതിയ സാഹചര്യങ്ങളുമായി ഒത്തിണങ്ങാൻ ഇവർക്ക് ബുദ്ധിമുട്ടാകും. ശാഖകളുടെ ഓഫീസുകളുടെ അടച്ചുപൂട്ടൽവഴി അധികം വരുന്ന ജീവനക്കാരെ പുനഃക്രമീകരണം നടത്തുകയും തത്ഫലമായി അവരെ ഇന്ത്യയിൽ എവിടെ വേണമെങ്കിലും സ്ഥലം മാറ്റുകയും ചെയ്യുമെന്നത് നമ്മൾ കാണേണ്ടതായുണ്ട്. ഇത് ജീവനക്കാരുടെ കുടുംബജീവിതത്തെ ബാധിക്കും, പ്രത്യേകിച്ച് വനിതാ ജീവനക്കാർക്ക് ഇതൊരു കീറാമുട്ടിയായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു ഭാഗത്ത് സാമ്പത്തിക ഉൾച്ചേരൽ അഥവാ Financial inclusion-വേണ്ടി വാതോരാതെ സംസാരിക്കുകയും മറുഭാഗത്ത് ബാങ്ക് ലയനത്തെ കെട്ടിപ്പുണരുന്നതും ഒരു വിരോധാഭാസമായി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും ബാങ്ക് ലയനം ചെറുതോ വലുതോ ആയിക്കൊള്ളട്ടെ, സാമ്പത്തിക ഉൾച്ചേരലിനെ വളരെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു സംസ്ഥാനത്തിന്റെ സംസ്കാരം ഉൾക്കൊണ്ട ബാങ്കിനെ ഭീമാകാരനായിട്ടുള്ള ആഗോള വിപണിയുടെ സാന്നിദ്ധ്യമുള്ള മറ്റൊരു ബാങ്കിൽ ലയിപ്പിക്കുമ്പോൾ അടിയറ വയ്ക്കപ്പെടുന്നത് ആ സംസ്ഥാനത്തെ ജനങ്ങളുടെ വികസിത സ്വപ്നങ്ങളാണെന്ന് നമുക്കറിയാം. ശ്രീ. എസ്. ശർമ്മ സംസാരിച്ചപ്പോൾ മദർ ബാങ്കാണെന്ന് പറയുകയുണ്ടായി. അമ്മ വേർപെടുമ്പോൾ ഉണ്ടാകുന്ന വൈകാരികമായ പ്രയാസമാണ് യഥാർത്ഥത്തിൽ ഇപ്പോൾ സംഭവിക്കുന്നത്. ഒരുപറ്റം ജനങ്ങളുടെ സാമ്പത്തിക സാക്ഷരതയ്ക്കുവേണ്ടി, അതുവഴി സാമ്പത്തിക ഉൾച്ചേരലിന് വേണ്ടിയുള്ള ആഗ്രഹങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ലയനശേഷം ഉടലെടുക്കുന്ന ബിസിനസ് നയങ്ങൾ സംസ്ഥാനത്തെ ജനതയുടെ തനതായ ആവശ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായിരിക്കില്ലെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെ ഈ ലയനം കേരള ജനതയുടെ സാമ്പത്തിക ഉൾച്ചേരൽ എന്ന സ്വപ്നത്തെ പിന്നോട്ടുവലിക്കും.

ലയനംമൂലം കോർപ്പറേറ്റുകളുടെ താൽപ്പര്യമാണ് കൂടുതൽ സംരക്ഷിക്കപ്പെടുന്നത്. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കായാലും സ്വകാര്യ കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ പദ്ധതികൾക്കായാലും ഇപ്പോൾ വായ്പ നൽകിക്കൊണ്ടിരിക്കുന്നത് വിവിധ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ചാണ്. വായ്പ അനുവദിക്കുന്നതിനുമുമ്പ് പദ്ധതികളുടെ ഫീസിബിലിറ്റി ഓരോ ബാങ്കും പ്രത്യേകം പരിശോധിക്കുന്നതു കൊണ്ട് ഒരു പരിധിവരെ തട്ടിപ്പിന് കടിഞ്ഞാണിടാൻ കഴിഞ്ഞിരുന്നു. ഇതുമാറി ഒറ്റബാങ്ക് ആകുന്നതോടെ സ്ഥിതിവിശേഷംമാറും. കോർപ്പറേറ്റുകളുടെ താൽപ്പര്യം കൂടുതൽ സംരക്ഷിക്കപ്പെടും. ലയനംമൂലം ബാങ്ക് അക്കൗണ്ടുകളുടെയും റിക്കോർഡുകളുടെയും അപ്ഡേഷന് കാലതാമസം നേരിടും, ഏറ്റെടുക്കുന്ന ബാങ്കിന്റെ ഷെയർ പ്രൈസ്, ഡിവിഡന്റ് മുതലായവ കുറയും, വലിയ ബാങ്കായ എസ്.ബി.ഐ.-യുടെ നിഷ്ക്രിയ ആസ്തിയുടെ വ്യാപ്തംമൂലം ലയിക്കപ്പെടുന്ന ചെറിയ ബാങ്കുകൾക്കുണ്ടാകുന്ന അധികഭാരം എന്നിവ മറ്റുചില ദൂഷ്യവശങ്ങളാണ്. 2008-ൽ ഉണ്ടായ ആഗോള സാമ്പത്തിക പ്രതിസന്ധികൾക്കിടയിൽ ആഗോള ബാങ്കുകൾപോലും നിലംപൊത്തിയപ്പോൾ ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾ ഒരുപോറലുപോലും ഏൽക്കാതെ പിടിച്ചുനിന്നത് നമ്മുടെ മുമ്പിലുള്ള അനുഭവ പാഠങ്ങളാണ്. ഇതൊന്നും ഉൾക്കൊള്ളാതെ പടിഞ്ഞാറൻ മാതൃകയിൽ കേന്ദ്രീകൃത സ്വഭാവമുള്ള ഒരു ബാങ്കിംഗ് സംസ്കാരം നട്ടുവളർത്താൻ ഇന്ത്യ ശ്രമം നടത്തുന്നുവെന്നുള്ളതാണ് വിരോധാഭാസമായി കാണാൻ കഴിയുന്നത്. ബാലൻസ്ഷീറ്റിൽ ലാഭംമാത്രമുള്ള ഒരു ബാങ്കിനെ, സംസ്ഥാന ജനതയുടെ സാമ്പത്തിക ഇടപാടുകളിൽ ഇഴചേർന്നുകിടക്കുന്ന വളരെ റീച്ചുള്ള ഒരു പ്രാദേശിക ബാങ്കിനെ എസ്.ബി.ഐ.-യിൽ ലയിപ്പിക്കുക വഴി എന്തുഗുണമാണ് ആ പ്രദേശത്തെ ജനങ്ങൾക്കുണ്ടാകാൻ പോകുന്നത്. ഭാരതത്തിലെ പൊതുമേഖലാ ബാങ്കുകളിൽ ഏതെങ്കിലും ഭീഷണി നേരിടുന്നുണ്ടെങ്കിൽ അതിന് പ്രധാനകാരണം വർദ്ധിച്ചുവരുന്ന നിഷ്ക്രിയ ആസ്തികളെന്ന ഓമനപ്പേരുള്ള കിട്ടാക്കടങ്ങളാണ് (എൻ.പി.എ.).അതാണ് വിജയ് മല്യയുടെ കാര്യങ്ങളൊക്കെ ഇവിടെ സൂചിപ്പിച്ചത്. വൻകിടക്കാർ വന്ന് സാധാരണ ക്കാരുടേതുൾപ്പെടെയുള്ള പണം എടുക്കുകയും അത് തിരിച്ചടയ്ക്കാതിരിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണ് നമ്മൾ കണ്ടു കൊണ്ടിരിക്കുന്നത്. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ, ഒരു കാരണവശാലും ഈ ലയനം അനുവദിക്കാൻ പാടില്ല. അതിനുവേണ്ടി കൊണ്ടുവന്ന ഈ ഉപക്ഷേപത്തെ വീണ്ടും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ : സർ, എനിക്ക് അനുവദിച്ച ഒരുമിനിട്ട് തന്നെ ജാസ്തിയാണ്. രണ്ടുഭാഗത്തുനിന്നും സമാനമായ വാദഗതികളും ആശങ്കകളും ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ

എതിർക്കുന്നു. ആ എതിർപ്പിന്റെ അടിസ്ഥാനം സാമ്പത്തികം എന്നതിനേക്കാൾ കൂടുതൽ രാഷ്ട്രീയമായി ഒരു Anti-Modi-Sentiments-ന്റെ അടിസ്ഥാനത്തിലുള്ള വാദഗതികൾ കമ്മ്യൂണിസ്റ്റുകാർ ആവിഷ്കരിക്കുകയും കോൺഗ്രസ്സുകാർ അത് ഏറ്റുപറയുകയും മറ്റുള്ളവർ നിസ്സഹായരായി കൂട്ടുനിൽക്കുകയും ചെയ്യുന്ന ദൃശ്യമാണ് ഞാൻ കാണുന്നത്. ഈ ചർച്ച കേട്ട അവസരത്തിൽ എനിക്ക് ഒരു കാര്യമാണ് തോന്നിയത്, സ്വാതന്ത്ര്യം കിട്ടിയ ഉടൻ തിരുവിതാംകൂർ ഭാരതത്തിൽ ലയിക്കാനുള്ള ശ്രമം ആരംഭിച്ചപ്പോൾ ഇതേപോലുള്ള വാദങ്ങളൊക്കെയാണ് ഉന്നയിച്ചിരുന്നത്. നമ്മുടെ സ്വത്തും വ്യക്തിത്വവുമെല്ലാം നഷ്ടപ്പെടാൻ പോകുന്നു, കേരളീയത നഷ്ടപ്പെടാൻ പോകുന്നു, വലിയവൻ നമ്മളെ വന്ന് പിടിച്ചടക്കും വിഴുങ്ങും തുടങ്ങിയ ആശങ്കളാണ് അന്നും ഉന്നയിച്ചിരുന്നത്. പക്ഷെ, ഇന്നിപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ, അത്തരത്തിലുള്ള ആശങ്കകൾ പ്രകടിപ്പിക്കാൻ ദേശീയബോധമുള്ള ആരും തയ്യാറാകുമെന്ന് തോന്നുന്നില്ല. ഇന്ന് ഇത്രയും ആശങ്കകൾ വരാൻ കാരണം കൺസ്യൂമേഴ്സിന്/നിക്ഷേപകർക്ക് പണം മുടക്കിയവർക്കോ, ബാങ്ക് ഉദ്യോഗസ്ഥർക്കോ പരാതികളില്ല. ട്രേഡ് യൂണിയനുകളുമായി ബന്ധപ്പെട്ട ആളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നയവസരത്തിൽ അവർക്ക് വലിയ ആശങ്കകളുണ്ടെന്നുള്ളത് ശരിയാണ്. അതല്ലാതെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കാണ് താൽപ്പര്യം കൊടുക്കുന്നതെങ്കിൽ അവർക്കാർക്കും ആശങ്കയ്ക്ക് യാതൊരു അവകാശവുമില്ല. അവരുടെ എല്ലാ കാര്യങ്ങളും സംരക്ഷിച്ചുകൊണ്ടും സാമ്പത്തിക വിദഗ്ദ്ധന്മാരും രാജ്യത്തെ ഒന്നായി നിർത്താൻ ആഗ്രഹിക്കുന്ന ആളുകളും ആഴത്തിൽ പഠിച്ചുകൊണ്ടുതന്നെയാണ് ഇത് ചെയ്യുന്നത്. ഇന്ന് ആഗോള സമ്പദ് വ്യവസ്ഥയിൽ ആഗോളീകരണത്തിന്റെ യുഗമാണ്. പഴയ രീതിയിലെ ചിന്താഗതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സാദ്ധ്യമല്ല. ഇവിടെ ഉദാഹരണങ്ങൾ പറയുകയുണ്ടായി. ആഗോളീകരണത്തിൽ വലിയ നിലയിലുള്ള ഇടപാടുകൾ വരുന്ന സാഹചര്യത്തിൽ വലിയ നിലയ്ക്കുള്ള ബാങ്കുകൾ തന്നെ വേണം. ഇന്ന് ആഗോളാടിസ്ഥാനത്തിലുള്ള ഒരു ബാങ്കുപോലും ഇന്ത്യയിലില്ല. വാസ്തവത്തിൽ Fastest Growing Economy-യാണ് ഇന്ത്യയെന്ന് ലോകത്തിലെ വിദഗ്ദ്ധന്മാർ സമ്മതിക്കുന്ന കാലഘട്ടത്തിൽ അത്തരത്തിലുള്ള ഒരു ബാങ്കുപോലും ഇന്ത്യയിലില്ല. ഈ സാഹചര്യത്തിൽ ഇതുണ്ടാകേണ്ടത് ആവശ്യമാണ്. അതിൽ പ്രവർത്തിക്കുന്നവരുടെ ജീവിത നിലവാരം, ട്രാൻസ്ഫർ തുടങ്ങിയ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വ്യവസ്ഥചെയ്യും. ലയനം വന്നാൽ കർഷകർക്ക് കടം കിട്ടില്ല, വിദ്യാഭ്യാസ വായ്പ ലഭിക്കില്ല, എന്നൊക്കെ പറയുന്നത് കണ്ണടച്ച് ഇരുട്ടാക്കാൻ വേണ്ടി നടത്തുന്ന ശ്രമങ്ങളാണ്. ഒരു Anti-Modi - കണ്ണടച്ചിട്ടുള്ള വിരോധം, എല്ലാ യുക്തികൾക്കും അതീതമായി പ്രവർത്തിക്കുന്ന ദൃശ്യമാണ് ഇവിടെ കാണുന്നത്. ഇതെല്ലാം നിർഭാഗ്യകരമെന്നേ പറയാൻ കഴിയൂ. ഒരു ഉദാഹരണം പറയാം, ഒരു പെൺകുട്ടിയെ വളരെ ഇഷ്ടത്തോടെ വളർത്തിവലുതാക്കി, വിവാഹം കഴിച്ച് ഭർത്താവിനോടൊപ്പം ഒരു പുതിയ ജീവിതം തുടങ്ങാൻ പോകുമ്പോൾ അച്ഛനും

അമ്മയ്ക്കും വിഷമമുണ്ടാകുന്നത് സ്വാഭാവികമാണ്. അത് മനസ്സിലാക്കാൻ സാധിക്കും. അവർ ഒരു കുടുംബമായി ആ കുടുംബത്തെ മുഴുവൻ സംരക്ഷിക്കാൻ കഴിയുന്ന അവസ്ഥയിലേയ്ക്ക് വളർന്ന് വികസിക്കാൻ പോകുന്ന ഒരു സാഹചര്യമുണ്ടാകുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... കൺക്ലൂഡ്...... സമയം അധികമെടുത്തു.

ശ്രീ. ഒ. രാജഗോപാൽ: സർ, എനിക്കനുവദിച്ചത് ഒരു മിനിട്ടാണെന്നറിയാം. 139 പേരും എതിർക്കുമ്പോൾ ഒരാൾക്കെങ്കിലും പറയാൻ അനുവദിക്കാത്ത സാഹചര്യവും ഞാൻ മനസ്സിലാക്കുന്നു. കോൺഗ്രസ്-കമ്മ്യൂണിസ്റ്റ് കൂട്ടുകെട്ടിന്റെ ദൃശ്യമാണ് ഇവിടെ കാണുന്നത്. ഞാൻ ഈ പ്രമേയത്തെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. സ്വന്തം മക്കളെ വിൽക്കുന്നതിന് തുല്യമായിട്ടുള്ള ഒരു സംസാരമാണ് രാജേട്ടൻ ഇവിടെ നടത്തിയത്. ഞങ്ങൾക്കത് അംഗീകരിക്കാൻ കഴിയില്ല. ഭരണ-പ്രതിപക്ഷം കൂട്ടായി യോജിച്ച് ഇതിനെ എതിർക്കുന്നത് കേരളത്തിന്റെ പൊതുവായിട്ടുള്ള ആവശ്യത്തിനുവേണ്ടിയാണ്. കേന്ദ്രം ഭരിക്കുന്നത് ബി.ജെ.പി. ആണെന്നുപറഞ്ഞ് കേരളത്തിൽ ഇത്തരത്തിലുള്ള വൃത്തികെട്ട സമീപനം സ്വീകരിക്കാൻ ഞങ്ങൾ ഒരിക്കലും അനുവദിക്കില്ല. ബി.ജെ.പി. അല്ല ആരായാലും ശക്തമായി എതിർക്കുമെന്ന കാര്യത്തിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒറ്റക്കെട്ടാകുന്നത് പൊതുതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. കേരളത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് എസ്.ബി.ടി.-യെയാണ്. വിദ്യാഭ്യാസ വായ്പ, കാർഷിക/കാർഷികേതര വായ്പകൾ, വാഹന വായ്പ, വിവാഹ വായ്പ ഇത്തരത്തിലുള്ള വായ്പകൾ കൊടുക്കുന്നത് എസ്.ബി.ടി.-യാണ്. ഈ ലയനത്തിലൂടെ സാധാരണക്കാരന് ലഭിക്കേണ്ട വികേന്ദ്രീകൃത സർവ്വീസുകൾ പോലും ഇല്ലാതാകാൻ പോവുകയാണ്. കേരളത്തിലെ ബാങ്ക് ഡെപ്പോസിറ്റായ വലിയ തുക കണ്ണുവച്ചുകൊണ്ട് കോർപ്പറേറ്റുകൾ നടത്തുന്ന ഗൂഢാലോചനയുടെ ഫലമായിട്ടാണ് ലയനം നടപ്പിലാക്കാൻ പോകുന്നത്. അധികാര വികേന്ദ്രീകരണത്തിനു വേണ്ടിയുള്ള വെല്ലുവിളി തന്നെയാണ് ബാങ്കുകൾ തമ്മിൽ നടക്കുന്നത്. എസ്.ബി.ടി.-യിൽ പതിമൂന്നായിരത്തിലധികം ജീവനക്കാരാണുള്ളത്. ആ ജീവനക്കാരും നമ്മളോടൊപ്പം പ്രവർത്തിക്കുന്നവരാണ്. അവരിൽ ക്ലാർക്കും പ്യൂണും ഉൾപ്പെടുന്ന പതിനായിരത്തോളം സ്റ്റാഫും മൂവായിരത്തി അഞ്ഞൂറിലധികം ഓഫീസർമാരും ഉൾപ്പെടുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ ഷെയർ മാർക്കറ്റുള്ളത് എസ്.ബി.ടി.ക്കാണ്. അതൊന്നും കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. ഇത്തരമൊരു ബാങ്ക് കേരളത്തിലുള്ളപ്പോൾ സാധാരണക്കാർക്ക് വായ്പയെടുക്കാൻ ബുദ്ധിമുട്ടില്ല. ഇവിടെയുള്ള എം.എൽ.എ.മാർ, ഉദ്യോഗസ്ഥർ,

ജനപ്രതിനിധികൾ എന്നിവരുടെയെല്ലാം കയ്യിൽ എസ്.ബി.ടി.യുടെ എ.ടി.എം കാർഡുണ്ടാകും. സാധാരണക്കാർ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് എസ്.ബി.ടി.യെയാണ്. ആര് തുരങ്കം വച്ചാലും അതിനെ ഞങ്ങൾ ശക്തമായി എതിർക്കും. ബി.ജെ.പി.-യുടെ ഹിഡൻ അജണ്ട നടപ്പിലാക്കാനുള്ള വ്യാമോഹം ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

പ്രൊഫ. കെ. യു. അരുണൻ: സർ, ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ ശ്രീ. ഒ. രാജഗോപാൽ പറഞ്ഞ വസ്തുതകളെ - വസ്തുതകൾ എന്നു പറയാൻ കഴിയില്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കുന്നതിനുള്ള അതിചടുലമായ നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതുമാത്രമല്ല, 5 അസ്സോസിയേറ്റ് ബാങ്കുകളും 20 പൊതുമേഖലാ സ്ഥാപനങ്ങളും കൂടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കു കീഴിൽ കൊണ്ടുവരുന്നതിനുള്ള ഗൂഢപരിശ്രമവും അണിയറയിൽ നടക്കുന്നുണ്ട്. 1970- ൽ ബാങ്കുകളുടെ ദേശസാൽക്കരണം നടന്നപ്പോൾ കർഷകരും തൊഴിലാളികളും തമ്മിലുള്ള ഐക്യം ദൃഢപ്പെടുത്തുക എന്നതായിരുന്നു ഇന്ദിരാഗാന്ധി സർക്കാരിന്റെ പ്രധാന ഉദ്ദേശ്യം. ബാങ്കുകൾ ദേശസാൽക്കരിച്ചതോടുകൂടി സാധാരണക്കാരായ ജനങ്ങൾക്ക് ധാരാളം നേട്ടങ്ങളുണ്ടായി. ഇവിടെ പലരും സൂചിപ്പിച്ചതുപോലതന്നെ അധഃസ്ഥിത ജനവിഭാഗങ്ങൾക്ക് സാമ്പത്തിക മേഖലയിൽ ചെറിയൊരവകാശ ങ്ങളുണ്ടെന്ന് ഭാരതത്തിലെ ജനകോടികൾ മനസ്സിലാക്കുന്നത് ഈ ദേശസാൽക്കരണത്തിനു ശേഷമാണ്. 1970-കൾക്കുശേഷം ഇന്ത്യാരാജ്യം ഭരിച്ച കോൺഗ്രസ് ദേശസാൽക്കരണം കൊണ്ട് ലഭിക്കേണ്ട ഗുണങ്ങളിലൊക്കെത്തന്നെ മായം ചേർത്തതിന്റെ അടിസ്ഥാനത്തിൽ പിന്നോട്ടുപോവുകയാണ് ഉണ്ടായത്. അതിനുശേഷം ബി.ജെ.പി. അധികാരത്തിൽ വന്നെങ്കിലും മാറ്റം വന്നിട്ടില്ല. ഒരേ വഞ്ചിയിൽത്തന്നെ സഞ്ചരിക്കുന്നവരായി തീരുകയാണ് ചെയ്തിട്ടുള്ളത്. ആഗോളവൽക്കരണ-സ്വകാര്യവൽക്കരണ നയങ്ങളുടെ അടിസ്ഥാനത്തിൽ സമ്പന്ന പക്ഷപാതിത്വം പ്രകടിപ്പിച്ചുകൊണ്ട് അധഃസ്ഥിത ജനവിഭാഗങ്ങളുടെ ജീവിതത്തിലേയ്ക്ക് ഒരർത്ഥത്തിലും തിരിഞ്ഞുനോക്കാതെയുള്ള സാമ്പത്തിക നയത്തിന്റെ ഫലമായിട്ടുള്ളതാണ് ഇപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കുന്ന നടപടി. ഓരോ അസ്സോസിയേറ്റ് ബാങ്കുകളും വ്യത്യസ്ത സംസ്ഥാനങ്ങളിൽ രൂപീകൃതമായ ഒരു കാലാവസ്ഥയുണ്ട്. അതാത് ജനങ്ങളുടെ അതാത് സ്ഥലത്തെ അഭിരുചികൾക്കനുസരിച്ചും ഇച്ഛകൾക്കനുസരിച്ചുമാണ് ഇത്തരം സാമ്പത്തിക സ്ഥാപനങ്ങൾ രൂപം കൊണ്ടത്. വാസ്തവത്തിൽ ഒരു ബാങ്കെന്നു പറയുമ്പോൾ പ്രധാനമായും കടമാണ് പ്രശ്നം, ലോൺകൊടുക്കുന്നത് ആവശ്യമുള്ളവർക്ക് തന്നെ കൊടുക്കണം. പക്ഷെ ഇപ്പോൾ പ്രാദേശികമായി രൂപംകൊണ്ട അസ്സോസിയേറ്റ് ബാങ്കുകളൊക്കെ ആളെ വിഴുങ്ങുന്ന ഒരവസ്ഥയിലേയ്ക്കെത്തിയത് ആഗോളവൽക്കരണത്തിന്റെ ഭാഗമായിട്ടാണ്. പഴയ

കാലത്ത് പൊളിഞ്ഞ ബാങ്കുകളുണ്ടായിട്ടുണ്ട്. ബാങ്ക് പൊളിഞ്ഞപ്പോൾ പലായനം ചെയ്യപ്പെടേണ്ടിവന്ന ജനതയുണ്ടായിട്ടുണ്ട്. പിന്നീടവർ കെട്ടിപ്പടുത്ത ചില സാമ്രാജ്യങ്ങളുണ്ട്. എല്ലാവർക്കും അറിയാവുന്നതുപോലെ കടം, ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ട് സാഹിത്യ സാംസ്കാരിക മണ്ഡലങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇബ്സന്റെ 'ഡോൾസ് ഹൗസ് ' എന്ന പുസ്തകം പ്രധാനമായും അവിടന്ന തുടങ്ങുകയാണ്. എന്താണ് കടം, അതിന്റെ വൈകാരികത, അത് മനുഷ്യനെ നശിപ്പിക്കുന്ന പ്രശ്നങ്ങളൊക്കെത്തന്നെ ഇതിലുണ്ട്. നമ്മുടെ നാട്ടിൽ ബാങ്ക് പൊളിഞ്ഞപ്പോൾ, നാടുവിട്ട് വയനാട്ടിലെത്തി ചേർന്നവരുടെ ജീവിതത്തെ ആസ്പദമാക്കി ചിത്രീകരിച്ചതാണ് എസ്.കെ. പൊറ്റക്കാടിന്റെ 'വിഷകന്യക'.പ്രധാനമായും കടം എന്നുപറയുന്ന രീതി അതായത് debt trap എന്നത് death trap ആയി മാറുകയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് കേന്ദ്രഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ഉപാധികളും നിയന്ത്രണങ്ങളുമില്ലാതെ മനുഷ്യനിൽ വിശ്വാസം അർപ്പിച്ചുകൊണ്ടുള്ള ഒരു രീതി അവലംബിക്കാൻ കുറച്ചെങ്കിലും മുന്നോട്ടുവന്നിട്ടുള്ളത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ആണ്. മനുഷ്യനിൽ വിശ്വാസമർപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാവുന്ന ജനാധിപത്യ രീതികളും ശൈലികളും മറ്റേത് ബാങ്കുകളാണ് അനുവർത്തിച്ചുവരുന്നത്. നമ്മുടെ നാട്ടിൽ വിശ്വസമില്ലാത്തത് മനുഷ്യനെ മാത്രമാണ്. ഇപ്പോൾ സെൻട്രൽ ഗവൺമെന്റ് നടപ്പിലാക്കിയ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പിന്റെ ഉപജ്ഞാതാവ് ആരാണ് എന്നതല്ല പ്രശ്നം. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് ഈ രാജ്യത്തെ മനുഷ്യനെ വിശ്വാസിക്കുന്ന ഒരു പ്രശ്നമാണ്, സ്ത്രീകളെ വിശ്വസിക്കുന്ന ഒരു പ്രശ്നമാണ്. ഉത്തരേന്ത്യയിലൊക്കെ കടത്തിനുവേണ്ടി സമർപ്പിക്കാൻ ആധാരവും മറ്റ് പണയവസ്തുക്കളും ഇല്ലാതെ വരുന്ന സാഹചര്യത്തിൽ പരസ്പരം മനുഷ്യനെ വിശ്വസിച്ചുകൊണ്ട് കടം കൊടുക്കുകയാണ്. അങ്ങനെ കടംകൊടുക്കുന്ന ഒരു രീതിയാണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്. ആധാരവും മറ്റ് വസ്തുക്കളുമൊന്നും പണയംവയ്ക്കാതെ പരസ്പരം ജാമ്യംനിന്നാൽ അത്യാവശ്യം കുറച്ച് ആളുകൾക്ക് അല്ലെങ്കിൽ ഒരു സംഘത്തിന് മുന്നോട്ട് പോകുന്നതിനുള്ള നല്ല രീതിയാണത്. ജനങ്ങളെ സഹായിക്കുന്നതിനു വേണ്ടി ഇപ്രകാരം വിലപിടിപ്പുള്ള പണയവസ്തുവൊന്നു മില്ലാതെ കടംകൊടുക്കുന്ന ഒരു ബാങ്കുണ്ടെങ്കിൽ അത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറാണ്. ഇവിടെ എല്ലാപേരും പറഞ്ഞതുപോലതന്നെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പ്രാദേശികമായി ആർജ്ജിച്ച സംസ്കാരത്തിന്റെ പ്രശ്നങ്ങളുണ്ട്. 1946-ൽ തിരുവിതാംകൂറായിരുന്നു. അന്ന് തിരു-കൊച്ചി വന്നിട്ടില്ല. 1948-49 കാലത്താണ് തിരു-കൊച്ചി വരുന്നത്. ഞങ്ങളൊക്കെ വരുന്നത് മലബാറിൽ നിന്നാണ്. അപ്പോൾ തിരുവിതാംകൂറിന്റെ രൂപത്തിൽ ആർജ്ജിച്ച പ്രാദേശിക സംസ്കാരത്തിൽനിന്ന് ഊർജ്ജം വലിച്ചെടുത്ത് മുന്നോട്ടുപോയിട്ടുള്ളതാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. കേരളത്തിലാണ് ആ സംസ്കാരത്തിന്റെ സമ്പന്നത കാണാൻ കഴിയുക. ശ്രേഷ്ഠത, മാനവികത, സഹിഷ്ണുത എന്നിവ ആർജ്ജിച്ച ഒരു ബാങ്കാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. അതുകൊണ്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ്

ഇന്ത്യ വിഴുങ്ങാൻ പോകുന്ന അവസ്ഥയ്ക്കെതിരായി ഇവിടെ കൊണ്ടുവന്ന ഉപക്ഷേപത്തെ പൂർണ്ണമായി ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള : സർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തിൽനിന്ന് റിസർവ് ബാങ്കും കേന്ദ്രസർക്കാരും പിൻമാറണമെന്നാവശ്യപ്പെടുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിന്റെ സ്വന്തം ബാങ്ക് എന്ന് അവകാശപ്പെടാവുന്ന ഏക ബാങ്കാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. അതിനെ എസ്.ബി.ഐ.-ൽ ലയിപ്പിക്കാനുള്ള നീക്കത്തിനെതിരായ ഒരു പൊതുവികാരമാണ് സഭയിൽ ഉയർന്നുവന്നിട്ടുള്ളത്. സഭയ്ക്കുപുറത്തും എസ്.ബി.ടി.-യെ എസ്.ബി.ഐ.-ൽ ലയിപ്പിക്കുന്നതിനെതിരായിട്ടുള്ള പൊതുവികാരം ഉയർന്നു വന്നിട്ടുണ്ട്. അത് ചുരുക്കം ചില ജീവനക്കാരെ മാത്രം ബാധിക്കുന്ന പ്രശ്നമായി നാം കണ്ടുകൂടാ. കേരളത്തിലെ സാധാരണക്കാരായിട്ടുള്ള ആളുകൾ, പാവപ്പെട്ട കർഷകർ, വിദ്യാർത്ഥികൾ തുടങ്ങിയവരെല്ലാം ഈ നീക്കത്തിനെതിരായി പ്രതികരിച്ചു കൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യത്തിനുമുമ്പ് രൂപീകൃതമായ ബാങ്കാണ് എസ്.ബി.ടി. തിരുവനന്തപുരം ആസ്ഥാനമായി 1945-ലാണ് എസ്.ബി.ടി. തുടക്കംകുറിച്ചത്. പിന്നീടാണത് കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലേക്കുവരുന്നത്. ഇപ്പോൾ ഇന്ത്യയിൽ 16 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 1200-ഓളം ശാഖകൾ എസ്.ബി.ടി.-ക്കുണ്ട്. ഒന്നരലക്ഷം കോടി രൂപയിലധികം ബിസിനസ് എസ്.ബി.ടി. ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ന്യൂജനറേഷൻ ബാങ്കുകളുൾപ്പെടെ ധാരാളം പുതിയ ബാങ്കുകൾ കൂണുപോലെ ഉയർന്നുവരുന്നുണ്ടെങ്കിലും സംസ്ഥാനത്തെ മൊത്തം ബാങ്കിംഗ് ബിസിനസ്സിന്റെ നാലിലൊരുഭാഗം ഇപ്പോഴും കൈകാര്യം ചെയ്യുന്നത് എസ്.ബി.ടി.യാണ്. വിദ്യാഭ്യാസ ലോൺ നൽകാൻ പല സ്ഥാപനങ്ങളും വിമുഖത കാണിക്കുമ്പോൾ എസ്.ബി.ടി.-യെയാണ് ആശ്രയിക്കേണ്ടിവരുന്നത്. തുച്ഛമായ പലിശ നിരക്കിലാണ് ഗോൾഡ് ലോൺ കൊടുത്തുകൊണ്ടിരിക്കുന്നത്. ഗോൾഡ് ലോൺ കൊടുക്കാൻവേണ്ടി മാത്രം എസ്.ബി.ടി.-യുടെ ഗോൾഡ് ലോൺ പോയിന്റ് പ്രവർത്തിക്കുന്നു. സ്വന്തമായി ഒരു വീട് എന്നത് നമ്മളെല്ലാവരുടെയും സ്വപ്നമാണ്. എന്നാൽ വീടിനായി വായ്പയ്ക്ക് ചെന്നാൽ ബാങ്കിൽ നിന്നും വായ്പ കിട്ടാൻ വലിയ പ്രയാസമാണ്. സ്വന്തമായി വീട് വയ്ക്കണമെന്നാഗ്രഹിക്കുന്നവർക്ക് അനുകൂലമായ സമീപനം എസ്.ബി.ടി.-യിൽ നിന്ന് ലഭ്യമാകുന്നുണ്ട്. മലയാളിയുടെ സ്വന്തം ബാങ്കായി മാറാൻ എസ്.ബി.ടി.-ക്ക് കഴിഞ്ഞിട്ടുണ്ട്. രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന പ്രവാസികളുടെ നിക്ഷേപം ഓരോ വർഷവും കൂടിവരികയാണ്. ഏറ്റവും അവസാനത്തെ ബാങ്കിംഗ്

അവലോകന മീറ്റിംഗിന്റെ കണക്കെടുത്ത് പരിശോധിച്ചാലും പ്രവാസി നിക്ഷേപം കൂടിവരുന്നതായി കാണാൻ സാധിക്കും. അതിൽ ഏറ്റവും കൂടുതൽ നിക്ഷേപിക്കുന്നത് എസ്.ബി.ടി.-യിലാണ്. പ്രവാസികളുടെ കൂടി വിശ്വാസ്യത ആർജ്ജിച്ചെടുക്കാൻ എസ്.ബി.ടി.-ക്ക് സാധിച്ചത് അവരുടെ സമീപനത്തിന്റെ ഭാഗമായിട്ടാണ്. ഇങ്ങനെയെല്ലാവരുടെയും വിശ്വാസമാർജ്ജിച്ച് മുന്നോട്ടുപോകുന്ന എസ്.ബി.ടി.-യെ മറ്റൊരു ബാങ്കിൽ ലയിപ്പിക്കേണ്ട ഒരു സ്ഥിതി ഇപ്പോൾ നിലവിലില്ല. കടൽ ഒരിക്കലും പുഴയിൽ പോയി ലയിക്കാറില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ നിക്ഷേപമുള്ള എസ്.ബി.ടി.-യാണ് ഇവിടത്തെ കടലും എസ്.ബി.ഐ. പുഴയുമാണ്. ആ കടൽ പുഴയിലേയ്ക്ക് പോയി ലയിക്കേണ്ട കാര്യമില്ല. കേരളത്തിൽ എസ്.ബി.ഐ.,എസ്.ബി.ടി.-യിൽ ലയിക്കുകയാണ് വേണ്ടത്. പൊതുമേഖലാ ബാങ്കിംഗ് സംവിധാനത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. യശഃശരീരയായ ഇന്ദിരാജിയുടെ വിപ്ലവകരമായ തീരുമാനമായിരുന്ന ബാങ്ക് ദേശസാൽക്കരണം. ബാങ്ക് ദേശസാൽക്കരണത്തിനു ശേഷമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടാൻ തുടങ്ങിയത്. അതിന് നേരെ വിപരീതമായ നിലപാടാണ് ഇപ്പോൾ ബി.ജെ.പി.-യുടെ ഗവൺമെന്റ് സ്വീകരിക്കുന്നത്. അവർ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം കുറച്ച് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്ക് ബാങ്കിംഗ് ലൈസൻസ് കൊടുത്ത് വൻകിട കോർപ്പറേറ്റുകൾക്ക് വളർന്നുവരാനുള്ള അവസരമൊരുക്കുകയാണ്. 10 ലക്ഷം രൂപയുടെ കോട്ട് ധരിക്കുന്ന പ്രധാനമന്ത്രിക്ക് സാധാരണക്കാരന്റെ വിഷമങ്ങൾ അറിയില്ല. സാധാരണക്കാരന്റെ പ്രയാസങ്ങളും സ്വകാര്യ വൽക്കരണത്തിന്റെ ദൂഷ്യവശങ്ങളും പ്രധാനമന്ത്രിയെ ബോധ്യപ്പെടുത്തിക്കൊടുക്കാൻ സംസ്ഥാന ഗവൺമെന്റിന് സാദ്ധ്യമാകണം. നാലഞ്ച് അസോസിയേറ്റഡ് ബാങ്കുകളെ ലയിപ്പിക്കാനാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്. എസ്.ബി.ടി.-ക്കു പുറമെ സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂരും സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദ്രാബാദും സ്റ്റേറ്റ് ബാങ്ക് ഓഫ് പട്യാലയും സ്റ്റേറ്റ് ബാങ്ക് ഓഫ് ബികാനിർ ആന്റ് ജയ്പൂർ, തുടങ്ങിയ ബാങ്കുകളും ലയിപ്പിക്കാനുള്ള തീരുമാനമാണെടുത്തിരിക്കുന്നത്. അസോസിയേറ്റഡ് ബാങ്കുകളൊക്കെ ലയിപ്പിച്ച് പൊതുമേഖലാബാങ്കുകളുടെ എണ്ണം കുറച്ച് സ്വകാര്യ വത്ക്കരണത്തിലേയ്ക്കുള്ള നീക്കമാണ് കേന്ദ്രഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം ഒരു പ്രമേയത്തിൽ മാത്രം ഒതുങ്ങാതെ; ഗൗരവത്തോടു കൂടി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ ധരിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. ഇതിനിടയ്ക്ക് കേരളത്തിലെ പൊതുവായ വിഷയങ്ങളുമായി ബന്ധപ്പെട്ട് രണ്ടുതവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണുകയുണ്ടായി. എസ്.ബി.ടി. ലയനസംബന്ധമായ കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി കാണുമെന്നാണ്

ഞാൻ വിശ്വസിക്കുന്നത്. ഇല്ലെങ്കിൽ കേരളത്തിൽ നിന്നുള്ള എം.പി.-മാരെക്കൂടി പങ്കെടുപ്പിച്ച് ഈ പ്രശ്നത്തിന്റെ ഗൗരവം പ്രധാനമന്ത്രിയെ ബോദ്ധ്യപ്പെടുത്തണം. എസ്.ബി.ടി.-യെ എസ്.ബി.ടി.-യായി തന്നെ നിലനിർത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. അതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ഒരിക്കൽ കൂടി അനുകൂലിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് സംസാരിക്കണമെന്ന് ഞാൻ കരുതിയതല്ല. എന്നാൽ ബഹുമാന്യനായ നേമം മെമ്പർ ഈ പ്രമേയത്തോടുള്ള തന്റെ വിയോജിപ്പ് രേഖപ്പെടുത്തിയപ്പോഴും അതിന്റെ കാരണങ്ങൾ പറഞ്ഞപ്പോഴും പ്രതികരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഇവിടെ നേരത്തെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യനായ എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ ഈ നിയമസഭയ്ക്ക് ഒരു പാരമ്പര്യമുണ്ട്. ഇവിടെയുള്ള കക്ഷികൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളൊക്കെയുണ്ടെങ്കിലും കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഒരുമിച്ചുനിന്നിട്ടുള്ള ഒരു പാരമ്പര്യം ഈ സഭയ്ക്കുണ്ട്. ഇന്നത്തെ ഈ പ്രമേയം തന്നെയെടുക്കാം. ഈ നീക്കത്തിന്റെ പിന്നിലുള്ള നിയോലിബറൽ യുക്തിയെന്ത്; അതിന്റെ തുടർച്ചയെന്തെന്ന് ശ്രീ. എ. പ്രദീപ് കുമാർ വിശദീകരിച്ചു. ശ്രീ. സി. എഫ്. തോമസ് അതിനോട് യോജിച്ചിട്ടുമില്ല, അദ്ദേഹം അത് പരസ്യമായി പറയുകയും ചെയ്തു. അപ്പുറത്തിരിക്കുന്ന പലരും യോജിച്ചുകാണില്ല. ഈ അഭിപ്രായഭേദങ്ങളെല്ലാം വച്ചുകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ താല്പര്യത്തിൽ ഒരുമിച്ചു നിൽക്കുക എന്നുള്ളതാണ്. പക്ഷേ ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട നേമം മെമ്പർ ഇതിനെ കാണുന്നത്, സങ്കുചിതമായ ട്രേഡ് യൂണിയൻ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നീക്കമായിട്ടാണ്. ഇവിടെ മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന substantive motion വായിച്ചുനോക്കിയാൽ അതിലെവിടെയെങ്കിലും ട്രേഡ് യൂണിയൻ പ്രശ്നത്തെക്കുറിച്ച് പറയുന്നുണ്ടോ? പ്രശ്നമില്ലെന്നല്ല, പ്രശ്നമുണ്ട്. തൊഴിലിനെ ബാധിക്കുന്ന പ്രശ്നമുണ്ട്, ബ്രാഞ്ചുകൾ തമ്മിൽ ലയിപ്പിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളുണ്ട്. പക്ഷേ ഇവിടെ നിയമസഭ പരിഗണിക്കുന്നത് ആ വക കാര്യങ്ങളല്ല, മറിച്ച് മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത് ഈ ലയന തീരുമാനം ഇന്നയിന്ന കാരണങ്ങൾ കൊണ്ട് സംസ്ഥാനത്തിന്റെ നിക്ഷേപത്തെയും സാമ്പത്തിക വളർച്ചയെയും പ്രതികൂലമായി ബാധിക്കുമെന്നാണ്. ഇതാണ് ഞങ്ങളുടെ കൺസപ്റ്റ്. അതിനപ്പുറത്തേയ്ക്ക് ഇതൊരു രാഷ്ട്രീയ ഗൂഢാലോചനയോ അല്ലെങ്കിൽ പ്രധാനമന്ത്രിക്കെതിരായിട്ടുള്ള നീക്കമായിട്ടോ എങ്ങനെ തെറ്റിദ്ധരിക്കുന്നുവെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കേരളത്തിന്റെ

നിക്ഷേപത്തെയും വളർച്ചയെയും ഇത് പ്രതികൂലമായി ബാധിക്കുമെന്ന് ഞങ്ങൾ പറയാൻ കാരണം എസ്.ബി.ഐ.-യെക്കുറിച്ചാണല്ലോ ചർച്ച ചെയ്യുന്നത്. Prof. Amiya Kumar Bagchi ആണ് എസ്.ബി.ഐ.-യുടെ ഏറ്റവും പ്രാമാണികമായ ഔദ്യോഗികചരിത്രമെഴുതിയിട്ടുള്ളത്. ഏതാണ്ട് രണ്ടായിരം പേജ് വരുന്ന മൂന്നോ നാലോ വാല്യങ്ങളുണ്ട്. അദ്ദേഹത്തിന്റെ മറ്റൊരു പ്രാമാണിക ഗ്രന്ഥം 'Private Investment in India' എന്നുള്ള പുസ്തകമാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെയും സ്വാതന്ത്ര്യത്തിനുമുമ്പുള്ളതുമായ ഇന്ത്യയിലെ നിക്ഷേപത്തിന്റെ പ്രാദേശിക വിതരണത്തെക്കുറിച്ചുള്ളതാണ്, നമ്മൾ മൊത്തത്തിൽ നോക്കുമ്പോൾ കാണാൻ പറ്റുന്ന ഒരു വലിയ പ്രതിഭാസമാണ്. ഇന്ത്യയുടെ വ്യവസായിക തലസ്ഥാനമായിരുന്ന കൽക്കത്തയും കിഴക്കൻ ഇന്ത്യയും സ്വാതന്ത്ര്യാനന്തര കാലത്ത് പുറകോട്ടാണ് പോയിട്ടുള്ളത്. അതേ സമയത്ത് ബോംബെയും പശ്ചിമ ഇന്ത്യയും മുമ്പോട്ടു പോയി. ഇതെന്തുകൊണ്ടെന്നുള്ളതാണ് ഏതാണ്ട് മൂന്നൂറു പേജ് വരുന്ന ഈ വലിയ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഏത് സാമ്പത്തിക, ചരിത്ര വിദ്യാർത്ഥിയും പഠിക്കുന്ന ഒരു പുസ്തകമാണ്. അദ്ദേഹത്തിന്റെ വാദം അത് അക്കാഡമികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. കിഴക്കേ ഇന്ത്യയിൽ ആധിപത്യം പുലർത്തിയിരുന്ന മാർവാടി മൂലധനത്തിന്-ബിർലയും മറ്റും-അവിടത്തെ പ്രാദേശിക ദേശീയ പ്രസ്ഥാനവുമായിട്ടോ സംസ്കാരവുമായിട്ടോ ഒരു ജൈവബന്ധവും ഉണ്ടായിരുന്നില്ല. അതുകൊണ്ട് സ്വാതന്ത്ര്യാനന്തര കാലത്ത് പുതിയ നിക്ഷേപ സാദ്ധ്യതകൾ ഇന്ത്യയിൽ എല്ലായിടത്തും വന്നപ്പോൾ അവർ കിഴക്കു വിട്ട് ഡൈവേഴ്സിഫൈ ചെയ്തു. അതേ സമയത്ത് ബജാജാകട്ടെ, ടാറ്റയാകട്ടെ പശ്ചിമേന്ത്യയിലെ നിക്ഷേപകരെ സംബന്ധിച്ച് അവർ ദേശീയ പ്രസ്ഥാനത്തിന്റെ സജീവ പങ്കാളികളായിട്ടാണ് നിന്നിട്ടുള്ളത്. അതുകൊണ്ട് സ്വതന്ത്ര ഇന്ത്യയിൽ പുതിയ നിക്ഷേപ സാധ്യത വന്നപ്പോൾ അവരുടെ നിക്ഷേപം അവിടെ തന്നെ കൂടുതൽ വന്നുവെന്നുള്ളതാണ്. തിരുവിതാംകൂർ എടുത്താൽ, സർ സി.പി.-യുടെ കാലത്ത് വ്യവസായ വളർച്ചയുണ്ടായി. തമിഴ് മൂലധനമെന്ന് പറയുന്നതു മുഴുവനും ചെട്ടിയാർ മൂലധനമായിരുന്നു. സ്വാതന്ത്ര്യാനന്തര കാലത്ത് പുറത്തോട്ട് പോവുകയല്ലാതെ ഇവിടെ നിക്ഷേപം തുടർന്നില്ല. എന്നുവച്ചാൽ ഈ മൂലധനത്തിന്റെ പ്രാദേശിക സ്വഭാവം/പ്രാദേശിക ബന്ധങ്ങൾ നിക്ഷേപങ്ങളെ ഗൗരവമായി ബാധിക്കുന്നുണ്ട്. ആഗോളവൽക്കരണകാലത്ത് രാഷ്ട്രത്തിന് അന്തർദേശീയമായി നിൽക്കാൻ പറ്റുന്ന ഒരു ബാങ്ക് വേണ്ടേയെന്ന ഗൗരവമായ പ്രശ്നമാണ് നേമം മെമ്പർ ഉന്നയിച്ചത്. അക്കാര്യത്തിന് ഇവിടെയാരും എതിർക്കുന്നില്ല. മറിച്ച് അങ്ങനെ ഒരു സ്ഥാപനം ഉണ്ടാക്കുന്നതിന് കേരളത്തിൽ വേരുകളുള്ള എസ്.ബി.ടി.-യെ ലയിപ്പിക്കുന്നതിനോടാണ് എതിർപ്പ്. കാരണം, അത് കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി തീരും.

ശ്രീ. ഒ. രാജഗോപാൽ : സർ, ഇതുപോലുള്ള പല ബാങ്കുകളും ലയിപ്പിച്ചിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക് : സർ, വേറെ ഏത് ബാങ്കുകൾ ലയിപ്പിച്ചാലും കേരളത്തിന്റെ താൽപ്പര്യം നോക്കണം. ഉദാഹരണത്തിന്, റബ്ബറിന്റെ ഇറക്കുമതിയുമായി ബന്ധപ്പെട്ട നയം, അല്ലെങ്കിൽ ആസിയൻ കരാർ രാഷ്ട്രത്തിന് ആകെ നഷ്ടകച്ചവടമാണെന്ന് പറയാൻ പറ്റില്ല. അങ്ങനെ നഷ്ടകച്ചവടത്തിന് ഇന്ത്യാ സർക്കാർ പോകുമോ? ഇവിടത്തെ സോഫ്റ്റ്വെയർ കയറ്റുമതിക്കാർക്കും മറ്റും ഇത് ലാഭമാണ്. എന്നാൽ കേരളത്തിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നഷ്ടമാണെന്നുള്ള കാര്യത്തിൽ തർക്കമുണ്ടോ? ഇതുസംബന്ധിച്ച പ്രമേയം ഈ നിയമസഭ അംഗീകരിച്ചിട്ടുണ്ടല്ലോ. കാരണം, നമ്മുടെ താൽപ്പര്യത്തെ, ദേശീയമായി ചില നിലപാടുകൾ വേണ്ടിവരുമ്പോൾ ബഹുമാനപ്പെട്ട ഒ. രാജഗോപാലിനും അംഗീകരിക്കാവുന്നതാണ്. കേരളത്തിന്റെ താൽപ്പര്യം ദേശീയ നയത്തിനുള്ളിൽ സംരക്ഷിക്കപ്പെടണമെന്നില്ല, അതുകൊണ്ട് നമ്മൾ ഒരുമിച്ച് നിൽക്കണം. ഭീമൻ എസ്.ബി.ഐ.-യുടെ നിക്ഷേപ തീരുമാനങ്ങളെല്ലാം അവരുടെ അന്തർദേശീയ സ്ട്രാറ്റജിക്ക് അനുസൃതമായി തീരുമാനിക്കപ്പെടുമ്പോൾ, നമ്മുടെ എസ്.ബി.ടി. കേരളത്തിന്റെ പ്രാദേശിക താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്. ഈ വലിയ വ്യത്യാസത്തെ അങ്ങ് മനസ്സിലാക്കണമെന്ന് മാത്രമാണ് അഭ്യർത്ഥിക്കുന്നത്. ഇന്ത്യൻ യൂണിയനിൽ തിരുവിതാംകൂറോ, തിരു-കൊച്ചിയോ, മലബാറോ ലയിക്കുന്നതിന് ഇവിടത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് എതിർപ്പില്ലായിരുന്നു. എന്നാൽ സർ സി.പി.-ക്ക് ഉണ്ടായിരുന്നു. സർ സി.പി.യോടൊപ്പം നിന്ന ആളുകളുടെ യാഥാസ്ഥിതിക സമീപനത്തെക്കുറിച്ചും നമുക്കറിയാം. ഇന്ത്യൻ യൂണിയനിലുള്ള തിരുവിതാംകൂർ എന്നതിനുവേണ്ടി സായുധ പോരാട്ടം നടത്തിയിട്ടുള്ള പാരമ്പര്യമുള്ളതുകൊണ്ട് അക്കാര്യം പറയണ്ട. വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകാം. ഇവിടെ ആരെങ്കിലും ശ്രീ. നരേന്ദ്ര മോദിയെ വിമർശിച്ചിട്ടുണ്ടെങ്കിൽ അത് നിങ്ങൾ തെറ്റാണെന്ന് പറഞ്ഞോ? പക്ഷേ, കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി ഈ പ്രമേയം ഏകകണ്ഠമായി പാസ്സാക്കുന്നതിനു അങ്ങ് സഹകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രമേയം ഇവിടെ അവതരിപ്പിക്കുമ്പോൾ എനിക്കുണ്ടായ ധാരണ നമ്മളെല്ലാവരുംകൂടി ഒന്നിച്ച് ഈ പ്രമേയം അംഗീകരിക്കാൻ പോകുന്നുവെന്നായിരുന്നു. അപ്പോഴാണ് ഒരു വ്യത്യസ്ത ശബ്ദം ഉയർന്നുവന്നത്. അത് സാധാരണ നിലയിൽ പ്രതീക്ഷിച്ച ഒന്നായിരുന്നില്ല. ഇവിടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അന്താരാഷ്ട്ര തലത്തിലുള്ള അതിസമ്പന്നമായ ബാങ്കുകളുമായി മത്സരിക്കാനുള്ള ശേഷി തേടണമെന്ന് പറഞ്ഞുകൊണ്ടാണ് ഇതിന് തുടക്കം കുറിക്കുന്നത്. അതിന് തുടക്കം കുറിച്ച കാലം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെയാണ് ഈ പറയുന്ന നീക്കം ശക്തമായി വന്നത്. എന്നാൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് ഇന്നത്തെ നിലയിൽ എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടെന്ന് ആർക്കും പറയാൻ കഴിയില്ല. അതിന്റെ പ്രവർത്തനത്തിനോ അതിന്റെ

നിലനിൽപ്പിനോ ഭാവിക്കോ ഒരുതരത്തിലുമുള്ള പ്രയാസവുമുണ്ടായിട്ടില്ല. ഇന്ത്യയിലെ ഏറ്റവും നല്ല ബാങ്കെന്ന നിലയിൽ തന്നെയാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നിലനിൽക്കുന്നത്. അത്തരമൊരു ബാങ്ക് കൂടുതൽ ശക്തി പ്രാപിക്കുന്നതിന് മറ്റ് ബാങ്കുകളെ തങ്ങളുടെ കൂടെ നിർത്തണമെന്നുള്ള നിലപാട് നേരത്തെ സ്വീകരിച്ചു. ധനകാര്യ വകുപ്പുമന്ത്രി സംസാരിക്കുമ്പോൾ ചില ബാങ്കുകൾ ലയിച്ച കാര്യത്തെക്കുറിച്ച് ബഹുമാന്യനായ ഒ. രാജഗോപാൽ ഇടപെട്ട് പറഞ്ഞല്ലോ. അതിൽ ചിലത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി താരതമ്യപ്പെടുത്താൻ കഴിയാത്തവയാണ്. കാരണം എസ്.ബി.ടി.-പോലെ അത്രയുമധികം വളർന്നവയായിരുന്നില്ല. അവർക്ക് ലയിക്കുന്നതിന് സ്വാഭാവികമായും താൽപ്പര്യമുണ്ടായിട്ടുണ്ടാകാം. പിന്നെ മറ്റ് പല പ്രത്യേകതകളും കൊണ്ട് ലയനം വേഗത്തിൽ നടക്കുന്ന സാഹചര്യം ചിലയിടങ്ങളിൽ ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ കാര്യമെടുത്താൽ ചരിത്രത്തിന്റെ ഭാഗമായി രൂപം കൊണ്ട ഒരു ധനകാര്യ സ്ഥാപനമാണ് എസ്.ബി.ടി. അത് യാതൊരുവിധ പ്രതിസന്ധിയും നേരിടുന്നില്ല. എല്ലാ തരത്തിലും ശക്തമായിതന്നെ നിലകൊള്ളുകയാണ്. എല്ലാ ഘട്ടത്തിലും കേരളത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ഒരു ബാങ്കെന്ന നിലയ്ക്ക് സംഭാവന നൽകാൻ എസ്.ബി.ടി.-ക്ക് കഴിഞ്ഞിട്ടുണ്ട്. ഈ ലയനമുണ്ടായാൽ എസ്.ബി.ടി.-യുടെ പ്രവർത്തനം മുൻകാലങ്ങളിലേതുപോലെ തുടർന്നുകൊണ്ടുപോകാൻ കഴിയുമോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതാണ് എസ്.ബി.ടി.-യും കേരളവും തമ്മിലുള്ള ദീർഘകാലമായിട്ടുള്ള ആത്മബന്ധം, അതാണ് കേരളത്തിന്റെ അഭിവൃദ്ധിക്ക് പലതരത്തിലും ഒരു ബാങ്കെന്ന നിലയിൽ സഹായിക്കുന്നതിന് എസ്.ബി.ടി.-യെ പ്രാപ്തമാക്കിയിട്ടുള്ളത്. കേരളത്തിന് പൊതുവേയുള്ള പരാതി നിക്ഷേപം വലിയ തോതിൽ ബാങ്കുകൾ ആകർഷിക്കുന്നുവെന്നുള്ളതാണ്. നല്ല നിക്ഷേപം ശേഖരിക്കുന്ന ഒരു സ്ഥലം തന്നെയാണ് കേരളം. പക്ഷെ, അവരുടെ വായ്പ അനുപാതം എടുത്താൽ വളരെ കുറവാണ്. കേരളത്തിൽ നിന്ന് നിക്ഷേപമെടുത്ത് സംസ്ഥാനത്തിന് പുറത്ത് വായ്പ നൽകുന്ന രീതിയാണ് പൊതുവേ ബാങ്കുകൾ സ്വീകരിച്ചുവരാറുള്ളത്. ഇക്കാര്യത്തിലും എസ്.ബി.ടി. നമ്മുടെ നാടിനോട് നല്ല രീതിയിലുള്ള സമീപനമാണ് സ്വീകരിച്ചിട്ടുണ്ടെന്നുള്ളത് കാണാൻ കഴിയും. മറ്റ് ബാങ്കുകളെ അപേക്ഷിച്ച് വേറിട്ട് നിൽക്കാൻ എസ്.ബി.ടി.-ക്ക് കഴിഞ്ഞിട്ടുണ്ട്. മറ്റ് ബാങ്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വേറിട്ട് നിൽക്കുന്ന ബാങ്കായി തന്നെയാണ് എസ്.ബി.ടി. കേരളത്തിൽ ഇതേവരെ പ്രവർത്തിച്ചുവന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ കേരളത്തിന്റെ സമ്പദ്ഘടനയെ വലിയ തോതിൽ സഹായിക്കുന്ന ബാങ്കിംഗ് സ്ഥാപനമായിട്ടാണ് ഈ സ്ഥാപനം നിലനിന്നിട്ടുള്ളത്. ഈ അവസ്ഥയ്ക്ക് ലയനത്തോടെ അടിമുടിമാറുമെന്ന് നാം ആശങ്കപ്പെടേണ്ടതായിട്ടുണ്ട്. അതുകൊണ്ടു തന്നെയാണ് എസ്.ബി.ടി.-യുടെതായ വ്യക്തിത്വം ഇല്ലാതാക്കരുതെന്ന് കേരളം ഒറ്റക്കെട്ടായി ആവശ്യപ്പെടുന്നത്. ഇത് ഏതെങ്കിലും ജീവനക്കാരന്റെ പ്രശ്നമായി കാണേണ്ടതായിട്ടില്ല. ഇതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മുടെ നാടിന്റെ ശബ്ദമെന്നുള്ള നിലയ്ക്ക് ഈ സഭയ്ക്ക് ഒന്നിച്ച് ആവശ്യപ്പെടാൻ കഴിയണം. അക്കാര്യത്തിലൊരു വ്യത്യസ്തത ഇല്ലാതിരിക്കാൻ ബഹുമാന്യനായ ഒ. രാജഗോപാലും സഹകരിക്കണമെന്നാണ് എനിക്ക് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഇതിന്റെ ഭാഗമായുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

## XII ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, "കേരള സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളിൽ സിംഹഭാഗവും നടത്തുന്ന കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള തീരുമാനം സംസ്ഥാനത്തെ നിക്ഷേപത്തേയും സാമ്പത്തിക വളർച്ചയേയും തികച്ചും പ്രതികൂലമായി ബാധിക്കും. കേരളത്തിന്റെ വികസനത്തിൽ എസ്.ബി.ടി.-യുടെ കാർഷിക വായ്പകൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ ലയന നീക്കങ്ങളിൽ നിന്ന് പിന്മാറണമെന്ന് കേന്ദ്ര സർക്കാരിനോടും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയോടും ഈ സഭ ആവശ്യപ്പെടുന്നു".

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 275 അനുസരിച്ച് അവതരിപ്പിച്ച ഉപക്ഷേപം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ശ്രീ. ഒ. രാജഗോപാൽ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശബ്ദവോട്ട് പോരേ?

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഉപക്ഷേപം സഭ ശബ്ദവോട്ടോടെ അംഗീകരിച്ചിരിക്കുന്നു

## XIII നിയമനിർമ്മാണകാര്യം

### (1) 2016-ലെ കേരള ധനകാര്യ ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനകാര്യ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

## (2) 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ധനകാര്യവും കയറും വകുപ്പുമന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ സംസാരിക്കുന്നില്ല.

2.00 PM]

ശ്രീ. ജോർജ് എം. തോമസ്: സർ, ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ പിന്താങ്ങുകയാണ്. ഇത്തരമൊരു ബില്ലിന്റെ അടിസ്ഥാനം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സാമ്പത്തിക-രാഷ്ട്രീയ നയവുമായി ബന്ധപ്പെട്ടതാണ്. ഇവിടെ വിശദീകരിക്കപ്പെട്ടതുപോലെ വിപുലമായ ജനപങ്കാളിത്തത്തോടെയുള്ള ചർച്ചയുടെയും അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും ഒരു സമാഹാരമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രിക. ആ പ്രകടന പത്രികയെ പൂർണ്ണമായും സാധൂകരിക്കുന്ന വിധത്തിലുള്ള ബഡ്ജറ്റും ധനവിനിയോഗ ബില്ലുമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ സർക്കാരിന്റെ പ്രവർത്തനമാരംഭിച്ച് ഏതാനും ദിവസങ്ങൾ കഴിയുമ്പോൾത്തന്നെ സർക്കാരിനെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് കേരളത്തിലെ പത്രമാധ്യമങ്ങൾ മാത്രമല്ല നാളിതുവരെ ഇടതുപക്ഷ പ്രസ്ഥാനങ്ങളോട് അസ്പൃശ്യത കല്പിച്ച് അകന്നുനിന്നിരുന്ന അല്ലെങ്കിൽ സംശയദൃഷ്ടിയോടെ നോക്കിയിരുന്ന മതപുരോഹിതന്മാരും ശ്രേഷ്ഠന്മാരായിട്ടുള്ള ആളുകളും മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് പൂച്ചെണ്ട് നൽകി പ്രകീർത്തിക്കുകയുണ്ടായി. തൃശ്ശൂരിൽ നിന്നും പ്രസിദ്ധീകരിക്കുന്ന കാതലിക് ചർച്ചിന്റെ മാസികയിൽ ഈ

ഗവൺമെന്റിന്റെ ആദ്യ ആഴ്ചയെ പ്രകീർത്തിച്ചുകൊണ്ട് മുഖപ്രസംഗം എഴുതുകയുണ്ടായി. തുടർന്ന് കേരളത്തിലെ എല്ലാ മേഖലയിലും വൻതോതിലുള്ള ജനപിന്തുണയാർജ്ജിച്ചു കൊണ്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്.

ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് ചില ചെറിയ കാര്യങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നും സഹായിക്കണമെന്നുമാവശ്യപ്പെട്ട് ചില പുരോഹിത ശ്രേഷ്ഠന്മാർ മുഖ്യമന്ത്രിയെ കാണുകയുണ്ടായി. ഉമ്മൻ ചാണ്ടി സാർ ആയിരുന്നെങ്കിൽ വീട്ടിൽ ചെന്ന് സംസാരിക്കാമായിരുന്നുവെന്ന് ആ പുരോഹിത ശ്രേഷ്ഠന്മാരിൽ ഒരാൾ എന്നോട് പറഞ്ഞു. നമ്മുടെ മുഖ്യമന്ത്രിയാണെങ്കിൽ അപേക്ഷ കൊടുത്തപ്പോൾ നോക്കാം എന്നേ പറഞ്ഞിട്ടുള്ളൂ. നോക്കാമെന്ന് പറഞ്ഞത് വീട്ടിൽ പോയി കാണുന്നതിനേക്കാൾ ഗുണമായിത്തീർന്നു. ബഡ്ജറ്റ് അവതരിപ്പിച്ച് അടുത്ത ദിവസം ആ പുരോഹിത ശ്രേഷ്ഠൻ എന്നെ വിളിച്ച് പറഞ്ഞു, നോക്കാമെന്ന് പറഞ്ഞപ്പോൾ ഞാൻ വിചാരിച്ചു തീരെ പരിഗണിക്കുകയില്ലെന്ന്. ഉമ്മൻ ചാണ്ടി സാറിന്റെ വീട്ടിൽ പോയി നൂറുക്കണക്കിന് ആളുകളുടെ മദ്ധ്യത്തിൽ വച്ച് നിവേദനം കൊടുത്താൽ ലഭിക്കുന്നതിനേക്കാൾ എത്രയോ അത്ഭുതപൂർവ്വമായ പിന്തുണയും സഹായവുമാണ് മുഖ്യമന്ത്രിയിൽനിന്നും ലഭിച്ചതെന്ന് ആ പുരോഹിത ശ്രേഷ്ഠൻ പിന്നീട് പറയുകയുണ്ടായി. ചുരുക്കത്തിൽ പുരോഹിതന്മാരും മതപണ്ഡിതന്മാരും പത്രമാധ്യമങ്ങളും സാമ്പത്തിക വിദഗ്ദ്ധരുമെല്ലാം ഒരുപോലെ പ്രശംസിച്ചിട്ടുള്ള ഒന്നാണ് നമ്മുടെ പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിന് മുന്നോടിയായിട്ടുള്ള ബഡ്ജറ്റ്. ഈ ബഡ്ജറ്റ് തിരുവമ്പാടി ഉൾപ്പെടെ കോഴിക്കോട് ജില്ലയിൽ വലിയ ജനപിന്തുണയാണ് നേടിയിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളിലേക്ക് പോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. ഗവൺമെന്റിന് ഇങ്ങനെ ജനപിന്തുണ വർദ്ധിക്കുന്നതിൽ അസൂയപൂണ്ട യു.ഡി.എഫ്. നുണകളുടെ പെരുമഴയുമായി വന്നിരിക്കുകയാണ്.

രണ്ട് ദിവസം മുമ്പ് കോഴിക്കോട് നടന്ന ചില കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ സംസാരിക്കുമ്പോൾ അതിനെപ്പറ്റി ഒരു സൂചന നൽകുകയുണ്ടായി. മിനിഞ്ഞാന്ന് കോഴിക്കോട് വച്ച് കോൺഗ്രസ്സിന്റെ ഒരു അവാർഡ് ദാനച്ചടങ്ങിൽ പങ്കെടുത്തുകൊണ്ട് പ്രിയപ്പെട്ട കെ. മുരളീധരൻ ഒരു പ്രസംഗം നടത്തുകയുണ്ടായി. അദ്ദേഹം വളരെ സത്യസന്ധമായി പ്രശ്നങ്ങൾ അവതരിപ്പിച്ചു.കോൺഗ്രസ് ഇനിയിപ്പോൾ പെട്ടെന്നൊന്നും വരുമെന്ന് ആരും പ്രതീക്ഷിക്കണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. ചിലർ 2021-നെ സ്വപ്നം കാണുകയാണ്. ആ സ്വപ്നം സഫലീകരിക്കാനേ പോകുന്നില്ല. ബഹുമാനപ്പെട്ട

അദ്ദേഹം അങ്ങനെ പറയുമെന്ന് എനിക്ക് ഒരു വിശ്വാസവുമുണ്ടായില്ല. പക്ഷേ ടി.വി.-യിൽ തത്സമയം അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകൊണ്ടിരിക്കുമ്പോൾ അത് അവിശ്വസിക്കാനും നിർവ്വാഹമില്ല. അടി കിട്ടി പാമ്പിന്റെ നട്ടെല്ല് തകർന്നതുപോലെ കോൺഗ്രസ്സിന്റെ നട്ടെല്ല് തകർന്നുപോയി എന്നാണ് അദ്ദേഹം പറഞ്ഞത്. നിയമസഭയ്ക്ക് പുറത്ത് ഒരു സമരം ചെയ്യാൻ കോൺഗ്രസ്സിന് കെൽപ്പുള്ള നേതൃത്വമില്ല. നിയമസഭയ്ക്കുള്ളിൽ നടത്തിക്കൊണ്ടിരിക്കുന്ന സമരമാണ് യഥാർത്ഥത്തിൽ കോൺഗ്രസ്സിന്റെ സമരം. അതിലുപരി സംഘടനയെ ചലിപ്പിക്കാനോ അതിനെ ഒരു സമര സംഘടനയാക്കി വളർത്താനോ കഴിവുള്ള ഒരാളും കോൺഗ്രസ്സിലില്ല. ശ്രീ. വി. ഡി. സതീശനാണ് അവാർഡ് വാങ്ങിക്കൊണ്ട് സംസാരിച്ചത്, നേതാക്കന്മാരെല്ലാവരും ജയിക്കുമെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നു. എന്നാൽ പാർട്ടി തോൽക്കുമെന്ന മുന്നറിയിപ്പും നൽകിയിരുന്നു. നേതാക്കന്മാർക്ക് ജയിച്ചാൽ മതി. കാലാകാലങ്ങളായി അവർ ജയിക്കുക, എം.എൽ.എ. ആകുക എന്നതല്ലാതെ പാർട്ടി ജയിക്കണമെന്ന് അവർക്ക് താല്പര്യമേയില്ല. സ്വാഭാവികമായും ശ്രീ. വി. ഡി. സതീശന്റെ നേതാവായി കേരളത്തിൽ കോൺഗ്രസ്സുകാർ ആരാണുള്ളതെന്ന് പരിശോധിക്കുമ്പോഴാണ് ബഹുമാനപ്പെട്ട പുതുപ്പള്ളി മെമ്പറെക്കുറിച്ചും ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയെക്കുറിച്ചും ഓർമ്മ വരുന്നത്. ശ്രീ. വി. ഡി. സതീശൻ കെ.പി.സി.സി.-യുടെ വൈസ് പ്രസിഡന്റാണ്. അതിനുമുകളിൽ അദ്ദേഹം നേതാവെന്ന് വിളിക്കണമെങ്കിൽ ആ തരത്തിലുള്ള ഏക മനുഷ്യൻ കെ.പി.സി.സി. പ്രസിഡന്റും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവും മാത്രമാണ്. അവരെക്കുറിച്ചാണ് ശ്രീ. വി. ഡി. സതീശൻ എന്ന കെ.പി.സി.സി. വൈസ് പ്രസിഡന്റ് അഭിപ്രായം പറഞ്ഞത്. കോൺഗ്രസ് എത്തിനിൽക്കുന്ന ശോചനീയാവസ്ഥയെക്കുറിച്ചുള്ള ഒരു യഥാർത്ഥ ചിത്രമാണ് അതിലൂടെ വ്യക്തമാകുന്നത്.

മറ്റൊരു സംഭവം കോഴിക്കോട് ജില്ലയിൽ നടന്നിട്ടുള്ളത് മുസ്ലീം ലീഗിന്റെ ഒരു പ്രവർത്തകൻ വേളത്തുവച്ച് കൊലചെയ്യപ്പെട്ട സംഭവമാണ്. ആ കൊലപാതകത്തെ ഒരു തരത്തിലും ന്യായീകരിക്കാനോ നിസ്സാരമായി കാണാനോ ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. കൊന്നത് എസ്.ഡി.പി.ഐ. പ്രവർത്തകരാണ്. പണ്ട് ഒരു മഹർഷി ഭസ്മാസുരന് വരം കൊടുത്തതുപോലെയാണ് എസ്.ഡി.പി.ഐ., എൻ.ഡി.എഫ്. ഉൾപ്പെടെയുള്ള പ്രസ്ഥാനങ്ങളെ തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിനുള്ളിൽ വച്ച് സംരക്ഷിക്കുന്നതുപോലെ പോയകാലത്ത് മുസ്ലീം ലീഗ് ഇത്തരം തീവ്രവാദ സംഘടനകളെ സംരക്ഷിച്ചുപോന്നത്. അങ്ങനെ മുസ്ലീം ലീഗിന്റെ ചെല്ലും ചെലവും വാങ്ങി അവരുടെ സംരക്ഷണയിലാണ് എസ്.ഡി.പി.ഐ.-യും എൻ.ഡി.എഫ്.-ഉം വളർന്നുവന്നത്. കൊണ്ടോട്ടി പ്രദേശത്ത് സിനിമാ തിയേറ്ററുകൾ സിഗററ്റ് ബോംബ് വച്ച് കത്തിക്കുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അതിൽ നൂറുകണക്കിന്

പ്രതികളെ പിടിച്ചപ്പോൾ അവരെ ജാമ്യത്തിലിറക്കാൻ മുസ്ലീം ലീഗ് മുൻപന്തിയിലുണ്ടായിരുന്നു. മലപ്പുറം ജില്ലയിൽ ഒരു പ്രതിയെ പിടിച്ച് പോലീസ് ജീപ്പിൽ കൊണ്ടുപോയപ്പോൾ വടിയും പാരയും വടിവാളുമായി ലീഗുകാർ പോലീസ് ജീപ്പ് തടഞ്ഞു നിർത്തി പോലീസുകാരന്റെ കണ്ണിലേക്ക് ഒരൊറ്റയേറ് കൊടുത്തു. ആ പോലീസുകാരന്റെ കണ്ണ് പൊട്ടിപ്പോയി. ഉടനെതന്നെ പ്രതിയേയും കൊണ്ട് ലീഗുകാർ സ്ഥലം വിടുകയാണ്. എന്ത് സമാധാനപ്രിയരാണ് ലീഗുകാർ. സമാധാനത്തിന്റെ കാവൽ മാലാഖകളായും വെള്ളരിപ്രാവുകളായും ലീഗ് ഇപ്പോൾ ചമയുന്നത് കേട്ടാൽ പോയകാലത്തെക്കുറിച്ച് എല്ലാവർക്കും മറവിരോഗം ബാധിച്ചെന്ന് തോന്നും. നാദാപുരത്തെ വേളത്ത് വച്ച് കൊലചെയ്യപ്പെട്ടത് നിസ്കരിച്ചിട്ട് പള്ളിയിൽനിന്ന് ഇറങ്ങിവരുമ്പോഴാണെന്നാണ് പറഞ്ഞത്. മൂന്ന് വർഷം മുമ്പ് കിഴപറമ്പ പഞ്ചായത്തിലെ കുനിയിൽ എന്ന സ്ഥലത്ത് കൊളക്കാടൻ ബാപ്പുട്ടി ഹാജിയാരുടെ രണ്ട് മക്കളെ, പള്ളിയിൽ 6.40-നുള്ള മഗ്‌രിബ് നിസ്കാരം കഴിഞ്ഞ് ഇറങ്ങവെ മിന്നൽപ്പിണർ പോലെ ചാടി ജ്യേഷ്ഠനെയും അനുജനേയും ഒരുപോലെ വെട്ടുകയായിരുന്നു. പള്ളിയും അവരുടെ വീടും തമ്മിൽ പത്തോ ഇരുപതോ മീറ്റർ ദൂരംമാത്രമെയുള്ളൂ. ബഹുമാനപ്പെട്ട സ്പീക്കർക്ക് നേരിട്ട് അറിയാവുന്ന സ്ഥലമാണിത്. ബാപ്പുട്ടി ഹാജിയാർക്ക് രണ്ടേ രണ്ട് ആൺമക്കളാണുണ്ടായിരുന്നത്. ആ എഫ്.ഐ.ആർ.-ൽ ചാർജ്ജ് ചെയ്ത ആറാം പ്രതി ഈ സഭയ്ക്കുള്ളിൽ ഇരിക്കുകയാണ്. അതുപോലെതന്നെ ജെയിംസ് അഗസ്റ്റിൻ മാഷിന്റെ കൊലപാതകം നടന്നു. എന്റെ വീടിന് തൊട്ടടുത്താണ് ജെയിംസ് അഗസ്റ്റിൻ മാഷ് താമസിച്ചിരുന്നത്. അയാൾ അവിടെ ഒരു ക്ലസ്റ്റർ മീറ്റിംഗിൽ പങ്കെടുത്തതുകൊണ്ട് അയാളെ ലീഗുകാർ ആക്രമിക്കുകയായിരുന്നു. നാഭിക്കേറ്റ ചവിട്ടിന്റെ ഫലമായി അയാൾ മരിച്ചു. അതും സ്പഷ്ടമായ കൊലപാതകമാണ്. അരീക്കോട് അങ്ങാടിയിലെ ചരിത്രമൊന്നും ആരും മറക്കാൻ സാധ്യതയില്ല. അരീക്കോട് അങ്ങാടിയിലെ ഒരു പൊതുയോഗത്തിൽ ലീഗിന്റെ ഏറനാട് എം.എൽ.എ. പ്രസംഗിച്ചത് 'ഏതെങ്കിലും ഒരാൾ ഇതിനെതിരെ സാക്ഷി പറഞ്ഞാൽ അവൻ തിരികെ വീട്ടിലെത്തില്ല; എന്റെ കുട്ടികൾ അത് നോക്കിക്കൊള്ളും'. സാക്ഷി പറയുന്നിടത്തുനിന്ന് യഥാർത്ഥ ദൃക്‌സാക്ഷികളെ ഭീഷണിപ്പെടുത്തി ആ കൊലക്കേസിന് തുമ്പില്ലാതാക്കുന്നു. മൂന്നുദിവസം മുമ്പ് അവിടെ പൊതുയോഗം വിളിച്ചുകൂട്ടി കൊട ളക്കാടൻ ബാപ്പുട്ടി ഹാജിയാരുടെ മക്കളെ കൊല ചെയ്യണമെന്ന് ലീഗിന്റെ നേതാക്കന്മാർ പ്രസംഗിച്ചതിന്റെ ഫലമായിട്ടാണ് ആ കൊലപാതകത്തിലേക്ക് കാര്യങ്ങൾ എത്തിയത്. ഇപ്പോൾ ലീഗ് വെള്ളരിപ്രാവ് ചമഞ്ഞാൽ എങ്ങനെയാണ് ശരിയാകുക? മുസ്ലീം ലീഗ് പോകട്ടെ, ശ്രീ. കെ.എം മാണി സാറിനെക്കുറിച്ച് ഇന്നൊരു വാർത്ത വന്നിട്ടുണ്ട്.

അദ്ദേഹം പത്രക്കാരോട് പറഞ്ഞതാണ്. നേരാണോയെന്ന് എനിക്കറിയില്ല. അദ്ദേഹം പറഞ്ഞത്, '50 വർഷമായി ഞാൻ ഇടിയേക്കുകയാണ്. ഭയങ്കരമായ ഇടിയാണ്. ഈ ഓരോ ഇടി കിട്ടുമ്പോഴും ഞാൻ തഴച്ച് വളരുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, അങ്ങയുടെ സമയം ........

ശ്രീ. ജോർജ് എം. തോമസ്: സർ, ഇപ്പോൾ നിറുത്താം. അങ്ങനെ തഴച്ച് വളരുന്നതിനിടയിൽ സ്വാഭാവികമായി അദ്ദേഹത്തിനൊരു ദർശനമുണ്ട് - 'വളരും തോറും പിളരും'. ആ പാവം, വന്ദ്യവയോധികനായ ശ്രീ. കെ.എം. മാണി സാർ കോൺഗ്രസ്സിന്റെ ഇടി എത്രകാലമാണ് ഇങ്ങനെ സഹിക്കുന്നത്? അദ്ദേഹത്തിന് കേരള കോൺഗ്രസ്സ് എന്നുപറയുന്ന പാർട്ടി രൂപീകരിക്കുന്നതിനാവശ്യമായ രാഷ്ട്രീയ പശ്ചാത്തലം ഇപ്പോഴും നിലനില്ക്കുന്നതുകൊണ്ട് ആ പാർട്ടി പിരിച്ചുവിട്ട് കഴിയുന്നത്ര ആൾക്കാരെ കൂട്ടുക ; അല്ലാത്തവർ വേറെ എവിടെയെങ്കിലും പോയി കൂടുക.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്... .പ്ലീസ് കൺക്ലൂഡ്..........

ശ്രീ. ജോർജ് എം. തോമസ്: സർ, ശ്രീ. കെ. എം. മാണിസാറിന്റെ ഭരണകാലത്താണ് കണ്ണൂർ ജില്ലയിൽ നിന്നുള്ള ഒരു കൃഷിക്കാരൻ മാണിസാറിന്റെ വീടിനുമുമ്പിൽ ആത്മഹത്യ ചെയ്തത്. മാണിസാറേ, കാലം മാറിയിരിക്കുകയാണ് തിരുത്താൻ തയ്യാറാവുകയെന്ന് പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ധനം വിനിയോഗിക്കുന്നത് സംബന്ധിച്ചുള്ള ചർച്ചയിൽ രാഷ്ട്രീയം പറയണ്ടെന്ന് കരുതിയതാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ.-ക്ക് കിട്ടിയ വോട്ടുകളൊന്നും ഇപ്പോൾ കാണാനില്ലെന്ന് ശ്രീ. ജോർജ് എം. തോമസ് പറഞ്ഞു, അത് പൂർണ്ണമായും ഇടതുപക്ഷം വാങ്ങിയിട്ടില്ലെന്ന് പറയാൻ കഴിയുമോ? എനിക്ക് വളരെ വ്യക്തമായി പറയാൻ കഴിയും കാരണം എടരിക്കോട് മുൻ പഞ്ചായത്ത് പ്രസിഡന്റ് എസ്.ഡി.പി.ഐ.-ൽപ്പെട്ട ഇഖ്റാമുൽ ഹക്ക് ആണ്. വൈസ് പ്രസിഡന്റ് സി.പി.ഐ.(എം)-ൽപ്പെട്ട ആളാണ്. നിഷേധിക്കാൻ ആവുമോ? കേരളത്തിൽ എവിടെയെങ്കിലും മുസ്ലീം ലീഗോ യു.ഡി.എഫോ എസ്.ഡി.പി.ഐ.-യുമായി സഖ്യത്തിൽ ചേർന്ന് ഏതെങ്കിലും പഞ്ചായത്ത് പിടിച്ചെന്ന് പറയാൻ കഴിയുമോ? വസ്തുതകൾ വളച്ചൊടിച്ച് കാര്യങ്ങൾ പറയാൻ പാടില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം, വഴങ്ങുന്നുണ്ടോ?

<u>ശ്രീ. സി. മമ്മൂട്ടി:</u> സർ, ഞാൻ വഴങ്ങുന്നില്ല. അങ്ങ് സമയം തരുമെങ്കിൽ വഴങ്ങാം. എന്റെ സമയത്തിന് നിങ്ങൾ പറയേണ്ട കാര്യമില്ല. ഇവിടെ തീവ്രവാദികളെ എതിർക്കുന്നതിൽ ശക്തമായ നിലപാട് സ്വീകരിച്ചത് മുസ്ലീം ലീഗാണ്. ഇന്നലെ ജയിലിൽ ബിരിയാണി വിളമ്പികൊടുത്ത കാര്യം പറഞ്ഞു. കൊടുക്കാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വോട്ടു വാങ്ങി, ഒരു പ്രശ്നം വരുമ്പോൾ സംരക്ഷിക്കാൻ വേണ്ടി ഒരു തീവ്രവാദിയെ വിളിച്ച് ബിരിയാണി വിളമ്പിയ സംഭവം ഇന്ത്യാ ചരിത്രത്തിലുണ്ടെങ്കിൽ അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി അവർക്ക് വിളമ്പിക്കൊടുത്തത് മാത്രമേ പറയാൻ കഴിയുകയുള്ളൂ. ഏതെങ്കിലും ഒരു ചെറിയ സംഭവം ചൂണ്ടിക്കാണിക്കാൻ കഴിയുമോ; ഒരിക്കലും നിങ്ങൾക്ക് കഴിയില്ല. തീവ്രവാദികളെ വളർത്തുന്നതിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്നത് നിങ്ങളാണ്. മഅ്ദനി വന്നപ്പോൾ അദ്ദേഹത്തിന് എല്ലാവിധ സഹായവും ചെയ്തുകൊടുത്തു, അവസാനം ജയിലിൽ നിന്ന് ഇറക്കി കൊണ്ടുവന്നപ്പോഴും സഹായം ചെയ്തുകൊടുത്തു. പൊന്നാനി തെരഞ്ഞെടുപ്പിൽ മുസ്ലീംലീഗ് പാർലമെന്റ് കാണില്ലെന്ന് പറഞ്ഞു, എന്നാൽ ജനങ്ങൾ അത് ഏറ്റെടുത്തു. ന്യൂനപക്ഷങ്ങൾക്കും പിന്നോക്കക്കാർക്കും സാധാരണ ജനങ്ങൾക്കും വേണ്ടി മതേതരത്വം നിലനിർത്തി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് മുസ്ലീം ലീഗ് എന്നത് ആർക്കും നിഷേധിക്കാനാവില്ല.

ധനവിനിയോഗ ബില്ലിനെക്കുറിച്ചു പറയുമ്പോൾ, കഴിഞ്ഞ കാലങ്ങളിൽ മാറിമാറി വന്ന ഏത് ഗവൺമെന്റുകളാണെങ്കിലും 50 ശതമാനത്തിൽ കൂടുതൽ തുക ചെലവഴിക്കാത്ത വകുപ്പുകളുണ്ട്. ഉദാഹരണത്തിന് ജലവിഭവ വകുപ്പിന് 100 കോടിരൂപ കുടിവെള്ളത്തിനായി കൊടുത്തു. കുടിവള്ള പദ്ധതി ആവിഷ്കരിക്കാനായി സർവ്വെ നടത്താൻ ഒരുപാട് സമയമെടുക്കും. സർവ്വേ കഴിയുമ്പോൾ ഒരു വർഷമോ ഒന്നര വർഷമോ ആകും. ഒരു വർഷമെടുത്ത് സർവ്വേ നടത്തിക്കഴിഞ്ഞതിനുശേഷം ഇതിന് ടെൻഡർ കൊടുക്കും. അപ്പോൾ പി.ഡബ്ള്യു.ഡി. പറയും റെസ്റ്റൊറേഷന് ഫണ്ട് കെട്ടണമെന്ന്. റെസ്റ്റോറേഷന് ഫണ്ട് കെട്ടാൻ വേണ്ടി എസ്റ്റിമേറ്റ് കൊടുക്കാൻ പിന്നെയും ധാരാളം സമയമെടുക്കും. ആ ഫണ്ട് പി.ഡബ്ല്യു.ഡി.-ക്ക് അനുവദിച്ചാൽ പി.ഡബ്ല്യു.ഡി. റെസ്റ്റൊറേഷനുവേണ്ടി എല്ലാകാര്യങ്ങളും ഏർപ്പാട് ചെയ്തശേഷമേ പെർമിഷൻ കൊടുക്കുകയുള്ളൂ. അപ്പോഴേക്കും റബ്ബറൈസ്ഡ് ചെയ്യേണ്ട റോഡ് റബ്ബറൈസ്ഡ് ചെയ്തിട്ടുണ്ടാകും, കട്ടിംഗിന് ജനങ്ങൾ അനുവദിക്കുകയുമില്ല. ഇങ്ങനെയുള്ള ധാരാളം പ്രശ്നങ്ങളുണ്ട്. ഒരു കാര്യം ഞാൻ പറയാം, പി.ഡബ്ല്യു.ഡി.-യും വാട്ടർ അതോറിറ്റിയും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഇക്കാര്യങ്ങളിലുണ്ടാകണം. കാരണം രണ്ട് വിഷയങ്ങളാണുള്ളത്, ടെൻഡർ ചെയ്ത വർക്കാണെങ്കിൽപ്പോലും റോഡ് കട്ടിംഗിനുമുൻപ് റബ്ബറൈസ് ചെയ്തുകഴിഞ്ഞാൽ റസ്റ്റൊറേഷൻ വർക്കിന് രണ്ടാമത് പണം

കൊടുക്കേണ്ടതായിട്ടുള്ള വിഷയം വരുന്നില്ല. അതിനുവേണ്ടി ചെയ്യാൻ കഴിയുന്ന കാര്യം, വാട്ടർ അതോറിറ്റി ടെൻഡർ ചെയ്ത് പണമനുവദിക്കുമ്പോൾ തന്നെ റെസ്റ്റൊറേഷൻ വർക്കുകൂടി കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽപ്പെടുത്തുകയാണെങ്കിൽ ഈയൊരു പ്രശ്നം ഒഴിവാക്കാനും പണം ലാഭിക്കാനും കഴിയും. അല്ലെങ്കിൽ റബ്ബറൈസ് ചെയ്യുന്നു; വീണ്ടും കുഴിക്കുന്നു; രണ്ടാമത് റെസ്റ്റോർ ചെയ്യാൻ കഴിയാത്ത അവസ്ഥ വരുന്നു. ഈ വലിയൊരു നഷ്ടംകൊണ്ട് കുടിവെള്ള പദ്ധതി ആവിഷ്കരിച്ചാൽ നിസ്സാരമായ ഒരു പൈപ്പ് ലൈൻ കൊടുക്കാത്തതിന്റെ പേരിൽ വർക്ക് നീണ്ടുപോകുന്നു. ഈ ഫണ്ട് വിനിയോഗിക്കാനും കഴിയുന്നില്ല. ഈയൊരു പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി.-യും വാട്ടർ അതോറിറ്റിയും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കി ധനകാര്യവകുപ്പുമായി ഒരു തീർപ്പുണ്ടാക്കണം. രണ്ടാമത്തെ വിഷയം, ഇവിടെ ഏതെങ്കിലും ഫണ്ടിൽ ഷോർട്ടേജ് വരുമ്പോൾ നികുതി വർദ്ധിപ്പിച്ച് പണം സമാഹരിക്കുന്നു. ഈ പണം കൊണ്ട് ആർക്കാണ് ഗുണം? ഇവിടെ എപ്പോഴും ഒരു കരാറുകാരൻ ടെൻഡർ എടുത്തുകഴിഞ്ഞാൽ എല്ലാവർഷവും ഷെഡ്യൂൾഡ് റിവൈസ് ഉള്ളതുകൊണ്ട് റിവൈസിനുവേണ്ടി കാത്തുനിൽക്കും. എങ്ങനെയെങ്കിലും വർക്ക് കിട്ടാൻവേണ്ടി below-ക്ക് ടെണ്ടർ വിളിച്ചെടുക്കും. അങ്ങനെ below-ക്ക് വിളിച്ചെടുത്തുകഴിഞ്ഞാൽ എഗ്രിമെന്റ് വയ്ക്കുകയില്ല. കോൺട്രാക്ടർ കാത്തിരിക്കും. അങ്ങനെയാവുമ്പോൾ ഒരു വർഷം കഴിഞ്ഞ് റിവൈസ് ചെയ്യുമ്പോൾ ആ റിവൈസ് ചെയ്ത റേറ്റ് എനിക്ക് കിട്ടണമെന്ന് പറഞ്ഞ് ഇദ്ദേഹം വീണ്ടും സമീപിക്കും. അപ്പോൾ റിവൈസ് ചെയ്തു കൊടുക്കും. അങ്ങനെയുള്ള പ്രശ്നങ്ങൾകൊണ്ട് ജനങ്ങൾക്ക് കിട്ടേണ്ട ആ റോഡിന്റെ പണം ഇരട്ടിയോ അതിലിരട്ടിയോ ആകും. ചില പാലങ്ങൾക്ക് കിട്ടുന്നത് അഞ്ചിരട്ടി ആറിരട്ടി പണമാണ്. ആറുകോടി രൂപയ്ക്ക് ടെൻഡർ ചെയ്യേണ്ട ഒരു പാലം മൂന്നാമത്തെ വർഷം ആകുമ്പോഴേക്കും 15 കോടി രൂപയിലേക്ക് ടെൻഡർ ചെയ്ത് പോകുന്ന അനുഭവമുണ്ട്. അതുകൊണ്ട് ടെൻഡർ കൊടുക്കുന്ന കാര്യത്തിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കണം. ഇക്കാര്യത്തിൽ മാറിമാറി വരുന്ന എല്ലാ ഗവൺമെന്റുകളും ഒരു പ്രത്യേക ലോബിയായി പ്രവർത്തിക്കുകയായിരുന്നു. അതുകൊണ്ട് above, below വിളിച്ച് പിന്നെ റിവൈസ് ചെയ്ത് above ആക്കി പിന്നെ കൂട്ടിക്കൂട്ടി കൊണ്ടുപോയി കാലതാമസം വരുത്തി നഷ്ടപ്പെട്ടു പോകുന്ന അവസ്ഥ ഒഴിവാക്കി ഈ ധനം വിനിയോഗിക്കുന്നത് നീതിയുക്തമാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ടും ഈ ധനവിനിയോഗബില്ലിനെ എതിർത്തു കൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, 2016-17-ലെ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി

ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗം അവസാനിക്കുന്നിടത്ത് ഒ.എൻ.വി. കവിതകളുടെ വരികളാണുണ്ടായിരുന്നത്. 'നമ്മൾ ജയിക്കും ജയിക്കുമൊരുദിനം' എന്ന നിശബ്ദരാക്കപ്പെട്ട മനുഷ്യരുടെ പ്രത്യാശ ആ വരികളിൽ മുഴങ്ങിയിരുന്നു. മലയാള കവിതയുടെ സർഗ്ഗാത്മകതയുടെ പ്രതീകമായിരുന്നു ഒ.എൻ.വി. കുറുപ്പ് എന്ന് നമുക്കെല്ലാവർക്കും അറിയാം. ഡോ. ടി. എം. തോമസ് ഐസക് കേരളത്തിന്റെ വികസനത്തിന് ധീരമായ ഒരായിരം വഴികൾ തുറന്നിട്ടുകൊണ്ട് ബഡ്ജറ്റിൽ സർഗ്ഗാത്മകത നിറയ്ക്കുകയായിരുന്നുവെന്ന് ഇപ്പോൾ കേരളം മുഴുവൻ പറയുകയാണ്. കേരള ജനത മറക്കാൻ ഇഷ്ടപ്പെടുന്ന ഒരു ഭരണ കാലയളവാണ് കഴിഞ്ഞുപോയത്. ഭീതിജനകമായ സാമ്പത്തിക തകർച്ചയാണ് യു.ഡി.എഫ്. ഭരണത്തിലൂടെ ഉണ്ടാക്കിയെടുത്തിട്ടുള്ളത്. അഴിമതിയുടെ ഉത്രാടച്ചന്തയായിരുന്നു കഴിഞ്ഞ യു.ഡി.എഫ്.ഭരണം. പിരിച്ചെടുക്കേണ്ട നികുതികൾപോലും പിരിച്ചെടുക്കാൻ തയ്യാറാകാതെ ഭരണത്തിൽ പിടിയുള്ളവർ അടിച്ചുമാറ്റിയ 23900 കോടി രൂപയുടെ നികുതി ബാധ്യത ഈ സംസ്ഥാനത്തെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ച ഒരു ഗവൺമെന്റായിരുന്നു അന്നത്തേത്. ഈ സാഹചര്യത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ 'അഴിമതിമുക്ത വികസിത കേരളം' എന്ന മുദ്രാവാക്യം ഈ ബഡ്ജറ്റിലൂടെ നമ്മുടെ മുൻപിൽ എത്തി നിൽക്കുന്നത്. എൽ.ഡി.എഫ്. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ ഒന്നൊന്നായി പാലിക്കുന്നതിനുള്ള ചുവടുവയ്പ്പാണ് ബഡ്ജറ്റിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്. 5 വർഷം കൊണ്ട് 5 ലക്ഷം പേർക്ക് തൊഴിൽ എന്ന എൽ.ഡി.എഫ് ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യം, ടൂറിസം മേഖലയിൽ 750 കോടി രൂപയും, ഐ.റ്റി. മേഖലയിൽ 1325 കോടി രൂപയും വകയിരുത്തുമ്പോൾ ദൃശ്യമാകുന്നത് അതാണ്. 1500 സ്റ്റാർട്ട് അപ്പുകളും വ്യവസായ ഇടനാഴികളും ക്ലസ്റ്ററുകളും ലക്ഷക്കണക്കിന് തൊഴിൽ ദിനങ്ങളും സൃഷ്ടിക്കാൻ സഹായിക്കുന്ന ഒരു ബഡ്ജറ്റാണിതെന്നത് ഏറെ വ്യക്തമാണ്. വളരെ ദീർഘവീക്ഷണത്തോടെയാണ് വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഈ ബഡ്ജറ്റ് രൂപം കൊടുത്തിട്ടുള്ളത്. പൊതുമേഖലയെ വിൽക്കുന്ന സമ്പൂർണ്ണ വാണിജ്യ വൽക്കരണമാണ് വിദ്യാഭ്യാസ മേഖലയെ രക്ഷിക്കാൻ യു.ഡി.എഫ്. കണ്ടുവച്ചിരുന്ന മാർഗ്ഗം. മിഷൻ 2030 അതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവാണ്. ആ സമീപനത്തെ പിൻതള്ളിക്കൊണ്ടാണ് ഓരോ മണ്ഡലത്തിലെയും ഓരോ സർക്കാർ സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള പദ്ധതി ഈ ബഡ്ജറ്റിൽ ആവിഷ്ക്കരിക്കുകയും അതിനായി 1000 കോടി രൂപ മാറ്റി വയ്ക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നത്. അങ്ങനെ കേരളത്തിൽ ആകമാനം 140 സ്കൂളുകളാണ് തുറക്കാനിരിക്കുന്നത്. ഈ 140 സ്കൂളുകൾ ഉണ്ടാക്കുമ്പോൾ സ്കൂളിനുവേണ്ടിയുള്ള കൂടുതൽ സൗകര്യങ്ങൾ, അതിനുള്ള സിലബസും ആക്ടിവിറ്റീസും,

അധ്യാപകരെ നിയമിക്കാനുള്ള സംവിധാനംകൂടി ഉണ്ടാകണം. അതിനുള്ള പരിപാടികൾ ഉണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്തിന്റെ ഓരോ ചില്ലിക്കാശും ചെലവിടുമ്പോൾ അതെങ്ങനെ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ജീവിതം മെച്ചപ്പെടുത്തുമെന്ന ഗാന്ധി വചനവും ഈ ബഡ്ജറ്റിൽ ഏറെ ദൃശ്യമാണ്. ഗാന്ധിജിയെ എന്നേ മറന്നുപോയവർ, മാർക്സിന്റെയും ഏംഗൽസിന്റെയും ചിത്രം പാർട്ടി ഓഫീസിൽ ഇല്ലായെന്ന് വിലപിക്കുന്നവരുടെ യുക്തിഭദ്രത ജനം ചോദ്യം ചെയ്യുകതന്നെ ചെയ്യും. പെൻഷൻ ആവശ്യമുള്ളവർക്കെല്ലാം വീട്ടിൽ എത്തിച്ചു കൊടുക്കാൻ, പെൻഷൻ തുക 1000 രൂപയാക്കാൻ, ഒരു മാസത്തെ പെൻഷൻ അഡ്വാൻസായി കൊടുക്കാൻ, 60 വയസ്സ് തികഞ്ഞ തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ, അഞ്ചുവർഷത്തിലേറെയായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്ക് പെൻഷൻ നൽകാനൊക്കെ ലക്ഷ്യമിടുന്ന ഈ ബഡ്ജറ്റ് പാവപ്പെട്ടവർക്ക് നൽകുന്ന ആശ്വാസം എത്രത്തോളമാണെന്ന് പ്രത്യേകം പറയേണ്ടതില്ല. വളരെ നൂതനമായ നികുതി നിർദ്ദേശങ്ങളുള്ള അഴിമതി വിമുക്തമാക്കാൻ ലക്ഷ്യമിടുന്ന ഈ ബഡ്ജറ്റിനെ പ്രതിപക്ഷം എതിർക്കുന്നത് അവർ പ്രതിപക്ഷമാണെന്ന് നമ്മളെ ഓർമ്മിപ്പിക്കാൻ വേണ്ടി മാത്രമാണെന്ന് കരുതുകയാണ്. സകല ജനങ്ങളും അംഗീകരിക്കുന്ന ഒരു ബഡ്ജറ്റിന്റെ ശോഭ കെടുത്താനുള്ള പ്രതിപക്ഷത്തിന്റെ ആസൂത്രിതമായ നീക്കം മാത്രമാണിത്. സാമ്പത്തിക ഞെരുക്കം ഉണ്ടെങ്കിലും നാട്ടിലെ സാധാരണക്കാരോട് ഇടതുപക്ഷ ജനാധിപത്യമുന്നണി വാക്കുപാലിക്കുകയാണ്. ഈ സർക്കാർ എല്ലാപേർക്കും വീട്, വൈദ്യുതി, കക്കൂസ് എന്നിവ യാഥാർത്ഥ്യമാക്കുകയാണ്. പൊതുവിദ്യാലയങ്ങളുടെയും ആശുപത്രികളുടെയും ഗുണനിലവാരം ഉയർത്താനുള്ള പദ്ധതി കൂടിയാകുമ്പോൾ സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാ പദ്ധതിയായി ഈ ബഡ്ജറ്റ് മാറുകയാണ്. ബഡ്ജറ്റിന്റെ ഓരോ അധ്യായത്തിലും ആരംഭത്തിലുമൊക്കെ ഉദ്ധരിക്കപ്പെടുന്ന ശ്രീനാരായണഗുരു സൂക്തങ്ങൾ ഈ ബഡ്ജറ്റിന്റെകൂടി തത്വശാസ്ത്രമാകുകയാണ്. കേരളീയരുടെ സമസ്തസുന്ദരമായ നല്ല നാളെയുടെ പ്രതീകമായ ഓണം കടന്നുവരുന്നത് ഞങ്ങളെപ്പോലെയുള്ള സാധാരണ ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് ഇമ്പമാർന്ന കൈകൊട്ടി കളികളിലൂടെയാണ്. ധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ച സമയത്ത് ഇടയ്ക്കിടെ കൈകൊട്ടുമ്പോൾ വരാൻ പോകുന്ന സുശക്തമായ അഴിമതി വിമുക്ത മതനിരപേക്ഷ കേരളത്തിന്റെ കേളി കൊട്ടായാണ് ഞങ്ങൾ അതിനെ കാണുന്നത്. കേരളത്തിലെ സകല ജനങ്ങളുടെയും മനസാക്ഷിയും പിന്തുണയും സ്നേഹവുമെല്ലാം ഈ ബഡ്ജറ്റിലുണ്ട്. തീർച്ചയായും ഈ ബഡ്ജറ്റിനെ പരാജയപ്പെടാൻ അനുവദിക്കാതെ ഏറ്റവും ശക്തിയായും

ഭംഗിയായും മുന്നോട്ടുകൊണ്ടുപോകാൻ കഴിയേണ്ടതുണ്ട്. കേരളത്തിന്റെ വികസനത്തിൽ വലിയ കുതിച്ചുചാട്ടമുണ്ടാക്കാൻ സഹായിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. കയ്പമംഗലം മണ്ഡലത്തിന് അദ്ദേഹം നൽകിയ പരിഗണനകൾക്ക് ഞാൻ പ്രത്യേകം നന്ദി പറയുന്നു. അതോടൊപ്പം കടൽത്തീരം ഏറ്റവും കൂടുതലുള്ള ഒരു മണ്ഡലമെന്ന നിലയിൽ പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങാൻ കഴിയുന്ന രീതിയിലുള്ള പദ്ധതികൾ കൂടി ഉണ്ടാകണമെന്നു സൂചിപ്പിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് ഗവൺമെന്റ് വിവിധ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ പദ്ധതികളിലെ കാലതാമസമൊഴിവാക്കി പൂർത്തിയാക്കുന്നതിന് പ്രത്യേകം മുൻഗണന നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വർഷങ്ങളോളം നീണ്ടുപോകുന്നതിലൂടെ കോടിക്കണക്കിന് രൂപ സംസ്ഥാന ഖജനാവിൽ നഷ്ടം സംഭവിക്കുന്നതിനെക്കുറിച്ചും അധിക ബാധ്യതകൾ ഉണ്ടാകുന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട പല അംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ധനവിനിയോഗത്തിൽ ഫലപ്രദമായിട്ടുള്ള ശ്രദ്ധയും ഇടപെടലും ഗവൺമെന്റും വിവിധ വകുപ്പുകളും കാര്യക്ഷമതയോടെ നിർവ്വഹിക്കേണ്ടതുണ്ട്. പൊതുമരാമത്ത് വകുപ്പിൽ ഇപ്പോൾ ചെങ്ങന്നൂർ, കോട്ടയം, മൂവാറ്റുപുഴ എം.സി. റോഡിന്റെ പണികൾ നടക്കുന്നു. തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡ് നിർമ്മാണ പൂർത്തീകരണത്തെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ കൂടുതൽ ബാധ്യതകൾ ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ടെന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. വർഷങ്ങളോളം നീണ്ടുപോയതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അതുകൊണ്ട് റോഡ് നിർമ്മാണമടക്കമുള്ള കാര്യങ്ങളിൽ പദ്ധതികൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മഴക്കാലത്ത് റോഡുകൾ തകരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ എല്ലാ വർഷവും ഉണ്ടാകുന്നു. ഇപ്രാവശ്യവും അറ്റകുറ്റപ്പണികൾക്ക് ഗവൺമെന്റ് കൊടുത്തിരിക്കുന്ന തുക അപര്യാപ്തമാണെന്നാണ് ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഇതിനൊക്കെ കൂടുതൽ തുക ആവശ്യമാണ്. അതുപോലെ 1-1-2016 മുതൽ സാംഗ്ഷൻ കൊടുത്ത എല്ലാ വർക്കുകളും നിർത്തിവയ്ക്കാൻ പി.ഡബ്ല്യൂ.ഡി.-ക്ക് ഗവൺമെന്റ് നിർദ്ദേശം കൊടുത്തുവെന്നാണ് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ അടക്കമുള്ള ഉദ്യോഗസ്ഥർ പറയുന്നത്. എല്ലാ

ഡിവിഷനുകളിലും വിളിച്ച് ചോദിച്ചപ്പോഴും 1-1-2016-നുശേഷമുള്ള ഒരു വർക്കും ഭരണ-പ്രതിപക്ഷ ഭേദമന്യേ ചെയ്യാൻ സാധിക്കാത്ത ഒരവസ്ഥയാണുള്ളത്.

മി. സ്പീക്കർ: സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്...

ശ്രീ. മോൻസ് ജോസഫ്: സർ, ഒരു സെക്കൻഡുകൂടി തരണം. പൊതുമരാമത്ത് വകുപ്പുതലത്തിൽ പരിശോധനയോ വിലയിരുത്തലോ ഒക്കെ നടന്നോട്ടേ. അതിൽ കുഴപ്പമില്ല. പക്ഷെ ഗവൺമെന്റ് നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നതോടൊപ്പം ഒരു ഭാഗത്ത് എല്ലാം നിർത്തി വയ്ക്കാൻ പറഞ്ഞാൽ നമ്മുടെ റോഡുകളെല്ലാം കൂടുതൽ കുളമാകുകയേയുള്ളൂ. ഇതുമൂലം ഇരട്ടി നഷ്ടമാണുണ്ടാകാൻ പോകുന്നത്. റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്താൻ കഴിയണം. എന്റെ മണ്ഡലത്തിൽ 5 റോഡുകൾ നവീകരിക്കേണ്ടവയാണ്, അതിന് വർക്ക് ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചു. വർക്ക് ആരംഭിക്കേണ്ട സമയത്ത് സ്റ്റോപ്പ് ചെയ്തിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് കുടിശ്ശിക കൊടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. കേന്ദ്രഗവൺമെന്റ് ഒരു വാഴയ്ക്ക് നൂറ് രൂപ നഷ്ടപരിഹാരം കൊടുക്കുന്നത് മൂന്ന് രൂപയാക്കി കുറച്ചപ്പോൾ കേരളത്തിൽ വലിയ ആശങ്കയുണ്ടായി. എന്നാൽ സംസ്ഥാന ഗവൺമെന്റ് നൂറു രൂപയും കൊടുക്കാനുള്ള തീരുമാനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൈക്കൊണ്ടു. പക്ഷേ പിന്നീട് ഇലക്ഷൻ പ്രഖ്യാപിച്ചതുകാരണം ആ പണം കൊടുക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും നേതൃത്വം കൊടുത്തുകൊണ്ട് പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് കൊടുത്തു തീർക്കാനുള്ള പണം കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ആത്മാർത്ഥമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ വികസനരംഗത്ത് വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സമീപകാലത്തൊന്നും ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കേരളത്തിലെ ജനങ്ങൾ ഇത്രയും സന്തോഷിച്ചിട്ടുണ്ടാകില്ല. ഓരോ നിയോജകമണ്ഡലങ്ങളിലും വളരെ വർഷങ്ങളായി പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ കണ്ടറിഞ്ഞ് അതൊക്കെ പരിഹരിക്കാനുള്ള തീരുമാനമെടുത്ത ഒരു ബഡ്ജറ്റാണിത്. എന്റെ മണ്ഡലത്തിലെ ഒരു ആശുപത്രിയെ ജില്ലാശുപത്രിയാക്കി. പക്ഷേ കഴിഞ്ഞ അഞ്ച് വർഷമായി അവിടെ

ആവശ്യമായ ഡോക്ടർമാരുടേയോ നഴ്സുമാരുടെയോ എണ്ണം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് അവിടെ ആവശ്യത്തിന് ഡോക്ടർമാരേയും നഴ്സുമാരേയും നിയമിക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ പി.ഡബ്ല്യൂ.ഡി.യിലും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലും പഞ്ചായത്തുകളിലും ഉദ്യോഗസ്ഥരുടെ എണ്ണം കുറഞ്ഞുവരികയാണ്. ഇക്കാര്യം പ്രത്യേകം പരിശോധിച്ച് ആവശ്യമുള്ള എഞ്ചിനീയർമാരെ നിയമിച്ചാൽ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ച പദ്ധതികളെല്ലാം കൃത്യസമയത്തുതന്നെ നടപ്പിലാക്കാൻ സാധിക്കും. അല്ലെങ്കിൽ കുറച്ച് കഴിയുമ്പോൾ ചില പദ്ധതികൾക്ക് റേറ്റ് റിവൈസ് ചെയ്യേണ്ടിവരും. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രഖ്യാപിച്ച പദ്ധതികളുടെ റേറ്റ് റിവൈസ് ചെയ്തുതരുമെന്ന് പറഞ്ഞെങ്കിലും അഞ്ച് വർഷംകഴിഞ്ഞും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല, ഇക്കാര്യം പ്രത്യേകം പരിശോധിക്കേണ്ടതാണ്.

മറ്റൊരു കാര്യം പറയാനുള്ളത്, അടിയന്തരപ്രമേയം അവതരിപ്പിച്ച അവസരത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെയുണ്ടായ സംഭവത്തെ നൂറ് ശതമാനം അംഗീകരിച്ചുകൊണ്ടും സംഭവത്തെ അപലപിച്ചുകൊണ്ടും ഫലപ്രദമായ നടപടികൾ സ്വീകരിക്കുമെന്നുള്ള നിലയിലാണ് മറുപടി പറഞ്ഞത്. എന്നാൽ ചില സുഹൃത്തുക്കൾ അതിനെ ആ രീതിയിൽ കാണാത്തതിൽ എനിക്ക് ഖേദമുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടാകുമ്പോൾ മുഖ്യമന്ത്രി വളരെ ഫലപ്രദമായി നേരിടുമെന്ന് പറയുകയും അതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും പറഞ്ഞാൽ ഒരു ദിവസമെങ്കിലും അദ്ദേഹത്തെ വിശ്വസിക്കാനുള്ള സന്നദ്ധത കാണിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, എനിക്ക് ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കണമെന്ന് ആഗ്രഹമുണ്ട്. 'സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തിട്ടില്ല' എന്ന ക്രമപ്രശ്നം ഇന്ന് രാവിലെ ഞാൻ ഉന്നയിച്ചിരിക്കുകയാണ്. അദ്ദേഹം നിയോഗിച്ച ധനകാര്യ വകുപ്പുമന്ത്രിയുടെ ധനവിനിയോഗബില്ലിനെ ഇന്ന് ഒരു ദിവസത്തേയ്ക്ക് അനുകൂലിക്കാൻ പറ്റില്ലല്ലോ? അതുകൊണ്ട് എതിർക്കാതെ നിവൃത്തിയില്ല. ക്രമപ്രശ്നം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ റൂളിംഗ് ....

മി. സ്പീക്കർ: അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ പാടില്ല.

ശ്രീ. പി. സി. ജോർജ്: അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ പാടില്ലെന്ന് എനിക്കറിയാം, ഞാൻ അതിലേയ്ക്ക് വരുന്നുണ്ട്. ഇത് അക്കാദമിക്

ഇന്ററസ്റ്റിനുവേണ്ടി പറയുന്ന കാര്യമാണെന്ന് അങ്ങ് പറഞ്ഞിരുന്നു. അതിൽ നിന്നും വ്യത്യസ്തമായി അങ്ങ് അതിനെ കണ്ടു. ഒരു കാര്യം ഈ സഭ അറിയണം, ഇതിനുമുമ്പ് ഈ ചെയറിൽ ഇരുന്ന സ്പീക്കർ ശ്രീ. എൻ. ശക്തൻ നാടാർ, പി. സി. ജോർജിനെതിരെ ശക്തമായ ഒരു റൂളിംഗ് നടത്തി. വേദനയോടെ ഞാൻ ദൈവം തമ്പുരാനുണ്ടെന്ന് പറഞ്ഞു. ഞാൻ സഭയിൽ നിന്നും പോയി.

മി. സ്പീക്കർ: റൂളിംഗിനെ സംബന്ധിച്ച് ചർച്ച നടത്തേണ്ട. ഇതൊന്നും ശരിയല്ല.

ശ്രീ. പി. സി. ജോർജ് : നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അന്ന് റൂളിംഗ് നടത്തിയ ശ്രീ. എൻ.ശക്തൻ നാടാർ ഇന്ന് ഈ സഭയിലില്ല. അന്ന് ആ റൂളിംഗ് കേട്ടുകൊണ്ടിരുന്ന പി. സി. ജോർജ്ജ് മൂന്ന് മുന്നണികളെയും തകർത്തുകൊണ്ട് 27000 വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി ഇവിടെയിരുപ്പുണ്ട്.

മി. സ്പീക്കർ: അങ്ങ് ഇതൊന്നും വ്യക്തിപരമായി എടുക്കേണ്ട. റൂളിംഗിനുമേൽ ചർച്ചയില്ല.

ശ്രീ. പി.സി. ജോർജ്: അന്ന് ആ റൂളിംഗിനുവേണ്ടി സബ്മിഷൻ കൊടുത്ത ശ്രീ. തോമസ് ഉണ്ണിയാടനും ഇന്ന് ഈ സഭയിലില്ലെന്ന് അങ്ങ് അറിയണം.

മി. സ്പീക്കർ: അങ്ങ് ധനവിനിയോഗ ബില്ലിനെ സംബന്ധിച്ച് പറയാനുള്ളത് പറയൂ.

ശ്രീ. പി. സി. ജോർജ്: പറയേണ്ടത് പറയണ്ടേ? ഞാൻ ശപിക്കുകയല്ല. നടക്കാൻ പോകുന്നത് നേരത്തെ പറഞ്ഞുവെന്നേയുള്ളൂ. ഡോ. തോമസ് ഐസക് എന്നോട് ക്ഷമിക്കണം, ഇന്ന് ഈ ഡിമാന്റിനെ അനുകൂലിക്കാൻ നിവൃത്തിയില്ല. നാളെയായിരുന്നുവെങ്കിൽ ഞാൻ അനുകൂലിക്കുമായിരുന്നു, ഒരു സംശയവും വേണ്ട, കാരണം ധനവിനിയോഗ ബില്ലില്ലാതെ എങ്ങനെ ധനം വിനിയോഗിക്കാൻ സാധിക്കും? അത് ന്യായമാണ്. ഞാൻ പറഞ്ഞതിന്റെ അർത്ഥം അങ്ങ് ഉൾക്കൊണ്ടല്ലോ, അനുമതി. എനിക്ക് ആകെ ഒരു മിനിറ്റാണ് സംസാരിക്കാനുള്ളത്. ഞാൻ ഒരു ഡിമാന്റ് കൂടി ഈ സഭയിൽ വയ്ക്കുകയാണ്. ഒരു മിനിറ്റിനുള്ളിൽ ഒരു അംഗത്തിന് എങ്ങനെ സംസാരിക്കാൻ സാധിക്കും. ഒരു അംഗത്തിന് മിനിമം അഞ്ച് മിനിറ്റ് അനുവദിക്കുമെന്ന് അങ്ങ് ഒരു പ്രഖ്യാപനം നടത്തിയാൽ സഭാരേഖകളിൽ ഇങ്ങനെ പ്രഖ്യാപനം നടത്തിയ ഒരു സ്പീക്കർ എന്ന് ചരിത്രം അങ്ങയെക്കുറിച്ച് പറയും. അങ്ങനെ അങ്ങ് ഒരു പ്രഖ്യാപനം നടത്തൂ. ഞങ്ങളൊക്കെ കേൾക്കട്ടെ.

മി. സ്പീക്കർ: അങ്ങ് പ്രസംഗിക്കുന്നെങ്കിൽ പ്രസംഗിക്കു.

ശ്രീ. പി.സി. ജോർജ്: അങ്ങയെക്കാൾ സീനിയറായ ഞാൻ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് ധനവിനിയോഗ ബില്ലിലേയ്ക്ക് വരു.....പ്ലീസ്

ശ്രീ. പി.സി. ജോർജ്: ഇവിടെ എല്ലാവരും ധനവിനിയോഗ ബില്ലിനെക്കുറിച്ച് മാത്രമാണോ സംസാരിച്ചത്? ഇവിടെ ശ്രീ. ജോർജ് എം. തോമസ് സംസാരിച്ചതു മുഴുവൻ ധനവിനിയോഗ ബില്ലിനെക്കുറിച്ചായിരുന്നോ?

മി. സ്പീക്കർ: അങ്ങ് ഇപ്പോൾ അഡീഷണൽ സമയമെടുത്താണ് സംസാരിക്കുന്നത്. അങ്ങ് എന്നോട് സംസാരിക്കേണ്ട.

ശ്രീ. പി.സി. ജോർജ്: അക്കാര്യത്തിൽ അങ്ങേയ്ക്ക് തെറ്റുപറ്റി. അംഗങ്ങൾ ചെയറിനോടുമാത്രമേ സംസാരിക്കാവൂ. ഇതെല്ലാം ഞാൻ അങ്ങേയ്ക്ക് പറഞ്ഞുതരണമോ?

മി. സ്പീക്കർ: ചെയറിനോട് സംസാരിച്ചോളൂ. പക്ഷേ വ്യക്തിപരമായി എടുക്കേണ്ട. പ്ലീസ്........

ശ്രീ. പി. സി. ജോർജ്: ക്രമപ്രശ്നം രണ്ടെണ്ണമേ ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളൂ. ഒന്ന്, ഞാൻ വരുമ്പോൾ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സഭയിലും പാനൽ ഓഫ് ചെയർമാൻ ചെയറിലുമാണ് ഇരിക്കുന്നത്. അത് തെറ്റാണെന്ന് ഞാൻ പറഞ്ഞു. ഉടൻതന്നെ പാനൽ ഓഫ് ചെയർ മാറി ഡെപ്യൂട്ടി സ്പീക്കർ ചെയറിൽ വന്നു. ഞാൻ ഉന്നയിച്ച ക്രമപ്രശ്നം കൂടിപ്പോയി എന്ന രീതിയിൽ അങ്ങ് റൂളിംഗ് നടത്തിയപ്പോൾ എനിക്കുണ്ടായ വേദന ഞാൻ പറയണ്ടേ; അതുസംബന്ധിച്ച് ഈ സഭയിലിരിക്കുന്ന അംഗങ്ങൾ അറിയണ്ടേ; പുതിയ അംഗങ്ങൾക്ക് അത് അറിയില്ല, അത് പറഞ്ഞുകൊടുക്കേണ്ട മര്യാദ കാണിക്കണ്ടേ. അവിടെയാണ്, ഞാൻ ഉന്നയിച്ച ക്രമപ്രശ്നം ഗുരുതരമായത്.

മി. സ്പീക്കർ: അങ്ങയെപ്പോലെ ദീർഘമായ പാരമ്പര്യമുള്ള ഒരാൾ സഭയിൽ ചർച്ചയിൽ പങ്കെടുത്ത് ക്രമപ്രശ്നത്തെ സംബന്ധിച്ച് പറയുന്നത് ശരിയല്ല.

ശ്രീ. പി. സി. ജോർജ്: അങ്ങയുടെ റൂളിംഗിനെ ഞാൻ ബഹുമാനിക്കുന്നു. അതിനെ ശിരസ്സാ അംഗീകരിച്ചുകൊണ്ടുതന്നെയാണ് ഈ നല്ല കാര്യങ്ങൾ പറഞ്ഞുതരുന്നത്. ഡോ. തോമസ് ഐസക്ക് അവതരിപ്പിച്ച ധനവിനിയോഗബില്ലിനെ ശക്തിയുക്തം ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. സഭയിലെ എല്ലാ അംഗങ്ങൾക്കും അവരുടെ മണ്ഡലത്തിലെ വികസനത്തിനുവേണ്ടി വാരിക്കോരി കൊടുത്ത ഒരു ബഡ്ജറ്റായിരുന്നു ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനാണ് ഈ ധനവിനിയോഗ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. അതിനെ എല്ലാപേരും അംഗീകരിക്കേണ്ടതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സഭയിലെ എല്ലാ അംഗങ്ങളുടെയും മണ്ഡലങ്ങൾക്കുവേണ്ടി പണം വാരിക്കോരി കൊടുത്ത ഒരു കാലം ഇതിനു മുമ്പുണ്ടായിരുന്നോയെന്നത് പ്രതിപക്ഷാംഗങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. മന്ത്രിമാരെയും ചില ഡിപ്പാർട്ട്മെന്റിനേയും സ്വാധീനിക്കാൻ കഴിഞ്ഞവർക്ക് കുറേ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടാകുമെന്നത് വസ്തുതയായിരിക്കും. പക്ഷേ ഒരു ബഡ്ജറ്റിൽ കൂടി ഓരോ മണ്ഡലത്തിലും 'ഇന്നയിന്നതു പോലെ ഇന്നയിന്ന കാര്യങ്ങൾ ചെയ്യാൻ ഇത്രയും കോടി രൂപ അനുവദിക്കുന്നുവെന്ന്'പറഞ്ഞ ഒരു ധനമന്ത്രി ഇതിനുമുമ്പുണ്ടായിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടാണ് ഈ ബഡ്ജറ്റിനെ എല്ലാവരും അംഗീകരിക്കേണ്ടതായിരുവെന്ന് ഞാൻ പറയുന്നത്. ധനവിനിയോഗ ബില്ലിൽ പറയുന്ന കാര്യങ്ങൾ നമ്മുടെ നാട്ടിൽ നടപ്പാക്കണമെങ്കിൽ ഇതിനുപിന്നിൽ പ്രവർത്തിക്കേണ്ടത് പ്രധാനമായും ഉദ്യോഗസ്ഥരാണ്. ധനകാര്യവകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും പറയുന്നതുപോലെ ബന്ധപ്പെട്ട ഓരോ ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥരെക്കൊണ്ട് വർക്കുകൾ നടപ്പാക്കാൻ കഴിയുന്നെങ്കിൽ മാത്രമേ ഈ ധനം കൊണ്ട് നമ്മുടെ നാട്ടിന് ഗുണമുണ്ടാവുകയുള്ളൂ. ഏതു ഗവൺമെന്റായാലും, ഗവൺമെന്റ് അനുവദിക്കുന്ന പദ്ധതികൾ നാട്ടിലെത്താതിരിക്കുന്നതിന്റെ ഒരു പ്രധാന കാരണം ഉദ്യോഗസ്ഥർ പണിയെടുക്കാത്തതിന്റെ തടസ്സമാണ്. അത് മാറ്റിയെടുക്കുന്നതിനുവേണ്ടി പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഉദാഹരണമായി, എന്റെ മണ്ഡലത്തിൽ എട്ടുവർഷം മുമ്പ് ആരംഭിച്ച രാമങ്കയം കുടിവെള്ള പദ്ധതിയുണ്ട്. മൂന്നു ജലസേചന മന്ത്രിമാർ വകുപ്പിൽ വന്നുപോയെങ്കിലും ഒന്നും നടന്നില്ല. ആദ്യം പൈപ്പ് ഇടാൻ വേണ്ടി ടെൻഡർ ചെയ്തു. 140 കിലോമീറ്റർ പൈപ്പിട്ട് കരാറുകാരൻ കാശും വാങ്ങി പോകുകയും കുറെ റോഡ് പൊളിച്ച് വൃത്തികേടാക്കിയെന്നല്ലാതെ നമ്മുടെ നാട്ടിൽ ഒരു കുടിവെള്ള പദ്ധതിയും വരുന്നില്ലെന്നുള്ളതാണ് വസ്തുത. ഇപ്പോഴും അതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ പത്തും ഇരുപതും കൊല്ലമായിട്ടുപോലും ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിയാതെ ഫണ്ട് ദുരുപയോഗം ചെയ്യുന്നു. ഉദ്യോഗസ്ഥരും കരാറുകാരും അത് വീതിച്ചെടുക്കുന്ന രീതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന വ്യവസ്ഥ അവസാനിപ്പിക്കണമെന്നാണ് എനിക്ക്

അഭ്യർത്ഥിക്കാനുള്ളത്. എം.എൽ.എ.-മാർ അവരുടെ മണ്ഡലങ്ങളിൽ ഓരോ പദ്ധതികൾ കൊണ്ടുവരുന്നതിനുവേണ്ടി അതിന്റെ പുറകെ എത്രകാലം നടന്നാലും പദ്ധതി നടക്കുന്നില്ലെന്നത് വസ്തുതയാണ്. പിറകെ പോയവർക്ക് അറിയാമെന്നതു കൊണ്ട് ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന നൂറുകണക്കിനാളുകൾ നമ്മുടെ നാട്ടിലുണ്ട്. കണ്ണൂർ-കാസർഗോഡ് ജില്ലകളിൽ പ്രൈവറ്റ് ബീഡി മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുണ്ട്. ദിനേശ് ബീഡിത്തൊഴിലാളികളെ സഹായിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളത് നല്ലൊരു കാര്യമാണ്. പ്രൈവറ്റ് മേഖലയിൽ പണിയെടുക്കുന്ന ബീഡി തൊഴിലാളികളെ സഹായിക്കുന്നതിനെക്കുറിച്ചും തൊഴിൽവകുപ്പ് ആലോചിക്കേണ്ടതാണ്. ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് ഒരു കാര്യം അഭ്യർത്ഥിക്കാനുള്ളത്, മംഗലാപുരത്തുനിന്നാണ് പ്രൈവറ്റ് ബീഡിമേഖലയിൽ പണിയെടുക്കുന്നവർക്ക് ഇല കൊണ്ടുവരുന്നത്. അവിടെനിന്നും നികുതി അടച്ചുകൊണ്ടുവരുന്ന ഇല നമ്മുടെ സംസ്ഥാനത്തുവരുമ്പോൾ തലപ്പാടി, മഞ്ചേശ്വരം എന്നിവിടങ്ങളിൽവച്ച് സെയിൽസ് ടാക്സുകാർ നികുതി വാങ്ങുന്ന ഒരു സമ്പ്രദായമുണ്ട്. അത് ഇല്ലാതാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകൈ എടുക്കണം. കേരളത്തിലെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന മറ്റൊരു വിഭാഗമാണ് കാർപ്പെന്ററി തൊഴിലാളികൾ. പണ്ടുകാലത്ത് കാർപ്പെന്ററി തൊഴിലാളികളെന്നു പറഞ്ഞാൽ ആശാരിമാർ മാത്രമായിരുന്നു ആ രംഗത്ത് പണിയെടുത്തിരുന്നത്. എന്നാൽ ഇന്ന് ജാതിഭേദമില്ലാതെ എല്ലാ വിഭാഗത്തിൽപ്പെട്ട ആയിരക്കണക്കിനാളുകൾ ഈ രംഗത്ത് പണിയെടുക്കുന്നുണ്ട്. അവർക്ക് പ്രത്യേകമൊരു ക്ഷേമനിധി ഏർപ്പെടുത്തി അവരെ സഹായിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത്.

മുസ്ലീം ലീഗിലെ എം.എൽ.എ.-മാരും മന്ത്രിമാരും പ്രത്യേകിച്ച് ശ്രീ. പി. കെ. ബഷീർ ഇന്നലെ ഞങ്ങൾ ഇപ്പോൾ മതേതര പാർട്ടിയിൽ വിശ്വസിക്കുന്നവരായതിനാൽ നിങ്ങൾ ഇന്നയിന്ന കാര്യങ്ങൾ ചെയ്യണമെന്ന് ഗവൺമെന്റിനും എൽ.ഡി.എഫ് എം.എൽ.എ.മാർക്കും ഉപദേശം നൽകുകയുണ്ടായി. നല്ലകാര്യങ്ങൾ പറയുന്ന ആരിൽ നിന്നും ഞങ്ങൾ ഉപദേശം സ്വീകരിക്കും. ശ്രീ. ഒ. രാജഗോപാൽ പറഞ്ഞാലും നിഷേധിക്കുകയില്ല. പക്ഷേ ശ്രീ. പി. കെ. ബഷീർ എല്ലാ കാര്യങ്ങളും മതേതരം എന്നുപറഞ്ഞുകൊണ്ടാണ് പറഞ്ഞത്. നിങ്ങൾ മതേതര പാർട്ടിയാണെന്നുള്ളതിൽ സന്തോഷമേയുള്ളൂ. നിങ്ങൾ ഒരു മതനേതാവിനെ പാർട്ടിയുടെ പ്രസിഡന്റാക്കി വച്ചുകൊണ്ട് എങ്ങനെയാണ് മതേതര പാർട്ടിയാകുന്നത്; ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ മുസ്ലീം ലീഗിന്റെ പ്രസിഡന്റാക്കിയിട്ട് മതേതരപാർട്ടിയെന്നു

പറയണം. കേരളത്തിലെ ഒരു പ്രധാനപ്പെട്ട സമുദായത്തിന്റെ മതനേതാവിനെ പാർട്ടിയുടെ പ്രസിഡന്റാക്കിയതിനുശേഷം ഞങ്ങൾ മതേതരപാർട്ടി എന്നുപറയുന്നതിൽ എന്ത് ന്യായമാണുള്ളത്; നിങ്ങൾ മതേതരത്വത്തിൽ വിശ്വസിക്കുന്ന പാർട്ടിയാകുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. അങ്ങനെയാകണമെന്നാണ് ഞങ്ങൾ നിങ്ങളോട് പണ്ടേ പറയുന്നത്. മുസ്ലീം ലീഗ് പറഞ്ഞാൽ ഈ രാജ്യത്ത് മുസ്ലീം സമുദായം വോട്ട് ചെയ്യില്ലെന്ന കാര്യവും പറഞ്ഞിട്ടുള്ളതാണ്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിലെ ജനവിധി അതിന് തെളിവാണ്. 17 പേർ ജയിച്ചുവെന്ന് നിങ്ങൾ പറഞ്ഞു. അത് എണ്ണിനോക്കിയാൽ മതി. ഞങ്ങളെല്ലാം മതേതരവാദികളാണ്, മതേതര വോട്ടുവാങ്ങി ജയിച്ചുവന്നതാണ്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എത്രയാളുകൾ, ക്രിസ്ത്യൻ, മുസ്ലീം, അതുപോലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട എത്ര ആളുകളാണ് ഇവിടെ ഇരിക്കുന്നതെന്ന് എണ്ണിനോക്കണം. നിങ്ങൾ കണ്ണൂരിൽ നിന്ന് വലിയ പുലിയെ കൊണ്ടിറക്കിയിട്ട് എന്നെ തോൽപ്പിക്കാനുള്ള ശ്രമം നടത്തിയില്ലേ; ശ്രമം നടത്തിയത് കോൺഗ്രസ്സിനേക്കാൾ കൂടുതൽ ലീഗാണെന്ന് ശ്രീ. രമേശ് ചെന്നിത്തലയ്ക്കറിയാം. ഇതാ പുലി വന്നു, പുലി വന്നു എന്നുപറഞ്ഞു നാട്ടിലാകെ പുലിയെയും കൊണ്ട് നടന്നിട്ട് പുലിയെ എലിയായി മടക്കി അയച്ച എന്നുപറഞ്ഞതുപോലെ ആ പുലിയെ എലിയായി കണ്ണൂരിലേയ്ക്ക് ഞങ്ങൾ മടക്കി അയച്ചു. മുസ്ലീം സമുദായത്തിൽപ്പെട്ട ഉദുമക്കാരാണ് മടക്കി അയച്ചത്. എന്റെ പഞ്ചായത്തായ പള്ളിക്കര പഞ്ചായത്ത് മുസ്ലീം സമുദായത്തിന് ഭൂരിപക്ഷമുള്ള പഞ്ചായത്താണ്. അവിടെ മൂവായിരത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷം എനിക്കാണ് ലഭിച്ചത്. പിതാമഹാന്മാരുടെ പേര് എത്ര പ്രാവശ്യമാണ് ശ്രീ. പി. കെ. ബഷീർ പറഞ്ഞതെന്ന് അറിയാമോ; നിങ്ങൾ കാലുവാരി പോയവരാണ്. 1967-ൽ ഗവൺമെന്റ് വന്നപ്പോൾ നിങ്ങളും ആ ഗവൺമെന്റിൽ ഉണ്ടായിരുന്നു. 1967-ന് മുമ്പ് മുസ്ലീം ലീഗ് എന്തായിരുന്നുവെന്ന് ഈ സഭയിലിരിക്കുന്ന എല്ലാവർക്കുമറിയാം. കഴിഞ്ഞദിവസം മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞത് ഇന്ന് ലോകം അംഗീകരിക്കുന്ന പ്രധാനപ്പെട്ട ഒരു സംഭവം നമ്മുടെ രാജ്യത്ത് നടന്നത് ഭൂപരിഷ്കരണ ബില്ലാണ് എന്നാണ്. ഇന്ന് ലോകത്തിലെ, കേരളത്തിലെ സാമ്പത്തിക രംഗത്ത് മാറ്റമുണ്ടാക്കാൻ പ്രത്യേക പങ്കുവഹിച്ച പ്രധാനപ്പെട്ട ഒന്നാണ് ഭൂപരിഷ്കരണ ബിൽ. ആ ബില്ലിനുശേഷമാണ് നമ്മുടെ നാട്ടിൽ പ്രവാസികളുടെ ഫണ്ട് വന്നത്. ഭൂപരിഷ്കരണ ബിൽ പാസ്സാക്കിയപ്പോൾ അതിനെ അട്ടിമറിച്ച്, കാലുവാരി പോയവരാണ് മുസ്ലീം ലീഗ് എന്ന കാര്യം ചരിത്രരേഖയാണ്. ആ രേഖ മാറ്റിമറിക്കാൻ നിങ്ങൾക്കാവില്ല. അതുകൊണ്ടാണ് നിങ്ങളെ ആരും വിശ്വസിക്കാത്തത്. രാജ്യത്ത് നല്ല നിയമം കൊണ്ടുവരുമ്പോൾ മുസ്ലീം ലീഗ് ആരുടെ കൂടെയായിരുന്നുവെന്നുള്ളത് എല്ലാവർക്കുമറിയാം. വിദ്യാഭ്യാസ നിയമത്തെ

അട്ടിമറിക്കാൻ കാലുമാറിപ്പോയവരാണ് മുസ്ലീം ലീഗ് എന്നതുകൊണ്ടാണ് നിങ്ങളെ എല്ലാവരും അങ്ങനെ പറയുന്നത്. ഞങ്ങൾ മാറിയിരിക്കുന്നു, മതേതര പാർട്ടിയായിരിക്കുന്നു, 46 കൊല്ലമായി കോൺഗ്രസ്സിന്റെ കൂടെയാണ് എന്നൊക്കെ ഇപ്പോൾ പറയുന്നത് നല്ലകാര്യം. നിങ്ങൾ കോൺഗ്രസ്സിനെപ്പോലെ ഒരു മതേതരപാർട്ടിയാകുന്നത് നല്ല കാര്യം. നിങ്ങൾ മാറിവരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. മുസ്ലീം ലീഗ് എന്നൊരു പാർട്ടി ഇതുവരെ പ്രവർത്തിച്ചത് മതേതരത്വത്തിനു വേണ്ടിയല്ല ഒരു സമുദായത്തിനു വേണ്ടിയായിരുന്നു. അതുകൊണ്ടാണ് സമുദായ നേതാവിനെ നിങ്ങൾ ലീഗിന്റെ പ്രസിഡന്റാക്കിയത്. അത് നിങ്ങൾ മാറ്റാത്തിടത്തോളം കാലം മതേതരപാർട്ടിയെന്നുപറഞ്ഞിട്ട് കാര്യമില്ല. എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളോടും നമുക്ക് യോജിക്കാൻ കഴിയും. തീർച്ചയായും നമുക്ക് യോജിക്കാമല്ലോ; നിങ്ങൾ പ്രസംഗിക്കുന്ന കാര്യം ഞങ്ങൾക്കറിയാം. കാരണം ഇടതുപക്ഷത്തിൽ കൂട്ടാൻ വേണ്ടിയാണ്. സന്തോഷത്തോടെ വരാം. നിങ്ങൾ പ്രസംഗിച്ച് വരുന്നത് ഞങ്ങൾ വർഗ്ഗീയ പാർട്ടിയല്ല മതേതരപാർട്ടിയാണെന്നാണ്. ഞങ്ങളുടെ കൂടെ കൂട്ടാൻ പറഞ്ഞാൽ കൂട്ടാം. നിങ്ങൾ അത് തെളിയിച്ചുകൊടുത്താൽ മതിയാകും. ഞങ്ങളെ മാത്രം ബോദ്ധ്യപ്പെടുത്തിയാൽ പോരാ. ഈ സമൂഹത്തെയും കോൺഗ്രസ്സുകാരെയും ബോദ്ധ്യപ്പെടുത്തണം. അങ്ങനെ ബോദ്ധ്യപ്പെടുത്തുന്ന ഒരു പാർട്ടിയായി മാറിക്കഴിഞ്ഞാൽ തീർച്ചയായും കേരളത്തിന്റെ വളർച്ചയ്ക്ക്, സമുദായത്തിന്റെ വളർച്ചയ്ക്ക് നമുക്കൊന്നിച്ച് പ്രവർത്തിക്കാം. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ബിൽ നാട്ടിലെ മുഴുവൻ ജനവിഭാഗങ്ങളുടെയും കക്ഷിരാഷ്ട്രീയമില്ലാതെ, ജാതിമതഭേദമില്ലാതെ മുഴുവനാളുകളുടെയും താൽപ്പര്യം സംരക്ഷിക്കുന്ന പ്രധാനപ്പെട്ട ഒരു ബില്ലാണ്. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നാട്ടിൽ നടപ്പാക്കിയാൽ തീർച്ചയായും വലിയ മാറ്റമുണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. ആ മാറ്റത്തിന് നിങ്ങളുടെ പിന്തുണയും സഹായവും സഹകരണവും ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന് കക്ഷി നോക്കേണ്ട, രാഷ്ട്രീയം നോക്കേണ്ട, മുസ്ലീം ലീഗ് എന്നോ കമ്മ്യൂണിസ്റ്റ് എന്നോ നോക്കാതെ പ്രവർത്തിച്ചെങ്കിൽ മാത്രമേ നമുക്ക് മാറ്റം കൊണ്ടുവരാൻ കഴിയുകയുള്ളൂ. പ്രതിപക്ഷത്തുള്ള ചിലയാളുകൾ ബില്ലിനെ അനുകൂലിച്ചുവല്ലോ; നിങ്ങൾ കേട്ടതല്ലേ; ഞാൻ അനുകൂലിക്കുന്നുവെന്ന് ശ്രീ. പി. കെ. ബഷീർ ഇടയ്ക്കിടെ പറഞ്ഞു. നിങ്ങൾ പറഞ്ഞത് നല്ലകാര്യമാണെങ്കിൽ അത് സ്മരിക്കാം. നമ്മുടെ നാടിന്റെ വളർച്ചയ്ക്കും പുരോഗമനത്തിനും ജനാധിപത്യ പ്രസ്ഥാനത്തിന്റെ വളർച്ചക്കും നാളെ ഇനിയും രാജേട്ടൻമാർ വരാതിരിക്കാനും ഒന്നിച്ചുകൂടി സഹകരിക്കാം. ഇവിടെ SDPI പോലുള്ള ഭീകരവാദികൾ, ആർ.എസ്.എസ്.-നെപ്പോലും വെല്ലുന്ന ഭീകരവാദികൾ നമ്മുടെ നാട്ടിൽ

വളരുന്നുണ്ട്.അത് എങ്ങനെ വന്നുവെന്നതിനെക്കുറിച്ച് മുസ്ലീം ലീഗ് പരിശോധിച്ചെങ്കിൽ മാത്രമേ മറ്റുള്ളവർ വളരാതിരിക്കുകയുള്ളൂ. വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കാതെ നമ്മുടെ നാട്ടിലെ മതേതരപ്രസ്ഥാനത്തെ കൂട്ടിയോജിപ്പിക്കാനുള്ള ശ്രമത്തിൽ നിങ്ങൾ സഹകരിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി എതിർക്കുകയാണ്. ഭരണപക്ഷത്തുനിന്നുള്ള ചില മെമ്പർമാരുടെ പ്രസംഗം കേൾക്കുമ്പോൾ ഇത് ധനവിനിയോഗ ബില്ലിന്റെ ചർച്ച തന്നെയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇവിടെ ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ധനവിനിയോഗ ബിൽ പാസ്സാകുന്നതോടുകൂടി 205 കോടിരൂപയുടെ അധിക നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ പോകുകയാണ്. സാധാരണ ജനങ്ങൾ ഉപയോഗിക്കുന്ന മൈദ, ആട്ട, വെളിച്ചെണ്ണ, അലക്കുസോപ്പ്, സൂചി, റവ എന്നിവയ്ക്ക് ഇന്നുമുതൽ നികുതി പ്രാബല്യത്തിൽ വരികയാണ്. തെരഞ്ഞെടുപ്പ് ഘട്ടങ്ങളിൽ എല്ലാ മേഖലകളിലും ചില ബോർഡുകൾ പ്രദർശിപ്പിച്ചു. 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്ന്. ആദ്യം ശ്രീ. വി. എസ്. അച്ചുതാനന്ദനെ ശരിയാക്കി. ഇന്നുമുതൽ ജനങ്ങളെ ശരിയാക്കാൻ പോകുകയാണ്. കഴിഞ്ഞ ദിവസം തോൽവി അംഗീകരിക്കാൻ കഴിയാത്ത മെമ്പർമാർ ഇവിടെയുണ്ടെന്ന് ചിലയാളുകൾ പ്രസംഗിച്ചു. ഞങ്ങൾ പ്രതിപക്ഷത്താണല്ലോ ഇരിക്കുന്നത്. പ്രതിപക്ഷത്തിരുന്നാണല്ലോ ഞങ്ങൾ കാര്യങ്ങൾ പറയുന്നത്. ഞങ്ങൾ തോൽവി അംഗീകരിച്ചു. രാഷ്ട്രീയമായുള്ള തെറ്റുകളുണ്ടെങ്കിൽ തിരുത്തിപ്പോകാനുള്ള സാഹചര്യങ്ങൾ ഐക്യജനാധിപത്യ മുന്നണിക്കുണ്ട്.ഇവിടെ മുസ്ലീം ലീഗ് ഒരു വർഗ്ഗീയ പാർട്ടിയല്ല. ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ജനാധിപത്യ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന പാർട്ടിയാണ്. അവരെ ഉന്മൂലനം ചെയ്യുന്നതാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ അത് നടക്കുകയില്ല. എനിക്ക് വളരെ അത്ഭുതം തോന്നുകയാണ്. കേരളത്തിൽ പട്ടികവർഗ്ഗ പ്രേമം പാടി നടക്കുന്നവർ പാർട്ടി ജാഥയുടെ നീളം കൂട്ടുന്നതിനുവേണ്ടി പട്ടികവർഗ്ഗക്കാരെ ഉപയോഗപ്പെടുത്തുന്നു. 2016 ഫെബ്രുവരി 12-ന് പ്രിയങ്കരനായ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ച ബഡ്ജറ്റിൽ കേരളത്തിലെ 33 സമുദായങ്ങളുള്ള പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിനിയോഗിക്കേണ്ട ഫണ്ട് മൂന്ന് ശതമാനമായി വർദ്ധിപ്പിച്ച് 150 കോടി രൂപ അഡീഷണലായി ലഭ്യമാക്കിയെങ്കിൽ ഈ ഗവൺമെന്റിന്റെ ബ്ഡജറ്റിൽ അവർക്കുവേണ്ടി വിനിയോഗിക്കേണ്ട ഫണ്ട് 2.61 ശതമാനമാണ്. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതികളല്ലാതെ ഒരു പുതിയ പദ്ധതിയെങ്കിലും പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇവിടെ പാവപ്പെട്ട പട്ടികവർഗ്ഗക്കാർ

പല മേഖലകളിലും ദുരിതം അനുഭവിക്കുന്നു. കഴിഞ്ഞ ജൂൺ 30-ന് രാഷ്ട്രീയ പാരമ്പര്യമുള്ള മുൻ മന്ത്രിയും ഇപ്പോഴും മന്ത്രിയായിട്ടുള്ള ശ്രീ. എ. കെ. ബാലൻ പറഞ്ഞത് കേരളത്തിൽ കഴിഞ്ഞ ഗവൺമെന്റ് 33000 വീട് അനുവദിച്ചുവെന്നാണ്. ഇത് പഞ്ചായത്ത് അടിസ്ഥാനത്തിലാണോ നിയോജക മണ്ഡലാടിസ്ഥാനത്തിലാണോ സംസ്ഥാനതലത്തിലാണോയെന്ന് ഞാൻ ചോദിച്ചപ്പോൾ പറഞ്ഞത് ഉദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടിയപ്പോൾ കിട്ടിയ കണക്കാണെന്നാണ്. ഞാൻ വയനാട് ജില്ലയിലെ കണക്കെടുത്തു. 33000 വീട് സംസ്ഥാനത്ത് അനുവദിച്ചപ്പോൾ നിങ്ങൾ പറഞ്ഞത് പണി തീർന്നത് 300 വീടുകളെന്നാണ്. ഏകദേശം ആറായിരത്തോളം വീടുകൾ വയനാട് ജില്ലയ്ക്ക് അനുവദിച്ചപ്പോൾ അവിടെ രണ്ടായിരത്തോളം വീടിന്റെ പ്രവൃത്തി പൂർത്തീകരിച്ച രേഖ എന്റെ കയ്യിലുണ്ട്. ഒരു കണക്ക് അവതരിപ്പിക്കുമ്പോൾ അതിലൊരു വ്യക്തതകൂടി ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പട്ടികവർഗ്ഗ മേഖലയിൽ വലിയ ദുരന്തവും കഷ്ടപ്പാടും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇടമലക്കുടിയെക്കുറിച്ച് കഴിഞ്ഞ ദിവസം പത്രത്തിൽ വാർത്ത കണ്ടു. ഇടമലക്കുടിയിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിലുള്ള സമയത്ത് പട്ടികവർഗ്ഗ വകുപ്പുമന്ത്രി നേരിട്ട് 18 കിലോമീറ്ററോളം സഞ്ചരിച്ച് അവിടെപ്പോയി അവരുടെ പ്രയാസങ്ങളും കഷ്ടപ്പാടും മനസ്സിലാക്കി അവർക്കാവശ്യമായ പദ്ധതി അനുവദിച്ചുകൊടുത്തിരുന്നു. ഇന്ന് 12-7-2016-ൽ ദീപികയിൽ വന്ന ഒരു വാർത്തയാണിത്. "ഇടമലക്കുടി വിശന്നിട്ട് നിലവിളിക്കുന്നു" എന്ത് നടപടിയാണ് സ്വീകരിച്ചത്?

ശ്രീ. എസ്. രാജേന്ദ്രൻ: ശ്രീ. ഐ. സി. ബാലകൃഷ്ണൻ, അങ്ങ് പറയുന്നത് ശരിയല്ല, സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ സ്പീക്കറായിരുന്ന ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ഉൾപ്പെടെ അവിടെ വരികയും അന്ന് രൂപീകരിച്ച ഒരു പഞ്ചായത്താണ് ഇടമലക്കുടി പഞ്ചായത്ത്. അവിടെ ഇപ്പോൾ പട്ടിണിയൊന്നുമില്ല. കഴിഞ്ഞ ദിവസം അവിടെ പരിശോധന നടത്തിയപ്പോൾ അരി സ്റ്റോക്കുണ്ട്. അവിടെ പട്ടിണി ഉണ്ടായിട്ടില്ല. ഇത് തെറ്റായ ധാരണയാണ്. പത്ര വാർത്ത കള്ളമാണ്. പത്രവാർത്തയെ അടിസ്ഥാനപ്പെടുത്തി സംസാരിക്കുന്നത് ശരിയല്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ഇത് പന്ത്രണ്ടാം തീയതിയിലെ ദീപിക പത്രമാണ്. സഭയെ തെറ്റിദ്ധരിപ്പിക്കലല്ല. പത്രത്തിൽ വന്ന വാർത്തയാണ് സഭയിൽ ഞാൻ പറയുന്നത്. പല പത്രങ്ങളും ഇതേക്കുറിച്ച് എഴുതിയിട്ടുണ്ട്. അവിടെ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിക്കപ്പെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാനന്തവാടി ഗവൺമെന്റ് ആശുപത്രിയിൽ ആദിവാസി യുവതി ചികിത്സ കിട്ടാതെ

മരണപ്പെട്ടു. ആംബുലൻസ് കിട്ടാതെ യുവതി വഴിയിൽ പ്രസവിച്ച് നവജാതശിശു മരിച്ചു. ഈ കഴിഞ്ഞ അഞ്ചാറ് ദിവസങ്ങൾക്കുള്ളിൽ ധാരാളം മരണങ്ങളുണ്ടായിട്ടുണ്ട്. വയനാട് ജില്ലയിൽ 4-7-2016-ൽ ഗോപി എന്ന ഒരു ആദിവാസി യുവാവിനെ ആന കുത്തി മൃഗീയമായി കൊലപ്പെടുത്തി. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇടപെട്ടിട്ടുണ്ട്. 10-7-2016-ന് കുടിയത്ത് കോളനിയിലെ ശ്രീ. ഉണ്ണിയുടെ ഭാര്യ സ്വർണ്ണാഞ്ജലി രാത്രി 8.00 മണിക്ക് പ്രവസവേദനയെത്തുടർന്ന് ആംബുലൻസ് ആവശ്യപ്പെട്ടിട്ട് രാത്രി 11.00 മണിക്കാണ് ആംബുലൻസ് എത്തിയത്. ആ യുവതി വഴിയിൽ വച്ച് പ്രസവിക്കുകയും കുഞ്ഞ് മരിക്കുകയും ചെയ്തു. ആംബുലൻസ് സമയബന്ധിതമായി എത്തിക്കാൻ കഴിയാത്തത് ഡിപ്പാർട്ടുമെന്റിന്റെ ഇച്ഛാശക്തിയില്ലായ്മകൊണ്ടാണ്. 13-7-2016-ന് വെളുപ്പിന് 4.00 മണിക്ക് കാവേരി എന്ന യുവതിയെ മാനന്തവാടി ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. രാവിലെ 7.00 മണിക്ക് ചികിത്സ കിട്ടാതെ ആ യുവതി മരണപ്പെട്ടു. ഇതിനെക്കുറിച്ചൊക്കെ അന്വേഷണം നടത്താൻ തയ്യാറാകുമോ; വട്ടോളിയിൽ ചീര എന്ന വൃദ്ധ ഈ കഴിഞ്ഞ 16-ാം തീയതി കിണറ്റിൽ വീണ് മരിച്ചു. അവിടെ എന്താണ് സംഭവിച്ചത്; പോലീസ് എത്തി ആ ബോഡി എടുക്കുമ്പോൾ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരോ ട്രൈബൽ വകുപ്പ് ഉദ്യോഗസ്ഥരോ അവിടെ യുണ്ടായിരുന്നില്ല. .........(ബഹളം)...... ഇതൊക്കെയാണോ നാട്ടിലെ പട്ടികവർഗ്ഗക്കാർക്കുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾ. ... (ബഹളം)....

ശ്രീ. ഷാഫി പറമ്പിൽ: ആദിവാസികളുടെ കാര്യം പറയുമ്പോൾ എന്തിനാണ് ഭരണപക്ഷത്തുനിന്നും ഇത്രയും ബഹളം വയ്ക്കുന്നത്;

മി. സ്പീക്കർ: നിങ്ങൾ ഇരിക്കൂ.... ...... (ബഹളം)......

ശ്രീ. പി. കെ. ബഷീർ: അവരോടും ബഹളമുണ്ടാക്കാതെ ഇരിക്കാൻ പറയണം. ആദിവാസികളുടെ കാര്യം പറയുമ്പോൾ അവർക്ക് പുച്ഛമാണോ; ...... (ബഹളം).....

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, നിങ്ങൾ സീറ്റിൽ ഇരിക്കൂ. അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം അനിഷ്ടസംഭവങ്ങളും മരണങ്ങളുമുണ്ടാകുമ്പോൾ ആവശ്യമായ ധനസഹായം അനുവദിക്കാറുണ്ടായിരുന്നു. ഈ ഗവൺമെന്റ് അവർക്കുവേണ്ടി എന്തെങ്കിലും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. ........ (ബഹളം).........

ശ്രീ. ഷാഫി പറമ്പിൽ : ബഹുമാനപ്പെട്ട സ്പീക്കർ, ആദിവാസികളുടെ കാര്യം സംസാരിക്കുമ്പോൾ ഭരണപക്ഷ അംഗങ്ങൾ ബഹളമുണ്ടാക്കുന്നതിൽ അങ്ങ് ഇടപെടണം........ (ബഹളം).......

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, ഓരോരുത്തരും സംസാരിക്കുമ്പോൾ അങ്ങ് അവിടെ ഇരുന്ന് പറയുന്ന കമന്റുകളെല്ലാം ഞാൻ കേൾക്കുന്നുണ്ട്.....(ബഹളം)........

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: നവജാതശിശു മരിച്ച യുവതിയെ സംരക്ഷിക്കണ്ടേ; ഇങ്ങനെയുള്ള ഒട്ടനവധി ദുരന്തങ്ങൾ കേരളത്തിലെ പട്ടിക വർഗ്ഗക്കാർ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ക്രമസമാധാനം തകർന്നുവെന്ന് പ്രതിപക്ഷനേതാവ് പലവട്ടം പറഞ്ഞു കഴിഞ്ഞു. കഴിഞ്ഞ 19-ാം തീയതി തെരഞ്ഞെടുപ്പ് റിസൾട്ട് വന്നതിന്റെ ആഹ്ലാദപ്രകടനവുമായി ഞങ്ങൾ നീങ്ങുമ്പോൾ ഡി.വൈ.എഫ്.ഐ.-ൽപ്പെട്ട ഒരാൾ ഞങ്ങൾക്ക് മുന്നിലേയ്ക്ക് വന്ന് പട്ടികവർഗ്ഗക്കാരനായ യൂത്ത് കോൺഗ്രസ് പ്രവർത്തകനെ നെറ്റിയിലിടിച്ച് മൂക്കിന്റെ പാലം തകർത്ത് മെഡിക്കൽ കോളേജിൽ ട്രീറ്റ്മെന്റിന് പോകേണ്ട സാഹചര്യമുണ്ടായി.

മി. സ്പീക്കർ: ശ്രീ. ഐ. സി. ബാലകൃഷ്ണൻ.......

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: തലശ്ശേരിയിൽ ദളിത് വിഭാഗത്തെ കള്ളക്കേസിൽ കുടുക്കി അവരെ അപമാനിച്ച ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ നയസമീപനം തിരുത്തണമെന്നാണ് എനിക്ക് ഈ സഭയോട് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഒരു സവിശേഷമായ ദേശീയ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിലാണ് ഈ നിയമസഭയിൽ ............

ശ്രീ. വി. ഡി. സതീശൻ: പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾ ആദിവാസികളെക്കുറിച്ച് സംസാരിക്കുമ്പോൾ ഭരണപക്ഷ അംഗങ്ങൾ ഇത്രയും ബഹളം ഉണ്ടാക്കിയതിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇടപെടണം.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അദ്ദേഹം പ്രസംഗം അവസാനിപ്പിക്കണമെന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ക്ഷോഭിക്കേണ്ട കാര്യമില്ല. സഭയിൽ രണ്ട് ഭാഗത്തുനിന്നും സംസാരിക്കുമ്പോൾ കമന്റുകൾ വരുന്ന സ്വഭാവമുണ്ട്. കമന്റുകൾ പറയുന്നത് എല്ലാവരും ഉപേക്ഷിക്കേണ്ടതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഒരു കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഭരണകക്ഷിയിൽ നിന്നുള്ളവർ പ്രസംഗിക്കുമ്പോൾ പ്രതിപക്ഷത്തുള്ളവർ ശബ്ദവുമുണ്ടാക്കാറില്ല. അങ്ങ് ഇങ്ങനെ പറയുന്നത് ശരിയല്ല.

മി. സ്പീക്കർ: ഞാൻ ഇവിടെ തൊട്ടടുത്ത് ഇരിപ്പുണ്ട്. ആരും അങ്ങനെ ചെയ്യാൻ പാടില്ല.

ശ്രീ. രമേശ് ചെന്നിത്തല: ആദിവാസികളുടെ പ്രശ്നം ഇവിടെ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ അതിനെ കളിയാക്കുകയും പുച്ഛിക്കുകയും ചെയ്യുന്നത് ശരിയാണോ; അത് വളരെ തെറ്റായ നടപടിയാണ്. അപ്പുറത്തുനിന്ന് ആരെല്ലാം സംസാരിച്ചു, ഇവിടെ നിന്ന് ആരെങ്കിലും ബഹളം ഉണ്ടാക്കിയോ; അവിടെ നിന്ന് ശ്രീ. കെ. കുഞ്ഞിരാമൻ പ്രകോപനപരമായി എന്തെല്ലാം സംസാരിച്ചു, ഇവിടെ ആരെങ്കിലും കുഴപ്പമുണ്ടാക്കിയോ;

മി. സ്പീക്കർ: സഭയിൽ ഒരംഗം സംസാരിക്കുമ്പോൾ ആരും കമന്റ് ചെയ്യാൻ പാടില്ല. എല്ലാവരും അത് പാലിക്കണം. എല്ലാവർക്കുംവേണ്ടിയാണ് പറയുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സവിശേഷമായൊരു ദേശീയ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിലാണ് കേരള നിയമസഭ ഈ ധനവിനിയോഗ ബിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ആ രാഷ്ട്രീയത്തിന്റെ പ്രത്യേകത, ഇന്ത്യയിലെ പ്രധാനപ്പെട്ട രണ്ട് രാഷ്ട്രീയ കക്ഷികൾ മാത്രമല്ല മറ്റു രാഷ്ട്രീയ കക്ഷികളും ഈ നവലിബറൽ സമീപനങ്ങളെ അംഗീകരിക്കുന്ന ഒരു സ്ഥിതി വന്നിട്ടുണ്ട്. ഇവിടെ ശ്രീ. എ. പ്രദീപ്കുമാർ എന്തുകൊണ്ട് ബാങ്ക് ഇങ്ങനെ ഒരു നയത്തിലേക്ക് എത്തിച്ചേർന്നു എന്ന് വിശദീകരിച്ചപ്പോൾ പ്രതികരിക്കാൻ തോന്നിയത് ശ്രീ. സി. എഫ്. തോമസിനാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, ഞാൻ പറഞ്ഞ സമീപനം അതല്ല. കേരളത്തിന്റെ ഒരു പൊതുതാൽപര്യത്തെ സംബന്ധിച്ച് മുഖ്യമന്ത്രി ഒരു പ്രമേയം അവതരിപ്പിച്ചിരിക്കുന്നു. ആ പ്രമേയത്തെ അതിശക്തമായി സപ്പോർട്ട് ചെയ്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽനിന്നും റിസർവ് ബാങ്കിൽനിന്നും നീതി ലഭിക്കാൻ ഒരു പോരാട്ടം നടത്തുമ്പോൾ, ഒരേ സമയത്ത് രണ്ടുപേരോട് എതിർക്കാൻ പോകുന്നത് ബുദ്ധിയല്ല. പ്രമേയം ചർച്ച ചെയ്യുമ്പോൾ നമ്മുടെ എതിർപ്പു മുഴുവൻ കാണിക്കേണ്ടത് കേന്ദ്ര ഗവൺമെന്റിനോടാണ്. അവിടെ കോൺഗ്രസിന്റെ പശ്ചാത്തലം പറഞ്ഞ് വാദഗതികളെ ദുർബലപ്പെടുത്തരുത്. ആ ഒരു സമീപനത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: ശരി. ഇപ്പോഴിവിടെ അംഗീകരിച്ച വിഷൻ 2030 അതിന്റെ സമീപനം വളരെ വ്യക്തമാണല്ലോ; ഒരു പ്രാദേശിക കക്ഷിയാണെങ്കിലും കേരളാ കോൺഗ്രസ് പൂർണ്ണമായും അത് അംഗീകരിക്കുന്നൊരു

സമീപനമാണ് സ്വീകരിച്ചത്. ഇതാണ് പൊതു രാഷ്ട്രീയ സ്ഥിതി, കോൺഗ്രസും ബി.ജെ.പി.യും മാത്രമല്ല ഇന്ത്യയിലെ പ്രധാനപ്പെട്ട എല്ലാ പ്രാദേശിക കക്ഷികളും പുതിയ സാമ്പത്തിക നയങ്ങളെ അംഗീകരിക്കുകയാണ്. അതേസമയം ഈ നയങ്ങൾ പൂർവ്വാധികം ശക്തമായി നടപ്പാക്കുന്നതിന് വർഗ്ഗീയമായി രാജ്യത്തെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന ബി.ജെ.പി. അധികാരത്തിലിരിക്കുകയാണ്. ഈയൊരു പശ്ചാത്തലത്തിൽ മതനിരപേക്ഷതയുടെയും ജനപക്ഷ വികസനത്തിന്റേയും ബദലാക്കി കേരളത്തെ ഉയർത്തുന്നതിന് പ്രതിജ്ഞാബദ്ധമായിട്ടുള്ളൊരു സർക്കാരാണ് കേരളം ഭരിക്കുന്നത്. ആ ഒരു കാഴ്ചപ്പാട് വച്ചുകൊണ്ടാണ് 2016-17 ലെ ബഡ്ജറ്റ് ഞങ്ങൾ പുതുക്കിയത്. ഞാൻ വിശദാംശങ്ങളിലേക്ക് പോകുകയല്ല. പൊതു ചർച്ചയ്ക്കുള്ള മറുപടിയിൽ അതെല്ലാം ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. ഓരോ മേഖലയിലും ഞങ്ങളുടെ മാനിഫെസ്റ്റോ മുന്നോട്ടുവച്ച, കേരളത്തെ ഒരുപടി മുന്നോട്ടു പോകാൻ പറ്റുന്ന രീതിയിലുള്ള നിർദ്ദേശങ്ങളാണ് പുതുക്കിയ ബഡ്ജറ്റിലൂടെ നൽകിയിട്ടുള്ളത്. വിദ്യാഭ്യാസമായാലും ആരോഗ്യമായാലും സംസ്കാരമായാലും ഓരോ മേഖലയിലും അത്തരത്തിലൊരു സമീപനം കൈക്കൊള്ളുകയാണ് ചെയ്തിട്ടുള്ളത്. പക്ഷേ ഞങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ മുന്നോട്ടുപോകുന്നതിന് തടസ്സമുണ്ട്. കാരണം അത്രയ്ക്ക് ഗുരുതരമായിട്ടുള്ളൊരു സാമ്പത്തിക അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. ഈ അവസ്ഥയിൽപ്പോലും കേരളത്തിലെ പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു കാലത്തു മില്ലാത്തവിധമുള്ള വലിയൊരു പരീക്ഷണത്തിനാണ് നമ്മളിവിടെ മുതിരുന്നത്. അപ്പോൾ അതിനെ അപ്രീഷിയേറ്റ് ചെയ്യണമെന്നു മാത്രമല്ല, ഈ ബഡ്ജറ്റ് തീരുമാനങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി എല്ലാവരും സഹകരിക്കേണ്ടതുണ്ടെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ബഡ്ജറ്റിൽനിന്നുള്ള ചെലവുകൾക്ക് ways and means പരിമിതികളുണ്ട്. യഥാർത്ഥത്തിൽ 6,000 കോടി രൂപയുടെ ഇമ്മീഡിയറ്റായിട്ടുള്ള ബാധ്യതകൾ കൊടുത്തുതീർക്കാൻ തീരുമാനിച്ചിരുന്നുവെങ്കിൽ ഈ വർഷത്തെ ബഡ്ജറ്റ് എന്തായിത്തീരുമായിരുന്നു? വായ്പയെടുക്കുന്നത് മുഴുവനും റവന്യൂ ചെലവിനുവേണ്ടി നീക്കിവയ്ക്കേണ്ട അവസ്ഥ വരുമായിരുന്നു. അതുകൊണ്ട് 2,000 കോടി രൂപയേ അതിൽനിന്ന് ഇപ്പോൾ ചെലവാക്കാൻ തീരുമാനിച്ചിട്ടുള്ളൂ. ബാക്കി 4,000 കോടി രൂപ അവിടെത്തന്നെയിരിക്കുകയാണ്. അതിനുപുറമേ അധികമായി വരുന്ന മറ്റ് ചെലവുകളുണ്ട്. അതുകൊണ്ട് ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം ways and means നിയന്ത്രണങ്ങൾ അനിവാര്യമാണ്. എന്നാൽ പ്രത്യേക നിക്ഷേപ പദ്ധതി എന്നുള്ളതിന് ഇല്ല. അത് ഞാൻ വ്യക്തമാക്കുകയാണ്. അതുകൊണ്ട് നടപ്പാക്കുന്നതിന് പണമല്ല തടസ്സം. നമുക്ക് എത്ര ഇനീഷ്യേറ്റീവ് ഉണ്ട് എന്നുള്ളതാണ്.

അത് വകുപ്പുകളോട് മാത്രമല്ല ബഹുമാന്യരായിട്ടുള്ള എം.എൽ.എ.-മാരോടും പൊതുവെ ഞാൻ പറയുന്ന ഒരു കാര്യമാണ്. ഇവിടെ പലരും അവരുടെ മണ്ഡലങ്ങളിൽ അനുവദിക്കാമെന്ന് പറഞ്ഞിരുന്നത് വന്നിട്ടില്ലെന്നൊക്കെ പറയുകയുണ്ടായി. വർക്ക് എന്നുപറഞ്ഞാൽ റോഡ് മാത്രമല്ല. കുടിവെള്ളം, കെട്ടിടങ്ങൾ, പാലങ്ങൾ, സ്പോർട്സ് കോംപ്ലക്സുകൾ, ആശുപത്രിയുടെ നവീകരണം എന്നിവയെല്ലാം വരുന്നുണ്ട്. ഓരോ മണ്ഡലത്തിലേയും ഇങ്ങനെയുള്ള വർക്കുകളുടെ ലിസ്റ്റെടുത്ത് തന്നാൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് നമുക്ക് നികത്താം. ഒരു സംശയവും അക്കാര്യത്തിലില്ല. പക്ഷേ ഇത് നടപ്പാകണമെന്നുണ്ടെങ്കിൽ ഇവിടെയുള്ള ഓരോ അംഗത്തിന്റെയും വലിയൊരു മുൻകൈ വേണ്ടതായുണ്ട്. ഞാനൊരു ഉദാഹരണം പറയാം. നമ്മളിപ്പോൾ എല്ലാ മണ്ഡലത്തിലേയും സ്കൂളുകളിലെ 8, 9, 10, 11, 12 ക്ലാസുകൾ ഹൈടെക് ആക്കാൻ പോവുകയാണ്. ഹൈടെക് എന്നുവച്ചാൽ കമ്പ്യൂട്ടർ കൊണ്ടുപോയി ക്ലാസ് മുറിയിൽ വയ്ക്കുന്നതല്ല. അത് ചെയ്യണമെങ്കിൽ ഓരോ ക്ലാസ് മുറിയെയും കുറിച്ച് ഒരു ധാരണവേണം. അതായത് അവിടെ എന്തൊക്കെ മെയിന്റനൻസ് വർക്ക് വേണം, എങ്ങനെ ബലപ്പെടുത്തണം എന്നതിനെ ക്കുറിച്ചൊക്കെയുള്ള ബോധ്യമുണ്ടാകണം. അത് കേന്ദ്രീകൃതമായി ചെയ്യാൻ പറ്റുന്ന ഒന്നാണോ? ഇനി നടപ്പിലാക്കിയാൽത്തന്നെ പഠിപ്പിക്കുന്നതിൽ അതിനെ എങ്ങനെ ഉപയോഗപ്പെടുത്തണം എന്ന പ്രശ്നമുണ്ട്. കമ്പ്യൂട്ടർ പഠിപ്പിക്കാനല്ല. ഇംഗ്ലീഷ് ആയാലും സയൻസ് ആയാലും സാമൂഹ്യ പാഠമായാലും ഈ സംവിധാനമുപയോഗിച്ച് പഠിപ്പിക്കുന്നതിന് അദ്ധ്യാപകരെയും മറ്റും തയ്യാറെടുപ്പിക്കേണ്ടതുണ്ട്. ഇത് നടപ്പാകണമെന്നുണ്ടെങ്കിൽ വലിയ ഇനിഷ്യേറ്റീവ് താഴെ തട്ടിൽ നിന്നേവരേണ്ടതുണ്ട്. ആരുടെ മണ്ഡലത്തിലാണ് ഒരു താലൂക്ക് ആശുപത്രിയുടെ ലെവലിലെങ്കിലും വരുന്ന ഒരാശുപത്രി ഇല്ലാത്തത്; ആ ആശുപത്രിയിൽ പണത്തിന്റെ ബാർ വച്ചിട്ടില്ല. എന്താണ് അവിടെ വേണ്ടത്; ഡിപ്പാർട്ടുമെന്റ് എസ്റ്റിമേറ്റ് എടുക്കും. അതിനുള്ള തീരുമാനങ്ങളൊക്കെ ഡിപ്പാർട്ടുമെന്റ് വഴി നടക്കും. പക്ഷേ ആശുപത്രിയുടെ സ്ഥലപരിമിതിയും മറ്റ് കാര്യങ്ങളെക്കുറിച്ചൊക്കെ നമുക്കും ഒരു ധാരണ വേണ്ടേ? ഇതാണ് ഇവിടെയും വേണ്ടത്. ഒരു മുൻകൈ താഴത്തുനിന്ന് വരുന്നില്ലെങ്കിൽ അത് bureaucratic exercise ആയി നിശ്ചിത ലക്ഷം രൂപയുടെ ഒരു കെട്ടിടം എല്ലാ ആശുപത്രിയിലും പണിയാമെന്ന നിലയിൽ ഒതുങ്ങി നിൽക്കും. ഇതെല്ലാം ഒറ്റയടിക്കല്ല കൊടുക്കാൻ പോകുന്നത്. ഇരുപത്തഞ്ചോ മുപ്പതോ മണ്ഡലങ്ങൾക്കായിട്ടായിരിക്കും പ്രത്യേക നിക്ഷേപ പദ്ധതിയിൽ പണം അനുവദിക്കുക. എല്ലാം തയ്യാറാവാൻ കാത്തുനിന്നാൽ ഈ പരിപാടികൾ നടക്കില്ല. രണ്ടാമത്തെ ഗഡു വരണമെന്നുണ്ടെങ്കിൽ ഓരോ അംഗവും അതിൽ മുൻകൈ എടുക്കേണ്ടതുണ്ട്. ധനവിനിയോഗ ബില്ലിൽ വകയിരുത്തിയിരിക്കുന്ന പണം ചെലവാക്കുന്നതിനു എല്ലാവരുടെയും സഹകരണവും മുൻകൈയും അഭ്യർത്ഥിക്കുക

മാത്രമാണ് ഞാനിവിടെ ഉദ്ദേശിക്കുന്നത്.

എസ്. സി. ഫണ്ടിൽ ഒരു കുറവും വരുത്തിയിട്ടില്ല, അങ്ങനെയൊരു തെറ്റിദ്ധാരണ ആർക്കും വേണ്ട. പ്ലാനിലോ അല്ലെങ്കിൽ ബഡ്ജറ്റിന്റെ അക്കൗണ്ടിലോ വകയിരുത്തിയിട്ടുള്ള ഒരു പൈസപോലും കുറച്ചിട്ടില്ല. അതവിടെയുണ്ട്, നിങ്ങളത് സമയമെടുത്ത് പരിശോധിച്ചോളൂ, അതാണ് അതിന്റെ യാഥാർത്ഥ്യം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പഞ്ഞമാസങ്ങളായ ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ കഴിഞ്ഞ ഗവൺമെന്റ് ഭക്ഷണ കിറ്റിന് കൊടുത്തത് 5 കോടി രൂപയാണ്. ഈ വർഷം 25 കോടി രൂപയാണ് കൊടുത്തിട്ടുള്ളത്. 1,07,000 കുടുംബങ്ങളാണുള്ളത്. 87,000 കുടുംബങ്ങളിൽ ഇപ്പോഴിത് എത്തിക്കഴിഞ്ഞു. എല്ലാ കാര്യത്തെ സംബന്ധിച്ചുള്ള കണക്കും എന്റെ കയ്യിലുണ്ട്. അവരുടെ കാലഘട്ടത്തിലുണ്ടായിരുന്ന എസ്.സി. ഡയറക്ടറും എസ്.ടി. ഡയറക്ടറും തന്നെയാണ് ഇപ്പോഴുമുള്ളത്. ഇനി വിവരാവകാശ കമ്മീഷൻ മുഖേനയാണ് ചോദിക്കുന്നതെങ്കിൽ അങ്ങനെ ചോദിക്കാം. പ്രതിപക്ഷ നേതാവിനെ വച്ചിട്ടാണ് അന്വേഷിക്കുന്നതെങ്കിൽ അങ്ങനെ അന്വേഷിക്കാം. ഇവിടെ ഗവൺമെന്റിന്റെ കയ്യിലുള്ള കണക്കെന്നുപറയുന്നത് ബഹുമാനപ്പെട്ട മന്ത്രി ഉണ്ടാക്കുന്ന കണക്കല്ല. അതാദ്യം മനസ്സിലാക്കുക. എസ്.സി./എസ്.ടി. ഫണ്ട് കേരളത്തിൽ മാത്രമല്ല പുറത്തും വിനിയോഗിക്കുന്നതിൽ വലിയ പോരായ്മകളുണ്ട്. ആ പോരായ്മകൾ മാറ്റുന്നതിനുവേണ്ടി മന്ത്രിതലത്തിലുള്ള ഇടപെടലുകൾ മാത്രമല്ല ബഡ്ജറ്റിൽ കൃത്യമായ നിർദ്ദേശവും വച്ചിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഒറ്റപ്പെട്ട ഓരോ വീടുകളെയും ദാരിദ്ര്യ രേഖയ്ക്ക് മുകളിലാക്കുന്നതിനുവേണ്ടി ആശ്രയ പദ്ധതിയെപ്പോലെ ഒരു മൈക്രോപ്ലാൻ ഉണ്ടാക്കാം. എന്തുവേണമെങ്കിലും തീരുമാനിക്കാം. ഒരു തടസ്സവുമില്ല. ഈ കുടുംബങ്ങളെ രക്ഷപ്പെടുത്തുന്നതിന് അവർക്ക് വീടാണെങ്കിൽ വീടും ആർക്കെങ്കിലും സ്വയംതൊഴിലാണെങ്കിൽ തൊഴിലും അതല്ലെങ്കിൽ മാറാരോഗത്തിനുള്ള ചികിത്സയാണെങ്കിൽ അതിനുള്ള ചികിത്സാസഹായവും ഇനി ഇതൊന്നുമല്ല ആഴ്ചതോറും ഭക്ഷണം കൊടുക്കേണ്ടതാണെങ്കിൽ ഭക്ഷണവും നൽകുന്നതിനുള്ള പ്ലാൻ തയ്യാറാക്കിക്കോളൂ, ആരാണ് അതിന് ഇനിഷ്യേറ്റീവ് എടുക്കുന്നത്? നമ്മുടെ മണ്ഡലത്തിലെ വികസന കാര്യങ്ങൾ നമ്മൾ തീരുമാനിച്ചാൽ പണം പ്രതിബന്ധമല്ല. പദ്ധതികൾ ഉണ്ടാക്കിക്കൊള്ളൂ നമുക്ക് ചെയ്യാൻ കഴിയും. അതല്ലാതെ സെറ്റിൽമെന്റ് ബേസിലാണെങ്കിൽ, ഒരു സെറ്റിൽമെന്റിൽ അടിസ്ഥാന ഇൻഫ്രാസ്ട്രക്ചർ എന്തെല്ലാം വേണമെന്നുള്ളത് സംബന്ധിച്ച് സെറ്റിൽമെന്റ് അടിസ്ഥാനത്തിൽ പ്ലാനുണ്ടാക്കിയാൽ അത് നൽകുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. ഇങ്ങനെയുള്ള പോരായ്മകളുണ്ട് ഞാൻ

അപ്പുറത്തുമിപ്പുറത്തുമിരിക്കുന്നവരെ കുറ്റം പറയുന്നതല്ല, നമുക്കൊരുമിച്ച് .....

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങ് സംസാരിക്കുമ്പോഴും അപ്പുറത്ത് സംസാരിക്കുമ്പോഴുംപ്രത്യേക മാന്ദ്യവിരുദ്ധ പാക്കേജിനെപ്പറ്റി സംസാരിക്കുകയുണ്ടായി. ആ പാക്കേജിന്റെ എക്സ്പെൻഡിച്ചർ ഈ ബില്ലിൽ ഉൾക്കൊള്ളുന്നുണ്ടോ? അപ്രോപ്രിയേഷനിൽ ഉൾക്കൊള്ളുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇല്ലല്ലോ. കൊച്ചി മെട്രോയുടെ നിർമ്മാണത്തിനുള്ള പണത്തെപ്പറ്റി നമ്മുടെ ബഡ്ജറ്റിൽ ചർച്ച ചെയ്യുന്നുണ്ടോ? കണ്ണൂർ വിമാനത്താവളത്തിന്റേത് ചർച്ച ചെയ്യുന്നുണ്ടോ? ഏറിവന്നാൽ അതിന് നമ്മൾ നൽകുന്ന ഒരു ചെറിയ ഗ്രാന്റ് ഉണ്ട്. അതല്ലേ വരുന്നുള്ളൂ. ഇതിപ്പോൾ നമ്മൾ ചെയ്തു കൊണ്ടിരിക്കുന്ന കാര്യമാണ്. ഇതൊരു നിർദ്ദിഷ്ട പ്രോജക്ടിനല്ല. ഇന്നിപ്പോൾ പ്രഖ്യാപിച്ച പോലെ കേരളത്തിലെ എല്ലാ സ്കൂളുകളും കോളേജുകളും ആശുപത്രികളും നന്നാക്കാൻ പറ്റുന്ന ഒരു സ്കീമായി ഇത് രൂപാന്തരപ്പെടുത്തിയിരിക്കുന്നെന്നേയുള്ളൂ. ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഉൾക്കൊള്ളിക്കാത്തതുകൊണ്ടാണ് നിങ്ങൾ പറഞ്ഞത് ഇത് പ്രത്യേക നിക്ഷേപ പദ്ധതിയിൽ വയ്ക്കരുത് നോർമൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന്. ഞാനിപ്പോൾ പറയാൻ ശ്രമിച്ചത് നോർമൽ ബഡ്ജറ്റാണെങ്കിൽ ഈ റെസ്ട്രിക്ഷൻ ഉണ്ടാകും. മറ്റേതാണെങ്കിൽ എപ്പോൾ പണം ചെലവഴിക്കുന്നോ എന്നുവച്ചാൽ ബില്ല് പാസ്സാകുന്നോ അപ്പോൾ കോൺട്രാക്ടറുടെ അക്കൗണ്ടിലേയ്ക്ക് ഓൺലൈനായി പണം പോകും. ഈ റെസ്ട്രിക്ഷനൊന്നും പ്രത്യേക നിക്ഷേപ പദ്ധതിക്ക് ബാധകമാകില്ല. ഞാൻ സംസാരം നീട്ടുന്നില്ല. നമ്മൾ എല്ലാപേരും സഹകരിക്കുകയാണെങ്കിൽ ഒരു സംശയവും വേണ്ട, അഞ്ച് വർഷം കേരളത്തിൽ ഇതുപോലെ നിക്ഷേപം ഉറപ്പുവരുത്തുവാൻ കഴിഞ്ഞാൽ എന്ത് വലിയ മാറ്റമായിരിക്കും നമ്മുടെ സംസ്ഥാനത്തിനുണ്ടാവുക. അതിനുവേണ്ടി ഒരുമിച്ച് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് ( 2-ാം നമ്പർ)] ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ : 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ : 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു

മി. സ്പീക്കർ : 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി

15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. വി. ജോയി
25. ശ്രീ. ജോൺ ഫെർണാണ്ടസ്
26. ശ്രീ. ഒ. ആർ. കേളു
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. കെ. കുഞ്ഞിരാമൻ
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. വി. കെ. സി. മമ്മത് കോയ
32. ശ്രീ. എം. എം. മണി
33. ശ്രീ. മാത്യു ടി. തോമസ്
34. ശ്രീ. കെ. ജെ. മാക്സി
35. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
36. ശ്രീ. എ. സി. മൊയ്തീൻ
37. ശ്രീ. മുഹമ്മദ് മുഹസിൻ .പി.

38. ശ്രീ. എം. മുകേഷ്
39. ശ്രീ. ഡി. കെ. മുരളി
40. ശ്രീ. മുരളി പെരുനെല്ലി
41. ശ്രീ. സി. കെ. നാണു
42. ശ്രീ. എം. നൗഷാദ്
43. ശ്രീ. യു. ആർ. പ്രദീപ്
44. ശ്രീ. എ. പ്രദീപ് കുമാർ
45. ശ്രീ. കെ. ഡി. പ്രസേനൻ
46. ശ്രീമതി യു. പ്രതിഭ ഹരി
47. ശ്രീ. പുരുഷൻ കടലുണ്ടി
48. ശ്രീ. പി. ടി. എ. റഹീം
49. ശ്രീ. എം. രാജഗോപാലൻ
50. ശ്രീ. കെ. രാജൻ:
51. ശ്രീ. എസ്. രാജേന്ദ്രൻ:
52. ശ്രീ. ആർ. രാജേഷ്:
53. ശ്രീ. റ്റി. വി. രാജേഷ്:
54. ശ്രീ. കെ. രാജു:
55. ശ്രീ. രാജു എബ്രഹാം
56. ശ്രീ. ആർ. രാമചന്ദ്രൻ
57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
58. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
59. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
60. ശ്രീ. മുല്ലക്കര രത്നാകരൻ

61. പ്രൊഫ. സി. രവീന്ദ്രനാഥ്
62. ശ്രീ. എസ്. ശർമ്മ
63. ശ്രീ. എ. കെ. ശശീന്ദ്രൻ
64. ശ്രീ. സി. കെ. ശശീന്ദ്രൻ
65. ശ്രീ. പി. കെ. ശശി
66. ശ്രീ. വി. ശശി
67. ശ്രീ. ഐ. ബി. സതീഷ്
68. ശ്രീ. ബി. സത്യൻ
69. ശ്രീ. എ. എൻ. ഷംസീർ
70. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
71. ശ്രീ. ജി. സുധാകരൻ
72. ശ്രീ. വി. ആർ. സുനിൽ കുമാർ
73. ശ്രീ. വി. എസ്. സുനിൽ കുമാർ
74. ശ്രീ. കെ. സുരേഷ് കുറുപ്പ്
75. ശ്രീ. എം. സ്വരാജ്
76. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
77. ശ്രീ. പി. തിലോത്തമൻ
78. ശ്രീ. തോമസ് ചാണ്ടി
79. ഡോ. ടി. എം. തോമസ് ഐസക്
80. ശ്രീമതി വീണാ ജോർജ്ജ്
81. ശ്രീ. കെ. വി. വിജയദാസ്
82. ശ്രീ. ഇ. കെ. വിജയൻ
83. ശ്രീ. പിണറായി വിജയൻ
84. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ :</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൾ റസാഖ്
5. ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. വി. ടി. ബൽറാം
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
16. ശ്രീ. എൽദോസ് കുന്നപ്പിള്ളി
17. ശ്രീ. പി. സി. ജോർജ്
18. ശ്രീ. ഹൈബി ഈഡൻ
19. ശ്രീ. ടി. വി. ഇബ്രാഹിം
20. ഡോ. എൻ. ജയരാജ്
21. ശ്രീ. കെ. സി. ജോസഫ്
22. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
23. ശ്രീ. സി. മമ്മൂട്ടി
24. ശ്രീ. മോൻസ് ജോസഫ്
25. ഡോ. എം. കെ. മുനീർ

26. ശ്രീ. കെ. മുരളീധരൻ
27. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
28. ശ്രീ. ഉമ്മൻ ചാണ്ടി
29. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
30. ശ്രീ. രമേശ് ചെന്നിത്തല
31. ശ്രീ. റോജി എം. ജോൺ
32. ശ്രീ. കെ. എസ്. ശബരീനാഥൻ
33. ശ്രീ. വി. പി. സജീന്ദ്രൻ
34. ശ്രീ. എൻ. ഷംസുദ്ദീൻ
35. ശ്രീ. വി. ഡി. സതീശൻ
36. ശ്രീ. ഷാഫി പറമ്പിൽ
37. ശ്രീ. കെ. എം. ഷാജി
38. ശ്രീ. സണ്ണി ജോസഫ്
39. ശ്രീ. സി. എഫ്. തോമസ്
40. ശ്രീ. പി. ഉബൈദുള്ള
41. ശ്രീ. എം. ഉമ്മർ
42. ശ്രീ. എം. വിൻസെന്റ്

അനുകൂലിക്കുന്നവർ - 84

പ്രതികൂലിക്കുന്നവർ - 42

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്

(2016 ജൂലൈ മാസം 19-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.17-ന് പിരിഞ്ഞു.)